# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 6, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 190 -  നമ്പർ  2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 6, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ (അനുബന്ധമായി ചേർത്തിരിക്കുന്നു)

**II. അടിയന്തരപ്രമേയ നോട്ടീസ്**

(ചർച്ച ചെയ്യാൻ തീരുമാനിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ**

1. റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് കാരണമായ കേന്ദ്രനയം തിരുത്തേണ്ടതിന്റെ ആവശ്യകത

- ശ്രീ. സി.എച്ച് കുഞ്ഞമ്പു

2. കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

- ശ്രീ. രമേശ് ചെന്നിത്തല

**IV. സബ്മിഷൻ**

1. സിവിൽ പോലീസ് ഓഫീസർമാരുടെ അപര്യാപ്തത

- ശ്രീ. കെ. ബി. ഗണേഷ്കുമാർ

2. ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കൽ

- ശ്രീ. കെ. എം. സച്ചിൻദേവ്

3. കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം.

- ശ്രീ. പി. മമ്മിക്കുട്ടി

4. അഴീക്കൽ തുറമുഖ നിർമ്മാണം

- ശ്രീ. കെ. വി. സുമേഷ്

5. ഉച്ചഭക്ഷണ വിതരണം

- ശ്രീ. മോൻസ് ജോസഫ്

6. അഴീക്കോട്-മുനമ്പം പാലം നിർമ്മാണം

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

7. കരമന-കളിയിക്കാവിള റോഡ്

-ശ്രീ. എം. വിൻസെന്റ്

8. കർഷകർക്ക് നഷ്ടപരിഹാരം

- ശ്രീ. ടി. സിദ്ദിഖ്

9. ടാറ്റാ ഗവൺമെന്റ് ആശുപത്രി

-ശ്രീ. സി. എച്ച്. കുഞ്ഞമ്പു

10. മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

- ശ്രീ. യു. എ. ലത്തീഫ്

## V. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

## VI. റിപ്പോർട്ട് സമർപ്പണം

( 1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്

(2) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ട്

(3) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ട്

(4) 2022-ലെ കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ട്

(5) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ട്

(6) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ ഇരുപത്തിനാല് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ

**VII. റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിന്റെ പരിഗണന

**VIII. നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(i) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

**IX. ക്രമപ്രശ്നം**

ബില്ലിലെ അപാകത

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**റൂളിംഗ്**

- മി. സ്പീക്കർ

**നിയമനിർമ്മാണകാര്യം-തുടർച്ച**

**X. അടിയന്തരപ്രമേയ ചർച്ച**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനെതിരെയുള്ള സമരം
- ശ്രീ. എം. വിൻസെന്റ്

**നിയമനിർമ്മാണകാര്യം - തുടർച്ച**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 6, ചൊവ്വ

വാല്യം 190} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

നിയമസഭ 2022 ഡിസംബർ മാസം 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *31

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കാൻ നടപടി

1(*31) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന വ്യവസായനയത്തിന് അനുസൃതമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ അനുമതി നൽകിയ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; അവ എത്ര തുകയുടെ നിക്ഷേപം ആകർഷിക്കുമെന്നും എത്ര തൊഴിലുകൾ സൃഷ്ടിക്കാനിടയുണ്ടെന്നുമാണ് വിലയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യവും വ്യവസായ സംരംഭകർക്കാവശ്യമായ വ്യവസായ വാണിജ്യ നയത്തിൽ ഊന്നിയുള്ള പ്രോത്സാഹനവും സൗകര്യങ്ങളും നൽകുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, കെ-ബിപ്പ്, സിഡ്കോ തുടങ്ങിയ സർക്കാർ ഏജൻസികളുടെ ഏകോപിത പ്രവർത്തനത്തിലൂടെയാണ്.

സംസ്ഥാനത്ത് വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് ഗതാഗതം, ചുറ്റുമതിൽ, ഗേറ്റ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും ഒരുക്കിക്കൊടുക്കുന്നതിനുപുറമെ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുവരുന്നു. കൂടാതെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി വ്യക്തികളുടെ/സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും

നിലവിലുണ്ട്.

വ്യവസായ പശ്ചാത്തല വികസനത്തിനായി കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി

എറണാകുളം പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം

ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം,

സ്പൈസസ് പാർക്ക്, ഇടുക്കി

അന്താരാഷ്ട്ര എക്സിബിഷൻ കം കൺവൻഷൻ സെന്റർ, കാക്കനാട്, കൊച്ചി

കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നീ സ്ഥലങ്ങളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ. ഉത്തരത്തിന്റെ ബാക്കി ഭാഗം മേശപ്പുറത്ത് വയ്ക്കുന്നു.+

(ബി) കേരള ഭൂപരിഷ്കരണ നിയമത്തിലെ ഇളവുകൾ അനുവദിച്ചുകൊണ്ട് സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനും മറ്റടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ചുനൽകുന്നതിനുമുള്ള നിർദ്ദേശം കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ അനുബന്ധമായി ചേർക്കുന്നു.

നിലവിൽ അനുമതി നൽകിയ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ കണ്ണൂർ, മലപ്പുറം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലാണ്.

ഈ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലൂടെ 58 കോടി രൂപയുടെ നിക്ഷേപവും 3950 തൊഴിലവസരങ്ങളും സൃഷ്ടിക്കാനിടയുണ്ടെന്ന് വിലയിരുത്തുന്നു.

(സി) സംസ്ഥാനത്ത് പത്ത് ഏക്കറോ അതിലധികമോ വരുന്നതും വ്യവസായത്തിന് അനുയോജ്യമായതുമായ ഭൂമിയിൽ ചെറുകിട വ്യവസായ സംരംഭകരുടെ കൂട്ടായ്മ, സഹകരണ സ്ഥാപനങ്ങൾ, കൂട്ടുടമ സംരംഭകർ, ചാരിറ്റബിൾ സൊസൈറ്റികൾ, കമ്പനികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിന് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടലിലൂടെ സമർപ്പിക്കാം. ടി അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുമ്പോൾ വകുപ്പുതല സെക്രട്ടറിമാർ ഉൾപ്പെടുന്ന ഉന്നതതല സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അനുമതി നൽകും.

15 ഏക്കറിനുമുകളിലുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഇളവ്

അനുവദിച്ചുകൊണ്ടും ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല പരിശോധനാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് മന്ത്രിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകളുടെ അധീനതയിൽ മിച്ചമായി കിടക്കുന്ന ഭൂമികളും പ്രയോജനപ്പെടുത്താവുന്നതാണ്. കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കയ്യിൽ 4710.79 ഹെക്ടർ ഭൂമിയുണ്ട്. ഇതിൽ വലിയൊരു ഭാഗം ഭൂമി തരിശ്ശായി കിടക്കുകയാണ്. കുറച്ച് ഭാഗത്ത് നാണ്യവിളകളുണ്ട്. ഈ ഭൂമി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ നിലനിർത്തി വ്യവസായികാവശ്യത്തിന് ഉപയോഗിച്ചാൽ പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. വ്യവസായ വകുപ്പും കൃഷിവകുപ്പും സംയുക്തമായി ഇതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്ലാന്റേഷൻ ഭൂമിയുടെ അഞ്ചുശതമാനം മറ്റ് പഴവർഗ്ഗങ്ങൾ, വാനില, മെഡിസിനൽ പ്ലാന്റ്, അഗ്രോകോർപ്പ്,

എന്നിവയ്ക്കുവേണ്ടിയും ടൂറിസം, ഹോട്ടൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടിയും ഉപയോഗിക്കാമെന്നുള്ള നിയമ ഭേദഗതി നേരത്തെ വരുത്തുകയും അതിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ചുകഴിഞ്ഞിട്ടുമുണ്ട്. എന്നാൽ പ്ലാന്റേഷൻ ഭൂമി മൊത്തത്തിൽ ഇത്തരം കാര്യങ്ങൾക്ക് വിനിയോഗിക്കാൻ നിലവിലുള്ള നിയമപ്രകാരം സാധിക്കുന്നതല്ല. പ്ലാന്റേഷൻ മേഖല വ്യവസായ വകുപ്പിന് കീഴിൽവന്നതിനുശേഷം ആ മേഖലയിലുള്ള ആളുകളുമായി നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പ്രായോഗികമാക്കി നമ്മുടെ നാടിനാവശ്യമായ പുതിയ പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനത്തിനും അതിന്റെ പ്രോസസ്സിംഗിനും നിയമപ്രകാരം എത്രമാത്രം കാര്യക്ഷമമായി ഈ ഭൂമി ഉപയോഗിക്കാൻ സാധിക്കുമെന്ന് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഭൂമിയുടെ ലഭ്യതക്കുറവ് പ്രധാനപ്പെട്ടൊരു പ്രശ്നമായി വ്യവസായ രംഗത്ത് നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, പത്ത് ഫുഡ് പാർക്കുകൾ തുടങ്ങുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എവിടെനിന്നെല്ലാം പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ ബഡ്ജറ്റിലാണ് പത്ത് ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ തുടങ്ങുമെന്ന പ്രഖ്യാപനം നടത്തിയിട്ടുള്ളത്. കേരളത്തിലെ ഒരു സൺറൈസ് സെക്ടറായാണ് ഫുഡ് പ്രോസസ്സിംഗിനെ കാണുന്നത്. ഒരു ലക്ഷം സംരംഭങ്ങളിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ച മേഖലകളിലൊന്നാണ് ഫുഡ് പ്രോസസ്സിംഗ്. അത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത് തുടങ്ങുന്നതെന്ന് നിശ്ചയിച്ചുകൊണ്ട് ബാക്കി നടപടികളിലേയ്ക്ക് പോകുന്നതാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഭരണാനുമതി ലഭ്യമാകേണ്ടതുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആയിരം ശകുനിമാർ വഴിമുടക്കുമ്പോഴും വ്യവസായ വികസനത്തിൽ കേരളത്തെ ഒന്നാമതെത്തിക്കാൻ പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെയും പ്രത്യേകിച്ച് വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. 2019-ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവ പ്രകാരം ലോ ഹസാർഡായ ബിൽഡിംഗ് ആയിരം സ്ക്വയർ മീറ്റർ കഴിയുമ്പോൾ തൊട്ടടുത്ത കാറ്റഗറിയായ മോഡറേറ്റ് ഹസാർഡായി

പരിഗണിക്കപ്പെടുന്നതാണ്. എന്നാൽ നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരം അങ്ങനെ പ്രതിപാദിക്കുന്നില്ല. ഈ പരിഷ്കരിച്ച രീതിയനുസരിച്ച് പുതിയതായി സിംഗിൾ സ്റ്റോറേജ് കെട്ടിടത്തിൽ ഒരു വ്യവസായ സംരംഭം ആരംഭിക്കുമ്പോൾ ഒന്നര ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള അണ്ടർ ഗ്രൗഡ് വാട്ടർടാങ്കും 20,000 ലിറ്റർ ഓവർഹെഡ് വാട്ടർ ടാങ്കും മുഴുവൻ കെട്ടിടത്തിലും സ്പ്രിംഗ്ളർ സിസ്റ്റം, ഓട്ടോമാറ്റിക്ക് ഡിറ്റെക്ഷൻ, പത്ത് എച്ച്.പി. ജോക്കി പമ്പ്, 40 എച്ച്.പി. മോട്ടോർ, 50 എച്ച്.പി.ഡീസൽ എഞ്ചിൻ എന്നിവയുണ്ടെങ്കിലെ ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ലഭിക്കുകയുള്ളൂവെന്ന സ്ഥിതിയാണുള്ളത്. ഒരു കോടി രൂപ ചെലവുവരുന്ന വ്യവസായ കെട്ടിടങ്ങൾ പണിയുമ്പോൾ 40 ലക്ഷത്തിലധികം രൂപയാണ് പുതിയ വ്യവസായ സംരംഭങ്ങൾക്ക് ഇതിന്റെ ഭാഗമായി ചെലവഴിക്കേണ്ടി വരുന്നത്. അതുകൊണ്ട് 2019-ലെ കെ.എം.ബി.ആർ.-ലെയും കെ.പി.ബി.ആർ.-ലെയും ചട്ടം ഭേദഗതി വരുത്തി നാഷണൽ ബിൽഡിംഗ് കോഡ് പ്രതിപാദിക്കുന്നതനുസരിച്ച് ലോ ഹസാർഡിൽ ഉൾപ്പെടുത്തി ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത്

ഗൗരവമേറിയ ഒരു പ്രായോഗിക പ്രശ്നമാണ്. കരട് വ്യവസായ നയവുമായി ബന്ധപ്പെട്ട് സ്റ്റേക്ക്ഹോൾഡേഴ്സുമായി പലവട്ടം ചർച്ചകൾ നടത്തി. ആ ചർച്ചകളിൽ ഉയർന്നുവന്ന പ്രധാനപ്പെട്ടൊരു വിഷയവും ഇതാണ്. പല വകുപ്പുകളിലും വ്യവസായവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരസ്പര ബന്ധമില്ലാത്ത ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ചില പ്രശ്നങ്ങളുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. NUALS-ന്റെ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുകയും ആ റിപ്പോർട്ടിന്റെ ശിപാർശകളിൽ ഇത്തരത്തിലുള്ള ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുമുണ്ട്. അത് പരിശോധിക്കുന്നതിനുവേണ്ടി വകുപ്പുതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തും വ്യവസായവകുപ്പും, തൊഴിൽ വകുപ്പും വ്യവസായ വകുപ്പും ഉൾപ്പെടെയുള്ള ഇന്റർ ഡിപ്പാർട്ടുമെന്റ് കമ്മിറ്റികൾ ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റികൾ ഇത് പരിശോധിക്കുന്നുണ്ട്. ഇവിടെ പറഞ്ഞത് ദേശീയകോഡും സംസ്ഥാന കോഡും തമ്മിലുള്ള വ്യത്യാസമാണ്. കുറച്ച് സങ്കീർണ്ണമായ വ്യവസ്ഥകളാണിതിലുള്ളത്. അത് ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രായോഗികമായ പരിഹാരം കാണുന്നതിന് വകുപ്പ് ശ്രദ്ധിക്കുന്നതായിരിക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, സഹകരണ സ്ഥാപനങ്ങൾ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുമ്പോൾ, പുതുതായി തുടങ്ങാൻ പോകുന്ന സംരംഭകരുടെ ലിസ്റ്റ് ഇന്റേൺസ് വഴി പുതിയ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്ന സ്ഥാപനങ്ങൾക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇതിൽ താൽക്കാലികമായി ആളുകളെ നിയമിക്കുന്നതാണോയെന്ന് പലരും തെറ്റിദ്ധരിക്കുന്നുണ്ട്. ഇന്റേൺഷിപ്പ് എന്നുപറഞ്ഞാൽ ഒരു കോഴ്സ് കഴിഞ്ഞുള്ള തുടർച്ചയാണ്. നമ്മൾ 1153 ഇന്റേൺസിനെ നിയമിക്കുകയും അവർ പഞ്ചായത്തിൽ ഒന്ന്, മുനിസിപ്പൽ കോർപ്പറേഷനിൽ 20, ഡിവിഷനിൽ ഒന്നെന്ന രൂപത്തിൽ ചുമതല വഹിക്കുകയും ചെയ്യുന്നുണ്ട്. അവർക്കിപ്പോൾ ഇന്റേൺഷിപ്പായതുകൊണ്ട് വകുപ്പുതന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ ഒരു എക്സിക്യൂട്ടീവ് കോഴ്സിനും സൗകര്യമൊരുക്കുന്നുണ്ട്. കോഴ്സിനുള്ള 90 ശതമാനം ഫീസ് വകുപ്പും ബാക്കി പത്ത് ശതമാനം ഫീസ് ഇന്റേൺസും നൽകിയാൽ മതി. ഇതാണ് ഇന്റേൺസിന്റെ ഘടന. പുതിയ സംരംഭകരെ കണ്ടെത്തി അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയെന്നുള്ളതാണ് ഇന്റേൺസ് ചെയ്യുന്നത്. സ്വകാര്യ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നത് അതത് സംവിധാനങ്ങളാണ്. അത് പ്രൈവറ്റ് പാർട്ടിയോ, ട്രസ്റ്റോ,

പർട്ട്ണർഷിപ്പോ, സഹകരണ സംഘമോ ആകാം. ഇന്റേൺസാണ് അതിനാവശ്യമായ സംരംഭകരെ കണ്ടെത്തുന്നതിന് മുൻകയ്യെടുക്കേണ്ടത്. എന്നാൽ ഇത്തരം സൗകര്യങ്ങൾ സഹകരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ അതിനുള്ള പിന്തുണകൂടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യാവസായിക മേഖലയിൽ കേരളം വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അക്കാര്യത്തിൽ അഭിനന്ദിക്കുന്നു. സ്വകാര്യ സംരംഭകർക്കുവേണ്ടി ഭൂമി ഏറ്റെടുത്തുകൊണ്ട് വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനായി നടത്തുന്ന പദ്ധതിയിൽ ആലപ്പുഴയിലെ ഏതാണ്ട് 21 എക്കർ വരുന്ന സ്ഥലം സ്വകാര്യ സ്ഥാപനമായ എക്സൽ ഗ്ലാസ്സ് ഫാക്ടറിയുടേതാണ്. സർക്കാരിന്റെ ധനകാര്യ സ്ഥാപനമായ കെ.എഫ്.സി. വലിയ ബാധ്യതയുള്ള ഒരു സ്വകാര്യ സ്ഥാപനമായിരുന്നു. അവിടത്തെ കെട്ടിടവും അതുപോലെ യന്ത്രങ്ങളുമെല്ലാം മാറ്റിക്കഴിഞ്ഞു. നാഷണൽ ഹൈവേയോട് ചേർന്നുകിടക്കുന്ന ഈ ഭൂമി വ്യവസായ സംരംഭ പാർക്കായി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം ഉന്നയിച്ച ഒരു ഭാഗം ശരിയാണ്. എക്സൽ ഗ്ലാസ് ഫാക്ടറി ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ആലപ്പുഴയിൽ ഇതിന് 21 ഏക്കർ സ്ഥലമുണ്ട്. ഒട്ടേറെ സാമ്പത്തിക ബാധ്യതകളുമുണ്ട്. കെ.എഫ്.സി.-ക്കും കെ.എസ്.ഐ.ഡി.സി.-ക്കും മാത്രമല്ല പല കക്ഷികളുമായുള്ള ബാധ്യതയുണ്ട്. ആ ബാധ്യതകൾ പരിഹരിച്ച് സ്ഥലമേറ്റെടുത്ത് സർക്കാർ ഒരു പാർക്ക് തുടങ്ങുകയെന്നത് ബുദ്ധിമുട്ടായിരിക്കും. എന്നാൽ അവിടെ സ്വകാര്യ സംരംഭകർ വന്ന് വ്യവസായ പാർക്ക് ആരംഭിക്കുകയാണെങ്കിൽ അതിനാവശ്യമായ പിന്തുണയും മറ്റു സഹായങ്ങളും ഗവൺമെന്റിന് നൽകാൻ സാധിക്കും. സ്വകാര്യ പാർക്കിന്റെ പരിധിക്കകത്ത് നൽകുന്ന പല അനുകൂല്യങ്ങളും ഇത്തരം കാര്യങ്ങൾക്ക് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കാം.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടത്തുന്ന ക്യാമ്പയിന് എല്ലാവിധ പിന്തുണയും അറിയിക്കുകയാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം നിക്ഷേപക സംഗമം നടത്തിയിരുന്നു. അതിൽ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്തത് നന്ദിയോടെ ഓർക്കുകയാണ്. ഐ.ടി., ടൂറിസം, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയെ

പ്രോത്സാഹിപ്പിക്കാൻ കൂടുതൽ സഹായ പദ്ധതികൾ ഏറെ പ്രയോജനപ്പെടുമെന്ന് കരുതുകയാണ്. ബാംഗ്ലൂർ, മൈസൂർ ഐ.ടി. ഹബ്ബ് എന്നിവയുമായുള്ള കണക്റ്റിവിറ്റി ഉപയോഗപ്പെടുത്തി കാർഷിക, ഐ.ടി., ടൂറിസം മേഖലയുടെ അനുബന്ധ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക സഹായ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഈ സാമ്പത്തിക വർഷം സംരംഭക വർഷം ആചരിച്ച് വിജയിപ്പിക്കുന്നതിനുവേണ്ടി എല്ലാ ജനപ്രതിനിധികളും വളരെ മികച്ച രീതിയിലാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. ഇരിക്കൂർ എം.എൽ.എ. അതിന് നല്ല രീതിയിലുള്ള നേതൃത്വമാണ് നൽകിയിട്ടുള്ളത്. അദ്ദേഹം രണ്ട് ദിവസത്തെ സംഗമമാണ് അവിടെ സംഘടിപ്പിച്ചത്. ഞാനും അതിൽ പങ്കെടുത്തിരുന്നു. നല്ല രീതിയിലുള്ള സംഘാടനമാണ് അവിടെ നടന്നത്. ഇതിനുപുറമെ നല്ല രീതിയിലുള്ള നിക്ഷേപ വാഗ്ദാനങ്ങളും വന്നിട്ടുണ്ട്. എനിക്ക് ഈ സഭയെ സന്തോഷപൂർവ്വം അറിയിക്കാനുള്ളത്, ഈ ക്യാമ്പയിൻ ആരംഭിച്ച് എട്ടുമാസവും ആറുദിവസവും പിന്നിടുകയാണ്. ഇന്ന് രാവിലെവരെയുള്ള കണക്കുപ്രകാരം നമ്മൾ ലക്ഷ്യത്തിന് വളരെ അടുത്തെത്തിയിരിക്കുകയാണ്. 98,834 സംരംഭങ്ങൾ പുതുതായി കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. അതിൽ ഭൂരിപക്ഷം എം.എൽ.എ.-മാരും

അവരവരുടെ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. ഞാൻ പോകുന്ന സ്ഥലങ്ങളിൽ ആറോ-ഏഴോ സംരംഭങ്ങൾ നേരിട്ട് സന്ദർശിക്കാൻ ശ്രമിക്കുന്നുണ്ട്. 6106.71 കോടി രൂപയുടെ നിക്ഷേപമാണ് ഇതുവഴി വന്നിട്ടുള്ളത്. 2,15,522 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കാൻ കഴിഞ്ഞു. അതിൽ മാധ്യമങ്ങളുടെ ശ്രദ്ധയിൽ വരാതെപോയ കാര്യമുണ്ട്. മാധ്യമങ്ങൾ എപ്പോഴും ശ്രദ്ധിക്കുന്നൊരു സംസ്ഥാനമാണ് തെലുങ്കാന. തെലുങ്കാനയിലെ വ്യവസായ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം ഇവിടെ വന്നിട്ടുണ്ട്. അവർ നമ്മുടെ ക്ലസ്റ്റർ സംവിധാനം (പ്രത്യേകിച്ച് ഫർണിച്ചർ മേഖലയിലെ) പഠിക്കാനും ആ പഠനത്തിനുശേഷം ഇവിടത്തെ മാതൃക, എം.എസ്.എം.ഇ-കളുടെ കാര്യത്തിൽ തെലുങ്കാനയിലോട്ട് കൊണ്ടുപോകുന്നതിനുള്ള തീരുമാനമെടുത്തതുമെല്ലാം അവിടത്തെ പ്രാദേശിക വാർത്തയിൽ വന്നു. ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉന്നയിച്ച പ്രശ്നത്തിനും മികച്ച സാദ്ധ്യതയാണുള്ളത്. 400 കോടി രൂപയിലധികം നിക്ഷേപത്തിനുള്ള വാഗ്ദാനങ്ങളാണ് അദ്ദേഹം സംഘടിപ്പിച്ച സംരംഭക സംഗമത്തിൽ വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്പീക്കറായിരിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ മണ്ഡലമായ

ത്തുത്താലയിലാണ് സംരംഭക സംഗമത്തിന്റെ മണ്ഡലതല ഉദ്ഘാടനത്തിന് തുടക്കം കുറിച്ചത്. എല്ലാ എം.എൽ.എ.-മാരെയും വ്യവസായ വകുപ്പിനുവേണ്ടി ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. നമുക്കെല്ലാവർക്കുമൊന്നിച്ച് ഇത് ലക്ഷ്യത്തിനപ്പുറത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കാമെന്നുകൂടി സൂചിപ്പിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വ്യവസായ രംഗത്ത് വലിയ കുതിപ്പ് നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. വ്യവസായ പുരോഗതിക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാകുന്ന നിലയിൽ സംരംഭക കൂട്ടായ്മ വലിയ പ്രയോജനം ചെയ്തുവരുന്നു. സംരംഭകരായി വരുന്നവർക്കാവശ്യമായിട്ടുള്ള സ്ഥല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള പരിമിതികളാണ് പ്രധാനമായും ഉന്നയിക്കാനുള്ളത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. വികസനത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള ഭൂമി ദശകങ്ങളായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കാരണം, ആദ്യമുണ്ടായിരുന്ന കാഴ്ചപ്പാടിന് വിഭിന്നമായി ഇത്തരം പ്രദേശങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ സാധിക്കില്ലെന്ന നിഗമനത്തിലാണ് വകുപ്പ് എത്തിച്ചേർന്നിട്ടുള്ളത്. ഇത്തരം ഭൂമി വ്യവസായ ആവശ്യത്തിന് അനുവദിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നമ്മുടെ നാടിനെ സംബന്ധിച്ച് ഗൗരവമേറിയ ഒരു പ്രശ്നമാണ്. ഭൂമിയുടെ ലഭ്യതക്കുറവ് നല്ല രീതിയിൽ സംസ്ഥാനം നേരിടുന്നുണ്ട്. ഇന്ത്യയുടെ 1.1%-ഉള്ള ഭൂമിയാണ് കേരളത്തിലുള്ളത്. അതിന്റെ ഒരു ഭാഗം മുഴുവൻ വെസ്റ്റേൺഘാട്ട് റെഗുലേഷനും അടുത്ത വശം CRZ-ഉം നടുക്ക് തണ്ണീർത്തടവുമാണ്. സുപ്രീംകോടതിയുടെ വിധിയനുസരിച്ച് ഹൈക്കോടതിപോലും ബഫർ സോണിനകത്താണ്. നമുക്കുള്ള സ്ഥലം എങ്ങനെ നന്നായി വിനിയോഗിക്കാമെന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ച സ്ഥലം ഐ.ടി. പാർക്കിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പക്ഷേ പിന്നീട് നടന്ന ഫീസിബിലിറ്റി സ്റ്റഡിയിൽ ഐ.ടി. പാർക്ക് അവിടെ വിജയിക്കാനിടയില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അത് വ്യവസായ വകുപ്പിന് കൈമാറണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അതുസംബന്ധിച്ച് രണ്ട് വകുപ്പിന്റെയും സെക്രട്ടറിമാരുൾപ്പെടെയുള്ളവരുടെ യോഗം ചേരുകയും നിർദ്ദേശങ്ങൾ ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.ടി. വകുപ്പ് കുറച്ച് തുക അതിൽ മുടക്കിയിട്ടുണ്ട്. അതുസംബന്ധിച്ചുള്ള വ്യക്തത വരുത്തി ബന്ധപ്പെട്ട വകുപ്പിൽ നിന്ന് കൈമാറി ലഭിക്കുന്ന ഘട്ടത്തിൽത്തന്നെ

വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

ശ്രീമതി കെ. കെ. രമ: സർ, വ്യവസായ വികസനത്തിനുവേണ്ടി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നത് സ്വാഗതാർഹമാണ്. അതോടൊപ്പം പുതിയ വ്യവസായ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ പഴയ സംരംഭങ്ങളെ മറന്നുപോകുന്നുണ്ടോയെന്നൊരു സംശയമുണ്ട്. എന്റെ മണ്ഡലത്തിൽ പുതുപ്പണത്തും നാദാപുരം റോഡിലും രണ്ട് പ്രധാന കൈത്തറി മേഖലകളുണ്ട്. നാല്പതിലധികം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളാണിത്. അവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് ഞാൻ മുമ്പും സഭയിൽ ഉന്നയിച്ചിരുന്നു. ഇക്കാര്യം നിവേദനം മുഖേന ബഹുമാനപ്പെട്ട മന്ത്രിയെയും അറിയിച്ചിരുന്നു. പക്ഷേ ഇതുവരെയും കാര്യമായ നടപടിയുണ്ടായിട്ടില്ല. അവിടെയുള്ള തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കൈത്തറി മേഖല ഇപ്പോൾ നിലനിന്നുപോകുന്നത് കഴിഞ്ഞ ഗവൺമെന്റെടുത്ത ക്രിയാത്മകമായ തീരുമാനത്തിന്റെ ഭാഗമായാണ്. സ്കൂൾ യൂണിഫോം കൈത്തറിയായിയിരിക്കണമെന്നുള്ള തീരുമാനമാണ് കൈത്തറി മേഖലയെ നിലനിർത്തിപ്പോരുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഈ മേഖല മുന്നോട്ടുപോകുമ്പോൾ പുതിയ സാദ്ധ്യതകൾ കൂടി കണ്ടെത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന മാനിച്ച് നേരത്തെ പ്രഖ്യാപിച്ചിരുന്ന 'കൈത്തറി ഗ്രാമം' പദ്ധതിക്ക് അദ്ദേഹം കൂടി പങ്കെടുത്ത ചടങ്ങിൽ കല്ലിടുകയുണ്ടായി. കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷമായി ചെറിയ കാരണങ്ങളാൽ പെൻഡിംഗിലായിരുന്ന അത്. കൈത്തറി മേഖലയിൽ പുതിയൊരു ഉണർവിനായി ശ്രമിക്കുന്നുണ്ട്. എന്നാൽ സർക്കാർ നല്ലരീതിയിലുള്ള സഹായം ലഭ്യമാക്കുന്നുണ്ടെങ്കിലും ഇപ്പോഴത്തെ പുതിയ സാദ്ധ്യതകളുമായി താരതമ്യം ചെയ്യുമ്പോൾ അത് പരിമിതമാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് എം.എൽ.എ.-മാർകൂടി അവരുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ചെറിയ സംഘങ്ങളെ സഹായിച്ചാൽ നല്ലതായിരിക്കും. നമ്മൾ യോജിച്ച്

പ്രവർത്തിക്കുകയാണെങ്കിൽ ഇത്തരം കാര്യങ്ങളിൽ ഈ വിഭാഗത്തെ കുറച്ചുകൂടി സഹായിക്കാനാകും. കേരള കൈത്തറി ഒരു ബ്രാൻഡ് എന്ന രൂപത്തിൽ ഇപ്പോൾ പ്രൊമോട്ട് ചെയ്യുന്നുണ്ട്. കൂടാതെ കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പ്രൊമോട്ട് ചെയ്യുന്നുണ്ട്. കൈത്തറി മേഖലയെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബാക്കി നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. വി. സുമേഷ്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു വ്യവസായ സൗഹൃദ ഇക്കോ സിസ്റ്റം കൊണ്ടുവന്നതിന്റെ ഭാഗമായി ധാരാളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിര നിലനില്പിന് വിപണന സൗകര്യം ഒരുക്കിക്കൊടുക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം നല്ലൊരു ചോദ്യമാണ് ഉന്നയിച്ചത്. ഇന്ത്യയിലെ ഒരു കണക്കുപ്രകാരം എം.എസ്.എം.ഇ.-കൾ ആരംഭിച്ചാൽ ആദ്യത്തെ വർഷത്തിൽത്തന്നെ 30 ശതമാനം പൂട്ടിപ്പോകാൻ ഇടയുണ്ടെന്നുള്ളതാണ് ദേശീയ ശരാശരി. അതെങ്ങനെ കുറയ്ക്കാൻ കഴിയുമെന്ന് നമ്മൾ പരിശോധിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. മാർക്കറ്റിംഗാണ്

പ്രധാനപ്പെട്ട പ്രശ്നം. അതിനുവേണ്ടി താലൂക്ക് തലത്തിൽ പുതിയ സംരംഭങ്ങളുടെ വിപണനമേള നടത്തുന്നുണ്ട്. അതോടൊപ്പം തന്നെ അവർക്ക് ആത്മവിശ്വാസം പകരുന്നതിനായി ജനുവരി മാസത്തിൽ സംരംഭക സംഗമം എറണാകുളത്ത് വച്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് ഇ-കോമേഴ്സ് പ്ലാറ്റ്ഫോം കെൽട്രോൺ വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അവസാനഘട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. അത് വന്നാൽ നല്ലരീതിയിൽ നമുക്ക് മുന്നേറാൻ കഴിയും. അടുത്തതായി നമ്മൾ ചെയ്യുന്നത് കേരള ബ്രാൻഡാണ്. കേരള ബ്രാൻഡ് ലോകത്തിൽ തന്നെ ശ്രദ്ധേയമായതാണ്. ഫുഡ് ഇൻഡസ്ട്രിയാണെങ്കിൽ 'Made in Kerala, safe to eat, certified by Government of Kerala' എന്നതിന് മാർക്കറ്റിൽ ഒരു വാല്യൂ അഡീഷൻ കൂടി ലഭിക്കും. അത്തരം കാര്യങ്ങൾകൂടി നോക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. അതിലിടപെട്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ പ്രശ്നം സൂചിപ്പിച്ചത് യാഥാർത്ഥ്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ

എടരിക്കോട് പഞ്ചായത്തിൽ കെൽ-ന്റേതാണെങ്കിലും ടെക്സ്റ്റൈൽ മില്ലിന്റേതാണെങ്കിലും ആവശ്യത്തിലധികം ഭൂമി അവരുടെ കയ്യിലിരിക്കുകയാണ്. ആവശ്യത്തിലധികം വരുന്ന ഇത്തരം ഭൂമികളിൽ പാർക്ക് അനുവദിക്കുന്നതിനും മറ്റുസംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ചും ആലോചിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് ഉന്നയിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. ദശകങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. മുമ്പ് സഭയിലും കഴിഞ്ഞ ബഡ്ജറ്റിലും ഇതുസംബന്ധിച്ച് പ്രഖ്യാപനമുണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച് ഞങ്ങൾ വിശദമായ പഠനം നടത്തി. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കിൻഫ്ര പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളിലായി 361.42 ഏക്കർ ഭൂമി ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആദ്യഘട്ടമായി 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കിയിട്ടുണ്ട്. രണ്ട് തരത്തിലുള്ള കാര്യങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. കിൻഫ്രയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ അത്തരത്തിലും അല്ലാത്തവ expression of interest

ക്ഷണിക്കാനുമാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ സ്വകാര്യ സംരംഭകരുണ്ടാകും. സ്ഥലത്തിന്റെ വില ഏകീകരിച്ച് അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്വകാര്യ പി.പി.പി. മോഡൽ ഇൻഡസ്ട്രിയൽ പാർക്കായി പ്രവർത്തനം തുടരാം. അവശ്യമെങ്കിൽ പൊതുമേഖലാ സ്ഥാപനത്തിനാവശ്യമായ അസംസ്കൃത വസ്തുവിന്റെ ഉല്പാദനം കേന്ദ്രീകരിക്കാം. അല്ലെങ്കിൽ ഇതിൽ നിന്നുണ്ടാകുന്ന ബൈപ്രോഡക്ടുകളിൽ നിന്ന് പ്രോഡക്ടുണ്ടാക്കാൻ ഉപയോഗിക്കാം. ഇതുമല്ലെങ്കിൽ മറ്റുമേഖലകളിലെ പ്രവൃത്തികൾക്കുപയോഗിക്കാവുന്ന ഒരു ജോയിന്റ് വെഞ്ചർ പ്രസ്തുത മേഖലയിൽ കൊണ്ടുവരാമെന്നാണ് സർക്കാർ പരിഗണിച്ചുവരുന്നത്. അങ്ങ് ഉന്നയിച്ചത് വളരെ പ്രസക്തമായ വിഷയമാണ്. സർക്കാർ ഇക്കാര്യത്തിലിടപെടുന്നുണ്ട്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കേരളത്തിന്റെ വ്യവസായ മേഖലയിൽ പുത്തൻ സംരംഭങ്ങളുമായി ബഹുമാനപ്പെട്ട മന്ത്രിയും വ്യവസായ വകുപ്പും മുന്നോട്ടുപോകുമ്പോൾ സംരംഭകരെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശങ്കാജനകമായ നിമിഷമാണ്. പ്രവൃത്തി തുടങ്ങാനാവശ്യമായ സ്ഥലം കിൻഫ്ര ഏറ്റെടുക്കുന്ന കാര്യത്തിൽ, കഴിഞ്ഞ തവണ ശ്രീമതി ശൈലജ ടീച്ചർ തുടങ്ങിവച്ച ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിൽ 506 ഏക്കർ ഭൂമി

ഏറ്റെടുക്കുമെന്ന് പറഞ്ഞിരുന്നു. അതിൽ 258 ഏക്കർ എന്റെ മണ്ഡലത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി കണ്ണൂരിൽ വച്ച് അംഗങ്ങളെ വിളിച്ചുചേർത്ത് അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി. ഇപ്പോൾ ഒരു വർഷം പിന്നിടുന്നു. നാളിതുവരെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ല. ചെങ്കൽ ക്വാറികളുള്ളതുകൊണ്ട് അവരുടെ ഇടപെടൽ കാരണമാണ് പ്രവൃത്തി നീണ്ടുപോകുന്നതെന്ന പ്രചരണം നടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കിൻഫ്ര പാർക്കിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ അങ്ങയുടെ ഇടപെടലുണ്ടാകണം.

ശ്രീ. പി. രാജീവ്: സർ, കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, മട്ടന്നൂർ എന്നീ സ്ഥലങ്ങളിലെ നടപടികൾ പൂർത്തീകരിക്കുന്നുണ്ട്. പക്ഷെ LARR ആക്ട് പ്രകാരം ഒരു സെന്റ് ഭൂമി ഏറ്റെടുക്കണമെങ്കിലും 100 ഏക്കർ ഭൂമി ഏറ്റെടുക്കണമെങ്കിലും ഒരേ സമയക്രമവും നടപടിക്രമങ്ങളുമാണ്. പല ഘട്ടങ്ങളിലായി ഏറ്റെടുക്കാമെന്ന് പറഞ്ഞിരുന്ന പാർക്കുകളിൽ പലതും യഥാർത്ഥത്തിൽ വ്യവസായം നടക്കുന്നതിന് അനുയോജ്യമായ സ്ഥലത്തോ സൗകര്യങ്ങളോ ഉള്ളതല്ലായെന്നതാണ് പ്രാഥമികാന്വേഷണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഉദാഹരണമായി, ആമ്പല്ലൂർ വ്യവസായ

പാർക്ക്. അവിടെ CRZ, ramsar site തുടങ്ങിയ എല്ലാ നിബന്ധകളുമുള്ളിടത്താണ് സ്ഥലം ഏറ്റെടുത്തത്. അതെങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നത് ഒരു പ്രശ്നമാണ്. വലിയ ക്വാറികളുടെ പ്രവർത്തനംമൂലം കുഴികളായി മാറിയ സ്ഥലം വ്യവസായ പാർക്കുകൾക്കുവേണ്ടി ഏറ്റെടുത്താൽ ഒന്നും ചെയ്യാൻ കഴിയില്ല. അതുസംബന്ധിച്ച് വിശദമായൊരു പഠനം എല്ലാ സ്ഥലങ്ങളിലും നടത്തണമെന്നാണ് മനസ്സിലാക്കുന്നത്. സ്ഥലമേറ്റെടുത്തശേഷം തുടങ്ങാൻ കഴിയാത്ത സാഹചര്യം വന്നാൽ, ജനങ്ങളുടെ പണം ദുർവിനിയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടാകും. പ്രഖ്യാപനം നടത്തിയശേഷം ഏറ്റെടുക്കാത്ത സ്ഥലങ്ങളിൽ വിശദമായ പഠനം നടത്തണമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത പ്രക്രിയയും നടക്കുന്നുണ്ട്. നല്ല സ്ഥലങ്ങളാണെങ്കിൽ വളരെ വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുന്നതായിരിക്കും.

മി.സ്പീക്കർ: നിരവധി അംഗങ്ങൾ ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ സമയപരിമിതിമൂലം അനുവദിക്കാൻ കഴിയില്ല.

## ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കാൻ നടപടി

2 (*32) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി.സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്ക് സഹായകമാകുന്നവിധം ഇലക്ട്രോണിക് കംപോണന്റ് ഇക്കോ സിസ്റ്റം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കി പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെ വികസനം കണക്കിലെടുത്ത് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ ട്രാഫിക് മാനേജ്മെന്റ്,

ഡിഫൻസ് പ്രോഡക്ട്സ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ,

(എ) ഉണ്ട്. കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുന്നതിന്റെ ആദ്യപടിയായി ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ടെക്നോളജീസ് ഹബ്ബ് രൂപീകരിക്കുന്നതിനായി 28 കോടി രൂപ സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ സാധ്യതാപഠന റിപ്പോർട്ട് കെൽട്രോൺ തയ്യാറാക്കിയതിന്മേലുള്ള തുടർനടപടികൾ നടന്നുവരുന്നു. സെമികണ്ടക്ടർ അസംബ്ലി ടെസ്റ്റിംഗ് മാർക്കിംഗ് ആൻഡ് പാക്കിംഗ് യൂണിറ്റ് (ATMP), പ്രിന്റഡ് സർക്യൂട്ട് ബോർഡ് മാനുഫാക്ചറിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ കെൽട്രോണിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്. ഏകദേശം 50 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തി സ്ഥാപിക്കുന്ന ഈ പദ്ധതിയിൽ ഡിഫൻസ് ഓഫ്സെറ്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള എയർക്രാഫ്റ്റ് ഇലക്ട്രോണിക്സ് ഉൽപ്പാദനം, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് എന്നീ മേഖലകളിലേയ്ക്കുള്ള ചുവടുവയ്പിന്റെ ആദ്യപടിയായി AS 9100

സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ ആദ്യചുവടുവയ്പ്പായി സോളാർ പവർ കൺട്രോൾ, 5 KVA/10 KVA, യു.പി.എസ്. എന്നിവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. സി-ഡാക്ക്-ന്റെ സാങ്കേതിക സഹായത്തോടുകൂടി മോഡുലാർ യു.പി.എസ്. സിസ്റ്റം, സോളാർ പി.സി.യു.-കൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇതുകൂടാതെ ലിഥിയം അയൺ ബാറ്ററി അസംബ്ലി യൂണിറ്റ്/ഇ.വി. വെഹിക്കിൾ ചാർജേഴ്സ് എന്നീ പദ്ധതികളും പ്രാവർത്തികമാക്കാനുള്ള നടപടികൾ കെൽട്രോൺ സ്വീകരിച്ചുവരുന്നു.

കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കനുബന്ധമായി വിവര സാങ്കേതികവിദ്യ മേഖലയിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കാവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്,

സ്റ്റാർട്ട്സ് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള സുഗമമായ വൈദ്യുതി - ജലവിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഈ ഗവൺമെന്റിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 56.40 ലക്ഷം ച.അടി ഉൾപ്പെടെ 20162 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ ടി പാർക്കുകളിൽ നിലവിലുണ്ട്. കൂടാതെ കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും ഇവിടെ നിക്ഷേപ ഇക്കോ സിസ്റ്റം നടപ്പിലാക്കാനും വേണ്ടി കേരളത്തിന്റെ കരട് വ്യവസായ നയത്തിൽ ഒരു സൺറൈസ് മേഖലയായി ESDM (Electronics System Design & Manufacturing)-നെ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്ക് സഹായമാകുന്ന വിധം പാസ്സീവ് ഇലക്ട്രോണിക്സ് കംപോണന്റ്സിനാവശ്യമുള്ള സെറാമിക് ചിപ്പ് കപ്പാസിറ്ററുകൾ, സെറാമിക് ചിപ്പ് ഇൻഡക്ടേഴ്സ്, സെറാമിക് ചിപ്പ്

റെസിസ്റ്റേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായുള്ള മാസ്റ്റർ പ്ലാൻ കെൽട്രോണിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിയായ കണ്ണൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഐ.എസ്.ആർ.ഒ. -യുടെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മിക്കുന്ന സൂപ്പർ കപ്പാസിറ്റർ മാനുഫാക്ചറിംഗ് പ്ലാന്റ് 2023 ഏപ്രിലിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

കേരളത്തിൽ ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിൽ സെമികണ്ടക്ടർ ഡിസൈൻ ആൻഡ് ട്രെയിനിംഗ് ഇക്കോ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതോടെ പുതിയ ഉത്പന്നങ്ങളുടെ ഡിസൈനിംഗിനും വികസനത്തിനുമായി തദ്ദേശീയമായ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നതും ഉയർന്ന തൊഴിൽ സാധ്യതയ്ക്കും എം.എസ്.എം.ഇ.-കളുടെ വളർച്ചയ്ക്കും ഇത് വളരെയധികം സഹായിക്കുന്നതുമാണ്.

(സി) ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു

കുടക്കീഴിലാക്കുന്നതിനായി ആധുനിക നിലവാരത്തിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഗ്രാഫീനുമായി ബന്ധപ്പെട്ട് സുപ്രധാന മേഖലകളിൽ നടക്കുന്ന പദ്ധതികളുമായി വിദേശ സർവ്വകലാശാലകളായ ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, എഡിൻബർഗ്, സീഗൻ എന്നിവയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഗ്രാഫീൻ വികസിപ്പിച്ചെടുത്ത Nobel laureate ഉൾപ്പെടെ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ കാക്കനാട് 67 ഏക്കർ ഭൂമിയിൽ ഒരു ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒന്നാംഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 12 സംരംഭകർക്ക് ഭൂമി നൽകിക്കഴിഞ്ഞു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ ഇന്നൊവേഷൻ പാർക്ക്

സ്ഥാപിക്കുന്നതിനും ടി സ്ഥലത്ത് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിന്റെ വ്യവസായ രംഗത്തെ കാലോചിതമായി മാറ്റി നിരവധിയായ തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കും വകുപ്പിനും കഴിഞ്ഞിട്ടുണ്ടെന്നത് സന്തോഷകരമായ വസ്തുതയാണ്. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പൊതുമാർക്കറ്റിൽ ആവശ്യക്കാർ ഏറെയുള്ള എൽ.ഇ.ഡി. 4 K ടി.വി.-കൾ, ലാപ്ടോപ്പ്, മൊബൈൽ എന്നിവ നിർമ്മിച്ച് ആഭ്യന്തര - രാജ്യാന്തര വിപണിയിലെത്തിക്കാൻ കെൽട്രോണിന്റെ നിലവിലുള്ള ഉല്പാദനശേഷി നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ? ഇക്കാര്യം വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇവിടെ സൂചിപ്പിച്ച മേഖലകളെല്ലാംതന്നെ പുതിയ സാധ്യതകളുള്ളതാണ്. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുകയെന്നതാണ് നമ്മുടെ മുന്നിലുള്ള ശ്രമം. Highly skilled ഹ്യൂമൻ റിസോഴ്സാണ് കേരളത്തിന്റെ പ്രത്യേകത. അത് ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നൊരു മേഖല ഇലക്ട്രോണിക്സാണെന്നാണ് സർക്കാരും കാണുന്നത്. 1973 -ലാണ്

\+ അനുബന്ധമായി ചേർക്കുന്നു

കെൽട്രോൺ ആരംഭിച്ചത്. അതായത്, അടുത്ത വർഷം 50-ാം വാർഷികമാണ്. ദക്ഷിണകൊറിയയും ഏകദേശം അതേസമയത്താണ് ഇലക്ട്രോണിക്സ് രംഗത്തേയ്ക്ക് പ്രവേശിക്കുന്നത്. പക്ഷെ അവർ വളരെയധികം മുന്നേറ്റം കൈവരിച്ചു. നമുക്ക് ഇടയ്ക്കൊരു മുന്നേറ്റമുണ്ടായെന്ന് പറയാം. ഇന്ത്യയിലെ ആദ്യത്തെ മെട്രോ കൊൽക്കത്തയിലാണ്. മെട്രോ ആരംഭിക്കുമ്പോൾ കെൽട്രോൺ ആയിരുന്നു ടിക്കറ്റിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയത്. ഡൽഹിയിൽ ഏഷ്യൻ ഗെയിംസ് നടക്കുമ്പോൾ ട്രാഫിക് സിസ്റ്റത്തിന്റെ നിയന്ത്രണം കെൽട്രോണിനായിരുന്നു. എന്നാൽ തുടർന്ന് നമ്മൾ കുറച്ച് പുറകിലോട്ടുപോയി. എന്നിരുന്നാലും കെൽട്രോൺ ഇപ്പോൾ ഒരു വീണ്ടെടുപ്പിലേക്ക് വന്നിട്ടുണ്ട്. തുടർച്ചയായി ലാഭമുണ്ടാക്കുന്നുണ്ട്. ഐ.എൻ.എസ്. വിക്രാന്തിനകത്തുതന്നെ പ്രധാനപ്പെട്ട നാല് കാര്യങ്ങൾ കെൽട്രോണിന് നിർമ്മിച്ചുനല്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള സംവിധാനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതു സംബന്ധിച്ച് നവംബർ മാസം ചർച്ച നടത്തിയിരുന്നു. 50-ാം വർഷത്തിന്റെ ഭാഗമായി അടുത്ത വർഷം മുതൽ ഓരോ മാസവും ഒരു പുതിയ പ്രോഡക്ട് പുറത്തിറക്കാനാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്. രണ്ടുവർഷത്തിനുള്ളിൽ ആയിരം കോടി രൂപ

ടേൺഓവറുള്ള സ്ഥാപനമായി കെൽട്രോണിനെ മാറ്റാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രവൃത്തികൾ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇലക്ട്രോണിക്സ് പാർക്ക് സ്ഥാപിക്കാനുള്ള പ്രധാനപ്പെട്ട പ്രശ്നം ഭൂമിയുടെ ലഭ്യതക്കുറവാണ്. എന്നാൽ ചില സഹകരണ സംഘങ്ങൾ പുതിയ ഉല്പന്നങ്ങളുണ്ടാക്കാനും പാർക്ക് സ്ഥാപിക്കാനും മുന്നോട്ടുവരുന്നുണ്ട്. ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ സൂചിപ്പിച്ച ചോദ്യത്തിന്റെ മറുപടിയിൽ ഞാൻ ഇക്കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. പ്രൈവറ്റ് പാർക്കുകളിൽ സഹകരണ സംഘങ്ങൾക്കും ആവശ്യമായ പിന്തുണ നൽകും. പഞ്ചായത്തുകളുടെ കൈവശം ധാരാളം സ്ഥലമുണ്ടെന്നുള്ളത് ഞാൻ നേരത്തെ പറയാതെ പോയൊരു കാര്യമാണ്. അവർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കുവേണ്ടി ഭൂമി ഏറ്റെടുത്തശേഷം കാടുപിടിച്ചുകിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി ടി ഭൂമിയും

സർവ്വേ ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി ചേർന്ന് പഞ്ചായത്തുകളെക്കൊണ്ടുതന്നെ പാർക്കുകൾ വികസിപ്പിച്ചെടുക്കാൻ എത്രമാത്രം കഴിയുമെന്നുള്ള പരിശോധന നടത്തുന്നുണ്ട്. കേരളത്തിന് പുറത്തുനിന്ന് ചരക്കുകൾ ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നതിന്റെ ഒരു വർഷത്തെ മൂല്യം 1,90,000 കോടി രൂപയാണ്. അതിൽ 10,000 കോടി രൂപ ഓട്ടോമൊബൈൽസും അക്സസറീസുമാണ്. നമുക്ക് 44 നദികളും എപ്പോഴും മഴയും ലഭിക്കുന്നുണ്ടെങ്കിലും 260 കോടി രൂപയുടെ കുടിവെള്ളം കുപ്പിയിൽ കൊണ്ടുവരികയാണ്. 3700 കോടി രൂപയുടെ ഗാർമെന്റ്സ് കൊണ്ടുവരുന്നുണ്ട്. ഇതെല്ലാം നമുക്കിവിടെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വരില്ല. ചീപ്പ് ലേബർ ആവശ്യമായതൊന്നും നമുക്കിവിടെ ഉല്പാദിപ്പിക്കാൻ സാധിച്ചെന്ന് വരില്ല. അതിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ വളരെ പ്രധാനപ്പെട്ട ഒന്നായിട്ടാണ് കാണുന്നത്. ഇലക്ട്രോണിക്സ് മേഖലയിൽ സഹകരണ മേഖലയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ അങ്ങ് പറഞ്ഞ കാര്യങ്ങൾക്കൂടി പരിഗണിച്ചുകൊണ്ട് ചർച്ച നടത്തുന്നതായിരിക്കും.

ശ്രീമതി സി. കെ. ആശ: സർ, സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോൺ 2021-22-ൽ ചരിത്രത്തിലെ ഏറ്റവും വലിയ വിറ്റുവരവായ 522 കോടി രൂപയുടെ നേട്ടം കൈവരിച്ചിരിക്കുകയാണ്. അഭിമാനകരമായ നേട്ടം

കൈവരിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഐ.എൻ.എസ്. വിക്രാന്തിന്റെ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതേ മാതൃകയിൽത്തന്നെ ഡിഫൻസ് ഫോഴ്സുമായും പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ.-യുമായും ചേർന്ന് പ്രതിരോധ ഇലക്ട്രോണിക് ഉല്പന്ന നിർമ്മാണത്തിനും ഗുണപരിശോധനാ സംവിധാനത്തിനാവശ്യമായ ഇലക്ട്രോണിക് ഉല്പന്ന നിർമ്മാണത്തിനും കെൽട്രോണിനെ കൂടുതൽ സജ്ജമാക്കിക്കൊണ്ട് ആ ഉല്പന്നങ്ങൾക്ക് ആഭ്യന്തര രാജ്യാന്തര വിപണി കണ്ടെത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യയായ അംഗം പറഞ്ഞതുപോലെ, പ്രതിരോധ മേഖലയിലെ സാദ്ധ്യതകളാണ് കെൽട്രോൺ നല്ലരീതിയിൽ ഉപയോഗിക്കേണ്ടത്. അതിപ്പോൾ NPOL, BHEL, DRDO, എന്നിവരുൾപ്പെടുന്ന പദ്ധതികൾക്ക് കെൽട്രോൺ സഹകരിക്കുന്നുണ്ട്. 2013 മുതൽ നമ്മൾ നോട്ടിഫൈ ചെയ്ത് ടെസ്റ്റ് നടത്തിയിട്ടുള്ള തസ്തികകളിൽ കുറെ കാലമായി നിയമനങ്ങളൊന്നും നടത്തിയിരുന്നില്ല. ഇപ്പോൾ ആ നിയമനങ്ങളും നൂറോളം പുതിയ റിക്രൂട്ട്മെന്റുകളും നടത്തുകയുണ്ടായി. NPOL -ന്റെ ഡയറക്ടർ വളരെ പ്രശസ്തനാണ്. അദ്ദേഹം നേവിയിൽ കൂടുതൽ സമയം

അന്തർവാഹിനിയിൽ സഞ്ചരിച്ചയാളും ഇലക്ട്രോണിക്സ് മേഖലയിലെ ഇന്ത്യയിലെ പ്രമുഖനമാണ്. അദ്ദേഹം NPOL-ൽ നിന്ന് റിട്ടയർ ചെയ്തയുടനെതന്നെ കെൽട്രോണിന്റെ ടെക്നിക്കൽ ഡയറക്ടറായി നിയമിതനായി. അതിനുശേഷം അദ്ദേഹത്തിന്റെ എക്സ്പെർട്ടൈസേഷന്റെ ഫലമായി പൊതുവെ നല്ല സ്വീകാര്യതയാണ് ആ മേഖലയിലെ സ്ഥാപനങ്ങളിലുണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ ചെയർമാനായ ശ്രീ. എൻ. ആർ. നാരായണമൂർത്തി വളരെ പ്രശസ്തനായ ശാസ്ത്രജ്ഞനാണ്. ഇപ്പോൾ പല കമ്പനികളുമായി ജോയിന്റ് വെഞ്ച്വർ സാദ്ധ്യതകൾ വരുന്നുണ്ട്. അവ ഉപയോഗപ്പെടുത്തി കെൽട്രോണിന്റെ മറ്റുമേഖലകൾ ശക്തിപ്പെടുത്തിക്കൊണ്ട്, ഇന്ന് രാജ്യത്തെ ഇലക്ട്രോണിക്സ് ഉല്പാദനമേഖലയിലെ സാദ്ധ്യതകൾ പരമാവധി വിനിയോഗിക്കാനുള്ള ജോയിന്റ് വെഞ്ച്വറുകളെക്കുറിച്ച് കെൽട്രോൺ ചർച്ച ചെയ്യുന്നുണ്ട്. പ്രതിരോധ മേഖലയിലെ പുതിയ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ലോകത്ത് ഈ അടുത്ത കാലത്ത് നടന്ന കണ്ടുപിടിത്തങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗ്രാഫീൻ. ഗ്രാഫീൻ എന്നുപറയുന്നത് two dimensional മെറ്റീരിയലുകളിൽ ഏറ്റവും

നേർത്തതാണെന്ന് മാത്രമല്ല, അതിന്റെ മറ്റ് സവിശേഷതകളെപ്പറ്റി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇന്ന് ലോകത്ത് വളരെ കുറച്ച് രാജ്യങ്ങളിൽ മാത്രമാണ് ഗ്രാഫീൻ റിസർച്ചുമായി ബന്ധപ്പെട്ട ലാബുകളുള്ളത്. അത്തരം ലാബുകളിൽ 24 മണിക്കൂറും തിരക്കാണ്. ഓരോ മണിക്കൂറിനും വലിയ തുകയാണ് അവിടെ ചെലവഴിക്കുന്നത്. അങ്ങനെയുള്ള ഗ്രാഫീൻ റിസർച്ചിനായി വ്യാവസായികാടിസ്ഥാനത്തിൽ ലാബുകൾ ആരംഭിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്നുള്ളത് അഭിമാനകരമാണ്. അത്തരത്തിൽ വ്യവസായ സാദ്ധ്യതകളനുസരിച്ചുള്ള ഒരു സംവിധാനം ഇവിടെ ഒരുക്കുന്നുവെന്ന് പറഞ്ഞു. അതിലൂടെ പുറമെനിന്നുള്ള ആളുകൾക്കും ഗവേഷകർക്കും വരാനും പഠിക്കാനുമുള്ള ലാബ് സംവിധാനമൊരുക്കുമോ; അതോടൊപ്പം ഇത് വളരെ വേഗത്തിൽ ആരംഭിക്കാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഗ്രാഫീൻ ഏറ്റവും അത്ഭുതകരമായൊരു കണ്ടുപിടിത്തമാണ്. വളരെ നേർത്തതും എന്നാൽ ഉരുക്കിനെക്കാൾ ശക്തവും കാഠിന്യവും വജ്രത്തെപോലെ കരുത്തുള്ളതുമാണ് ഗ്രാഫീൻ. ഇതിന്റെ കണ്ടുപിടിത്തത്തിന് നൊബേൽ സമ്മാനം ലഭിച്ച പ്രൊഫസർ അലക്സ്

മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നോർവേ സന്ദർശനത്തിൽ മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുൾപ്പെടെയുള്ള ആളുകളുടെ പങ്കാളിത്തത്തിലാണ് നാല് സർവ്വകലാശാലകളുമായി ഞങ്ങൾ എം.ഒ.യു. ഒപ്പുവച്ചത്. അതിനുമുമ്പ് ടാറ്റാ പവർ, ഇലക്ട്രോണിക്സ് മേഖലയിലെ കേന്ദ്ര സ്ഥാപനം, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കെൽട്രോൺ എന്നിവയെല്ലാം ചേരുന്ന സംവിധാനം ഇവിടെയുണ്ടാക്കിയിട്ടുണ്ട്. അതിലൂടെ ഗ്രാഫീൻ ഉല്പാദനത്തിന് സാധിക്കുന്ന ഒരു ഇക്കോസിസ്റ്റം ശക്തിപ്പെടുത്താൻ സർക്കാർ ശ്രമം തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിലാദ്യമായി ഗ്രാഫീന്റെ സാദ്ധ്യത കണ്ടെത്തി ഇടപെട്ട സംസ്ഥാനം കേരളമാണെന്നുള്ളത് നമുക്കെല്ലാവർക്കും അഭിമാനത്തോടുകൂടി പറയാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ, 1973-ൽ കെൽട്രോണും ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്കും തിരുവനന്തപുരത്ത് ആരംഭിച്ചു. അതുപോലെതന്നെ ഗ്രാഫീന്റെ കാര്യത്തിലും തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ കാക്കനാടുള്ളൊരു പ്രൈവറ്റ് സ്ഥാപനം ഇപ്പോൾ ചെറിയ തോതിൽ ഗ്രാഫീൻ ഷീറ്റ് ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. പുതിയ സാദ്ധ്യതകളാകെ ഉപയോഗപ്പെടുത്താനുള്ള വിപുലമായ പദ്ധതി ഡിജിറ്റൽ യൂണിവേഴ്സിറ്റികൾ

മുൻകയ്യെടുത്തുകൊണ്ട് വ്യവസായ വകുപ്പുമായും കെ-ഡിസ്കുമായും ചേർന്നുകൊണ്ട് നടത്തുന്നുണ്ട്. നല്ല രീതിയിൽ സംസ്ഥാനത്തിന്റെ മാനവവിഭവശേഷി ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. ഇവിടത്തെ റിസർച്ച് പ്രക്രിയകളിലും ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷനും ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. ആ നയം ഗ്രാഫീൻ ഷീറ്റ് ഉല്പാദനമേഖലയിലും ഉപയോഗപ്പെടുത്തുന്നതായിരിക്കും.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമ്മാണത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സംസ്ഥാനത്ത് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അക്കാര്യമാണ് ഞാനിവിടെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. ഇലക്ട്രോണിക്സ് മേഖലയാണ് സംസ്ഥാനത്തിന്റെ 'സൺ റൈസ്' മേഖലയായി പരിഗണിക്കപ്പെടുന്നത്. ഇലക്ട്രോണിക്സിന്റെതന്നെ പുതിയ വകഭേദങ്ങളുണ്ട്. സർക്കാരിന്റെ വ്യവസായ നയത്തിൽ ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. അതോടൊപ്പം വ്യവസായനയം ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റൊരു കാര്യം

ഇൻഡസ്ട്രിയൽ റവല്യൂഷൻ 4.0-യുടെ സാദ്ധ്യതകളാകെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയെന്നുള്ളതാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ബ്ലോക്ക് ചെയിൻ, മിഡ് ഡാറ്റാ അനാലിസിസ് ഉൾപ്പെടെയുള്ള സാദ്ധ്യതകൾ കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതിനുവേണ്ടി വിനിയോഗിക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിൽ സ്വന്തമായി കമ്പ്യൂട്ടർ നിർമ്മിക്കാൻ ആരംഭിച്ച കൊക്കോണിക്സ് കമ്പനിയുടെ നിലവിലെ അവസ്ഥ വെളിപ്പെടുത്താമോ; അതോടൊപ്പം സർക്കാർ ഭൂമിയുൾപ്പെടെയുള്ള കാര്യങ്ങൾ ഈ സ്വകാര്യ കമ്പനിക്ക് നൽകിയിട്ടും അവർ നിർമ്മിച്ച ലാപ്ടോപ്പുകൾ കേടാകുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൊക്കോണിക്സ് കെൽട്രോണുമായി ചേർന്നിട്ടുള്ള സംവിധാനമാണ്. നല്ലരീതിയിൽതന്നെ അതിന്റെ ഉല്പാദനം മുന്നോട്ടുപോകുന്നുണ്ട്. ചെറിയ മോഡൽ മുതൽ 88,000 രൂപവരെയുള്ള ഹൈ എൻഡ് മോഡലുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഒരു കാര്യം ശരിയാണ്. ടി കമ്പനി ഉല്പാദിപ്പിച്ച കുറച്ച് മോഡലുകൾക്ക് അതിന്റെ പവർ സ്വിച്ചിൽ ചെറിയൊരു പ്രശ്നമുണ്ടായി.

അത്തരം മോഡൽ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ലാപ്ടോപ്പുകളുടെ സ്വിച്ചിൽ ചെറിയൊരു പ്രശ്നമുണ്ടായാൽ അത് വലിയ വാർത്തയാകുന്ന അവസ്ഥയാണുള്ളത്. ഇപ്പോൾ ലോകമാകെ ഏറ്റവും കൂടുതൽ കണ്ടുകൊണ്ടിരിക്കുന്നത് ലോക കപ്പ് ഫുട്ബോൾ മത്സരമാണ്. ഇന്നലെതന്നെ പലരും രണ്ടര മണികഴിഞ്ഞശേഷം മാത്രമെ ഉറങ്ങിയിട്ടുണ്ടാവുകയുള്ളൂ. എന്നാൽ, ലോക കപ്പ് ഫുട്ബോൾ മത്സരം കാണിക്കുന്ന jio cinema-യിൽ പുവർ സ്ട്രീമിംഗ് ക്വാളിറ്റി എന്നാണ് സെർച്ച് ചെയ്ത് നോക്കിയാൽ കാണാൻ കഴിയുന്നത്. അപ്പോൾ ഇത്രയും വലിയ സംവിധാനമുള്ള വൻകിട കമ്പനികൾക്കുപോലും പുവർ സ്ട്രീമിംഗ് ക്വാളിറ്റിയാണുള്ളത്. എന്നാൽ, ഇവിടെ കെൽട്രോൺ ഉല്പാദിപ്പിച്ച ലാപ്ടോപ്പുകളുടെ സ്വിച്ചിന് ചെറിയൊരു പ്രശ്നമുണ്ടായിയെന്നേയുള്ളൂ. ഏതായാലും ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. ഇപ്പോൾ ടി സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഘടനയിൽ മാറ്റമുണ്ടാക്കി ശക്തിപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ മോഡലുകളിലേയ്ക്കെത്താനുള്ള ശ്രമവും സർക്കാർ നടത്തുന്നതായിരിക്കും.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, വ്യവസായ രംഗത്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തുന്ന ഉന്നംപിഴയ്ക്കാത്ത ചുവടുവയ്പ്പുകൾ വലിയ തരംഗങ്ങൾ

സൃഷ്ടിക്കുമെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്. അദ്ദേഹം ഇവിടെ വിശദീകരിച്ച മാനുഫാക്ച്ചറിംഗ് പോലെത്തന്നെ പ്രധാനപ്പെട്ട ഒന്നാണ് ഇലക്ട്രോണിക് ഡിസൈൻ. ഇലക്ട്രോണിക് ഡിസൈൻ ഓട്ടോമേഷൻ സംരംഭങ്ങളിൽനിന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന റവന്യൂ വളരെ വലുതാണ്. 5-ജി നിലവിൽവന്ന സാഹചര്യത്തിൽ ഇ.ഡി.ഐ.-യുടെ സാദ്ധ്യത വർദ്ധിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഡിസൈനിൽ പ്രത്യേക പരിശീലനം നൽകി ഡിസൈൻ ക്ലസ്റ്റേഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നമ്മുടെ പ്രധാനപ്പെട്ട നേട്ടം highly skilled human resources ആണ്. പക്ഷേ, പുതിയ മേഖലയിൽ കുറച്ചുകൂടി മെച്ചപ്പെട്ട സ്കെയിലിംഗ് അപ് ആവശ്യമാണ്. കോളേജിൽ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികളുടെ സ്കിൽ ഒന്നുകൂടി വികസിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ അസാപ് പോലുള്ള ഏജൻസികൾ ഈ ദൗത്യം നിർവ്വഹിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകതയും ഈ മേഖലയിലെ സാദ്ധ്യതയും ഉപയോഗപ്പെടുത്തി കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയും. കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചാണ് അങ്ങ് ചോദ്യം ഉന്നയിച്ചത്. രണ്ട് തരത്തിൽ വിദ്യാർത്ഥികൾക്ക് ഇത്തരം സൗകര്യമൊരുക്കാനാണ് സർക്കാർ

ഉദ്ദേശിക്കുന്നത്. ഒന്ന്, വ്യവസായം ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ അതിന് പിന്തുണ നൽകാൻ നമ്മുടെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് കഴിയണം. രണ്ട്, ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്ന് വരുന്ന കണ്ടുപിടിത്തങ്ങളുടെ വാണിജ്യപരമായ ഉല്പാദനത്തിന് കഴിയുന്ന ഇക്കോസിസ്റ്റം വ്യവസായ രംഗത്തുണ്ടായിരിക്കണം. അതിൽ ശ്രദ്ധേയമായ കാര്യം, കേരളത്തിലെ ഒരു സ്വകാര്യ വ്യവസായ സ്ഥാപനം 20 കോടി രൂപ മുതൽമുടക്കി കൊച്ചി സർവ്വകലാശാലയിൽ ഒരു പ്രത്യേകമായ സെന്റർ ഓഫ് എക്സലൻസ് ഡിപ്പാർട്ടുമെന്റുപോലെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം സന്തോഷപൂർവ്വം ഞാൻ സഭയെ അറിയിക്കുന്നു. മറ്റ് പല ഗവേഷണ സ്ഥാപനങ്ങളും ഇതുപോലെ ചെയ്യുന്നുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽത്തന്നെ NPOL-ഉം ഷിപ്പിയാർഡും സെന്റർ ഓഫ് എക്സലൻസ് അവിടെ സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. അങ്ങ് പറഞ്ഞ കാഴ്ചപ്പാടോടുകൂടി എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയ കാലത്തെ ഡിസൈൻ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഇലക്ട്രോണിക് ഡിസൈനിംഗിൽ വേണ്ടത്ര അവസരങ്ങളോ സൗകര്യങ്ങളോ ഇവിടെയില്ല. ഈ രണ്ട് പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാൻ പുതിയ നയത്തിൽ പരിശ്രമിക്കുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കെ-ഡിസ്ക്, കെ.ഇ.എൽ.ഇ.എം.എൽ, കെൽട്രോൺ, കെ.ഇ.എൽ., കെ.എ.എൽ. എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഇലക്ട്രോണിക് വാഹനങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഗ്രീൻ മൊബിലിറ്റി ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിന്റെ നിലവിലെ സ്ഥിതിയെന്താണ്; അതോടൊപ്പം കുറ്റിപ്പുറം കിൻഫ്ര പാർക്കിനെ സംബന്ധിച്ച് അങ്ങ് തന്നെ പലപ്പോഴും എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. അതിനുവേണ്ടി സ്ഥലം എല്ലാ ആളുകളും ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ, കൊല്ലങ്ങളായി പ്രവർത്തനം നടക്കുന്നില്ല. സ്ഥലം എടുത്തവർക്കും വ്യവസായവകുപ്പിനും നാട്ടുകാർക്കും ഗുണമില്ല. അതുകൊണ്ട് കാലാവധി കഴിയുന്ന മുറയ്ക്ക് അതൊഴിവാക്കി ഇതുപോലുള്ള പുതിയ സംവിധാനങ്ങൾ കൊണ്ടുവരാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞ രണ്ടാമത്തെ ഭാഗം പ്രസക്തമാണ്. വ്യവസായ പാർക്കുകളിൽ ഭൂമി ഏറ്റെടുത്തിട്ട് ഉപയോഗശൂന്യമായി കിടക്കുന്ന കുറച്ച് സ്ഥലങ്ങളുണ്ട്. അത്തരം ഭൂമി തിരിച്ചുപിടിക്കാൻ കഴിയാത്തത് ആയതിന്മേൽ ലിറ്റിഗേഷൻ കേസുകൾ നിലനിൽക്കുന്നതുകൊണ്ടാണ്. വ്യവസായ കേന്ദ്രം, സിഡ്കോ, കിൻഫ്ര

എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ഏകദേശം നാനൂറിലധികം കേസുകൾ നിലനിൽക്കുന്നുണ്ട്. ഇത്തരം കേസുകൾ തീർപ്പാക്കുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ പ്ലീഡറെ നിയോഗിച്ചിട്ടുണ്ട്. കേസുകൾ അതിവേഗത്തിൽ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. അങ്ങ് പറഞ്ഞ കിൻഫ്രയുടെ സാദ്ധ്യതകൾ പുതിയ മേഖലകളിൽ ഉപയോഗപ്പെടുത്താൻ ശ്രമിക്കും. ഈ സംരംഭക വർഷത്തിലും പൊതുവ്യവസായത്തിലും മലപ്പുറം ജില്ലയിൽ നല്ലൊരു മുന്നേറ്റമുണ്ടായിട്ടുണ്ട്. അതിലും എല്ലാ എം.എൽ.എ. മാരുടെയും പിന്തുണയുണ്ട്. പ്രവാസി നിക്ഷേപം ക്രിയാത്മകമായി വിനിയോഗിക്കാൻ കഴിയുന്ന പ്രധാനപ്പെട്ടൊരു മേഖലയായിട്ടാണ് സർക്കാർ ഈ രംഗത്തെയും കാണുന്നത്.

<u>മി. സ്പീക്കർ</u>: വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഉപചോദ്യങ്ങൾ ധാരാളമുണ്ടെങ്കിലും സമയപരിമിതി കാരണം അനുവദിക്കാൻ സാധിക്കില്ല.

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

3 (*33) <u>ശ്രീ. സനീഷ്‌കുമാർ ജോസഫ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടത്തിയതായി പറയപ്പെടുന്ന ധൂർത്തും

പാഴ്ച്ചെലവുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ആക്കം കൂട്ടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായത് തെറ്റായ ധനകാര്യ മാനേജ്മെന്റാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂകമ്മി ഗ്രാന്റിൽ നടപ്പുസാമ്പത്തികവർഷം 6,716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ (കിഫ്ബിയും പെൻഷൻ കമ്പനിയുംപോലുള്ള കമ്പനികൾ) എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പുവർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ്

പരിധിയിൽ 24,638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പു സാമ്പത്തികവർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് 9000 കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽപ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇത്തരം കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ഇല്ല. പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും കേന്ദ്രസർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതും

മുൻകാലങ്ങളിൽനിന്നും വിഭിന്നമായി പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണങ്ങൾ സംസ്ഥാന സർക്കാരിന്റേത് മാത്രമല്ലെന്ന് അങ്ങ് പറഞ്ഞു. വളരെ സുതാര്യവും ആത്മാർത്ഥവുമായൊരു ഉത്തരമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. യഥാർത്ഥത്തിൽ ഇന്നത്തെ ധനകാര്യസ്ഥിതിയിൽ സംസ്ഥാനത്തിന് വലിയ പ്രോജക്ടുകൾ താങ്ങാൻ സാധിക്കില്ലെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കെ-റെയിൽ പോലുള്ള വലിയ

പ്രോജക്ട് മരവിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതെന്ന് പറഞ്ഞാൽ അത് ശരിയാണോ; അതല്ല കെ-റെയിൽ പ്രോജക്ട് മരവിപ്പിച്ചിട്ടില്ല, കെ-റെയിൽ പ്രോജക്ടുമായി മുന്നോട്ടുപോകുമെന്ന് ആധികാരികമായി പറയാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അടിസ്ഥാനരഹിതമായ പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദ്യമുന്നയിച്ചിരിക്കുന്നത്. കാരണം, കെ-റെയിലിന് കേന്ദ്രഗവൺമെന്റിന്റെ അനുവാദത്തിനായി കാത്തിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ ആ പ്രോജക്ടുമായി മുന്നോട്ടുപോകണമെന്നുതന്നെയാണ് സർക്കാരിന്റെ സമീപനം. അത്തരമൊരു പ്രോജക്ട് നടപ്പിലാക്കുമ്പോൾ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പ്രശ്നം വരുന്നില്ല. കെ-റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുമതി ലഭിക്കുന്നതുൾപ്പെടെയുള്ള പല കാര്യങ്ങളുമുണ്ട്. ഈ വിഷയത്തിൽ കേരളത്തിന്റെ പൊതുതാല്പര്യത്തിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചപ്പോഴും കെ-റെയിൽ പദ്ധതിക്ക് അനുമതി നൽകണമെന്നാണ് ആവശ്യപ്പെട്ടത്. അതോടൊപ്പം ഒരു കാര്യംകൂടി

ആവശ്യപ്പെട്ടു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും 'വന്ദേഭാരത് ട്രെയിൻ' പ്രവർത്തനമാരംഭിച്ചു. കേരളത്തിൽ വേഗത കൂടിയ ട്രെയിൻ ഓടിക്കുന്നതിനുള്ള സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ അല്ലെങ്കിൽ കേരളത്തിന്റെ അതിർത്തിയായ കന്യാകുമാരിയിൽ നിന്നും വടക്കേയറ്റത്തേയ്ക്കു മാത്രമല്ല ഇന്ത്യയുടെ മറ്റുഭാഗത്തേയ്ക്കും അതിവേഗം സഞ്ചരിക്കാനുള്ള സംവിധാനം വേണം. അത്തരം പദ്ധതികൾ കേരളത്തിന്റെ ഭാവിയെ കരുതിയാണ് നടപ്പിലാക്കുന്നത്. ആ പ്രോജക്ടിൽനിന്ന് പിന്മാറാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകുന്ന മുറയ്ക്ക് മാത്രമെ ആ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അത് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തെ സഹായിക്കുന്നതുമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഈ ഉത്തരം തന്നെയാണ് പ്രതീക്ഷിച്ചത്. കെ-റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് എന്റെ രണ്ടാമത്തെ ചോദ്യത്തിന്റെ പ്രസക്തി അവിടെയാണ്. ഇതുപോലെ വലിയൊരു പ്രോജക്ട്

ആവിഷ്കരിക്കുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുമോ എന്നറിയാതെ ഇത്തരമൊരു പദ്ധതിക്കായി ചാടിപ്പുറപ്പെട്ട് കോടാനുകോടി രൂപ മുടക്കുകയും ആ തുക പൂർണ്ണമായി നഷ്ടപ്പെടുകയും പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കുമോ ഇല്ലയോയെന്ന അനിശ്ചിതാവസ്ഥയിലാവുകയും പ്രോജക്ടിന്റെ അടങ്കൽതുക എത്രയാകുമെന്ന് ധനകാര്യമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് പറയാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നതല്ലേ ധനകാര്യ മാനേജ്മെന്റിന്റ് പരാജയമെന്ന് പറയുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സാധാരണഗതിയിലുള്ള വളരെ പരിമിതമായ ചെലവല്ലാതെ മറ്റൊന്നും ഗവൺമെന്റ് ചെലവാക്കിയിട്ടില്ല. അങ്ങനെ നോക്കുകയാണെങ്കിൽ കേരളം നടപ്പിലാക്കിയ പല പ്രോജക്ടുകളും നടപ്പിലാക്കുവാനേ സാധിക്കുമായിരുന്നില്ല. വിഴിഞ്ഞം പദ്ധതി എത്രയോ വർഷങ്ങൾക്കുമുമ്പ് തുടങ്ങിയതാണ്. ഇപ്പോൾ അതിന്റെ വർക്ക് 90 ശതമാനത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കേണ്ടതാവശ്യമാണ്. എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്തുതന്നെയാണ് അതിന്റെ സജീവമായ പ്രവർത്തനം ആരംഭിച്ചത്.

അങ്ങനെയൊരു പദ്ധതിയെപ്പറ്റി ആലോചിച്ചില്ലായിരുന്നുവെങ്കിൽ അത് നടപ്പിലാക്കാൻ സാധിക്കുമായിരുന്നോ? കണ്ണൂർ എയർപോർട്ടിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇപ്പോഴും വിദേശത്തേയ്ക്കുള്ള സർവ്വീസുകൾ യഥേഷ്ടം വരാനുള്ള അനുമതി കേന്ദ്രഗവൺമെന്റ് നൽകാത്തതുകൊണ്ട് അത് ഇക്കണോമിക്കലായിട്ടില്ല. പക്ഷെ, കണ്ണൂർ എയർപോർട്ട് കൊണ്ടുവന്നത് തെറ്റാണെന്ന് പറയാൻ സാധിക്കുമോ; കണ്ണൂർ എയർപോർട്ട് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നൊരു എയർപോർട്ടല്ലേ? ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മുൻകൂട്ടി കണ്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചുള്ള പഠനവും മറ്റുമൊക്കെ നടത്തുന്നത് വളരെ പ്രധാനമാണ്. അത് ഭാവിയിലേയ്ക്കുള്ള പ്രധാനപ്പെട്ട നിക്ഷേപം തന്നെയാണ്. അത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സഹായിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് 30 ശതമാനം വളർച്ചാനിരക്കിനെക്കുറിച്ച് നേരത്തെ പറഞ്ഞുകൊണ്ടിരുന്നു. അങ്ങയുടെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കും അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെല്ലാം 30 ശതമാനം വളർച്ചാനിരക്ക് കൈവരിച്ചതായി പറഞ്ഞു. പക്ഷെ, നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വളരെ താഴെയാണ്. സംസ്ഥാനത്തിന് നികുതി ഇനത്തിൽ

ലഭിക്കേണ്ടിയിരുന്ന തുക പ്രതീക്ഷിച്ച വരുമാനത്തെക്കാൾ 17,000 കോടി രൂപ താഴെയാണ്. അതിന് നമുക്ക് മറ്റാരെയും കുറ്റപ്പെടുത്താൻ സാധിക്കില്ല. പക്ഷെ, 17,000 കോടി രൂപ താഴെ നിൽക്കുമ്പോഴും 11,000 കോടി രൂപ കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്. ടി തുക പെൻഡിംഗായി നിൽക്കുകയാണ്. അതേസമയം പൊതുകടം മൂന്നേകാൽ ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കേരള സംസ്ഥാനം സാമ്പത്തികമായി തകർന്ന ഒരു ചിത്രം വേദനയോടുകൂടി കാണുകയാണ്. അത് മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ച് തോൽപ്പിക്കുന്നതിനുവേണ്ടി ഒരു വാദം കൊണ്ടുവരാം അല്ലെങ്കിൽ ഇതിനേക്കാൾ തകർന്ന നാല് സംസ്ഥാനത്തിന്റെ പേര് പറഞ്ഞ് അതിനേക്കാൾ മെച്ചമാണെന്ന് വേണമെങ്കിൽ വരുത്താം. സത്യത്തിൽ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനം താഴേയ്ക്കുപോകുകയാണ്. ഇത് മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികളുണ്ടോ; കേരളത്തെ സാമ്പത്തിക തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികളുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാനത്തിന്റെ കരുത്തും ജനങ്ങളുടെ വാങ്ങൽശേഷിയും ആകെയുള്ള സാമ്പത്തിക സ്ഥിതിയെയും ഒരിക്കലും രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ കുറച്ചുപറയാൻ പാടില്ല. കേരള ജനതയുടെ പ്രതിനിധിയായി ഒരു മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലേയ്ക്ക് വന്നയാളാണ് അദ്ദേഹം. കേരളത്തിൽ 1970-കളിലുണ്ടായിരുന്ന ശരാശരി ദേശീയ വരുമാനവുമായി താരതമ്യപ്പെടുത്തിയാൽ ഒരു വ്യക്തിയുടെ വരുമാനം ഇന്ത്യൻ ശരാശരിയെക്കാൾ കുറവായിരുന്നെങ്കിൽ ഇന്ന് ഇന്ത്യൻ ശരാശരിയുടെ ഇരട്ടിയാണ് ഒരു കേരളീയന്റെ പ്രതിശീർഷവരുമാനമെന്നുള്ള കാര്യംതന്നെ കേരളത്തിന്റെ വരുമാന വർദ്ധനവിനെ കാണിക്കുന്നതാണ്. സംസ്ഥാനത്തിന്റെ ജനസംഖ്യാനുപാതികമായി ഉണ്ടാകേണ്ട ജി.എസ്.ഡി.പി.-യുടെ ഇരട്ടിയാണ് കേരളത്തിലെ ജി.എസ്.ഡി.പി.. അതുകൊണ്ട് ആ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. അങ്ങിവിടെ പറഞ്ഞത് ആളുകളുടെ ആത്മവിശ്വാസം തകർക്കുന്ന കാര്യമാണ്. അങ്ങനെ ആത്മവിശ്വാസം നശിക്കേണ്ട കാര്യമില്ല. കേരളം മുന്നോട്ടുപോകുന്നതിന് ആവശ്യമായ സാമ്പത്തിക കാര്യങ്ങളിലൊന്നും മോശമല്ല. പക്ഷെ, ലോകത്താകമാനമുള്ള കാര്യങ്ങൾകൂടി

നോക്കിയിട്ടുവേണം ഈ കാര്യങ്ങൾ പറയേണ്ടത്. ചരിത്രത്തിൽ ആദ്യമായിട്ടാണ് രണ്ട് മാസത്തിനകം ഇംഗ്ലണ്ടിൽ മൂന്ന് പ്രധാനമന്ത്രിമാർ വരുന്നത്. 45 ദിവസംകൊണ്ട് ഒരു പ്രധാനമന്ത്രി രാജിവച്ചു. സാമ്പത്തിക പ്രതിസന്ധി ലോകത്താകെയുണ്ടെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണം അതാണ്. അങ്ങനെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കണക്ക് പരിശോധിച്ചാലും ഇത്തരം കാര്യങ്ങളിൽ കേരളം ഏറ്റവും മെച്ചപ്പെട്ട് നിൽക്കുകയാണ്. പക്ഷെ, സംസ്ഥാനത്തിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നകാര്യം മറച്ചുവയ്ക്കുന്നില്ല. കേന്ദ്രഗവൺമെന്റിനിന്ന് പതിനായിരക്കണക്കിന് കോടി രൂപ ലഭിക്കാനുണ്ട്. കഴിഞ്ഞ വർഷം ലഭിച്ച 24,000 കോടി രൂപ കുറച്ചാൽ കേരളം എങ്ങനെയാണ് മുന്നോട്ടുപോകുന്നത് എന്നുള്ളത് അതിശയകരമാണ്. കാര്യക്ഷമതയുടെ കാര്യംകൂടി പറയാം. കഴിഞ്ഞ വർഷം 11,000 കോടി രൂപ റവന്യൂ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഏറ്റവും കുറഞ്ഞത് 10,000 കോടി രൂപയിൽ കൂടുതൽ വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത് നല്ല വർദ്ധനവാണ്. അത് ഇനിയും വർദ്ധിപ്പിക്കാൻ എല്ലാവർക്കും ഒരുമിച്ചുചേർന്ന് ശ്രമിക്കാം. വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വളർച്ച കുറഞ്ഞിട്ടില്ല. കണക്കുകളെല്ലാം വളരെ കൃത്യമാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സമ്മതിക്കുന്നുണ്ട്. അത് തരണം ചെയ്യണമെങ്കിൽ വരുമാനം വർദ്ധിപ്പിക്കണമെന്നും ചെലവ് ചുരുക്കണമെന്നുമാണ് അദ്ദേഹം പറയുന്നത്. ഈ രണ്ട് കാര്യങ്ങളിലും സംസ്ഥാന ധനകാര്യ വകുപ്പ് പരാജയപ്പെടുന്ന സാഹചര്യമാണ് കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷമായി സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ മരവിപ്പിക്കുകയും അർഹമായ നാല് ഗഡു ക്ഷാമബത്ത നൽകാതിരിക്കുകയും ചെയ്യുന്നത് സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലമാണോ; അതോ ഈ ചെലവുകൾ ധൂർത്തോ പാഴ്ചെലവോ ആണെന്ന് കരുതിയാണോയെന്ന കാര്യം വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഓരോ വർഷത്തെയും വരുമാന വർദ്ധനവ് കൃത്യമായിട്ടുണ്ട്. 2020-21-ൽ സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന നികുതി വരുമാനം 36352 കോടി രൂപയായിരുന്നെങ്കിൽ 2021-22-ൽ അത് 46208 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ ഏഴുമാസത്തെ ശരാശരി എടുത്താൽ 2021-22 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 22220 കോടി രൂപയാണ് കെ.ജി.എസ്.ടി.-യും

ജി.എസ്.ടി.-യുംകൂടി വന്നതെങ്കിൽ 2022-23 കാലയളവിൽ 31174 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 9 മാസം കൊണ്ട് ഏകദേശം 9000 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ജി.എസ്.ടി. സംവിധാനവും മറ്റും ഉപയോഗിച്ച് കേരളത്തിൽ നികുതി വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാലും അതിൽ കൂടുതൽ കാര്യക്ഷമത വരാനുണ്ടെന്നുള്ളതിലും അത് കുറച്ചുകൂടി മെച്ചപ്പെടണമെന്ന കാര്യത്തിലും സംശയമില്ല. സർക്കാർ അതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെയാണെങ്കിലും കഴിഞ്ഞ വർഷത്തെ ശമ്പളത്തിനും പെൻഷൻ ബാദ്ധ്യതയ്ക്കുമായി 67000 കോടി രൂപയാണ് നൽകിയത്. ഇന്ത്യയിൽ ഒരൊറ്റ സംസ്ഥാനത്തുമാത്രമെ കോവിഡ് കാലത്ത് ശമ്പളപരിഷ്കരണം നടത്തിയിട്ടുള്ളൂ. അത് ചെയ്യേണ്ടതാണ്; അത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്, ഇല്ലെന്ന് പറഞ്ഞിട്ടില്ല. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ചും കേരളത്തെ ശ്വാസം മുട്ടിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ നയങ്ങളാണെന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെല്ലാം പറയുമ്പോഴും എന്തുകൊണ്ട് ഇവിടെ പറയുന്നില്ല? വാസ്തവത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ സമീപനത്തിനെതിരെ സംയുക്ത പോരാട്ടം നടത്തിയില്ലെങ്കിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ

സാധിക്കുമോ? ഇപ്പോൾ കിഫ്ബിയുടെ പേരിലും കെ.എസ്.എസ്.പി.എൽ.-ന്റെ പേരിലുമുള്ള പതിനാലായിരത്തി ചില്വാനം കോടി രൂപയുടെ കടമെടുപ്പ് വിഹിതമാണ് ഈ വർഷം അവർ വെട്ടിക്കുറച്ചത്. വലിയ തർക്കമെല്ലാമുണ്ടാക്കിയപ്പോൾ നാല് വർഷത്തേയ്ക്കുള്ളത് ഡിവൈഡ് ചെയ്ത് ഓരോ വർഷമായി കിട്ടി. കടമെടുപ്പ് വിഹിതത്തിന്റെ ശതമാനം കുറച്ചു. അതുപോലെ സംസ്ഥാനത്തിന് നൽകേണ്ട ഗ്രാന്റിൽ വലിയ വെട്ടിക്കുറവ് വരുത്തി. കോമ്പൻസേഷൻ വർദ്ധിപ്പിക്കണമെന്നുള്ളത് എല്ലാ സംസ്ഥാനങ്ങളും ഒരുമിച്ച് ആവശ്യപ്പെട്ടതാണ്. അത് തരുന്നില്ല. 1,17,000 കോടി രൂപ ലഭിച്ചുകൊണ്ടിരുന്നതിൽനിന്ന് ഒറ്റയടിക്ക് 20000 കോടി രൂപ കുറച്ചാൽ എങ്ങനെയാണ് സംസ്ഥാനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുക? സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും വർദ്ധിപ്പിക്കും. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന രീതിയിൽ നിയമസഭയിലെ പ്രധാനപ്പെട്ട നേതാക്കൾ കേരളം ശരിയല്ലെന്നും കൂടുതൽ പണം കൊടുക്കേണ്ടെന്നും പറയുന്നത് തെറ്റാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും ജീവനക്കാരുടെയും മറ്റുള്ളവരുടെയും ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുന്ന പ്രശ്നമില്ല. അത് കൊടുക്കുന്നതാണ്. ഈ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതോടൊപ്പം അക്കാര്യങ്ങളും ചെയ്യും. അല്ലാതെ

കൊടുക്കാതിരിക്കുന്ന സമീപനം സ്വീകരിക്കുന്ന ഗവൺമെന്റല്ല ഇത്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങിവിടെ പറഞ്ഞതുപോലെ, കിഫ്ബിയുമായും പെൻഷൻ ഫണ്ടുമായും ബന്ധപ്പെട്ട കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരുമെന്ന് പ്രതിപക്ഷം അന്ന് വളരെ ഉത്തരവാദിത്തത്തോടുകൂടി മുന്നറിയിപ്പ് നൽകിയിരുന്നതാണ്. അന്നെല്ലാം അത് വരില്ലെന്നുള്ള ആത്മവിശ്വാസമാണ് സർക്കാർ പ്രകടിപ്പിച്ചിരുന്നത്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ സംസ്ഥാനം മുമ്പെങ്ങുമില്ലാത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നാണ് പറയുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ഇനി അവശേഷിക്കുന്ന നാലുമാസത്തെ പദ്ധതി ചെലവുകൾക്ക് എങ്ങനെ പണം കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നാലുമാസത്തെ പദ്ധതി ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനും പ്രധാനപ്പെട്ട് കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകുന്നതിനും ഈ മാസംവരെ ഒരു തടസ്സവും വന്നിട്ടില്ല. കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട പണം ലഭിച്ചിട്ടില്ല. അത് ലഭിച്ചില്ലെങ്കിൽ ബുദ്ധിമുട്ട് വർദ്ധിക്കും. വിശദമായ ചർച്ച വരുമ്പോൾ അതിന്റെ ഓരോ കണക്കും ഞാനെടുത്തുപറയാം. പക്ഷേ, അതിനായി ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അഖിലേന്ത്യാതലത്തിൽ ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം ചേരുമ്പോൾ അവിടെ കാണിക്കുന്ന കളക്ടീവായ സ്പിരിറ്റ്, ഛത്തീസ്ഗഢും രാജസ്ഥാനും ഉൾപ്പെടെ അല്ലെങ്കിൽ പ്രതിപക്ഷ സംസ്ഥാനങ്ങളും ഭരണപക്ഷ (ബി.ജെ.പി.) സംസ്ഥാനങ്ങളും പറയുന്ന താല്പര്യമെങ്കിലും കേരള നിയമസഭയ്ക്കകത്ത് പ്രതിധ്വനിക്കേണ്ടതാവശ്യമാണ്. കാരണം, ഇവിടെ നടക്കുന്ന കാര്യങ്ങളെല്ലാം ഡൽഹിയിൽ കണ്ടുകൊണ്ടിരിക്കുകയാണല്ലോ; ഈ നിയമസഭയിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ അത്തരമൊരാവശ്യം പ്രതിധ്വനിപ്പിക്കാൻ പ്രതിപക്ഷംകൂടി സഹകരിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുമ്പോൾ ആഗോള സമ്പദ്ഘടനയും ദേശീയ സമ്പദ്ഘടനയുംകൂടി കാണാതെ കേരളത്തിലെ സാമ്പത്തിക പ്രശ്നം മാത്രമായി ചർച്ച ചെയ്യാൻ സാധിക്കുമോ; കേരളത്തിലെ സാമ്പത്തിക പ്രശ്നം കേരളത്തിലേത് മാത്രമായി കണ്ടുകൊണ്ട് പ്രതിപക്ഷവും ചില മാധ്യമങ്ങളും പ്രചരണം നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അക്കാര്യം നേരത്തെ ഞാൻ പറഞ്ഞതാണ്. വലിയ തോതിൽ അങ്ങനെയൊരു പ്രചരണം വരുന്നുണ്ട്. കേരളത്തിനുവേണ്ടി എല്ലാവരും ഇടപെട്ട് സംസാരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വളരെ ദൗർഭാഗ്യകരമാണ്. ഡൽഹിയിലിരിക്കുന്ന ആളുകളെ പിന്തുണയ്ക്കുന്നവരല്ല ഇവിടെ പ്രതിപക്ഷാംഗങ്ങളായിരിക്കുന്നത്. സർക്കാർ കാണിക്കുന്ന ധനകാര്യ മാനേജ്മെന്റിലെ പിഴവ് ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. അനാവശ്യമായ ധൂർത്തും ചെലവുകളും, സംസ്ഥാനം ഒരിക്കലും നേരിടാത്ത നിലയിലുള്ള കെടുകാര്യസ്ഥത, ധനകാര്യ മാനേജ്മെന്റിലെ പിഴവ് എന്നിവ ചൂണ്ടിക്കാണിക്കാനാണ് പ്രതിപക്ഷം ഇവിടെയിരിക്കുന്നത്. ജി.എസ്.ടി. കോമ്പൻസേഷനിൽ വരുന്ന കുറവ്, ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കാനുള്ള നടപടികൾ എന്നിവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസും ഐക്യജനാധിപത്യ മുന്നണിയും. അങ്ങയുടെ സ്ഥാനത്ത് ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നപ്പോൾ

ഞങ്ങളൊരുമിച്ചാണ് ഇക്കാര്യത്തിൽ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ആ നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ സർക്കാർ കാണിക്കുന്ന തെറ്റായ നടപടികൾ ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. അനാവശ്യ ചെലവുകളും പദ്ധതികൾ വെട്ടിക്കുറയ്ക്കുന്നതും നിയന്ത്രിക്കുമോ? റവന്യൂ വരുമാനത്തിലും നികുതി പിരിവിന്റെ കാര്യത്തിലും വകുപ്പ് സ്വീകരിക്കുന്ന തെറ്റായ നയങ്ങൾ പുനഃപരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, എന്റെ ചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ചോദിക്കുന്നതെങ്കിൽ അതിനെക്കുറിച്ച് പറയാനുള്ള അവസരം വേണം.

<u>മി. സ്പീക്കർ</u>: ശ്രീ. പി. നന്ദകുമാർ, അങ്ങ് ഇരിക്കൂ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അദ്ദേഹം ഒരു രാഷ്ട്രീയ സ്റ്റേറ്റ്മെന്റ് നടത്തിയെന്നല്ലാതെ വസ്തുതകളല്ല പറഞ്ഞത്. എന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഇപ്പോഴും കേരളം എല്ലാവരെയും ചേർത്ത് കളക്ടീവായി ഇക്കാര്യം പറയാൻ ശ്രമിക്കുന്നുണ്ട്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുൾപ്പെടെ ജി.എസ്.ടി. കൗൺസിലിൽ ഈ പ്രശ്നം

ഉന്നയിക്കുമ്പോൾ അവരും ഇക്കാര്യം സൂചിപ്പിക്കണമെന്ന് ഞങ്ങൾ പറയുന്നുണ്ട്. വോട്ടിംഗ് വരുമ്പോൾ രാഷ്ട്രീയമായി അവരതിന് നിൽക്കില്ല. ഇപ്പോൾ ജി.എസ്.ടി. കൗൺസിലിൽ ഛത്തീസ്ഗഢിലെ മുഖ്യമന്ത്രിയും രാജസ്ഥാനിൽനിന്നുള്ളവരുമുണ്ടായിരുന്നു. എല്ലാവരും അവിടെ ഇക്കാര്യം പറയുന്നുണ്ട്; ഇല്ലെന്ന് ഞാൻ പറയുന്നില്ല. രാഷ്ട്രീയമായി ഇന്ത്യയുടെ ധനകാര്യ സ്ഥിതിയെക്കുറിച്ച് പറയുന്ന അഭിപ്രായം കേരള നിയമസഭയിലും കേരളത്തിലും വരുമ്പോൾ സായിപ്പിനെ കാണുമ്പോൾ കവാത്ത് മറന്നുവെന്ന് പറയുന്നതുപോലെ ബി.ജെ.പി.-ക്ക് അനുകൂലമായി പറയുന്ന സ്ഥിതിവരുന്നു. അതൊഴിവാക്കണമെന്നാണ് പറയാനുള്ളത്. ഈ ബുദ്ധിമുട്ട് എൽ.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയതാണോ? അല്ല. ശമ്പളപരിഷ്കരണവും മറ്റാനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും ആരോഗ്യരംഗത്തെ ചെലവുകളും ഞങ്ങൾ നടത്തിയിട്ടുണ്ട്. എന്ത് കെടുകാര്യസ്ഥതയും ധൂർത്തുമാണ് നടത്തുന്നത്? ഏതെങ്കിലും ധൂർത്തോ കെടുകാര്യസ്ഥതയോ അഴിമതിയോ ഉണ്ടെങ്കിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം. അങ്ങനെയുണ്ടെങ്കിൽ നടപടിയെടുക്കാത്തവരാണോ ഈ സർക്കാർ. ഇന്ത്യയിലെ എല്ലാ സംസ്ഥാന ഗവൺമെന്റുകളും പ്രധാന രാഷ്ട്രീയ പാർട്ടികളും ഉന്നയിക്കുന്ന പ്രശ്നം കേരളത്തിലുംകൂടി വരണമെന്നതാണ് സംസ്ഥാനത്തിന്റെ പൊതു താല്പര്യം.

ഇവിടത്തെ ബാക്കി കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മറ്റുസംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തി ആളോഹരി വരുമാനത്തിൽ കേരളം മെച്ചമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. എന്നാലിപ്പോൾ ഗൾഫ് റെമിറ്റൻസ് കുറഞ്ഞതിനുശേഷം നമ്മുടെ ഗ്രാമങ്ങളിൽ ദാരിദ്ര്യത്തിന്റെ ഒരെത്തിനോട്ടം വന്നിട്ടുണ്ട്. കുറച്ച് ആളുകളുടെ വരുമാനത്തിൽ കാര്യമായ ഇടിവും ആളുകളുടെ പർച്ചേസിംഗ് പവർ കുറഞ്ഞതിനാൽ ജീവിത നിലവാരത്തിൽത്തന്നെ വലിയൊരു മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ? വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് ആളുകൾ തിരിച്ചുവരുന്നുണ്ട്. അത് വരുമാനത്തെയും ജീവിതത്തെയും ബാധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിലയ്ക്ക് ആളോഹരി വരുമാനവും ജീവിതനിലവാരവും കണക്കാക്കുകയാണെങ്കിൽ വ്യത്യാസം വന്നിട്ടുണ്ടാകും. അതിന് കാര്യമായ ഇടിവുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. നോർക്ക വകുപ്പുതന്നെ ഇക്കാര്യത്തിൽ പ്രത്യേക ഇനിഷ്യേറ്റീവ് എടുക്കുന്നുണ്ട്. ഗൾഫിൽനിന്നും ധാരാളം ആളുകൾ തിരിച്ചുവരുന്നുണ്ട്. കോവിഡ് കാലത്ത് തിരിച്ചുവന്ന കുറച്ചാളുകൾ തിരിച്ച് പോകാനുമുണ്ട്. ഇവിടെ ആഭ്യന്തരമായി തൊഴിൽ വർദ്ധിപ്പിക്കാനുള്ള ശ്രമവും ഇതിനോടൊപ്പം നടത്തുന്നുണ്ട്. പത്തോ പതിനഞ്ചോ വർഷം മുമ്പുള്ള ഗൾഫ് റെമിറ്റൻസ് വച്ചുനോക്കുമ്പോൾ സംസ്ഥാനത്തിന്റെ ശരാശരി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാലിപ്പോൾ നിലവിലുള്ള ചില പ്രശ്നങ്ങളുണ്ട്. അതിന്റെ ഭാഗമായി കുറച്ചുകൂടി തൊഴിലവസരങ്ങളുണ്ടാക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. ഗൗരവമായിത്തന്നെ അക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. നമ്മുടെ ഇക്കണോമിയെയാകെ ബാധിക്കുന്ന തരത്തിലേയ്ക്ക് അത് മാറിയിട്ടില്ല. വരുമാനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞതുപോലെ ഇതിനെ മറികടക്കാൻ കേരളത്തിലേയ്ക്കുവരുന്ന ഉല്പന്നങ്ങളുടെ ഒരു ഭാഗമെങ്കിലും ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് നിർമ്മാണരംഗത്തും പ്രൊഡക്ഷൻ രംഗത്തുമൊക്കെ കാര്യമായ

ഇടപെടലുണ്ടായാൽ മാത്രമെ സാധിക്കുകയുള്ളൂ. ആ ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. **രേഖാമൂലം നൽകിയ ഉത്തരങ്ങൾ** *

*അനുബന്ധമായി ചേർത്തിരിക്കുന്നു.

10.00 എ.എം.]

## II. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം ഒത്തുതീർപ്പിലെത്താത്തതുമൂലം പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ നാട് വളരെ ഗൗരവമായി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതായിരിക്കും ഉചിതം, ചർച്ച ചെയ്യാം.

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിരിക്കുകയാണ്. അങ്ങേയറ്റം സ്വാഗതാർഹമായ ഒരു നിലപാടാണിത്. ഈ സഭയിൽത്തന്നെ

ഇതിനോടകം സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 പ്രകാരമുള്ള മൂന്ന് പ്രമേയങ്ങളിന്മേലാണ് വിശദമായ ചർച്ച നടത്തിയിട്ടുള്ളത്. ഇന്നത്തെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ചട്ടം 55-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പ്രമേയം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ സമയം ചർച്ചയ്ക്കായി നീക്കിവയ്ക്കുന്നു.

10.02 എ.എം.]

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് കാരണമായ കേന്ദ്രനയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് കാരണമായ നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന വിഷയമാണ് ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തെ നാളികേര കർഷകരും റബ്ബർ കർഷകരും ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. തേങ്ങയ്ക്ക് ഇന്നത്തെ മാർക്കറ്റ് വില കിലോയ്ക്ക് 25 മുതൽ 26 രൂപവരെയാണ്. ഒരു ഘട്ടത്തിൽ 43 രൂപ വരെ വില ലഭിച്ചിരുന്നു. സർക്കാർ നിശ്ചയിച്ച താങ്ങുവില 32 രൂപയാണ്. റബ്ബറിന്റെ ഇന്നത്തെ മാർക്കറ്റ് വില കിലോയ്ക്ക്

125 രൂപ മുതൽ 130 രൂപ വരെ മാത്രമാണ്. ഒരു കിലോ റബ്ബർ ഉൽപ്പാദിപ്പിക്കാൻ 168 രൂപയാണ് ചെലവ് കണക്കാക്കുന്നത്. സർക്കാർ പ്രഖ്യാപിച്ച താങ്ങുവില 170 രൂപയുമാണ്.

കേരളത്തിലെ സുപ്രധാന വിളയാണ് നാളികേരം. ഏകദേശം 10 ലക്ഷത്തോളം ഹെക്ടർ ഭൂമിയിൽ 35 ലക്ഷത്തോളം ചെറുകിട കർഷകർ ഈ കൃഷിയിൽനിന്നും ഉപജീവനം നടത്തുന്നുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദന ചെലവ് കൂടിവരുന്നു. എന്നാൽ വില നാൾക്കുനാൾ കുറയുകയുമാണ്. വെളിച്ചെണ്ണയും കോക്കനട്ട് ഇൻസ്റ്റന്റ് പൗഡറുമാണ് ഇതിന്റെ പ്രധാന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ. 5.56 ലക്ഷം ടൺ വെളിച്ചെണ്ണയാണ് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ സസ്യ എണ്ണയുടെ അനിയന്ത്രിതമായ ഇറക്കുമതിക്ക് കേന്ദ്രസർക്കാർ അനുവാദം നൽകുന്നതിന്റെ ഫലമായി ഈ വർഷം 1.43 കോടി ടൺ ഭക്ഷ്യ എണ്ണയാണ് ഇറക്കുമതി ചെയ്തത്. ഇതിൽ പാമോയിൽ മാത്രം 81.46 ടൺ ഇറക്കുമതി ചെയ്തിട്ടുണ്ട്. വിലയിലും അളവിലും സസ്യ എണ്ണയോട് മത്സരിക്കാൻ വെളിച്ചെണ്ണയ്ക്ക് കഴിയില്ല. കൊപ്രയുടെ ഇപ്പോഴത്തെ താങ്ങുവില ക്വിന്റലിന് 10,590 രൂപയും വിപണി വില 8,600 രൂപയുമാണ്. താങ്ങുവിലയെക്കാൾ കുറവാണ് കർഷകന് ലഭിക്കുന്നത്. കൊപ്രയുടെ ഉൽപ്പാദന ചെലവ്

ക്വിന്റലിന് 8642 രൂപയാണ്. ഇതുതന്നെ ഇപ്പോൾ കർഷകന് ലഭിക്കുന്നില്ല.

നാളികേര സംഭരണത്തിന്റെ കേന്ദ്ര ഏജൻസി നാഫെഡാണ്. നാളികേര സംഭരണത്തിൽനിന്നും നാഫെഡ് പിന്മാറി. അവരുടെ നിബന്ധനപ്രകാരം കേരഫെഡിന് നാളികേരം സംഭരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. എണ്ണ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ നാളികേരം സംഭരിക്കാൻ പാടില്ലെന്ന നാഫെഡിന്റെ നിബന്ധനയാണ് കേരഫെഡിന് വിനയായത്. കേരഫെഡിന് ഒരു ദിവസം 100 മെട്രിക് ടൺ കൊപ്ര എണ്ണ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ ഈ കർഷക ദ്രോഹ നയമാണ് നാളികേരളത്തിന്റെ ഭീകരമായ വിലയിടിവിന് കാരണമായത്. 1991-കളിലാരംഭിച്ച ആഗോളവൽക്കരണ സാമ്പത്തിക നയം നടപ്പിലാക്കിയതുമൂലമാണ് ഈ ഗുരുതര പ്രതിസന്ധി ഉടലെടുത്തത്. ആസിയാൻ കരാർ, ഇന്തോ-പെസഫിക് കരാർ തുടങ്ങിയ അന്താരാഷ്ട്ര കരാറുകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതോടെ കേരളത്തിലെ കർഷകരുടെ തകർച്ചയ്ക്ക് വേഗത കൂടി. യു.പി.എ. ഗവൺമെന്റാണ് ഈ തകർച്ചയ്ക്ക് തുടക്കം കുറിച്ചതെങ്കിൽ ഇന്ന് നരേന്ദ്രമോദി സർക്കാർ അതിന് ആക്കംകൂട്ടുകയും കർഷകന്റെ സ്ഥിതി കൂടുതൽ വഷളാക്കുകയുമാണ്. ഇതുതന്നെയാണ് റബ്ബറിന്റെയും സ്ഥിതി.

ഏതാണ്ട് ഒന്നര ദശാബ്ദത്തിനുമുൻപ് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലെ ഏറ്റവും ചലനാത്മകമായ ഘടകമായിരുന്നു റബ്ബറും അനുബന്ധമേഖലയും. ഇന്ന് വിലയിടിവുമൂലം റബ്ബർ കൃഷിയിൽനിന്നും കർഷകർ പിന്തിരിയുകയാണ്. ഇന്ത്യയിലെ റബ്ബർ കൃഷിയുടെ 84 ശതമാനം കേരളത്തിലാണ്. ഇന്നത് 72 ശതമാനമായി കുറഞ്ഞു. 8 ലക്ഷം ടണ്ണിൽ നിന്നും ഉൽപ്പാദനം 5 ലക്ഷം ടണ്ണായി കുറഞ്ഞു. രാജ്യാന്തര വിപണിയിലെ വിലയിടിവും അനിയന്ത്രിതമായ ഇറക്കുമതിയുംമൂലമാണ് വില തകർന്നത്. മുൻകാലങ്ങളിൽ ഇറക്കുമതി ബദൽ നയമായിരുന്നു സ്വീകരിച്ചിരുന്നത്. ഇന്ന് ഇറക്കുമതി ചെയ്യാൻ എല്ലാ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കും അനുമതി നൽകിയിരിക്കുകയാണ്. ലക്ഷക്കണക്കിന് കർഷകരെ സംരക്ഷിക്കുകയല്ല ഏതാനും വൻകിട റബ്ബർ കമ്പനികളെ സംരക്ഷിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട് കേന്ദ്രസർക്കാരിന്റെ തെറ്റായ കർഷക ദ്രോഹനയത്തിനെതിരായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ താങ്ങിനിർത്തുന്ന പ്രധാന വിളകളായ നാളികേരത്തിന്റെയും റബ്ബറിന്റെയും വിലയിടിവ് കർഷകർക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേന്ദ്രസർക്കാർ കൈക്കൊണ്ടിരിക്കുന്ന നയങ്ങൾ തന്നെയാണ് ഈ വിലയിടിവിന് പ്രധാന കാരണം. കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാതെയാണ് റബ്ബറിന്റെയും ഭക്ഷ്യ എണ്ണയുടെയും കയറ്റുമതി/ഇറക്കുമതി നയങ്ങൾ കേന്ദ്രസർക്കാർ പലപ്പോഴും കൈക്കൊള്ളുന്നത്. നാണ്യവിളകളുടെയും കാർഷിക വിഭവങ്ങളുടെയും കയറ്റുമതി/ഇറക്കുമതി നയങ്ങൾ ഈ മേഖലയിൽ ഏറ്റവും കൂടുതൽ ഉൽപ്പാദനം നടത്തുന്ന സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി മാനിച്ചായിരിക്കണം സ്വീകരിക്കേണ്ടതെന്ന് പല പ്രാവശ്യം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അനുകൂല നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിലും കർഷക താൽപ്പര്യം സംരംക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനും നാളികേരത്തിനും റബ്ബറിനുമുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോൽസാഹിപ്പിക്കാനുമാണ് 14-01-2022-ലെ ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, വി.എഫ്.പി.സി.കെ., കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെ സംഭരണം നടത്തുന്നുണ്ട്. അതിൽ 4 സംഭരണ കേന്ദ്രങ്ങളിൽ കേരഫെഡ് മുഖേനയും 13 സംഭരണ കേന്ദ്രങ്ങളിൽ സൊസൈറ്റികൾ മുഖേനയും 49 സംഭരണ കേന്ദ്രങ്ങളിൽ വി.എഫ്.പി.സി.കെ. മുഖേനയും 13 സംഭരണ കേന്ദ്രങ്ങളിൽ കെ.എസ്.സി.ഡി.സി. മുഖേനയുമാണ് സംഭരണം നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേന്ദ്രത്തിന്റെ ചില നിബന്ധനകളും നിർബന്ധവുംമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കാനായി വി.എഫ്.പി.സി.കെ.-യെ ഈ ചുമതല ഏൽപ്പിച്ചാണ് ഇപ്പോൾ സംഭരണം ആരംഭിച്ചിരിക്കുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കർഷകരെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27

സംഭരണകേന്ദ്രവും വി.എഫ്.പി.സി.കെ.-യോട് 28 സംഭരണ കേന്ദ്രവും കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കേരഫെഡും വി.എഫ്.പി.സി.കെ.-യും ആരംഭിക്കുന്ന പുതിയ സംഭരണ കേന്ദ്രങ്ങളിൽ 11 എണ്ണം വീതം മൊബൈൽ പ്രൊക്യൂവർമെന്റ് സെന്ററായി പ്രവർത്തിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. 04-03-2022-ലെ ഉത്തരവുപ്രകാരം ഒരു തെങ്ങിൽനിന്നും പരമാവധി 50 തേങ്ങ സംഭരിക്കണമെന്ന നിബന്ധന നിലവിലുണ്ടായിരുന്നു. എന്നാൽ കർഷകരുടെയും ജനപ്രതിനിധികളുടെയും അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 08-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരമെന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം അഞ്ച് തവണകളായോ പച്ചതേങ്ങ സംഭരിക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01-12-2022 വരെ 6001.12 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. ഈയിനത്തിൽ 18 കോടി രൂപ കേരഫെഡ് കർഷകർക്ക് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഇടപെൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് ഇപ്പോൾ വന്നിരിക്കുന്നത്. കൊപ്രയുടെ

വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും വി.എഫ്.പി.സി.കെ.യെയും സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുണ്ട്. സംഭരണ ഏജൻസികൾ സ്വന്തം ആവശ്യത്തിനായി ഈ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാട്ടുള്ളതല്ലെന്ന വ്യവസ്ഥ കേന്ദ്രം നിർബന്ധമാക്കിയ സാഹചര്യത്തിൽ കൊപ്ര സംഭരണത്തിനായി കേരഫെഡിനെ ആ ക്ലോസിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് നമ്മൾ നിരന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ തീരുമാനം നാളിതുവരെ ലഭ്യമായിട്ടില്ല. ഇക്കാരണത്താൽ കൊപ്ര സംഭരണത്തിന് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. സംഭരണ കാലാവധി 31.03.2023 വരെ നീട്ടണമെന്നും കേരഫെഡിനെക്കൂടി സംഭരണ ഏജൻസിയാക്കത്തക്കവിധം വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്നും കേന്ദ്രസർക്കാരിനോട് 14.11.2022-ലും അഭ്യർത്ഥിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം

പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. അഞ്ച് ഹെക്ടറിനുതാഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2021-22 വർഷത്തിൽ 50 കോടി രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതിയുടെ ഏഴ് ഘട്ടങ്ങൾ ഇതുവരെ പൂർത്തിയാക്കി. 01.07.2022 മുതൽ 30.06.2023 വരെയുള്ള എട്ടാംഘട്ട നടത്തിപ്പിലേയ്ക്കായി 17.09.2022-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് 30.11.2022 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിക്കൊണ്ട് 01.07.2022 മുതൽ 30.06.2023 വരെയുള്ള എട്ടാം ഘട്ടം നടപ്പിലാക്കിവരുന്നു. 2022-23 വർഷത്തിൽ 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്

നൽകുന്നതിനായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മേൽ നടപടികളിലൂടെ നാളികേരത്തിന്റെയും റബ്ബറിന്റെയും വിലയിടിവ് തടയാൻ സംസ്ഥാന സർക്കാർ പരമാവധി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനമുണ്ടാക്കാനുള്ള ശ്രമവും നടത്തുന്നതായിരിക്കും.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നാളികേരത്തിന് 32 രൂപയും റബ്ബറിന് 170 രൂപയുമാണ് സംസ്ഥാനം നിശ്ചയിച്ച താങ്ങുവില. വില കുറഞ്ഞ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ നാളികേരവും 32 രൂപയ്ക്ക് സംഭരിക്കുന്നതിനും റബ്ബറിന്റെ വിലയിലെ അന്തരം പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും പരമാവധി കേന്ദ്രങ്ങളിൽനിന്നും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരം സംഭരിക്കണമെന്നുതന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. കൂടുതൽ സമിതികളോടും എഫ്.പി.ഒ.(Farmers Producer Organisation)-കളോടുമെല്ലാം ഇതിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരഫെഡിന്റെ 27 കേന്ദ്രങ്ങളും വി.എഫ്.പി.സി.കെ.-യുടെ 28 കേന്ദ്രങ്ങളും നാളികേര വികസന കോർപ്പറേഷന്റെ 30 കേന്ദ്രങ്ങളുമാണ് നാളികേരം സംഭരിക്കാൻ

നിശ്ചയിച്ചിരിക്കുന്നത്. വരും ദിവസങ്ങളിൽ നാളികേര സംഭരണമുണ്ടാകും. വാഹനങ്ങളിലെത്തി നാളികേരം സംഭരിക്കുന്ന പദ്ധതികൂടി നടപ്പിലാക്കും. എല്ലായിടങ്ങളിൽനിന്നും 32 രൂപ ക്രമത്തിൽതന്നെ നാളികേരം സംഭരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(2) കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്ത് ഏതാണ്ട് 600 കയർ സംഘങ്ങളും 50 ചെറുകിട ഫാക്ടറികളുമുൾപ്പെടെയുള്ള കയർമേഖല വൻ പ്രതിസന്ധി നേരിടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലും കാർത്തികപ്പിള്ളി താലൂക്ക്, കരുനാഗപ്പള്ളി, വൈക്കം, ചിറയിൻകീഴ് തുടങ്ങി കേരളത്തിന്റെ മറ്റ് പല പ്രദേശങ്ങളിലും പ്രവർത്തിച്ചുവരുന്ന കയർ സംഘങ്ങൾ അതീവ ഗുരുതരമായ പ്രതിസന്ധി ഇന്ന് നേരിടുകയാണ്. വിപണിയിലുണ്ടാകുന്ന മാന്ദ്യവും ഓർഡറുകളുടെ കുറവും പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ വേണ്ടത്ര സഹായം നൽകാത്തതുമാണ് ഇതിന് കാരണം. ഈ മേഖലയിൽ ഏറ്റവും കൂടുതൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുൾപ്പെടെ പതിനായിരക്കണക്കിനാളുകൾ ഇന്ന് പ്രതിസന്ധി നേരിടുകയാണ്. നിരവധി പ്രശ്നങ്ങൾ ഈ മേഖല നേരിടുകയാണ്. സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയറും കയറുല്പന്നങ്ങളും കയർഫെഡും കയർ

കോർപ്പറേഷനും സംഭരിക്കാൻ തയ്യാറാകാത്തതാണ് പ്രധാന പ്രശ്നം. ഇതിന്റെ ഫലമായി തൊഴിലാളികൾ ഉല്പാദിപ്പിച്ച് ശേഖരിച്ചുവച്ചിട്ടുള്ള കയറും കയറുല്പന്നങ്ങളും ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണ്. കയർ കോർപ്പറേഷനിലും കയർ സഹകരണ സംഘങ്ങളിലും ഏതാണ്ട് 70 കോടി രൂപയിലധികം കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലപോലും ലഭിക്കുന്നില്ലെന്നതാണ് സത്യം. 2014-ൽ സർക്കാർ നിശ്ചയിച്ചുതന്ന വിലയിൽനിന്നും കുറഞ്ഞ വിലയ്ക്കാണ് സംഘങ്ങളിൽനിന്നും കയർഫെഡ് ഇപ്പോൾ കയർ വാങ്ങുന്നത്. 4.8.2022 മുതൽ വൈക്കം കയറിന് 15 ശതമാനവും ഓട്ടോമേറ്റിക് മെഷീനിൽ ഉല്പാദിപ്പിക്കുന്ന കയറിന് 25 ശതമാനവും വില കുറച്ചാണ് കയർഫെഡ് സംഘങ്ങളിൽനിന്നും സംഭരിക്കുന്നത്. ഇത് സംഘങ്ങളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുകയാണ്. ഒരു കാരണവശാലും മുന്നോട്ടുപോകാൻ കഴിയാത്ത പ്രതിസന്ധി സംഘങ്ങൾ നേരിടുകയാണ്. ഉപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ് കയർ വില കുറയ്ക്കാൻ കയർഫെഡ് തീരുമാനിച്ചതെന്നാണ് അറിയാൻ സാധിച്ചത്. എന്നാൽ ഉപദേശക സമിതിയുടെ ശിപാർശ നാളിതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ലെന്നാണ് അറിഞ്ഞത്. സർക്കാർ അംഗീകരിക്കാത്ത കാര്യം എങ്ങനെയാണ്

കയർഫെഡ് നടപ്പാക്കുന്നതെന്ന് മനസ്സിലാകുന്നില്ല. മാത്രമല്ല, ഉപദേശക സമിതിയിൽ കയർ ഉല്പാദക രംഗത്തെ പരിചയസമ്പന്നരായ കയർസംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്താത്തതും വലിയതരത്തിലുള്ള പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. വാങ്ങുന്ന വിലയെക്കാൾ വിൽപ്പന വിലയിൽ കുറവുവന്നാൽ, കുറവുവരുന്ന തുക price fluctuation ഫണ്ടിൽനിന്നും നൽകി വിൽപ്പന വിലയിലുണ്ടാകുന്ന നഷ്ടം നികത്തുന്ന രീതിയാണ് മുമ്പ് അനുവർത്തിച്ചുവന്നിരുന്നത്. ഇപ്പോൾ അതില്ലാത്തതാണ് പ്രതിസന്ധിക്ക് കാരണമെന്നതും സംഘങ്ങൾക്ക് പരാതിയുണ്ട്. പുറംമാർക്കറ്റിൽനിന്ന് ചകിരി വാങ്ങി കയർ ഉല്പാദിപ്പിച്ചാണ് കയർ സംഘങ്ങൾ പ്രവർത്തിക്കുന്നത്. പ്രസ്തുത കയർ, കയർഫെഡ് വാങ്ങാത്തതിനാൽ കയർ സംഘങ്ങളുടെ ഗോഡൗണുകളിൽ ഈ കയറുകൾ കെട്ടിക്കിടക്കുകയാണ്. കയർത്തൊഴിലാളികൾക്ക് കൂലിയോ ചകിരി വിലയോ നൽകാൻ കഴിയാത്ത പ്രതിസന്ധി സഹകരണ സംഘങ്ങൾ നേരിടുകയാണ്. പുറംമാർക്കറ്റിനെക്കാൾ ഒരു കിലോ ചകിരിക്ക് 5.50 രൂപ വരെ വില വർദ്ധനവിലാണ് സ്വകാര്യ ചകിരി മില്ലുകാരിൽനിന്ന് കയർഫെഡ് മുഖേന കയർ സംഘങ്ങൾക്ക് നൽകുന്നത്. ഇങ്ങനെ ലഭ്യമാകുന്ന ചകിരിക്ക് ഗുണനിലവാരമില്ലെന്നുള്ള പരാതിയും

ഉയർന്നുവരുന്നുണ്ട്. കയർഫെഡിന്റെ നിയന്ത്രണത്തിലുള്ള നാല് ഡീഫൈബറിംഗ് യൂണിറ്റുകൾ രണ്ട് വർഷമായി പ്രവർത്തിക്കുന്നില്ല. 2019-ൽ നിശ്ചയിച്ച കൂലി വർദ്ധനവിന്റെ ഭാഗമായി ഒരു ക്വിന്റൽ കയർ ഉല്പാദിപ്പിക്കുമ്പോൾ 750 രൂപ സംഘങ്ങൾക്ക് നഷ്ടം നേരിടേണ്ടി വരുന്നതിനാൽ സംഘങ്ങളുടെ മൂലധനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. കയറിന്റെ സംഭരണ വിലയിൽ ഒരു ക്വിന്റൽ കയറിന് 720 മുതൽ 1600 രൂപ വരെ കയർഫെഡ് കുറവ് വരുത്തിയെന്നതാണ് സംഘങ്ങളുടെ പരാതി. കാലാകാലങ്ങളിൽ ഇവർക്ക് നൽകിവരുന്ന പല ആനുകൂല്യങ്ങളും ഇപ്പോൾ നൽകുന്നില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രവർത്തന മൂലധനമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിവന്നിരുന്ന പ്രവർത്തന മൂലധനം ഇപ്പോൾ നൽകുന്നില്ല. കയർ മേഖലയെ ആധുനികവത്കരിക്കാനുള്ള ചില ശ്രമങ്ങൾ പരാജയപ്പെടുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനക്ഷാമത്തിനുമുള്ള കാരണമിതാണ്. സെക്രട്ടറിമാരുടെ ശമ്പളത്തിന്റെ ഭാഗമായി നൽകിവരുന്ന മാനേജീരിയൽ ഗ്രാന്റ് രണ്ട് വർഷമായി നൽകുന്നില്ല. കയറുല്പന്നങ്ങളുടെ കയറ്റുമതി മുൻവർഷത്തെക്കാൾ 17.6% വളർന്നെങ്കിലും ഇതിന്റെ പ്രയോജനം പാവപ്പെട്ട കയർത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. യു.ഡി.എഫ്.

ഗവൺമെന്റ് നടപ്പാക്കിയ ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായം സംഘങ്ങൾക്ക് ലഭിക്കുന്നില്ല. യു.ഡി.എഫ്. ഭരണകാലഘട്ടങ്ങളിൽ സംഘം തൊഴിലാളികളുടെ കൂലിയിനത്തിൽ വർദ്ധിപ്പിച്ച തുക ഇൻകം സപ്പോർട്ട് സ്കീമിലുൾപ്പെടുത്തി സംഘങ്ങളുടെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കിയിരുന്നു. കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായ പ്രവർത്തന മൂലധനം നൽകിയിരുന്നു. സ്വകാര്യമേഖലയിൽ കയറുത്പാദനം ഏതാണ്ട് പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കേരളത്തിലെ കയർത്തൊഴിലാളികൾ ഇന്ന് കയർ സംഘങ്ങളെ മാത്രം ആശ്രയിച്ചാണ് കഴിയുന്നത്. ഈ സാഹചര്യത്തിൽ ഞാൻ ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽവയ്ക്കാൻ ആഗ്രഹിക്കുകയാണ്.

1. കയറുത്പന്നങ്ങളുടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താനുള്ള ഒരു പ്രോഗ്രാം ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കണം.
2. ആവശ്യക്കാരിലേയ്ക്ക് ഉത്പന്നങ്ങൾ എത്തിക്കുന്നതിനുള്ള പ്രത്യേക വിപണന സംവിധാനമേർപ്പെടുത്തണം.
3. നല്ല ചകിരിയും കയറും ഉത്പാദിപ്പിക്കാനുള്ള യന്ത്ര സാമഗ്രികൾ കയർ സംഘങ്ങൾക്ക് നൽകണം.

4. കയർ സംഘങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും ആവശ്യമായ പ്രവർത്തന മൂലധനം നൽകണം.
5. കയറിന്റെ സംഭരണവില പുനഃസ്ഥാപിക്കണം.
6. മാർക്കറ്റ് വിലയ്ക്ക് കയർഫെഡ് മുഖേനയോ നേരിട്ടോ ചകിരി വാങ്ങി ഉത്പാദനം നടത്തുന്നതിന് സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യം നൽകാൻ ഗവൺമെന്റ് തയ്യാറാകണം.
7. കയർ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന മുഴുവൻ കയറും അടിയന്തരമായി കയർഫെഡ് സംഭരിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകണം.
8. വിറ്റുവരവിനത്തിൽ കയർ സംഘങ്ങൾക്ക് കയർഫെഡിൽനിന്ന് ലഭിക്കാനുള്ള തുക നൽകുന്നില്ല. അത് നൽകാനുള്ള നടപടിയുണ്ടാകണം.
9. തൊഴിലാളികളെയും ചെറുകിട ഉത്പാദകരെയും സഹകരണ സംഘങ്ങളെയും കയറ്റുമതിക്കാരെയും കോർത്തിണക്കിക്കൊണ്ടുള്ള പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട തൊഴിലാളികളാണ് കയർത്തൊഴിലാളികൾ. എന്റെ നിയോജകമണ്ഡലത്തിലെ മാത്രമല്ല കേരളത്തിന്റെ പല ഭാഗത്തുമുള്ള ഈ പ്രശ്നത്തിൽ അടിയന്തരമായ ഇടപെടൽ ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഗൗരവമേറിയ ചില പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം ക്രിയാത്മകമായ ചില നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതിൽ ചിലതിനോട് എനിക്ക് യോജിപ്പില്ല, എന്നാൽ ചില കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. കയർ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്താൻ ഒരു കമ്മിറ്റിയെ ഇപ്പോൾ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. നേരത്തേയുള്ള കമ്മിറ്റികളെല്ലാംതന്നെ ആ മേഖലയിൽനിന്നുള്ളവർ മാത്രമുള്ള കമ്മിറ്റികളായിരുന്നു. ഇപ്പോൾ ഡോ. ശങ്കർകൃഷ്ണപിള്ള, പ്രൊഫസർ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഐ.ഐ.ടി. മദ്രാസ്; കയർ മേഖലയെക്കുറിച്ച് ഏറെ പഠനം നടത്തിയിട്ടുള്ള ഡോ. കെ. ബാലൻ, പ്രൊഫസർ, സിവിൽ എഞ്ചിനീയറിംഗ്; ഡോ. ദിവ്യ പി. വി.,

അസോസിയേറ്റ് പ്രൊഫസർ, സിവിൽ എഞ്ചിനീയറിംഗ്, ഐ.ഐ.ടി., പാലക്കാട്; ഡോ. എൻ. രാകേഷ് കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കുസാറ്റ്; കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ചെയർമാൻ ഉൾപ്പെടെ അഞ്ച് അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ചശേഷം അവർ റിപ്പോർട്ട് നൽകുമ്പോൾ ആ ശിപാർശകൾ എല്ലാവരുമായി ചർച്ച ചെയ്ത് നടപ്പാക്കാമെന്നാണ് ഗവൺമെന്റ് കാണുന്നത്. ഈ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയതും ഇപ്പോൾ നിലനിൽക്കുന്നതുമായ പ്രശ്നം സ്വകാര്യ മേഖലയിൽനിന്നും ചകിരി സംഭരിക്കുന്നവരുടെ കയർ, കയർഫെഡ് സംഭരിക്കുന്നില്ലെന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് വ്യത്യസ്ത സമീപനമാണുള്ളത്. കയർഫെഡ് ചകിരി സംഭരിക്കുന്നത് നമ്മുടെ നാട്ടിൽ കയർഫെഡ് തന്നെ തീരുമാനിച്ചിട്ടുള്ള ഡീഫൈബറിംഗ് യൂണിറ്റുകളിൽനിന്നാണ്. നമ്മൾ 22 രൂപയ്ക്ക് സംഭരിച്ചിട്ട് 16.50 രൂപയ്ക്കാണ് സംഘങ്ങൾക്ക് കൊടുക്കുന്നത്. തമിഴ്നാട്ടിൽനിന്ന് ഇതിനേക്കാൾ കുറഞ്ഞ വിലയിൽ ചകിരി ലഭിക്കുന്നുണ്ട്. ഈ സംഘങ്ങൾ തമിഴ്നാട്ടിലെ ചകിരിയാണ് വാങ്ങുന്നത്. ആ ചകിരി നമ്മൾ നൽകുന്ന സബ്സിഡിയിൽ കയറാക്കി മാറ്റി അത് കയർഫെഡ്

സംഭരിക്കണം എന്നതാണ് ആവശ്യം. അതിൽ യുക്തിയില്ല. നമ്മുടെ നാട്ടിലെ തെങ്ങ് കർഷകർക്കും അതുമായി ബന്ധപ്പെട്ട കയറിന്റെ ഉൽപ്പാദനത്തിനുമാണ് ഈ നാട്ടിലെ ജനങ്ങളുടെ പണം കൊടുക്കുന്നത്. തമിഴ്നാട്ടിൽനിന്ന് കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന ചകിരി ഇവർ വാങ്ങിക്കുകയും കയർഫെഡ് സംഭരിക്കുന്ന ചകിരി കെട്ടിക്കിടന്ന് പൊടിഞ്ഞുപോകുകയുമാണ് ചെയ്യുന്നത്. തമിഴ്നാട്ടിൽനിന്നും വാങ്ങിയ ചകിരി കയറാക്കി മാറ്റുന്നു. ആ കയർ നമ്മൾ സബ്സിഡിയോടുകൂടി സംഭരിക്കണമെന്നാണ് ആവശ്യം. അത് നിർത്തലാക്കേണ്ട ഒരു സമീപനമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. അവർ ഇവിടെ നിന്ന് ചകിരി എടുക്കുക, ആ ചകിരി കയറാക്കി മാറ്റിയാൽ നമുക്ക് ഉയർന്ന വിലയ്ക്ക് സംഭരിക്കാൻ കഴിയും.

രണ്ടാമതായി അദ്ദേഹം ഉന്നയിച്ച പ്രശ്നം, സംഭരിക്കുന്ന കയർ കെട്ടികിടക്കുന്നതാണ്. കണക്കുകൾ പ്രകാരം 2010 മുതൽ വാങ്ങിയ കയർ കെട്ടിക്കിടക്കുകയാണ്. വലിയ സമ്മർദ്ദം വരുമ്പോൾ അതാത് കാലഘട്ടത്തിലെ സർക്കാരുകൾ കയർ സംഭരിക്കും. കയർഫെഡിന്റെയും കയർ കോർപ്പറേഷന്റെയും ചെലവുകൾ സംബന്ധിച്ച് പരിശോധിക്കുകയാണെങ്കിൽ ഗോഡൗണിന്റെ വാടകയാണ് മുന്നിൽ

നിൽക്കുന്നത്. ഈ പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഓണക്കാലത്ത് കയറ്റുമതിക്കാരെയും മില്ലുകളുമായി ബന്ധപ്പെട്ട സംഘടനകളെയും വിളിക്കുകയും അവരോട് നിർബന്ധമായും കയർ വാങ്ങണമെന്ന് നിർദ്ദേശിക്കുകയും ചെയ്തപ്പോൾ അവർ കുറച്ച് കാര്യങ്ങൾ വിശദീകരിക്കുകയും ഗവൺമെന്റ് നിർദ്ദേശപ്രകാരം എടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. കയറുൽപ്പാദകരോട് അന്വേഷിച്ചപ്പോൾ ഉൽപ്പാദനം ഒന്നുമില്ലെന്നാണ് അറിയാൻ സാധിച്ചത്. മാർക്കറ്റിന്റെ സാധ്യതകൾക്കനുസരിച്ച് ഉൽപ്പാദനം ഉണ്ടാകണം. നമ്മൾ ഉൽപ്പാദിപ്പിക്കുന്നത് നമ്മൾ നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങണമെന്നുള്ളത് ശരിയായ രീതിയല്ല. അതിനകത്ത് മൗലികമായ മാറ്റങ്ങൾ വേണം. അക്കാര്യം കമ്മീഷന്റെ ശിപാർശയിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Managerial subsidy സംബന്ധിച്ച് പറഞ്ഞ വാദം ശരിയാണ്. അത് മുൻകാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്നതാണ്. മുൻ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റുമുതൽ ആ ഹെഡ്ഡില്ല. ഞങ്ങൾ വീണ്ടും ആസൂത്രണ ബോർഡിനോട് അതുവേണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അങ്ങയുടെ നിർദ്ദേശം എല്ലാപേരും ആവശ്യപ്പെടുന്നതാണ്. വിലസ്ഥിരത പദ്ധതി പ്രകാരം തുക കൊടുക്കുന്നില്ലെന്നുള്ളത് ശരിയായ പ്രസ്താവനയല്ല.

ക്രയവിലസ്ഥിരത പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 38,00,00,000 രൂപ വകയിരുത്തിയതിൽ 13,19,82,524/- രൂപ കയർഫെഡിന് നൽകിയിട്ടുണ്ട്. 11,72,00,000/- രൂപ കയർ കോർപ്പറേഷനും ഉൽപ്പന്ന സംഭരണത്തിനുമായി അനുവദിച്ചിട്ടുണ്ട്. ഓണക്കാലത്ത് സർക്കാർ നിർദ്ദേശപ്രകാരം അഞ്ചുകോടി രൂപയുടെ ഉൽപ്പന്നം കയർ കോപ്പറേഷൻ അധികമായി സംഭരിച്ചിട്ടുണ്ട്. ക്രയവിലസ്ഥിരത പദ്ധതി പ്രകാരം 2021-2022 വർഷം 187.07 കോടി രൂപ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഇതുവരെ 65 കോടി രൂപ ഉൾപ്പെടെ 252.07 കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ചെറുകിട സംഘങ്ങൾവഴി സംഭരിച്ചിട്ടുണ്ട്. കോഴിക്കോട്, കൊല്ലം റീജിയണൽ ഓഫീസുകളിൽ സംഘങ്ങൾക്ക് പൂർണ്ണമായും പണം നൽകിക്കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ റീജിയണൽ ഓഫീസിനുകീഴിലുള്ള സംഘങ്ങൾക്ക് തുക വിതരണം ചെയ്തുവരുന്നുണ്ട്. കയർ സംഘങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 2021-22 വർഷം പതിനാല് കോടി രൂപയുടെ വിവിധതരം മെഷീനുകളും 2022-23 വർഷം ഇതുവരെ പത്തുകോടിരൂപയുടെ മെഷീനുകളും വിതരണം ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞ ഇൻകം സപ്പോർട്ട് സ്കീം

പ്രകാരം 2016-17 മുതൽ 2022-23 ഇതുവരെ 11,98,00,000 രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം 53.59 ലക്ഷം ചതുരശ്ര കിലോമീറ്റർ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനം ധനപുന:വിനിയോഗം മുഖേന ലഭ്യമാകുന്ന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. കയർഫെഡിന്റെ നാല് ഡീഫൈബറിംഗ് യൂണിറ്റുകളിൽ തുമ്പൂർ, വടവന്നൂർ എന്നീ ഡീഫൈബറിംഗ് യൂണിറ്റുകൾ നല്ലരീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ തുമ്പൂർ യൂണിറ്റിൽ 34,211 കിലോ തൊണ്ടിൽ നിന്നും 3,230 കിലോ ഫൈബറും 16,720 കിലോ ചകിരിച്ചോറും ലഭിച്ചു. ഇപ്പോഴത്തെ പ്രശ്നം, ചകിരി ബൈപ്രോഡക്ടായി മാറിക്കൊണ്ടിരിക്കുകയാണ്. ചകിരിച്ചോറാണ് മെയിൻ പ്രോഡക്ടായി വരുന്നത്. വടവന്നൂർ യൂണിറ്റിൽ 2,40,000 തൊണ്ടിൽ നിന്നും 16,000 കിലോ ഫൈബറും 95 ടൺ ചകിരിച്ചോറും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ബാക്കി രണ്ടെണ്ണം അങ്ങ് പറഞ്ഞത് ശരിയാണ്. കാവ്, മാമ്പറ്റ് എന്നീ യൂണിറ്റുകളിൽ കാലപ്പഴക്കംമൂലം മെഷീനറികൾ പ്രവർത്തനരഹിതമാണ്. അവ മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടെ നവീകരിക്കുന്നതിനുള്ള നടപടികൾ

ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ രണ്ടുമൂന്നു തവണ ട്രേഡ് യൂണിയനുകളുടെയും കയറ്റുമതിക്കാരുടെയും യോഗം വിളിച്ചുചേർത്തിട്ടുണ്ട്. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവായി നാലുകോടി രൂപയുടെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധികമായി മൂന്നു കോടി രൂപ നൽകിയിട്ടുണ്ട്. ഏഴു കോടി രൂപവരെ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് 8.33 കോടി രൂപയും കയർ മേഖലയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കയർ കോർപ്പറേഷന്റെ 2021-2022 വർഷത്തെ വിറ്റുവരവ് 276.4 കോടി രൂപയാണ്. അത് റെക്കോർഡ് വിറ്റുവരവാണ്. ഞങ്ങളിപ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. അവിടെ കയർ ഭൂവസ്ത്രത്തിനുള്ള സാധ്യതകൾ തേടുന്നുണ്ട്. അങ്ങ് പറഞ്ഞിട്ടുള്ള ഒമ്പത് നിർദ്ദേശങ്ങളിൽ ചെയ്യാവുന്ന കാര്യങ്ങളിലെല്ലാം കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ കയർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുള്ളത്. ചേർത്തലയിലുള്ള ചെറിയ കയർ ഫാക്ടറികൾപോലും പ്രതിസന്ധിയിലാണ്. ഇവിടെ എല്ലാ കാര്യങ്ങളും പറയാൻ കഴിയാത്തതിനാൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാർ, മറ്റുദ്യോഗസ്ഥർ എന്നിവരെ

ഉൾപ്പെടുത്തി യോഗം വിളിക്കാൻ തയാറാകുമോയെന്നും പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നുമാണ് എന്റെ ചോദ്യം?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. വിപണന കാര്യത്തിൽ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഇ-കൊമേഴ്സ് സംവിധാനമെല്ലാം ഉപയോഗിക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി.-യുമായി ചർച്ച ചെയ്ത് കയർ ഭ്രവസ്ത്രം ഉപയോഗിക്കാൻ തീരുമാനമായിട്ടുണ്ട്. പുറത്തുനിന്നും കയർ ഭ്രവസ്ത്രം വാങ്ങുന്നത് ഒഴിവാക്കാൻ വകുപ്പുമന്ത്രിതന്നെ ബന്ധപ്പെട്ട് റിസർച്ച് സെന്റർ സർട്ടിഫൈ ചെയ്യുന്ന ഭ്രവസ്ത്രം ഉപയോഗിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഓണത്തിന് എല്ലാ പരമ്പരാഗത മേഖലകളെയും (കയർ, കൈത്തറി, കശുവണ്ടി) ഉൾപ്പെടുത്തി കോമ്പോ പാക്ക് വിപണിയിൽ കൊണ്ടുവന്നു. ഇത്ര പണം ചെലവഴിച്ചിട്ടും ഒരു മേഖലയിലും പൂർണ്ണ തൃപ്തി വരുന്നില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അസംതൃപ്തിയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങ് പറഞ്ഞ നിർദ്ദേശമനുസരിച്ച് യോഗം ചേരാവുന്നതാണ്.

10.27 എ.എം.]

## IV. സബ്മിഷൻ

### (1) സിവിൽ പോലീസ് ഓഫീസർമാരുടെ അപര്യാപ്തത

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പോലീസ് സേനയുടെ അപര്യാപ്തതയെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. ഒരു കുറ്റകൃത്യം നടന്നാൽ അന്വേഷിക്കാൻ പല സ്റ്റേഷനുകളിലും പോലീസിന് സാധിക്കുന്നില്ല. കൊല്ലം ജില്ലയിലെ പല സ്റ്റേഷനുകളിലും അന്വേഷിക്കുമ്പോൾ മതിയായ അംഗബലം ഇല്ലെന്നാണ് അറിയാൻ സാധിക്കുന്നത്. ഒരു ദിവസം സമരമോ ഉത്സവമോ ഉണ്ടെങ്കിൽ അവിടെ പോലീസിനെ നിയമിക്കും. എല്ലാ കാര്യങ്ങൾക്കുമായി ഇപ്പോഴുള്ള പോലീസ് സേന അപര്യാപ്തമാണ്. പോലീസ് ക്യാമ്പിലേയ്ക്ക് വിളിച്ചാൽപോലും വേണ്ടത്ര പോലീസിനെ ലഭിക്കുന്നില്ല. വിഴിഞ്ഞത്ത് സമരത്തിന്റെ ഭാഗമായി അക്രമം അഴിച്ചുവിട്ടപ്പോൾ ശബരിമലയിലേയ്ക്ക് പോസ്റ്റ് ചെയ്ത നൂറ് സിവിൽ പോലീസ് ഓഫീസർമാരെ തിരിച്ചുവിളിക്കുകയാണുണ്ടായത്. ഒരുപാട് സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ പുതിയ നിയമനം നടത്തണമെന്നല്ല പറയുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന് കേരളത്തിൽ രണ്ടാം തവണയും മുഖ്യമന്ത്രിയായിരിക്കുന്ന അങ്ങേയ്ക്ക് മാത്രം ചെയ്യാൻ

കഴിയുന്ന ഒരു കാര്യമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. പോലീസ് വകുപ്പിൽ ധാരാളം ഉദ്യോഗസ്ഥർ വെറുതെയിരിക്കുകയാണ്. ഓരോ ഐ.പി.എസ്. ഉദ്യോഗസ്ഥന്റെയും കൂടെ നാല് സിവിൽ പോലീസ് ഓഫീസർമാരാണുള്ളത്. എന്റെ വീടിന്റെ അടുത്ത് കണ്ടൊരു കാഴ്ച, എന്റെ മനസ്സിനെ വേദനിപ്പിച്ചതുകൊണ്ടാണ് അവതരിപ്പിക്കുന്നത്. ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ വീട്ടിലെ പലവ്യഞ്ജനം വാങ്ങാൻ പോകുന്നത് സിവിൽ പോലീസ് ഓഫീസറാണ്. പട്ടിയെ കുളിപ്പിച്ചില്ലെന്ന ആരോപണമുന്നയിച്ച് ഒരു സിവിൽ പോലീസ് ഓഫീസറെ സസ്പെൻഡ് ചെയ്തു. ഐ.പി.എസ്. ഓഫീസറുടെ മകൾ ഒരു സിവിൽ പോലീസ് ഓഫീസറെ തല്ലുന്ന അവസ്ഥ എന്നിവയൊക്കെ ഈ നാട്ടിൽ കണ്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അതുകൂടാതെ ഞാൻ കണ്ട കാഴ്ച. ആ വീട്ടിലെ എല്ലാവരുടെയും അലക്കിയ തുണി ബക്കറ്റിലെടുത്ത് ടെറസിൽ വിരിക്കുന്നത് ഒരു സീനിയർ സിവിൽ പോലീസ് ഓഫീസറാണ്. വിവിധ വിഷയങ്ങളിൽ ബിരുദവും ബിരുദാന്തര ബിരുദവുമുള്ളവരാണ് സിവിൽ പോലീസ് ഓഫീസർമാരായി ജോലി ചെയ്യുന്നത്. ഇവരെക്കൊണ്ട് വീട്ടുപണി ചെയ്യിപ്പിക്കുന്നത് അവസാനിപ്പിക്കണം. അതിൽ ഉദ്യോഗസ്ഥർ മാത്രമല്ല വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളുമുണ്ട്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന

ജനപ്രതിനിധികളെ ആരും ആക്രമിച്ച് പരിക്കേൽപ്പിക്കുമെന്ന് പേടിക്കേണ്ട യാതൊരവസ്ഥയുമില്ല. പണ്ട് ഞാൻ മന്ത്രിയായിരുന്നപ്പോൾ എന്റെ ഗൺമാനോട് തോക്ക് എവിടെയെന്ന് ചോദിച്ചപ്പോൾ തോക്ക് വീട്ടിൽ വച്ചിട്ട് വന്നുവെന്നും സിനിമാനടനായതുകൊണ്ട് സ്നേഹത്തോടെ ആളുകൾ തൊട്ടുനോക്കുകയേയുള്ളൂവെന്നുമാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയുമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും ശ്രീ. കെ. ബാബുവിനെയും ഉൾപ്പെടെ ഈ സഭയിലിരിക്കുന്ന ഒരു നേതാവിനെയും ആരും ഉപദ്രവിക്കില്ല. ജനങ്ങൾക്ക് ഒരു വിരോധവുമില്ല. ഇഷ്ടമേയുള്ളൂ. ഗവർണർ, മുഖ്യമന്ത്രി, മന്ത്രിമാർ, ഹൈക്കോടതി ജഡ്ജിമാർ എന്നിവർക്ക് പോലീസ് സംരക്ഷണം കൊടുക്കുന്നതൊഴിച്ചാൽ ജീവന് ഭീക്ഷണിയില്ലാത്ത എല്ലാ പൊതുപ്രവർത്തകരുടെയും കൂടെ നിൽക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥരുൾപ്പെടെയുള്ള മുഴുവൻ പോലീസുദ്യോഗസ്ഥരെയും ഈ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി കഴിയുമ്പോഴെങ്കിലും തിരിച്ചയയ്ക്കണം. കേരളത്തിൽ അതിന്റെ യാതൊരാവശ്യവുമില്ലെന്നാണ് എന്റെ അഭിപ്രായം. പോലീസുകാർക്ക് ജോലി ചെയ്യാതിരിക്കാനും യൂണിഫോമിടാതിരിക്കാനും വേണ്ടി നടത്തുന്ന ഒരു കള്ളക്കളിയാണിതെന്ന് നമ്മൾ മനസ്സിലാക്കണം. കേരളനിയമസഭയിൽ കഴിഞ്ഞ 6 വർഷമായി

അംഗമല്ലാത്ത ആളുപോലും ഇന്നും നാല് പോലീസുദ്യോഗസ്ഥരെയും കൊണ്ടുനടക്കുന്നുണ്ട്. അത് ആരാണെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചാൽ ഞാൻ അടുത്തുവന്ന് പറയാം; അല്ലാതെ ഞാൻ പറയില്ല. പോലീസുദ്യോഗസ്ഥർക്ക് വീട്ടുജോലി ചെയ്യാൻ ആളുകൾ വേണമെങ്കിൽ അങ്ങനെ ആയിക്കോട്ടെ. എം.എ.-ക്കാരനും എം.എസ് സി.-ക്കാരനും സിവിൽ പോലീസ് ഓഫീസർമാരാണ്. സർക്കാരാണ് സിവിൽ പോലീസ് ഓഫീസറെയും സീനിയർ സിവിൽ പോലീസ് ഓഫീസറെയും നിയമിക്കുന്നത്. ആ സിവിൽ പോലീസ് ഓഫീസർ തുണി നനയ്ക്കുകയും പട്ടിയെ കുളിപ്പിക്കുകയും പലവ്യഞ്ജനക്കടയിൽ പോകുകയും ചെയ്യുന്നത് ശരിയല്ല. അതിനുവേണമെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. എല്ലാ ഐ.പി.എസ്. ഉദ്യോഗസ്ഥർക്കും സഹായത്തിനായി ഒരു ക്ലാസ് ഫോർ ജീവനക്കാരനെ നൽകണം. യാതൊരു പ്രശ്നവുമില്ല. ഗൺമാന്മാർ എന്നുള്ള പേരിൽ വരികയും തുണി നനച്ചുവിരിക്കുന്ന ജോലി ചെയ്യുകയും ചെയ്യുന്നത് ശരിയല്ല. പട്ടാളത്തിൽ 'ഓർഡർലി' എന്നൊരു സംവിധാനമുണ്ട്. അക്കാര്യത്തിൽ കേരളം ഇന്ത്യയ്ക്കൊരു മാതൃകയാകണം. ഗുജറാത്ത്, ആന്ധ്രാപ്രദേശ് പോലുള്ള പല സംസ്ഥാനങ്ങളിലും മന്ത്രിമാരും മുൻമന്ത്രിമാരും തോക്കുംപിടിച്ച് സൈന്യവുമായി നടക്കുകയാണ്.

അവിടെയെല്ലാം നക്സൽ ആക്രമണങ്ങളുള്ള സ്ഥലങ്ങളാണ്. എന്നാൽ ഇവിടെ അത്തരം പ്രശ്നങ്ങളൊന്നുമില്ല. ഇതൊക്ക അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിപ്ലവകരമായ ഒരു തീരുമാനമെടുക്കണം. എന്റെ സഹപ്രവർത്തകരായ മുഴുവൻ എം.എൽ.എ./എം.പി.-മാരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. എനിക്കുണ്ടായിരുന്ന ഒരു ഗൺമാനെ മന്ത്രിസ്ഥാനം ഒഴിഞ്ഞപ്പോൾത്തന്നെ ഞാൻ തിരിച്ചയച്ചു. എനിക്ക് രണ്ടുപോലീസുകാരെ വേണമെന്ന് എഴുതിക്കൊടുത്താൽ ഐ.ജി.-യോ ഡി.ഐ.ജി.-യോ ഇടപെട്ട് അനുവദിച്ചുതരും. നമ്മൾ എന്തിനാണ് പോലീസുദ്യോഗസ്ഥരേയും കൊണ്ടുനടക്കുന്നത്; യൂണിഫോമിട്ട് അവർ അവരുടെ ഓഫീസിൽ ജോലി ചെയ്യട്ടെ. അതുകൊണ്ട് ഇക്കാര്യത്തിൽ വിപ്ലവകരമായ ഒരു തീരുമാനമുണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതിലൂടെ കുറച്ച് പോലീസ് ഉദ്യോഗസ്ഥരെയെങ്കിലും സ്റ്റേഷനിലേയ്ക്ക് തിരികെ നിയമിക്കാൻ കഴിയും. അവർ സ്റ്റേഷനിലേയ്ക്ക് വരുന്നതോടുകൂടി പോലീസ് സേനയുടെ അംഗബലം വർദ്ധിക്കും. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഇക്കാലത്ത് പുതിയ റിക്രൂട്ട്മെന്റ് ഒഴിവാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അദ്ദേഹം ഉന്നയിച്ച പ്രശ്നത്തിന് ഞാൻ തയ്യാറാക്കിയ മറുപടിയല്ല പറയേണ്ടതെന്നാണ് തോന്നുന്നത്. സംസ്ഥാനത്ത് പോലീസുകാരെ തെറ്റായ രീതിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. നേരത്തേ അങ്ങനെ ചില സംഭവങ്ങളുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. പക്ഷേ നമ്മുടെ നാട് വലിയ തോതിൽ മാറുകയും എല്ലാവർക്കും അവരവരുടെ ചുമതലയെക്കുറിച്ചുള്ള ബോധം ശരിയായ രീതിയിൽ വരികയും ചെയ്തിട്ടുണ്ട്. തെറ്റായ രീതിയിൽ കാര്യങ്ങൾ ഉപയോഗിക്കുന്നതിനെ ചോദ്യം ചെയ്യുന്ന നില പൊതുവിൽ ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. അത്തരം കാര്യങ്ങൾ പൊതുവിൽ സമൂഹം അംഗീകരിക്കുന്നില്ലെന്ന് വന്നപ്പോൾ മാറ്റം വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി നേരത്തേയുള്ളതുപോലുള്ള ആക്ഷേപങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് പഴയ ചില കാര്യങ്ങളെക്കുറിച്ചാണ്. അതിൽത്തന്നെ കുറച്ചുകാലംമുമ്പ് നടന്ന കാര്യത്തെക്കുറിച്ച് അദ്ദേഹം പ്രത്യേകം എടുത്തുപറയുകയുണ്ടായി. അത് കേരളീയ സമൂഹത്തിൽ വലിയ പ്രതിഷേധം ഉയർത്തിയിരുന്നതാണ്. അതിന്മേൽ നിയമനടപടികളും സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മുടേത് അത്തരമൊരു സമൂഹമായി മാറിയതുകൊണ്ട് എവിടെയെങ്കിലും അദ്ദേഹം

ഉന്നയിച്ച തരത്തിലുള്ള ഒരവസ്ഥ നിലനിൽക്കുന്നുണ്ടെന്ന് പറയാൻ കഴിയില്ല. ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് സഹായത്തിനായി ക്ലാസ് ഫോർ ജീവനക്കാരെ നിയമിക്കണമെന്ന ആവശ്യം പ്രായോഗികമല്ല. വീട്ടുജോലിക്കും ഇവിടെ പരാമർശിച്ച തരത്തിലുള്ള മറ്റുജോലികൾ ചെയ്യുന്നതിനുവേണ്ടിയും ആളെ നിയമിക്കാൻ സാധ്യമല്ല. ഏത് വീടായാലും അത്തരം ജോലികൾ ആ വീടിന്റെ ഭാഗമായുള്ളവർ ചെയ്യേണ്ടതാണ്. കാരണം, അവർക്ക് അർഹതപ്പെട്ടവരെ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ ഇതൊന്നും സർവ്വീസിന്റെ ഭാഗമായി ചെയ്യേണ്ട കാര്യമല്ല. അതുകൊണ്ടുതന്നെ അക്കാര്യം പ്രായോഗികവുമല്ല.

ഗൺമാന്മാർ അത്തരത്തിൽ തുടരേണ്ടതുണ്ടോ; ജനപ്രതിനിധികളെ കൊലപ്പെടുത്താനുള്ള ശ്രമമുണ്ടാകുമോയെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. ഏതായാലും അദ്ദേഹം മന്ത്രിസ്ഥാനത്തുനിന്നും മാറിയ ഉടനെ ഗൺമാനെ ഒഴിവാക്കിയെന്നുള്ളത് സ്വാഗതാർഹമാണ്. നമ്മുടെ സമൂഹത്തിൽ സുരക്ഷാ ഭീഷണിയുള്ളവർക്കാണ് സാധാരണഗതിയിൽ ഗൺമാന്മാരെ നൽകുന്നത്. അല്ലാത്ത അപൂർവ്വം ചിലയാളുകൾക്ക് ചിലപ്പോൾ ഗൺമാനെ കൊടുക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടാകാം. അത് പ്രത്യേക പരിഗണനയുടെ ഭാഗമായി മാത്രമാണ്. അത്തരത്തിൽ വളരെ അപൂർവ്വം

ആളുകൾ മാത്രമേയുള്ളൂ. പ്രധാനപ്പെട്ട വ്യക്തികളാകുമ്പോൾ എങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നതെന്ന് നമുക്കാർക്കും പ്രവചിക്കാൻ കഴിയില്ല. രണ്ടുമൂന്നുവർഷം മുമ്പ് എറണാകുളത്ത് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ച് ഇറങ്ങിവന്നയാൾ സാധാരണ നടക്കുന്നതുപോലെ നടന്നുപോയപ്പോൾ വേറൊരാൾ കത്തികൊണ്ട് കുത്തി. കുത്തിയ ആളിന് പ്രത്യേകിച്ച് അദ്ദേഹത്തിനോട് വിരോധമൊന്നുമില്ല. പോലീസ് പ്രതിയെ പിടിച്ച് എന്തിനാണിങ്ങനെ ചെയ്തതെന്ന് ചോദിച്ചപ്പോൾ, വേറെ വിരോധമൊന്നുമില്ല, പക്ഷേ ഒരു കുത്ത് ഇരിക്കട്ടെയെന്ന് വിചാരിച്ചു എന്നാണ് പറഞ്ഞത്. ഇത്തരം ആളുകൾ നമ്മുടെ നാട്ടിലുണ്ടെന്നതും നാം കാണണം. ഇത് നമ്മുടെ നാടിന്റെ പ്രത്യേകതയല്ല. അതൊരുതരം പ്രത്യേക മാനസികാവസ്ഥയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകുമ്പോൾ നേരത്തേ ഗൺമാനുണ്ടായിരുന്ന ചിലർ ഗൺമാൻ വേണമെന്ന് ആഗ്രഹിക്കുന്നുണ്ടാകാം. അതിന്റെ ഭാഗമായി അപൂർവ്വം ചിലർ ഗൺമാൻ വേണമെന്ന് പറയുന്ന നിലയുണ്ടായിട്ടുണ്ട്. സമൂഹത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും ഏതെങ്കിലും തരത്തിൽ തുടരുന്നുണ്ടെങ്കിൽ അത്തരമാളുകളെ പൂർണ്ണമായും ഒഴിവാക്കേണ്ടതുതന്നെയാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

അദ്ദേഹം ഉന്നയിച്ച പ്രശ്നം സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണത്തിൽ വലിയ കുറവുണ്ടെന്നതാണ്. എന്നാൽ 2012-ലെ സംസ്ഥാന സുരക്ഷാ കമ്മീഷൻ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിലെ പോലീസ് ജനസംഖ്യാനുപാതം 1:725 ആയിരുന്നു. നിലവിൽ അത് 1:641 ആയി ഉയർന്നിട്ടുണ്ട്. പോലീസ് ഓഫീസർമാരുടെ കാര്യത്തിൽ നിലവിലുള്ള 3191 വനിതാ സിവിൽ പോലീസ് ഓഫീസർമാരുൾപ്പെടെ 27734 തസ്തികകളിൽ 187 ഒഴിവുകളാണുള്ളത്. ഈ ഒഴിവുകൾ വൈകാതെ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(2) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനുവേണ്ട ഭൂമിയേറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബാലുശ്ശേരിയിലെ വിവിധ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ബാലുശ്ശേരി പറമ്പിൻമുകൾ എന്ന പ്രദേശത്ത് 15 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് റവന്യൂ ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. മിനി സിവിൽ

സ്റ്റേഷൻ നിർമ്മാണത്തിനായി കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അധീനതയിലുള്ള 34.5 സെന്റ് സ്ഥലം അടിയന്തരമായി അക്വയർ ചെയ്യേണ്ടതുണ്ട്. അക്വിസിഷൻ നടപടികൾ വേഗത്തിലാക്കിയാൽ മാത്രമെ സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. കാലതാമസമില്ലാതെ അക്വിസിഷൻ നടപടികൾ വേഗത്തിലാക്കാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നാണ് ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ വിവിധ വാടകക്കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ വളരെ ശ്രദ്ധേയമായ പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വളരെ അഭിനന്ദനാർഹമായ കാര്യമാണത്. അതിന്റെ ഉദ്ഘാടന പരിപാടിയിൽ ഞാനും പങ്കെടുത്തിരുന്നു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി വില്ലേജിൽ കോക്കല്ലൂർ ദേശത്ത് റീസർവ്വെ 29(8)-ൽപ്പെട്ട 0.2863 ഹെക്ടർ റവന്യൂ പുറമ്പോക്ക് സ്ഥലത്ത് ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ

നിർമ്മിക്കുന്നതിന് 31-01-2020-ലെ സർക്കാർ ഉത്തരവ് 419/2020/റവന്യൂ പ്രകാരം 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും 03-01-2022-ന് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ പ്രകാരം നിർദ്ദിഷ്ട ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് റവന്യൂ പുറമ്പോക്ക് കൂടാതെ കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശമുള്ളതും കോക്കല്ലൂർ ദേശം റീസർവ്വേ 28(1)-ൽപ്പെട്ടതുമായ 13.9 ആർ ഭൂമികൂടി ആവശ്യമുള്ളതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി ഭൂമി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുമതി സമർപ്പിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ഉടനെ സമർപ്പിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്) കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുമുണ്ട്. ആയത് എത്രയുംവേഗം ലഭ്യമാക്കി LARR ആക്ട് 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള

ഭരണാനുമതി പുറപ്പെടുവിച്ച് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (3) കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഞാൻ എം.എൽ.എ.യായി വന്നതിനുശേഷം ആരംഭിക്കുകയും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുമായും മറ്റ് ജനപ്രതിനിധികളുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ അധീനതയിൽ വരുന്ന 32 സെന്റ് സ്ഥലം കണ്ടെത്തുകയുണ്ടായി. അവിടെയുള്ള ഒരേക്കറോളം വരുന്ന സ്ഥലം റവന്യൂ ഭൂമിയാണ്, ഇതിൽപ്പെടുന്ന 32 സെന്റ് സ്ഥലം കൈമാറി കിട്ടുന്നതിനുള്ള നടപടികളാണ് ജില്ലാ കളക്ടറുടേയും ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടേയും മേൽനോട്ടത്തിൽ നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ ടി 32 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് കൈമാറാൻ തയ്യാറാണെന്നുള്ള തീരുമാനം ചീഫ് എഞ്ചിനീയർ സർക്കാരിനെ

അറിയിച്ചിട്ടുണ്ട്. ഈ ഭൂമി ഇലക്ട്രിസിറ്റി ബോർഡിനായതുകൊണ്ട് വില നിശ്ചയിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ കമ്പോള വില നിശ്ചയിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് നൽകിയിട്ടുണ്ട്. ആയതിനാൽ ആ സ്ഥലത്തിന്റെ കമ്പോളവില എത്രയും പെട്ടെന്ന് നിശ്ചയിച്ചുതരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അദ്ദേഹം വളരെ വേഗത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ അദ്ദേഹത്തോടൊപ്പം സഞ്ചരിക്കാൻ വേണ്ട രീതിയിൽ സഹകരിക്കുന്നില്ലെന്ന സംശയംകൂടിയുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. പ്രത്യേകിച്ച് ഷൊർണ്ണൂർ നിയോജകമണ്ഡലം നേരിടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അവിടെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കണമെന്നതാണ് ആവശ്യം. അതിന് ഇറിഗേഷൻ വകുപ്പിന്റെ കയ്യിൽനിന്നും 32 സെന്റ്, 0.1320 ഹെക്ടർ ഭൂമി ജലവിഭവ വകുപ്പ്

നൽകേണ്ടതായിട്ടുണ്ട്. ജലവിഭവ വകുപ്പ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഭൂമി കൈമാറുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി റവന്യൂ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ മാത്രമെയുള്ളൂ. അക്കാര്യം വകുപ്പുമായി ആലോചിച്ച് എത്രയുംവേഗം ഉത്തരവിറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സഭയിൽ ഉറപ്പുനൽകുന്നു.

(4) അഴീക്കൽ തുറമുഖ നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, മലബാർ നിവാസികൾ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു പദ്ധതിയാണ് മലബാർ ഗ്രീൻ ഫീൽഡ് തുറമുഖം. യഥാർത്ഥത്തിൽ വിഴിഞ്ഞം പദ്ധതിക്ക് തുല്യമായ വലിയ സാധ്യതയുള്ളതാണ് മലബാർ ഗ്രീൻ ഫീൽഡ് തുറമുഖം. 1964-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന സമയത്ത് ഇന്ത്യയിൽ നടത്തിയ പഠനങ്ങളിൽ, കേരളത്തിലുള്ള രണ്ട് സ്പോട്ടുകളാണ് തുറമുഖത്തിനായി കണ്ടിരുന്നത്. ഒന്ന്, വിഴിഞ്ഞം തുറമുഖ പദ്ധതിയും മറ്റൊന്ന്, അഴീക്കൽ തുറമുഖ പദ്ധതിയും ഈ പോർട്ടിന്റെ ചെയർമാനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയുമെല്ലാം വലിയ പരിശ്രമമാണ് ഇതിന്റെ ഭാഗമായി നടത്തിയത്. നേരത്തെ ജിയോ

ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ, അവിടത്തെ മണ്ണിന്റെ പ്രത്യേകതയനുസരിച്ച് സ്വാഭാവിക പുലിമുട്ടുകൾ നിർമ്മിക്കാൻ പ്രയാസമുണ്ടെന്ന് അറിയിച്ചിരുന്നു. അതിനായി ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആ പദ്ധതിയുടെ ഡി.പി.ആർ. അന്തിമ ഘട്ടത്തിലായോ; പദ്ധതി ഉടൻ തുടങ്ങാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? വലിയ പ്രതീക്ഷയോടെ വ്യവസായ ലോകം നോക്കി കാണുന്ന ഒരു പദ്ധതികൂടിയാണിത്. ഈ വിഷയമാണ് സബ്മിഷനിലൂടെ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, അഴീക്കൽ തുറമുഖത്തിനുവേണ്ടിയുള്ള വിശദമായ ഡി.പി.ആർ. ടെക്നിക്കൽ കൺസൾട്ടന്റായ Howe Engineering Projects (India) Pvt. Ltd. തയ്യാറാക്കി സമർപ്പിക്കുകയും ആയതിന്മേൽ ചെന്നൈ ഐ.ഐ.ടി.-യുടെ സാങ്കേതിക ഉപദേശം തേടുകയുമുണ്ടായി. പുലിമുട്ട് നിർമ്മിക്കുന്ന സീബെഡ് slushy soil ആയതിനാലാണ് ചെന്നൈ ഐ.ഐ.ടി.-യുടെ ഉപദേശം തേടേണ്ടിവന്നത്. അവർ നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ സാങ്കേതിക ഉപദേഷ്ടാവ് അന്തിമ

ഡിസൈൻ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം മൂന്ന് ഘട്ടമായിട്ടാണ് പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 3074 കോടി രൂപയും മറ്റ് രണ്ട് ഘട്ടങ്ങളിലുംകൂടി 1983 കോടി രൂപയുമുൾപ്പെടെ ആകെ 5057 കോടി രൂപയാണ് പദ്ധതിച്ചെലവായി പ്രതീക്ഷിക്കുന്നത്.

ടെക്നിക്കൽ കൺസൾട്ടന്റ് സമർപ്പിച്ച ഡി.പി.ആർ.-ന്റെ സാങ്കേതിക, ധനകാര്യ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുറമുഖ വകുപ്പ് സെക്രട്ടറിയാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് (SEZ) ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ആൻഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരാണ് മറ്റംഗങ്ങൾ. തുറമുഖത്തെ എൻ.എച്ച്.-66 ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority (SEIAA) പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. അതിനുശേഷം വിശദമായ പാരിസ്ഥിതിക പഠനങ്ങളും ശേഖരിച്ച

സാമ്പിളുകളുടെ പരിശോധനയും റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിച്ചുവരുന്നു. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി-ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനുമായി ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനം ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; ഇത് പരിശോധിച്ചുവരികയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണ മേഖലയിലുള്ള 146.61 ഏക്കർ കടൽ പുറമ്പോക്ക് നിർമ്മാണ കമ്പനിയുടെ പേരിൽ പതിച്ചുകിട്ടുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

(5) <u>ഉച്ചഭക്ഷണ വിതരണം</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിക്കുകയും ഓണാവധി കഴിഞ്ഞാലുടൻ ഈ വിഷയം പരിഹരിക്കാമെന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പുനൽകുകയും ചെയ്തിരുന്നതാണ്. നിയമസഭയിൽവച്ച് അദ്ധ്യാപക

സംഘടനകൾക്ക് അദ്ദേഹം നൽകിയ ഈ വാക്ക് പാലിക്കാത്തതിനാലാണ് ഈ വിഷയം വീണ്ടും സഭയിൽ ഉന്നയിക്കുന്നത്. 2016-ൽ ഉച്ചഭക്ഷണ പദ്ധതിക്ക് നിശ്ചയിച്ച അപര്യാപ്തമായ തുകയായ എട്ടു രൂപയാണ് ഇപ്പോഴും സർക്കാർ നൽകുന്നത്. എന്നാൽ ഈ തുക സമയബന്ധിതമായി കൊടുക്കാൻ കഴിയുന്നില്ലെന്ന വിഷയം ഒരു ഭാഗത്തുണ്ട്. അതോടൊപ്പം അനിയന്ത്രിതമായ വിലക്കയറ്റവും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും കാരണം സ്കൂൾ ഉച്ചഭക്ഷണ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ പ്രഥമാദ്ധ്യാപകർ മുഴുവൻ വിഷമിക്കുന്ന സാഹചര്യമാണുള്ളത്. ഈ പ്രശ്നം പരിഹരിക്കാത്തതുകൊണ്ട് രാഷ്ട്രീയത്തിനതീതമായി കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ അദ്ധ്യാപകർ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ രാവിലെ മുതൽ ഉപവാസം അനുഷ്ഠിച്ചുവരികയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപര്യമെടുത്തുകൊണ്ട് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു ലിറ്റർ പാലിന് ആറു രൂപ വർദ്ധിപ്പിച്ചത് വിലക്കയറ്റത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ഉച്ചഭക്ഷണ പദ്ധതിക്കുള്ള സർക്കാർ നിരക്ക് ഇപ്പോഴും എട്ടു രൂപയിൽത്തന്നെ തുടരുകയാണ്. എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുകയാണ്.

ഗവൺമെന്റിന്റെ പ്രത്യേക സഹായമില്ലാതെ ഒരു തരത്തിലും ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം കേന്ദ്ര ഗവൺമെന്റ് ഇതിന് 8.17 രൂപ കൊടുക്കുന്നുണ്ടെന്നുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ കയ്യിൽനിന്നും വാങ്ങുന്ന തുക സംസ്ഥാന സർക്കാർ കൃത്യസമയത്ത് അനുവദിക്കുന്നില്ല. ഞങ്ങൾ കണക്കുകൂട്ടി നോക്കിയപ്പോൾ കേന്ദ്ര ഗവൺമെന്റ് നൽകുന്ന തുകയിൽ 7.17 രൂപ മാത്രമാണ് സംസ്ഥാന സർക്കാർ ചെലവാക്കുന്നത്. ഇപ്രകാരം സർക്കാരിന് ഒരു രൂപ അധികമാണ് ലഭിക്കുന്നത്. അതായത്, കേരള ഗവൺമെന്റിന്റെ കയ്യിൽനിന്നും പണമൊന്നും ചെലവാകുന്നില്ല, പകരം ഒരു രൂപ ലാഭമായി ലഭിക്കുകയാണ്. സംസ്ഥാനത്തുള്ള സ്കൂൾ കുട്ടികൾക്ക് മുട്ടയും പാലും കൊടുക്കുന്ന പദ്ധതി കേരള ഗവൺമെന്റ് നിർദ്ദേശിച്ചതുപ്രകാരമാണ് നടപ്പാക്കിയത്. പക്ഷെ, കേരള ഗവൺമെന്റ് മുട്ടയും പാലും കൊടുക്കാൻ പ്രഥമാദ്ധ്യാപകരോട് പറയുന്നതല്ലാതെ അതിനുള്ള പണം കൊടുക്കുന്നില്ല. ഈ പദ്ധതിക്കുവേണ്ടി 240 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി അംഗീകരിച്ച് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചെങ്കിലും ബന്ധപ്പെട്ട വകുപ്പ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. അതിനാൽ ധനകാര്യ വകുപ്പ് ഫണ്ട് അനുവദിക്കാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. ധനകാര്യ വകുപ്പ്

ഫണ്ട് നൽകിയാൽ മാത്രമെ സമയബന്ധിതമായി കുട്ടികൾക്ക് മുട്ടയും പാലും നൽകാൻ സാധിക്കുകയുള്ളൂ. ഇത് പ്രഥമാദ്ധ്യാപകരുടെ ചുമതലയായി ഗവൺമെന്റ് കണക്കാക്കിയിരിക്കുകയാണ്. വൈക്കത്തുള്ള ഒരു പ്രഥമാദ്ധ്യാപികയായ ശ്രീജ ടീച്ചർ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ആത്മഹത്യ ചെയ്യുകയുണ്ടായി. ഇവർക്ക് വലിയ മാനസിക സംഘർഷങ്ങളാണുണ്ടായിരുന്നത്. ആർ.റ്റി.ഇ. ആക്ടിൽ ക്വാളിറ്റി എഡ്യൂക്കേഷൻ വേണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പക്ഷെ, പ്രഥമാദ്ധ്യാപകർക്ക് രാവിലെ സ്കൂളിൽ വന്നാൽ പഠിപ്പിക്കാൻ നേരമില്ല. സ്കൂളിലെ കുഞ്ഞുങ്ങൾക്ക് എങ്ങനെയാണ് ഉച്ചയ്ക്ക് കഞ്ഞി കൊടുക്കുകയെന്നതാണ് അവരുടെ മുഖ്യ പ്രശ്നം. ഉച്ചഭക്ഷണ വിതരണം അവർ മാന്യമായി നടത്തുന്നുമുണ്ട്. പക്ഷെ, അവരെ കഷ്ടപ്പെടുത്തി ഇതുപോലുള്ള ദുരന്തത്തിലേയ്ക്കും ദുരിതത്തിലേയ്ക്കും തള്ളിവിടുന്ന സാഹചര്യം വന്നിരിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് ഞാനൊരു നിർദ്ദേശംകൂടി വയ്ക്കുകയാണ്. തമിഴ്നാടാണ് ഇത് ഏറ്റവും ഫലപ്രദമായി നടപ്പാക്കുന്നത്. കമ്മ്യൂണിറ്റി കിച്ചൻ എന്നനിലയിൽ 'സദ്ഉണൈ' എന്ന പേരിലൊരു പദ്ധതി തമിഴ്നാട്ടിൽ ചെയ്തിരിക്കുന്നു. ഗവൺമെന്റ് മുഴുവൻ തുകയും നൽകുകയാണ്. പോണ്ടിച്ചേരിയുടെ കീഴിൽ വരുന്ന മാഹിയിലും

മുഴുവൻ തുകയും ഗവൺമെന്റ് നൽകുകയാണ്. തെലങ്കാന, കർണ്ണാടക തുടങ്ങിയ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഉച്ചക്കഞ്ഞി പദ്ധതി ഗവൺമെന്റ് നേരിട്ടാണ് നടത്തുന്നത്.

കേരളത്തിൽ ഇതിന്റെ ചുമതല പ്രഥമാദ്ധ്യാപകരുടെ തലയിൽ കെട്ടിവയ്ക്കാതെ ഗവൺമെന്റ് കുഞ്ഞുങ്ങൾക്ക് നല്ല നിലയിൽ ഉച്ചഭക്ഷണം നൽകണം. പ്രഥമാദ്ധ്യാപകർ അതിനുവേണ്ടി ചെയ്യുന്ന വലിയ സേവനത്തെ മഹത്വപൂർണ്ണമായി കാണേണ്ടതുണ്ട്. പക്ഷേ, അവർ വർഷങ്ങളായി കഷ്ടപ്പെടുകയാണ്. ഉച്ചഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ ദുരിതത്തിന് പരിഹാരമുണ്ടാക്കണം. എത്രയുംവേഗം അത് നൽകാനുള്ള സാഹചര്യമുണ്ടാകണം. ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ സഹകരണ മനോഭാവത്തോടെയുള്ള മറുപടി കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. അത് നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എത്രയുംവേഗം അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട മോൻസ് ജോസഫ് എം.എൽ.എ. അവതരിപ്പിച്ച സബ്മിഷൻ വളരെ ഗൗരവമുള്ളതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക്

ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പോരായ്മകളാണ് അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ചത്.

60:40 എന്ന മാൻഡേറ്ററി അനുപാതത്തിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതിയായ 'സ്കൂൾ ഉച്ചഭക്ഷണ പദ്ധതി' നടത്തിപ്പിനായി സ്കൂളുകൾക്ക് പാചക ചെലവിനത്തിനായി കണ്ടിജൻസി ഫണ്ടാണ് അനുവദിക്കുന്നത്. പ്രസ്തുത തുക പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം മുതലായവ വാങ്ങുന്നതിനും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി കുട്ടികൾക്ക് നൽകുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ ചെലവുകൾക്കുമാണ് വിനിയോഗിക്കുന്നത്.

05-09-2016-ലാണ് ഏറ്റവും ഒടുവിലായി സംസ്ഥാന സർക്കാർ പാചക ചെലവ് തുക പരിഷ്കരിച്ചത്. ആയതുപ്രകാരം ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

സ്ലാബ്- I - 150 കുട്ടികൾവരെ - കുട്ടിയൊന്നിന് 8 രൂപ

സ്ലാബ്- II - 151 മുതൽ 500 കുട്ടികൾ വരെ കുട്ടിയൊന്നിന് 7 രൂപ

സ്ലാബ്- III – 500-ന് മുകളിൽ കുട്ടിയൊന്നിന് 6 രൂപ.

പ്രൈമറി വിഭാഗം കുട്ടികൾക്ക് കുട്ടി ഒന്നിന് പ്രതിദിനം 4.97 രൂപയും

അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് കുട്ടിയൊന്നിന് പ്രതിദിനം 7.45 രൂപയുമാണ് കേന്ദ്ര-സംസ്ഥാന മാൻഡേറ്ററി വിഹിതം ഉൾപ്പെടെ പാചക ചെലവിനത്തിലായി അനുവദിക്കുന്ന നിരക്കുകൾ. എന്നാൽ സംസ്ഥാനത്ത് പ്രസ്തുത ഉത്തരവുപ്രകാരം 8 രൂപ, 7 രൂപ 6 രൂപ നിരക്കാണ് നിലവിലുള്ളത്.

സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. എന്നാൽ ഇതിനുള്ള ചെലവുകൂടി ഉച്ചഭക്ഷണം നൽകുവാനുള്ള തുകയിൽനിന്നാണ് കണ്ടെത്തുന്നത്. ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരു ദിവസം മുട്ട, നേന്ത്രപ്പഴം എന്നിവ നൽകുന്നതിന് കുട്ടിയൊന്നിന് ഏകദേശം 20 രൂപ ചെലവ് വരുന്നതായും പാചക വാതകം, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിലവിൽ പാചക ചെലവിനത്തിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കുക്കിംഗ് കോസ്റ്റ് സ്ലാബ് സമ്പ്രദായത്തിന് (8 രൂപ/7 രൂപ/6 രൂപ) പകരം പ്രൈമറി, അപ്പർ പ്രൈമറി എന്നിങ്ങനെ വേർതിരിച്ച് 6 രൂപ, 8 രൂപ എന്നീ

നിരക്കുകളിൽ (കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ) കുക്കിംഗ് കോസ്റ്റ് പരിഷ്കരിക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ വിതരണത്തിനായി കുട്ടിയൊന്നിന് ആഴ്ചയിൽ 20 രൂപ അനുവദിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്. എന്നാൽ മെറ്റീരിയൽ കോസ്റ്റിന്റെ (പാചക ചെലവ്) കേന്ദ്ര, സംസ്ഥാന മാൻഡേറ്ററി നിരക്കുകൾ പരിഷ്കരിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിരക്കുകളിൽ 9.6 ശതമാനം വർദ്ധനവ് വരുത്തിയാണ് പുതിയ നിരക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ബാലവാടിക, പ്രൈമറി വിഭാഗങ്ങളുടെ മെറ്റീരിയൽ കോസ്റ്റ് നിരക്ക് 4.97 രൂപയിൽ നിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45 രൂപയിൽ നിന്ന് 8.17 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി വിഭാഗത്തിന്റെ പുതുക്കിയ മാൻഡേറ്ററി മെറ്റീരിയൽ കോസ്റ്റ് (8.17 രൂപ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന സ്ലാബ് സമ്പ്രദായ പ്രകാരമുള്ള മെറ്റീരിയൽ കോസ്റ്റ് നിരക്കുകളേക്കാൾ (6 രൂപ/7 രൂപ/8 രൂപ) ഉയർന്ന തുകയാണ്. ഇത് ദീർഘമായൊരു ഉത്തരമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഉത്തരത്തിന്റെ ബാക്കിഭാഗം മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+. ശ്രീ. മോൻസ് ജോസഫ് പറഞ്ഞ കാര്യങ്ങളെ ഗവൺമെന്റ് എതിർത്ത് പറയുന്നില്ല. സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയോടനുബന്ധിച്ച് ഹെഡ്മാസ്റ്റർമാർ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നതെന്നത് ശരിയാണ്. പല സ്കൂളുകളിലും പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷനും വളരെ നല്ല രീതിയിൽ ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. രണ്ടായിരത്തോളം വരുന്ന സ്കൂളുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽപ്പോലും പി.ടി.എ.-യും സ്കൂൾ അധികാരികളും ചേർന്ന് കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നുണ്ട്. കഴിഞ്ഞദിവസം ഞാൻ ഇടുക്കിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയിരുന്നു. ഇടുക്കി ജില്ലയിലാകെയുള്ള സ്കൂളുകളിൽ അവിടത്തെ പി.ടി.എ.-യും എൻ.ജി.ഒ. സംഘടനകളുമൊക്കെ ചേർന്ന് കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളിൽ നടക്കുന്ന ഓർമ്മദിന പരിപാടികളിൽ എന്തെങ്കിലും സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് സമീപമുള്ള സ്കൂളുകളിലെ പി.ടി.എ.-യ്ക്ക് നൽകുക എന്ന നിലയിലാണ് പ്രസ്തുത പദ്ധതി ആലോചിച്ചിട്ടുള്ളത്.

ഹെഡ്മാസ്റ്റർമാരുടേത് ന്യായമായ ആവശ്യമായതിനാൽ അതിനെ

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

എതിർക്കുന്നില്ല. എല്ലാ ബാധ്യതയും ഹെഡ്മാസ്റ്റർമാർക്കാണെന്ന് പറയുന്നത് കുറച്ചൊക്കെ ശരിയാണ്. ടി ബാധ്യത കുറച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. ഇത് നമ്മുടെ എല്ലാവരുടെയും പ്രശ്നമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാം.

(6) അഴീക്കോട്-മുനമ്പം പാലം നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തൃശ്ശൂർ, എറണാകുളം ജില്ലകളെയും കയ്പമംഗലം, വൈപ്പിൻ മണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന നിർദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമാണ് അഴീക്കോട്-മുനമ്പം പാലം. പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച് ഇതിനുമുമ്പും സഭയിൽ സബ്മിഷനും ചോദ്യവുമൊക്കെ അവതരിപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ആവശ്യമായ നടപടി വളരെ ഗൗരവപ്പെട്ട അർത്ഥത്തിൽ തുടർന്നുവെങ്കിലും ഇപ്പോഴും പ്രശ്നം പരിഹരിക്കുന്ന രൂപത്തിലായിട്ടില്ല. കിഫ്ബിയിൽനിന്ന് പാലത്തിന് ആവശ്യമായ തുക പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ മൂന്നുപ്രാവശ്യം ടെണ്ടർ ചെയ്യേണ്ടിവന്നു. ഏറ്റവും അവസാനം ടെണ്ടർ ചെയ്തത് മൂന്നുമാസങ്ങൾക്ക് മുമ്പാണ്. ടെണ്ടർ നടപടി പൂർത്തീകരിച്ചുവെങ്കിലും എഗ്രിമെന്റ് വയ്ക്കുന്ന തരത്തിലേയ്ക്കുള്ള വർക്കുകൾ നടന്നിട്ടില്ല. എന്നാൽ

ഇനിയും വൈകിയാൽ, ഡിസംബർ 31-ാം തീയതിക്കുശേഷമാണെങ്കിൽ അത് റീ-ടെണ്ടർ ചെയ്യേണ്ടിവരുമെന്നാണ് അറിയുന്നത്. മത്സ്യത്തൊഴിലാളികൾ, മറ്റ് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങി ഏത് തരത്തിലുള്ളവരെയും വളരെ ഗൗരവത്തോടെ ബാധിക്കുന്ന വിഷയമാണിത്. വികസനത്തിന്റെ വലിയൊരു നാഴികക്കല്ലായി മാറുന്ന അഴീക്കോട്-മുനമ്പം പാലം സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണനും ഞാനും ഇക്കാര്യം നിരന്തരം സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാമെന്നുള്ളത് സന്തോഷകരമാണ്. സർക്കാരിന്റെ രണ്ടാം വാർഷികം കഴിഞ്ഞ് മൂന്നാം വർഷത്തിലേയ്ക്ക് കടക്കുന്നതിനോടനുബന്ധിച്ച പരിപാടികളിൽ അഴീക്കോട്-മുനമ്പം പാലത്തിന്റെ ഉദ്ഘാടനംകൂടി നടത്താൻ കഴിയുമോയെന്ന് ചിന്തിക്കണമെന്നും ഇതിന് വേഗത്തിലുള്ള നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ സ്വപ്നമായ, 9

ജില്ലകളിലൂടെ കടന്നുപോകുന്ന അറുന്നൂറോളം കിലോമീറ്റർ വരുന്ന തീരദേശ ഹൈവേയുടെ ഭാഗമാണ് ബഹുമാന്യനായ ഇ. ടി. ടൈസൺ മാസ്റ്റർ സൂചിപ്പിച്ച അഴീക്കോട്-മുനമ്പം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ഇത് രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്ന വിഷയംകൂടിയാണ്.

മുനമ്പം പാലം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററും ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണനും ആവശ്യപ്പെട്ടതനുസരിച്ച് ഈ പാലവുമായി ബന്ധപ്പെട്ട വിഷയത്തിൽ നേരിട്ട് ഇടപെടൽ നടത്തുകയും അവിടെ പോയി സംസാരിക്കുകയും ചെയ്തിരുന്നു. ഇത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുന്ന ഒരു പദ്ധതിയാണ്. അതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നെങ്കിലും ആ പ്രവൃത്തിക്ക് ഒരാൾ മാത്രമാണ് ക്വാട്ട് ചെയ്തത്. പ്രസ്തുത തുക എസ്റ്റിമേറ്റഡ് പി.എ.സി. (Probable Amount of Contract)-യെക്കാൾ 24 ശതമാനത്തിലധികമായിരുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. ധനകാര്യ വകുപ്പിന്റെ നിർദ്ദേശംകൂടി പരിഗണിച്ച് റീ-ടെണ്ടർ നടപടികളിലേയ്ക്ക് കടന്നുവെങ്കിലും റീ-ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക 10 ശതമാനത്തിൽ അധികമായതിനാൽ വീണ്ടും

ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കയച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഹർജി നിലനിൽക്കുന്നുണ്ട്.

കേരളത്തിന്റെ സ്വപ്നമായ തീരദേശ ഹൈവേയുടെ ഭാഗമാണിത്. ഈ പദ്ധതിയും തീരദേശ ഹൈവേയും പൂർത്തീകരിക്കാനുള്ള എല്ലാ ഇടപെടലുകളും സർക്കാർ നടത്തുമെന്ന് അറിയിക്കുന്നു.

11.00 എ.എം.]

(7) കരമന-കളിയിക്കാവിള റോഡ്

ശ്രീ. എം. വിൻസെന്റ്: സർ, 29 കിലോമീറ്റർ നീളമുള്ള കരമന-കളിയിക്കാവിള ദേശീയപാതയുടെ നിർമ്മാണം 10 വർഷം കഴിഞ്ഞിട്ടും 10 കിലോമീറ്റർ മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചത്. ബാലരാമപുരം ജംഗ്ഷനിൽ കുപ്പിക്കഴുത്തുപോലെ മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന ഗതാഗതക്കുരുക്കിന് ഇത് കാരണമാകുകയാണ്. പുതിയ സർക്കാർ വന്നതിനുശേഷം 5 കൊല്ലം കൊണ്ടാണ് 5 കിലോമീറ്റർ നിർമ്മാണം പൂർത്തീകരിച്ചത്. കഴിഞ്ഞ സർക്കാർ രണ്ടാംഘട്ട നിർമ്മാണത്തിനായി നിശ്ചയിച്ചിരുന്നത് പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയായിരുന്നു. അത് 75

ശതമാനമായി കുറച്ച് പുതിയൊരു ഘട്ടംകൂടിയുണ്ടാക്കി. രണ്ടാംഘട്ടം ബാലരാമപുരം-കൊടിനടവരെയാക്കി പണി നിർത്തിയതിനുശേഷം മൂന്നാംഘട്ടമായി വീണ്ടും ഒന്നര കിലോമീറ്ററിന്റെ വർക്ക് തുടങ്ങിയെങ്കിലും പ്രവൃത്തി എങ്ങുമെത്തുന്നില്ല. 24-5-2021-നാണ് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്. 60 ദിവസത്തെ ആക്ഷേപങ്ങൾ കേട്ടതിനുശേഷം ഒരു കൊല്ലത്തിനുള്ളിൽ 91 ഫൈനൽ ഡിക്ലറേഷൻ നടത്തണം. എന്നാൽ യാതൊരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. കൃത്യമായ വിസ്തീർണ്ണവും പാക്കേജും തുകയുമെല്ലാം നിശ്ചയിച്ചുകൊണ്ടുള്ള ഫൈനൽ ഡിക്ലറേഷൻ ഒരു കൊല്ലത്തിനകം നടപ്പിലാക്കേണ്ടതിനുപകരം അതിന് ഒരു വർഷംകൂടി നീട്ടികൊടുത്തിരിക്കുകയാണ്. ഇപ്പോൾത്തന്നെ വളരെയധികം വൈകിയിരിക്കുകയാണ്. 91 ഡിക്ലറേഷൻ കഴിഞ്ഞാൽ ഒരു കൊല്ലത്തിനകം അവാർഡ് പാസ്സാക്കണം. അവാർഡ് പാസ്സാക്കണമെങ്കിൽ ബേസിക് വാല്യുവേഷൻ റിപ്പോർട്ട്, സ്ട്രക്ചറൽ വാല്യുവേഷൻ, ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റുമെന്റ് എന്നിവ ആവശ്യമാണ്. ഇതെല്ലാം കഴിഞ്ഞാൽ അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസ്സാക്കണം. ഒന്നര കിലോമീറ്റർ ഇനി എത്ര കാലം കഴിഞ്ഞാൽ പൂർത്തീകരിക്കാൻ സാധിക്കും. എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഭൂമി ഏറ്റെടുത്തതിന്

ഇതുവരെ ആർക്കും പണം കൊടുത്തിട്ടില്ല. രണ്ടാംഘട്ടം പൂർത്തീകരിച്ചിട്ട് ഏകദേശം രണ്ടുവർഷമാകാൻ പോകുകയാണ്. ഇപ്പോഴും 11(1) നോട്ടിഫിക്കേഷനിൽ തന്നെ നിൽക്കുകയാണ്. അടിയന്തരമായി ഇതിന് വേഗതകൂട്ടണം. ഇത് രണ്ട് സംസ്ഥാനങ്ങളിലേയ്ക്ക് പോകാനുള്ള റോഡാണ്. അതുകൊണ്ട് ഇത് ഗൗരവമായെടുത്ത് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തി വളരെവേഗം ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കരമന-കളിയിക്കാവിള റോഡ് വികസനം യാഥാർത്ഥ്യമാക്കാൻ സാധ്യമാകുന്ന എല്ലാ പ്രവർത്തനങ്ങളും സർക്കാർ നടത്തിവരികയാണ്. കൊടിനടവരെയുള്ള നിർമ്മാണം പൂർത്തീകരിച്ചു. കൊടിനട മുതൽ വഴിമുക്കുവരെ ഒന്നര കിലോമീറ്റർ ഭാഗം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടരുകയാണ്. 11(1) നോട്ടിഫിക്കേഷൻ 24-5-2021-ൽ പ്രസിദ്ധീകരിച്ചു. ഇതോടൊപ്പം ബാലരാമപുരം ജംഗ്ഷനിൽ അണ്ടർപാസ് ഉൾപ്പെടെയുള്ള പദ്ധതിക്ക് പൊതുമരാമത്ത് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. ഡി.പി.ആർ.

കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്റർ ദൂരം കിഫ്ബി ടി.ആർ.സി. മുഖേന സർവ്വേ നടത്തി ആയതിന്റെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിവരുന്നു. ഇതും കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കരമന-കളിയിക്കാവിള റോഡ് വികസനം സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. പ്രവൃത്തികൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്താൻ ചീഫ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി.(പി.എം.യു.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്.

(8) <u>കർഷകർക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വയനാട് ജില്ലയിൽ പടർന്നുവന്നതായ എ.എസ്.എഫ്. (African Swine Fever) എന്ന പന്നിപ്പനി ഡബ്ല്യൂ.എച്ച്.ഒ.-യുടെ കണക്കനുസരിച്ച് 100 ശതമാനവും മരണനിരക്കിലേയ്ക്ക് വരുന്നതുകൊണ്ടായിരിക്കാം നിർബന്ധിതമായി പന്നികളെ

കൊന്നൊടുക്കേണ്ട സാഹചര്യമുണ്ടായത്. വയനാട്ടിൽ മാത്രമല്ല ഇടുക്കി, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെയുള്ള ജില്ലകളിലേയ്ക്കും ഇത് വന്നിരിക്കുകയാണ്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം, മുഴുവൻ പന്നികളേയും രോഗം ബാധിക്കുന്നതോടുകൂടി കൊന്നൊടുക്കേണ്ട പശ്ചാത്തലത്തിലേയ്ക്ക് വരും. വയനാട് ജില്ലയിൽനിന്നും തുടങ്ങി വിവിധ ജില്ലകളിലേയ്ക്ക് ഇത് പടർന്നുപന്തലിച്ചിരിക്കുകയാണ്. ഇതിന് പ്രതിരോധ മരുന്നോ ചികിത്സിക്കാനുള്ള സംവിധാനങ്ങളോയില്ല. 2020 ജൂൺ മാസത്തിൽ പുറപ്പെടുവിച്ച കേന്ദ്രഗവൺമെന്റിന്റെ പ്രോട്ടോക്കോൾ കൃത്യമായി പാലിക്കാതെ മുന്നോട്ടുപോകുന്നുവെന്നുമാത്രമല്ല അതിനാവശ്യമായ വിഭവങ്ങൾ മുഴുവൻ പന്നി കർഷകരിലേയ്ക്കെത്തിക്കാനുള്ള നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പന്നിയുടെ തൂക്കമനുസരിച്ച് നിലവിൽ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയുണ്ട്. പന്നി കർഷകരെല്ലാം സാധാരണക്കാരാണ്. വയനാട് ജില്ലയുൾപ്പെടെയുള്ള മറ്റു ജില്ലകളെ സംബന്ധിച്ച് അവിടെയുള്ള ഏറ്റവും കൂടുതൽ കർഷകരുടേയും പ്രധാനപ്പെട്ട ജീവനോപാധി പശു, ആട്, കോഴി, പന്നി എന്നിവയെ വളർത്തലാണ്. 15 കിലോ വരെ തൂക്കമുള്ള പന്നിക്ക് നിലവിൽ നഷ്ടപരിഹാരമായി നൽകുന്നത് 2,200/- രൂപയാണ്. എന്നാൽ 4,200/-

രൂപയെങ്കിലും കിട്ടണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്. കർഷകർ 45 ദിവസം പ്രായമുള്ള 15 കിലോ തൂക്കമുള്ള പന്നിക്കുട്ടികളെ വാങ്ങുന്നത് 4,000/- രൂപയ്ക്കാണ്. എന്നാൽ അവർക്ക് കിട്ടുന്ന നഷ്ടപരിഹാരം കേവലം 2,200/- രൂപയാണ്. അതുപോലെ 100 കിലോഗ്രാം തൂക്കത്തിന് മുകളിലുള്ളതിന് 15,000/- രൂപയാണ് നൽകുന്നത്, കർഷകർ പറയുന്നത് 30,000/- രൂപയെങ്കിലും കിട്ടിയാൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നാണ്. 70 മുതൽ 100 കിലോഗ്രാംവരെ തൂക്കമുള്ളതിന് നൽകുന്ന 12,000/- രൂപ 20,000/- രൂപയാക്കണം. ഇങ്ങനെ വിവിധ തരത്തിലുള്ള ആവശ്യങ്ങളാണ് കർഷകർക്കുള്ളത്. ഈ സാഹചര്യത്തിൽ ഒരു കാര്യംകൂടി പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ സെന്റർ ഫോർ അനിമൽ ഡിസീസസിനെയാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്. അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിലെ വിദഗ്ദ്ധനായ ഒരാളെ ഇതിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ച്, അതിന്റെ കീഴിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയിലെയും സെന്റർ ഫോർ അനിമൽ ഡിസീസസിലെയും കേന്ദ്രസർക്കാരിലെയും അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിലെയും ഒരു വിദഗ്ദ്ധ സംഘം പ്രതിരോധ മരുന്നുണ്ടാക്കാനും ചികിത്സ ഉറപ്പുവരുത്താനും പ്രോട്ടോക്കോൾ കൃത്യമായി

പാലിക്കപ്പെടാനുമുള്ള നടപടികൾക്ക് നേതൃത്വം നൽകണം. അങ്ങനെ നേതൃത്വം കൊടുത്തില്ലെങ്കിൽ കേരളത്തിലെ പന്നികളെ മുഴുവൻ കൊന്നൊടുക്കേണ്ട സാഹചര്യമുണ്ടാകും. അത് ഗുരുതരമായ സാഹചര്യമാണ്, കടുത്ത സാമ്പത്തിക ബാധ്യതയിലേയ്ക്ക് കർഷകർ പോകുകയാണ്. ഇതുവരെ ഇതിൽ കൃത്യമായ ഒരു സമീപനം സ്വീകരിച്ച് മുന്നോട്ടുപോകാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ഇതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ബഹുമാന്യനായ അംഗം ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ പന്നികളെ ബാധിക്കുന്ന മാരകവും അതിസാംക്രമികവുമായ ഒരു വൈറസ് രോഗമാണ് ആഫ്രിക്കൻ പന്നിപ്പനി അഥവാ ആഫ്രിക്കൻ സ്വൈൻ ഫീവർ. ഈ രോഗം നിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നാഷണൽ ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇന്ത്യയുടെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലും ബീഹാറിലും ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള പന്നികളെയും പന്നിമാംസം, പന്നികാഷ്ഠം, പന്നിത്തീറ്റ

എന്നിവയുടെ നീക്കവും നിരോധിച്ചുകൊണ്ട് 15-07-2022-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഈ നിരോധനം 16-01-2023 വരെയുണ്ട്. കേരളത്തിൽ ആദ്യമായി 21-07-2022-ൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിലും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലും ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ 7 ജില്ലകളിൽക്കൂടി ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ച എല്ലായിടത്തും കേന്ദ്ര സർക്കാരിന്റെ നാഷണൽ ആക്ഷൻ പ്ലാൻ പ്രകാരം ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പന്നി ഫാമുകളിലെ പന്നികളെ നശിപ്പിക്കുകയും രോഗ പ്രഭവകേന്ദ്രത്തിന് പുറത്തുള്ള 10 കിലോമീറ്റർ ചുറ്റളവിൽ പന്നി ഫാമുകളിൽ രോഗനിരീക്ഷണം നടത്തുകയും ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണം, റവന്യൂ, പോലീസ്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, മോട്ടോർ വാഹനം, ഫയർഫോഴ്സ് എന്നീ വകുപ്പുകളുമായി ചേർന്നുകൊണ്ട് വളരെ മാതൃകാപരമായ രീതിയിലാണ് മൃഗസംരക്ഷണ വകുപ്പ് എല്ലാ ജില്ലകളിലും പ്രതിരോധ പ്രവർത്തനം നടത്തിവരുന്നത്. എല്ലാ ജില്ലകളിലും ദ്രുതകർമ്മസേന രൂപീകരിക്കുകയും ഏറ്റവും മികച്ച രീതിയിൽ പ്രതിരോധ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 15-11-2022 വരെ 3308 പന്നികളെയാണ് ആഫ്രിക്കൻ പന്നിപ്പനിയുമായി ബന്ധപ്പെട്ട്

ദയാവധത്തിന് വിധേയമാക്കിയിട്ടുള്ളത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര നിരക്കിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പന്നി വളർത്തൽ കർഷകർക്ക് ആഫ്രിക്കൻ പന്നിപ്പനിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകാൻ 5-8-2022-ലെ 387/2022/AHD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ നഷ്ടപരിഹാരത്തുകയുടെ 50 ശതമാനം കേന്ദ്രസർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. എന്നാൽ കർഷകർക്ക് എത്രയുംവേഗം നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര വിഹിതത്തിനായി കാത്തുനിൽക്കാതെ ഈ ഇനത്തിൽ ആവശ്യമായ മുഴുവൻ തുകയും മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. കേന്ദ്രസർക്കാരിൽ നിന്നും ടി തുക ലഭിക്കുന്ന മുറയ്ക്ക് ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ സംസ്ഥാന കോർപ്പസ് ഫണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പന്നികളെ ദയാവധം ചെയ്ത് ഏതാനം ദിവസങ്ങൾക്കകംതന്നെ കർഷകർക്ക് നഷ്ടപരിഹാരമായി 1.53 കോടി രൂപ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 46.05 ലക്ഷം രൂപ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആഫ്രിക്കൻ പന്നിപ്പനി

ബാധിച്ച ഫാമുകളിൽ രോഗ സാമ്പിൾ ശേഖരണം മുതൽ രോഗ സ്ഥിരീകരണം വരെയുള്ള കാലയളവിൽ മരണപ്പെട്ടുപോയ പന്നികൾക്കുകൂടി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം മരണപ്പെട്ട പന്നികൾക്ക് കേന്ദ്രസർക്കാർ നഷ്ടപരിഹാരം നിർദ്ദേശിക്കുന്നില്ലെങ്കിലും പന്നി വളർത്തൽ കർഷകരെ സഹായിക്കുന്നതിനായി കേരള സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഇപ്രകാരം മരണപ്പെട്ട 568 പന്നികൾക്കുകൂടി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. പന്നികൾ മരണപ്പെട്ടാൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും നൽകേണ്ട തുകയുടെ നിരക്ക് നിശ്ചയിക്കുന്നതിനായി 07-11-2022-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആഫ്രിക്കൻ പന്നിപ്പനിയുമായി ബന്ധപ്പെട്ട് പന്നി കർഷകർ നേരിട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സംസ്ഥാനത്തെ പന്നി വളർത്തൽ കർഷകരുടെ സംഘടനകളുമായി സർക്കാർതലത്തിൽ യോഗം ചേരുകയും വളരെ ഫലപ്രദമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആഫ്രിക്കൻ പന്നിപ്പനി രോഗവുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ച പന്നിവളർത്തൽ കർഷകരുടെ ബാങ്ക് വായ്പയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള

നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. 28-05-2020-ൽ കേന്ദ്രസർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് ദയാവധം ചെയ്ത പന്നികൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. ഈ തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കേണ്ടതുണ്ട്. ഇത്തരത്തിൽ 15-11-2022 വരെ വയനാട് ജില്ലയിൽ 898 പന്നികളെ കൊന്നിട്ടുണ്ട്. ആ ഇനത്തിൽ കർഷകർക്ക് ഏകദേശം 40,20,151/- (നാൽപ്പത് ലക്ഷത്തി ഇരുപതിനായിരത്തി ഒരുനൂറ്റി അൻപത്തിയൊന്ന്) രൂപ വിതരണം ചെയ്തു. കണ്ണൂരിൽ 247 പന്നികളെ കൊല്ലുകയും ആ വകയിൽ തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ പന്നികളെ കൊന്നത്, 1340 എണ്ണം. അവിടെയും തുക കൊടുത്തിട്ടുണ്ട്. പാലക്കാട് 818 പന്നികളെ കൊന്നു. ആകെ ഏകദേശം 3808 പന്നികളെ ഇതിനകം കൊന്നിട്ടുണ്ട്. ആ കർഷകർക്കെല്ലാം കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് വരാതെതന്നെ സംസ്ഥാന ഫണ്ടുപയോഗിച്ച് നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുക ഉടൻ വിതരണം ചെയ്യുന്നതാണ്.

(9) ടാറ്റാ ഗവൺമെന്റ് ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ടാറ്റാ ആശുപത്രിയെ

സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ തെക്കിൽ വില്ലേജിൽ 540 കിടക്കകളോടുകൂടി ഒരു ആശുപത്രി ടാറ്റാ ഗ്രൂപ്പ് നിർമ്മിക്കുകയും 2020 സെപ്റ്റംബർ മാസം 10-ാം തീയതി അത് സർക്കാരിന് കൈമാറുകയും ചെയ്തു. പ്രീ-ഫാബ്രിക്കേറ്റഡ് കണ്ടെയ്നർ വഴിയാണ് അത് നിർമ്മിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം 191 തസ്തികകളും അനുവദിച്ചു. 39 ഡോക്ടർമാരുള്ളതിൽ 16 പേർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെടുന്നവരാണ്. അവരെയെല്ലാം ഇപ്പോൾ ജില്ലയിലെ പല ഭാഗങ്ങളിലുള്ള ആശുപത്രികളിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. എൻഡോസൾഫാൻ രോഗികളടക്കമുള്ള പാവപ്പെട്ട വലിയൊരു ജനവിഭാഗമുള്ള ഈ പ്രദേശത്ത് ഇങ്ങനെയൊരു ആശുപത്രി അത്യാവശ്യമാണ്. കോവിഡ് ആശുപത്രിയെന്ന നിലയിലാണ് ഇത് തുടങ്ങിയത്. കോവിഡ് വ്യാപനം ഇപ്പോൾ കുറഞ്ഞ സാഹചര്യത്തിൽ സി കാറ്റഗറി വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്ന ഈ ആശുപത്രിയിൽ രോഗികളുടെ എണ്ണം കുറഞ്ഞു. ആയതിനാൽ ഡോക്ടർമാരെയും മറ്റും അവിടെ നിന്നും പുനർവിന്യസിപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഈ ആശുപത്രി അടച്ചുപൂട്ടാൻ പോകുന്നുവെന്ന ഒരു പ്രചരണം കാസർഗോഡ് ജില്ലയിൽ

വ്യാപിച്ചിട്ടുണ്ട്. ചികിത്സയ്ക്ക് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന ജില്ലയാണ് കാസർഗോഡ്. സ്പെഷ്യാലിറ്റി ആശുപത്രികൾ, മറ്റ് ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ ഒന്നുപോലുമില്ല. ഈ ജില്ലയിലുള്ളവർ ചികിത്സയ്ക്കായി തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിലുള്ള ആശുപത്രികളെ ആശ്രയിക്കുന്ന നിലയാണുള്ളത്. അതിനാൽ ടാറ്റാ ആശുപത്രിയെ നിലനിർത്താനും അതിനെ ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താനും ആവശ്യമായ നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടത്. അതുകൊണ്ട് ചട്ടഞ്ചാൽ ടാറ്റാ ഗവൺമെന്റ് ആശുപത്രിയെ ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യ മേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് കോവിഡ് മഹാമാരിക്കാലത്ത് ടാറ്റാ കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഉദുമ നിയോജകമണ്ഡലത്തിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ തെക്കിൽ വില്ലേജിൽ 4.12 ഏക്കർ സ്ഥലത്ത് 81000 ചതുരശ്രയടി വിസ്തൃതിയിൽ ഒരു

ആശുപത്രി നിർമ്മിച്ചത്. ഇതിന്റെ പ്രവർത്തനം 2020 ഒക്ടോബർ മാസം ആരംഭിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആറ് ബ്ലോക്കുകളിലായി 128 പ്രീ-ഫാബ്രിക്കേറ്റഡ് സ്ട്രക്ചറിലുള്ള കണ്ടെയ്നറുകളിലാണ് ഈ ആശുപത്രിയുള്ളത്. പൂർണ്ണമായും കോവിഡ് ആശുപത്രിയെന്ന നിലയ്ക്കാണ് ഇതുവരെയും ഈ ആശുപത്രി പ്രവർത്തിച്ചുവന്നിരുന്നത്. നാളിതുവരെ 4987 കോവിഡ് രോഗികൾക്ക് എ, ബി, സി കാറ്റഗറികളിലായി ഇവിടെ ചികിത്സ നൽകിയിട്ടുണ്ട്. ജില്ലാ ഭരണകൂടം 12 കോടി രൂപ ചെലവഴിച്ച് ദേശീയപാതയിൽനിന്ന് ആശുപത്രിയിലേയ്ക്ക് അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഈ സ്ഥാപനം സ്ഥിതിചെയ്യുന്ന ഭൂമി ആരോഗ്യവകുപ്പിന് കൈമാറി നൽകുന്നതിന് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിൽ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ടാണ് കോവിഡ് കാലത്ത് ഈ ആശുപത്രി ആരംഭിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ 191 ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചത്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി മാനസിക വൈകല്യമുള്ള രോഗികളുടെ പുനരധിവാസത്തിനായി

ദിനപരിചരണത്തിനായുള്ള ഡേ കെയർ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 28 രോഗികൾ പകൽ ഇവിടെയുണ്ട്. രണ്ട് ബ്ലോക്കുകൾ ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. നിലവിൽ ഇവിടെ കോവിഡ് രോഗികൾ ആരുംതന്നെയില്ല. ജില്ലയിലെ മറ്റാശുപത്രികളിൽ കോവിഡ് ഇതര രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ, അവിടങ്ങളിൽ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുകയും ഇവിടത്തെ ഡോക്ടർമാരെ ജോലിക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ അവിടേയ്ക്ക് നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോവിഡ് രോഗികൾ ടാറ്റാ ആശുപത്രിയിൽ ഇല്ലെങ്കിലും രോഗികൾക്ക് ഇവിടെനിന്ന് ജനറൽ ഒ.പി. സേവനം ലഭ്യമാക്കുന്നതിന് തടസ്സമൊന്നുമില്ല. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ ഈ സ്ട്രക്ചർ ഉപയോഗിക്കാൻ കഴിയില്ല. ലീക്കേജ്, തുരുമ്പെടുക്കൽ പോലുള്ള പല പ്രശ്നങ്ങളും ഇപ്പോൾ ഇവിടെ നേരിടുന്നുണ്ട്. ദേശീയപാതയിൽനിന്നും അകലെയല്ലാത്ത ഈ ആശുപത്രിയിൽ ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്കും മറ്റുള്ളവർക്കുംവേണ്ടി ഒരു സ്പെഷ്യാലിറ്റി ആശുപത്രി ഒരുക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ആശുപത്രി പൂട്ടുകയല്ല, മറിച്ച് സ്പെഷ്യാലിറ്റി

ആശുപത്രിയായി ഇതിനെ ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി ഒരു പുതിയ കെട്ടിടം ആവശ്യമാണ്. ഇതിന്റെ ഭാഗമായി 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്. കെട്ടിടത്തിനുപുറമെ ഇവിടെ ഒരുക്കേണ്ട സി.ടി./എം.ആർ.ഐ. ഉൾപ്പെടെയുള്ള അത്യാവശ്യ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ഫണ്ട് ലഭ്യമാക്കുന്ന കാര്യവും സർക്കാർ പരിശോധിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(10) <u>മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് മലപ്പുറം ജില്ലയ്ക്ക് നൽകിയ വലിയൊരു അനുഗ്രഹമാണ് മഞ്ചേരി മെഡിക്കൽ കോളേജ്. ടി മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ നിരവധി തവണ ഞാൻ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിന്റെ ആദ്യ ബാച്ചിന്റെ റിസൽട്ട് വന്നപ്പോൾ അവർ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തായിരുന്നു. നിലവിലുണ്ടായിരുന്ന ജനറലാശുപത്രിയും മെഡിക്കൽ

കോളേജും ഇപ്പോൾ ഒന്നിച്ച് പ്രവർത്തിച്ചുവരുന്നതുപോലെയാണ്. രണ്ടുമൂന്ന് മാസങ്ങൾക്ക് മുമ്പ് ചേർന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഇപ്പോൾ നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി സ്ഥലം കണ്ടെത്താൻ ഭരണ-പ്രതിപക്ഷ കക്ഷികളും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ പ്രതിനിധിയും എം.എൽ.എ.-യും അടങ്ങുന്ന ഒരു സമിതിയെ തെരഞ്ഞെടുത്തു. അവർ 2 കിലോമീറ്റർ അടുത്തുതന്നെയുള്ള കുന്നിൻപ്രദേശത്തുള്ള 50 ഏക്കർ സ്ഥലം കണ്ടെത്തി. ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് സ്ഥലം ഉടമകൾ ജില്ലാ കളക്ടർക്കും സർക്കാരിനും എഴുതിക്കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ നേരിട്ട് കാണുകയും എല്ലാവിധ സഹായ സഹകരണങ്ങളും നൽകിവരുന്നുമുണ്ട്. ഈ 50 ഏക്കർ സ്ഥലംകൂടി ഏറ്റെടുത്ത് ജില്ലാശുപത്രി നിലനിർത്തി മെഡിക്കൽ കോളേജിന്റെ വികസനം നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന ജനറലാശുപത്രിയെ 30-01-

2014-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് മെഡിക്കൽ കോളേജായി മാറ്റി നാമകരണം ചെയ്തത്. വിശദമായ മറുപടിയായതിനാൽ സംക്ഷിപ്തരൂപം മാത്രം പറയാം. മഞ്ചേരി ജനറലാശുപത്രി മെഡിക്കൽ കോളേജാശുപത്രിയാക്കി മാറ്റിയശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖേന കോടിക്കണക്കിന് രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്. അതിന് അനുബന്ധമായി ഉപകരണങ്ങൾ വാങ്ങുകയും ജനറലാശുപത്രിയുടെ ഭാഗമായുള്ള ഡോക്ടർമാരെക്കൂടാതെ മെഡിക്കർ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിട്ടുള്ള ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ സംവിധാനങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനകരമാകുംവിധം പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കിയാണ് മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ 2021-ൽ ഈ കോളേജിനെ പി.ജി. കോളേജായി ഉയർത്തുന്നതിന് സാധിച്ചു. ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി. തുടങ്ങിയ മൂന്ന് വിഭാഗങ്ങളിലായി രണ്ട് വീതം പി.ജി. സീറ്റുകൾക്ക് ആവശ്യമായ സൗകര്യമൊരുക്കിയാണ് നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്ന്

2021-ൽ അനുമതി ലഭ്യമാക്കി ആദ്യ പി.ജി. ബാച്ച് ആരംഭിച്ചത്. ഇപ്പോൾ രണ്ടാമത്തെ പി.ജി. ബാച്ചിനുള്ള അഡ്മിഷൻ നടന്നുവരികയാണ്. ഇവിടെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിലേയ്ക്ക് വരാം. മലപ്പുറം ജില്ലയിലെ ജനങ്ങളുടെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും ഭാവിയിൽ സഹായകരമായി മാറുന്ന സർക്കാർ സംവിധാനത്തിലുള്ള മെഡിക്കൽ കോളേജുകൾ കൂടുതൽ ശക്തമായി നിലനിൽക്കേണ്ടത് ആവശ്യമാണ്. അത്തരമൊരു സാഹചര്യത്തിലേയ്ക്ക് മുന്നേറുന്നതിന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്. ഈ സംവിധാനങ്ങളെ പൂർണ്ണമായും മറ്റൊരിടത്തേയ്ക്ക് ആദ്യംമുതൽ മാറ്റി സ്ഥാപിക്കുന്നതിന് വളരെയധികം ധനവിനിയോഗം ആവശ്യമായിട്ടുണ്ട്. എന്നാൽ സൗജന്യമായി ഭൂമി സ്വീകരിക്കുന്നതിന് തടസ്സവുമില്ല. മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും ഹൗസ്‌സർജന്മാരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തിയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് മികച്ച സേവനമാണ് നിലവിൽ മെഡിക്കൽ കോളേജിൽനിന്ന് നൽകിവരുന്നത്. ഇത്തരത്തിൽ വികസനത്തിന്റെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പാതയിൽ മുന്നേറുന്ന മെഡിക്കൽ കേളേജിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്പോൾത്തന്നെ രണ്ടര ഏക്കർ സ്ഥലത്തിന്റെ അക്വിസിഷനുവേണ്ടിയുള്ള പ്രൊസീഡ്യൂവർ ആയിട്ടുണ്ട്, കണ്ടിൻജൻസി ഫണ്ട് കൈമാറിയിട്ടുണ്ട്. അതുകൊണ്ട് ആവശ്യമായ സ്ഥലം ഏറ്റെടുത്തുകൊണ്ട് കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും കൂടുതൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളൊരുക്കിയും ടി ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കുന്നതിനാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്.

11.21 എ.എം.]

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 പ്രകാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 587/2019 | ജി.ഒ.(എം.എസ്)നം.130/2019/ഹോം | 27.08.2019 | അതെ |
| 2 | 589/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 | അതെ |
| 3 | 590/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 | അതെ |

| | | | | |
|---|---|---|---|---|
| 4 | 591/2019 | ജി.ഒ.(എം.എസ്.)നം.116/2019/ഹോം | 06.08.2019 | അതെ |
| 5 | 711/2020 | ജി.ഒ.(എം.എസ്)നം.188/2020/ഹോം | 06.10.2020 | അതെ |
| 6 | 573/2022 | സ.ഉ(അച്ചടി)നം.45/2022/ആഭ്യന്തരം | 01.06.2022 | അതെ |
| 7 | 815/2022 | ജി.ഒ.(പി)നം.9/2022/പി&എആർഡി | 14.08.2022 | അല്ല |
| 8 | 817/2022 | ജി.ഒ.(പി)നം.10/2022/പി&എആർഡി | 14.08.2022 | അല്ല |
| 9 | 831/2022 | ജി.ഒ.(ആർ.ടി.)നം.2317/2022/ഹോം | 20.08.2022 | അല്ല |
| 10 | 835/2022 | ജി.ഒ.(എം.എസ്.)നം.20/2022 പി&എ.ആർ.ഡി. | 23.08.2022 | അല്ല |
| 11 | 845/2022 | ജി.ഒ.(പി) നം.19/2022/ജി.എ.ഡി. | 24.08.2022 | അല്ല |
| 12 | 847/2022 | ജി.ഒ.(ആർ.ടി.)നം.2403/2022/ഹോം | 27.08.2022 | അല്ല |
| 13 | 848/2022 | ജി.ഒ.(ആർ.ടി.)നം.2402/2022/ഹോം | 27.08.2022 | അല്ല |
| 14 | 851/2022 | ജി.ഒ.(പി ) നം. 11/2022/പി&എ.ആർ.ഡി | 28.08.2022 | അല്ല |
| 15 | 852/2022 | ജി.ഒ.(പി)നം.12/2022/പി&എ.ആർ.ഡി. | 29.08.2022 | അല്ല |
| 16 | 858/2022 | സ.ഉ.(പി)നം.63/2022/ആഭ്യന്തരം | 29.08.2022 | അല്ല |
| 17 | 864/2022 | ജി.ഒ.(ആർ.ടി.)നം.2460/2022/ഹോം | 03.09.2022 | അല്ല |
| 18 | 865/2022 | ജി.ഒ.(ആർ.ടി.)നം.2458/2022/ഹോം | 03.09.2022 | അല്ല |
| 19 | 872/2022 | ജി.ഒ.(പി)നം.65/2022/ഹോം | 12.09.2022 | അല്ല |
| 20 | 876/2022 | ജി.ഒ.(എം.എസ്)നം.16/2022/വിജ് | 12.09.2022 | അല്ല |
| 21 | 887/2022 | സ.ഉ.(കൈ)നം.3/2022/നോർക്ക | 12.09.2022 | അല്ല |
| 22 | 894/2022 | സ.ഉ.(കൈ)നം.4/2022/നോർക്ക | 15.09.2022 | അല്ല |
| 23 | 896/2022 | ജി.ഒ(ആർ.ടി.)നം.2567/2022/ഹോം | 16.09.2022 | അല്ല |
| 24 | 897/2022 | ജി.ഒ.(പി)നം.69/2022/ഹോം | 19.09.2022 | അല്ല |
| 25 | 898/2022 | ജി.ഒ.(എം.എസ്)നം.186/2022/ഹോം | 12.09.2022 | അല്ല |
| 26 | 902/2022 | ജി.ഒ.(ആർ.ടി.)നം.2588/2022/ഹോം | 20.09.2022 | അല്ല |
| 27 | 917/2022 | ജി.ഒ.(എം.എസ്)നം.188/2022/ഹോം | 19.09.2022 | അല്ല |
| 28 | 945/2022 | ഹോം-എസ്.എസ്.എ 3/162/2022/ഹോം | 30.09.2022 | അല്ല |
| 29 | 950/2022 | ഹോം-എസ്.എസ്.എ 3/163/2022/ഹോം | 01.10.2022 | അല്ല |
| 30 | 970/2022 | ജി.ഒ.(ആർ.ടി.)നം.2758/2022/ഹോം | 07.10.2022 | അല്ല |
| 31 | 1001/2022 | ഹോം എസ്.എസ്.എ 4/239/2022-ഹോം | 18.10.2022 | അല്ല |
| 32 | 1003/2022 | ജി.ഒ.(എം.എസ്.)നം.199/2022/ഹോം | 13.10.2022 | അല്ല |
| 33 | 1005/2022 | ജി.ഒ.(പി)നം.73/2022/ഹോം | 20.10.2022 | അല്ല |
| 34 | 1006/2022 | ജി.ഒ.(എം.എസ്.)നം.200/2022/ഹോം | 13.10.2022 | അല്ല |
| 35 | 1007/2022 | ഹോം-എസ്.എസ്.എ.3/163/2022-ഹോം | 20.10.2022 | അല്ല |

| | | | | |
|---|---|---|---|---|
| 36 | 1008/2022 | ജി.ഒ.(ആർ.ടി.)നം. 2880/2022/ഹോം | 20.10.2022 | അല്ല |
| 37 | 1023/2022 | ജി.ഒ.(പി)നം.74/2022/ഹോം | 21.10.2022 | അല്ല |
| 38 | 1033/2022 | ജി.ഒ.(ആർ.ടി.)നം.2884/2022/ഹോം | 20.10.2022 | അല്ല |
| 39 | 1039/2022 | ജി.ഒ.(പി)നം.78/2022/ഹോം | 28.10.2022 | അല്ല |
| 40 | 1051/2022 | ജി.ഒ.(ആർ.ടി.)നം.3043/2022/ഹോം | 01.11.2022 | അല്ല |
| 41 | 1057/2022 | ജി.ഒ.(പി)നം.80/2022/ഹോം | 03.11.2022 | അല്ല |
| 42 | 1059/2022 | ആഭ്യന്തരം-എസ്.എസ്.എ.2/67/2021-ആഭ്യന്തരം | 04.11.2022 | അല്ല |
| 43 | 1060/2022 | ജി.ഒ.(ആർ.ടി.)നം.3070/2022/ഹോം | 03.11.2022 | അല്ല |
| 44 | 1066/2022 | ജി.ഒ.(പി)നം.79/2022/ഹോം | 02.11.2022 | അല്ല |
| 45 | 1078/2022 | ജി.ഒ.(പി)നം. 82/2022/ഹോം | 09.11.2022 | അല്ല |
| 46 | 1079/2022 | ജി.ഒ.(പി)നം.83/2022/ഹോം | 09.11.2022 | അല്ല |
| 47 | 1082/2022 | ജി.ഒ.(എം.എസ്.)നം.216/2022/ഹോം | 09.11.2022 | അല്ല |
| 48 | 1084/2022 | ജി.ഒ.(എം.എസ്)നം. 215/2022/ഹോം | 09.11.2022 | അല്ല |
| 49 | 1085/2022 | ജി.ഒ.(എം.എസ്)222/2022/ഹോം | 10.11.2022 | അല്ല |
| 50 | 1087/2022 | ജി.ഒ.(എം.എസ്)നം.225/2022/ഹോം | 10.11.2022 | അല്ല |
| 51 | 1088/2022 | ജി.ഒ.(ആർ.ടി.)നം.3165/2022/ഹോം | 11.11.2022 | അല്ല |
| 52 | 1089/2022 | ജി.ഒ.(എം.എസ്)നം.224/2022/ഹോം | 10.11.2022 | അല്ല |
| 53 | 1090/2022 | ജി.ഒ.(ആർ.ടി)നം.3166/2022/ഹോം | 11.11.2022 | അല്ല |
| 54 | 1091/2022 | ജി.ഒ.(എം.എസ്)നം.219/2022/ഹോം | 10.11.2022 | അല്ല |
| 55 | 1092/2022 | ജി.ഒ.(എം.എസ്)നം.220/2022/ഹോം | 10.11.2022 | അല്ല |
| 56 | 1093/2022 | ജി.ഒ.(ആർ.ടി.)നം. 3174/2022/ഹോം | 12.11.2022 | അല്ല |
| 57 | 1094/2022 | ജി.ഒ.(ആർ.ടി.)നം.3161/2022/ഹോം | 10.11.2022 | അല്ല |
| 58 | 1095/2022 | ജി.ഒ.(എം.എസ്)നം.217/2022/ഹോം | 09.11.2022 | അല്ല |
| 59 | 1098/2022 | ജി.ഒ.(എം.എസ്)നം.228/2022/ഹോം | 15.11.2022 | അല്ല |
| 60 | 1099/2022 | ജി.ഒ.(എം.എസ്.)നം.229/2022/ഹോം | 15.11.2022 | അല്ല |
| 61 | 1101/2022 | ജി.ഒ.(ആർ.ടി.)നം.3217/2022/ഹോം | 16.11.2022 | അല്ല |
| 62 | 1103/2022 | ജി.ഒ.(ആർ.ടി.)നം.3218/2022/ഹോം | 16.11.2022 | അല്ല |
| 63 | 1104/2022 | ജി.ഒ.(ആർ.ടി)നം.3228/2022/ഹോം | 16.11.2022 | അല്ല |
| 64 | 1105/2022 | ജി.ഒ.(ആർ.ടി.)നം.3206/2022/ഹോം | 15.11.2022 | അല്ല |
| 65 | 1106/2022 | ജി.ഒ.(ആർ.ടി.)നം.3225/2022/ഹോം | 16.11.2022 | അല്ല |
| 66 | 1118/2022 | ജി.ഒ.(പി) നം.86/2022/ഹോം | 21.11.2022 | അല്ല |
| 67 | 1121/2022 | ജി.ഒ.(എം.എസ്)നം.198/2022/ഹോം | 13.10.2022 | അല്ല |
| 68 | 1124/2022 | ജി.ഒ.(ആർ.ടി.)നം.3303/2022/ഹോം | 23.11.2022 | അല്ല |
| 69 | 1128/2022 | ജി.ഒ.(എം.എസ്.)നം.239/2022/ഹോം | 24.11.2022 | അല്ല |

| | | | | |
|---|---|---|---|---|
| 70 | 1146/2022 | ജി.ഒ.(എം.എസ്.)നം.252/2022/ഹോം | 29.11.2022 | അല്ല |
| 71 | 1147/2022 | ജി.ഒ.(എം.എസ്.)നം.251/2022/ഹോം | 29.11.2022 | അല്ല |
| 72 | 1149/2022 | ജി.ഒ.(എം.എസ്)നം.249/2022/ഹോം | 29.11.2022 | അല്ല |
| 73 | 1150/2022 | ജി.ഒ.(എം.എസ്.)നം.253/2022/ഹോം | 30.11.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
01.09.2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 332/2021 | ജി.ഒ.(ആർ.ടി)നം.944/2021/ഹോം | 26.03.2021 |
| 2 | 333/2021 | ജി.ഒ.(ആർ.ടി)നം.1001/2021/ഹോം | 31.03.2021 |
| 3 | 334/2021 | ജി.ഒ.(ആർ.ടി)നം.1009/2021/ഹോം | 31.03.2021 |
| 4 | 335/2021 | ജി.ഒ.(ആർ.ടി)നം.1010/2021/ഹോം | 31.03.2021 |
| 5 | 336/2021 | ജി.ഒ.(ആർ.ടി)നം.1011/2021/ഹോം | 31.03.2021 |
| 6 | 337/2021 | ജി.ഒ.(ആർ.ടി)നം.1012/2021/ഹോം | 31.03.2021 |
| 7 | 339/2021 | ജി.ഒ.(ആർ.ടി)നം.998/2021/ഹോം | 31.03.2021 |
| 8 | 340/2021 | ജി.ഒ.(ആർ.ടി)നം.1018/2021/ഹോം | 03.04.2021 |
| 9 | 342/2021 | ജി.ഒ.(ആർ.ടി)നം.1017/2021/ഹോം | 03.04.2021 |
| 10 | 343/2021 | ജി.ഒ.(ആർ.ടി)നം.1020/2021/ഹോം | 03.04.2021 |
| 11 | 344/2021 | ജി.ഒ.(ആർ.ടി.)നം. 1028/2021/ഹോം | 03.04.2021 |
| 12 | 345/2021 | ജി.ഒ.(ആർ.ടി)നം.1027/2021/ഹോം | 03.04.2021 |
| 13 | 346/2021 | ജി.ഒ.(ആർ.ടി)നം.1019/2021/ഹോം | 03.04.2021 |
| 14 | 347/2021 | ജി.ഒ.(ആർ.ടി)നം.1025/2021/ഹോം | 03.04.2021 |
| 15 | 348/2021 | ജി.ഒ.(ആർ.ടി)നം.1026/2021/ഹോം | 03.04.2021 |
| 16 | 349/2021 | ജി.ഒ.(ആർ.ടി)നം.1024/2021/ഹോം | 03.04.2021 |
| 17 | 648/2022 | സ.ഉ.(പി)നം.16/2022/പൊ.ഭ.വ | 28.06.2022 |
| 18 | 764/2022 | വിജ്-സി1/85/2022-വിജ് | 29.07.2022 |
| 19 | 791/2022 | ജി.ഒ.(എം.എസ്)നം.171/2022/ജി.എ.ഡി. | 08.08.2022 |
| 20 | 808/2022 | ജി.ഒ.(എം.എസ്.)നം.174/2022/ജി.എ.ഡി. | 12.08.2022 |
| 21 | 820/2022 | ജി.ഒ.(എം.എസ്)നം.169/2022/ഹോം | 16.08.2022 |
| 22 | 827/2022 | ജി.ഒ.(ആർ.ടി.)നം.2316/2022/ഹോം | 20.08.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ | സ്ഥാപനം | റിപ്പോർട്ടിന്റെ | കാലതാമസ പത്രിക |
|---|---|---|---|

| നം. | | വർഷം | സ്വഭാവം | സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കൊച്ചി ഇൻഫോ പാർക്ക് | 2016-17 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | | വാർഷിക റിപ്പോർട്ട് | അതെ |
| | | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | ടെക്നോപാർക്ക് | 2021-22 | ആഡിറ്റ് റിപ്പോർട്ട് | അല്ല |

II. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 952/2022 | ജി.ഒ.(പി) നം. 3/2022/പി.എ.ഡി. | 01.10.2022 | അല്ല |
| 2. | 956/2022 | ജി.ഒ.(പി)നം. 4/2022/പി.എ.ഡി. | 01.10.2022 | അല്ല |
| 3. | 1020/2022 | ജി.ഒ.(എം.എസ്)നം.2/2022/പി.എ.ഡി. | 14.10.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ | സ്ഥാപനം | റിപ്പോർട്ടിന്റെ | കാലതാമസ പത്രിക |
|---|---|---|---|

| നം. | | വർഷം | സ്വഭാവം | സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | കൊച്ചിൻ ദേവസ്വം ബോർഡ് | 2012-13<br>2013-14 | ഭരണ റിപ്പോർട്ട് | അതെ |
| | | 2015-16 മുതൽ 2020-21 വരെ | | |
| 2 | ഗുരുവായൂർ ദേവസ്വം | 2016<br>2017<br>2018<br>2020<br>2021 | ഭരണ റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ | 2018-19 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2020-21 | വാർഷിക റിപ്പോർട്ട് | |
| 6 | സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST) | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ | എസ്.ആർ.ഒ. | വിജ്ഞാപനത്തിന്റെ | കാലതാമസ |
|---|---|---|---|

| നം. | നമ്പർ | നമ്പർ | തീയതി | പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1. | 794/2022 | ജി.ഒ.(പി)നം.214/2022/ആർ.ഡി. | 10.08.2022 | അല്ല |
| 2. | 866/2022 | ജി.ഒ.(പി)നം.229/2022/ആർ.ഡി. | 03.09.2022 | അല്ല |
| 3. | 881/2022 | സ.ഉ.(എം.എസ്)നം. 215/2022/റവന്യൂ | 09.09.2022 | അല്ല |
| 4. | 919/2022 | ജി.ഒ.(എം.എസ്)നം. 13/2022/എച്ച്.എസ്.ജി | 26.09.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

01.09.2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 809/2022 | ജി.ഒ.(പി)നം.215/2022/ആർ.ഡി. | 12.08.2022 |
| 2 | 828/2022 | ജി.ഒ. (എം.എസ്)നം.8/2022/എച്ച്എസ്ജി | 21.08.2022 |

**IV.** ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ**

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഡാം സുരക്ഷാ അതോറിറ്റി | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

**V.** വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ**

| ക്രമ | എസ്.ആർ.ഒ. | വിജ്ഞാപനത്തിന്റെ | കാലതാമസ |
|---|---|---|---|

| നം. | നമ്പർ | | | പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 872/2021 | ജി.ഒ.(എം.എസ്)നം.4/2021/പവർ | 17.02.2021 | അതെ |
| 2. | 1134/2022 | ജി.ഒ.(എം.എസ്)നം.12/2022/പവർ | 24.11.2022 | അല്ല |
| 3. | 1137/2022 | ജി.ഒ.(എം.എസ്)നം.13/2022/പവർ | 26.11.2022 | അല്ല |

**VI.** വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 730/2022 | ജി. ഒ.പി)നം.22/2022/എഫ്&ഡബ്ല്യു.എൽ.ഡി. | 08.07.2022 | അല്ല |

VII. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ**

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 779/2022 | ജി.ഒ.(പി)നം.103/2022/ടാക്സസ് | 06.08.2022 | അല്ല |
| 2. | 818/2022 | ജി.ഒ.(പി)നം.106/2022/ടാക്സസ് | 18.08.2022 | അല്ല |
| 3. | 837/2022 | ജി.ഒ.(പി)നം.108/2022/ടാക്സസ് | 25.08.2022 | അല്ല |
| 4. | 841/2022 | ജി.ഒ.(പി)നം.107/2022/ടാക്സസ് | 25.08.2022 | അല്ല |
| 5. | 861/2022 | ജി.ഒ.(പി)നം.110/2022/ടാക്സസ് | 03.09.2022 | അല്ല |
| 6. | 868/2022 | ജി.ഒ.(പി)നം.113/2022/ടാക്സസ് | 13.09.2022 | അല്ല |
| 7. | 869/2022 | ജി.ഒ.(പി)നം.114/2022/ടാക്സസ് | 13.09.2022 | അല്ല |

| | | | | |
|---|---|---|---|---|
| 8. | 870/2022 | ജി.ഒ.(പി)നം.115/2022/ടാക്സസ് | 13.09.2022 | അല്ല |
| 9. | 871/2022 | ജി.ഒ.(പി)നം.116/2022/ടാക്സസ് | 13.09.2022 | അല്ല |
| 10. | 892/2022 | സ.ഉ.(അ)നമ്പർ108/2022/ധനം | 16.09.2022 | അല്ല |
| 11. | 910/2022 | ജി.ഒ.(പി)നം.119/2022/ടാക്സസ് | 24.09.2022 | അല്ല |
| 12. | 911/2022 | ജി.ഒ.(പി)നം.120/2022/ടാക്സസ് | 24.09.2022 | അല്ല |
| 13. | 934/2022 | ജി.ഒ.(പി)നം.123/2022/ടാക്സസ് | 29.09.2022 | അല്ല |
| 14. | 940/2022 | ജി.ഒ.(പി)നം.124/2022/ടാക്സസ് | 30.09.2022 | അല്ല |
| 15. | 941/2022 | ജി.ഒ.(പി)നം.125/2022/ടാക്സസ് | 30.09.2022 | അല്ല |
| 16. | 942/2022 | ജി.ഒ.(പി)നം.126/2022/ടാക്സസ് | 30.09.2022 | അല്ല |
| 17. | 957/2022 | ജി.ഒ.(പി)നം.129/2022/ടാക്സസ് | 07.10.2022 | അല്ല |
| 18. | 958/2022 | ജി.ഒ.(പി)നം.130/2022/ടാക്സസ് | 07.10.2022 | അല്ല |
| 19. | 969/2022 | ജി.ഒ.(പി)നം.123/2022/ഫിൻ | 07.10.2022 | അല്ല |
| 20. | 1000/2022 | ജി.ഒ.(പി)നം.134/2022/ടാക്സസ് | 18.10.2022 | അല്ല |
| 21. | 1032/2022 | ജി.ഒ.(പി)നം.139/2022/ടാക്സസ് | 27.10.2022 | അല്ല |
| 22. | 1034/2022 | ജി.ഒ.(പി)നം.140/2022/ടാക്സസ് | 27.10.2022 | അല്ല |
| 23. | 1037/2022 | ജി.ഒ.(പി)നം.137/2022/ടാക്സസ് | 27.10.2022 | അല്ല |
| 24. | 1038/2022 | ജി.ഒ.(പി)നം.138/2022/ടാക്സസ് | 27.10.2022 | അല്ല |
| 25. | 1054/2022 | ജി.ഒ.(പി)നം.142/2022/ടാക്സസ് | 03.11.2022 | അല്ല |
| 26. | 1068/2022 | ജി.ഒ.(പി)നം.143/2022/ടാക്സസ് | 04.11.2022 | അല്ല |
| 27. | 1069/2022 | ജി.ഒ.(പി)നം.144/2022/ടാക്സസ് | 04.11.2022 | അല്ല |
| 28. | 1123/2022 | ജി.ഒ.(പി) നം.149/2022/ടാക്സസ് | 23.11.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2021-22 | വാർഷികറിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

**VIII.** നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

### i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 793/2022 | ജി.ഒ.(പി)നം.14/2022/ഐ.ഡി | 10.08.2022 | അല്ല |
| 2. | 967/2022 | ജി.ഒ.(പി)നം.18/2022/ഐ.ഡി | 29.09.2022 | അല്ല |
| 3. | 1011/2022 | ജി.ഒ.(പി)നം.19/2022/ഐ.ഡി | 21.10.2022 | അല്ല |
| 4. | 1067/2022 | സ.ഉ.(പി)നം.20/2022/വ്യവ. | 31.10.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

01.09.2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 812/2022 | ജി.ഒ.(പി)നം.16/2022/ലോ | 17.08.2022 |
| 2. | 813/2022 | ജി.ഒ.(പി)നം.16/2022/ലോ | 17.08.2022 |
| 3. | 825/2022 | ജി.ഒ. | 20.08.2022 |

### ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2011-12 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2011-12 മുതൽ 2014-15 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2016-17 മുതൽ 2018-19 വരെ | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 5 | പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി | 2016-17<br>2019-20 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | തിരുവനന്തപുരം ജില്ലാ നിയമ സേവന അതോറിറ്റി | 2017-18 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് | 2018-19 മുതൽ 2020-21 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 10 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക കണക്കുകൾ | അതെ |
| 13 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 15 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 16 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 17 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ |
| 18 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 19 | മലബാർ സിമെന്റ്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 20 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| | | | | |
|---|---|---|---|---|
| | ലിമിറ്റഡ് | | | |
| 21 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 22 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| | | 2021-22 | | അല്ല |
| 23 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 24 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-22 | വാർഷിക റിപ്പോർട്ടും കണക്കും | അല്ല |
| 25 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 2021-22 | ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 26 | കേരള ക്ലേയ്സ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

**IX.** തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 639/2020 | ജി.ഒ. (പി)നം.57/2020/എൽ.എസ്.ജി.ഡി. | 24.09.2020 | അതെ |
| 2. | 843/2022 | സ.ഉ.(അച്ചടി)നം. 67/2022/ത.സ്വ.ഭ.വ. | 24.08.2022 | അല്ല |
| 3. | 918/2022 | ജി.ഒ. (പി)നം.70/2022/എൽ.എസ്.ജി.ഡി. | 24.09.2022 | അല്ല |
| 4. | 989/2022 | ജി.ഒ.(പി)നം.128/2022/ടാക്സസ് | 07.10.2022 | അല്ല |
| 5. | 990/2022 | ജി.ഒ.(പി)നം.132/2022/ടാക്സസ് | 12.10.2022 | അല്ല |
| 6. | 1053/2022 | ജി.ഒ.(പി)നം.136/2022/ടാക്സസ് | 25.10.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

01.09.2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 736/2022 | സ.ഉ(അച്ചടി) നം. 62/2022/തസ്വഭവ | 26.07.2022 |
| 2. | 773/2022 | സ.ഉ(അച്ചടി) നം. 64/2022/തസ്വഭവ | 02.08.2022 |
| 3. | 814/2022 | സ.ഉ.(അച്ചടി)നം.65/2022/തസ്വഭവ | 09.08.2022 |

**X.** കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 2020-21 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ടും കണക്കും | അല്ല |
| 5 | കേരള കാർഷിക സർവ്വകലാശാല | 2021-22 | വാർഷിക കണക്കുകൾ | അല്ല |

**XI.** തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ്

ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 999/2022 | സ.ഉ .(അച്ചടി )നമ്പർ 29/2022/മ.തു.വ | 6.10.2022 | അല്ല |
| 2 | 1026/2022 | ജി.ഒ.(പി) നം.5/2022/സിഎൽഎഡി. | 26.10.2022 | അല്ല |

XII. സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ് .ആർ.ഒ. നം. | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 146/2022 | ജി.ഒ.(പി)നം.141/2021/കോ-ഓപ്പ് | 21.09.2021 | അതെ |
| 2 | 563/2022 | ജി.ഒ.(പി)നം.65/2022/കോ-ഓപ്പ് | 05.05.2022 | അല്ല |
| 3 | 826/2022 | ജി.ഒ.(പി)നം.147/2022/കോ-ഓപ്പ് | 20.08.2022 | അല്ല |
| 4 | 839/2022 | ജി.ഒ.(പി)നം.148/2022/കോ-ഓപ്പ് | 24.08.2022 | അല്ല |
| 5 | 850/2022 | ജി.ഒ.(പി)നം.149/2022/കോ-ഓപ്പ് | 25.08.2022 | അല്ല |
| 6 | 853/2022 | ജി.ഒ.(പി)നം.109/2022/നി.വ. | 31.08.2022 | അല്ല |
| 7 | 854/2022 | ജി.ഒ.(പി)നം.155/2022/കോ-ഓപ്പ് | 30.08.2022 | അല്ല |
| 8 | 862/2022 | ജി.ഒ.(പി)നം.111/2022/ടാക്സസ് | 03.09.2022 | അല്ല |

| | | | | |
|---|---|---|---|---|
| 9 | 863/2022 | ജി.ഒ.(പി)നം.112/2022/ടാക്സസ് | 03.09.2022 | അല്ല |
| 10 | 867/2022 | ജി.ഒ.(പി)നം.151/2022/കോ-ഓപ്പ് | 27.08.2022 | അല്ല |
| 11 | 877/2022 | ജി.ഒ.(പി)നം.153/2022/കോ-ഓപ്പ് | 27.08.2022 | അല്ല |
| 12 | 878/2022 | ജി.ഒ.(പി)നം.143/2022/കോ-ഓപ്പ് | 12.08.2022 | അല്ല |
| 13 | 879/2022 | ജി.ഒ.(പി)നം.152/2022/കോ-ഓപ്പ് | 27.08.2022 | അല്ല |
| 14 | 882/2022 | ജി.ഒ.(പി)നം.157/2022/കോ-ഓപ്പ് | 14.09.2022 | അല്ല |
| 15 | 884/2022 | ജി.ഒ.(പി)നം.124/2022/കോ-ഓപ്പ് | 08.07.2022 | അല്ല |
| 16 | 885/2022 | ജി.ഒ.(പി)നം.129/2022/കോ-ഓപ്പ് | 15.07.2022 | അല്ല |
| 17 | 886/2022 | ജി.ഒ.(പി)നം.126/2022/കോ-ഓപ്പ് | 11.07.2022 | അല്ല |
| 18 | 888/2022 | ജി.ഒ.(പി)നം.158/2022/കോ-ഓപ്പ് | 15.09.2022 | അല്ല |
| 19 | 889/2022 | ജി.ഒ.(പി)നം. 117/2022/ടാക്സസ് | 17.09.2022 | അല്ല |
| 20 | 890/2022 | ജി.ഒ.(പി)നം. 118/2022/ടാക്സസ് | 17.09.2022 | അല്ല |
| 21 | 895/2022 | ജി.ഒ.(പി)നം.150/2022/കോ-ഓപ്പ് | 26.08.2022 | അല്ല |
| 22 | 899/2022 | ജി.ഒ.(പി)നം.160/2022/കോ-ഓപ്പ് | 19.09.2022 | അല്ല |
| 23 | 901/2022 | ജി.ഒ.(പി)നം.146/2022/കോ-ഓപ്പ് | 19.08.2022 | അല്ല |
| 24 | 909/2022 | ജി.ഒ.(പി)നം.159/2022/കോ-ഓപ്പ് | 16.09.2022 | അല്ല |
| 25 | 914/2022 | ജി.ഒ.(പി)നം. 121/2022/ടാക്സസ് | 25.09.2022 | അല്ല |
| 26 | 915/2022 | ജി.ഒ.(പി)നം. 122/2022/ടാക്സസ് | 25.09.2022 | അല്ല |
| 27 | 925/2022 | ജി.ഒ.(പി)നം.181/2022/കോ-ഓപ്പ് | 29.09.2022 | അല്ല |
| 28 | 928/2022 | ജി.ഒ.(പി)നം.161/2022/കോ-ഓപ്പ് | 20.09.2022 | അല്ല |
| 29 | 929/2022 | ജി.ഒ.(പി)നം.168/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 30 | 930/2022 | ജി.ഒ.(പി)നം.164/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 31 | 931/2022 | ജി.ഒ.(പി)നം.171/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 32 | 932/2022 | ജി.ഒ.(പി)നം.170/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 33 | 933/2022 | ജി.ഒ.(പി)നം.169/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 34 | 935/2022 | ജി.ഒ.(പി)നം.165/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 35 | 936/2022 | ജി.ഒ.(പി) നം.162/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 36 | 938/2022 | ജി.ഒ.(പി)നം.163/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 37 | 939/2022 | ജി.ഒ.(പി)നം.166/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 38 | 943/2022 | ജി.ഒ.(പി)നം.173/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 39 | 944/2022 | ജി.ഒ.(പി)നം.172/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 40 | 954/2022 | ജി.ഒ.(പി)നം.156/2022/കോ-ഓപ്പ് | 11.09.2022 | അല്ല |
| 41 | 959/2022 | ജി.ഒ.(പി)നം.167/2022/കോ-ഓപ്പ് | 22.09.2022 | അല്ല |
| 42 | 960/2022 | ജി.ഒ.(പി)നം.175/2022/കോ-ഓപ്പ് | 23.09.2022 | അല്ല |

| | | | | |
|---|---|---|---|---|
| 43 | 961/2022 | ജി.ഒ.(പി)നം.176/2022/കോ-ഓപ്പ് | 26.09.2022 | അല്ല |
| 44 | 962/2022 | ജി.ഒ.(പി)നം.178/2022/കോ-ഓപ്പ് | 26.09.2022 | അല്ല |
| 45 | 963/2022 | ജി.ഒ.(പി)നം.179/2022/കോ-ഓപ്പ് | 28.09.2022 | അല്ല |
| 46 | 964/2022 | ജി.ഒ.(പി)നം.180/2022/കോ-ഓപ്പ് | 28.09.2022 | അല്ല |
| 47 | 965/2022 | ജി.ഒ.(പി)നം.184/2022/കോ-ഓപ്പ് | 30.09.2022 | അല്ല |
| 48 | 966/2022 | ജി.ഒ.(പി)നം.183/2022/കോ-ഓപ്പ് | 30.09.2022 | അല്ല |
| 49 | 968/2022 | ജി.ഒ.(പി) നം.182/2022/കോ-ഓപ്പ് | 29.09.2022 | അല്ല |
| 50 | 974/2022 | ജി.ഒ.(പി)നം.188/2022/കോ-ഓപ്പ് | 10.10.2022 | അല്ല |
| 51 | 975/2022 | ജി.ഒ.(പി)നം.174/2022/കോ-ഓപ്പ് | 23.09.2022 | അല്ല |
| 52 | 978/2022 | ജി.ഒ.(പി)നം.177/2022/കോ-ഓപ്പ് | 26.09.2022 | അല്ല |
| 53 | 979/2022 | ജി.ഒ.(പി)നം.186/2022/കോ-ഓപ്പ് | 03.10.2022 | അല്ല |
| 54 | 980/2022 | ജി.ഒ.(പി)നം.187/2022/കോ-ഓപ്പ് | 10.10.2022 | അല്ല |
| 55 | 982/2022 | ജി.ഒ.(പി)നം.189/2022/കോ-ഓപ്പ് | 10.10.2022 | അല്ല |
| 56 | 993/2022 | ജി.ഒ.(പി)നം.191/2022/കോ-ഓപ്പ് | 12.10.2022 | അല്ല |
| 57 | 998/2022 | ജി.ഒ.(പി)നം.194/2022/കോ-ഓപ്പ് | 18.10.2022 | അല്ല |
| 58 | 1009/2022 | ജി.ഒ.(പി)നം.193/2022/കോ-ഓപ്പ് | 17.10.2022 | അല്ല |
| 59 | 1018/2022 | ജി.ഒ.(പി)നം.195/2022/കോ-ഓപ്പ് | 18.10.2022 | അല്ല |
| 60 | 1022/2022 | ജി.ഒ.(പി)നം.196/2022/കോ-ഓപ്പ് | 19.10.2022 | അല്ല |
| 61 | 1040/2022 | ജി.ഒ.(പി)നം.192/2022/കോ-ഓപ്പ് | 14.10.2022 | അല്ല |
| 62 | 1047/2022 | ജി.ഒ.(പി)നം. 141/2022/ടാക്സസ് | 31.10.2022 | അല്ല |
| 63 | 1048/2022 | ജി.ഒ.(പി)നം.198/2022/കോ-ഓപ്പ് | 31.10.2022 | അല്ല |
| 64 | 1056/2022 | ജി.ഒ.(പി)നം.200/2022/കോ-ഓപ്പ് | 04.11.2022 | അല്ല |
| 65 | 1058/2022 | ജി.ഒ.(പി)നം.201/2022/കോ-ഓപ്പ് | 04.11.2022 | അല്ല |
| 66 | 1061/2022 | ജി.ഒ.(പി)നം.203/2022/കോ-ഓപ്പ് | 04.11.2022 | അല്ല |
| 67 | 1064/2022 | ജി.ഒ.(പി)നം.204/2022/കോ-ഓപ്പ് | 04.11.2022 | അല്ല |
| 68 | 1065/2022 | ജി.ഒ.(പി)നം.202/2022/കോ-ഓപ്പ് | 04.11.2022 | അല്ല |
| 69 | 1073/2022 | ജി.ഒ.(പി)നം.205/2022/കോ-ഓപ്പ് | 07.11.2022 | അല്ല |
| 70 | 1081/2022 | ജി.ഒ.(പി)നം.206/2022/കോ-ഓപ്പ് | 09.11.2022 | അല്ല |
| 71 | 1107/2022 | ജി.ഒ.(പി)നം.197/2022/കോ-ഓപ്പ് | 19.10.2022 | അല്ല |
| 72 | 1110/2022 | ജി.ഒ.(പി)നം.207/2022/കോ-ഓപ്പ് | 18.11.2022 | അല്ല |
| 73 | 1113/2022 | ജി.ഒ.(പി)നം.208/2022/കോ-ഓപ്പ് | 18.11.2022 | അല്ല |
| 74 | 1114/2022 | ജി.ഒ.(പി)നം.209/2022/കോ-ഓപ്പ് | 19.11.2022 | അല്ല |
| 75 | 1115/2022 | ജി.ഒ.(പി) നം.147/2022/ടാക്സസ് | 19.11.2022 | അല്ല |
| 76 | 1116/2022 | ജി.ഒ.(പി) നം.148/2022/ടാക്സസ് | 19.11.2022 | അല്ല |
| 77 | 1120/2022 | ജി.ഒ.(പി)നം.212/2022/കോ-ഓപ്പ് | 22.11.2022 | അല്ല |

| | | | | |
|---|---|---|---|---|
| 78 | 1122/2022 | ജി.ഒ.(പി)നം.210/2022/കോ-ഓപ്പ് | 22.11.2022 | അല്ല |
| 79 | 1126/2022 | ജി.ഒ.(പി) നം.213/2022/കോ-ഓപ്പ് | 23.11.2022 | അല്ല |
| 80 | 1132/2022 | ജി.ഒ.(പി) നം.217/2022/കോ-ഓപ്പ് | 25.11.2022 | അല്ല |
| 81 | 1140/2022 | ജി.ഒ.(പി) നം.151/2022/ടാക്സസ് | 27.11.2022 | അല്ല |
| 82 | 1141/2022 | ജി.ഒ.(പി)നം.216/2022/കോ-ഓപ്പ് | 25.11.2022 | അല്ല |
| 83 | 1153/2022 | ജി.ഒ.(പി)നം.221/2022/കോ-ഓപ്പ് | 30.11.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

01.09.2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നം. | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 769/2022 | ജി.ഒ.(പി)നം.139/2022/കോ-ഓപ്പ് | 02.08.2022 |
| 2 | 780/2022 | ജി.ഒ.(പി)നം.140/2022/കോ-ഓപ്പ് | 05.08.2022 |
| 3 | 799/2022 | ജി.ഒ.(പി)നം.112/2022/കോ-ഓപ്പ് | 22.06.2022 |
| 4 | 800/2022 | ജി.ഒ.(പി)നം.109/2022/കോ-ഓപ്പ് | 15.06.2022 |
| 5 | 801/2022 | ജി.ഒ.(പി)നം.116/2022/കോ-ഓപ്പ് | 23.06.2022 |
| 6 | 804/2022 | ജി.ഒ.(പി)നം.127/2022/കോ-ഓപ്പ് | 15.07.2022 |
| 7 | 805/2022 | ജി.ഒ.(പി)നം.128/2022/കോ-ഓപ്പ് | 15.07.2022 |
| 8 | 823/2022 | ജി.ഒ.(പി)നം.130/2022/കോ-ഓപ്പ് | 22.07.2022 |
| 9 | 824/2022 | ജി.ഒ.(പി)നം.145/2022/കോ-ഓപ്പ് | 17.08.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2018-19 മുതൽ 2020-21 വരെ | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| | | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 2 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 3 | കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 4 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

**XIII.** ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 819/2022 | ജി.ഒ. (പി)നം.6/2022/എസ്.ജെ.ഡി. | 12.08.2022 | അല്ല |

### ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 2018-19 മുതൽ 2020-21 വരെ | സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കണ്ണൂർ സർവ്വകലാശാല | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള സർവ്വകലാശാല | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |

**XIV.** പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| . | | | | യെന്ന് |
|---|---|---|---|---|
| 1 | 806/2022 | ജി.ഒ. (എം.എസ്)നം.34/2022/എൽ.ബി.ആർ. | 08.08.2022 | അതെ |
| 2 | 807/2022 | ജി.ഒ.(പി)നം.82/2022/എൽ.ബി.ആർ | 10.08.2022 | അല്ല |
| 3 | 860/2022 | ജി.ഒ.(പി)നം.84/2022/എൽ.ബി.ആർ | 02.09.2022 | അല്ല |
| 4 | 874/2022 | ജി.ഒ.(പി)നം.87/2022/എൽ.ബി.ആർ | 12.09.2022 | അല്ല |
| 5 | 875/2022 | ജി.ഒ.(പി)നം.86/2022/എൽ.ബി.ആർ | 12.09.2022 | അല്ല |
| 6 | 920/2022 | ജി.ഒ.(പി) നം.88/2022/എൽ.ബി.ആർ. | 23.09.2022 | അല്ല |
| 7 | 921/2022 | ജി.ഒ.(പി)നം. 89/2022/എൽ.ബി.ആർ. | 23.09.2022 | അല്ല |
| 8 | 992/2022 | സ.ഉ.(അച്ചടി)നം.100/2022/തൊഴിൽ. | 10.10.2022 | അല്ല |
| 9 | 1024/2022 | ജി.ഒ.(പി)നം.102/2022/എൽ.ബി.ആർ | 21.10.2022 | അല്ല |
| 10 | 1025/2022 | ജി.ഒ.(പി)നം.103/2022/എൽ.ബി.ആർ. | 21.10.2022 | അല്ല |
| 11 | 1029/2022 | ജി.ഒ.(പി)നം.104/2022/എൽ.ബി.ആർ. | 25.10.2022 | അല്ല |
| 12 | 1036/2022 | ജി.ഒ.(പി)നം.105/2022/എൽ.ബി.ആർ. | 25.10.2022 | അല്ല |
| 13 | 1042/2022 | ജി.ഒ.(പി)നം.106/2022/എൽ.ബി.ആർ. | 26.10.2022 | അല്ല |
| 14 | 1100/2022 | ജി.ഒ.(പി) നം.107/2022/എൽ.ബി.ആർ. | 10.11.2022 | അല്ല |
| 15 | 1102/2022 | ജി.ഒ.(പി)നം.108/2022/എൽ.ബി.ആർ. | 15.11.2022 | അല്ല |
| 16 | 1129/2022 | ജി.ഒ.(പി)നം.110/2022/എൽ.ബി.ആർ. | 22.11.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
01.09.2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 790/2022 | ജി.ഒ.(പി) നം.78/2022/എൽ.ബി.ആർ. | 02.08.2022 |
| 2 | 792/2022 | ജി.ഒ.(പി) നം.79/2022/എൽ.ബി.ആർ. | 04.08.2022 |
| 3 | 796/2022 | ജി.ഒ.(പി) നം.80/2022/എൽ.ബി.ആർ. | 04.08.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 2 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് | 2018-19 മുതൽ 2020-21 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| | | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 5 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 6 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-22 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

**XV.** പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 994/2022 | സ.ഉ.(അച്ചടി)നം.2/2022/എസ്&വൈഎ. | 10.10.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് | 2019-20<br>2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| | | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല |

XVI. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1062/2022 | ജി.ഒ.(പി)നം.12/2022/ഡി.ഡി. | 02.11.2022 | അല്ല |
| 2 | 1076/2022 | ജി.ഒ.(പി)നം.13/2022/ഡി.ഡി. | 04.11.2022 | അല്ല |

വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

01.09.2022-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 667/2022 | ജി.ഒ.(പി) നം.8/2022/ഡി.ഡി. | 29.06.2022 |
| 2 | 701/2022 | ജി.ഒ.(പി)നം.9/2022/ഡി.ഡി. | 06.07.2022 |
| 3 | 797/2022 | ജി.ഒ.(പി)നം. 10/2022/ഡി.ഡി. | 11.08.2022 |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 787/2020 | ജി.ഒ.(പി)നം.60/2020/ട്രാൻസ് | 16.11.2020 | അതെ |
| | -- | എസ്3/14027/17 | 16.07.2020 | അതെ |
| 2 | 816/2022 | ജി.ഒ.(പി)നം.25/2022/ട്രാൻസ് | 17.08.2022 | അല്ല |
| 3 | 916/2022 | ജി.ഒ.(പി)നം.26/2022/ട്രാൻസ് | 25.09.2022 | അല്ല |
| 4 | 1063/2022 | ജി.ഒ.(പി) നം.31/2022/ട്രാൻസ് | 04.11.2022 | അല്ല |
| 5 | 1144/2022 | ജി.ഒ.(പി)നം.33/2022/ട്രാൻസ് | 27.11.2022 | അല്ല |

XVIII. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ

മേശപ്പുറത്തുവയ്ക്കുന്നു:

## 1. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 775/2022 | ജി.ഒ.(പി)നം.38/2022/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 10.07.2022 | അല്ല |
| 2 | 776/2022 | ജി.ഒ.(പി)നം.38/2022/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 10.07.2022 | അല്ല |
| 3 | 777/2022 | സ.ഉ.(അച്ചടി) നം.44/2022/ആ.കു.വ. | 03.08.2022 | അല്ല |
| 4 | 830/2022 | ജി.ഒ.(പി)നം.12/2022/ഡബ്ല്യൂ.സി.ഡി.ഡി | 22.08.2022 | അല്ല |
| 5 | 971/2022 | ജി.ഒ.(പി)നം.48/2022/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 24.08.2022 | അല്ല |
| 6 | 1117/2022 | ജി.ഒ.(പി)നം.64/2022/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 18.11.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | ഔഷധി | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XIX. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ | എസ്.ആർ.ഒ. | വിജ്ഞാപനത്തിന്റെ | കാലതാമസ |
|---|---|---|---|

| നം. | നമ്പർ | നമ്പർ | തീയതി | പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| 1 | 836/2022 | ജി.ഒ.(പി)നം.9/2022/എഫ്.സി.എസ്.ഡി. | 24.08.2022 | അല്ല |
| 2 | 856/2022 | ജി.ഒ.(പി)നം.10/2022/എഫ്.സി.എസ്.ഡി. | 27.08.2022 | അല്ല |

**XX.** മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

**ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നം. | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1010/2022 | ജി.ഒ.(പി)നം.30/2022/എഫ്&പി.ഡി. | 18.10.2022 | അല്ല |
| 2 | 1035/2022 | സ.ഉ .(അച്ചടി )നമ്പർ 31/2022/മ.ഇ.വ | 27.10.2022 | അല്ല |
| 3 | 1049/2022 | ജി.ഒ.(പി)നം.32/2022/എഫ്&പി.ഡി. | 29.10.2022 | അല്ല |
| 4 | 1083/2022 | ജി.ഒ.(പി)നം.33/2022/എഫ്&പി.ഡി. | 09.11.2022 | അല്ല |

XXI. നിയമസഭാ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച ആക്റ്റുകൾ

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 12 | 2022-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് |
| 2 | 2022 | 13 | 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് |
| 3 | 2022 | 14 | 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 4 | 2022 | 15 | 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ് |
| 5 | 2022 | 16 | 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് |
| 6 | 2022 | 17 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് അസ് റെസ്പെക്ട്സ് സെർട്ടെയിൻ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമെൻഡ്മെന്റ് ആക്റ്റ്, 2022 |
| 7 | 2022 | 18 | 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്റ്റ് |
| 8 | 2022 | 19 | 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് |

## (2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 199, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 5086, പത്തൊൻപതാം സമ്മേളനത്തിലെ 1667, 1670, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2055, 2058, 2059, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2100, അഞ്ചാം സമ്മേളനത്തിലെ 142, 2017,

2064, 3786, ആറാം സമ്മേളനത്തിലെ 2027 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 836, 4438 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1396, 3086 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3782, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3424, മൂന്നാം സമ്മേളനത്തിലെ 2408, 5697, നാലാം സമ്മേളനത്തിലെ 474, 477, 493, 2409, 2479, 2481, 2483, 2496, 2498, 2502, അഞ്ചാം സമ്മേളനത്തിലെ 390, 391, 415, 435, 487, 512, 513, 514, 515, 516, 521, 522, 2387, 2402, 2406, 2415, 4097, 4102, 4104, 4146 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 610, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 544, പത്താം സമ്മേളനത്തിലെ 4719 പതിനഞ്ചാം സമ്മേളനത്തിലെ 583, പതിനാറാം സമ്മേളനത്തിലെ 565, 4174, 4191 എന്നീ നമ്പരുകളിലുള്ള

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1618, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2307, 4063 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3150, 3156, 3196 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1170, 1175, 1177, 1241, 4804, ആറാം സമ്മേളനത്തിലെ 1204, 1271, 1274 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2090, 2130, 2149, 3223, 3853, 3928, 3935, ആറാം സമ്മേളനത്തിലെ 258, 2117, 2121 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## (3) ലിസ്റ്റ്-3 പ്രകാരം (ചട്ടം 236 (5) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2016-17 | 1 | 72 |
| XIV - ആഭ്യന്തരകാര്യങ്ങൾ | 2021-22 | 1 | 20 |

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2021-22 | 1 | 44 |

3. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |

| | | | |
|---|---|---|---|
| VIII - സാമ്പത്തികകാര്യങ്ങൾ | 2020-21 | 5 | 1-4 |

4. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV - വ്യവസായവും ധാതുക്കളും | 2019-20 | 4 | 46-49,54 |
| | 2020-21 | 5 | 27 |
| | 2021-22 | 1 | 21,30,47,50,51 |

5. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2020-21 | 5 | 10-25,36-52 |

| | | | |
|---|---|---|---|
| VIII – സാമ്പത്തികകാര്യങ്ങൾ | 2021-22 | 1 | 57-59 |

6. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I- കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2015-16 | 5 | 22 |
| | 2017-18 | 2 | 5 |
| | 2019-20 | 4 | 15, 22 |
| | 2021-22 | 1 | 1, 3, 8-10, 12-14, 16, 17, 20, 23-25, 27, 30, 31, 34-36, 39-41, 46, 49, 51, 57 |

7. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2021-22 | 1 | 85-140 |

| | | | |
|---|---|---|---|
| VIII - സാമ്പത്തിക കാര്യങ്ങൾ | 2021-22 | 1 | 11-13 |

8. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2020-21 | 5 | 52-54, 59, 81, 94 |
| | 2021-22 | 1 | 61 |

9. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2014-15 | 4 | 12 |
| | 2018-19 | 3 | 12,13 |
| | 2019-20 | 4 | 7 |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2021-22 | 1 | 3,13,15,18,19 |

10. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XI - ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2021-22 | 1 | 25,29 |

11. മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2021-22 | 1 | 72,73,78-84 |

## (4) ലിസ്റ്റ് 4 പ്രകാരം (ചട്ടം 236(6) പ്രകാരമുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് | 2019-20 | |

| | | |
|---|---|---|
| ഭരണപരമായ സർവ്വീസുകളും | (കാലതാമസ പത്രിക സഹിതം) | അച്ചടി വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | ,, | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (ഇൻഫോപാർക്ക്) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2020-21 (കാലതാമസ പത്രിക സഹിതം | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (കേരള സംസ്ഥാന ഐ.ടി. മിഷൻ) |
| ,, | ,, | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (സി-ഡിറ്റ്) |
| ,, | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| ,, | ,, | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (കേരള സംസ്ഥാന ഐ.ടി.മിഷൻ) |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2021-22 (കാലതാമസ പത്രിക സഹിതം) | അച്ചടി വകുപ്പ് |
| ,, | ,, | സ്റ്റേഷനറി വകുപ്പ് |
| XLI - ഗതാഗതം | ,, | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) |

2. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ,

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX- ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | റവന്യൂ (ദേവസ്വം) വകുപ്പ് |

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI - ഭവന നിർമ്മാണം | 2021-22 (കാലതാമസ പത്രിക സഹിതം) | ഭവന നിർമ്മാണ വകുപ്പ് (കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം) |

4. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2012-13 | വ്യവസായ വകുപ്പ് [കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)] |

| | | |
|---|---|---|
| ,, | 2014-15 | ,, |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | 2015-16 | വ്യവസായ വകുപ്പ് [കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)] |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | 2016-17 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | 2017-18 | വ്യവസായ വകുപ്പ് (മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ) |
| ,, | 2017-18 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| XXXVII - വ്യവസായങ്ങൾ | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)] |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ )] |
| ,, | ,, | വ്യവസായ വകുപ്പ് |

| | | |
|---|---|---|
| | | (കേരള കരകൗശല വികസന കോർപ്പറേഷൻ) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>(കെ.സി.സി.പി. ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>(ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>(കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് ) |
| ,, | 2019-20<br>( കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br><br>(മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ) |
| | ,, | വ്യവസായ വകുപ്പ്<br><br>(കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2019-20<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br><br>(കേരള സിറാമിക്സ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>[കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ )] |
| ,, | ,, | വ്യവസായ വകുപ്പ്<br>(കെസിസിപി ലിമിറ്റഡ്) |
| ,, | ,, | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് |
| ,, | 2020-21<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br><br>(കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>(മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ്<br><br>(കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് |

| | | |
|---|---|---|
| | | കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള കരകൗശല വികസന കോർപ്പറേഷൻ) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ)] |
| ,, | ,, | വ്യവസായ വകുപ്പ് (കെസിസിപി ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ് (ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് |
| ,, | 2021 -22 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സിറാമിക്സ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കെസിസിപി ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്) |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2018 -19 (കാലതാമസ പത്രിക സഹിതം) | കേരള കാർഷിക സർവ്വകലാശാല |

6. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XL- തുറമുഖങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | തുറമുഖ വകുപ്പ് |

7. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് |

| | | |
|---|---|---|
| | | (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ്<br><br>(കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | ,, | തൊഴിലും നൈപുണ്യവും വകുപ്പ്<br>(കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | 2012-13 | തൊഴിലും നൈപുണ്യവും വകുപ്പ്<br><br>(കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2013-14 | തൊഴിലും നൈപുണ്യവും വകുപ്പ്<br><br>(കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി , കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| ,, | 2015-16 | ,, |
| ,, | 2016-17 | ,, |
| ,, | 2017-18 | ,, |

8. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം |
|---|---|

| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
|---|---|---|
| XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | വനിത ശിശുവികസന വകുപ്പ് |

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

1. കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

3. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ)ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ഞാൻ 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

5. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിനാല് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിനാല് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

11.27 എ.എം.]

## VIII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി

(ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ മോട്ടോർ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാന സർക്കാർ 1985-ൽ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്ടിനും പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. 1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയും 2004-ലെ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയും 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ

ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം ചികിത്സാ ധനസഹായം 10,000/- രൂപയും മരണാനന്തര സഹായം 25,000/- രൂപയുമാണ് നിലവിലുള്ളത്. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ചികിത്സാ സഹായം പരമാവധി 10,000/- രൂപയും മരണാനന്തര സഹായം 5,000/- രൂപയുമാണുള്ളത്. എന്നാൽ ടി ബിൽ പാസ്സായാൽ ഈ രണ്ട് പദ്ധതിയിലേയും തൊഴിലാളികൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുകയും ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ വരെയും മരണാനന്തര സഹായമായി ഒരു ലക്ഷം രൂപയും മറ്റെല്ലാ ആനുകൂല്യങ്ങളും ലഭിക്കുകയും വലിയ തരത്തിലുള്ള മാറ്റങ്ങളിലൂടെ തൊഴിലാളികൾക്ക് ഗുണം ലഭിക്കുകയും ചെയ്യും. 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 19 കേരള സംസ്ഥാനത്തെ അബ്കാരിത്തൊഴിലാളികളുടെ ക്ഷേമത്തിനും പെൻഷൻ നൽകുന്നതിനുമുള്ളതാണ്. 1990-ലാണ് അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. 1989-ലെ അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം അബ്കാരിത്തൊഴിലാളിയെന്ന നിർവ്വചനത്തിൽ "ലേബൽ ഒട്ടിക്കൽ, വെയർഹൗസുകളിലോ മൊത്ത

വിൽപ്പനശാലകളിലോ ബാറുകളിലോ ക്ലബ്ബുകളിലോ" എന്നീ വാക്കുകളും ചിഹ്നങ്ങളും കൂട്ടിച്ചേർക്കുന്നതിലൂടെ കൂടുതൽ തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കാനും തന്മൂലം ബോർഡിൽനിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ ഈ വിഭാഗം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോവർഷവും അംഗത്വം നേടിയവരുടെയും അംഗത്വം നീക്കം ചെയ്തവരുടെയും പരാതി പരിഹരിച്ച് ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നു. ഈ രണ്ട് ഭേദഗതികളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ചാണ് ഞാൻ ചുരുക്കി സൂചിപ്പിച്ചത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബിൽ യഥാർത്ഥത്തിൽ മദ്യമുതലാളിമാരെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഉദാഹരണമായി, നാലാം വകുപ്പിലെ ഒന്നാം ഉപവകുപ്പുപ്രകാരം തൊഴിലുടമയുടെ അംശദായം

10% ആക്കുകയും തൊഴിലാളികളുടേത് 11.5% ആക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സത്യത്തിൽ തൊഴിലാളികളെ സംരക്ഷിക്കുന്ന ഒരു ബില്ലാണെങ്കിൽ ഇത്തരത്തിൽ തീരുമാനിക്കുമോ? അതുപോലെ, രണ്ടാം വകുപ്പിലെ 'എം' ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൽ "ഓവർടൈം അലവൻസ്" എന്ന വാക്കുകൾ ഒഴിവാക്കുക എന്നതാണ് ഭേദഗതി. തൊഴിലാളികൾ ഓവർടൈം ജോലി ചെയ്താൽ രണ്ട് ദിവസത്തെ വേതനം അതായത്, ഡബിൾ വേതനം ലഭിക്കുന്ന രീതിയാണ് എടുത്തുമാറ്റുന്നത്. തൊഴിലാളികളെ സഹായിക്കാനാണ് ഈ ബിൽ എന്ന് പറയുമ്പോഴും യഥാർത്ഥത്തിൽ തൊഴിലാളികളെ ഒഴിവാക്കിക്കൊണ്ട് മുതലാളിമാർക്കുമാത്രമായിട്ടുള്ള ഒരു ബില്ലായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇത്തരം ബില്ലുകൾ സഭയിൽ കൊണ്ടുവരുന്നത്.

ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. എന്നാൽ ഇന്ന് ക്ഷേമനിധി ബോർഡ് വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം, വിദേശമദ്യം ഉല്പാദിപ്പിക്കുന്നതിന് കമ്പനികളുടെ വിറ്റുവരവ് നികുതി ഒഴിവാക്കി, പകരം വിൽപ്പന നികുതി 4 ശതമാനമായി വർദ്ധിപ്പിച്ചു. അതിന്റെ ഭാഗമായി മദ്യമുതലാളിമാർക്ക് ഒരുവർഷം 170 കോടി രൂപയാണ് അധിക വരവ് ലഭിക്കുന്നത്. സാധാരണ

കർഷകർ, കർഷകത്തൊഴിലാളികൾ, തോട്ടംതൊഴിലാളികൾ, ഫാക്ടറിത്തൊഴിലാളികൾ എന്നിവരെയൊക്കെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ, ഈ ബില്ലിന്റെ ഉള്ളടക്കത്തിലെ പേജുകൾ വളരെ വ്യക്തമായി വായിച്ചാൽ, ഓരോ വകുപ്പും സാധാരണക്കാരായ തൊഴിലാളികൾക്കുവേണ്ടിയുള്ളതല്ലെന്ന് മനസ്സിലാകും. വിദേശമദ്യം ഉല്പാദിപ്പിക്കുന്ന കമ്പനികളുടെ വിറ്റുവരവ് നികുതി പരിശോധിച്ചാലും അക്കാര്യം വ്യക്തമാകും. തൊഴിലാളി പ്രസ്ഥാനത്തിനുവേണ്ടി ശബ്ദിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി മനസ്സിലാക്കേണ്ടത് ഇന്ന് ഓരോ മേഖലകളിലും തൊഴിലാളികൾ നടത്തുന്ന സമരവും മറ്റ് പ്രചരണ പരിപാടികളും ഈ ഗവൺമെന്റിനെതിരെയുള്ള അവരുടെ വികാരമാണെന്നാണ്. വയനാട് ജില്ലയിലെ തോട്ടം തൊഴിലാളി മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. തെങ്ങുകയറ്റത്തൊഴിലാളികൾ, ടാക്സിത്തൊഴിലാളികൾ എന്നിവർക്കൊക്കെ അപകടങ്ങൾ സംഭവിച്ചാലോ മരണപ്പെട്ടാലോ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് നിയമാനുസൃതമായി അവർക്ക് നൽകേണ്ട കോമ്പൻസേഷൻ നൽകാൻ കഴിയാതെയാണ് ഇന്ന് ക്ഷേമനിധി ബോർഡുകൾ മുന്നോട്ടുപോകുന്നത്. ഇത്തരത്തിലുള്ള ബിൽ

കൊണ്ടുവരുമ്പോൾ തൊഴിലാളികളെ സഹായിക്കുന്നതിനുവണ്ടിയുള്ള മനോഭാവമാണ് സർക്കാരിനുണ്ടാകേണ്ടത്. എന്നാൽ, രാഷ്ട്രീയമായി കുത്തക മുതലാളിമാരെ സഹായിക്കുകയാണ് ചെയ്യുന്നത്. ഇന്ന് അദാനിക്കും അംബാനിക്കുംവേണ്ടി കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണോ ഇളവുചെയ്തുകൊടുക്കുന്നത്, അതുപോലെയുള്ള നയമാണ് കേരളത്തിലും നടപ്പാക്കികൊണ്ടുവരുന്നത്. അതിനാൽ ഈ ബില്ലിനെ എങ്ങനെയാണ് അംഗീകരിക്കാൻ സാധിക്കുന്നത്? പാവപ്പെട്ടവന്റെ പാർട്ടിയെന്ന് പറയുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ പാവപ്പെട്ടവർക്കായി ഇക്കാര്യങ്ങൾ മാറ്റേണ്ടതുണ്ട്. ചില കാര്യങ്ങളിൽ കടുത്ത വിയോജിപ്പാണുള്ളത്. മാത്രമല്ല, ഇവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള എന്ത് നിലപാടാണ് ഗവൺമെന്റിനുള്ളത്? പല ഫാക്ടറികളിലും മദ്യശാലകളിലും കള്ളുഷാപ്പുകളിലുമൊക്കെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇന്ന് സ്ഥിരതയില്ല. മാത്രമല്ല, അവർക്ക് ക്ഷേമനിധി സമയബന്ധിതമായി അടയ്ക്കാൻ കഴിയുന്നില്ല, അടച്ച തുക ലഭിക്കുന്നില്ല. ഇന്ന് കേരളത്തിൽ ഗുണമേന്മയുള്ള കള്ള് ഉല്പാദിപ്പിക്കാൻ കഴിയും, അതിനാവശ്യമായ കള്ളുചെത്ത് തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ കള്ള്

കൊണ്ടുവരുന്നതാണ് ഇന്നത്തെ സ്ഥിതി. മറ്റുസംസ്ഥാനങ്ങളിൽനിന്ന് കള്ള് കൊണ്ടുവരുന്നത് കൃത്യമായി പരിശോധിക്കുന്നതിനുള്ള സംവിധാനംപോലും കേരളത്തിലില്ല. സാധാരണ പാലക്കാട് നിന്നുമാണ് വയനാട്ടിലൊക്കെ ശുദ്ധമായ കള്ള് എത്തിക്കുന്നത്. എന്നാലിന്ന് മറ്റുസംസ്ഥാനങ്ങളിൽനിന്നും മായംചേർത്ത കള്ള് അതിർത്തി കടന്നുവരികയാണ്. അത് പരിശോധിക്കുന്നതിനുള്ള നടപടികളൊന്നുമില്ല. വലിയ മാഫിയകൾ കേരളത്തെ വിഴുങ്ങുകയാണ്. അവർക്കെതിരെ നിലപാടുകൾ സ്വീകരിക്കാൻ ഗവൺമെന്റ് ഒരു ബില്ലുപോലും സഭയിൽ കൊണ്ടുവന്നതായി കാണാൻ സാധിക്കുന്നില്ല.

'ലഹരി വിമുക്ത കേരളം' എന്നുപറഞ്ഞ് ക്യാമ്പസുകളിലും നിയോജകമണ്ഡല-പഞ്ചായത്ത് തലങ്ങളിലും ഒക്ടോബർ 2 മുതൽ വലിയ പ്രചരണ പരിപാടികൾ നടത്തുകയാണ്. MDMA പോലുള്ള മാരകമായ ലഹരി പദാർത്ഥങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ട്. 'മദ്യം ഒരു ലഹരിയല്ല' എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ലഹരി പദാർത്ഥങ്ങൾക്കെതിരെ ക്യാമ്പയിൻ നടത്തുന്നതിൽ എന്താണ് കാര്യം? കേരളം എല്ലാ മേഖലകളിലും ലഹരിയിൽ കുളിച്ചുകിടക്കുകയാണ്. ഇപ്പോൾ മദ്യശാലകൾ കൂടുതലായി വർദ്ധിപ്പിക്കുന്നു. ഈ ഗവൺമെന്റ് മുതലാളിമാരുടെ ഒരു ഗവൺമെന്റായി മാറുകയാണ്.

അതിലാണ് കടുത്ത വിയോജിപ്പ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടിയാണെങ്കിൽ ഈ ബില്ലിൽ അതുമായി ബന്ധപ്പെട്ട് എന്താണ് പറഞ്ഞിട്ടുള്ളത്? ഈ ബിൽ യഥാർത്ഥത്തിൽ തൊഴിലാളികളെ സഹായിക്കുന്നതല്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് കടുത്ത വിയോജിപ്പുണ്ട്. വൻകിട മുതലാളിമാരെ സഹായിക്കുന്നതിനുള്ള ഒരു ബിൽ മാത്രമായിട്ടേ ഇതിനെ കാണാൻ സാധിക്കൂ.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി യു. പ്രതിഭ]

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരുസമയത്ത് കേരളത്തിൽ വളരെ പ്രധാനമായിരുന്നതും ഇന്ന് ഏറ്റവും കൂടുതൽ സാധ്യതയുള്ളതുമാണ് കള്ള് വ്യവസായം. ഇന്റർനാഷണൽ ടൂറിസം മാപ്പ് നോക്കിയാൽ മനസ്സിലാക്കാം ഏറ്റവും കൂടുതൽ വളർച്ചയുണ്ടായ മേഖലയാണ് തദ്ദേശീയമായ പാനീയ ഉല്പാദന മേഖല. ഏത് രാജ്യത്ത് പോയാലും അവരുടെ തദ്ദേശീയമായ പാനീയം രുചിക്കുന്നത് ഇന്നത്തെ ടൂറിസം കൾച്ചറിന്റെ ഭാഗമായി മാറുകയാണ്. നിർഭാഗ്യവശാൽ, കേരളത്തിന്റെ ഏറ്റവും വലിയ സാധ്യതയായിരുന്ന കള്ള് വ്യവസായ മേഖല മരിച്ചുകൊണ്ടിരിക്കുന്നത് കണ്ടുനിൽക്കുന്ന നിസ്സഹായമായ ഒരു സർക്കാരിനെയാണ് ഇന്ന് നമ്മൾ കാണുന്നത്. കാരണം, കേരളത്തിൽ വരുന്ന ഒരു ഇന്റർനാഷണൽ

ടൂറിസ്റ്റിനെ തദ്ദേശീയമായ പാനീയം കുടിക്കുന്നതിന് ധൈര്യമായി പറഞ്ഞയയ്ക്കാൻ കഴിയുന്ന ഒരു സ്ഥലം ഇന്ന് കേരളത്തിലില്ല. മറ്റൊന്ന്, പണ്ടത്തെപ്പോലെ മനുഷ്യരെ പൂർണ്ണമായും ആശ്രയിക്കുന്ന മേഖലയല്ലിത്. ഇന്ന് നിരവധി ടെക്നോളജികൾ ഉപയോഗിച്ച് ടാപ്പിംഗ് ഉൾപ്പെടെയുള്ളവ ലഘൂകരിക്കുന്നതിനുള്ള അവസരം വന്നിട്ടും സർക്കാർ കള്ള് മേഖലയെ നിലനിർത്താനോ പരിപോഷിപ്പിക്കാനോ ഉയർത്തിക്കൊണ്ടുവരാനോ പരിശ്രമിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് യാഥാർത്ഥ്യമാണ്. അക്കാര്യം ഗവൺമെന്റ് ആഴത്തിൽ ചർച്ച ചെയ്യുന്നില്ല. മുമ്പ് അനധികൃതമായി Brewery/Distillery തുടങ്ങാൻ തീരുമാനിച്ചു. അതിനെതിരെ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയടക്കമുള്ള പ്രതിപക്ഷാംഗങ്ങൾ ശക്തമായി ശബ്ദമുയർത്തി. ബഹുമാനപ്പെട്ട മന്ത്രിക്ക് അന്ന് ആ തീരുമാനം പിൻവലിക്കേണ്ടിവന്നു. മുതലാളിമാർക്കുവേണ്ടിയുള്ള നടപടികൾ പിൻവലിക്കണമെന്നുള്ളതായിരുന്നു പ്രതിപക്ഷത്തിന്റെ ആവശ്യം. തൊഴിലാളികൾക്കെതിരെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റായി സംസ്ഥാന സർക്കാർ മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

എല്ലാ ക്ഷേമനിധി ബോർഡുകളിലും കാതലായ മാറ്റങ്ങൾ വരുത്തി തൊഴിലാളികൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ബില്ലായിരിക്കണം അവതരിപ്പിക്കേണ്ടത്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുകയും മുതലാളിമാരുടെ അംശദായം കുറയ്ക്കുകയും ചെയ്യുന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് വിദ്യാസമ്പന്നരുള്ള ഈ സംസ്ഥാനത്ത് ഇത്തരത്തിലുള്ളൊരു ബിൽ കൊണ്ടുവന്നത് അപമാനമാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. പി. പി. ചിത്തരഞ്ജൻ): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വർഷത്തിൽ 365 ദിവസവും തൊഴിലെടുക്കുന്ന അബ്കാരി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും അവരുടെ അവധി വേതനവും ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിക്കുന്നതാണ് ഈ ബില്ലിന്റെ ഉള്ളടക്കം. തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാകാലത്തും നിരവധി നടപടികൾ സ്വീകരിച്ചിട്ടുള്ളത് എൽ.ഡി.എഫ്.

സർക്കാരുകളാണെന്നുള്ളത് കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുമ്പോൾ, നിലവിലുള്ള അവധി വേതനം "ഓവർടൈം അലവൻസ്" എന്ന് തെറ്റായി വ്യാഖാനിക്കുവാൻ സാധ്യതയുള്ളതുകൊണ്ടാണ് 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ രണ്ടാം വകുപ്പിലെ (എം) ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡം മുൻകാലപ്രാബല്യത്തിലൂടെ ഭേദഗതി ചെയ്യണമെന്ന് കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചത്. പ്രസ്തുത ഭേദഗതി നടപ്പാക്കിയാൽ 1990 മുതലുള്ള അംശദായതുക, തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വേതനവും അധികവേതനവും കൂട്ടിച്ചേർത്ത തുകയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കേണ്ട ആവശ്യമുണ്ടാകില്ല. ഈ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ബോർഡിന്റെ അഭ്യർത്ഥന സംസ്ഥാന സർക്കാർ അംഗീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. അതിനായിട്ടുള്ള നിയമനിർമ്മാണമാണ് ഈ സഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. അബ്കാരി മേഖലയുമായി ബന്ധപ്പെട്ട വിഷയം സംസാരിച്ചപ്പോൾ ഉടമകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് ഈ സർക്കാർ

നിലനിൽക്കുന്നതെന്നാണ് യു.ഡി.എഫ്.-ന്റെ പ്രതിനിധിയായി സംസാരിച്ച അംഗം പറഞ്ഞത്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നതോടൊപ്പം ഉടമകളെ സംരക്ഷിക്കുന്ന നിലപാടും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. വൻകിടക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. അദ്ദേഹം സൂചിപ്പിച്ചത്, ഡിസ്റ്റിലറികൾക്ക് കൊടുത്ത ഇളവിനെ സംബന്ധിച്ചാണ്. എന്താണ് വസ്തുത? സംസ്ഥാനത്തുതന്നെ വിവിധ ഡിസ്റ്റിലറികളിലായി ജോലിയെടുക്കുന്ന ആറായിരത്തോളം തൊഴിലാളികളുണ്ട്. ഡിസ്റ്റിലറികൾ പലതും നഷ്ടത്തിലേയ്ക്കും അടച്ചുപൂട്ടുന്ന നിലയിലേയ്ക്കും എത്തുന്നതിന് കാരണം സ്പിരിറ്റിന്റെ അമിതമായിട്ടുള്ള വിലവർദ്ധനവാണ്. അങ്ങനെ അടച്ചുപൂട്ടിക്കഴിഞ്ഞാൽ അത്രയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയാണ്.

കർണ്ണാടകത്തിലെ മദ്യലോബികൾ വലിയ ബന്ധമുള്ളവയാണെന്ന് അറിയാമല്ലോ? ആ ലോബികളുമായി ബന്ധമുള്ളവർ ആരൊക്കെയാണെന്നുള്ള കാര്യം ഞാൻ ഈ സഭയിൽ പറയേണ്ട കാര്യമില്ലല്ലോ; പ്രഗൽഭരായ കോൺഗ്രസ്സ് നേതാക്കന്മാർക്കെല്ലാം ബംഗളൂരുവിൽ എത്രയോ ഡിസ്റ്റിലറികളുണ്ട്; ഇപ്പോൾ ബി.ജെ.പി.-

ക്കാർക്കും ഇഷ്ടംപോലെ ഡിസ്റ്റിലറികളുണ്ട്. അത്തരത്തിലുള്ള ഡിസ്റ്റിലറി ഉടമകളുടെ താൽപ്പര്യങ്ങളെയല്ല, മറിച്ച് ഇവിടെ പ്രവർത്തിക്കുന്ന ആറായിരത്തോളംവരുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ കഴിയുന്ന നിലയിലേയ്ക്കുള്ള ഏറ്റവും പ്രായോഗികമായ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. അത് ആരെയെങ്കിലും സംരക്ഷിക്കാൻ വേണ്ടിയാണെന്ന് പറയുന്നത് ശരിയല്ല. ഒരിക്കലും ആ ഇളവ് അവർക്കുവേണ്ടിയുള്ളതല്ല, വ്യവസായത്തിന്റെ നിലനിൽപ്പിനുവേണ്ടി ചെയ്തിട്ടുള്ളതാണെന്ന് ആ രംഗത്ത് പ്രവർത്തിക്കുന്ന ഐ.എൻ.റ്റി.യു.സി.-യുടെ നേതാക്കന്മാർപോലും അംഗീകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ അതിനെ സംബന്ധിച്ച മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചതിന്റെ ഫലമായാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. ടി. പി രാമകൃഷ്ണൻ തൊഴിൽവകുപ്പ് മന്ത്രിയെന്നുള്ള നിലയിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നിർദ്ദേശിച്ച ചില കാര്യങ്ങൾ ഈ സർക്കാർ വന്നതിനുശേഷവും അംഗീകരിച്ചിട്ടുണ്ട്. 16 ക്ഷേമനിധി ബോർഡുകളെ 11 ആയി ചുരുക്കിക്കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ

കൂടുതൽ മെച്ചപ്പെടുത്തുകയും പാഴ്ച്ചെലവുകൾ ഒഴിവാക്കുകയും ചെയ്തുകൊണ്ട് എങ്ങനെ തൊഴിലാളികളെ സഹായിക്കാൻ കഴിയുമെന്ന് പരിശോധിച്ചു. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന നയങ്ങൾ വ്യാവസായിക മേഖലയിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രതിസന്ധിയും അതോടൊപ്പംതന്നെ തൊഴിൽമേഖലയാകെ നേരിട്ടുകൊണ്ടിരിക്കുന്ന സങ്കീർണ്ണമായ പ്രതിസന്ധിയും തരണംചെയ്ത്, പണിയെടുക്കുന്ന തൊഴിലാളികൾക്ക് അവന്റെ അദ്ധ്വാനത്തിന്റെ വേതനം വാങ്ങുന്നതിലും മറ്റാനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിലും ഒന്നാംസ്ഥാനത്താണ് കേരളമെന്നുള്ളത് അഭിമാനത്തോടെതന്നെ പറയാൻ സാധിക്കും. ഈ ഗവൺമെന്റ് പണിയെടുക്കുന്നവരോടൊപ്പം നിൽക്കുന്ന, അവന്റെ വിയർപ്പിന്റെ ഫലമായുണ്ടായിട്ടുള്ള ഗവൺമെന്റാണ്. ഓരോ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ താൽപ്പര്യങ്ങളെ സംരക്ഷിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് തൊഴിലവകാശങ്ങളെ മുഴുവൻ ഇല്ലാതാക്കുകയും ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ ലഭിച്ചുകൊണ്ടിരുന്ന തൊഴിലവകാശങ്ങളെപ്പോലും കവർന്നെടുക്കുകയും ചെയ്യുമ്പോൾ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയെയും മറ്റ്

സംഘടിത മേഖലയെയും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങളാകെ സ്വാഗതം ചെയ്യുന്നതാണ്. കാരണം, വളരെ പ്രതിസന്ധി നിറഞ്ഞ ഒരു ഘട്ടത്തിലൂടെയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. ക്ഷേമനിധികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ആനുകൂല്യങ്ങളുടെ വിതരണം 'Direct Benefit Transfer' മുഖേനയാക്കി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നത് വസ്തുതയാണ്. അദ്ധ്വാനശക്തി മാത്രമാണ് തൊഴിലാളിയെ സംബന്ധിച്ച് ഉപജീവനത്തിനായി വിൽക്കാനായിട്ടുള്ളത്. ഇല്ലെങ്കിൽ അവർ പട്ടിണിയിലാകും. ക്രയവസ്തുവായിട്ടുള്ള മനുഷ്യരുടെ അദ്ധ്വാനത്തെ ഉൽപ്പാദനോപാധികളുടെ ഉടമകളായ തൊഴിലുടമകൾ വിൽക്കുമ്പോൾ അവർ നൽകുന്ന തുകയാണ് യഥാർത്ഥത്തിൽ തൊഴിലാളിക്ക് ലഭിക്കുന്ന വേതനം. ഈ പ്രക്രിയയിൽ ലഭിക്കുന്ന വേതനത്തെക്കാൾ മൂല്യമാണ് തൊഴിൽശക്തി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ആ മൂല്യത്തിന്റെ ഒരു ഭാഗം മാത്രമാണ് തൊഴിലാളിക്ക് വേതനമായി ലഭിക്കുന്നത്. ശേഷിക്കുന്നതിനെ

മിച്ചമൂല്യമെന്നാണ് പറയുന്നത്. ഈ മിച്ചമൂല്യമാണ് മുതലാളിയുടെ ലാഭത്തിന്റെ ഉറവിടം. ഇവിടെ മുതലാളിയുടെ ലാഭത്തിന്റെ ഉറവിടം വർദ്ധിപ്പിക്കുകയെന്നതല്ല, തൊഴിലാളിയുടെ വരുമാനവും തൊഴിൽദിനങ്ങളും വർദ്ധിപ്പിക്കുന്നതിനും അവന്റെ ജീവിതം മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ ചെയ്യാൻ സാധിക്കുമോ, അതെല്ലാം ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അക്കാര്യത്തിൽ കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രി, ശ്രീ. വി. ശിവൻകുട്ടിയുടെ ഇടപെടൽ അങ്ങേയറ്റം സ്വാഗതാർഹമാണ്. യന്ത്രവൽക്കരണത്തിന്റെ ഫലമായി പരമ്പരാഗത മേഖലയിൽ ഒട്ടനവധി പ്രതിസന്ധികളുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കള്ളുചെത്ത് വ്യവസായമടക്കമുള്ള പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് നമ്മുടേത്. എന്നുമാത്രമല്ല, കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്തായാലും ഇന്നത്തെ ഗവൺമെന്റിന്റെ കാലത്തായാലും കേരളത്തിൽ ഒരു മദ്യദുരന്തവും ഉണ്ടായിട്ടില്ലെന്നുള്ളത് ഈ ഗവൺമെന്റിന് ഒരു പൊൻതൂവലല്ലേ. ഇതിനുമുമ്പ് കേരളത്തിന്റെ അവസ്ഥ എന്തായിരുന്നു? ആരാണ് ഈ

കേരളത്തിൽ വ്യാജമദ്യം ഒഴുക്കുന്നതിനും അതുപോലെതന്നെ വ്യാജമദ്യദുരന്തം ഉണ്ടാക്കുന്നതിനുമെല്ലാം അവസരമൊരുക്കിയിട്ടുള്ളത്? അത്തരം അവസരങ്ങൾ ഒരുക്കാതെ വളരെ ശാസ്ത്രീയമായി കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുകയല്ലേ? കേരളം ഒന്നടങ്കം ഏറ്റെടുത്തിരിക്കുന്ന ലഹരിക്കെതിരായ ക്യാമ്പയിനെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. കേരളത്തിലെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എങ്ങനെയും മദ്യം വിൽക്കുക; അല്ലെങ്കിൽ ലഹരി ഉപയോഗം വർദ്ധിപ്പിക്കുക എന്ന നിലപാടല്ല സ്വീകരിച്ചിരിക്കുന്നത്. അതിന്റെയെല്ലാം ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുന്ന നിലയിൽ വളരെ ശക്തമായ ഇടപെടലുകളാണിന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ലഹരിക്കെതിരായി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു വലിയ ജനകീയ മുന്നേറ്റം കേരളത്തിന് അഭിമാനമല്ലേ? നമ്മുടെ പുതിയ തലമുറ വഴിതെറ്റിപ്പോകുമ്പോൾ ലഹരിയുടെ ഉപയോഗം കുറയ്ക്കാനും അവരെ അതിൽനിന്നും പിന്തിരിപ്പിക്കാനും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം മാതൃകാപരമായിട്ടുള്ളതാണ്. കേരളത്തിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, ഈ മേഖലയിൽ പണിയെടുക്കുന്ന അബ്കാരി തൊഴിലാളി സ്ഥാപനങ്ങൾ 365 ദിവസങ്ങളിലും

പ്രവർത്തിക്കുന്നവയാണ്. ഈ കരാറിന്റെ അടിസ്ഥാനത്തിൽ, തൊഴിലാളികളുടെ സൗകര്യാർത്ഥം അവധി ലഭിക്കുന്നതിനുവേണ്ടിയാണ് 50 മുതൽ 110 വരെയുള്ള ദിവസങ്ങൾ അവർക്ക് അവധിയായി അനുവദിച്ചിട്ടുള്ളത്. ഈ അവധി ഭാഗികമായി മാത്രമാണ് അവർ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ബാക്കി അവധി ദിവസങ്ങളിൽ ജോലി ചെയ്യുകയും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവധി വേതനം നൽകുകയും ചെയ്യാറുണ്ട്. ഈ അവധി വേതനം സാധാരണ വേതനം നൽകുന്ന രീതിയിലാണ് വേജസ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. അങ്ങനെയാണ് തൊഴിലാളികൾ അത് വാങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഓവർടൈമായി ജോലിയെ പരിഗണിക്കുകയോ അതനുസരിച്ച് ഇരട്ടി ശമ്പളം നൽകുകയോ ചെയ്യുന്ന കീഴ്‌വഴക്കം ഈ വ്യവസായത്തിൽ ഇന്ന് നിലവിലില്ല. അവധി വേതനം ഉൾപ്പെടെയുള്ള വേതനത്തിന് പത്ത് ശതമാനമാണ് തൊഴിലാളി വിഹിതയിനത്തിൽ തൊഴിലുടമ ഇപ്പോൾ അടച്ചുകൊണ്ടിരിക്കുന്നത്. അംശദായവിഹിതം നിർണ്ണയിക്കുന്നത് സംബന്ധിച്ച അന്വേഷണങ്ങളിൽ തൊഴിലുടമകൾക്ക് പറയാനുള്ളത് കേൾക്കുന്നതിനും തൊഴിലാളികളുടെ എണ്ണം, അവർക്ക് നൽകിയിട്ടുള്ള വേതനം എന്നിവ സംബന്ധിച്ചുള്ള രേഖകൾ

ഹാജരാക്കുന്നതിനും മതിയായ അവസരങ്ങൾ നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ തൊഴിലുടമകൾ ഈ അവസരങ്ങൾ പലപ്പോഴും വിനിയോഗിക്കാറില്ലെന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത അന്വേഷണങ്ങളിൽ ഇപ്രകാരം നൽകിയിട്ടുള്ള അവധി വേതനം ഓവർടൈം ബോണസാണെന്ന് സ്ഥാപിക്കുകയോ അതിനാധാരമായ രേഖകൾ ഹാജരാക്കുകയോ ചെയ്യാറില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ക്ഷേമനിധി ബോർഡ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ഗവൺമെന്റ് അത് പരിഗണിക്കുകയും ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ സഭയിൽ അവതരിപ്പിക്കുകയും ചെയ്തത്. അതിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: നന്ദി. രണ്ട് അംഗങ്ങളും സമയക്ലിപ്തത പാലിച്ചുകൊണ്ടാണ് സംസാരിച്ചത്. ഉച്ചയ്ക്കുശേഷം ഒരു മണിക്ക് പ്രത്യേക ചർച്ചയുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

ലോകകപ്പ് ഫുട്ബോൾ ഖത്തറിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ജർമ്മനി-കോസ്റ്ററിക്ക മത്സരത്തിൽ മൂന്ന് വനിതാ റഫറിമാരാണ് ആ കളിയെ നിയന്ത്രിച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. അതുപോലെത്തന്നെ കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ചെയർമാൻമാരുടെ പാനലിൽ മൂന്ന് വനിതകളെ തീരുമാനിച്ചതിന് ചെയറിനെ അഭിനന്ദിക്കുകയാണ്.

കേരളത്തിലെ മോട്ടോർ തൊഴിലാളി മേഖലയിൽ, കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്ടിലൂടെയാണ് ആദ്യമായി 1985-ൽ ബസ് തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി പ്രഖ്യാപിക്കുന്നത്. പിന്നീടാണ് 1991-ൽ കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന നിലയിൽ ഓട്ടോറിക്ഷാ മേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയും ഒരു ക്ഷേമനിധി പ്രഖ്യാപിച്ചത്. 2004-ലാണ് കേരള ഓട്ടോമൊബൈൽ മേഖലയിലുള്ള തൊഴിലാളികൾക്കായി കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയെന്ന നിലയിൽ മൂന്നാമതൊരു ക്ഷേമനിധി പ്രഖ്യാപിച്ചത്. എന്നാൽ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്ടിലെ

ഭേദഗതിയോടുകൂടി കേരളത്തിൽ മോട്ടോർ തൊഴിലാളികൾക്കുവേണ്ടി മാത്രമായി കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡും അതിനായി ചെയർമാനെയും അംഗങ്ങളെയും തീരുമാനിച്ചത് 2005-ലാണ്. എന്നാൽ 1991-ലെയും 2004-ലെയും ക്ഷേമനിധികൾ നിലനിൽക്കെയാണ് 2005-ൽ പുതിയ ഭേദഗതിയോടുകൂടിയ ക്ഷേമനിധി ഇവിടെ നടപ്പിലാക്കുന്നത്. ആ രണ്ട് ക്ഷേമനിധികളിലും അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധിയിൽ ചേരാനോ മറ്റാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ കഴിഞ്ഞില്ല. ആ രണ്ട് ക്ഷേമനിധികളെയും 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കുകയെന്നതും  ആ രണ്ട് ക്ഷേമനിധികളിലും അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വലിയ തോതിലുള്ള ആനുകൂല്യങ്ങൾ മോട്ടോർ ട്രാൻസ്പോർട്ട് മേഖലയിലുള്ള മുഴുവൻ തൊഴിലാളികൾക്കും ലഭ്യമാക്കുകയെന്നുമുള്ള ലക്ഷ്യത്തോടുകൂടിയാണ് 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഇത് കഴിഞ്ഞ പതിനഞ്ച് വർഷത്തോളമായി മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന്

വരുന്ന തൊഴിലാളികളുടെയും ഉടമസ്ഥരുടെയും ആവശ്യമാണ്. ആ ആവശ്യം അംഗീകരിക്കുന്നതിനുവേണ്ടി ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ കേരളത്തിലെ തൊഴിലാളികൾക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ന്, കാർഷികമേഖല കഴിഞ്ഞാൽ മോട്ടോർ ട്രാൻസ്പോർട്ട് മേഖലയിലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത്. അതുപോലെതന്നെ കേരളത്തിൽ പതിനഞ്ച് മുതൽ ഇരുപതുലക്ഷത്തിലധികം തൊഴിലാളികൾ മോട്ടോർ ട്രാൻസ്പോർട്ട് മേഖലയിൽ പണിയെടുക്കുന്നുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. സർക്കാരിന് ഒരു രൂപയുടെ മുതൽമുടക്കുമില്ലാതെ സ്വന്തം കിടപ്പാടമോ വാഹനത്തിന്റെ ആർ.സി. ബുക്കോ ബാങ്കിലോ മറ്റോ പണയപ്പെടുത്തി സ്വന്തമായി തൊഴിൽ അന്വേഷിക്കുന്ന ചെറുപ്പക്കാരനോ അല്ലെങ്കിൽ ഡ്രൈവിംഗ് ജോലി അറിയാവുന്നവരോ, വർക്ക്ഷോപ്പ് തുടങ്ങുന്നയാളുകളോ, ഗുഡ്സ് വെഹിക്കിൾ ഓടിക്കുന്നവരോ, കാർ, ട്രാവലർ എന്നിവ വാങ്ങുന്നവരോ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത്. ഒരു തൊഴിലെന്ന നിലയിൽ ഇതിൽനിന്നും കിട്ടുന്ന വരുമാനം ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, 60 വയസ്സ് കഴിഞ്ഞാൽ ഈ ക്ഷേമനിധിയിൽനിന്നും ലഭിക്കുമെന്ന് വിശ്വസിക്കപ്പെടുന്ന ആനുകൂല്യങ്ങൾ

തന്നെയാണ് അവരുടെ ഏക ആശ്രയം. ലൈറ്റ് മോട്ടോർ രംഗത്തെ വാഹനങ്ങൾ പരിശോധിക്കുകയാണെങ്കിൽ 90 ശതമാനത്തോളം വരുന്ന തൊഴിലാളികളായ ഉടമസ്ഥരാണ് ഈ മേഖലയിൽ പണിയെടുക്കുന്നതെന്ന് കാണാം. അതുകൊണ്ട് ഈ ഭേദഗതിയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് ഈ മേഖലയിലെ ലക്ഷക്കണക്കിനുള്ള തൊഴിലാളികൾക്കാണെന്നുള്ളത് ഏറെ ആശ്വാസകരമാണ്. ഈ ഭേദഗതിയിലൂടെ ഗുണമുണ്ടാകാൻ പോകുന്ന മറ്റൊരു കാര്യമുണ്ട്. തൊഴിലാളികൾ 20-ൽ താഴെയാണെങ്കിൽ കുറഞ്ഞ തുകയടച്ച് ഇ.പി.എഫ്.-ലേയ്ക്ക് അവരെ കൊണ്ടുവരികയോ അല്ലെങ്കിൽ അംഗത്വമെടുപ്പിച്ച് ചെറിയ ആനുകൂല്യങ്ങൾ നൽകുകയോ ചെയ്യുന്നുയെന്നൊരു വലിയ തട്ടിപ്പ് ഈ മേഖലയിലുണ്ടായിരുന്നു. ഈ ബിൽ അവതരിപ്പിക്കുന്നതോടെ അതും അവസാനിപ്പിക്കാൻ കഴിയുമെന്നുള്ളത് ആശ്വാസകരമാണ്. ക്ഷേമനിധിയിൽ ഉടമസ്ഥ വിഹിതമടച്ച് റെസീപ്റ്റ് കൈപ്പറ്റിയാൽ മാത്രമേ നിലവിലുള്ള മോട്ടോർ വാഹന നികുതി ഭേദഗതിയിലൂടെ ഉടമസ്ഥർക്ക് അവരുടെ വാഹനത്തിന്റെ ടാക്സ് അടയ്ക്കാൻ കഴിയൂയെന്നതും ക്ഷേമനിധിയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നഷ്ടമാകില്ലെന്ന് മാത്രമല്ല തുക കൃത്യമായി അടയ്ക്കാൻ കഴിയുന്നുവെന്നതും വലിയ ആശ്വാസം തന്നെയാണ്. ഈ രണ്ട് ഭേദഗതികളും ഇതിനോടൊപ്പം

വരുന്നുവെന്നത് മോട്ടോർ ട്രാൻസ്പോർട്ട് മേഖലയിലെ തൊഴിലാളികൾ ഏറെ പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്. കേരളത്തിൽ ഏഴരലക്ഷം ഓട്ടോറിക്ഷകളും രണ്ടരലക്ഷത്തിലധികം ടാക്സികളും നാലേമുക്കാൽ ലക്ഷത്തോളം ഗുഡ്സ് വെഹിക്കിളുകളും പതിനയ്യായിരത്തിലധികം ബസ് സർവ്വീസുമുണ്ട്. നാൽപ്പതിനായിരത്തോളം ബസ് സർവ്വീസ് ഉണ്ടായിരുന്നത് കോവിഡാനന്തരം പതിനയ്യായിരത്തിൽ താഴെയായി കുറഞ്ഞിട്ടുണ്ട്. സ്വാഭാവികമായി ഒറ്റപ്പെട്ട മേഖലകളിൽ ബസ് സർവ്വീസില്ലാതെ പോകുകയാണ്. അതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും നിലവിലുണ്ടാകുകയാണ്. പതിനായിരത്തിലേറെ ടൂറിസ്റ്റ് ബസ്സുകളും യാത്രാസൗകര്യം ഒരുക്കുന്നതിനും ചരക്ക് കടത്തുന്നതിനുമായി പതിനഞ്ച് ലക്ഷത്തിലധികം വാഹനങ്ങളുമുണ്ടെന്നാണ് കണക്കുകൾതന്നെ പറയുന്നത്. ഏകദേശം മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ സ്വന്തമായി വർക്ക്ഷോപ്പ് തുടങ്ങുകയും സ്പെയർപാർട്സ് കട നടത്തുകയും മോട്ടോർ മേഖലയുടെ അനുബന്ധ മേഖലകളിൽ തൊഴിലെടുക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. മൂന്നരലക്ഷത്തോളം തൊഴിലാളികൾ ഈ രംഗത്ത് വരുമെന്നാണ് കണക്ക് പറയുന്നത്. ഇന്ന് ഈ ബോർഡിൽ ഏകദേശം 15,22,474 വാഹനങ്ങളും 10,93,899 രജിസ്റ്റേർഡ് തൊഴിലാളികളുമുണ്ട്.

മറ്റേതൊരു ക്ഷേമനിധിയുമായി തട്ടിച്ചുനോക്കിയാലും ആസ്തിയുടെ കാര്യത്തിൽ സമ്പന്നമാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി എന്നത് വളരെ വ്യക്തമാണ്. ഏകദേശം മുപ്പത്തിമൂവായിരത്തിലധികം കോടി രൂപയുടെ ആസ്തിയാണ് ഇന്ന് ഈ ക്ഷേമനിധിയിലുള്ളത്.

12.00 Noon]

1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം തൊഴിലാളി 25 രൂപയും ഉടമ 25 രൂപയും മാത്രമാണ് വിഹിതം അടയ്ക്കുന്നത്. ഓട്ടോമൊബൈൽ മേഖലയിലുള്ള വർക്ക്ഷോപ്പ് തൊഴിലാളികൾ അടയ്ക്കേണ്ടിവരുന്ന പ്രതിമാസ വിഹിതം 20 രൂപയും ഉടമസ്ഥവിഹിതം 10 രൂപയുമാണ്. എന്നാൽ ഈ ക്ഷേമനിധിയിൽ അല്പം വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും ആനുകൂല്യത്തിന്റെ കാര്യത്തിൽ വലിയ തോതിലുള്ള വർദ്ധനവാണുണ്ടാകുന്നത്. 1991-ൽ ഓട്ടോറിക്ഷാ ക്ഷേമനിധി അംഗങ്ങൾക്ക് മരണാനന്തര സഹായമായി കേവലം 25000/- രൂപയും ചികിത്സാ ധനസഹായമായി 10000/- രൂപയും മാത്രമാണ് ലഭിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൊടുക്കുന്ന സ്കോളർഷിപ്പ് 300 മുതൽ 400 രൂപ വരെയാണ്. അതേസമയം ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് മരണാനന്തര സഹായമായി 5000/- രൂപയും ചികിത്സാ

ധനസഹായമായി 10000/- രൂപയും മാത്രമാണ് ലഭിക്കുന്നത്. മറ്റൊരു ആനുകൂല്യങ്ങളും ആ രണ്ട് ക്ഷേമനിധിയിലുമില്ല. 2005-ലെ ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ പരിശോധിക്കുമ്പോൾ, ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന ക്ഷേമനിധിയെന്ന നിലയിൽ പ്രസവ ധനസഹായം 15000/- രൂപ, പെൻഷൻ - സ്റ്റേജ് ക്യാരേജിനും കോൺട്രാക്റ്റ് ക്യാരേജിനും 5000/- രൂപ, ഹെവി-ലൈറ്റ് ഗുഡ്സ് വെഹിക്കിളിന് മിനിമം 3500/- രൂപ, ടാക്സിക്ക് മിനിമം 2500/- രൂപ, ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് കൊടുക്കുന്ന പെൻഷൻ 2000/- രൂപ, എട്ട് വർഷത്തിൽ കൂടുതലുള്ള ഓരോ അധിവർഷത്തിനും മിനിമം പെൻഷൻ തുകയിൽ തന്നെ 150 രൂപ, 100 രൂപ, 75 രൂപ, 50 രൂപ എന്നീ ക്രമത്തിൽ വർദ്ധനവും വരുന്നുണ്ട്. അവശതാ പെൻഷനുവേണ്ടി ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി, പണിയെടുക്കാൻ കഴിയില്ലെന്ന് തെളിയിക്കപ്പെട്ടാൽ അവർക്ക് 1600/- രൂപ പെൻഷനായി ഏത് സമയത്തും പ്രായം നോക്കാതെ കൊടുക്കുന്ന സാഹചര്യവുമുണ്ട്. സ്വയം വിരമിച്ചാൽ പെൻഷനായി 2000/- രൂപയും അപകട മരണാനന്തരമുള്ള സഹായം 2,00,000/- രൂപയും കൊടുക്കുന്നു. മരണാനന്തര സഹായമായും ചികിത്സാ ധനസഹായമായും ഓരോ ലക്ഷം രൂപ വീതവും ആയത് 10 വർഷം കഴിഞ്ഞ് വീണ്ടും ചികിത്സാ

ധനസഹായത്തിന് അപേക്ഷ നൽകിയാൽ വീണ്ടും ഒരു ലക്ഷം രൂപ വരെ നൽകാൻ കഴിയുന്ന ക്ഷേമനിധിയാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി.

അപകട ചികിത്സാ ധനസഹായം ഒരു ലക്ഷം രൂപയാണ്. ഒരപകടമുണ്ടായാൽ മറ്റൊരു തൊഴിലിനും പോകാൻ കഴിയാത്ത അവസ്ഥയിലാണ് ഈ മേഖലയിലുള്ള തൊഴിലാളികളുടെ കഷ്ടതയെന്നത് യാഥാർത്ഥ്യമായതിനാൽ അവർക്ക് ഒരു സഹായമെന്ന നിലയിൽ ചികിത്സാ ധനസഹായമായി ഒരു ലക്ഷം രൂപ നൽകുന്നു.

കുട്ടികളുടെ സ്കോളർഷിപ്പിനായി എട്ടാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ രംഗത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ഏകദേശം 500 രൂപ മുതൽ 7500 രൂപ വരെയാണ് വിദ്യാഭ്യാസ ആനുകൂല്യമായി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

ശവസംസ്കാര ചടങ്ങിനുവേണ്ടി 10,000/- രൂപ നൽകുന്നു. പെൻഷൻ വാങ്ങുന്നയാൾ മരണപ്പെട്ടാൽ 50% കുടുംബപെൻഷനായി കൊടുക്കാനുള്ള നിർദ്ദേശം ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുകയും അപ്രകാരം നൽകുന്നുമുണ്ട്. 72 മണിക്കൂർ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന ഏതൊരു അസുഖത്തിനും മരുന്നുവാങ്ങുന്നതിനായി 5000/- രൂപ ഈ ക്ഷേമനിധിയിൽനിന്നും നൽകുന്നു. തൊഴിലാളി അടയ്ക്കുന്ന ക്ഷേമനിധി

വിഹിതം സർക്കാർ നിശ്ചയിക്കുന്ന പലിശ സഹിതം അതിന്റെ കാലാവധി കഴിയുമ്പോൾ തിരിച്ചുകൊടുക്കുന്നതും ഈ ക്ഷേമനിധിയുടെ മഹത്വം തന്നെയാണ്. 8000 രൂപ മുതൽ 9000 രൂപ വരെ 30 വർഷം സർവ്വീസുള്ള തൊഴിലാളികൾക്ക് ഇപ്പോൾ ഈ ക്ഷേമനിധി പെൻഷനായി നൽകുന്നുണ്ട്. മറ്റേതൊരു ക്ഷേമപെൻഷൻ എടുത്തുനോക്കിയാലും അതിനേക്കാൾ ഇരട്ടിയായി നൽകാൻ കഴിയുന്നത് ഈ ക്ഷേമനിധിയുടെ സമ്പന്നമായ ആസ്തിമൂലം തന്നെയാണ്.

8200 പേർക്കാണ് ഇപ്പോൾ നിലവിൽ പെൻഷൻ കൊടുക്കുന്നത്. ഓരോ വർഷവും ഏകദേശം 75 കോടി രൂപയുടെ ക്ഷേമപ്രവർത്തനങ്ങളാണ് ഇന്ന് ഈ ക്ഷേമനിധിയിലൂടെ നടപ്പിലാക്കാൻ കഴിയുന്നത്. കോവിഡ് കാലം മാത്രം പരിശോധിച്ചാൽ പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുൾപ്പെടെ അഞ്ച് ഘട്ടങ്ങളിലായി ഏകദേശം 79 കോടി രൂപയുടെ ആനുകൂല്യമാണ് കൊടുത്തത്. അതുമാത്രമല്ല, 21 മാസത്തെ ഉടമസ്ഥരുടെ വിഹിതം, തൊഴിലാളികളുടെ വിഹിതം, പൂർവ്വകാല പ്രാബല്യത്തോടുകൂടി ഉൾപ്പെടുത്തി ആ വിഹിതത്തിൽനിന്നും ഒഴിവാക്കിക്കൊടുത്തു. 300 കോടി രൂപയുടെ ആനുകൂല്യമാണ് അതിന്റെ ഭാഗമായി വന്നിട്ടുള്ളത്. 1991-ലെ ഓട്ടോറിക്ഷാ തൊഴിലാളി

ക്ഷേമപദ്ധതിയെയും 2004-ലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതിയെയും ലയിപ്പിക്കുന്നതോടുകൂടി ആ മേഖലയിലെ തൊഴിലാളികൾക്ക് വലിയ തോതിലുള്ള ആനുകൂല്യം ലഭിക്കുമെന്നതുകൊണ്ടാണ് ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നത്.

കേരളത്തിലെ 16 ക്ഷേമനിധികളിൽ പെൻഷനുൾപ്പെടെ ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും ഈ ക്ഷേമനിധിയിലാണ്. സമ്പന്നമായ ക്ഷേമനിധിയാണെങ്കിലും ഈ ക്ഷേമനിധിയുടെ ഹെഡ്ഡാഫീസ് കൊല്ലത്ത് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിനെ സ്വന്തമായ ഒരു സ്ഥാപനമെന്ന നിലയിലേയ്ക്ക് കൊണ്ടുവരണം. ഇന്ന് തിരുവനന്തപുരം ഒഴികെ ബാക്കി 13 ജില്ലകളിലും വാടകക്കെട്ടിടത്തിൽ ഈ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാൽ അവയെ സ്വന്തമായ കെട്ടിടത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗത്വമെടുത്ത ഈ ക്ഷേമനിധി 1985-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചായതിനാൽ വിപുലീകൃതമായ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫുകളെ നിശ്ചയിക്കുന്നതിനും നിയമിക്കുന്നതിനുമാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന യു.പി.എ. ഗവൺമെന്റ് ആരംഭിക്കുകയും ബി.ജെ.പി. നേതൃത്വം കൊടുത്ത എൻ.ഡി.എ. ഗവൺമെന്റ് നടപ്പിലാക്കുകയും ചെയ്ത 2014-ലെ റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബില്ലിലൂടെ ഇന്ത്യയിലെ മോട്ടോർ മേഖലയാകെ കോർപ്പറേറ്റ്വത്കരിക്കുന്ന നയത്തിന്റെ ഭാഗമായി ദുരിതമനുഭവിക്കുകയാണ് മോട്ടോർ മേഖലയിലെ തൊഴിലാളികൾ. ഇന്നലെയില്ലാത്ത തരത്തിലുള്ള ഫൈനുകൾ ഓരോ തൊഴിലാളിക്കും അടയ്ക്കേണ്ടി വരുന്നതിനാൽ അവർ ഏറെ പ്രയാസം നേരിടുകയാണ്. അതുപോലെ ഇൻഷ്വറൻസ് പ്രീമിയത്തിലെ വർദ്ധന, പെട്രോളിന്റെയും വാഹനങ്ങളുടെയും സ്പെയർ പാർട്ട്സുകളുടെയും വില വർദ്ധന, സ്പീഡ് ഗവേണൻസ്, ജി.പി.എസ്. എന്നിവ ഉൾപ്പെടെയുള്ള പുതിയ രീതികൾ കൊണ്ടുവന്നതും പതിനഞ്ച് വർഷം പഴക്കം ചെന്ന എല്ലാ വാഹനങ്ങളെയും പൊളിച്ചടുക്കണമെന്ന് കേന്ദ്ര ധനകാര്യമന്ത്രി പ്രഖ്യാപിച്ചതും ഒരു ഉപജീവനമാർഗ്ഗമെന്ന നിലയിൽ വാഹനമുപയോഗിച്ച് ജീവിക്കുന്ന പാവങ്ങളുടെ വയറ്റത്തടിക്കുന്ന രൂപത്തിലേയ്ക്കാണ് പോയത്. അതുകൊണ്ട് ഈ ക്ഷേമനിധിയുടെ ആനുകൂല്യം ഏറെ ആശ്വാസകരമാകുമെന്നതിൽ ഒരു തർക്കവുമില്ല. അത്തരം പ്രതിസന്ധികൾക്കിടയിലും ദുരിതപൂർണ്ണമായ ജീവിതവഴി താണ്ടാൻ മോട്ടോർ വാഹന മേഖലയിലെ ലക്ഷക്കണക്കിന്

വരുന്ന തൊഴിലാളികൾക്ക് ആശ്വാസമേകുന്ന 2022-ലെ കേരളാ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ഭേദഗതിയെ ഞാൻ അംഗീകരിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അവരുടെ അപേക്ഷ സമർപ്പിക്കാനും പണമടയ്ക്കാനുമുള്ള ജില്ലകളിലെ സൗകര്യത്തിനായി ഒരു പോയിന്റിൽ ഒരു ഓഫീസ് മാത്രമാണുള്ളത്. അതിനാൽ ഒരുപാട് കിലോമീറ്റർ സഞ്ചരിച്ച് ഓഫീസിലെത്തി അപേക്ഷ നൽകുകയും ആ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് ഓൺലൈൻ സംവിധാനമുൾപ്പെടെ കൂടുതൽ വിപുലീകരിച്ച് ആ സേവനം തൊഴിലാളികൾക്ക് കുറച്ചുകൂടി സഹായകരമായ നിലയിലേയ്ക്ക് എത്തിക്കണമെന്ന പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, തീർച്ചയായും ഇതൊരു പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, 15 വർഷം കഴിഞ്ഞ വാഹനങ്ങൾ കണ്ടം ചെയ്യണമെന്നുള്ള നയം തെറ്റാണെന്ന രീതിയിലാണ് അങ്ങിവിടെ പരാമർശിച്ചത്. പാരിസ്ഥിതികമായും സാമ്പത്തികമായും മറ്റ് കാഴ്ചപ്പാടിൽ നോക്കുമ്പോഴെല്ലാം വളരെ നല്ലൊരു നടപടിയായാണ് അതിനെ

നോക്കിക്കണ്ടിട്ടുള്ളത്. ആ അർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 15 വർഷം കഴിഞ്ഞ വാഹനങ്ങൾ കണ്ടം ചെയ്യണമെന്നതിനെ എതിർക്കുന്നുണ്ടോ; മാത്രമല്ല ആയത് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇവിടെ രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചത്. ശ്രീ. എച്ച്. സലാം എം.എൽ.എ. പറഞ്ഞ വിഷയം പരിഹരിച്ചിട്ടുണ്ട്. ഓൺലൈൻ സിസ്റ്റം വന്നിട്ടുണ്ടെന്ന് മാത്രമല്ല ചില ബാങ്കുകളെയും ഇപ്പോൾ തെരഞ്ഞെടുത്തിട്ടുണ്ട്.

ചെയർപേഴ്സൺ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിയാറായി, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മൊബൈൽ മുഖേന എല്ലാ ട്രാൻസാക്ഷനും നടക്കുന്ന ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് ആശങ്കയില്ലാത്ത വിധത്തിൽ ആ സേവനം കൊണ്ടുപോകുന്നത് വളരെ നന്നായിരിക്കും. 15 വർഷം കാലപ്പഴക്കംചെന്ന വാഹനങ്ങൾ പൊളിച്ചുടുക്കുന്ന തീരുമാനത്തെ എതിർക്കുകയല്ല; ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് അത് ചെയ്യേണ്ടതുതന്നെയാണ്. പക്ഷേ പല വിദേശരാജ്യങ്ങളിലും ഇത്തരത്തിൽ

15 വർഷം കാലപ്പഴക്കമുള്ള വാഹനങ്ങൾ പൊളിച്ചുകളയുന്ന സമയത്ത് ആ വാഹന ഉടമസ്ഥർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ പൈസ സർക്കാർ നൽകും. ഇവിടെ ആരാണ് അപ്രകാരം കൊടുക്കുന്നത്; ഞാൻ കൃത്യമായ കണക്ക് എത്രവേണമെങ്കിലും പറഞ്ഞുതരാം.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം... കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ ജില്ലാ ഓഫീസുകൾ പലയിടത്തും പ്രവർത്തിക്കുന്നത് ജില്ലയുടെ ഏതെങ്കിലും ഒരറ്റത്താണ്. ഒരു ജില്ലയുടെ ഹെഡ്ക്വാർട്ടേഴ്സെന്ന നിലയിലല്ല സംസ്ഥാനത്ത് പലയിടത്തും ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഉദാഹരണത്തിന്, ആലപ്പുഴയിലെ തൊഴിലാളികൾക്ക് ഒരാവശ്യമുണ്ടെങ്കിൽ ഏകദേശം കായംകുളത്തിനടുത്തുവരെ പോകണം. അതിനാൽ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് പോലെയുള്ള സ്ഥലങ്ങളിൽ ക്ഷേമനിധിയുടെ ഓഫീസുകൾ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിൽ തന്നെ ഈ ഓഫീസുകൾ സ്ഥാപിക്കണം. അമിതമായ വാടക നൽകിയാണ് ഇപ്പോൾ പല കെട്ടിടങ്ങളിലും ഓഫീസുകൾ പ്രവർത്തിക്കുന്നത്.

സ്വാഭാവികമായും ഇത്രയേറെ ആസ്തിയുള്ള ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങി ഓഫീസ് പ്രവർത്തനം ആരംഭിക്കണമെന്ന് ഞാൻ ആദ്യംതന്നെ പരാമർശിച്ചിരുന്നു.

വടക്കോട്ടും തെക്കോട്ടും ഓടുന്ന ചിലയാളുകൾ ഇപ്പോൾ നമ്മുടെ സമൂഹത്തിലുണ്ട്. ഒരാൾ അങ്ങ് തെക്കുനിന്നും വടക്കോട്ടുപോയി. താടിയൊക്കെ വളർത്തി കഴുത്തിൽ മാലയൊക്കെ അണിഞ്ഞ് പൂത്താലവുമായി നിൽക്കുന്ന ഒരു ചിത്രം അടുത്ത ദിവസം വന്നപ്പോൾ ഞെട്ടിപ്പോയി. അപ്പോൾ ഇവിടത്തെ ചിലയാളുകൾക്കൊക്കെ വലിയ ആവേശമായിരുന്നു. തെക്കുനിന്ന് വടക്കോട്ട് പോയതിലെ ആവേശഭരിതമായ അനുഭവമാണ് കേരളത്തിലുണ്ടായത്. ഞാൻ ഏതു പാർട്ടിയാണെന്നൊന്നും പറയുന്നില്ല. ഇപ്പോൾ ഒരാൾ വടക്കുനിന്നും തെക്കോട്ട് വരുന്നുണ്ട്. വടക്കുനിന്നും തെക്കോട്ട് വരുമ്പോൾ ചിലയാളുകൾക്ക് എന്തുമാത്രം ആശങ്കയാണ്, മനസ്സിലൊരു പിടപിടപ്പാണുണ്ടാകുന്നത്. ആ പിടപിടയ്ക്കുന്ന ആളുകളും ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ചിന്താങ്ങണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കുയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലാളിക്ഷേമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മൂന്ന് ക്ഷേമപദ്ധതികൾ (മോട്ടോർ ട്രാസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി) ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ. 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. മേൽ സൂചിപ്പിച്ച പദ്ധതികളെല്ലാം കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിലാണുള്ളത്. വിവിധ സ്ഥലങ്ങളിലായി നിലവിൽ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം പ്രസ്തുത ബോർഡിനുണ്ടെന്നത് അഭിനന്ദനാർഹമാണ്. തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തിക ഭദ്രതയുള്ള ഒരു പ്രധാനപ്പെട്ട ക്ഷേമനിധി ബോർഡാണിത്. മൂന്ന് ക്ഷേമനിധി പദ്ധതികളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് ഒരേ തരത്തിലുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയെന്ന ഈ ബില്ലിന്റെ ലക്ഷ്യം,

ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടതിലൂടെ സാധിച്ചിരിക്കുകയാണെന്നതിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. '2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി' പ്രകാരം എല്ലാ മോട്ടോർ വാഹനങ്ങളും വാണിജ്യ വാഹനങ്ങളും പദ്ധതിയിൻ കീഴിൽ വരുന്നു. എന്നാൽ '1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി' യിൽ ഉൾപ്പെട്ട ഓട്ടോറിക്ഷകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുപോലെതന്നെ '2004-ലെ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി' യിലെ തൊഴിലാളികൾക്കും പരിമിതമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. നിലവിൽ ഒരേ ബോർഡിനുകീഴിലുള്ള മൂന്ന് ക്ഷേമനിധി പദ്ധതികളിലായി ഒരേ വിഭാഗം തൊഴിലാളികൾക്ക് മൂന്ന് വ്യത്യസ്തങ്ങളായ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. '1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി'യിൽ അംഗങ്ങളായവർക്ക് പദ്ധതിയിൽനിന്നും സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകല്യങ്ങൾ മാത്രം ലഭിക്കുമ്പോൾ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, സ്വയം വിരമിക്കൽ പെൻഷൻ, അവശതാ

പെൻഷൻ, ഫാമിലി പെൻഷൻ, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണാനന്തര ധനസഹായം, സ്പെഷ്യൽ റിവാർഡ് തുടങ്ങി ആകർഷകങ്ങളായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നു. ഓട്ടോറിക്ഷാ തൊഴിലാളികൾ രണ്ട് വ്യത്യസ്തങ്ങളായ പദ്ധതികളിൽ അംഗമായതുകാരണം ഈ രണ്ട് ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നത്. അതുപോലെതന്നെ കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പരിമിതമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 2022 ഒക്ടോബർ മാസംവരെ പത്ത് ലക്ഷത്തിലേറെ തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. അതിൽത്തന്നെ 275000 സജീവാംഗങ്ങളാണ്. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 16866 തൊഴിലാളികളും 1522474 വാഹന ഉടമകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 8230 പെൻഷൻകാർ ഇതിന്റെ കീഴിലുണ്ട്. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ക്ഷേമനിധി പദ്ധതിയിൽ 16983 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും പുതുക്കിയ കേരള മോട്ടോർ ട്രാൻസ്പോർട്ട്

തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിക്കുന്നതോടുകൂടി പദ്ധതി അംഗങ്ങളുടെ എണ്ണത്തിൽ മുപ്പതിനായിരത്തോളം വർദ്ധനയുണ്ടാകും. ഭാവിയിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം ഇതുകൊണ്ടുണ്ടാകും. നമുക്കറിയാവുന്നതുപോലെതന്നെ, '1985 -ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്ട് സംബന്ധിച്ച ബിൽ സഭയിൽ അവതരിപ്പിച്ചത് 1984 മാർച്ച് 22-നാണ്. പ്രസ്തുത ബിൽ അന്ന് സഭയിൽ അവതരിപ്പിച്ചത് അന്നത്തെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന കടവൂർ ശിവദാസനായിരുന്നു. '2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബിൽ' സഭയിൽ അവതരിപ്പിച്ചത് 2005 ജൂലൈ 7-ന് അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരനായിരുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട പുതിയ ഭേദഗതിയോടെ നിലവിൽ വിവിധ സ്ഥലങ്ങളിലും വിവിധ ക്ഷേമനിധികളിലുമായി വ്യാപിച്ചു കിടക്കുന്ന നിക്ഷേപങ്ങൾ തൊഴിലാളികൾക്ക് ഗുണപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നതാണ് ഈ ബില്ലുകൊണ്ടുള്ള പ്രധാന നേട്ടം. 1952-ലെ ഇ.പി.എഫ്. ആക്ട് സബ് സെക്ഷൻ 3 (1) പ്രകാരം നിർബന്ധിതമായി ഉൾപ്പെടുന്ന സംരംഭകർക്ക് മാത്രം സംഭാവന നൽകാനുള്ള ഇളവ് പരിമിതപ്പെടുത്തുന്നതിനായി പ്രസ്തുത നിയമത്തിലെ

സെക്ഷൻ 4(a) പ്രൊവിസോ ഭേദഗതി ചെയ്യാനായി സർക്കാർ തീരുമാനിച്ചു. ഇ.പി.എഫ്. ആക്ട് പ്രകാരം തൊഴിലുടമ ഒടുക്കേണ്ട വിഹിതം തുച്ഛമായതിനാൽ തൊഴിലുടമകൾ തൊഴിലാളികളെ ഇ.പി.എഫ്.-ൽ ഉൾപ്പെടുത്തുന്ന രീതിയാണ് തുടരുന്നത്. എന്നാൽ തൊഴിലാളികൾ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതോടുകൂടി കൂടുതൽ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകും. കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം വാഹനങ്ങളുടെ തരംതിരിവിന് അനുസരിച്ച് അടയ്ക്കേണ്ട അംശദായം താഴെപ്പറയുന്ന വിധത്തിലാണ്.

**ടേബിൾ 1 -ലെ സൂചന പ്രകാരം,**

**സ്റ്റേറ്റ്** ക്യാരേജ് ഹെവി വെഹിക്കിളിന് തൊഴിലാളി വിഹിതം 180 രൂപയും തൊഴിലുടമ വിഹിതമായി 1260 രൂപയും പ്രതിമാസം പദ്ധതിയിൽ അടയ്ക്കണം.

**സ്റ്റേറ്റ്** ക്യാരേജ് (ലൈറ്റ് & മീഡിയം) വെഹിക്കിൾ/കോൺട്രാക്ട് ക്യാരേജ്/ലക്ഷ്വറി വെഹിക്കിൾ എന്നിവയിൽ തൊഴിലാളി വിഹിതം 180 രൂപയും തൊഴിലുടമ വിഹിതം 840 രൂപയും പ്രതിമാസം അടയ്ക്കേണ്ടതുണ്ട്.

ടേബിൾ 2-ലെ സൂചന പ്രകാരം:

ചരക്ക് വാഹനങ്ങൾ (ഹെവി&മീഡിയം)- തൊഴിലാളി വിഹിതം പ്രതിമാസം 120 രൂപയും തൊഴിലുടമ വിഹിതം 480 രൂപയും അടയ്ക്കേണ്ടതുണ്ട്.

ചരക്ക് വാഹനങ്ങൾ (ലൈറ്റ്)- തൊഴിലാളി വിഹിതം 120 രൂപയും തൊഴിലുടമ വിഹിതം 240 രൂപയും പ്രതിമാസം അടയ്ക്കേണ്ടതുണ്ട്.

ടേബിൾ 3 -ലെ സൂചന പ്രകാരം:

ടാക്സി/കാർ തുടങ്ങിയ വാഹനങ്ങൾ - തൊഴിലാളി വിഹിതം 60 രൂപയും തൊഴിലുടമ വിഹിതം 120 രൂപയും പ്രതിമാസം അടയ്ക്കേണ്ടതുണ്ട്.

ടേബിൾ 4 -ലെ സൂചന പ്രകാരം:

ഓട്ടോ/ട്രാക്ടർ/ട്രില്ലർ - തൊഴിലാളിയും തൊഴിലുടമയും പ്രതിമാസ വിഹിതമായി 60 രൂപ അടയ്ക്കേണ്ടതുണ്ട്.

കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം തൊഴിലാളി-തൊഴിലുടമ വിഹിതം പ്രതിമാസം 25 രൂപ വീതമാണ്. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംശദായമായി തൊഴിലാളി 20 രൂപയും തൊഴിലുടമ വിഹിതമായി 10 രൂപയും പ്രതിമാസം അടയ്ക്കേണ്ടതുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച

പദ്ധതികൾ ലയിപ്പിക്കുന്നതോടുകൂടി രണ്ട് ക്ഷേമനിധി പദ്ധതികളിലുമായി ഉൾപ്പെട്ട അംഗങ്ങൾക്ക് അടയ്ക്കേണ്ട അംശദായ തുകയിൽ വർദ്ധനയുണ്ടാകും, അവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകിട്ടാനും ഇതുവഴി സാധിക്കും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ വളരെ ദീർഘമായി മറുപടി പറയുന്നില്ല. ഈ രണ്ട് ബില്ലുകളിലും തൊഴിലാളികളെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബിൽ അവതരിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ പ്രതിമാസ വിഹിതം 10 ശതമാനത്തിൽനിന്ന് 11.5 ശതമാനമായി വർദ്ധിപ്പിക്കുമ്പോൾ ഉടമയുടെ വിഹിതത്തേക്കാൾ രണ്ട് ശതമാനം വർദ്ധനവ് വരികയാണ്. നിലവിൽ തൊഴിലാളികൾക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി 5 ശതമാനമായിരുന്നത് 7 ശതമാനമായി ഉയരുകയാണ്. വർദ്ധിക്കുന്ന രണ്ട് ശതമാനം തുക ഉടമയാണ് അടയ്ക്കേണ്ടത്. ബോർഡിലെ തൊഴിലാളികളുടെ അംശദായ അടവ് 25 ശതമാനമായിരുന്നത് 28.5 ശതമാനമായി ഉയരും. അത് തൊഴിലാളിക്ക് ഗുണകരമാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നും രണ്ടും

സർക്കാരുകൾ തൊഴിലാളിപക്ഷ നിലപാടുതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ ചർച്ച ആരംഭിച്ചുകൊണ്ട് സൂചിപ്പിച്ചതുപോലെ, രാജ്യത്തെ വൻകിട കുത്തക മുതലാളിമാരെ സഹായിക്കുന്ന സമീപനമൊന്നും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. തൊഴിലാളി സൗഹൃദ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. അവരെയൊന്നും ശത്രുക്കളായി കാണുന്ന സമീപനമില്ല. ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റ് വന്നതിനുശേഷം ഒൻപത് ബില്ലുകൾ ഈ സഭ പാസ്സാക്കിയിട്ടുണ്ട്. അവയിൽ മിക്കവാറും ഏകകണ്ഠമായിത്തന്നെയാണ് പാസ്സാക്കിയിട്ടുള്ളത്. ചെറിയ ഭേദഗതിയാണെങ്കിൽപ്പോലും വർത്തമാന കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് തൊഴിലാളികൾക്ക് ന്യായമായി കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന നിലയിലാണ് ആ ബില്ലുകൾ പാസ്സാക്കിയിട്ടുള്ളത്. കേരളത്തിന്റെ അവസ്ഥയിൽനിന്ന് എത്രയോ ഭിന്നമാണ് ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ നിലനിൽക്കുന്നത്. രാജ്യത്താകെ തൊഴിൽ ചെയ്യുന്നവർ 56 കോടിയോളമുണ്ട്. ഇവരിൽ 23 കോടി കർഷകത്തൊഴിലാളികളും 33 കോടി കാർഷികേതര ജോലി

ചെയ്യുന്നവരുമാണ്. ഈ 31 കോടിയിൽ സ്ഥിരം ജോലിയുള്ളവർ കേന്ദ്ര/സംസ്ഥാന സർവ്വീസുകളിലുൾപ്പെടെ അഞ്ച് കോടിയോളം വരും. ബാക്കിയുള്ള 26 കോടിയോളം തൊഴിലാളികൾ അസംഘടിത/പരമ്പരാഗത തൊഴിൽ ചെയ്യുന്നവരും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. രാഷ്ട്രത്തിന്റെ ജി.ഡി.പി.-യുടെ അൻപത് ശതമാനം സംഭാവന ചെയ്യുന്നവരാണിവർ. നമ്മുടെ സംസ്ഥാനത്ത് പതിനാറ് ക്ഷേമനിധി ബോർഡുകളുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളും തൊഴിലാളികളെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിനായി ഇതിന്റെ ഓഫീസ് നഗരത്തിൽ ജില്ലയുടെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽത്തന്നെ വേണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം ബോർഡുമായി സംസാരിക്കാം. ഈ രണ്ട് ബോർഡും ചർച്ച ചെയ്ത് കൊണ്ടുവന്നിട്ടുള്ള ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരള മോട്ടാർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതുതായി അംഗങ്ങളായി ചേരാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം ലഭിക്കുന്നില്ല. ഓൺലൈനായി അപേക്ഷ കൊടുക്കണമെന്നാണ് പറയുന്നതെങ്കിലും വെബ്സൈറ്റ് തുറക്കാൻ

സാധിക്കാത്തതിനാൽ അപേക്ഷ നൽകാൻ കഴിയുന്നില്ല. അതിനാൽ ഓഫീസുകളിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഒരു വാഹനത്തിന്റെ ടാക്സ് അടയ്ക്കുമ്പോൾ, ക്ഷേമനിധിയുടെ അംശദായം അടയ്ക്കണമെന്നത് നിർബന്ധമാണ്. അങ്ങനെ കോടിക്കണക്കിന് രൂപ അംശദായ ഇനത്തിൽ ക്ഷേമനിധി ബോർഡിന്റെ കൈവശമുണ്ട്. എന്നാൽ പലപ്പോഴും തൊഴിലാളിക്കാവശ്യമായ ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പത്തുലക്ഷം പേർ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണെന്നാണ് പറയപ്പെടുന്നത്. എന്നാൽ രണ്ടുലക്ഷം പേരാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. ബാക്കിയുള്ള തൊഴിലാളികൾ ഇപ്പോൾ ക്ഷേമനിധിയിലില്ലായെന്നാണ് അതിനർത്ഥം. പുതിയ ആളുകൾക്ക് ക്ഷേനിധിയിൽ അംഗങ്ങളാകുന്നതിന് അവസരമൊരുക്കണം. ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു കാര്യം, പതിനഞ്ച് വർഷമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കളക്ടറേറ്റ്, പോലീസ് സ്റ്റേഷൻ തുടങ്ങി എല്ലാ പൊതുഓഫീസുകൾക്ക് മുമ്പിലും വാഹനങ്ങൾ തുരുമ്പെടുത്ത്

നശിച്ചുകിടക്കുകയാണ്. അവ നിയമപരമായി കണ്ടം ചെയ്യേണ്ടതല്ല, പല കാരണങ്ങളാൽ റവന്യൂ/എക്സൈസ് വകുപ്പുകൾ പിടിച്ചെടുത്ത, കോടാനുകോടി രൂപ വിലവരുന്ന വാഹനങ്ങളാണ്. അവ തുരുമ്പെടുത്ത് നശിച്ചുപോകുകയാണ്. ഈ വാഹനങ്ങൾ പിടിക്കപ്പെട്ടതിലൂടെ ആ വാഹനത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളിക്ക് തൊഴിൽ നഷ്ടമുൾപ്പെടെയുണ്ടായിട്ടുണ്ട്. ഇതിനെല്ലാം പരിഹാരമുണ്ടാക്കണം. ഒരു വാഹനം പിടിക്കപ്പെട്ടാൽ ഒരു നിശ്ചിത സമയത്തിനകം അത് റിലീസ് ചെയ്തുകൊടുക്കണമെന്ന നിയമമില്ലെങ്കിൽ ഇങ്ങനെ വലിയൊരു പൊതുനഷ്ടം നമ്മുടെ സമൂഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കും. ഇക്കാര്യംകൂടി അങ്ങയുടെ സജീവ പരിഗണനയിലുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നീര ചെത്താൻ കഴിഞ്ഞ സർക്കാരിന്റെ  കാലത്ത് അനുമതി നൽകിയിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് അത് നിരുത്സാഹപ്പെടുത്തുകയുണ്ടായി. ഇപ്പോൾ കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന ഒരു സാഹചര്യംകൂടിയുണ്ട്. അവരെ പുനരധിവസിപ്പിക്കാൻ കഴിയുന്ന വിധത്തിൽ, കർഷകർക്ക് ഗുണകരമായ രീതിയിൽ നീര ചെത്തിനെ പ്രോത്സാഹിപ്പിക്കുന്ന  സാഹചര്യമുണ്ടാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിന് നേരിട്ട് പോയാൽ എന്തെങ്കിലും അസൗകര്യമുണ്ടാകുന്നുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം. ഓൺലൈൻ സംവിധാനം ഒഴിവാക്കേണ്ട കാര്യമില്ല. ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ തകരാർ സംബന്ധിച്ച് പരിശോധിക്കാം. നിയമാനുസൃതമായി അപേക്ഷ നൽകിയിട്ടും ആനുകൂല്യങ്ങൾ ലഭിച്ചില്ലെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം. ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന് മൊത്തത്തിൽ പറഞ്ഞാൽ ഗുണമുണ്ടാകില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പ്രത്യേകമായി അക്കാര്യം സൂചിപ്പിച്ചാൽ ഇടപെട്ട് പരിഹാരം കാണുന്നതിന് പരിശ്രമിക്കാം. വാഹനങ്ങളുടെ കാര്യം തൊഴിൽ വകുപ്പുമാത്രം തീരുമാനിക്കേണ്ട കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. നിയമവിരുദ്ധമായ പ്രവർത്തനങ്ങളിലേർപ്പെട്ട വാഹനങ്ങളെയാണ് പോലീസ് കസ്റ്റഡിയിലെടുത്തിരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ, സംസ്ഥാനത്താകെ പല പോലീസ് സ്റ്റേഷനുകൾക്കുമുന്നിലും വർഷങ്ങളായി വാഹനങ്ങൾ കിടക്കുന്നുണ്ട്. അക്കാര്യം പോലീസ് വകുപ്പിന്റെകൂടി ശ്രദ്ധയിൽപ്പെടുത്തി പൊതുപ്രശ്നമായി കണ്ടുകൊണ്ട് എങ്ങനെ പരിഹാരം

കാണാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. ഉബൈദുള്ള: സർ, അത് തൊഴിലാളികളെക്കൂടി ബാധിക്കുന്ന വിഷയമാണ്. വാഹനങ്ങൾ പിടിക്കപ്പെട്ട് വർഷങ്ങൾ കഴിയുമ്പോൾ മറ്റൊരു വാഹനത്തിൽ ജോലി ചെയ്യാൻ അവർക്ക് അവസരം ലഭിക്കുന്നില്ല. തൊഴിലാളികളെക്കൂടി ബാധിക്കുന്ന വിഷയമായതിനാൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ അങ്ങ് ശ്രമിക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. വി. ശിവൻകുട്ടി: സർ, അതിന് ശ്രമിക്കാം. വാഹനം പിടിക്കപ്പെട്ട് പോലീസ് സ്റ്റേഷന് മുന്നിലിട്ടിരിക്കുമ്പോൾ തൊഴിലാളിക്ക് ജോലി നഷ്ടപ്പെടും. തൽക്കാലം മറ്റൊരു വാഹനത്തിൽ ജോലി ചെയ്യാൻ ആ തൊഴിലാളികളോട് ആവശ്യപ്പെടണം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നീരയുടെ വിഷയം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. കള്ള് ചെത്താണ് പരിഗണനയിലുള്ളത്. അത് പ്രോത്സാഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ന് ഒരു ടെലിവിഷൻ ചാനലിൽ കൃത്രിമ കള്ളുണ്ടാക്കുന്നതിനെക്കുറിച്ച് വളരെ കൃത്യമായി വിശദീകരിക്കുകയുണ്ടായി. ഇത് കുടിച്ചാൽ പെട്ടെന്ന് മരണം സംഭവിക്കും. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറേയധികം കെമിക്കൽസ് ചേർത്ത്

കൃത്രിമ കള്ളുണ്ടാക്കുകയും അത് കുടിക്കുന്നവർ മരിക്കുകയും ചെയ്യുന്നുണ്ടെന്ന് പറയുന്നു. ഇതുസംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, മനുഷ്യന് അപകടമുണ്ടാകുന്ന കള്ള് കുടിക്കരുതെന്ന് ബോധവൽക്കരണം നടത്താം. ടി.വി.-യിൽ സംപ്രേക്ഷണം ചെയ്തെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി.വി.-യിൽ വരുന്ന കാര്യങ്ങളെല്ലാം വിശ്വസിക്കാൻ കഴിയില്ല. നിജസ്ഥിതി എന്താണെന്നുള്ളത് പരിശോധിക്കാം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുമ്പോൾ ബാക്കി കാര്യങ്ങൾ അവിടെ സംസാരിക്കാം.

<u>2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>ചെയർപേഴ്സൺ</u>: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(Not in the seat)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(Not in the seat)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII- ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയക്കുന്നു.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ

ചെയർപേഴ്സൺ: ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(Not in the seat)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) <u>2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ</u>

(iv) <u>2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

## IX. ക്രമപ്രശ്നം

<u>ബില്ലിലെ അപാകത</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലാണ് അങ്ങ് അവതരിപ്പിച്ചത്. ഇതിൽ പ്രത്യക്ഷത്തിൽ ഒരു വൈരുദ്ധ്യം നിലനിൽക്കുകയാണ്. ബില്ലിലെ രണ്ട് വ്യവസ്ഥകൾക്ക് വ്യത്യാസമുണ്ടാകുന്നതായാണ് ഇവിടെ കാണുന്നത്. ഒന്ന്, ആക്ടിന്റെ 20-ാം വകുപ്പ്, 'ഈ ആക്ടിന്റെ ലംഘനത്തിലുള്ള ശിക്ഷ- ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിന്മേൽ രണ്ടുവർഷം വരെയാകാവുന്ന തടവുശിക്ഷയോ, ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധികമായ പിഴ ശിക്ഷയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു' എന്നാണ് നേരത്തെ എഴുതിയിരുന്നത്. ഈ ഭേദഗതി വന്നപ്പോൾ ആ ഭാഗം ഒഴിവാക്കി എന്നുമാത്രമല്ല അതിൽ കൊണ്ടുവന്നിരിക്കുന്ന പ്രധാനപ്പെട്ട മാറ്റം, പീനൽ പ്രൊവിഷൻ 'ഇരുപത്തി അയ്യായിരം രൂപ' എന്നതിനുപകരം 'അഞ്ചുലക്ഷം രൂപ' എന്നാക്കി മാറ്റി എന്നതാണ്. അപ്രകാരം അഞ്ചുലക്ഷം രൂപയായി

വർദ്ധിപ്പിക്കുമ്പോൾ simultaneous ആയി ശിക്ഷയിലും മാറ്റം വരുത്തേണ്ടതാണ്, പക്ഷെ മാറ്റംവരുത്തിയില്ല. യഥാർത്ഥത്തിൽ ഈ ഭേദഗതി നിലവിലുള്ള നിയമത്തെ ചെറുതാക്കുകയാണ്. അതിന്റെ ശക്തി കുറയ്ക്കുന്ന രൂപത്തിലാണ് വരുന്നത്. മണൽ വാരൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. ആ പ്രശ്നത്തെ നേരിടുന്നതിനുവേണ്ടിയായിരിക്കണം അങ്ങ് ഇതുപോലൊരു നിയമം കൊണ്ടുവന്നതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതുകൊണ്ട് നിയമം കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രൊവിഷൻസ് നോക്കി ശിക്ഷാ കാലാവധി simultaneous ആയി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ ഇതൊരു തെറ്റായ കീഴ്വഴക്കമാകും. ശിക്ഷാനടപടികളിൽനിന്നും കുറച്ച് ആളുകളെ രക്ഷപ്പെടാൻ സഹായിക്കുന്നതായിരിക്കും ഇതിന്റെ പരിണത ഫലം.

രണ്ടാമത്തെ പ്രശ്നം, കടവ് കമ്മിറ്റികളും മണൽ വാരലും നോക്കുന്നതിനും മണൽ വാരൽ തിട്ടപ്പെടുത്തുന്നതിനുംവേണ്ടി ജില്ലാ കളക്ടറെ ഓതറൈസ്ഡ് ഓഫീസറായി നിയമിച്ച് അധികാരം നൽകിയിരിക്കുകയാണ്. ഒരു ജില്ലയിൽ എത്രയോ നദികളുണ്ടാകും. അവിടെ എത്രയോ കടവ് കമ്മിറ്റികളുണ്ടാകും. അവിടെയെല്ലാം ജില്ലാ കളക്ടർ നേരിട്ട്

ഇടപെടണമെന്നത് അപ്രായോഗികമാണ്. നിലവിലുള്ള നമ്മുടെ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം 104 കമ്മിറ്റികളുടെ അദ്ധ്യക്ഷൻ ജില്ലാ കളക്ടറാണ്. അതിനുപുറമെ ഈ നദികളിലെല്ലാം പരിശോധന നടത്തുന്നതിനുള്ള നടപടികൂടി ഏറ്റെടുക്കണമെന്നുപറഞ്ഞാൽ അത് അപ്രായോഗികമാകും. അതിനുവേണ്ടിയുള്ള സംവിധാനമുണ്ടാകണം.

മൂന്നാമത്തെ പ്രശ്നം, മണൽ പിടിച്ചുകഴിഞ്ഞാൽ ഇത് നിക്ഷേപിക്കേണ്ട ഒരു സ്ഥലമുണ്ട്. ഇതിന് പ്രത്യേകമായൊരു സിസ്റ്റം തന്നെയുണ്ടാകണം. അങ്ങനെയൊരു സിസ്റ്റമില്ലാതെ വന്നാൽ മണൽ പിടിക്കാൻ കഴിയില്ല. ഈ മണൽ തൊണ്ടി സാധനമാകും. ആ തൊണ്ടി സാധനം മാറ്റാൻ കഴിയാതെയാകും. അങ്ങനെ ഇത് പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് പോകും. അത് വളരെ തെറ്റായ രൂപത്തിലേയ്ക്കാണ് പോകുന്നത്. മണലിന്റെ കാര്യത്തിൽ ഗവൺമെന്റ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്നുതന്നെയാണ് എന്റെ പക്ഷം. അതുകൊണ്ട് ഈ ബിൽ കുറച്ചുകൂടി സമഗ്രമാക്കണം. ഈ ബില്ലിലെ മറ്റുകാര്യങ്ങളെ ഒന്നും എതിർക്കുന്നില്ല. ഇതുകുറച്ചുകൂടി ശക്തിപ്പെടുത്തണം. അതിനായി വേറൊരു ബിൽ അവതരിപ്പിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം. സമയക്കുറവുകാരണമാണ് ചുരുക്കി സംസാരിക്കുന്നത്. പക്ഷെ വളരെ

ഗുരുതരമായ വിഷയമായതിനാൽ പറയാതിരിക്കാൻ സാധിക്കില്ല. ദയവായി അങ്ങിത് പിൻവലിച്ച് സമഗ്രമായ ചർച്ചയ്ക്കുശേഷം ശിക്ഷാകാലാവധി കൂട്ടത്തക്കവിധത്തിൽ പുതിയ ബിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭ്യർത്ഥന.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നമ്മുടെ സഭയിലെ വളരെ പരിണത പ്രജ്ഞനായ അംഗമാണെന്നതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നവരാണ് ഞങ്ങൾ. പക്ഷെ, ഈ ഭേദഗതി ബില്ലുകൾ സംബന്ധിച്ച് ഒന്നുരണ്ട് തെറ്റിദ്ധാരണകൾ ബഹുമാനപ്പെട്ട അംഗത്തിനുണ്ടായോയെന്ന് എനിക്ക് സംശയമുണ്ട്. യഥാർത്ഥത്തിൽ ഇവിടെ അവതരിപ്പിക്കപ്പെടുന്ന ഈ ഭേദഗതി യാതൊരു കാരണവശാലും നിലവിലെ ശിക്ഷാ കാലയളവിനെ കുറയ്ക്കുന്നതല്ല. അങ്ങിവിടെ വായിച്ചതുപോലെ, നേരത്തെയുള്ള ആക്ടിൽ പറയുന്ന പ്രകാരം വകുപ്പ് 20- ഈ ആക്ടിന്റെ ലംഘനത്തിനുള്ള ശിക്ഷയാണ്. അതിൽ 'ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളോ, അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിന്മേൽ രണ്ടു വർഷം വരെയാകാവുന്ന തടവുശിക്ഷയോ ഇരുപത്തി അയ്യായിരം രൂപവരെ

ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന അധികമായ പിഴശിക്ഷയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനകത്ത് മറ്റൊന്നിലും മാറ്റം വരുത്തുന്നില്ല. 'ഇരുപത്തി അയ്യായിരം രൂപ' എന്ന് നിശ്ചയിച്ച പിഴ തുക അങ്ങ് പറഞ്ഞതുപോലെ കുറേക്കൂടി ഗൗരവമാക്കണമെന്നതുകൊണ്ട് 'അഞ്ചുലക്ഷം' രൂപയാക്കി ഉയർത്തുകയും നേരത്തെ പറഞ്ഞതുപോലെ ഓരോ ദിവസത്തിനും 'ആയിരം രൂപ' എന്നത് 'അമ്പതിനായിരം' രൂപയാക്കി ഉയർത്തുകയും ചെയ്യുകയെന്നതുമാത്രമാണ് 20-ാമത്തെ വകുപ്പിന്റെ ഭേദഗതിയിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൂടുതൽ കഠിനമായ ശിക്ഷ നൽകിക്കൊണ്ട് അനധികൃത മണൽ വാരൽ തടയണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ താൽപര്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇരുപത്തി അയ്യായിരം രൂപ ശിക്ഷ വിധിക്കുമ്പോൾ രണ്ടരവർഷം വരെ നീളാവുന്ന തടവുശിക്ഷയുണ്ട്. അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കുമ്പോൾ ആ ശിക്ഷയിൽ മാത്രം മാറ്റം വരുത്തുന്നില്ല. അതാണ് പ്രശ്നം. അങ്ങിത് ഗൗരവമായി എടുക്കുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. പീനൽ പ്രൊവിഷൻ നീട്ടിയത്

നന്നായി. അതേസമയം രണ്ടുവർഷം വരെ നീളാവുന്ന എന്നുപറഞ്ഞാൽ രണ്ടുവർഷം വരണമെന്നില്ല, ആറുമാസം മുതൽ രണ്ടുവർഷം വരെ ഏതുമാകാം. അതിനകത്ത് ഒരു മാറ്റവുമില്ലാതെ, അതിന്റെ പീനൽ പ്രൊവിഷൻ മാത്രം മാറ്റിയത് ശരിയല്ലെന്നതാണ് എന്റെ വാദഗതി.

ശ്രീ. കെ. രാജൻ: സർ, അനധികൃതമായി മണൽ വാരുന്നവർക്കെതിരെ കർശന നടപടിയെടുക്കണമെന്ന കാര്യത്തിൽ അങ്ങേയ്ക്കും എനിക്കും ഒരേ അഭിപ്രായമാണെന്നത് ഞാൻ മാനിക്കുന്നു. തുക വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ശിക്ഷ വർദ്ധിപ്പിക്കുകയെന്ന രീതി അങ്ങെവിടെയെങ്കിലും നേരത്തെ കണ്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇവിടെയുണ്ടാകുന്നൊരു പ്രശ്നം, 'or' വന്നതുകൊണ്ട് 'രണ്ടുവർഷം വരെയാകാവുന്ന തടവുശിക്ഷയോ ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ' ഇതാണ് ആക്ടിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യം. പലപ്പോഴും അങ്ങ് പറയുന്നതുപോലെ 'രണ്ടു വർഷംവരെയാകാവുന്നത്' എന്നത് ഒരു മാസത്തിലോ രണ്ടുമാസത്തിലോ മൂന്നുമാസത്തിലോ ആറുമാസത്തിലോ ആകുന്നുവെന്ന് മാത്രമല്ല അതിൽ ശിക്ഷ വേണ്ട, തടവുവേണ്ടായെന്ന് തീരുമാനിച്ചാൽ കേവലം 25000 രൂപ അടച്ച് ഇയാൾക്ക്

രക്ഷപ്പെടാമെന്നതാണ് ഇപ്പോഴുള്ള വകുപ്പിലെ അപകടകരമായ പ്രശ്നം. ആ പ്രശ്നത്തെ അഭിസംബോധന ചെയ്യുമ്പോൾ രണ്ടുവർഷം വരെ തടവുകൊടുക്കുന്ന കേസുകളിൽ ഒരു 'or' കൂടിയുള്ള സാഹചര്യത്തിൽ കേവലം 25,000 രൂപയടച്ച് ഒരാളും രക്ഷപ്പെടരുതെന്ന ആഗ്രഹമാണ് ഗവൺമെന്റിന് ഇക്കാര്യത്തിലുള്ളത്. അതാണ് ഈ സെക്ഷൻ ഭേദഗതി ചെയ്യുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

രണ്ടാമത്തേത്, 23 എ-ൽ (6)-ാം ഉപവകുപ്പുപ്രകാരമുള്ള മാറ്റത്തെ സംബന്ധിച്ചാണ്. ഓരോ കടവിലും ജില്ലാ കളക്ടർ നേരിട്ടുപോകുന്ന കാര്യത്തെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഓരോ കടവിലും നേരിട്ടുപോയി കളക്ടർ ലേലം നടത്തുക എന്നതിനെക്കുറിച്ചല്ല, ഈ ആക്റ്റിലെ അദ്ധ്യായം 3-ൽ 12, 13, 14 വകുപ്പുകളിലായി കടവിലുണ്ടാകുന്ന മണൽ ലേലം ചെയ്യുന്നത് സംബന്ധിച്ച് വിശദമായ രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. 23 എ വകുപ്പിന്റെ (6)-ൽ നേരത്തെ പറയുന്നത്, '(4)-ാം ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ് എന്നാണ്.

ഇതിനുപകരം '(4)-ാം ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതും' എന്ന് ചേർക്കേണ്ടതാണ്. അങ്ങ് പറഞ്ഞ പ്രശ്നമാണ് ഇവിടെ ഏറ്റവും പ്രധാനമായി ഞങ്ങൾ പ്രതിപാദിക്കുന്നത്. അങ്ങയുടെയും ഞങ്ങളുടെയും വികാരം ഒന്നാണ്. പലപ്പോഴും കടവിൽ വച്ചല്ല മണൽ പിടിക്കുന്നത്. കടവിൽ നടക്കുന്ന ലേല പ്രവർത്തനങ്ങൾ നേരത്തെ നിശ്ചയിക്കപ്പെട്ടിട്ടുള്ള കടവ് കമ്മിറ്റി നിശ്ചയിക്കുന്നതനുസരിച്ചാണ്. അത് അവിടെ ലേലം ചെയ്ത് വിൽക്കാൻ അവർക്ക് അധികാരവുമുണ്ട്. അങ്ങനെ തീരുമാനിച്ചതനുസരിച്ച് എടുക്കുന്ന മണലാണ്. എന്നാൽ കടവ് കമ്മിറ്റിയുടെ അനുവാദമില്ലാതെ അനധികൃതമായി കൊണ്ടുപോകുന്ന മണൽ പലപ്പോഴും പിടിക്കുന്നത് റോഡിലോ മറ്റേതെതെങ്കിലും സ്ഥലത്തോ വച്ചാണ്. അങ്ങനെ പിടിച്ചാൽ, 23 എ (4) പ്രകാരം കണ്ടുകെട്ടാനുള്ള അനുവാദം കൊടുക്കുമ്പോൾ അതിനൊരു പ്രൊവിസോ തീരുമാനിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അവയുടെ നിയന്ത്രണമുള്ള ആൾക്കോ കണ്ടുകെട്ടിയ വസ്തുക്കൾക്ക് പകരമായി മണൽ ഒഴികെ ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയ്ക്ക് കണ്ടുകെട്ടിയ വസ്തുക്കൾക്ക് തുല്യമായ തുക അടച്ചുകൊണ്ട്

അവ വീണ്ടെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്. ഇത് കണ്ടുകെട്ടലിന്റെ പ്രൊവിസോ ആണ്. ഒരു ടെമ്പോയിലാണ് മണൽ കൊണ്ടുപോകുന്നതെങ്കിൽ ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയടച്ച് അയാൾ മണൽ അവിടെ തട്ടി വണ്ടിയും കൊണ്ടുപോകും. ഈ മണൽ നിശ്ചയിച്ചതനുസരിച്ച് കൊണ്ടുപോകാൻ കഴിയാതെവരും. ഈ പ്രവർത്തനങ്ങൾ വേഗതയിലാക്കുന്നതിനുവേണ്ടി അങ്ങിവിടെ പറഞ്ഞതുപോലെ District Expert Committee (DEC)-യുടെ ചെയർമാനായ ജില്ലാ കളക്ടർക്കാണ് ഈ വകുപ്പനുസരിച്ച് അനധികൃതമായി പിടിച്ചെടുക്കുന്ന മണൽ മാത്രം ലേലം ചെയ്യാനുള്ള പ്രത്യേക അനുവാദം കൊടുക്കുന്ന തീരുമാനമെടുക്കുന്നത്. ഇതൊരു കാരണവശാലും വൈകിക്കില്ല, വേഗതയിലാക്കുകയാണ് ചെയ്യുന്നത്. കളക്ടർക്ക് ലേലം ചെയ്യാൻ എല്ലാ കടവിലും പോകേണ്ടതില്ല. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ അദ്ധ്യായം 3-ലെ 14-ൽ മണലിന്റെ വിലയിന്മേലുള്ള നിയന്ത്രണം മുതലായ കാര്യങ്ങൾകൂടി പറയുന്നുണ്ട്. അതനുസരിച്ചുതന്നെ പോകും, അതിൽ കളക്ടർ ഇടപെടേണ്ട കാര്യമില്ല. അനധികൃതമായി പിടിച്ചെടുക്കുന്ന മണൽ സംബന്ധിച്ചുള്ള കാര്യങ്ങൾ വേഗതയിലാക്കാനാണ് ഭേദഗതി. ഇതുമായി ബന്ധപ്പെട്ട രണ്ട് വകുപ്പുകൾ മാത്രമാണ് സർക്കാർ ഇപ്പോൾ ഭേദഗതി

ചെയ്യാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ക്ലാരിഫിക്കേഷൻ നൽകിയില്ലേ; നമുക്കിത് അവസാനിപ്പിച്ചുകൂടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിയമത്തിന്റെ ശക്തി കുറയ്ക്കുന്നുവെന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. ശക്തികുറയ്ക്കുന്നുവെന്ന് പറയാനുള്ള കാരണം, പിഴ കൂട്ടുകയും ബാക്കി പഴയതുപോലെ നിലനിൽക്കുകയും ചെയ്താൽ ശിക്ഷാ നടപടി കുറയ്ക്കുന്നുവെന്നതന്നെയാണ് അർത്ഥം. ആ നിലയിൽതന്നെ അങ്ങ് വാദിച്ചുകൊണ്ടിരിക്കുന്നതിൽ ഞാൻ ഖേദം രേഖപ്പെടുത്തുകയാണ്. ഇതൊരു ടാസ്ക് ഫോഴ്സിനെ ഏൽപ്പിക്കണം. അതിന് സാമ്പത്തിക ചെലവുണ്ട്. പക്ഷേ ഇപ്പോഴത്തെ അവസ്ഥയനുസരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവുവന്നാൽ ഗവർണ്ണർക്ക് ബന്ധപ്പെട്ട ഫയൽ അയയ്ക്കണമെന്നതുകൊണ്ട് അതൊഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തുവെന്ന ആക്ഷേപം സമൂഹത്തിൽ നിൽക്കുകയാണ്. അങ്ങ് രണ്ടുകാര്യങ്ങൾ ചെയ്താൽ മതി. കുറ്റം ചെയ്തവർക്ക് കൊടുക്കുന്ന ശിക്ഷ കൂട്ടുന്നതുകൊണ്ട് എന്ത് അപകടമാണുള്ളത്; അവരോട് എന്തിനാണ് നമ്മൾ ദൈന്യത കാണിക്കുന്നത്; കുറ്റം കാണിക്കുന്ന ആളുകൾ കുറച്ചുകാലം ജയിലിൽ

കിടക്കട്ടെ, അവർക്കുവേണ്ടി അനുകൂല തീരുമാനമെടുക്കുന്നത് എന്തിനാണ്? അങ്ങത് ചെയ്യുമെന്ന് എനിക്ക് വിശ്വാസമില്ല. അങ്ങയുടെ മനസ്സ് ഞാൻ മനസ്സിലാക്കിയിടത്തോളം ഈ കള്ളകച്ചവടത്തിനെതിരാണ്. അതുകൊണ്ട് അങ്ങ് ഈ നിയമത്തിൽ തടവുശിക്ഷ ചേർക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

ശ്രീ. കെ. രാജൻ: സർ, രണ്ട് വർഷത്തെ തടവും 25,000 രൂപ പിഴയുമുണ്ടായിരുന്നത് അഞ്ച് ലക്ഷം രൂപ പിഴയടപ്പിക്കാനുള്ള തീരുമാനമാണുണ്ടായിട്ടുള്ളത്. 23 എ-യിലെ 1 മുതൽ 7 വരെയുള്ള ഉപവകുപ്പുകൾ അനുസരിച്ച് അനധികൃതമായി മണൽ കടത്തുന്നവരെ പിടികൂടുന്നതിനും തടയുന്നതിനുമുള്ള കർശന സംവിധാനം നമുക്ക് ഒരുമിച്ചുണ്ടാക്കാം. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാനുള്ള അനുമതി നൽകണം. ഇതിൽ നിയമവിരുദ്ധമായ യാതൊന്നുമില്ല. ഇത് നിയമത്തെ കൂടുതൽ ശക്തമാക്കുകയാണെന്ന കാര്യം ബോധ്യപ്പെടുത്തുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ....... ഓർഡർ, 2021-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ അവതരണവേളയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച തടസ്സവാദവും

അതിന്മേൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയും ചെയർ വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചത്, മൂലനിയമത്തിലെ വ്യവസ്ഥകളിന്മേൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായ ക്രിയാത്മകമായ ചില നിർദ്ദേശങ്ങളാണ്. അതുസംബന്ധിച്ച സർക്കാരിന്റെ നിലപാട് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ മൂലനിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുന്ന ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഭരണഘടനപ്രകാരമോ സഭയുടെ നടപടി ചട്ടപ്രകാരമോ ഒരു തടസ്സവുമില്ല. അതിനാൽ ഉന്നയിക്കപ്പെട്ട തടസ്സവാദം നിലനിൽക്കുന്നതല്ല.

ഓർഡർ.......ഓർഡർ...... രണ്ട് ബില്ലുകളും അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന

പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിൽ രണ്ട് ചെറിയ ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. ഒന്ന്, ശിക്ഷയിൽ കുറേക്കൂടി കഠിനമായ പിഴ നിശ്ചയിക്കുന്നതിനാണ്. രണ്ട്, മണൽ കെട്ടിക്കിടക്കാതിരിക്കാനും വിൽപ്പന നടത്താനും ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാനും വേണ്ടിയാണ്.

2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലാണ് മറ്റൊന്ന്. ഇതിൽ പറയാനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനനുസരിച്ച് പറയാം. 7(ഇ) വകുപ്പുപ്രകാരം ടൈറ്റിൽ സർട്ടിഫിക്കറ്റിന് കുടിയാനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ലാൻഡ് ട്രിബ്യൂണൽ വിധിക്കെതിരെ അപ്പീൽ കൊടുക്കാൻ പ്രൊവിഷനില്ലെന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഇത് കുറച്ചുകാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അപ്പലേറ്റ് അതോറിറ്റിയുടെ മുമ്പിൽ അനവധി കാര്യങ്ങൾക്ക് അപേക്ഷ നൽകാമെങ്കിലും 7 (ഇ)

പ്രകാരമുള്ള ആളുകൾക്ക് 106(ബി) അനുസരിച്ച് ലഭ്യമാകുന്ന അവരുടെ ക്രയസർട്ടിഫിക്കറ്റ് സംബന്ധിച്ച ഏതെങ്കിലും ഒരു വിധിയിൽ അപ്പീൽ കൊടുക്കാനുള്ള പ്രൊവിഷനില്ല. അതുകൊണ്ട് ചട്ടത്തിലെ (102)-ൽ 106 (ബി) അനുസരിച്ച് ക്രയസർട്ടിഫിക്കറ്റ് കിട്ടുന്നവരെ സംബന്ധിച്ചുകൂടി ഉൾപ്പെടുത്താൻ കഴിയണമെന്ന ആശയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 125 പ്രകാരം സിവിൽ കോടതിയുടെ വിചാരണയ്ക്കും വിചാരണാധികാരത്തിനും തടസ്സമുള്ളതുകൊണ്ട് അപ്പലേറ്റ് അതോറിറ്റി അല്ലാതെ മറ്റുമാർഗ്ഗമില്ല. ആയതിനാൽ 106(ബി) പ്രകാരം 7(ഇ) അവകാശവാദം ഉന്നയിക്കുന്നവർക്ക് ലാൻഡ് ട്രിബ്യൂണലിൽ അപേക്ഷ നൽകി ക്രയസർട്ടിഫിക്കറ്റ് കിട്ടാൻ ഏതെങ്കിലും തരത്തിലുള്ള പ്രശ്നമുണ്ടെങ്കിൽ, സർക്കാരിനോ, ജന്മിക്കോ, കുടിയാനോ അപേക്ഷ നൽകാൻ ഒരു വേദിയുണ്ടാകണമെന്നുള്ളതുകൊണ്ട് 102 അനുസരിച്ച് ചട്ടത്തിലെ അപ്പീൽ പ്രൊവിഷനിൽ ഇത് ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ രണ്ട് ഭേദഗതികളാണ് പ്രധാനമായും മുന്നോട്ടുവയ്ക്കുന്നത്.

മി. സ്പീക്കർ: രണ്ട് ബില്ലുകളുടെയും ചർച്ച ഒരുമിച്ചാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, 2022-ലെ കേരള നദീതീര

സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-3-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കുന്നു.

ആദ്യമായി ഇതിനൊരു സമഗ്ര നിയമം കൊണ്ടുവന്നത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റാണ്. 28-11-2001-ന് കെ. എം. മാണി സാർ നിയമസഭയിൽ അവതരിപ്പിച്ചു. 06-12-2001-ന് ബിൽ സഭ പാസ്സാക്കി. ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. അനിയന്ത്രിതമായ മണൽ വാരുന്നതുകൊണ്ടുണ്ടാകുന്ന മണ്ണിടിച്ചിൽ
2. ഇത് പരിസ്ഥിതി വ്യവസ്ഥയെ മാറ്റിമറിക്കുന്നത് സംബന്ധിച്ച്
3. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നത്
4. മണൽ വാരലിന്റെ പൂർണ്ണമായ നിരോധനംകൊണ്ട് തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് സംബന്ധിച്ച്.

ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് നിയമം പാസ്സാക്കിയത്. ഇതിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. മണൽവാരൽ പ്രവർത്തനങ്ങൾക്കുള്ള പൊതുവ്യവസ്ഥകൾ
2. സർക്കാരിനും കളക്ടർക്കും അധികാരം നൽകുന്നത്

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വം
4. റിവർ മാനേജ്മെന്റ് ഫണ്ട് പാസ്സുകൾ സംബന്ധിച്ച വ്യവസ്ഥകൾ
5. ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷ

2013-ൽ ഈ ബില്ലിന് ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി 13-02-2013-ന് അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച് 18-02-2013-ൽ പാസ്സാക്കി. അതിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ,

1. 2001-ലെ നിയമവ്യവസ്ഥകളുടെ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നതിൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അധികാരം നൽകുക.
2. ജില്ലാ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്യുന്ന സംരക്ഷണ പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കുക.
3. വിദഗ്ദ്ധ സമിതിയിലും കടവ് കമ്മിറ്റിയിലും  തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുക.
4. പിടിച്ചെടുക്കുന്ന വാഹനങ്ങൾ വിട്ടുനൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുക എന്നിവയായിരുന്നു.

അതിൽ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് രണ്ട് വർഷം തടവ്,

25,000 രൂപ പിഴ, ലംഘനം തുടരുന്ന ഓരോ ദിവസത്തിനും 1000 രൂപ പിഴ വേറെയും. ഇതിനുപുറമെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിരവധി വിധികൾ വന്നു. The Sustainable Sand Mining Management Guidelines 2016 (SSMMG), State Environment Impact Assessment Authority (SEIAA)-യുടെ അനുമതി തുടങ്ങി ധാരാളം നിബന്ധനകൾ അതിനുശേഷം നിലവിൽ വന്നു. പക്ഷേ പ്രളയത്തിനുശേഷം നദികളിൽ അടിഞ്ഞുകൂടിയ മണ്ണ്, മാലിന്യങ്ങൾ എന്നിവ പൂർണ്ണമായും നീക്കം ചെയ്യാത്തതുകൊണ്ട് മണലിന്റെ ലഭ്യതയും നദികളുടെ ആഴവും കുറഞ്ഞു. ഇതുമൂലം ഇനിയും വെള്ളപ്പൊക്കത്തിനും സാധ്യതയുണ്ടാകുന്നു. ചെളിയും മണ്ണും ഉണ്ടായതുകൊണ്ട് പുഴമീനിന്റെ സ്വാദും കുറഞ്ഞു. മണലിന്റെ ലഭ്യത കേരളത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ്. മുകളിൽപ്പറഞ്ഞ കർശന വ്യവസ്ഥകൾ നടപ്പിലാക്കിയപ്പോൾ ജനങ്ങൾ മണലിനുപകരം എം-സാന്റ് ഉപയോഗിക്കാൻ തുടങ്ങി. ഇന്നത് സർവ്വ സാധാരണവും സാർവ്വത്രികവുമായി. മണൽ വാരൽ 60-70 ശതമാനത്തിലധികം ഇല്ലാതായി. ക്രിമിനൽ കേസ്സുകൾ മൂന്നുവർഷം മുമ്പുണ്ടായിരുന്നതിന്റെ പത്ത് ശതമാനം കുറഞ്ഞു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫുൾ ബഞ്ച് Shan Vs State of Kerala എന്ന കേസ്സിൽ

പിടിച്ചെടുത്ത വാഹനങ്ങൾ CrPC - 451, 457 വകുപ്പുകൾ പ്രകാരം കോടതികൾക്ക് ഉടമസ്ഥർക്ക് വിട്ടുനൽകാമെന്ന പ്രസക്തമായ വിധിയാണ് പുറപ്പെടുവിച്ചത്. പോലീസ് സ്റ്റേഷൻ പരിസരത്ത് കെട്ടിക്കിടക്കുന്ന തുരുമ്പ് പിടിച്ച വാഹനങ്ങൾ ഇപ്പോൾത്തന്നെ ധാരാളമുണ്ട്. അത് റിലീസ് ചെയ്തു കൊടുക്കുന്നില്ല. ഈ വിധിയുടെ ഫലമായി തുരുമ്പ് പിടിച്ച വാഹനങ്ങൾ ഇനിയും ഇവിടത്തെ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലേയ്ക്ക് വരാതിരിക്കാൻ സഹായിച്ചുവെന്നുള്ളതാണ്. ബില്ലിൽ രണ്ട് ഭേദഗതികളാണ് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചിരിക്കുന്നത്. ഒന്ന് 20-ാം വകുപ്പിലെ "ഇരുപത്തി അയ്യായിരം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്നും "ആയിരം" എന്ന വാക്കിന് പകരം "അമ്പതിനായിരം" എന്ന വാക്കും യഥാക്രമം ചേർക്കേണ്ടതാണെന്നതാണ്. രണ്ടുവർഷം തടവ് എന്നുള്ളത് അവിടെയുണ്ട്. വലിയ ലോറികളിൽ അനധികൃതമായി മണൽ കയറ്റിക്കൊണ്ട് പോകുന്നതിനും ഒരാൾ തലച്ചുമടായി ഒരു ചാക്കിൽ മണൽ കൊണ്ടുപോകുന്നതിനും ഒരേ ശിക്ഷയെന്ന് പറയുന്നത് യുക്തിക്ക് യോജിക്കുന്നതല്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകളിൽ ഒരിടത്തും ഇത്രയും വലിയ ശിക്ഷ കാണുന്നില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ കുറ്റത്തിന്റെ തീവ്രതയനുസരിച്ച് ശിക്ഷ നിർദ്ദേശിക്കേണ്ടതാണ്. ഏറ്റവും

വലിയ കുറ്റം ചെയ്യുന്നവർക്കും വളരെ ചെറിയ കുറ്റം ചെയ്യുന്നവർക്കും ഒരേ രീതിയിലുള്ള ശിക്ഷ നിർദ്ദേശിക്കുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നിലവിൽ രണ്ടുവർഷവും 25,000/- രൂപയുമെന്നത് വർദ്ധിപ്പിച്ച് അഞ്ച് ലക്ഷവും അമ്പതിനായിരവുമാക്കി നിർണ്ണയിക്കേണ്ട ഒരാവശ്യവുമില്ലെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല, വിശദീകരണക്കുറിപ്പിൽ ഇത് വർദ്ധിപ്പിക്കാൻ എന്താണ് കാരണമെന്നും സൂചിപ്പിക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് എതിരായി സംസാരിക്കുന്നതല്ല. പക്ഷേ, വലിയ കുറ്റവും ചെറിയ കുറ്റവും ഒരേരീതിയിൽ കാണാൻ പാടില്ലെന്ന അഭിപ്രായം പറയുകയാണ്. രണ്ട്, കണ്ടുകെട്ടിയ മണലിന്റെ മതിപ്പ് വില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും അത് വില്പന നടത്തേണ്ടതും സംബന്ധിച്ച് എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം ജില്ലാ കളക്ടറോ അല്ലെങ്കിൽ ഓതറൈസ്ഡ് ഓഫീസറോ ആയിരിക്കണമെന്നാണ്. ജില്ലാ കളക്ടർക്ക് ഇക്കാര്യങ്ങൾക്കെല്ലാം സമയക്കുറവാണ്. ഈ ഭേദഗതി കൂടി നിർദ്ദേശിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സംസാരിക്കുന്നതിനിടയിൽ സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട കാര്യം, നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് മണൽ വാരൽ നിയന്ത്രണവുമായി

ബന്ധപ്പെട്ട നിയമനിർമ്മാണത്തിന്റെ കാര്യമാണ്. അതോടൊപ്പം, ഹരിത കേരള മിഷൻ കൊണ്ടുവരുമ്പോൾ കേരളത്തിലെ നദികൾക്ക് സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. അതിൽ പ്രധാനമായും അദ്ദേഹം പറഞ്ഞത്, നദീജലം കൈകളിൽ കോരിയെടുക്കാൻ കഴിയുന്നൊരു കാലമാണ് ഏറ്റവും വലിയ സ്വപ്നം, അതിനുവേണ്ടിയാണ് സർക്കാർ ഈ മിഷൻ കൊണ്ടുവന്നതെന്നാണ്. ഇന്നത്തെ മലയാള മനോരമയിലെ കുഞ്ചുക്കുറുപ്പ് വളരെ രസകരമായി അതിനെ അവതരിപ്പിച്ചിട്ടുണ്ട്. ശരിക്കും കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നടന്നുകഴിഞ്ഞിരിക്കുന്നു. 'എന്ന് നിന്റെ മൊയ്തീൻ' എന്ന സിനിമയിലെ പാട്ട് പോലെ. 'പുഴ മെലിഞ്ഞു, കടവൊഴിഞ്ഞു, കാലവും കടന്നുപോയി' എന്ന് പറഞ്ഞതുപോലെ നമ്മുടെ പുഴകളെല്ലാം പോകുന്നൊരു ഘട്ടമാണ്. കേരളത്തിലെ നദികൾ സംരക്ഷിക്കാൻവേണ്ടി യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് യാതൊരു കാര്യവും ചെയ്യുന്നില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് യൂറോപ്പിലും സ്കാൻഡിനേവിയൻ രാജ്യങ്ങളിലുമൊക്കെ നിരന്തരമായി സഞ്ചരിക്കുന്ന ഒരാളാണ്. അതുകൊണ്ട് മറ്റ് രാജ്യങ്ങളിലെ നദികളെക്കുറിച്ചും നദീ സംരക്ഷണത്തെക്കുറിച്ചുമെല്ലാം വാചാലമായി സംസാരിക്കാൻ കഴിയും.

ഈ നിയമനിർമ്മാണത്തിലെ വളരെ ചെറിയ കാര്യങ്ങളിൽ വലിയ തോതിലുള്ള ചർച്ചകൾക്കുപകരം ഈ നദികൾതന്നെ മരിച്ചുപോകുന്നൊരു കാലത്ത്, നേരത്തെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വളരെ സമഗ്രമായി ഈ വിഷയത്തെ അഭിസംബോധന ചെയ്യേണ്ടതല്ലേയെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം വളരെ പ്രസക്തമാണ്. തുലാവർഷം അധികം ലഭിച്ചിട്ടില്ലെങ്കിലും നദികളിലെ ജലം വളരെക്കുറവാണ്. കയ്യിൽ കോരാവുന്ന അത്രയും കുറവാണ്. ജലം നിലനിർത്താൻ ഗവൺമെന്റിന്റെ സജീവ ശ്രദ്ധയുണ്ടാകണമെന്ന നിർദ്ദേശം വളരെ നല്ലതാണ്. യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ചപ്പോൾ കാണാൻ സാധിച്ചത് അവിടെ ഇതുപോലുള്ള മണൽ കോരലല്ല. അവിടെ മറ്റുപല രീതികളുമാണ് കണ്ടത്. ഏതായാലും അതിലേയ്ക്ക് പ്രവേശിക്കുന്നില്ല. എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. നമ്മുടെ പുഴകളിൽ മുങ്ങി മണലെടുക്കുന്ന ഏറ്റവും പാവപ്പെട്ട തൊഴിലാളികളുണ്ട്. സംസ്ഥാനത്ത് റവന്യൂ, പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ അടങ്ങുന്ന കടവ് കമ്മിറ്റി നിലവിലുണ്ട്. ആ കടവ് കമ്മിറ്റി അവർക്ക് നേരിട്ട് പാസ്സ് നൽകുകയാണെങ്കിൽ ഇടത്തട്ടുകാരുടെ

ചൂഷണം ഒഴിവാക്കാൻ സാധിക്കും. അതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥന പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ആവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

മി. സ്പീക്കർ: ഇന്ന് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. ഒരു മണിയോടുകൂടി ചർച്ച ആരംഭിക്കേണ്ടതാണ്. അതുകൊണ്ട് ശ്രീ. ഡി. കെ. മുരളിയെ ഇപ്പോൾ ചർച്ചയ്ക്ക് വിളിക്കുന്നില്ല. അടിയന്തരപ്രമേയ ചർച്ചയ്ക്കുശേഷം അദ്ദേഹത്തിന് ചർച്ചയിൽ പങ്കെടുക്കാവുന്നതാണ്. സമയം ഏതാണ്ട് ഒരുമണിയോട് അടുത്തിരിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

12.57 പി.എം.]

## X. അടിയന്തരപ്രമേയ ചർച്ച

### വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനെതിരെയുള്ള സമരം

ശ്രീ. എം. വിൻസെന്റ്: സർ, 'അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണം' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം ചർച്ചയ്ക്കെടുക്കുന്നു. രണ്ട് ബില്ലിന്റെ ചർച്ച ഇനി ബാക്കിയുണ്ട്. അതോടൊപ്പം അടിയന്തരപ്രമേയത്തിന്റെ രണ്ട് മണിക്കൂർ ചർച്ചയുണ്ട്. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ ഗവൺമെന്റ് തയ്യാറായ പശ്ചാത്തലത്തിൽ ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം പാലിക്കാൻ തയ്യാറാകണം, ചെയറുമായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 20 മിനിട്ടിൽ തന്നെ മറുപടി പറയുകയാണെങ്കിൽ കുഴപ്പമില്ല. അല്ലെങ്കിൽ എല്ലാവർക്കും സമയം അനുവദിക്കണം. അത് ബഹുമാനപ്പെട്ട സ്പീക്കർ നിയന്ത്രിക്കണം. പലപ്പോഴും ഇവിടെ കാണുന്നത് സമയക്രമം പാലിക്കണമെന്ന് ചെയർ ആവശ്യപ്പെടും, പ്രതിപക്ഷം അത് പാലിക്കും. പക്ഷേ, മുഖ്യമന്ത്രി 20 മിനിട്ടിൽ കൂടുതൽ സമയം എടുക്കുകയാണെങ്കിൽ ഞങ്ങൾക്കും സമയം നൽകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന്റേത് ഒരു hypothetical question ആണ്. അതിന് എനിക്ക് ഇപ്പോൾ ഉത്തരം പറയാൻ സാധിക്കുന്നതല്ല. പൊതുവിൽ ഒരു നിർദ്ദേശം എല്ലാ അംഗങ്ങൾക്കും നൽകുന്നുവെന്നേയുള്ളൂ.

ശ്രീ. സജി ചെറിയാൻ: സർ, മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ അംഗങ്ങളും

ഒരുപോലെയാണ്. പക്ഷേ, ശ്രീ. രമേശ് ചെന്നിത്തലയുടെ ഈ വാദം ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാൻ ഇരുപത് മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്. ആ സമയക്രമത്തിൽ നിന്നും കൂട്ടുകയാണെങ്കിൽ ഞങ്ങൾക്കും സമയം നൽകണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഏതായാലും അതുസംബന്ധിച്ച വാദപ്രതിവാദങ്ങളിലേയ്ക്ക് പോകേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിപ്പോൾ ഈ ചെയറിൽ വന്നിട്ട് രണ്ടാമത്തെ ദിവസമാണ്. അങ്ങെടുത്ത മാതൃകാപരമായ പെരുമാറ്റത്തെക്കുറിച്ച് മാധ്യമങ്ങളിൽ നന്നായി എഴുതിയിട്ടുണ്ട്. മുൻ സ്പീക്കറെപ്പോലും സമയം ഓർമ്മിപ്പിച്ച് നല്ല കീഴ്വഴക്കമുണ്ടാക്കിയിരിക്കുകയാണ്. ഇക്കാര്യത്തിലും അങ്ങ് അത് ചെയ്യുമെന്ന് എനിക്ക് നല്ല ഉറപ്പാണ്.

മി. സ്പീക്കർ: എല്ലാവരും ഫ്ലോറിൽ സമയക്രമം പാലിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്നു.

1.00 പി.എം.]

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വളരെ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറായ മുഖ്യമന്ത്രിയുടെ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അദ്ദേഹം ഇതേ സമീപനം സമരക്കാരോട് സ്വീകരിച്ചിരുന്നെങ്കിൽ ഇതിനുമുമ്പ് തന്നെ സമരം അവസാനിക്കുമായിരുന്നു. നിയമസഭയുടെ ആറാം സമ്മേളനം ചേർന്നപ്പോഴും സമരം നടക്കുകയായിരുന്നു. ഏഴാം സമ്മേളനമായപ്പോഴും സമരം തുടർന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത് തുറമുഖ കവാടത്തേയ്ക്ക് പോകാനോ ഉപരോധിക്കാനോ ഉദ്ദേശിച്ചുകൊണ്ട് അവർ ആരംഭിച്ച സമരമായിരുന്നില്ല. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ 2022 ജൂലൈ 20-ാം തീയതിയാണ് അവർ ആദ്യമായി സമരം ആരംഭിച്ചത്. തുടർച്ചയായ സമരം നടത്തി. പക്ഷെ സർക്കാർ അത് കണ്ടില്ലെന്ന് നടിച്ചു. സെക്രട്ടേറിയറ്റ് ഉപരോധിക്കുന്ന സമയമായപ്പോൾ സമരത്തെ നേരിടാൻ സർക്കാർ തയ്യാറായി. ഉപരോധ സമരത്തിൽ പങ്കെടുക്കാനെത്തുന്ന മത്സ്യത്തൊഴിലാളികളെ അവരവരുടെ പ്രദേശങ്ങളിൽനിന്ന് വാഹനത്തിൽ കയറ്റുന്ന സമയത്ത് ആർ.റ്റി.ഒ.-മാർ വാഹനങ്ങൾ പിടിച്ചെടുക്കുകയും പോലീസിനെ ഉപയോഗിച്ച് തടയുകയും ചെയ്തു. ആദ്യം അവരെ അവഗണിക്കുകയും പിന്നീട് നേരിടാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് വലിയ പ്രതിഷേധത്തിലൂടെയാണ് അവർക്ക് ഈ

നഗരത്തിലേയ്ക്ക് പ്രവേശിക്കാൻ കഴിഞ്ഞതെന്നതാണ് വസ്തുത. 28 ദിവസം സെക്രട്ടേറിയറ്റിന് മുമ്പിൽ അവർ സമരം നടത്തിയപ്പോൾ ഒരുതവണയെങ്കിലും സർക്കാർ ചർച്ചയ്ക്ക് തയ്യാറായിരുന്നെങ്കിൽ തുറമുഖ നിർമ്മാണം നിർത്തിവച്ച് ഇന്ന് സമരം ചെയ്യേണ്ടി വരുമായിരുന്നില്ല. അതിനാൽ സമരത്തെ തുറമുഖത്തേയ്ക്ക് കൊണ്ടുചെന്നെത്തിച്ചതിന്റെ ഉത്തരവാദിത്വം സർക്കാരിനുമാത്രമാണ്. ഒരു വലിയ വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുമ്പോൾതന്നെ അത് ഉപരോധിച്ചുകൊണ്ടുള്ള സമരം ആരംഭിക്കുകയും ഏകദേശം 100-ൽ അധികം ദിവസങ്ങൾ പിന്നിടുകയുമാണ്. ഒന്നോരണ്ടോ ദിവസത്തിനുള്ളിൽ സർക്കാർ ഇടപെടുമെന്നായിരുന്നു ഉപരോധം ആരംഭിച്ച ദിവസം ഞങ്ങൾ കരുതിയത്. വികസനത്തോട് താല്പര്യമുള്ള സർക്കാരായിരുന്നെങ്കിൽ ദിവസങ്ങൾക്കുള്ളിൽ ഈ പ്രശ്നം പരിഹരിക്കുമായിരുന്നു. പക്ഷെ നാലുമാസം കഴിഞ്ഞിട്ടും പരിഹാരം കണ്ടില്ലെങ്കിൽ അതിന് ഒരേയൊരു ഉത്തരമേയുള്ളൂ. ഇത് സർക്കാരിന്റെ തികഞ്ഞ പരാജയമാണ്. ഉപസമിതിയെ നിയോഗിച്ചുകൊണ്ടുള്ള ചർച്ചകൾ നടത്തിയതുതന്നെ ഉപരോധസമരം ആരംഭിച്ചതിനുശേഷമാണ്. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കേണ്ട ഗൗരവതരമായ സാഹചര്യമുണ്ടായിട്ടും ഈ പ്രശ്നങ്ങൾ

അഭിമുഖീകരിക്കുന്നതിനോ പരിഹരിക്കുന്നതിനോ യാതൊരു തരത്തിലുള്ള ഇടപെടലും നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ശത്രുതാ മനോഭാവത്തോടുകൂടിയാണ് സർക്കാർ സമരക്കാരെ കണ്ടിട്ടുള്ളത്. സർക്കാരിന്റെ സമീപനവും അതായിരുന്നു. സെക്രട്ടേറിയറ്റിന് മുമ്പിലെ ഉപരോധ സമരത്തിൽപോലും ആളുകൾ നഗരത്തിലേയ്ക്ക് എത്താതിരിക്കുന്ന രീതിയിലുള്ള പ്രതിരോധ നടപടികളാണ് സ്വീകരിച്ചത്. മന്ത്രിമാരുടെ പ്രതികരണങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ഇത്തരം സംഘർഷങ്ങളുണ്ടാകുന്നതിന് മുമ്പ് കഴിഞ്ഞ സെപ്റ്റംബർ മാസം ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി പറഞ്ഞതെന്താണ്? വിഴിഞ്ഞം സമരത്തിൽ രഹസ്യ അജണ്ടയും അന്താരാഷ്ട്ര ഗൂഢാലോചനയുമുണ്ടെന്നാണ്. രാജ്യദ്രോഹക്കുറ്റമാണ് ചെയ്യുന്നത്, ഇവർ തീവ്രവാദികളാണ് എന്ന രീതിയിലുള്ള അഭിപ്രായങ്ങളാണ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയുമടക്കം നടത്തിയത്. പരാമർശം നടത്തിയ മന്ത്രിയെ സംബന്ധിച്ച് ഒരു വികാരി മറ്റൊരു പരാമർശം നടത്തുകയുണ്ടായി. ഞങ്ങളതിൽ അപലപിക്കുന്നു. ഇക്കാര്യം പ്രതിപക്ഷനേതാവ് അന്നുതന്നെ മാധ്യമങ്ങളോട് സൂചിപ്പിച്ചിരുന്നു. ഇന്നും ഞങ്ങൾ ശക്തമായി അപലപിക്കുകയാണ്. പക്ഷെ സമരം ചെയ്യുന്നവരെ

തീവ്രവാദികളെന്ന് സൂചിപ്പിച്ചത് തെറ്റാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടുകയും മാപ്പ് പറയുകയും ചെയ്തു. സമരക്കാർ രാജ്യദ്രോഹകുറ്റമാണ് ചെയ്യുന്നത്, ഇവർ തീവ്രവാദികളാണ്, അന്താരാഷ്ട്ര ഗൂഢാലോചനയുണ്ട് എന്നൊക്കെ ഒന്നിനുപിറകേ ഒന്നായി എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിമാരെല്ലാവരും പറയുന്നത്? സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന മന്ത്രിമാർ ഒരു തെളിവിന്റെയും അടിസ്ഥാനമില്ലാതെ സമരക്കാരെ അടച്ചാക്ഷേപിക്കുന്ന രീതിയാണ് സ്വീകരിച്ചത്. ചർച്ചകൾ ആരംഭിക്കുന്നതിനുമുമ്പ് തന്നെ ഇത്തരത്തിലുള്ള പ്രതികരണങ്ങളാണ് അവരുടെ ഭാഗത്ത് നിന്നുമുണ്ടായത്. ദൗർഭാഗ്യകരമായ രീതിയിൽ പ്രതിഷേധാർഹമായ പ്രതികരണമാണത്. ഇങ്ങനെയുള്ള പ്രതികരണങ്ങൾ അർഹിക്കുന്ന ആളുകളാണോ മത്സ്യത്തൊഴിലാളികൾ? 2018-ലെ പ്രളയകാലത്ത് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സജി ചെറിയാന്റെ നിലവിളി നമ്മളെല്ലാവരും കേട്ടതാണ്. അദ്ദേഹത്തിന്റെ മാനസിക വിഷമംകൊണ്ടാണ് അങ്ങനെ പ്രതികരിച്ചത്. അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്ന പ്രതിസന്ധിയുടെ ആഴത്തിൽ നിന്നുമാണ് ആ നിലവിളി ഉയർന്നത്. ആരും നിലവിളിച്ചുപോകും. കേരളമാകെ വെള്ളത്തിൽ മുങ്ങിത്താഴ്ന്നപ്പോൾ

ബഹുമാന്യനായ മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികളോട് രക്ഷാപ്രവർത്തനത്തിലേർപ്പെടണമെന്ന് ആവശ്യപ്പെട്ടു. എന്ത് സംഭവിക്കുമെന്നോ അവിടെ എങ്ങനെ എത്തിപ്പെടുമെന്നോ അറിയാതെ എല്ലാവരും അവരുടെ യാനങ്ങളെടുത്തു. എല്ലാവരും പ്രളയബാധിത പ്രദേശങ്ങളിലേയ്ക്ക് പോയി. അതിലൂടെ 50000 ജീവനുകളാണ് രക്ഷപ്പെട്ടതെന്ന് അന്നുതന്നെ സർക്കാർ പറയുകയുണ്ടായി. തുടർന്ന് 'കേരളത്തിന്റെ സ്വന്തം സൈന്യം' എന്ന് മുഖ്യമന്ത്രി അവർക്ക് പേരും നല്കി. ആ സ്വന്തം സൈന്യം അവരുടെ സങ്കടങ്ങളുമായി വരുമ്പോൾ തീവ്രവാദികളാണ്, രാജ്യദ്രോഹക്കുറ്റമാണ് ചെയ്യുന്നതെന്നൊക്കെ പറയുന്നതിനുമുമ്പ് അവരുമായി ചർച്ചചെയ്ത് പരിഹരിക്കാൻ കഴിയുമോ എന്നല്ലേ സർക്കാർ ചിന്തിക്കേണ്ടത്. മുഖ്യമന്ത്രി അന്ന് അവർക്കൊരു പാരിതോഷികം നല്കാൻ തീരുമാനിച്ചു. പാരിതോഷികത്തിന്റെ ആവശ്യമില്ലെന്നും അത് തങ്ങളുടെ കടമയാണെന്നും കൂടെയുള്ള സഹോദരങ്ങൾ മുങ്ങിത്താഴുമ്പോൾ അവരെ രക്ഷിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമാണെന്നും പറഞ്ഞവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. അവരുടെ പ്രശ്നങ്ങൾ അനവധിയാണ്. നാല് വർഷമായി വലിയതുറയിലെ സിമന്റ് ഗോഡൗണിൽ അവർ

താമസിക്കുകയാണ്. 10 അടി നീളവും വീതിയുമുള്ള ഒരു ചെറിയ സ്ഥലത്ത് അഞ്ചുംആറും ആളുകൾ താമസിക്കുകയാണ്. ഒരു ദിവസമോ രണ്ട് ദിവസമോ അല്ല. നാല് വർഷമായി അവിടെ കഴിയുകയാണ്. മന്ത്രി മന്ദിരങ്ങൾ മോടി കൂട്ടാനും പുതിയ കാർ വാങ്ങാനും തത്രപ്പെട്ടോടുന്ന മന്ത്രിമാരോട് ചോദിക്കട്ടെ, നിങ്ങൾക്ക് ഒരു ദിവസം അവിടെ താമസിക്കാൻ കഴിയുമോ; ഒരു ലോക്കൽ കമ്മിറ്റി സെക്രട്ടറിക്ക് അവിടെ താമസിക്കാൻ കഴിയുമോ? ഇത്തരത്തിൽ പരിമിതമായ സാഹചര്യങ്ങളിൽ കഴിയുന്ന അവരുടെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകണം. ഒരു അമ്മ മാധ്യമങ്ങളോട് പറയുന്നത് ശ്രദ്ധയിൽപ്പെട്ടു. അവരുടെ പ്രായപൂർത്തിയായ മകൾ കുളിമുറിയിലേയ്ക്ക് കയറുമ്പോൾ തകരഷീറ്റ് മറച്ചുവച്ചതിനുശേഷം അമ്മ അവിടെ കാവൽ നിൽക്കും.

കേരള നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു മാതൃക കാണിച്ചു. ഈ സെഷനിൽ വനിതകളെയാണ് പാനൽ ഓഫ് ചെയർപേഴ്സണായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇന്ത്യയിലെ നിയമസഭകൾക്കെല്ലാം മാതൃകയാണിത്. ആ വനിതകൾ ഇരിക്കുന്ന ഈ സഭയിൽ ഞാൻ ചോദിക്കുകയാണ്, പ്രായമായ പെൺമക്കൾ രാത്രി ഉറങ്ങിക്കിടക്കുമ്പോൾ അമ്മ കസേരയിട്ട് അവർക്ക് കാവലിരിക്കുന്നത് കേരളത്തിന്

ഭൂഷണമാണോ; അവരുടെ കണ്ണുനീർ കാണാനും സങ്കടങ്ങൾ കേൾക്കാനുമുള്ള ഉത്തരവാദിത്വം സർക്കാരിനില്ലേ? അതോ തീവ്രവാദികളെന്നും രാജ്യദ്രോഹികളെന്നും പറയാനാണോ സർക്കാർ ശ്രമിക്കേണ്ടത്. കോവിഡ് കാലത്ത് സാമൂഹിക അകലം പാലിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി എല്ലാ ദിവസവും പത്രസമ്മേളനത്തിൽ സൂചിപ്പിക്കുമായിരുന്നു. പത്തടി വീതിയും പത്തടി നീളവുമുള്ള ആറുംഏഴും ആളുകൾ കഴിഞ്ഞുകൂടുന്ന സ്ഥലത്ത് എങ്ങനെയാണ് സാമൂഹിക അകലം പാലിക്കുന്നത്? രണ്ടു വർഷത്തെ കോവിഡ് കാലഘട്ടം ജീവിച്ചുതീർത്തവരാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ സങ്കടങ്ങളും പ്രയാസങ്ങളും കേൾക്കണ്ടേ; (...ബഹളം..) കരയണമെങ്കിൽ അതിനൊരു മനസ്സ് വേണ്ടേ....

<u>മി. സ്പീക്കർ</u>: ശ്രീ. അൻവർ സാദത്ത്, ശ്രീ. പി. സി. വിഷ്ണുനാഥ് നിങ്ങളുടെ സമയമാണ് പോകുന്നത്. (...ബഹളം....)

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ആരും കരഞ്ഞുപോകുന്നൊരു സാഹചര്യമാണ്. മനസ്സിന്റെ പ്രത്യേകതകൊണ്ടാണ് നിങ്ങൾക്ക് കരച്ചിൽ വരാത്തത്. ഇത് ഒരു സഭയുടെ മാത്രം വിഷയമാണോ? ഇവർ സമരം ആരംഭിക്കുന്നതിന് എത്രയോ മുമ്പ് പ്രതിപക്ഷം ഈ വിഷയങ്ങൾ സഭയിൽ ഉന്നയിച്ചിരുന്നു. അഞ്ചാം സമ്മേളന കാലത്ത് ബഹുമാന്യനായ

പ്രതിപക്ഷനേതാവ് ആ ഗോഡൗൺ സന്ദർശിച്ചശേഷം അവരെ പുനരധിവസിപ്പിക്കണമെന്ന് രണ്ടുകൈകളും കൂപ്പി നിങ്ങളോട് കേണപേക്ഷിച്ചു. പക്ഷേ നിങ്ങളത് കേട്ടോ; സമരക്കാർ ഉന്നയിക്കുന്ന മറ്റൊരാവശ്യം മുതലപ്പൊഴിയെ സംബന്ധിച്ചാണ്. ശ്രീ. സജി ചെറിയാൻ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 57 പേർ മരണമടഞ്ഞപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് അടിയന്തരപ്രമേയം കൊണ്ടുവന്നു. അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് അന്ന് സൂചിപ്പിച്ചിരുന്നു. സോയിൽ പൈപ്പിംഗ് നടത്തും, തദ്ദേശവാസികളെ ഉൾപ്പെടുത്തി പഠനം നടത്തും, തീരശോഷണം തടയാൻ നടപടികൾ സ്വീകരിക്കുമെന്നൊക്കെയാണ് പറഞ്ഞത്. എന്തെങ്കിലും നടന്നോ? തുടർന്നും 7 പേരുടെ വിലപ്പെട്ട ജീവനുകൾ ആ മുതലപ്പൊഴിയിൽ നഷ്ടപ്പെട്ടു. വർക്കല ചിലക്കൂർ സ്വദേശികളായ മുസ്തഫ, ഉസ്മാൻ, ഷാനവാസ്, നിസാമുദ്ദീൻ, ഇന്നും മൃതദേഹം ലഭിച്ചിട്ടില്ലാത്ത സമദ്, ചേരമാൻതുരുത്ത് സ്വദേശികളായ മുഹമ്മദ് സഫീർ, ഷമീർ എന്നിവരുടെ ജീവൻ നഷ്ടപ്പെട്ടു. സർക്കാർ ഉണർന്നുപ്രവർത്തിച്ചിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ; ബഹുമാന്യനായ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ 46 രൂപയ്ക്ക് ലഭിച്ചിരുന്ന മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി കൊടുത്തു. ഇന്ന്

മണ്ണെണ്ണയുടെ വില 130 രൂപയായപ്പോൾ 10 രൂപയെങ്കിലും സബ്സിഡി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് രാജ്യദ്രോഹമായിട്ടാണോ നിങ്ങൾ കാണേണ്ടത്; ഇതുപോലെയുള്ള ന്യായമായ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് ഞങ്ങളാരോടും ആവശ്യപ്പെട്ടിട്ടില്ല. അത് അവരോടും പറഞ്ഞിട്ടുള്ളതാണ്. പക്ഷെ അവർ ഒരു ആവശ്യം ഉന്നയിക്കുമ്പോൾ അത് ചർച്ച ചെയ്യണ്ടേ, സർക്കാർ അതിന് തയ്യാറാകണ്ടേ? ഞങ്ങളെ വികസന വിരോധികളെന്നാണ് പറയുന്നത്. തുറമുഖം ആരംഭിക്കുന്ന സമയത്തും ഇത്തരം പ്രശ്നങ്ങൾ അന്നത്തെ രൂപതാ അധികൃതർ ഉയർത്തിയിട്ടുള്ളതാണ്. അന്നത്തെ മുഖ്യമന്ത്രി സുദീർഘമായ ചർച്ചകൾ നടത്തി അവരുടെ ആശങ്കകൾ കേൾക്കുകയും അതിനനുസരിച്ച് 475 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. അവരോട് എതിർപ്പ് പറഞ്ഞവർ ഈ പദ്ധതിയെ പിന്തുണയ്ക്കുന്നുവെന്ന് പിന്നീട് പറഞ്ഞു. രാത്രി പതിനൊന്നര മണിവരെ അന്നത്തെ മുഖ്യമന്ത്രി ചർച്ച നടത്തി. ചർച്ച പൂർത്തിയാകാത്തതിനാൽ അടുത്ത ദിവസം രാവിലെ ആറര മണിക്ക് വീണ്ടും ചർച്ച ആരംഭിക്കുകയാണുണ്ടായത്. കാരണം, മുഖ്യമന്ത്രി മറ്റൊരു പരിപാടി 9 മണിക്ക് ഷെഡ്യൂൾ ചെയ്തിരിക്കുകയായിരുന്നു. ചർച്ചയുടെ

അഭാവമല്ലേ ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം. ഉമ്മൻചാണ്ടി സർക്കാർ തുറമുഖവുമായി ബന്ധപ്പെട്ട എതിർപ്പുകളെല്ലാം ചർച്ച ചെയ്ത് സമവായത്തിലെത്തുകയാണുണ്ടായത്. വികസനം കൊണ്ടുവരുന്നതോടൊപ്പം ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തിരുന്നുവെന്നതാണ് ആ സർക്കാരിന്റെ പ്രത്യേകത. ഇന്ന് നിങ്ങൾ ആലോചിക്കണം, ഭരണപക്ഷം പ്രതിപക്ഷത്തെ വികസന വിരോധികളെന്ന് പറയുമ്പോൾ, അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെട്രോ-റെയിൽ, സീ-പോർട്ട്, എയർപോർട്ട് എന്നിങ്ങനെ സമാനതകളില്ലാത്ത വികസനമാണ് യു.ഡി.എഫ്. അന്ന് കൊണ്ടുവന്നത്. സമവായത്തിലൂടെയാണ് ഞങ്ങൾ അത് കൊണ്ടുവന്നിട്ടുള്ളത്. തുറമുഖത്തിന്റെ നിർമ്മാണോദ്ഘാടന ചടങ്ങ് ബഹിഷ്കരിച്ചവരാണ് സി.പി.ഐ.(എം)-കാർ. ആ ചടങ്ങിലേയ്ക്ക് പങ്കെടുക്കാൻ വന്ന ആളുകളെ വഴിയിലിട്ട് കല്ലെറിഞ്ഞവരാണിവർ. ദേശാഭിമാനി പത്രത്തിൽ വലിയ അക്ഷരത്തിൽ നിരത്തിയെഴുതിയത് 'കടൽ കൊള്ള' എന്നാണ്. അയ്യായിരം കോടി രൂപയുടെ പദ്ധതിയിൽ ഏഴായിരം കോടി രൂപയുടെ അഴിമതിയുണ്ടെന്ന് അന്നത്തെ പാർട്ടി സെക്രട്ടറി (ഇന്നത്തെ മുഖ്യമന്ത്രി) ചൂണ്ടിക്കാണിച്ചു. ഉമ്മൻചാണ്ടി സർക്കാരിനുശേഷം എൽ.ഡി.എഫ്.

അധികാരത്തിൽ വന്നപ്പോൾ ആ ഗവൺമെന്റിനെതിരെ ജുഡീഷ്യൽ അന്വേഷണം നടത്തിയില്ലേ; എല്ലാ പീഡനങ്ങളും ഭരണപക്ഷം ഞങ്ങൾക്കെതിരായി കൊണ്ടുവന്നു. വികസനത്തിന് അനുകൂലമായ കാഴ്ചപ്പാടാണ് പ്രതിപക്ഷത്തിനുള്ളത്. അല്ലാതെ, നാല് മഞ്ഞക്കല്ല് എടുത്തുകൊണ്ടുവന്ന് ജനങ്ങളുടെ തലയ്ക്ക് അടിക്കുന്ന വികസനമല്ല ഞങ്ങളുടെ വികസനം. അവിടെ ഒരു സമരം നടക്കുന്നു, അതിനടുത്ത് സഹോദരങ്ങളെപ്പോലെ കഴിയുന്ന തദ്ദേശവാസികൾ മറ്റൊരു സമരപ്പന്തൽകെട്ടി. ഈ രണ്ട് സമരപ്പന്തലുകളുണ്ടാകുമ്പോൾ സംഘർഷമുണ്ടാകുമെന്ന് മനസ്സിലാക്കാൻ കഴിവുള്ള ഇന്റലിജൻസ് വിഭാഗം സർക്കാരിനില്ലേ; അടിയന്തരമായി ആ പ്രശ്നം പരിഹരിക്കാതെ സർക്കാർ അത് നീട്ടികൊണ്ടുപോയി. നവംബർ 26-ാം തീയതി, അതായത് സംഘർഷമുണ്ടായതിന്റെ തലേദിവസം ഇരുഭാഗത്തും സമരം ചെയ്യുന്നവരോട് നാളെ കല്ല് കൊണ്ടുവരികയാണെന്ന് പോലീസ് പറഞ്ഞു. രാവിലെ 7 മണിക്ക് ലോഡുമായി വന്ന വാഹനം 10 മണിക്ക് ആളുകൾ വരുന്നതുവരെ വഴിയിൽ ഇട്ടിരുന്നു. അവിടെ സംഘർഷമുണ്ടായി. അവിടെ വീടുകൾ ആക്രമിക്കപ്പെട്ടു. ഗർഭിണിയായ ഒരു സ്ത്രീയുടെ വീട് ആക്രമിച്ചതിനെത്തുടർന്ന് അവരുടെ വീട്ടിൽപ്പോയി മൊഴിയെടുക്കുന്നതിന്

പകരം സ്റ്റേഷനിലേയ്ക്കാണ് അവരെ പോലീസ് വിളിച്ചുവരുത്തിയത്. 27-ാം തീയതി പുലർന്നപ്പോൾ എന്താണ് സ്ഥിതി? ആർച്ച് ബിഷപ്പിനെതിരെ കേസെടുത്തിരിക്കുകയാണ്. ജനങ്ങളാകെ അസ്വസ്ഥരായി നിൽക്കുന്നു. ഉച്ചയ്ക്ക് ഒരു ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്യുന്നു. ശ്രീ. ഡി. കെ. ബസുവിന്റെ കേസ് നമുക്കറിയാം. അറസ്റ്റുചെയ്ത ഉടനെ അവരുടെ ബന്ധുക്കളെ അറിയിക്കണം. എന്നാൽ ബന്ധുക്കളെ അറിയിച്ചില്ല. അറസ്റ്റ് ചെയ്ത ചെറുപ്പക്കാരൻ വിഴിഞ്ഞം സ്റ്റേഷനിലില്ല, എവിടെയാണെന്ന് അറിയില്ല. വൈകുന്നേരമായപ്പോൾ ജനങ്ങൾ പള്ളിമേടയിൽ തടിച്ചുകൂടി. അറസ്റ്റുചെയ്യപ്പെട്ട വ്യക്തി എവിടെയാണെന്ന് കണ്ടെത്തണം. നിങ്ങളാരും പോകേണ്ടതില്ലെന്നും ഇടവക സെക്രട്ടറിയടക്കമുള്ള നാലുപേരെ സ്റ്റേഷനിലേയ്ക്ക് പറഞ്ഞയയ്ക്കാമെന്നും ഇടവക വികാരി പറഞ്ഞു. ആ നാലുപേരെ സ്റ്റേഷനിലേയ്ക്ക് പറഞ്ഞയച്ചു. അന്വേഷിക്കാൻ പോയ നാലുപേരെയും പോലീസ് അറസ്റ്റ് ചെയ്ത് അവരുടെ മൊബൈൽ ഫോണും സ്വിച്ച് ഓഫ് ചെയ്തുവച്ചു. അവരും എവിടെയാണെന്ന് അറിയില്ല. ഉച്ചയ്ക്ക് പിടിച്ചുകൊണ്ടുപോയ ആളെയും അത് അന്വേഷിക്കാൻ വൈകുന്നേരം പോയ നാലുപേരെയും കാണാനില്ല. അവരുമായി ബന്ധപ്പെടാൻ ഒരവസരവുമില്ല, അങ്ങനെയാണ് അവിടെ സംഘർഷമുണ്ടായത്. അതിനെക്കുറിച്ച്

അന്വേഷണം നടത്തണം. 26-ാം തീയതിയും 27-ാം തീയതിയും നടന്ന അക്രമങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. സാധാരണയായി സത്യം മൂടിവയ്ക്കാനാണ് നിങ്ങൾ അന്വേഷണം നടത്തുന്നത്. മേയറുടെ കത്ത് വിവാദമുണ്ടായപ്പോൾ അത് മൂടിവയ്ക്കാനായി നിങ്ങൾ പ്രഹസന അന്വേഷണം നടത്തി. ഭരണഘടനയെ സംബന്ധിച്ച വിവാദ പ്രസ്താവനയുണ്ടായപ്പോൾ അതിനെക്കുറിച്ച് അന്വേഷണം നടത്തി ആ സത്യങ്ങൾ മൂടിവയ്ക്കുകയാണ് ചെയ്തത്. സത്യം പുറത്തുകൊണ്ടുവരാൻ സർക്കാർ അന്വേഷണം നടത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. തുറമുഖ സമരവുമായി ബന്ധപ്പെട്ട് ഒരു ശത്രുതാമനോഭാവവുമില്ലാതെ തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകണം. മുഖ്യമന്ത്രി ചർച്ച ചെയ്യാനും ഇത് സമവായത്തിലെത്തിക്കാനും ശ്രമിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ ശ്രമം ഉപേക്ഷിക്കാതെ, ഈ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട എം. വിൻസെന്റ് സമരത്തെയും അവരുടെ നിലപാടിനെക്കുറിച്ചും ഈ വേദിയിൽ പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കാരണം, ആദ്യമായിട്ടാണ്

തുറമുഖനിർമ്മാണം നിർത്തിവയ്ക്കണോ വേണ്ടയോയെന്ന പ്രശ്നത്തെക്കുറിച്ചുള്ള ചർച്ചയിലേയ്ക്ക് നമ്മൾ പോകുന്നത്. നിങ്ങളുടെ നിലപാട് ഇപ്പോൾ വ്യക്തമാക്കേണ്ടതായിരുന്നു. പക്ഷേ അത് ഭാഗികമായി മാത്രമെ പറഞ്ഞിട്ടുള്ളൂ. തുടർന്ന് സംസാരിക്കുന്നവർ അത് പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. യു.ഡി.എഫ്.-ന് യോജിച്ച ഒരു തീരുമാനമുണ്ടോ; തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണോ വേണ്ടയോ എന്നുള്ളതാണ് എന്റെ ഒന്നാമത്തെ ചോദ്യം?

രണ്ടാമത്തെ പ്രശ്നം, ഇവിടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ധാരാളം വാദഗതികളുയർന്നുവന്നിട്ടുണ്ട്. എല്ലാ പരിസ്ഥിതി പഠനങ്ങൾക്കുംശേഷമുള്ള റിപ്പോർട്ടും അനുമതിയും യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലാണ് ലഭിച്ചതെന്ന് ഇവർതന്നെ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) നിയമസഭയിൽ നൽകിയ ചോദ്യത്തിന്റെ മറുപടി ദീർഘമായതിനാൽ ഞാനിവിടെ വിശദീകരിക്കുന്നില്ല. ആ മറുപടിയിൽ എല്ലാ കാര്യങ്ങൾക്കും കൃത്യമായി അനുമതി കിട്ടിയെന്ന് പറഞ്ഞിട്ടുണ്ട്. 2015-ൽ അന്താരാഷ്ട്ര തുറമുഖത്തിന് അംഗീകാരം കൊടുത്തത് വിവിധ സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് നിയമസഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുമുണ്ട്. ഈ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിലാണ് തുറമുഖ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള വിശദവും ശാസ്ത്രീയവുമായിട്ടുള്ള പരിസ്ഥിതി ആഘാത പഠനം (EIA) നടത്തിയത്. അതിനുശേഷം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനുകീഴിലുള്ള Expert Appraisal Committee (EAC)-യുടെ വിശദമായ പരിശോധനയ്ക്ക് വിധേയമായിട്ടുള്ളതാണ്. തുറമുഖ നിർമ്മാണം സമീപ തീരങ്ങളിൽ തീരശോഷണത്തിന് കാരണമാകില്ലെന്ന് പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. 2014 ജനുവരിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പഠനങ്ങൾ പ്രകാരം തുറമുഖ നിർമ്മാണംമൂലം കാര്യമായ തീരശോഷണം വടക്കോട്ടോ തെക്കോട്ടോ ഉള്ള തീരങ്ങളിൽ സംഭവിക്കില്ലെന്ന് കണ്ടെത്തിയെന്ന് ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ട്. അതാണ് യഥാർത്ഥത്തിൽ ഇതുമായി ബന്ധപ്പെട്ട് ആദ്യം പറയേണ്ടത്. ഇതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനോ മന്ത്രിമാർക്കോ യാതൊരു പങ്കുമില്ല. കേരളത്തിൽ യു.ഡി.എഫ്.-ഉം കേന്ദ്രത്തിൽ യു.പി.എ.-യും ഭരിക്കുന്ന കാലത്ത് എല്ലാ നടപടികളും പൂർത്തീകരിച്ച് അംഗീകാരം

കൊടുക്കുകയാണുണ്ടായത്. ഇതെല്ലാം ചെയ്തതിനുശേഷം ഇവർ കുളം കലക്കി മീൻ പിടിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ അദാനിക്ക് ആരാണ് കരാർ ഒപ്പിട്ടുകൊടുത്തത്? അദാനിയുടെ കയ്യാളുകളായി ചിലർ ഇപ്പോൾ പ്രവർത്തിക്കുവെന്നാണ് ഇവർ ആരോപിക്കുന്നത്. അദാനിയെ കൊണ്ടുവരാൻ പാടില്ലെന്ന് ഹൈക്കമാന്റിന്റെ ശക്തമായ വാദഗതിയുണ്ടായിരുന്നു. ആ വാദഗതി തള്ളിക്കളഞ്ഞുകൊണ്ടാണ് അദാനിയെ കൊണ്ടുവന്ന് കോർപ്പറേറ്റുകൾക്ക് ഇവരുടെ ഗവൺമെന്റ് അനുവാദം കൊടുത്തതെന്നതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, പാരിസ്ഥിതികമായ എല്ലാവിധ പഠനങ്ങളും ക്ലിയറൻസുകളും കൊടുത്തിട്ടുള്ളത് കോൺഗ്രസിന്റെ ഭരണകാലത്താണ് എന്നതാണ്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട terms of reference അംഗീകരിച്ചത് കോൺഗ്രസ് നേതാവ് ശ്രീ. ജയറാം രമേശ്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയായിരുന്നപ്പോഴാണ്. 2011 ജൂലൈ 13-ന് ശ്രീ. ജയറാം രമേശ് സൈറ്റ് അപ്രൈസൽ നടത്താൻ വിഴിഞ്ഞത്ത് വന്നിട്ടുണ്ട്. അതിനെത്തുടർന്നാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം terms of reference അംഗീകരിച്ചത്. അതുപോലെതന്നെ 2013-ൽ പദ്ധതിയുടെ Draft Environmental Impact Assessment Report പ്രസിദ്ധീകരിക്കുമ്പോൾ

കേരളവും കേന്ദ്രവും ഭരിച്ചത് കോൺഗ്രസാണ്. പദ്ധതി മേഖലയിൽ പബ്ലിക് ഹിയറിംഗ് നടത്തിയത് 2013 ജൂൺ 29-നാണ്. അന്ന് കേരളവും കേന്ദ്രവും ഭരിച്ചത് കോൺഗ്രസാണ്. 2013 ആഗസ്റ്റ് 24-ന് Kerala Coastal Zone Management Authority വിഴിഞ്ഞം പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകി. അന്ന് കേരളം ഭരിച്ചത് കോൺഗ്രസാണ്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി പാരിസ്ഥിതിക അനുമതിക്കുള്ള നടപടികൾ ആരംഭിച്ച് 2013 സെപ്റ്റംബർ 19, 20 എന്നീ തീയതികളിൽ നടന്ന 120-ാമത് മീറ്റിംഗിലും 2013 നവംബർ 20 മുതൽ 23 വരെ നടന്ന 128-ാമത്തെ മീറ്റിംഗിലുമാണ് അംഗീകാരം നൽകിയത്. അന്ന് കേന്ദ്രം ഭരിച്ചത് കോൺഗ്രസാണ്. 2014 ജനുവരി 3-ന് ഈ അനുമതിയെല്ലാം ലഭിച്ച് 2015-ൽ അദാനിയെക്കൊണ്ട് എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 2015 കഴിഞ്ഞ് കോൺഗ്രസ് ഭരണത്തിൽനിന്ന് പോയി. ഈ ബാദ്ധ്യത മുഴുവൻ പിന്നീടുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. കോൺഗ്രസ് എം.പി. ഡോ. ശശി തരൂരിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും യു.ഡി.എഫ്.-ലെ മറ്റ് ഘടകകക്ഷികളുടെയും

നിലപാട് നിങ്ങൾ ഇവിടെ വിശദീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിലേയ്ക്ക് കൂടുതലായി കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി വളരെ വ്യക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. അന്നും ഇന്നും ഒരേ നിലപാടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുള്ളത്. തുറമുഖ നിർമ്മാണത്തെ അന്നും ഞങ്ങൾ സ്വാഗതം ചെയ്തിട്ടുണ്ട്. അന്ന് ഞങ്ങളുടെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി, അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ ഉമ്മൻ ചാണ്ടി വിളിച്ച യോഗത്തിൽ പങ്കെടുക്കുകയും പാർട്ടിയുടെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെയും വികസനം വേണമെന്ന കൃത്യമായ നിലപാട് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. വികസന വിരുദ്ധമായ നിലപാടാണ് ഇപ്പോൾ എല്ലാക്കാര്യത്തിലും കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ വികസന വിരുദ്ധ നിലപാടല്ല ഞങ്ങൾ സ്വീകരിച്ചത്. തുറമുഖം വേണമെന്ന ആവശ്യത്തെ ഞങ്ങൾ സ്വാഗതം ചെയ്തു. പക്ഷെ അന്ന് ഞങ്ങൾ പറഞ്ഞ ഒരു കാര്യമുണ്ട്. ഇന്ന് സമരസമിതി ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമായ, അദാനിയുമായി ആരാണ് കരാർ ഉണ്ടാക്കിയത്, ആ കരാറിൽ എന്തെങ്കിലും അഴിമതിയുണ്ടോ; അത് പരിശോധിക്കണമെന്ന് അന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്. അതുമാത്രമല്ല, ഈ പദ്ധതി വരുമ്പോൾ അതുമായി

ബന്ധപ്പെട്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച നടത്തണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഈ നിലപാട് പൂർണ്ണമായും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാടായി മാറി. സംസ്ഥാന സർക്കാരിന്റെ പൂർണ്ണനിയന്ത്രണവും നിർണ്ണായകമായ പങ്കാളിത്തവുമുള്ള ലാൻഡ് ബോർഡ് മോഡലിൽ തുറമുഖം നിർമ്മിക്കണമെന്നായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാട്. തുറമുഖ നിർമ്മാണം സർക്കാർ നേരിട്ട് നടത്തണമെന്നതായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വാദം. അതല്ല കോൺഗ്രസ് സ്വീകരിച്ചത്. പൊതു-സ്വകാര്യ പങ്കാളിത്തം കൊണ്ടുവരണമെന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചത്. ആ നിലപാട് മാറ്റി ഒരു കോർപ്പറേറ്റിന് പൂർണ്ണമായും അതിന്റെ നിർമ്മാണ പ്രവർത്തനം കൈമാറി. നിർമ്മാണ പ്രവർത്തനംവഴി ഏതെങ്കിലും തരത്തിൽ പ്രയാസങ്ങളുണ്ടായാൽ അത് പരിഹരിക്കുന്നതിന് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ 450 കോടി രൂപ നീക്കിവച്ചു. തുടർന്ന് പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 2,500 കോടി രൂപ സമാഹരിക്കാൻ തീരുമാനിച്ചു. റോഡും റെയിലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. ഈ തുറമുഖം 30 വർഷം ഓപ്പറേറ്റ്

ചെയ്യുന്നതിന് ഏജൻസിയെ കണ്ടെത്തുന്നതിനും തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ മറ്റ് നടപടിക്രമങ്ങളും സ്വീകരിച്ച് മുന്നോട്ടുപോകുമ്പോഴാണ് ആ ഗവൺമെന്റ് മാറി യു.ഡി.എഫ് അധികാരത്തിൽ വരുന്നത്. വിഴിഞ്ഞം പദ്ധതിയുടെ ജനകീയമായ എല്ലാ മുഖവും സൃഷ്ടിച്ചതും നടപ്പാക്കാൻ പരിശ്രമിച്ചതും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. പക്ഷെ 2011-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് ആ നടപടികളെല്ലാം കാറ്റിൽപ്പറത്തി, പൂർണ്ണമായും സ്വകാര്യമേഖലയിലുള്ള ഒരു കോർപ്പറേറ്റിന് തീറെഴുതിക്കൊടുത്തതിനുശേഷം ഇതിന്റെ എല്ലാ ഉത്തരവാദിത്വവും പിണറായി വിജയൻ ഗവൺമെന്റ് സഹിക്കണമെന്ന് പറയുന്നത് എന്ത് അടിസ്ഥാനാരഹിതമായ കാര്യമാണ്? അതിലേയ്ക്കെന്നും കൂടുതലായി കടന്നുപോകുന്നില്ല. മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങളെല്ലാം പരിഗണിക്കുന്നതിന് നല്ലരീതിയിൽ ഇടപെട്ടിട്ടുള്ള ഗവൺമെന്റാണിത്. ചരിത്രത്തിൽ ഇതുപോലെ തീരപ്രദേശത്തിന്റെ കണ്ണീരൊപ്പിയ ഗവൺമെന്റ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്ന് ഉറപ്പിച്ചുപറയുന്നു. അതിന്റെ തുടർച്ചയായാണ് രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം മേഖലയിൽ മത്സ്യബന്ധനം, തുറമുഖം, ജലസേചനം,

വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകുന്നത്. മത്സ്യത്തൊഴിലാളികളെ എൽ.ഡി.എഫ്. സർക്കാർ ഇതുവരെ സഹായിച്ചില്ലെന്നാണ് പ്രതിപക്ഷം ഉന്നയിക്കുന്ന മറ്റൊരാക്ഷേപം. ശ്രീ. എം. വിൻസെന്റ് 2018-ലെ പ്രളയത്തെക്കുറിച്ച് പറഞ്ഞു. 2018-ലെ പ്രളയത്തിൽ കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ മുന്നോട്ടുവന്ന മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സൈന്യമെന്ന് പറഞ്ഞു. അന്ന് മാത്രമല്ല ഇന്നും സൈന്യമായി കാണുന്ന ഒരു ഗവൺമെന്റാണിത്. കേരളത്തിന്റെ തീരദേശമേഖലയ്ക്കും സാമൂഹ്യ പുരോഗതിക്കും പ്രത്യേകിച്ച് ദുർബലരായ മത്സ്യത്തൊഴിലാളി ജനവിഭാഗങ്ങളുടെ മുന്നേറ്റത്തിനും ഏറ്റവും കൂടുതൽ പിന്തുണ നൽകി പ്രവർത്തിച്ച ലത്തീൻ സമുദായത്തെ ഇന്നും വിനയത്തോടെ അംഗീകരിക്കുന്ന ഒരു ഗവൺമെന്റും മുന്നണിയുമാണ് ഞങ്ങളുടേത്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കിയ കാര്യങ്ങളേക്കാൾ പ്രധാനം ഇപ്പോൾ സമരസമിതി മുന്നോട്ടുവച്ചിട്ടുള്ള പ്രശ്നങ്ങളാണ്. അവരുമായി ചർച്ച നടത്തിയിട്ടില്ലെന്നാണ് ഇവിടെ പറഞ്ഞത്. 19-08-2022, 24-08-2022, 15-09-2022, 23-09-2022 എന്നീ തീയതികളിൽ ചർച്ചകൾ നടത്തി, ഇതൊന്നും നടത്താതെയാണോ കേരളത്തിൽ ഈ ഗവൺമെന്റ് പ്രവർത്തിച്ചത്? 138-140 ദിവസക്കാലം

നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഒരേയൊരു പ്രശ്നത്തിൽ മാത്രമാണ് സമരസമിതിയുമായി തർക്കമുള്ളത്. എന്താണ് ആ പ്രശ്നം? തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്നുള്ളതാണ് പ്രശ്നം. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് പറയുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ ഒരു വിഷയമുണ്ട്. ഇതിന്റെ ഏറ്റവും വലിയ പ്രാധാന്യം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്ന് പത്ത് നോട്ടിക്കൽ മൈൽ മാത്രമാണ് അന്താരാഷ്ട്ര കപ്പൽ പാതയെന്നതാണ്. തീരത്തുനിന്ന് ഒരു നോട്ടിക്കൽ മൈൽ അകലം കഴിഞ്ഞാൽ 24 മീറ്റർ സ്വാഭാവികമായ ആഴമുണ്ട്. ഇത്തരമൊരു സവിശേഷത കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വൻകുതിച്ചുചാട്ടമുണ്ടാക്കും. ഭാരതത്തിൽ ആകെയുള്ള 12 തുറമുഖങ്ങളിൽ വർദ്ധിച്ചുവരുന്ന എല്ലാ പ്രവർത്തനങ്ങളും വിഴിഞ്ഞത്തേയ്ക്ക് ഏകോപിപ്പിക്കാൻ സാധിക്കും. ദുബായ് അടക്കമുള്ള പോർട്ടുകളേക്കാൾ കൂടുതൽ സാമ്പത്തിക വരുമാനമുള്ള പോർട്ടായി ഇത് മാറും. ദുബായിലെ കടൽ ഡ്രഡ്ജ് ചെയ്ത് മണ്ണുമാറ്റിയിട്ടാണ് മദർ ഷിപ്പിലേയ്ക്ക് കണ്ടെയ്നർ കൊണ്ടുപോകുന്നത്. വിഴിഞ്ഞത്ത് അതാവശ്യമില്ല. അന്താരാഷ്ട്രതലത്തിൽ നമുക്ക് വലിയ ഗുണം ചെയ്യുന്ന പദ്ധതിയാണിത്. മാത്രമല്ല, മദർ ഷിപ്പുകളിലേയ്ക്ക് കണ്ടെയ്നർ കൊണ്ടുപോകാൻ സാധിക്കുന്ന നാച്വറാലിറ്റിയുള്ള ഒരു പ്രദേശമാണിത്.

അതുപോലെ ഇന്റർനാഷണൽ ഷിപ്പിംഗ് റൂട്ട് ഏറ്റവും അടുത്തുള്ള പ്രദേശം, കണ്ടെയ്നർ എത്തിക്കുന്നതിനുള്ള മൂന്ന് വഴികൾ, റോഡ്-റെയിൽ-എയർപോർട്ട് ഇതെല്ലാം വളരെ അടുത്തുള്ള സ്ഥലം എന്നിങ്ങനെയുള്ള സവിശേഷതകളുമുണ്ട്. ലോകമാധ്യമങ്ങൾ ഇന്ന് വളരെ പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യുന്ന ഒരു പോർട്ടാണിത്. ഇങ്ങനെയുള്ള ഒരു പ്രധാനപ്പെട്ട സ്ഥലത്ത് തുറമുഖം വരുമ്പോൾ നമ്മുടെ നാടിന്റെ മുഖച്ഛായ തന്നെ മാറും. ഇപ്രകാരം നാടിന്റെ മുഖച്ഛായ മാറരുതെന്ന് മാത്രമേ നിങ്ങൾക്ക് ആഗ്രഹമുള്ളൂ. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് പദ്ധതി കൊണ്ടുവന്നപ്പോൾ നിർമ്മാണം നടത്താം. ശ്രീ. പിണറായി വിജയന്റെ കാലത്ത് അത് പാടില്ല. എല്ലാ വികസന പ്രവർത്തനങ്ങൾക്കും നിങ്ങൾ തുരങ്കം വയ്ക്കുന്നതിന്റെ കാരണം നിങ്ങൾക്ക് അതിനോട് ആത്മാർത്ഥയില്ലാത്തതുകൊണ്ടല്ല, പദ്ധതികൾ നടക്കണമെന്നുണ്ട്, പക്ഷേ എൽ.ഡി.എഫ്. ഭരണകാലത്ത് പാടില്ലെന്നുള്ളതാണ്. യു.ഡി.എഫ്. കാലത്ത് നടത്താമെന്നുപറയുന്ന ഒരു വൈകല്യം നിങ്ങൾക്കുണ്ട്. ഇത്രയും ജോലി സാദ്ധ്യതയുണ്ടാകുന്ന മറ്റൊരു പദ്ധതിയില്ല. ഇതിന്റെ ഫലമായി അന്താരാഷ്ട്ര തലത്തിലുള്ള നിക്ഷേപം ഗണ്യമായി കേരളത്തിലേയ്ക്ക് വരും. 115 വർഷംമുമ്പ് വിഴിഞ്ഞം പോർട്ടിനെക്കുറിച്ചുള്ള ചർച്ച ആരംഭിച്ചതാണ്. എന്തുകൊണ്ടാണ് ഈ പോർട്ട്

പ്രവർത്തനസജ്ജമാകാതിരുന്നത്? അത് നടപ്പിലാകാതെ പോയതിന് പിന്നിൽ വൻശക്തികൾ പ്രവർത്തിക്കുന്നുണ്ട്. അതൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. പക്ഷെ 2015-ൽ അനുവാദം കൊടുത്ത് 2022-ൽ എത്തിനിൽക്കുമ്പോൾ കോടിക്കണക്കിന് രൂപ ചെലവഴിച്ച തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാൻ സാധിക്കുമോ? തീരശോഷണം സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു സമിതിയെക്കൂടി നിയോഗിക്കാമെന്ന ആശയം ഗവൺമെന്റ് മുന്നോട്ടുവച്ചു. അതിൽ എന്താണ് തെറ്റ് ? തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണോ വേണ്ടയോയെന്നുള്ള നിലപാടാണ് യു.ഡി.എഫ്. വ്യക്തമാക്കേണ്ടത്. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാൻ സാധിക്കില്ലെന്നാണ് എൽ.ഡി.എഫ് നിലപാട്. പക്ഷെ മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന എല്ലാ ന്യായമായ പ്രശ്നങ്ങളും ചർച്ച ചെയ്ത് പരിഹരിക്കും. ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതികാഘാത പഠനം നടത്തേണ്ടതായിട്ടുണ്ടെങ്കിൽ ഗവൺമെന്റ് അതിനുവേണ്ടി നാലംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. പ്രസ്തുത സമിതിയുടെ മുമ്പിൽ സമര സമിതിയുടെ എല്ലാ പ്രശ്നങ്ങളും ഉന്നയിക്കാവുന്നതാണ്. ഈ വിധത്തിൽ പ്രശ്നം പരിഹരിക്കുന്നതിന് ശ്രീ. എം. വിൻസെന്റ് മുൻകയ്യെടുക്കണമെന്നാണ്

പറയാനുള്ളത്. അല്ലാതെ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുകയെന്ന നിലപാടിലേയ്ക്കല്ല പോകേണ്ടത്.

രണ്ടാമത്തേത്, ദുരിതാശ്വാസ ക്യാമ്പുകളുടെ കാര്യമാണ്. ഇത് ഈ ഗവൺമെന്റ് വന്നതിനുശേഷമുണ്ടായതാണോ? 2011 മുതൽ കേരളത്തിന്റെ തീരപ്രദേശങ്ങളിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ ഫലമായി വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഇവിടെ മാത്രമല്ല, സംസ്ഥാനത്തെ പല ജില്ലകളിലും ഇത്തരത്തിൽ താമസസൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുവേണ്ടി നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചത്. തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന 20000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവച്ച് നൽകാൻ കഴിയുന്ന 'പുനർഗേഹം' പദ്ധതി വളരെ വിജയകരമായി കേരളത്തിൽ നടന്നുവരുന്നു. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുത്ത് അതിന്റെ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നു. ഇവിടെ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട രണ്ടാമത്തെ നിർദ്ദേശം പൂർണ്ണമായി അംഗീകരിച്ച് ഞങ്ങൾ നടപ്പാക്കുമെന്ന കാര്യത്തിൽ

ഒരു സംശയവും വേണ്ട. ഇതുകൂടാതെ ഏറ്റവും പ്രധാനമായി വന്നത് മണ്ണെണ്ണയുടെ പ്രശ്നമാണ്. മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി കൊടുക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നിലപാടും നയങ്ങളും കൊണ്ടാണ് മണ്ണെണ്ണയുടെ വില വർദ്ധിച്ചത്; നിങ്ങളെന്തുകൊണ്ടാണ് കേന്ദ്രത്തിനെതിരെ ഒരക്ഷരം മിണ്ടാത്തത്? ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി കഴിച്ച് 45 രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണയുടെ വില ഇന്ന് 140 രൂപയായി വർദ്ധിച്ചപ്പോൾ എങ്ങനെയാണ് പരിഹാരം കാണാൻ കഴിയുന്നത്; 25 രൂപ സബ്സിഡി കൊടുത്താൽ മണ്ണെണ്ണയുടെ വില ഇനിയും വർദ്ധിക്കാതിരിക്കുമോ? 25 രൂപ സബ്സിഡി കൊടുക്കണമെങ്കിൽ 300 കോടി രൂപ വേണം. അതിന് പരിഹാരമായി ഗവൺമെന്റ് മുന്നോട്ടുവച്ച നിർദ്ദേശമെന്താണ്? ഇപ്പോഴുള്ള എഞ്ചിനുകൾ പരിഷ്കരിച്ച് പുതിയ സംവിധാനങ്ങളിലേയ്ക്ക് രൂപാന്തരപ്പെടുത്താം. അതിനുള്ള സാമ്പത്തിക സഹായം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുമെന്ന കാര്യം ബന്ധപ്പെട്ട ഉപസമിതികളുടെ ചർച്ചയിൽ പറഞ്ഞിട്ടുണ്ടെന്നത് ഇവിടെ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പ്രശ്നത്തെ സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചു. അതിനുവേണ്ടി 2.94 ഏക്കർ

സ്ഥലത്ത് 194 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. പ്രാദേശിക തർക്കത്തെത്തുടർന്ന് അത് നടത്താൻ കഴിയില്ലെന്ന് ശ്രീ. എം. വിൻസെന്റിനും അറിയാം. അതൊരു പ്രാദേശിക പ്രശ്നമാണ്; അവിടെയൊരു കോളനിയുണ്ട്; മറ്റ് സാമുദായിക പ്രശ്നങ്ങളുണ്ട്; പക്വതയോടെ ചർച്ച ചെയ്താൽ മാത്രമേ അതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അതിന് പരിഹാരം കണ്ടിരുന്നെങ്കിൽ ഗോഡൗണിൽ കഴിയുന്നുവെന്ന് നിങ്ങൾ പറയുന്ന 108 കുടുംബങ്ങൾക്ക് എത്രയോ നേരത്തെ ഭവനം വച്ചുകൊടുക്കാൻ സാധിക്കുമായിരുന്നുവെന്ന വസ്തുത നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ; നിങ്ങളിപ്പോൾ കണ്ണുനീരൊഴുക്കുകയാണല്ലോ; അത് നടത്താൻ നിങ്ങൾ മുൻകൈയെടുക്കാത്തതെന്തുകൊണ്ടാണ്; രണ്ട് സമുദായങ്ങൾ തമ്മിലുള്ള പ്രശ്നം ചർച്ച ചെയ്യാൻ ശ്രീ. എം. വിൻസെന്റ് എന്തുകൊണ്ട് മുൻകയ്യെടുത്തില്ല; അതിന് പരിഹാരം കാണാൻ മുൻകൈയെടുക്കണ്ടേ? (......ബഹളം........)

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. സ്പീക്കർ: അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. സജി ചെറിയാൻ: സർ, ഒന്നും ചെയ്തില്ലെന്നാണ്

ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. അങ്ങനെ പറയാൻ അദ്ദേഹത്തിന് എങ്ങനെ തോന്നിയെന്നാണ് ഞാൻ ചോദിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ മാത്രം മുട്ടത്തറയിൽ 192-ഉം ബീമാപള്ളിയിൽ 20-ഉം കാരോട് 127-ഉം ഫ്ലാറ്റുകളാണ് പിണറായി വിജയൻ ഗവൺമെന്റ് നിർമ്മിച്ചുകൊടുത്തത്. സമയക്കുറവുകൊണ്ട് ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ സർക്കാർ വന്നതിനുശേഷം വിഴിഞ്ഞം ഉൾപ്പെടെ സംസ്ഥാനത്തുടനീളം കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നത്. ശുചിത്വ നിർമ്മാർജ്ജനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയ്ക്കായി കോടിക്കണക്കിന് രൂപയാണ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫ്ലാറ്റിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ ചേർന്ന യോഗത്തിൽ എല്ലാ മന്ത്രിമാരും ശ്രീ. എം. വിൻസെന്റും പങ്കെടുത്തതാണ്. അവിടെവച്ച് ഓരോ വകുപ്പുകളും നടപ്പാക്കിവരുന്ന 450 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അന്ന് പ്രഖ്യാപിച്ച 450 കോടി രൂപയുടെ പദ്ധതികൾ സമയബന്ധിതമായി ഓരോ വകുപ്പും നടപ്പാക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കബളിപ്പിക്കാൻ നിങ്ങൾ ശ്രമിക്കരുത്. കേരളത്തിന്റെ സാമൂഹ്യരംഗത്ത് പ്രത്യാഘാതമുണ്ടാക്കുന്ന പ്രശ്നമായിട്ടാണ്

ഞാൻ ഇതിനെ കാണുന്നത്. ഏഴ് ഡിമാന്റുകളിൽ ആറും അംഗീകരിച്ച് സമയബന്ധിതമായി നടപ്പാക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. ഏഴാമത്തെ ഡിമാന്റിന്റെ ഒരുഭാഗം സർക്കാർ അംഗീകരിച്ചു. ഈ സമരം ഒത്തുത്തീർപ്പാക്കാൻ ലത്തീൻ സഭയുടെ ഭാരവാഹികൾ മുന്നോട്ടുവരുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. ആ പ്രതീക്ഷയെ തകർക്കരുത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയോട് 'കണ്ണൂർക്ക് പൊയ്ക്കൊള്ളണം' തുടങ്ങിയ എന്തെല്ലാം മോശമായ ആക്ഷേപങ്ങളുന്നയിച്ചു. നിങ്ങൾ ഒരക്ഷരം മറുപടി പറഞ്ഞില്ല. കേരളത്തിന്റെ മന്ത്രിയായ ശ്രീ. വി. അബ്ദുറഹിമാനെ ജാതി പറഞ്ഞാക്ഷേപിച്ചു. നിങ്ങൾ ഒരക്ഷരം മിണ്ടിയോ?

<u>മി. സ്പീക്കർ</u>: ശ്രീ. സജി ചെറിയാൻ, അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ശ്രീ. എം. വിൻസെന്റ് ഇന്നിവിടെയെങ്കിലും ആത്മാർത്ഥമായി സമരത്തെ തള്ളിപ്പറയാൻ തയ്യാറായില്ല. അതുകൊണ്ട് സമരസമിതി പറയുന്ന ഡിമാന്റുകളെല്ലാം അംഗീകരിച്ച സ്ഥിതിക്ക് നമുക്കൊരുമിച്ച് ഈ പ്രശ്നം രമ്യമായി പരിഹരിച്ച് മുന്നോട്ടുപോകാമെന്നുമാത്രമാണ് എനിക്ക് ഈ അവസരത്തിൽ

പറയാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പതിറ്റാണ്ടുകളായി കേരളം ചർച്ച ചെയ്യുന്ന സ്വപ്നപദ്ധതിയാണ് വിഴിഞ്ഞം. ഞാൻ ഈ സഭയിലുണ്ടായിരുന്ന കാലത്ത് 1992-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയെന്ന നിലയിൽ എം. വി. രാഘവനാണ് ആദ്യമായി വിഴിഞ്ഞം പദ്ധതിയുടെ നടപടിയുമായി മുന്നോട്ടുവന്നത്. 1995-ൽ ധാരണാപത്രം ഒപ്പിടുകയും മൂന്നുതവണ ടെണ്ടർ ചെയ്യുകയും ചെയ്തു. അന്നത്തെ ഗവൺമെന്റ് മാറി; പിന്നീടുവന്ന ഗവൺമെന്റുകൾ അക്കാര്യത്തിൽ താൽപ്പര്യവുമെടുത്തില്ല. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ ഇക്കാര്യത്തിൽ അഭിനന്ദിക്കണം. ധീരമായ തീരുമാനമാണ് അദ്ദേഹമെടുത്തത്. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി മൂന്നുതവണ ടെണ്ടർ ചെയ്തിട്ടും ആരും വന്നില്ലെന്നുള്ള കാര്യം ശ്രീ. സജി ചെറിയാനും അറിയാവുന്നതാണ്. പിന്നീട് വന്നത് ചൈനീസ് കമ്പനിയാണ്. സുരക്ഷാ കാരണങ്ങളാൽ ചൈനീസ് കമ്പനിക്ക് കേന്ദ്രസർക്കാർ അനുവാദം നൽകിയില്ല. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെയുണ്ട്. ഇത് ലാഭമല്ലെന്ന് കണ്ടുകൊണ്ട് വയബിലിറ്റി ഗ്യാപ് ഫണ്ടായി 800 കോടി രൂപയാണ് കേന്ദ്രസർക്കാർ കേരള ഗവൺമെന്റിന് നൽകിയത്.

ലാഭത്തിലല്ലാത്തതുകൊണ്ടാണ് ആരും ആ പദ്ധതി ഏറ്റെടുക്കാൻ വരാത്തത്. അവസാനമാണ് അദാനി ഗ്രൂപ്പുമായി കരാർ ഒപ്പിടുന്നത്. 6,000 കോടി രൂപയുടെ അഴിമതിയാണെന്നാണ് ഇന്നത്തെ മുഖ്യമന്ത്രിയായ അന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി പറഞ്ഞത്. 7,000 കോടി രൂപയുടെ പദ്ധതിയിൽ 6,000 കോടി രൂപയുടെ അഴിമതി എങ്ങനെയാണ് വരുന്നത്? ശ്രീ. സജി ചെറിയാൻ, ഈ പദ്ധതി മുടക്കാൻവേണ്ടി മുന്നോട്ടുവന്നതാരാണ്? ആ പദ്ധതിയുടെ ഉദ്ഘാടനത്തിന് നിങ്ങൾ പങ്കെടുത്തില്ല. അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നഖശിഖാന്തം അതിനെ എതിർത്തുകൊണ്ടാണ് പ്രസ്താവന പുറപ്പെടുവിച്ചത്. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുകയാണ് ആദ്യം ചെയ്തത്. ജസ്റ്റീസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് ഈ മേശപ്പുറത്തുണ്ടല്ലോ; ആ റിപ്പോർട്ടിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ക്ലീൻ ചിറ്റ് നൽകിയ കാര്യം എന്തുകൊണ്ട് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ല? ഒരു അഴിമതിയുമില്ലെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. പൊതു-സ്വകാര്യ സംരംഭമാണ് എൽ.ഡി.എഫ്. ആഗ്രഹിച്ചതെന്നാണ് ശ്രീ. സജി ചെറിയാൻ ഇവിടെ പരാമർശിച്ചത്. പൊതുമേഖലാ-സ്വകാര്യ സംരംഭമായ കൊച്ചിയിലെ നെടുമ്പാശ്ശേരി എയർപോർട്ട് കൊണ്ടുവരാൻ മുൻ മുഖ്യമന്ത്രി

കെ. കരുണാകരൻ മുന്നോട്ടുവന്നപ്പോൾ 'Over my dead body' എന്നുപറഞ്ഞത് സി.പി.ഐ.(എം) പ്രവർത്തകരായിരുന്നു; അന്നത്തെ എം.എൽ.എ. ആയ ശ്രീ. എസ് ശർമ്മയായിരുന്നു. പിന്നീട് അദ്ദേഹം ആ കമ്പനിയുടെ ചെയർമാനായി. നിങ്ങളുടെ ചരിത്രം അതാണ്. അതുകൊണ്ട് എന്നെക്കൊണ്ട് അധികം പറയിപ്പിക്കരുത്. ഈ ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി എന്തുചെയ്തു? 2019-ൽ അവസാനിക്കേണ്ട പദ്ധതി 2022 കഴിയാറായിട്ടും പൂർത്തിയാക്കാത്തതിന്റെ ഉത്തരവാദി ആരാണ്; അതിന് ഞങ്ങളാണോ ഉത്തരവാദി; കോവിഡ് പ്രതിസന്ധി കാരണമാണോ അതോ പാറ കിട്ടാത്തതുകൊണ്ടാണോ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്? പാറ കിട്ടിയില്ലെങ്കിൽ അത് കണ്ടെത്തി കൊടുക്കാൻ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ടാകണമായിരുന്നു. അതിനുള്ള നടപടികൾ മോണിറ്റർ ചെയ്യണമായിരുന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി മോണിറ്റർ ചെയ്തില്ല. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയായ ശ്രീ. അഹമ്മദ് ദേവർകോവിലിനെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങ് കുറച്ച് കാര്യങ്ങൾ ഇപ്പോൾ ചെയ്യുന്നുണ്ട്. അതിനുമുൻപ് എന്താണ് നടന്നത്; ആരെങ്കിലും ഇക്കാര്യം അന്വേഷിച്ചോ;

ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറായോ? വിഴിഞ്ഞം പദ്ധതി ഒരു ചിങ്ങം ഒന്നിന് എഗ്രിമെന്റ് വച്ച് നവംബർ ഒന്നിന് ഉദ്ഘാടനം ചെയ്തപ്പോൾ ആ ചടങ്ങ് ബഹിഷ്കരിച്ച നിങ്ങളുടെ ആത്മാർത്ഥത എല്ലാവർക്കും അറിയാവുന്നതാണ്. അന്നും ഈ പ്രശ്നമുണ്ടായിരുന്നു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം സഭയിൽ എത്രയോ തവണ വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. 11-11-2015-ലാണ് 475 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കിയത്. പരിസ്ഥിതി പഠനത്തിന്റെ ഭാഗമായി ചെലവഴിച്ച 257.12 കോടി രൂപയ്ക്കുപുറമേയാണ് ഈ പാക്കേജ് പ്രഖ്യാപിച്ചത്. കമ്പവല തൊഴിലാളികൾ, ചിപ്പി വാങ്ങുന്ന തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവരെയാണ് ഈ പദ്ധതി നേരിട്ട് ബാധിക്കുന്നത്. ഇതെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയതാണ്. തീരശോഷണത്തിന്റെ ആശങ്ക പരിഹരിക്കാനാണ് 475 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കിയത്. ആ പാക്കേജ് നടപ്പാക്കാൻ നിങ്ങൾ എന്തുകൊണ്ട് തയ്യാറായില്ല; ശ്രീ. എം. വിൻസെന്റിന്റെ നിയോജകമണ്ഡലത്തിലെ കാര്യങ്ങളല്ല ശ്രീ. ആന്റണി രാജുവിന്റെ

നിയോജകമണ്ഡലത്തിലെ കാര്യങ്ങളാണ് ശ്രീ. സജി ചെറിയാൻ പറഞ്ഞത്. ഇക്കാര്യത്തിൽ ശ്രീ. എം. വിൻസെന്റിനെ വെല്ലുവിളിക്കുന്നത് എന്തിനാണ്? 30-08-2022-ന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ നൽകിയ മറുപടിയിൽ, 475 കോടി രൂപയുടെ പാക്കേജ് നടപ്പാക്കാൻ പോകുന്നു, ഡി.പി.ആർ. തയ്യാറാകുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. 7 വർഷമായിട്ടും 475 കോടി രൂപയുടെ പാക്കേജ് നടപ്പാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഇപ്പോൾ അതിന് ഡി.പി.ആർ. തയ്യാറാക്കുകയാണ്. അതാണ് ഈ സമരത്തിന്റെ കാരണം. അന്നും അഭിവന്ദ്യ സൂസപാക്യം തിരുമേനി ആശങ്കകൾ പറഞ്ഞിരുന്നു. അന്ന് ഞങ്ങളെടുത്ത തീരുമാനമായിരുന്നു ഈ പാക്കേജ്. ഏഴ് വർഷമായിട്ടും നിങ്ങൾ അത് നടപ്പാക്കിയോ? ഇതിന്റെ പിന്നിൽ തീവ്രവാദികളുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. ദേശാഭിമാനി പ്രസിദ്ധീകരണത്തിൽ ശ്രീ. ആന്റണി രാജുവിന്റെ സഹോദരൻ ശ്രീ. എ. ജെ. വിജയന്റെ പേരുണ്ട്. അദ്ദേഹം ഒരു എൻ.ജി.ഒ. പ്രവർത്തകനാണ്. പണ്ടുമുതലേ എനിക്ക് അറിയാവുന്ന ആളാണ്, അദ്ദേഹം തീവ്രവാദിയാണോ; അല്ല. പക്ഷെ നിങ്ങളുടെ മന്ത്രിമാർ തീവ്രവാദികളാണെന്ന് പറയുന്നു. അബ്ദുറഹിമാൻ എന്ന പേരിൽതന്നെ

തീവ്രവാദമുണ്ടെന്ന് ഒരു അഭിവന്ദ്യ അച്ചൻ പറഞ്ഞു. ബഹുമാനപ്പെട്ട വി. അബ്ദുറഹിമാനുമായി എനിക്ക് നിങ്ങളെക്കാൾ കൂടുതൽ വർഷങ്ങളുടെ ബന്ധമുണ്ട്. തികഞ്ഞ മതേതരവാദിയാണ് അദ്ദേഹമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. പേരിൽ തന്നെ തീവ്രവാദമുണ്ടെന്ന് അഭിവന്ദ്യ അച്ചൻ പറഞ്ഞപ്പോൾത്തന്നെ ഞങ്ങൾ അതിനെ എതിർത്തതാണ്. (...ബഹളം.... )

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡോ. കെ. ടി. ജലീലിന് അറിയാവുന്നതിനെക്കാൾ കൂടുതൽ ശ്രീ. വി. അബ്ദുറഹിമാനെ എനിക്കറിയാം. അക്രമം ആര് നടത്തിയാലും ഞങ്ങൾക്ക് അതിനോട് യോജിക്കാൻ കഴിയില്ല. അത് ശരിയല്ല. 2019-ൽ അവസാനിക്കേണ്ട പദ്ധതി 2023 ആയിട്ടും പൂർത്തിയായിട്ടില്ല. നാട്ടിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇടപെടേണ്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൗനം പാലിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് എന്തുപറ്റി?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. രമേശ് ചെന്നിത്തല: Mr. Chief Minister, you should act as a Statesman. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പക്വതയോടെ ഉയർന്നുനിന്ന്

പ്രവർത്തിക്കേണ്ട വ്യക്തിയാണ്. അങ്ങ് സംസ്ഥാനത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. 133 ദിവസം ഈ സമരം നടന്നിട്ട് അങ്ങ് സമരക്കാരുമായി സംസാരിക്കാതിരുന്നത് ലജ്ജാകരമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങളാരും വിഴിഞ്ഞം പദ്ധതി നിർത്തിവയ്ക്കണമെന്ന് പറഞ്ഞിട്ടില്ല. യു.ഡി.എഫ്.-ന് ആ നിലപാടില്ല. ഈ പദ്ധതി കൊണ്ടുവന്നത് ഞങ്ങളായതുകൊണ്ട് ഇത് നടപ്പാക്കണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ശ്രീ. ആനാവൂർ നാഗപ്പനും ശ്രീ. വി. വി. രാജേഷും കൈകോർത്തുപിടിച്ചുകൊണ്ട് സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്കുനേരെ നടത്തുന്ന സമരം ബി.ജെ.പി.-യും സി.പി.ഐ.(എം)-ചേർന്നുള്ള സമരമായി ഞങ്ങൾ കാണുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഐ.എസ്.ആർ.ഒ.-യ്ക്കും എയർപോർട്ടിനും സ്ഥലം നൽകിയത് ഇവിടത്തെ മത്സ്യത്തൊഴിലാളികളാണെന്ന് നമുക്കറിയാം. സ്വന്തം വീടും മണ്ണും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും

വികസനത്തിനുവേണ്ടി നൽകിയവരാണ് അവർ. അവരെ കൂടെ നിർത്തി വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതിനുപകരം മർദ്ദിച്ച് ഒതുക്കാനും പോലീസിനെയും കേന്ദ്രസേനയെയും ഉപയോഗിച്ച് അവരുടെ നീക്കത്തെ തടയാനുമുള്ള ശ്രമങ്ങളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രധാനപ്പെട്ട പ്രശ്നമായി ഉയർന്നുവന്ന ഈ വിഷയം കേരളത്തിന്റെയും ഇന്ത്യയുടെയും ഏറ്റവും വലിയ വികസന പ്രശ്നം കൂടിയാണ്. അടിയന്തരപ്രമേയത്തിന്മേൽ ഈ വിഷയം ചർച്ചയ്ക്കെടുക്കാൻ തയ്യാറായ ഗവൺമെന്റിനെ ഞാൻ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ ലോകത്തിലെതന്നെ ഏറ്റവും ആഴം കൂടിയ തുറമുഖങ്ങളിൽ ഒന്നായും ഇന്ത്യയിലെ ആദ്യത്തെ മദർ പോർട്ടായും മാറുകയാണത്. വാണിജ്യ-വ്യാവസായിക-സാമ്പത്തിക മേഖലകളിൽ വലിയ മാറ്റമുണ്ടാക്കാനുതകുന്ന വലിയൊരു പ്രോജക്ടാണിത്. ഇത് യാഥാർത്ഥ്യമാകുമ്പോൾ പോർട്ടുകളുടെ വരുമാനത്തിൽ ഏറ്റവും കൂടുതൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകാൻ പോകുന്നത് ദുബായ്, കൊളംബോ, സലാല, സിംഗപ്പൂർ തുടങ്ങിയ വലിയ പോർട്ടുകൾക്കാണ്. അവിടെയൊക്കെ ഡ്രഡ്ജിംഗ് ആവശ്യമായിവരുമ്പോൾ ഇവിടെ അതിന്റെ ആവശ്യമില്ല.

അന്താരാഷ്ട്ര ചാനലിനടുത്തുകൂടെ പോകുന്നതുകൊണ്ട് വലിയ സാധ്യതകളാണ് ഈ തുറമുഖത്തിനുള്ളത്. അതുകൊണ്ട് ബോധപൂർവ്വം ഈ പദ്ധതി തകർക്കുകയെന്നത് ചില ശക്തികളുടെ അജണ്ടയാണെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എം. വിൻസെന്റ്: ആരുടെ അജണ്ടയാണ്?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ആരുടെ അജണ്ടയാണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. സാധാരണ ഒരു സമരത്തിന് ആരെങ്കിലും മുന്നോട്ടുവന്നാൽ, ആ സമരസമിതി ഉയർത്തുന്ന ആവശ്യങ്ങൾ ഗവൺമെന്റ് പരിഗണിച്ചാൽ ആ സമരം അവസാനിപ്പിക്കും. അവർ മുന്നോട്ടുവച്ച 7 ആവശ്യങ്ങളിൽ 6 ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് അതിനുതകുന്ന തീരുമാനങ്ങൾ ഓർഡറായി പുറപ്പെടുവിച്ചിട്ടുള്ള ഒരു ഗവൺമെന്റാണിത്. മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ബഹുമാനപ്പെട്ട മന്ത്രിമാർ നേരിട്ട് വിവിധ ഘട്ടങ്ങളിൽ സംസാരിക്കുകയും വകുപ്പുദ്യോഗസ്ഥരടക്കം ഇടപെടുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും സമരം ഒഴിവാകുന്നില്ലെന്ന് മാത്രമല്ല പോലീസ് സ്റ്റേഷൻ ആക്രമണം അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് കടക്കുന്ന രീതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് പാക്കേജ് പ്രഖ്യാപിച്ചെങ്കിലും പ്രോജക്ട്

തയ്യാറാക്കിയിരുന്നില്ലെന്ന യാഥാർത്ഥ്യം മനസിലാക്കണം. അതേസമയം ഇപ്പോൾ കൃത്യമായ പ്രോജക്ട് തയ്യാറാക്കി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉപജീവനം നഷ്ടപ്പെടുന്ന 2640 പേർക്ക് 100 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു കഴിഞ്ഞു. Livelihood Impact Appraisal Committee കൃത്യമായി കൂടികൊണ്ട് ആർക്കൊക്കെയാണ് ബുദ്ധിമുട്ടാകുന്നതെന്നത് പരിഗണിച്ചുകൊണ്ട് കൃത്യമായി അവർക്ക് ആനുകൂല്യം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്തും ഇതേ ഗോഡൗണുകളിൽ ഇത്രയും ബുദ്ധിമുട്ടി ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി യാതൊന്നും നടപ്പാക്കാതിരുന്നപ്പോഴാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ആദ്യമായി 192 ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് പുനരധിവാസം നടത്തിയത്. കടലാക്രമണ സമയത്ത് 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി 2450 കോടി രൂപ അനുവദിച്ചു. 18000-ത്തിലധികം ആളുകൾക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ വാടക വളരെ കുറവായിരുന്നു. നേരത്തെ വാടക നിശ്ചയിച്ചത് 3000 രൂപ ആയിരുന്നു. ഈ സമരത്തിന്റെയുംകൂടി ആവശ്യം പരിഗണിച്ചുകൊണ്ട് അത് 5500 രൂപയാക്കി ഉയർത്തി കൊടുത്തു. കൃത്യമായി വാടക ഉയർത്തിയിട്ടുണ്ടെന്ന് മാത്രമല്ല

അവർക്ക് രണ്ടുമാസത്തെ അഡ്വാൻസടക്കം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഉയർത്താൻ ഗവൺമെന്റ് തയ്യാറാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഗവൺമെന്റ് ഈ ഘട്ടംവരെയും 178 പേരെയാണ് കോസ്റ്റൽ പോലീസിൽ നിയമിച്ചത്. സമരം തുടങ്ങുന്നത് 20-07-2022-നാണ്. അതിനും ഒരു മാസം മുമ്പ് 02-06-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറുമന്ത്രിമാർ ചേർന്നുകൊണ്ട് ഒരു തീരുമാനമെടുത്തു. മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ 8 ഏക്കർ ഭൂമിയടക്കം നേരത്തെ അനുവദിച്ച രണ്ടേക്കറിലധികം ഭൂമിയുമുൾപ്പെടെ പത്തേക്കർ ഭൂമിയിൽ വീടില്ലാത്ത, താമസിക്കാൻ സൗകര്യമില്ലാത്തയാളുകൾക്ക് വീട് കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ തീരുമാനമെടുത്തതിനുശേഷമാണ് സമരം തുടങ്ങുന്നത്. വെറുതെ തീരുമാനമെടുക്കുകയല്ല. 12-10-2022-ന് ക്ഷീര വികസന വകുപ്പിൽനിന്നും മത്സ്യബന്ധന വകുപ്പിന് ആ സ്ഥലം കൈമാറി കൊണ്ടുള്ള ഓർഡറും പുറപ്പെടുവിച്ചു. അതിൽ 500 ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള ഭരണാനുമതിയുമായി മുന്നോട്ടുപോകുകയാണ്. ഒന്നും ചെയ്തില്ലെന്ന് എങ്ങനെയാണ് പറയാൻ കഴിയുക? അതുവരെ അവർക്ക് താമസിക്കുന്നതിനുള്ള വാടകയും അഡ്വാൻസായി നൽകുന്ന തുകയും ഇനിയും വർദ്ധിപ്പിക്കാൻ തയ്യാറായി ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുകയാണ്.

തിരുവനന്തപുരം ജില്ലയിൽ എണ്ണൂറിലധികം ആളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങി നൽകി. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മുന്നൂറ്റി നാൽപ്പതിലധികം ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകി. വിഴിഞ്ഞം പോർട്ട് പ്രാവർത്തികമാകുമ്പോൾ പദ്ധതിപ്രദേശത്തുള്ള സാധാരണക്കാരായവർക്ക് അവിടെ തൊഴിൽ ലഭിക്കണം. ഏതെങ്കിലും തൊഴിൽ കിട്ടിയാൽ പോര; മാന്യമായ തൊഴിൽതന്നെ വേണം. ഗവൺമെന്റ് വളരെ കൃത്യമായ പ്ലാനോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി ASAP-ന്റെ കീഴിൽ 50 കോടി രൂപ അനുവദിച്ച് സ്കിൽ ഡെവലപ്മെന്റിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അത്തരത്തിൽ അവിടെ പുതിയ കോഴ്സുകൾ തുടങ്ങാൻ പോകുകയാണ്. ഇതിനുപുറമെ മറ്റുനിരവധി പരിശീലന പരിപാടികളും ആശുപത്രി നവീകരണമടക്കമുള്ള കാര്യങ്ങളും നടക്കുകയാണ്. ഈ സർക്കാർ വന്നതിനുശേഷം മത്സ്യബന്ധനത്തിന് പോകുന്നവർക്ക് 40000-ത്തിലധികം ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു. ഈ കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് കേരളത്തിലല്ലാതെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഒരു രൂപയെങ്കിലും അനുവദിക്കുന്നത് കണ്ടിട്ടുണ്ടോ; കേരളത്തിൽ അവർക്കുവേണ്ടി 36 കോടിയിലധികം രൂപയാണ് മാറ്റിവച്ചത്. രണ്ടുലക്ഷത്തിലധികം പേർക്കാണ് അതിന്റെ ധനസഹായം ലഭിച്ചത്.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇങ്ങനെയില്ല. അത് പ്രത്യേകിച്ച് പറയേണ്ടതാണ്. തീരശോഷണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്തുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ അപ്രൈസലും കഴിഞ്ഞ് പരിസ്ഥിതിയടക്കമുള്ള കൃത്യമായ പഠനങ്ങളും മറ്റെല്ലാ കാര്യങ്ങളും പരിഗണിച്ചാണ് വന്നത്. അതിനുശേഷവും മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് തീരശോഷണം പരിഹരിക്കുന്നതിന് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചു. സമയക്കുറവുള്ളതുകൊണ്ട് അതുസംബന്ധിച്ച് വിശദമായി സംസാരിക്കുന്നില്ല. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണം അശാസ്ത്രീയമാണെന്ന് പറയുന്നത് സംബന്ധിച്ച് പരിശോധിക്കാനുള്ള കമ്മിറ്റിയെ നിയോഗിക്കണമെന്നതും അവരുടെ സമരത്തിന്റെ പ്രധാനപ്പെട്ട ആവശ്യമായിരുന്നു. അത് അംഗീകരിച്ചെന്നുമാത്രമല്ല, 22-10-2022-ന് അതിനായി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഓർഡറും പുറപ്പെടുവിച്ചു. സമരക്കാർ പറഞ്ഞ എല്ലാ ആവശ്യങ്ങളും പരിഗണിച്ചു. മറ്റൊന്ന്, മണ്ണെണ്ണയുടെ കാര്യമാണ്. മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയത് കേന്ദ്ര സർക്കാരാണ്. മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും സ്ഥലം എം.എൽ.എ.-

ശ്രീ. എം. വിൻസെന്റും സംസാരിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് ഒന്നും പറയുന്നില്ല. കേന്ദ്രം മണ്ണെണ്ണയ്ക്ക് അനിയന്ത്രിതമായി വില കൂട്ടിയെന്നുമാത്രമല്ല, സബ്സിഡിയും ക്വാട്ടയും നിർത്തലാക്കി. അതിനുശേഷവും ഈ ഗവൺമെന്റ് ലിറ്ററിന് 25 രൂപ വച്ച് സബ്സിഡി നൽകുന്നുണ്ട്. ഈ വർഷം 41 കോടി രൂപയാണ് അതിനുള്ള ചെലവ്. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഇത്തരത്തിലുള്ള എല്ലാ വിഷയങ്ങളും പരിഗണിച്ചിട്ടും ഈ സമരം നിർത്താതെ ബോധപൂർവ്വം പദ്ധതി നിർത്തിവയ്ക്കണമെന്ന് ആഗ്രഹിക്കുകയാണ്. അതിനുപുറകിലുള്ള അജണ്ടയെന്താണ്? ഈ സമരത്തിനുപിന്നിൽ മതനേതാക്കന്മാരാണുള്ളത്. അവിടത്തെ എം.എൽ.എ.-യടക്കമുള്ള രാഷ്ട്രീയനേതാക്കൾ ഈ സമരത്തിൽ നിൽക്കാത്തതെന്തുകൊണ്ടാണ്? മതനേതാക്കളെ മുൻനിർത്തിയുള്ള സമരം കേരളത്തിൽ പല സ്ഥലത്തും ഇപ്പോൾ കണ്ടുവരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനെതിരെയല്ല പറഞ്ഞത്. അബ്ദുറഹിമാൻ എന്ന പേരിൽ വർഗ്ഗീയതയുണ്ടെന്നാണ് പറഞ്ഞത്. ശ്രീ. വി. അബ്ദുറഹിമാനെ മുൻപ്രതിപക്ഷനേതാവ് വ്യക്തിപരമായി അറിഞ്ഞിട്ട് കാര്യമില്ല, ശ്രീ. വി. അബ്ദുറഹിമാനെയല്ല അധിക്ഷേപിച്ചത്. ആ പേരിൽ

വർഗ്ഗീയതയുണ്ടെന്നുപറഞ്ഞാൽ അതിന്റെ പുറകിലെന്താണ്; മുസ്ലീം ലീഗ് മിണ്ടാതിരിക്കുകയാണ്, മുസ്ലീം ലീഗിന്റെ ഒരു പഴയ പ്രസിഡന്റില്ലേ; സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, അതിൽ വർഗ്ഗീയതയുണ്ടോ; കെ.പി.സി.സി.-യുടെ മുൻപ്രസിഡന്റായിരുന്നില്ലേ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമല്ലേ ........ (ബഹളം)..... അബ്ദുറഹിമാൻ എന്ന മന്ത്രിയല്ല പ്രശ്നം, ഒരു മതവിഭാഗത്തെ മുഴുവൻ വർഗ്ഗീയതയുടെ മുഖംവയ്ക്കുന്ന രീതിയിലേയ്ക്ക്, വർഗ്ഗീയതയോടുകൂടി പറയുന്ന ആളുകളെ .......(ബഹളം)........

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്.... ശ്രീ. മുഹമ്മദ് മുഹസിന്റെ പ്രസംഗമാണ് തടസ്സപ്പെടുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഈ നിലയിൽ സാമുദായികമായ ധ്രുവീകരണത്തിന്റെ രീതിയിലേയ്ക്ക് എങ്ങനെയാണ് പോകാൻ സാധിക്കുന്നത്? എന്ത് നിലപാടാണ് യു.ഡി.എഫ്.-നുള്ളത്; ഒരു രാഷ്ട്രീയ നിലപാടെടുക്കാൻ സാധിക്കാതെ അഴകൊഴമ്പൻ സമീപനം സ്വീകരിച്ചുകൊണ്ട് പലതരത്തിലും വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻ കൂട്ടുനിൽക്കുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് അടക്കമുള്ളവർ ഇന്ത്യൻ ദേശീയതയുടെ മുഖമാണ്. ആ മുഖമുള്ള മുസ്ലീങ്ങളെ മുഴുവൻ

വർഗ്ഗീയവാദിയായി ചിത്രീകരിക്കുന്ന രീതിയിലേയ്ക്ക് ഈ സമരത്തിന്റെ നേതാക്കൾ പോകുകയാണ്. ഇവരൊന്നും യാതൊരു കാരണവശാലും സുവിശേഷം പറയേണ്ടവരല്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........പ്ലീസ്.... അടുത്ത അംഗത്തെ വിളിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ നല്ല ന്യായാധിപന്മാരായ ആളുകളുണ്ട്. നല്ല സുവിശേഷം പറയുന്ന ആളുകളുണ്ട്. പക്ഷേ, ഈ സമരത്തിനുപുറകിൽ വർഗ്ഗീയ അജണ്ടയുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .........പ്ലീസ്.... ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വികസന അജണ്ടയെ തകർക്കുന്നതുൾപ്പെടെ ഈ സമരത്തിന്റെ പുറകിൽ പലതുമുണ്ട്. അത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സഭയിൽ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഇതിന്റെ ഔട്ട്കം ആയി വേണ്ടത് എന്താണ്? ഈ പോർട്ട് വേണമെന്നതുതന്നെയാണ്. അതുസംബന്ധിച്ച് ഡിബേറ്റ് ചെയ്യേണ്ട

കാര്യമില്ല, കാരണം സിംഗപ്പൂരിലും കൊളംബോയിലും ദുബായിലുമുള്ളതുപോലുള്ള ഒരു പോർട്ട് നമ്മുടെ സംസ്ഥാനത്ത് വരുമ്പോൾ ഈ ഘട്ടത്തിൽ വച്ച് അത് വേണമോ വേണ്ടയോ എന്ന് ചർച്ച ചെയ്യാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇത് വേണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ശ്രമിക്കുന്നുണ്ട്. അത് തുടരണം, എങ്ങനെയെങ്കിലും ഈ സമരം ഒത്തുതീർപ്പിലെത്തിക്കണമെന്നാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. പ്രതിപക്ഷം എന്ന നിലയിൽ പരമാവധി വിട്ടുവീഴ്ച ചെയ്ത് ഈ വിഷയം അവതരിപ്പിച്ചതിന് ശ്രീ. എം. വിൻസെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. കാരണം ഈ പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുണ്ടായിരുന്ന എല്ലാ വൈതരണികളിലും കൂടെനിന്ന ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെ, നമ്മളെല്ലാവരും ഇവിടെയുണ്ട്. കോമ്പൻസേഷൻ കൊടുത്താൽ മാത്രമേ പോർട്ട് യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ തുടങ്ങിയ നിരവധി തടസ്സങ്ങളുണ്ടായിരുന്നു. അവിടെ ഒരു പോർട്ട് വരികയെന്നത് അസാധ്യമായ ഒരു കാര്യമായി കേരളം കരുതിയിരുന്ന കാലമുണ്ടായിരുന്നു. ആ ഘട്ടമെല്ലാം കഴിഞ്ഞ് പദ്ധതി നടപ്പിലാകുന്ന ഘട്ടത്തിലെത്തിയപ്പോൾ അതിനെതിരെ

സമരം വന്നു. വളരെ സെൻസിറ്റീവായ കടലോര മേഖലകളിൽ ഇത്തരമൊരു പ്രശ്നമുണ്ടാകാൻ പാടില്ലായിരുന്നു. അത്തരത്തിലൊരു പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ അമാന്തമുണ്ടാകാൻ പാടില്ലായിരുന്നു. അതുകൊണ്ട് പ്രതിപക്ഷം വളരെ ഉത്തരവാദിത്വത്തോടുകൂടി ഈ കാര്യത്തെ സമീപിച്ചു. കടലോര മേഖലകളിൽ കുറേ ദിവസങ്ങളോളം ഇതുപോലൊരു പ്രശ്നം നടക്കാൻ അനുവദിച്ചാൽ ഇത്രയൊന്നുമല്ല ബഹളമുണ്ടാകേണ്ടത്. പ്രശ്നം ഇതിൽ നിന്നത് നമ്മുടെ ഭാഗ്യമെന്ന് കരുതിയാൽ മതി. അതിലപ്പുറത്തേയ്ക്ക് കാര്യങ്ങൾ കൈവിട്ടുപോകുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിക്കുന്ന ഒരു പ്രസ്താവന, കേരളം അടുത്തകാലത്ത് കേട്ടതിൽവച്ച് ഏറ്റവും മോശമായ ഒരു സ്റ്റേറ്റുമെന്റാണത്. അതിനെക്കുറിച്ച് മാന്യമായി പറയാവുന്നത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പറഞ്ഞിട്ടുണ്ട്, ഭരണപക്ഷം അത് കേൾക്കാത്തതുകൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി പത്രസമ്മേളനം നടത്തി പറഞ്ഞിട്ടുണ്ട്. പക്ഷേ അതിൽ നിന്നൊരു രാഷ്ട്രീയ മുതലെടുപ്പ് നിങ്ങളിൽ ചിലർ ആഗ്രഹിക്കുന്നതുപോലെ ഞങ്ങളാഗ്രഹിച്ചിട്ടില്ല. ഞങ്ങൾക്കത് വേണ്ട. അതുകൊണ്ട് ഞങ്ങൾ വളരെ ഉത്തരവാദിത്വത്തോടുകൂടി അതിന്റെ എതിർപ്രതികരണങ്ങളും മറ്റും വളരെ പ്രയാസപ്പെട്ട് ഇല്ലാതാക്കാനാണ്

ശ്രമിച്ചത്. ഉത്തരവാദിത്വമുള്ള ഗവൺമെന്റാണിതെങ്കിൽ അതിന് ഞങ്ങൾക്ക് ഒരു പുരസ്കാരം തരികയാണ് വേണ്ടതെന്നാണ് ഇപ്പോഴുണ്ടാക്കിയ ബഹളത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. നാളെ ഇലക്ഷനൊന്നുമില്ലല്ലോ, ഇലക്ഷൻ കുറച്ചുനാൾ കഴിഞ്ഞാണ് വരുന്നത്. സ്ഥിതി വഷളാക്കാതെ ഈ വിഷയത്തെക്കുറിച്ച് കുറച്ചുകൂടി വിശാലമായി ചിന്തിച്ച് കേരളത്തിന്റെ സാമുദായിക സൗഹാർദ്ദം നിലനിർത്താനുള്ള ഉത്തരവാദിത്വം കാണിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. വളരെ നിർഭാഗ്യകരമായ പ്രസ്താവനയാണത്. ഈ പ്രസ്താവന നടത്തിയതിന്റെ പേരിൽ ഞാൻ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പേരിൽ അങ്ങേയറ്റം അപലപിക്കുന്നു. അത് ശ്രീ. വി. അബ്ദുറഹിമാനെതിരായ പ്രസ്താവനയല്ല, ജാതിപറഞ്ഞുള്ള പ്രസ്താവനയാണ്. അത് വളരെ മോശമാണ്. അങ്ങനെ കേരളത്തിൽ കേൾക്കാൻപോലും പാടില്ലാത്തതാണ്. ഭരണഘടനാപരമായിപോലും അത് തെറ്റാണ്. എന്റെ അഭിപ്രായത്തിൽ ഈ വിഷയം സംബന്ധിച്ച് ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചിന്തിക്കണം. വിഴിഞ്ഞത്ത് എന്ത് തകരാറാണ് സംഭവിച്ചത്? വളരെക്കാലം കാത്തിരുന്ന വിഴിഞ്ഞം പദ്ധതി കരാർ ഒപ്പിട്ട് അദാനിക്ക് കൊടുത്തു. അത് അദാനിക്ക് കൊടുത്തത് ആരാണെന്ന് തർക്കിക്കേണ്ട. ഞങ്ങൾ

ഭരണപക്ഷത്തിരിക്കുമ്പോൾ നിങ്ങൾ പ്രതിപക്ഷത്തിരുന്ന് പറഞ്ഞതെല്ലാം ഇപ്പോൾ പ്രതിപക്ഷത്തിരുന്ന് പറയുന്ന രീതി ഈ വിഷയത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല. ഇക്കാര്യത്തിൽ ചില തകരാറുകൾ സംഭവിച്ചിരിക്കുന്നു.

2.00 പി.എം.]

രാവിലെ ബഹുമാനപ്പെട്ട മന്ത്രി ഇ. കെ. നായനാരുടെ കാലത്ത് ടെക്നോപാർക്ക് ആരംഭിച്ച കാര്യം പറഞ്ഞത് ശരിയാണ്. അതിനെ മുന്നോട്ടുകൊണ്ടുപോയി ഇന്നത്തെ നിലയിലെത്തിച്ച്, പ്രധാനമന്ത്രി വന്ന് അത് ഉദ്ഘാടനം ചെയ്യുന്നതുവരെ അതിൽ പങ്കുവഹിച്ച ഒരാളാണ് ഞാൻ. അവിടെ ഭൂമിയെടുത്തപ്പോൾ ഇതുപോലെ ഒരുപാട് ആളുകളുടെ പ്രശ്നമുണ്ടായിരുന്നു. എങ്ങനെയാണ് അത് പരിഹരിച്ചത്; അവർക്ക് മതിയായ കോമ്പൻസേഷൻ നൽകി പരാതി വരാത്ത വിധത്തിൽ, അവരുടെ പുനരധിവാസം സംബന്ധിച്ച കാര്യങ്ങളൊക്കെ അന്നത്തെ കഴക്കൂട്ടം എം.എൽ.എ.-യും ബാക്കിയുള്ളവരുമൊക്കെ ഇടപെട്ട് ഒരു പരാതിയും കൂടാതെ നടത്തി. അത് ഞങ്ങളുടെ നേട്ടം മാത്രമായി പറയുന്നില്ല. നിങ്ങളും ചെയ്തതിട്ടില്ലേ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് മെട്രോയ്ക്കുവേണ്ടി സ്ഥലമെടുത്തു. ആളുകൾക്ക് നല്ല കോമ്പൻസേഷൻ കൊടുത്തു, എല്ലാവർക്കും സന്തോഷമായി, അവർ സ്ഥലം ഒഴിയുകയും ചെയ്തു. അതുപോലെ നാഷണൽ

ഹൈവേയുടെ കാര്യത്തിൽ അധികവും സമരം ചെയ്തത് ഞങ്ങളാണ്. വലിയ സമരവും ലാത്തിചാർജ്ജും കുഴപ്പങ്ങളുമൊക്കെയുണ്ടായി. പക്ഷെ സ്ഥലമെടുത്ത് കഴിഞ്ഞപ്പോൾ എല്ലാവർക്കും നല്ല കോമ്പൻസേഷൻ കിട്ടി എല്ലാവരെയും പുനരധിവസിപ്പിച്ചു. നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും കേരളത്തിൽ അതുപോലെ ധാരാളം പദ്ധതികൾ പറയാനുണ്ടാകും. പക്ഷേ ഇവിടെ അത് ഉണ്ടായിട്ടില്ല. ഇവിടെ ഒരു അമാന്തം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ട്.

ഈയടുത്ത കാലത്ത് മത്സ്യത്തൊഴിലാളികൾ എന്തെല്ലാം ദുരിതങ്ങൾ നേരിട്ടു. കാലാവസ്ഥ മോശമാകുമ്പോൾ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് പറയുന്നത് നമ്മൾ കേൾക്കുന്നതാണ്. ഇത് എന്നും കേട്ടുകൊണ്ടിരിക്കുന്നതാണ്. കടലിൽ പോകാതെ മത്സ്യത്തൊഴിലാളികൾ എങ്ങനെ ജീവിക്കുമെന്ന് നമ്മൾ ചിന്തിച്ചിട്ടുണ്ടോ; എന്തുകൊണ്ട് കുടിയൊഴിപ്പിക്കൽ വന്നപ്പോൾ മറ്റുള്ള സ്ഥലത്ത് കൊടുത്തതുപോലെ ഒരു പാക്കേജ് നൽകി അവരെ സന്തോഷിപ്പിച്ച് നിർത്താൻ ഗവൺമെന്റിന് കഴിഞ്ഞില്ല. അതാണ് അവിടെ പറ്റിയ തകരാറ്. വളരെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. അവർക്ക് വേണ്ട കോമ്പൻസേഷൻ കൊടുത്തില്ല, പുനരധിവസിപ്പിച്ചില്ല,

അതിൽ ശ്രദ്ധയുണ്ടായില്ല. അതാണ് വിഴിഞ്ഞത്ത് വന്നിട്ടുള്ള ഏറ്റവും ഗൗരവകരമായ പ്രശ്നം. അതിന് പരിഹാരമുണ്ടാക്കണം. അല്ലാതെ പോർട്ട് ഒഴിവാക്കാൻ കഴിയുമോ? പോർട്ട് ഒരിക്കലും ഒഴിവാക്കാൻ കഴിയില്ല. അതിനെപ്പറ്റി ഞങ്ങൾ സംസാരിക്കുന്നുമില്ല, ആരും ഇവിടെ പറഞ്ഞുമില്ല. കടൽകയറ്റം, തൊഴിൽനഷ്ടം ഇതെല്ലാംകൊണ്ട് പൊറുതിമുട്ടിയ ഒരു സമൂഹമാണ് അവിടെയുള്ളത്. അതുകൊണ്ട് അവരുടെ പ്രശ്നം പരിഹരിക്കുകതന്നെ വേണം. അവരുടെ കണ്ണീര് നമ്മൾ ഒപ്പിയിട്ടില്ല. തീരത്തിന്റെ കണ്ണുനീർ ഒപ്പിയത് ഞങ്ങളാണെന്നാണ് ശ്രീ. സജി ചെറിയാൻ പറഞ്ഞത്. സത്യത്തിൽ ശ്രീ. സജി ചെറിയാൻ കരഞ്ഞപ്പോൾ കണ്ണീരൊപ്പിയത് തീരമാണെന്ന് പറഞ്ഞാലും തെറ്റില്ല. അവരുടെ കണ്ണുനീർ ഒപ്പിയിട്ടില്ല. അതൊരു വസ്തുതയാണ്. അവർ അവിടെ ഗോഡൗണിൽ താമസിക്കുന്നുവെന്നും അവർക്കുള്ള പാക്കേജ് മോശമാണെന്നുമുള്ള പരാതിയുണ്ട്. അതാണ് അവർ നിലവിട്ട് പെരുമാറുന്നത്. അതിന് എന്താണ് പോംവഴിയെന്ന് നോക്കണം. കേരളത്തിന് ബഡ്ജറ്റില്ലെങ്കിൽ കേന്ദ്രത്തിൽ നിന്നും സഹായം ലഭ്യമാക്കാൻ ശ്രമിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതൊരു വലിയ അന്താരാഷ്ട്ര തുറമുഖമാണ്. ഇതുപോലൊരു തുറമുഖം ഇന്ത്യയിലില്ലെന്നതാണ്

വസ്തുത. ഇത്രയും അടുത്ത് മദർഷിപ് വരാവുന്ന ഒരു തുറമുഖം വേറെയില്ല. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റും വിഹിതം നൽകേണ്ടതുണ്ട്. എന്നാലും മറ്റ് പ്രോജക്ടുകൾക്ക് കൊടുത്തതുപോലെ കോമ്പൻസേഷൻ നൽകി അവരെ നല്ല രീതിയിൽ പുനരധിവസിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണണം. പ്രതിപക്ഷം വലിയ ഉത്തരവാദിത്വമാണ് നിർവ്വഹിച്ചിരിക്കുന്നത്. പോർട്ടുണ്ടാകണമെന്ന നിലയിലുള്ള ഒരു സമീപനമാണ് ഞങ്ങളെടുത്തിരിക്കുന്നത്. അടിയന്തരപ്രമേയം ചർച്ചയ്ക്ക് കൊണ്ടുവന്ന് അത്തരം തീരുമാനത്തിലേയ്ക്ക് പോകുന്നതിന്റെ ഒരു ലക്ഷണം ഗവൺമെന്റ് കാണിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. അങ്ങനെയുണ്ടാകുമെന്ന പ്രതീക്ഷയോടെ ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഈ വിഷയത്തിൽ ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറായതുതന്നെ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ തുറന്ന മനോഭാവത്തിന്റെയും ഏറ്റവും നല്ല സമീപനത്തിന്റെയും പ്രതിഫലനമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട് ഏറ്റവും ഗൗരവകരമായ ഒരു വികസന പ്രവർത്തനമാണ് വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിലൂടെ സാധിക്കുന്നത്. നാളിതുവരെയുള്ള വികസന

കാര്യങ്ങൾ പരിശോധിച്ചാൽ, ഒരുപക്ഷേ സ്വതന്ത്ര കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന പ്രവർത്തനമായി വിഴിഞ്ഞം തുറമുഖത്തെ കാണാൻ കഴിയും. അക്കാര്യത്തിൽ പ്രതിപക്ഷം ഒരു രാഷ്ട്രീയ മുതലെടുപ്പിന്റെ സമീപനമെടുക്കാൻ ശ്രമിക്കുന്നത് തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എലിയെ പേടിച്ച് ആരെങ്കിലും ഇല്ലം ചുടാൻ ശ്രമിച്ചാൽ അതിന് കൂട്ടുനിൽക്കുന്ന ഒരു സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വിഴിഞ്ഞം തുറമുഖത്തിന്റെ ഏറ്റവും അനുയോജ്യമായ സാഹചര്യങ്ങളൊക്കെ ഇവിടെ പരാമർശിക്കപ്പെട്ടു. അതായത്, സ്വാഭാവികമായിത്തന്നെ ഒരു വലിയ തുറമുഖത്തിന് അനുകൂലമായ കടലിന്റെ ആഴമടക്കമുള്ള സാഹചര്യങ്ങളുണ്ട്. അന്താരാഷ്ട്ര കപ്പൽപാത ഏറ്റവും അടുത്തുകൂടി പോകുന്നു. ഇവിടെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ പ്രതിപക്ഷ ഉപനേതാവുമൊക്കെ സംസാരിച്ചപ്പോൾ തുറമുഖം വേണമെന്നുള്ള നിലപാട് ഉയർത്തിപിടിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. സമരസമിതിയുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട ആവശ്യങ്ങളിൽ ആറ് ആവശ്യങ്ങളും ഗവൺമെന്റ് അംഗീകരിച്ചതും അതുസംബന്ധിച്ച് നടപടികൾ ആരംഭിച്ചതും ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. ഏഴാമത്തെ ആവശ്യത്തിൽ വിദഗ്ധ

പഠനത്തെ സംബന്ധിച്ചും തീർപ്പുകൽപ്പിക്കപ്പെട്ടുകഴിഞ്ഞു. അപ്പോൾ സമരത്തിന് നിദാനമായ കാര്യങ്ങളെല്ലാം പരിഹരിക്കപ്പെട്ടുയെന്നുള്ളത് വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ എന്തടിസ്ഥാനത്തിലാണ് ഇത്തരമൊരു കാര്യവുമായി മുന്നോട്ടുപോകുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ തുറന്ന മനസ്സ് ഇവിടെ സൂചിപ്പിക്കപ്പെട്ടു. മണ്ണെണ്ണ സബ്സിഡി കേന്ദ്രം വെട്ടിക്കുറയ്ക്കുകയും നിർത്തലാക്കുകയും ക്വാട്ട കുറയ്ക്കുകയും ചെയ്യുമ്പോൾ അത് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ഗവൺമെന്റെടുത്ത നടപടികൾ എടുത്തു പറയേണ്ടവയാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലാക്രമണംമൂലം കടലിൽ പോകാൻ കഴിയാത്തപ്പോഴും മുന്നറിയിപ്പിന്റെ സന്ദർഭങ്ങളിൽപ്പോലും അവർക്ക് ഉപജീവനത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള തീരുമാനമെടുത്ത ഇന്ത്യയിലെ ഏക ഗവൺമെന്റാണ് കേരളത്തിലുള്ളതെന്നുള്ളത് മത്സ്യത്തൊഴിലാളികളോടുള്ള സമീപനത്തിന്റെ ഏറ്റവും വലിയ പ്രതിഫലനമാണ്. ഈ രൂപത്തിൽ മത്സ്യത്തൊഴിലാളികളെ സംരക്ഷിച്ച് അവരുടെ പുനരധിവാസത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ അടക്കം ഭൂമി വിട്ടുകൊടുത്തുകൊണ്ട് അവിടെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചെല്ലാം ഇവിടെ

പരാമർശിക്കുകയുണ്ടായി. അത്തരം കാര്യങ്ങളിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. തീർച്ചയായും ഈ ഘട്ടത്തിൽ എല്ലാവരും യോജിച്ചുനിന്നുകൊണ്ട് തുറന്ന ചർച്ചയിലൂടെയും സമവായത്തിലൂടെയും ഈ പ്രശ്നത്തിന് പരിഹാരം കണ്ട് തുറമുഖ നിർമ്മാണവുമായി മുന്നോട്ടുപോകണം. ഒരു കാര്യംകൂടി പരാമർശിക്കാൻ ആഗ്രഹിക്കുന്നു, സമരവുമായി ബന്ധപ്പെട്ട് സ്ഥലത്തില്ലാതിരുന്ന വിശുദ്ധ വ്യക്തിത്വങ്ങൾക്കെതിരെയെല്ലാം കേസെടുക്കാൻ ഇടയായ സാഹചര്യം പരിശോധിക്കണമെന്നുകൂടി നിർദ്ദേശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ തുറമുഖം യാഥാർത്ഥ്യമാക്കുന്നത് സംബന്ധിച്ച് ഒരു അഭിപ്രായവ്യത്യാസവുമില്ല. വിഴിഞ്ഞം തുറമുഖം വേണമെന്നത് ഒരു രാഷ്ട്രീയ സമന്വയമുള്ള വിഷയമാണ്. തുറമുഖം എത്രയുംവേഗം പൂർത്തിയാകണം. മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷയങ്ങളെ ഗൗരവമായി കാണാനോ ഏഴുവർഷമായി അധികാരത്തിൽ തുടരുന്ന ഈ ഗവൺമെന്റിന് അതിലേക്ക് ഇടപെടാനോ കഴിയാതെയിരുന്നതാണ് ഈ സമരം ഇത്രയും രൂക്ഷമാകാൻ കാരണം. ഇവിടെ ശ്രീ. സജി ചെറിയാൻ പ്രസംഗിച്ചപ്പോൾ ചർച്ച ചെയ്ത തീയതിവരെ അക്കമിട്ട് പറയുകയുണ്ടായി. ഇപ്പോൾ കാണിക്കുന്ന താൽപ്പര്യത്തിന്റെ ഒരു

ശതമാനം നേരത്തെ എടുത്തിരുന്നുവെങ്കിൽ ഈ സമരം ഉണ്ടാകുമായിരുന്നോവെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. എങ്കിൽ സമരം ഉണ്ടാകുമായിരുന്നില്ല. സർക്കാരിന്റെ അനാസ്ഥ കാരണം ഈ സമരത്തിലേയ്ക്ക് മത്സ്യത്തൊഴിലാളികളെ ബോധപൂർവ്വമോ അല്ലാതെയോ തള്ളിവിടുന്ന സാഹചര്യമുണ്ടായി. 284 കുടുംബങ്ങൾ സിമന്റ് ഗോഡൗണിൽ താമസിക്കുന്നു. അവരുടെ ജീവിത സാഹചര്യം നമ്മൾ ചിന്തിച്ചുനോക്കണം. എത്രമാത്രം പ്രതിസന്ധിയാണ് അവർ ഇന്ന് നേരിടുന്നത്. അവരുടെ പുനരധിവാസം തന്നെയാണ് അവർ പ്രധാനമായും ഉന്നയിക്കുന്നത്. അവരുടെ വീടുകൾ പുനർനിർമ്മിച്ചെടുക്കുക, വീട്ടുവാടക വർദ്ധിപ്പിച്ചുകൊടുക്കുക എന്നീ വിഷയങ്ങൾ സമരസമിതി മുന്നോട്ടുവയ്ക്കുകയാണ്. ഏതൊരു പദ്ധതിയുടെയും വിജയം അതുമൂലം കുടിയൊഴിപ്പിക്കപ്പെടുന്നവർ പുനരധിവസിപ്പിക്കപ്പെടുന്നത് എങ്ങനെയാണെന്നതിന്റെ അടിസ്ഥാനത്തിലാണ്. മൂലംപള്ളിയിലെ പ്രശ്നം നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. വർഷം ഇത്രയും പിന്നിട്ടിട്ടും അവിടെയുള്ളവരെ പൂർണ്ണമായും പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതൊക്കെ ഇന്ന് ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടപ്പെടുമ്പോൾ ആരെയും നമുക്ക് കുറ്റം പറയാൻ കഴിയില്ല. ഇവിടെ നമുക്ക് സമരത്തിന് ശാശ്വതമായ

നിലയിൽ പരിഹാരം കണ്ടെത്താൻ കഴിയണം. അതിൻമേൽ ചർച്ചകൾ ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വം കൊടുത്ത് ചർച്ച നടത്താൻ തയ്യാറാകണം. ഇവിടെ ബിഷപ്പിനെതിരെ അടക്കം തെറ്റായ കേസുകൾ എടുത്തിരിക്കുകയാണ്. അത് തെറ്റായ പ്രവണതയാണ്. കേന്ദ്രസേനയെ വിളിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് മറുപടി പറയണം. എന്തിനാണ് ഇവിടെ കേന്ദ്രസേന? കേരള പോലീസിന് പാലിക്കാൻ കഴിയാത്ത ക്രമസമാധാന സാഹചര്യം ഇന്ന് കേരളത്തിലുണ്ടോ; ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. കേന്ദ്രസേനയെ കൊണ്ടുവരണമെന്ന് അദാനി പറയുമ്പോൾ അതിനെതിരെ മൗനം പാലിക്കുകയാണോ ഗവൺമെന്റ് ചെയ്യേണ്ടത്. കേന്ദ്രസേന വരണമെന്നാണ് ഗവൺമെന്റ് ആവശ്യപ്പെട്ടത്. ഈ വിഷയത്തിൽ ഗവൺമെന്റ് ഗൗരവമായി ഇടപെടണം, ഈ വിഷയം പരിഹരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ വിഷയം ഇത്ര നല്ലരീതിയിൽ അവതരിപ്പിക്കാനും ഇത് ജനങ്ങളിലെത്തിക്കാനും ഇതിന്റെ കാതലായ അവസ്ഥയെന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാനും സാധിച്ചത് വലിയ കാര്യമായി കാണുകയാണ്. അതിന് സന്മനസ് കാണിച്ച ആദരണീയനായ

മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ഒരു വിഷയമാണിത്. 2014-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഒരു പദ്ധതിയാണെന്നാണ് വിഴിഞ്ഞം തുറമുഖ പദ്ധതി പൊതുവെ അറിയപ്പെടുന്നത്. അത് വളരെ നല്ലരീതിയിൽ കൊണ്ടുവന്നു. അത് പൂർത്തീകരിക്കാൻ അവരെക്കൊണ്ട് സാധിച്ചില്ല. അന്ന് കേന്ദ്രവും കേരളവും ഭരിച്ചത് അവരാണ്. പലകുഴപ്പങ്ങളുമുണ്ടായി. വളരെ നിസ്സാരമായ ഒരു വിഷയം ഉയർത്തിക്കൊണ്ടുവന്ന് അനാവശ്യമായ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്തത്. 282 കുടുംബങ്ങൾക്ക് വാടക കൊടുത്തുകൊണ്ടിരുന്നു. അതിൽ 182 കുടുംബങ്ങൾ വാടക വാങ്ങിക്കൊണ്ടുപോയി. 100 കുടുംബങ്ങൾ വാടക വാങ്ങാതിരിക്കുന്നതിനാണ് സമരസമിതിയിൽ മുന്നിൽനിൽക്കുന്നവർ ശ്രമിക്കുന്നത്. അവരുടെ ലക്ഷ്യം ഒരുരീതിയിലും ഇക്കാര്യം നടക്കരുതെന്നതാണ്. മറ്റുരീതിയിൽ സമരം വിജയകരമാക്കി കൊണ്ടുവരാൻ പ്രതിപക്ഷത്തിന് സാധിക്കാത്തതുകൊണ്ട് ആവശ്യമില്ലാത്ത വിഷയത്തിലേയ്ക്ക് കൊണ്ടുവന്ന് ഇത് ഹൈലൈറ്റ് ചെയ്യുവെന്നേയുള്ളൂ. ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞതുപോലെ നമ്മുടെ സഭാനേതാക്കന്മാരെ മുന്നിൽക്കൊണ്ടുവന്ന് സമരം ചെയ്യുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി

ഇത്രയധികം കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റ് വേറെയില്ല. അവർക്കുവേണ്ടി എല്ലാകാര്യങ്ങളും വളരെ നല്ലരീതിയിൽ ചെയ്തിട്ടുണ്ട്. കാരണം, ഏറ്റവും കൂടുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളുള്ളത് എന്റെ സ്ഥലമായ കുട്ടനാടാണ്. അവരെയൊക്കെ പല രീതിയിലും ഈ ഗവൺമെന്റ് സംരക്ഷിച്ചുപോരുന്നു. കേരളത്തിലുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുവാൻ ആർജ്ജവമുള്ള ഒരു ഗവൺമെന്റാണ് പിണറായി ഗവൺമെന്റ് എന്നകാര്യത്തിൽ ഒരു സംശയവുമില്ല. ശ്രീ. എം. വിൻസെന്റ്, ശ്രീ. സജി ചെറിയാൻ, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് എന്നിവരെല്ലാം സംസാരിച്ചപ്പോൾ ഈ തുറമുഖം വേണം, എല്ലാം വളരെ നല്ലരീതിയിൽ നടക്കുന്നുവെന്നൊക്കെ പറഞ്ഞു. വിഴിഞ്ഞം തുറമുഖം വളരെ പ്രധാനപ്പെട്ടൊരു തുറമുഖമാണ്. കാരണം, ഏറ്റവുമധികം കരയോടുചേർന്ന് കപ്പലടിപ്പിക്കുവാൻ പറ്റുന്ന സ്ഥലമാണ് വിഴിഞ്ഞം. അതിന് അതിന്റേതായ പ്രത്യേകതയുണ്ട്. അത് ആരും നിർമ്മിച്ചെടുത്തതല്ല. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രത്യേകത അത് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ദാനമാണെന്നതാണ്. അതുപയോഗിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. നല്ലരീതിയിൽ അതിന്റെ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകുന്നു. അതിനെതിരെ എന്തെങ്കിലും രീതിയിൽ ഒരു

പ്രശ്നമുണ്ടാക്കുവാനോ എന്തെങ്കിലും ഒരു വിഷയം പറഞ്ഞ് സമരമുണ്ടാക്കാനോ മാത്രം പ്രതിപക്ഷം പോകരുത്. നിങ്ങൾക്കും ഇത് ആവശ്യമാണെന്നറിയാം. എന്നാലും ഈ ഗവൺമെന്റിന്റെ കാലത്ത് ഇത് പൂർത്തീകരിക്കാതിരിക്കാനായി നിങ്ങളുടെ കുബുദ്ധി ഉപയോഗിക്കാതെ നല്ലരീതിയിൽ ഞങ്ങളെ പിന്തുണച്ചാൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. നല്ലരീതിയിൽ കപ്പലടുക്കുമെന്ന് മാത്രമല്ല, ആ പ്രദേശത്തുള്ളവർക്ക് ജോലി ലഭിക്കാനും അവരുടെ ജീവിതരീതി മാറുവാനും ഇത് ഉതകും. അത് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമര നേതൃത്വത്തിലുള്ളവർ വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന മന്ത്രിമാരെ മോശമായ രീതിയിൽ ചിത്രീകരിക്കുന്നുണ്ട്. ഇത് വളരെ ദയനീയമാണ്. 24 മണിക്കൂറും നല്ലരീതിയിൽ പ്രവർത്തിക്കുന്ന മന്ത്രിമാരെയൊക്കെ തീവ്രവാദികളെന്നും കടൽക്കൊള്ളക്കാരെന്നും പറഞ്ഞാൽ അതൊരിക്കലും അംഗീകരിക്കാനാവില്ല. ഇവരൊക്കെ അതിനെ അപലപിച്ചുവെന്ന് പറയുന്നു. ആരാണ് പറഞ്ഞത്; എന്തിനാണ് പറഞ്ഞത്; ഈ സപ്പോർട്ടൊക്കെ വരാൻ കാരണമെന്താണ്; നിങ്ങളുടെ സപ്പോർട്ടോടുകൂടി അവർ പറഞ്ഞതിനുശേഷം നിങ്ങൾ അതിനെ അപലപിച്ചുവെന്നേയുള്ളൂ. മന്ത്രിമാരൊന്നും ഇത്തരക്കാരല്ല. നല്ലരീതിയിൽ

പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് ഒരു കാര്യംകൂടി മാത്രമേ എനിക്ക് പറയാനുള്ളൂ. 1959 അല്ല, ഇത് 2022 ആണെന്ന് മറന്നുപോകരുത്. ആർജ്ജവമുള്ള ഒരു മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. അതുകൊണ്ട് നല്ലരീതിയിൽ വിഴിഞ്ഞം തുറമുഖം പൂർത്തിയാക്കുക തന്നെ ചെയ്യും. ഒരു സംശയവും വേണ്ട. നിങ്ങൾ വെറുതെ വെടിക്കെട്ടുകാരന്റെ കോഴിയെ ഉടുക്കുകൊട്ടി പേടിപ്പിക്കുന്ന രീതികൊണ്ട് ഭരണപക്ഷത്തെ പേടിപ്പിക്കേണ്ട. ഇതൊന്നും കണ്ട് ഈ സർക്കാർ പേടിക്കില്ലെന്ന് ഞാൻ ആത്മാർത്ഥമായി പറയുകയാണ്. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണിത്. വളരെ നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുനടത്തിക്കൊണ്ടിരിക്കുകയാണ്. എയർപോർട്ടുകളും സംവിധാനങ്ങളും മറ്റുപലകാര്യങ്ങളും നിങ്ങളും തുടങ്ങിവച്ചിട്ടുണ്ട്. അതൊന്നും ഇല്ലെന്ന് പറയുന്നില്ല. പക്ഷേ ഞങ്ങൾ ഇത് ചെയ്തുതീർക്കുമ്പോൾ നിങ്ങൾ എന്തിനാണ് ഇത്ര വേവലാതി കൊള്ളുന്നത്; ഞങ്ങൾക്കിത് പൂർത്തീകരിക്കാനുള്ള അവസരം നിങ്ങൾ നൽകില്ലേ? അതുകൊണ്ട് ഇത് പൂർത്തീകരിക്കാൻ തക്കവണ്ണം പ്രതിപക്ഷവും ഇതിൽ സഹകരിക്കണമെന്ന് പറയുകയാണ്. എല്ലാവിധ പിന്തുണയും ഈ വിഷയത്തിന് നൽകണം. മത്സ്യത്തൊഴിലാളികളുടെ വിഷയത്തെ നല്ലരീതിയിൽ പരിഹരിക്കാൻ കഴിയുന്നൊരു ഗവൺമെന്റും അതിനുള്ള

സംവിധാനവുമുണ്ട്. അത് ഞങ്ങൾ ചെയ്യും. മത്സ്യത്തൊഴിലാളികളെ ഓർത്ത് നിങ്ങൾ കരയേണ്ട. ഞങ്ങൾ കരയാം. ഞങ്ങൾക്ക് കരയാനറിയാം. നല്ലരീതിയിൽ ഞങ്ങൾ കരഞ്ഞിട്ടുമുണ്ട്. കാരണം, ഞങ്ങളുടെ പ്രിയപ്പെട്ടവരാണ് മത്സ്യത്തൊഴിലാളികൾ. എന്റെ അമ്മയുടെ സ്വന്തം ആങ്ങളയുടെ മകൻ വിവാഹം കഴിച്ചിരിക്കുന്നത് ലത്തീൻ സഭയിൽ നിന്നാണ്. മത്സ്യത്തൊഴിലാളികളുമായി ഞങ്ങൾക്ക് എല്ലാരീതിയിലുമുള്ള ബന്ധമുണ്ട്. നിങ്ങളോട് പറയാനുള്ള ഒറ്റക്കാര്യമേയുള്ളൂ. കേരളത്തിലെ സകല വിഷയങ്ങളും ഞങ്ങൾ പരിഹരിച്ചുകൊണ്ട് വളരെ നല്ലരീതിയിൽ മുന്നോട്ടുപോകും. നിങ്ങൾ ഒരു കാരണവശാലും അതിൽ വേവലാതിപൂണ്ട് ആവശ്യമില്ലാത്ത പ്രശ്നങ്ങളിലേക്ക് പോകരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. നന്ദി, നമസ്കാരം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തരപ്രമേയം ചർച്ച ചെയ്യുന്ന നിലപാട് സ്വീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. ശ്രീ. തോമസ് കെ. തോമസിന് ഇപ്പോഴും വിഷയം മനസ്സിലായിട്ടില്ലെന്നാണ് ഇപ്പോൾ ഞങ്ങൾക്ക് തോന്നുന്നത്. അദ്ദേഹത്തിന് വിഴിഞ്ഞത്തെ പ്രശ്നമെന്താണെന്നും മനസ്സിലായിട്ടില്ല, പ്രതിപക്ഷത്തിന്റെ നിലപാടും മനസ്സിലായിട്ടില്ല.

കുടുംബത്തിൽ ഒരു കല്യാണം നടന്നതുകൊണ്ട് വിഴിഞ്ഞത്തൊരു പ്രശ്നവുമില്ല എന്നുപറയുന്ന രീതിയിലേയ്ക്ക് അദ്ദേഹം പോയത് അത്ഭുതകരമായി മാത്രമേ കാണാൻ കഴിയുന്നുള്ളൂ. കൈക്കുപ്പി കീഴടങ്ങുകയല്ലാതെ വേറെ മാർഗ്ഗമില്ല. ഈ പ്രശ്നം പരിഹരിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹമുണ്ട്. അതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. കാരണം, കേരളത്തെ ഇതുപോലെ സങ്കീർണ്ണമായ സ്ഥിതിവിശേഷത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് വിഴിഞ്ഞം തുറമുഖം ഉണ്ടാകണമെന്ന കാര്യത്തിൽ യു.ഡി.എഫ്. വ്യക്തമായ നിലപാട് പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവുമടക്കം നേരത്തേ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ആവർത്തിച്ചെല്ലാവരും പറഞ്ഞുകഴിഞ്ഞു. ഞങ്ങൾ അതിനെ തീർച്ചയായും പിന്താങ്ങുകയാണ്. അതിലേറ്റവും മുൻകൈ പ്രവർത്തനം നടത്തിയിട്ടുള്ളത് യു.ഡി.എഫ്. ആണ്. പക്ഷേ ഇവിടത്തെ പ്രശ്നം, വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചതിനെത്തുടർന്ന് അവിടെയുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഇതാണ് ന്യായമായ ആവശ്യം. ആ വിഷയം സർക്കാർ കേൾക്കണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ ചർച്ച ചെയ്തെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. പരിഹരിക്കപ്പെടാതെ വന്നപ്പോൾ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ചർച്ചയ്ക്ക് വിളിക്കണമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ വിഷയത്തിൽ ഇടപെടണമായിരുന്നു. ഇനിയാണെങ്കിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ വിശ്വാസത്തിലെടുത്തുകൊണ്ട് ഒന്നിച്ചിരുന്ന് കാര്യങ്ങൾ ചർച്ച ചെയ്യണം. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കാൻ തയ്യാറാണ്. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ എന്തെല്ലാം സമരം ചെയ്യുന്നു. നമ്മുടെ യുവജന സംഘടനകൾ എന്തെല്ലാം സമരം ചെയ്യുന്നു. സംസ്ഥാന പാർട്ടി സെക്രട്ടറിമാർക്കും സംസ്ഥാന ചെയർമാൻമാർക്കുമെതിരെ ഇവിടെ കേസ്സെടുക്കാറുണ്ടോ? തീരദേശത്തെ സഭാവിശ്വാസികൾ സമരം ചെയ്തതിന്റെ പേരിൽ അഭിവന്ദ്യ ബിഷപ്പ് തിരുമേനിക്കെതിരെ കേസ്സെടുത്ത നടപടി ഏറ്റവും വലിയ തെറ്റായിപ്പോയി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ തെറ്റുതിരുത്താൻ ഗവൺമെന്റ് തയ്യാറാകണം.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....ശ്രീ. മോൻസ് ജോസഫ്....പ്ലീസ്....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ നിർത്തുകയാണ്. സിമന്റ് ഗോഡൗണുകളിൽ കഴിയുന്നയാളുകൾക്ക് സഹായം കൊടുത്തുവെന്ന് ഇവിടെ പറഞ്ഞെങ്കിലും അവർ ഇപ്പോഴും സിമന്റ് ഗോഡൗണിൽ കിടക്കുകയാണ്.

അവർക്ക് വാടക കൊടുക്കാൻ പറ്റുന്നില്ല. ഈ കഷ്ടപ്പാട് ഗവൺമെന്റ് കാണണ്ടേ; ഗവൺമെന്റ് കണ്ണുതുറന്ന് ഈ ദുഃഖങ്ങൾ കാണണം. അവരെ ശത്രുപക്ഷത്ത് നിർത്താതെയും അവരോട് ശത്രുതാ മനോഭാവം കാണിക്കാതെയും മാന്യമായ ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം. വിഴിഞ്ഞം പ്രശ്നവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകണമെന്ന ആവശ്യംകൂടി ശക്തമായി ഉന്നയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ജോയി: സർ, ഇന്ന് സഭയിൽ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ചർച്ച നടക്കുകയാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരായ മത്സ്യത്തൊഴിലാളികളെ വഴിതെറ്റിച്ചുകൊണ്ടുപോകുന്ന ഒരു രീതിയാണ് കാണുന്നത്. അവർക്കുകൂടി ബോധ്യപ്പെടുന്ന തരത്തിലേക്ക് ഈ ചർച്ച മാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ഒന്നും ചെയ്തില്ലെന്ന നിലപാടാണ് പ്രമേയാവതാരകനും അതിനുശേഷം ബഹുമാന്യനായ മുൻപ്രതിപക്ഷനേതാവും സ്വീകരിച്ചത്. വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി തലസ്ഥാനത്ത് ഏതാണ്ട് ഒരുവർഷത്തിലധികംകാലം

നിരന്തരമായ സത്യാഗ്രഹം നടത്തിയ പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം. ഞങ്ങളുടെ കയ്യിൽ അന്നത്തെ പത്രങ്ങളുടെ കോപ്പിയുണ്ട്. കേരളത്തിന്റെ ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ഈ സത്യാഗ്രഹം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്ന പടം ഞങ്ങളുടെ കയ്യിലുണ്ട്. (പത്രം ഉയർത്തിക്കാട്ടി) ഞങ്ങളുടെ വിവിധ നേതാക്കന്മാർ ഈ പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. മനുഷ്യച്ചങ്ങലയടക്കം സംഘടിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം മറന്നുകൊണ്ടാണ് ചിലയാളുകൾ സംസാരിക്കുന്നത്. ഇടതുപക്ഷ സർക്കാരിന്റെ നയം തുറമുഖം സർക്കാർ ഉടമസ്ഥതയിൽ വേണമെന്നുള്ളതായിരുന്നു. അതിനെ വളരെ ബോധപൂർവ്വം അട്ടിമറിച്ചവരാണ് നിങ്ങൾ. പിന്നീട് പദ്ധതി പി.പി.പി. ആക്കി മാറ്റി വളഞ്ഞ വഴിയിലൂടെ അദാനിക്ക് കരാർ കൊടുത്തു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ എ.ഐ.സി.സി.-യുടെ അനുവാദം പോലുമില്ലാതെ, എതിർപ്പ് മറികടന്ന് അദാനിക്ക് കൊടുക്കുകയാണ് ചെയ്തത്. അന്ന് പത്രത്താളുകളിൽ വന്നൊരു വാർത്ത, ഒരു എം.പി.-യുടെ വീട് കേന്ദ്രീകരിച്ച് ഇതിനാവശ്യമായ ഗൂഢാലോചനകൾ നടത്തിയെന്നാണ്. പക്ഷെ എന്ത് പറഞ്ഞാലും ഇപ്പോൾ ആറ് വർഷം കഴിഞ്ഞു.

ശ്രീ. എം. വിൻസെന്റ്: സർ, ....(മൈക്ക് ഓഫ്).....

<u>ശ്രീ. വി. ജോയി</u>: പേര് പറയിക്കാനല്ലേ ശ്രീ. എം. വിൻസെന്റ് പറയുന്നത്, ഞാനിപ്പോൾ പറയുന്നില്ല. ഈ ആറുവർഷംകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ 90 ശതമാനത്തിലെത്തി. അടുത്ത വർഷത്തോടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ഒരു കപ്പൽ അവിടെ അടുപ്പിക്കാൻ കഴിയുന്ന സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുമ്പോഴാണ് ഇങ്ങനെയൊരു ഉൾവിളിയുമായി ആളുകൾ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഇതിൽ ശ്രീ. എം. വിൻസെന്റിനോടുള്ള എന്റെ വിനീതമായ അഭ്യർത്ഥന, താങ്കൾ ഈ നിയമസഭയിൽ നിരവധി അടിയന്തരപ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഈ മത്സ്യത്തൊഴിലാളികളുടെ വിഷയം ഏതെങ്കിലുമൊരു അടിയന്തരപ്രമേയത്തിൽ താങ്കൾ ഉന്നയിച്ചിട്ടുണ്ടോ; ഇല്ല, താങ്കൾ ഉന്നയിച്ചത് വിഴിഞ്ഞം തുറമുഖത്തിന്റെ പണി ദ്രുതഗതിയിലാക്കണം, വേഗത പോര എന്ന രീതിയിലാണ്. ഒരു സബ്മിഷൻ പോലും ഇക്കാര്യത്തിൽ ഉന്നയിക്കാൻ കഴിയാത്ത ഒരാളാണ് താങ്കൾ എന്നുള്ളത് പ്രത്യേകിച്ച് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. മറ്റൊന്ന് വളരെ വികാരപരമായി ശ്രീ. എം. വിൻസെന്റ് പറഞ്ഞു, അവിടെ ഗോഡൗണിൽ നിരവധി ആളുകൾ താമസിക്കുകയാണെന്ന്. അവിടെ പ്രായമായ പെൺമക്കളുണ്ട്, അവർക്ക് അമ്മമാർ കാവലിരിക്കുകയാണെന്ന് അദ്ദേഹം

സൂചിപ്പിച്ചു. 2011-ൽ നിങ്ങളുടെ ഭരണസമയത്ത് സ്കൂൾ കെട്ടിടത്തിൽ ഏതാണ്ട് പത്തുവർഷക്കാലത്തോളം പതിനാറ് കുടുംബങ്ങൾ താമസിച്ചതിന്റെ ചിത്രമാണ് എന്റെ കൈവശമിരിക്കുന്നത്.(ചിത്രം ഉയർത്തിക്കാട്ടി). നിങ്ങൾ ഒന്നും ചെയ്തില്ല, ഒരു വകയും ചെയ്തില്ല. അതുകൊണ്ട് കുറ്റം പറയരുത്. ആറ്റിപ്ര വില്ലേജിൽ 1.56 ഏക്കർ സ്ഥലം സർക്കാർ ഭൂമിയെടുത്ത് ഈ ഗോഡൗണിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. പക്ഷെ രൂപതയ്ക്ക് ആ സ്ഥലത്തോട് വലിയ താൽപര്യമില്ലായ്മ വന്നു. രൂപതയ്ക്ക് താൽപര്യമില്ലാതെ വന്ന സാഹചര്യത്തിലാണ് അത് മുടങ്ങിയത്. ഈ ഗവൺമെന്റ് എന്ത് ചെയ്തില്ലെന്ന് നിങ്ങൾ പറയണം. ഇവിടെ സമര സമിതി വന്നു. അവർ ഏഴ് ആവശ്യങ്ങൾ ഉന്നയിച്ചു, ബഹുമാനപ്പെട്ട സജി ചെറിയാൻ അതിലെ കാര്യങ്ങൾ സംബന്ധിച്ച് സൂചിപ്പിച്ചു. ശ്രീ. എം. വിൻസെന്റ് എന്തടിസ്ഥാനത്തിലാണ് സംസാരിക്കുന്നതെന്ന് എനിക്കറിയില്ല. ഇപ്പോഴുള്ള തീരശോഷണത്തിന്റെ കാരണവും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുംമുഖം ബീച്ചുകൾക്ക് ഭീഷണിയുമായ തുറമുഖ നിർമ്മാണം നിർത്തിവച്ച് പഠനം നടത്തുക എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ആ പഠനം നടത്തുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് ജി.ഒ.നം.631/2022 എഫ്.

& പി.ഡി. എന്ന ഉത്തരവ് നിലവിലിറങ്ങി. ഇത് ചർച്ച ചെയ്യാതിരിക്കുകയല്ല ഗവൺമെന്റ് ചെയ്തത്. മന്ത്രിമാർ, ഉപസമിതി, ചീഫ് സെക്രട്ടറി എന്നിവർ സംസാരിച്ചു. നിരവധി പ്രാവശ്യമായി സംസാരിക്കുകയാണ്. എല്ലാവരും ഈ സമരത്തിന് അനുകൂലമാണെന്ന് ഞാൻ പറയുന്നില്ല. ഒരു വിഭാഗം ആളുകൾ ഒരു തീവ്രസ്വഭാവമെടുത്തുകൊണ്ട് ഏതെങ്കിലും വിധത്തിൽ ഈ സമരത്തെ കത്തിച്ച് കേരളമാകെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് എതിരാക്കിമാറ്റാൻ വേണ്ടിയുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്. ഇവിടെ സാമുദായികമായ ഒരു ലഹളക്കുടി നടത്താൻ പറ്റുമോയെന്ന് ആലോചിക്കുകയാണ്. രണ്ടാമത്തെ ഡിമാന്റ് അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധനവ് പിൻവലിക്കാനായി സർക്കാർ ഇടപെടുകയെന്നതാണ്. നമുക്കെല്ലാവർക്കുമറിയാം, ഏറ്റവും കൂടുതൽ യാനങ്ങളുള്ളത് ഇവിടെയാണ്. തമിഴ്നാടിനെയാണ് താരതമ്യപ്പെടുത്തി പറയുന്നത്. തമിഴ്നാട്ടിൽ രണ്ടായിരത്തിൽത്താഴെ യാനങ്ങൾക്കാണ് മണ്ണെണ്ണ കൊടുക്കുന്നത്. ഇവിടെ ഏതാണ്ട് നാൽപ്പതിനായിരത്തോളം യാനങ്ങൾക്കാണ് കൊടുക്കേണ്ടിവരുന്നത്. കേന്ദ്രഗവൺമെന്റ് തരുന്നില്ലെന്നുള്ളത് നമുക്കറിയാം. ആ വിഷയത്തിൽപ്പോലും ഗവൺമെന്റ് ഉത്തരവിറക്കി. മണ്ണെണ്ണ യാനങ്ങൾ മാറ്റി പുതിയ സംവിധാനത്തിലേയ്ക്ക്

കൊണ്ടുവരാൻ വേണ്ടിയുള്ള സബ്സിഡിയടക്കം കൊടുക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് ഈ ഗവൺമെന്റ് ഇറക്കിയെന്നുള്ളത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. തീരശോഷണംമൂലം വീടുകൾ നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്കായി കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റ് രണ്ടായിരം കോടി രൂപയാണ് പുനർഗേഹം പദ്ധതിയുടെ ഭാഗമായി ചെലവാക്കിയത്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ എത്രപേരെയാണ് അങ്ങനെ പുനരധിവസിപ്പിച്ചിട്ടുള്ളത്. പത്തുലക്ഷം രൂപ ഒരാളിന് കൊടുത്ത്, തീരത്തുനിന്നും 50 മീറ്ററിനകത്ത് താമസിക്കുന്നവരെ മറ്റുസ്ഥലങ്ങളിൽ കൊണ്ടുപോയി താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിനങ്ങളിൽ സർക്കാർ ഒരു സഹായവും ചെയ്യുന്നില്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പരാമർശിച്ചു. ഞാനൊരു കാര്യം അദ്ദേഹത്തോട് സൂചിപ്പിക്കുകയാണ്. 2020-21 വർഷം കോവിഡുമൂലവും കാലാവസ്ഥാ മുന്നറിയിപ്പിന്റെയും ഭാഗമായി 36.12 കോടി രൂപ ധനസഹായം നൽകിയ ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. മറ്റൊരു സംസ്ഥാനവും ഇത്തരമൊരു സഹായം അനുവദിച്ചില്ലെന്നുള്ളത്

ശ്രദ്ധേയമാണ്. അതും ഈ ഗവൺമെന്റ് അംഗീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമാണ്. മുതലപ്പൊഴിയെ സംബന്ധിച്ച് പലപ്പോഴും ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിനുവേണ്ടി മത്സ്യബന്ധന-തുറമുഖ വകുപ്പ് പുതിയ ഒരു ഉത്തരവിറക്കിക്കൊണ്ട് ആവശ്യമായിട്ടുള്ള പഠനങ്ങളിലേയ്ക്ക് പോകാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ളത് നമ്മൾ കാണണം.

ഞാനിവിടെ സൂചിപ്പിച്ചുവന്നത്, വിഴിഞ്ഞം തുറമുഖത്തിന്റെ മറവിൽ വിമോചന സമരമാണ് ചില ആളുകൾ ഇപ്പോൾ സ്വപ്നം കാണുന്നത്. അങ്ങനെ സ്വപ്നം കാണുന്നവരുടെ കൂട്ടത്തിലാണ് പ്രമേയം അവതരിപ്പിച്ചയാളുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണമെന്താണ്? മുൻ പ്രതിപക്ഷനേതാവ് പറയുകയാണ്, "ഞങ്ങൾ വിഴിഞ്ഞത്തിന് അനുകൂലമാണ്" എന്ന്. പക്ഷെ പുറത്ത് വിഴിഞ്ഞത്തിന് എതിരാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വല്ലാതെ കണ്ണുനീർ വാർക്കും എന്നാൽ, നിങ്ങളുടെ കാലത്ത് എന്തെങ്കിലും ചെയ്തോ? ഞങ്ങളുടെ കാലത്ത് ഒന്നും ചെയ്തില്ല. പേപ്പറിൽ പണമുണ്ടായിരുന്നോ? പേപ്പറിൽ പണമുണ്ടായിരുന്നു. ഇതാണ് നിങ്ങളുടെ സ്ഥിതിയെന്ന് പറയുന്നത്. Xxxxxxx*

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, പോയിന്റ് ഓഫ്

* ബഹു.സ്പീക്കറുടെ ഉത്തരവിൻപ്രകാരം ( ഫ.നം.22136/ഇ.ബി./2022/നി.സെ., തീയതി 07.12.2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ഓർഡർ....

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിൽ സാധാരണയില്ലല്ലോ;.... (ബഹളം)....അത് പരിശോധിക്കാം.....(ബഹളം)

ശ്രീ. വി. ജോയി: ഇവിടെ ബി.ജെ.പി.യുടെ സംസ്ഥാന പ്രസിഡന്റ് പറഞ്ഞു, മോദി അയച്ച ഗവർണറാണ് കേരളത്തിലുള്ളതെന്ന്.... (ബഹളം)....എനിക്ക് സമയം തരണം....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: പണ്ടുമുതലേ ഇവിടെയൊരു സമീപനമുണ്ട്. പുറത്തുനിന്നുള്ള പ്രമുഖരായ നേതാക്കളെ അപമാനിക്കുന്ന തരത്തിൽ, xxx xxx* എന്നുള്ള പരാമർശം അങ്ങ് പരിശോധിക്കണം. അത് നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം...(ബഹളം)....പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ജോയി: സർ, ഞങ്ങൾ പറയുന്നത് നിങ്ങൾക്ക് നിഷേധിക്കാൻ പറ്റില്ല. വേണ്ടിവന്നാൽ, 'I will go with BJP' എന്ന് പറഞ്ഞത് നിങ്ങളുടെ

* ബഹു.സ്പീക്കറുടെ ഉത്തരവിൻ പ്രകാരം ( ഫ.നം.22136/ഇ.ബി./2022/നി.സെ., തീയതി 07.12.2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കെ.പി.സി.സി.യുടെ പ്രസിഡന്റാണ്. ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽ നിന്ന് സംരക്ഷണമൊരുക്കിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുള്ളത് നിങ്ങളുടെ കെ.പി.സി.സി.-യുടെ പ്രസിഡന്റാണ്. വർഗ്ഗീയ ഫാസിസത്തോടുപോലും നെഹ്റു സന്ധി ചെയ്തുവെന്ന് പറയുന്നത് നിങ്ങളുടെ നേതാവ് കെ.പി.സി.സി.യുടെ പ്രസിഡന്റ് ശ്രീ. കെ. സുധാകരനാണെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. എന്താണ് പറഞ്ഞിട്ടുള്ളത്, ആർ.എസ്.എസ്. നേതാവ് ശ്യാമപ്രസാദ് മുഖർജിയെ സ്വന്തം കാബിനറ്റിൽ മന്ത്രിയാക്കാൻ തീരുമാനിച്ച് നടപ്പിലാക്കിയ ആളാണ് നെഹ്റുവെന്നാണ്. അതിന് ഉപോൽബലകമായിട്ട് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് പറയുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോട് കേരളത്തിലെ കോൺഗ്രസ്സുകാർക്ക് പണ്ടേ അനാദരവാണ്. കാരണം മലർപ്പൊടിക്കാരൻ സ്വപ്നം കാണുന്നതുപോലെ നിങ്ങൾ വിമോചന സമരത്തെക്കുറിച്ച് സ്വപ്നം കാണുകയാണല്ലോ. 1959-ലെ വിമോചന സമരത്തിൽ നിങ്ങൾ ഇന്ന് വെറുക്കപ്പെട്ടവനായി അല്ലെങ്കിൽ ആർ.എസ്.എസ്. കാരനെ മന്ത്രിസഭയിൽ എടുത്തുവെന്ന് പറയുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ആർ. ശങ്കറിന് ഒരു കത്ത് എഴുതിയിട്ടുണ്ട്. ആ കത്ത് ഇങ്ങനെയാണ്.

'എന്റെ പ്രിയപ്പെട്ട ശങ്കർ,

വിദ്യാഭ്യാസ നിയമം സംബന്ധിച്ച് ശ്രീ. മന്നത്ത് പത്മനാഭൻ പ്രത്യക്ഷത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാട് എനിക്ക് മനസ്സിലാക്കാനോ വിലമതിക്കാനോ കഴിയുന്നില്ല. നിങ്ങൾ സംസ്ഥാന ഗവൺമെന്റുമായി ചർച്ചയിലേർപ്പെടുന്നതിനുമുമ്പ് വിദ്യാഭ്യാസ നിയമം പാടെ നിർത്തിവയ്ക്കണമെന്ന് പറയുന്നത് ഉത്തരവാദിത്തബോധമുള്ളവർ സ്വീകരിക്കേണ്ടൊരു നിലപാടാണെന്ന് തോന്നുന്നില്ല. അത് നിയമകാര്യങ്ങളാണെന്ന് പറയാൻ ആർക്കും സാധ്യമല്ല. ആകയാൽ ചർച്ചകൾ പൂർത്തിയാക്കുന്നതുവരെ ആ നിയമത്തിലെ വിവാദപരമായ വകുപ്പുകൾ നടപ്പിൽ വരുത്തരുതെന്ന് പറയുകയാവും ശരി. വസ്തുതാ, നിയമം നടപ്പിൽ വരുത്തുന്നതിനെ ഒന്നാകെ നിർത്തിവയ്പ്പിക്കാനുള്ള ശ്രമം വേണ്ട. ഇത് പൊതുജനരോഷത്തെ പ്രത്യേകിച്ചും, അത് അദ്ധ്യാപകരുടെ ഇടയിൽ വല്ലാത്ത വിദ്വേഷമുളവാക്കുമെന്ന് മാത്രമല്ല, മറ്റു തരത്തിലുള്ള തിരിച്ചടിക്ക് കാരണമാകുമെന്നും പറയേണ്ടിയിരിക്കുന്നു.''

"കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പ് മലബാർ ഭാഗത്ത് അദ്ധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുകയായിരുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ; വിദ്യാഭ്യാസ നിയമം പാടെ നിർത്തിവച്ചാൽ ഈ

ഏർപ്പാടുമൂലം നിന്നുപോകുകയും തൽഫലമായി കുഴപ്പങ്ങളുണ്ടാകുകയും ചെയ്യും. കേരളത്തിലെ ചില പാർട്ടികൾ പുറപ്പെടുവിക്കുന്ന പ്രസ്താവനകളുടെ സ്വഭാവം എന്നെ ഉത്കണ്ഠാകുലനാക്കുന്നതുകൊണ്ടാണ് ഞാൻ നിങ്ങൾക്ക് ഈ കത്തെഴുതുന്നത്. ആ പാർട്ടികളുമായി കോൺഗ്രസ്സ് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അവ വീശുന്ന കരിനിഴൽ കോൺഗ്രസ്സിന്റെ മേലും പതിക്കും. ഈ സംഗതികളിലെല്ലാം നമ്മൾ വളരെ കരുതലുള്ളവരായിരിക്കണം. മന്നത്ത് പത്മനാഭൻ കർഷകബന്ധ നിയമത്തെ എതിർക്കുന്നു. ഈ വക കാര്യങ്ങളെക്കുറിച്ചും കോൺഗ്രസ്സിന് നിഷ്ക്രിയമായൊരു സമീപനം സ്വീകരിക്കാനാവുകയില്ല." അവസാനത്തെ പാരഗ്രാഫിൽ പറയുന്നത് " നാലഞ്ച് ദിവസങ്ങൾക്കുള്ളിൽ ഞാനൊരു പത്രസമ്മേളനം നടത്താനിടയുണ്ട്. അപ്പോൾ ഈ സംഗതികളെ സംബന്ധിച്ച് ആരെങ്കിലും ചോദിച്ചാൽ എന്റെ അഭിപ്രായം ഞാൻ വെളിപ്പെടുത്തിയേക്കും.

ആത്മാർത്ഥതയോടെ,

നിങ്ങളുടെ ജവഹർലാൽ നെഹ്റു.

ഒപ്പ്."

എന്നാണ് കത്തിൽ എഴുതിയിരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം.

1957-ലെ ഗവൺമെന്റിനെ പിരിച്ചുവിടാൻ 1959-ൽ നടത്തിയ വിമോചന സമരത്തിന് ഇന്ത്യയിലെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനുപോലും താൽപര്യമില്ലായിരുന്നുവെന്നത് നിങ്ങൾ മനസ്സിലാക്കണം. അന്നുമുതൽ നിങ്ങൾ നെഹ്റുവിനെ കുറ്റം പറയുകയാണ്. നെഹ്റുവിനെയും ഗാന്ധിയെയും നാട്ടുമുഴുവൻ തേജോവധം ചെയ്തിട്ട് 'കമാ' എന്നൊരക്ഷരം മിണ്ടാത്തവരാണ് നിങ്ങൾ. സമയക്കുറവുകാരണം ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

വിഴിഞ്ഞം സമരത്തെക്കുറിച്ച് നാം ആലോചിക്കണം. നാട്ടിൽ നടക്കുന്ന ധാരാളം സമരങ്ങൾ നമ്മൾ കണ്ടിട്ടുണ്ട്. ഈ സമരത്തിന് ഒരു തീവ്രവാദ സ്വഭാവം ഒരുവിഭാഗം ആളുകൾ നൽകുന്നുവെന്ന് പറയാൻ കാരണം, സെക്രട്ടേറിയറ്റിന് മുമ്പിൽ വന്നു; പിന്നീട് പോയി. അതിനുശേഷം നാഷണൽ ഹൈവേ പിക്കറ്റ് ചെയ്തുകൊണ്ട് ഒരു സമരം നടത്തി. വലിയ ബന്ദും ഹർത്താലുമുള്ളപ്പോൾ ആംബുലൻസ് സൈറണടിച്ചുകൊണ്ട് ചീറി വന്നാൽ അപ്പോൾതന്നെ വഴിമാറിക്കൊടുക്കും. അത് ആശുപത്രിയിലേയ്ക്ക് രോഗിയുടെ ജീവൻ രക്ഷിക്കാൻ പോകുന്ന വണ്ടിയാണ്. എയർപോർട്ടിലേയ്ക്ക് പോകുന്ന വാഹനങ്ങൾ നാം തടയാറില്ല. വളരെ തീവ്രമായ ആസൂത്രണത്തിന്റെ ഭാഗമായി നാഷണൽ ഹൈവേ പിക്കറ്റ് ചെയ്തപ്പോൾ

എയർപോർട്ടിലേയ്ക്ക് പോകാൻ സാധിക്കാതെ ഏതാണ്ട് 150-ഓളം ആളുകൾക്ക് ജോലി പോയി. ആളുകൾക്ക് എയർപോർട്ടിൽ പോകാൻ സാധിച്ചില്ല. ആംബുലൻസുകളെ കടത്തി വിട്ടില്ല. തിരുവനന്തപുരം സെക്രട്ടേറിയറ്റിന്റെ നടയിൽ വള്ളം കത്തിക്കുവാൻവേണ്ടി വലിയ പരിശ്രമം നടത്തിയെങ്കിലും അത് വിജയിച്ചില്ല. ഈ അടുത്ത സമയത്ത് കടലിൽ വള്ളം കത്തിച്ചുകൊണ്ട് അവർ പ്രതിഷേധം സംഘടിപ്പിച്ചു. 26-ാം തീയതി നടന്ന കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് പറഞ്ഞുവല്ലോ. 3000 ആളുകളാണ് പോലീസ് സ്റ്റേഷന്റെ നടയിൽ കൂടിയത്. അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ കത്തിച്ചിട്ടുണ്ടെന്ന് തീവ്രവാദ സ്വഭാവമുള്ള ചില അച്ചന്മാർ പ്രസംഗിച്ചു. പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വന്നിട്ടുണ്ട്. ഇതുപോലൊരു സമരം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് ശരിയാണോ അല്ലയോയെന്നതിനെ സംബന്ധിച്ച് പരിശോധിക്കണം. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളുണ്ട്. അതിൽ ഗവൺമെന്റ് ഇടപെടുകയും പരിഹരിക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഇന്നും അതിന്റെ പരിശ്രമങ്ങൾ നടന്നുവരികയാണ്. പക്ഷെ, വളരെ ബോധപൂർവ്വം ഇത്തരം ചില പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. അതിന് മറയായി നിൽക്കുന്നത് അവിടത്തെ ജനപ്രതിനിധി

കൂടിയാണെന്നുള്ളത് നാം ഓർക്കണം.

ശ്രീ. ആനാവൂർ നാഗപ്പനും ശ്രീ. വി. വി. രാജേഷുംകൂടി സെക്രട്ടേറിയറ്റിന്റെ നടയിൽ ഒരുമിച്ചുനിന്ന് വർത്തമാനം പറയുകയും അഭിവാദ്യം ചെയ്യുകയും ചെയ്തെന്ന് ഇവിടെ പറഞ്ഞു. ശ്രീ. എം. വിൻസെന്റ് ഒഴികെയുള്ള എല്ലാ പ്രാദേശിക നേതാക്കന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവിടത്തെ പഞ്ചായത്ത് മെമ്പർ, കൗൺസിലർ, ശ്രീമതി ഓമനയടക്കമുള്ള കോൺഗ്രസ്സിന്റെ ആളുകൾ ഈ പരിപാടിയിൽ ഉണ്ടായിരുന്നു. ശ്രീ. എം. വിൻസെന്റിന് വിഴിഞ്ഞത്തെ സംബന്ധിച്ചും അവിടത്തെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചും ഇരട്ടത്താപ്പാണ്. അതുകൊണ്ടാണല്ലോ ശ്രീ. എം. വിൻസെന്റ് ഒരു വരിപോലും ഈ സഭയിൽ പറയാതിരുന്നത് എന്നത് നമ്മൾ മനസ്സിലാക്കണം.

ഞാൻ വളരെ വിനയത്തോടുകൂടി പറയുകയാണ്. നമ്മുടെ ലത്തീൻസഭ വളരെ പരിപാവനമായൊരു സഭയാണ്. വിക്രം സാരാഭായ് ഐ.എസ്.ആർ.ഒ.-യ്ക്കുവേണ്ടി സ്ഥലം ചോദിച്ചുവന്നപ്പോൾ പള്ളിയിരുന്ന സ്ഥലവും പള്ളിയും പള്ളിക്കൂടവും അനുഭാവപൂർവ്വം രാജ്യത്തിന് വിട്ടുനൽകിയ അന്നത്തെ അഭിവന്ദ്യ ലത്തീൻ അതിരൂപതാദ്ധ്യക്ഷൻ ബിഷപ്പ് റൈറ്റ്. റവ. പീറ്റർ ബർണാർഡ് പെരേരയുടെ ചരിത്രം നമുക്ക് നന്നായിട്ടറിയാം. ചില

അച്ചൻമാരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ എന്തുപറ്റി എന്നുള്ളതാണ് നാം അന്വേഷിക്കുന്നത്. സാധാരണ  അച്ചൻമാരുടെ നാവ്, പിതാക്കന്മാരുടെ നാവ്, അവരുടെ പ്രസംഗം, വർത്തമാനം എന്നിവയെല്ലാം സ്നേഹത്തിലൂന്നിയതായിരിക്കണം. സ്നേഹമാണ് ഏറ്റവും പ്രധാനം. സമാധാനത്തിനാണ് യേശുദേവൻ പ്രാധാന്യം നൽകിയത്. അങ്ങനെയാണോ ഇന്ന് കാര്യങ്ങൾ നടക്കുന്നത് എന്നതിനെ സംബന്ധിച്ച് വളരെ ഗൗരവത്തോടെ പരിശോധിക്കണം. അങ്ങനെയുള്ളൊരു അച്ചന്റെ അല്ലെങ്കിൽ സമരസമിതി നേതാവിന്റെ ഭാഗത്തുനിന്നും വന്ന ചില വർത്തമാനങ്ങൾ ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ സൂചിപ്പിച്ചു. അത് എന്തിന്റെ ലക്ഷണമാണ്; അത് തീവ്രവാദത്തിന്റെ ലക്ഷണമല്ലേ? കേരളത്തിന്റെ മുഖ്യമന്ത്രിയോട് പറയുന്നു, അദ്ദേഹത്തിന്റെ പേരിനോട് ചേർന്ന സ്ഥലത്തേയ്ക്ക് ഞങ്ങൾ പറഞ്ഞുവിട്ടുമെന്ന്. അങ്ങനെ പറഞ്ഞുവിടാൻ പറ്റുമോ? ഇല്ല. ബഹുമാന്യനായ മന്ത്രിയുടെ പേരിൽ തീവ്രവാദ ചുവയുണ്ട് എന്നുപറഞ്ഞു. ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് 'ഞങ്ങൾ പൂർണ്ണമായും അതിനെതിരായി അഭിപ്രായം പറയുകയാണ് ' എന്നിപ്പോൾ പറഞ്ഞു. നല്ല അച്ചൻമാർ, നല്ല പിതാക്കൻമാർ, നല്ല വികാരിമാർ എന്നിവർക്ക് ചേർന്ന രീതിയാണോയിത്? ഞാൻ നേരത്തെ

പറഞ്ഞതുപോലെ ഐ.എസ്.ആർ.ഒ.-യ്ക്ക് സ്ഥലം കൊടുത്ത പാരമ്പര്യമുള്ള ലത്തീൻ സഭ ഇങ്ങനെയൊരു തീവ്രവാദ സ്വഭാവത്തിലേയ്ക്ക് അതിലെ ഒരു വിഭാഗം ആളുകളെ അഴിച്ചുവിടാമോ; ഇതൊരു പ്രധാനപ്പെട്ട ചോദ്യമാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കണമെന്ന് പറഞ്ഞ അഭിവന്ദ്യ സൂസപാക്യം തിരുമേനി അടക്കമുള്ള ആളുകൾ ഉൾപ്പെടുന്ന അതിരൂപതയല്ലേയിത്? ആ നിലപാട് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് ഇത് എത്രയുംവേഗം പരിഹരിക്കപ്പെടണം. അതിനുവേണ്ടി എത്ര പ്രാവശ്യമാണ് മന്ത്രിമാർ ചർച്ച നടത്തിയത്; ബഹുമാന്യനായ മുഖ്യമന്ത്രിപോലും ചർച്ചയ്ക്ക് വിളിച്ചില്ലേ; ആവശ്യമായ ഇടപെടൽ നടക്കുകയാണ്. മത്സ്യത്തൊഴിലാളികളെ ദീർഘകാലം തെറ്റിദ്ധരിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കില്ല. അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട വിഷയം മൂന്നാമത്തെ പ്രാവശ്യമാണ് ഞങ്ങൾ

നിയമസഭയിൽ കൊണ്ടുവരുന്നത്. ഞങ്ങൾ പ്രതിപക്ഷത്തായതിനുശേഷം ഈ സഭയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം അവതരിപ്പിച്ചിട്ടുള്ളത് തീരപ്രദേശത്തുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വിഷയമാണെന്ന് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ആദ്യത്തെ അടിയന്തരപ്രമേയം മുതൽ ഞങ്ങൾ കൊണ്ടുവരുന്നത് അതാണ്. കാരണം, കേരളത്തിൽ ഇന്ന് ആദിവാസികളെപ്പോലെ അല്ലെങ്കിൽ അവരെക്കാൾ കൂടുതൽ ദുരിതവും കഷ്ടപ്പാടും പ്രയാസവും അനുഭവിക്കുന്ന ജനവിഭാഗമായി മത്സ്യത്തൊഴിലാളികൾ മാറിയിരിക്കുകയാണ്. എല്ലാ തീരപ്രദേശത്തുമുള്ള മത്സ്യത്തൊഴിലാളികളും പട്ടിണിയും മറ്റ് നിരവധി പ്രശ്നങ്ങളും നേരിടുകയാണ്. നിരന്തരമായുണ്ടാകുന്ന തീരശോഷണത്തിന്റെ ഫലമായി കിടപ്പാടങ്ങൾ നഷ്ടപ്പെടുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ പലരും സൂചിപ്പിച്ചു. ഇപ്പോൾ നമ്മൾ തീരപ്രദേശത്ത് കാണുന്ന വീടുകൾ മൂന്ന് മാസം കഴിയുമ്പോൾ കാണില്ല. പ്രളയത്തിൽ വീടുകളിൽ വെള്ളം കയറിയാൽ ആ വീടിനെ കുറെയൊക്കെ നന്നാക്കിയെടുക്കാൻ സാധിക്കും. എന്നാൽ തീരപ്രദേശത്ത് വീടുകൾ സ്ഥിതിചെയ്തിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ കടലാണ്. തൊഴിൽ നഷ്ടം, മത്സ്യലഭ്യതയുടെ കുറവ്, മണ്ണെണ്ണയുടേയും ഡീസലിന്റേയും വിലക്കയറ്റം, തുടർച്ചയായ കാലാവസ്ഥാ മുന്നറിയിപ്പ്

എന്നിവ മത്സ്യമേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ റിപ്പോർട്ടും അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ അനാലിസിസും ഈ സഭയിൽ കൊണ്ടുവന്ന ആളുകളാണ് ഞങ്ങൾ. കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്ന മാറ്റം വലിയ തോതിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. പുതിയ പഠനങ്ങൾ പ്രകാരം അറബിക്കടലിൽ ചുഴലിക്കാറ്റ് ഉണ്ടാകുന്നതിന്റെ തോത് 52 ശതമാനവും അതിതീവ്ര ചുഴലിക്കാറ്റുകൾ ഉണ്ടാകുന്നതിന്റെ തോത് 150 ശതമാനവും വർദ്ധിച്ചു. കഴിഞ്ഞ നൂറ്റാണ്ടിലെ സമുദ്രോപരിതലത്തിലെ താപനില 1.2 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ച്, 1.4 ഡിഗ്രി സെൽഷ്യസായി. പഠനപ്രകാരം ഓഖി ചുഴലിക്കാറ്റ് കാരണം 2017-ൽ മുൻവർഷത്തെ അപേക്ഷിച്ച് കേരളത്തിൽ മത്സ്യബന്ധന ദിനങ്ങളുടെ എണ്ണത്തിൽ 46 ശതമാനം ഇടിവ് വന്നിരിക്കുകയാണ്. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ, മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന മുന്നറിയിപ്പ് നമ്മൾ കേൾക്കുന്നതാണ്. കടലിൽ പോയില്ലെങ്കിൽ ആ കുടുംബം പട്ടിണിയാകും. അവർ പോകണമെന്ന് നമുക്ക് നിർബന്ധിക്കാൻ പറ്റുമോ? കാലാവസ്ഥാവ്യതിയാനങ്ങളുണ്ടാകുന്ന കാലത്ത് അവർ കൂടുതൽ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഗവൺമെന്റ് ഈ വിഷയത്തെ സമീപിക്കുന്നത് ആ യാഥാർത്ഥ്യംകൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കണം. മാനസികവും സാമ്പത്തികവുമായ സംഘർഷങ്ങളുടെ ഇടയിൽ ജീവിക്കുന്ന, കടലിൽ പോകുന്ന, കടലിനോട് മല്ലിടുന്ന ആളുകളാണവർ. സെക്രട്ടേറിയറ്റിന്റെ മുൻപിൽ ധാരാളം പാവപ്പെട്ടവരും സാധാരണക്കാരും നീതിതേടി സമരത്തിന് വരാറുണ്ട്. ആ സമരത്തെ നേരിടുന്ന ലാഘവത്തോടുകൂടിയാണോ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ സമരത്തെ നേരിടേണ്ടത്? അവരുടെ സമരത്തിന്റെ തീവ്രത കൂടും, ഏത് പൊതുപ്രവർത്തകനാണ് ഇത് അറിയാത്തത്; ഏത് മാധ്യമപ്രവർത്തകനാണ് ഇത് അറിയാത്തത്? തീരപ്രദേശത്ത് കടലിനോട് മല്ലിട്ട് അതിസാഹസികമായി മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ആർക്കാണ് അറിയാത്തത്? അവർ സ്നേഹിച്ചാൽ എന്തും നൽകും. പ്രളയകാലത്ത് ജീവൻ നൽകിക്കൊണ്ടാണ് നമ്മളെ രക്ഷപ്പെടുത്താൻ അവർ മുന്നോട്ടുവന്നത്. ഞങ്ങളുടെ മണ്ഡലത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് വന്നവർ ഒരു ഗ്ലാസ് ചായ കൊടുത്തിട്ട് അതുപോലും വാങ്ങിക്കാതെ ഒന്നും വേണ്ടെന്ന് പറഞ്ഞാണ് പോയത്. ഏറ്റവും കൂടുതൽ ആളുകളെ രക്ഷപ്പെടുത്തിയത് എന്റെ നിയോജകമണ്ഡലത്തിലാണ്.

തിരുവനന്തപുരത്തുനിന്നും കൊല്ലത്തുനിന്നും ഒട്ടനവധി മത്സ്യത്തൊഴിലാളികളാണ് അവിടെ വന്നത്. ഞങ്ങൾ ഹൃദയംകൊണ്ടാണ് അവരോട് നന്ദി പറഞ്ഞത്. ഒരു സാധനവും വാങ്ങാതെയാണ് അവർ തിരികെ പോയത്. അവരുടെ സംഘർഷം നിറഞ്ഞ പശ്ചാത്തലം നമ്മുടെ മനസ്സിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സമരം തുടങ്ങിയിട്ട് 140 ദിവസമായി. അതിനുമുൻപ് ഈ വിഷയം പ്രതിപക്ഷം നിയമസഭയിൽ കൊണ്ടുവന്നു. ശ്രീ. എം. വിൻസെന്റ് സംസാരിച്ചപ്പോൾ കരയുകയാണോയെന്ന് ആരോ ചോദിച്ചു, അക്ഷരാർത്ഥത്തിൽ കരയുകയായിരുന്നു. ആ സിമെന്റ് ഗോഡൗണിനകത്തുപോയി കണ്ട കാഴ്ചകൾ ഞാൻ ഈ നിയമസഭയിൽ പറഞ്ഞതാണല്ലോ. രണ്ടാഴ്ചക്കാലം മുൻപ് പ്രസവിച്ച ഒരു കുഞ്ഞ് അവിടെയുണ്ടായിരുന്നു. ആ കുഞ്ഞിനെ കാണാൻ പറ്റുന്നില്ല, കാരണം കുഞ്ഞിനെ ഈച്ച പൊതിഞ്ഞിരിക്കുകയാണ്, കറുത്ത രൂപമായി കിടക്കുകയാണ്. ഒരുവിധം മന:സാക്ഷിയുള്ള ആളുകളുടെ കണ്ണുനിറയും. ചൂടുകാലത്താണ് ഞാൻ പോയത്, കാറ്റും വെളിച്ചവും കടക്കാത്ത സിമെന്റ് ഗോഡൗണിൽ ഈ പാവങ്ങൾ ജീവിക്കുകയാണ്. അവരുടെ പുനരധിവാസമാണ് പ്രധാനപ്പെട്ട പ്രശ്നം. ഗവൺമെന്റ് ഒരു ജനവിഭാഗത്തിന് കൊടുത്ത അഷ്വറൻസ് അടുത്ത ഗവൺമെന്റിന്

പാലിക്കാനുള്ള അവകാശമില്ലേ? ശ്രീ. സജി ചെറിയാൻ പരിസ്ഥിതി പഠന റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞത് ശരിയാണ്. പരിസ്ഥിതി പഠന റിപ്പോർട്ടനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തൽ അനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ല. എന്നാൽ തീരശോഷണം ഉണ്ടാകുമെന്ന് ആശങ്കകളുയർന്ന പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പുമൂലം ഭാവിയിൽ ഏതെങ്കിലും വിധത്തിലുള്ള തീരശോഷണമുണ്ടായാൽ, ബാധിക്കപ്പെടുന്നവരുടെ പൂർണ്ണ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനുമുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നതായി ഉറപ്പുനൽകേണ്ടതാണ്. ഇത് ഗവൺമെന്റിന്റെ ഒരു അഷ്വറൻസാണ്. പൂർണ്ണമായ ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. Seawall ഉണ്ടെങ്കിൽ തിരകൾ തടുത്തു നിർത്താൻ പറ്റും. ഇത് പണിയാത്ത സ്ഥലത്ത് അതിന്റെ ഇംപാക്ട് കൂടും. വലിയതുറയിൽ നേരത്തെ 5 വരിയായിരുന്ന വീടുകളാണ് കടലെടുത്തുപോയത്, ഇപ്പോൾ 6 വരിയിലുള്ള വീടുകളാണ് കടലെടുത്തുപോയത്. അപ്പോൾ വീണ്ടും ഉത്കണ്ഠയായി, ഇനിയും വീടുകൾ കടലെടുത്തുകൊണ്ടുപോകുമോ? ബാക്കിയുള്ള seawall നിർമ്മിക്കുന്നതോടുകൂടി കൂടുതൽ പ്രദേശങ്ങളിലേക്ക് അതിന്റെ ഇംപാക്ട് ഉണ്ടാകുമോയെന്ന് ഭയന്നുപോയി. ആ 475 കോടി രൂപയിൽ 350 കോടി

 രൂപ റീഹാബിലിറ്റേഷൻ പാക്കേജാണ്. അതായത്, തീരശോഷണത്തിനുള്ള സാധ്യതകളെക്കുറിച്ച് അന്നത്തെ ചർച്ചകളിൽ കണ്ടതുകൊണ്ടാണ് ഗവൺമെന്റ് ഉത്തരവിറക്കിയത്; ഗവൺമെന്റ് അഷ്വറൻസ് കൊടുത്തത്. അത് നടപ്പിലാക്കാത്തതാണ് ഇവിടെയുണ്ടായ സംഘർഷത്തിന് അടിസ്ഥാനപരമായ കാരണം. ഞാൻ ഗുരുതരമായൊരു ആരോപണം ഉന്നയിക്കുകയാണ്. സൈന്യത്തെ വിളിക്കണമെന്ന് അദാനി ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്തു. ഈ പെറ്റീഷൻ ഹൈക്കോടതിയിൽ വരുന്നതിനുമുൻപ് പെട്ടെന്ന് അവിടെയൊരു സംഘർഷമുണ്ടായി. ഒരു വിഭാഗം ഇതിനെതിരായി തിരിഞ്ഞു. വർഗ്ഗീയ സംഘർഷമുണ്ടാകുന്ന പ്രശ്നമായി ഇത് മാറുമോയെന്ന് സംശയം വന്നു. ആ സമയത്തെല്ലാം ഗവൺമെന്റ് വർഗ്ഗീയ വിഭജനത്തിന് ഇടവരാത്ത തരത്തിൽ ശക്തിയായി ഇടപെട്ടു, അത് തീർക്കേണ്ടതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനായിരുന്നു. ഗവൺമെന്റ് അത് ചെയ്തില്ല. ഹൈക്കോടതിയിൽ പെറ്റീഷൻ വരുന്നതിന്റെ 4 ദിവസം മുൻപ് തിരുവനന്തപുരത്തെ ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പിന്റെയും സഹായമെത്രാന്റെയും പേരിൽ കേസ്സെടുത്തു. ജാമ്യമില്ലാത്ത കേസ്സുവരെ എടുത്തിട്ടുണ്ട്. എന്തു കാരണത്താലാണ് കേസ്സെടുത്തത്? അദ്ദേഹം ഗൂഢാലോചന നടത്തിയെന്ന്

പറഞ്ഞാണ് കേസ്സെടുത്തത്. എത്ര pious ആയിട്ടുള്ള മനുഷ്യനാണ് അദ്ദേഹം. നമ്മളെല്ലാം അദ്ദേഹവുമായി ഇടപെടുന്നവരല്ലേ? വളരെ സാത്വികമായി സംസാരിക്കുന്ന ആ സഭയുടെ തലവനെതിരായി ജാമ്യമില്ലാ കേസ്സെടുത്താൽ അതിന്റെ പ്രതിഷേധം രേഖപ്പെടുത്തണ്ടേ? ഇവിടെ ശ്രീ. മുഹമ്മദ് മുഹസിൻ ചോദിച്ചു, മതമേലദ്ധ്യക്ഷന്മാരെ മുൻപിൽ നിർത്തിക്കൊണ്ടുള്ള സമരത്തിന് നിങ്ങൾ പിന്തുണ കൊടുക്കുകയാണോയെന്ന്? അത് തിരുവനന്തപുരത്തെ തീരപ്രദേശത്തിന്റെ ചരിത്രം അറിയാത്തതുകൊണ്ടാണ്. അവരുടെ സങ്കടങ്ങളിൽ, അവരുടെ പ്രയാസങ്ങളിൽ, രാഷ്ട്രീയക്കാരെക്കാൾ കൂടുതൽ, ജനപ്രതിനിധികളെക്കാൾ കൂടുതൽ ആ പാവങ്ങളെ ചേർത്തുപിടിച്ചിട്ടുള്ളത് അവരാണ്. ചരിത്രം അന്വേഷിച്ചാൽ അറിയാം. തീരപ്രദേശത്തിന്റെ ചരിത്രമതാണ്. ഐ.എസ്.ആർ.ഒ., എയർപോർട്ട് അടക്കമുള്ള കാര്യങ്ങൾക്ക് ആരാണ് അന്ന് ചർച്ചയ്ക്ക് പോയത്? അവിടത്തെ ജനപ്രതിനിധികളൊന്നുമല്ല. ഈ മതമേലദ്ധ്യക്ഷന്മാരും അതുമായി ബന്ധപ്പെട്ട ആളുകളുമാണ്. ഗവേണൻസിന്റെ ഭാഗമാണിതെല്ലാം. ഏത് ഗവൺമെന്റിനും പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകും. അത് നമ്മൾ തീർക്കുന്നത് എങ്ങനെയാണെന്ന് നമുക്കൊരു ധാരണ വേണം. നേരത്തെ ശ്രീ. എം. വിൻസെന്റ്

സൂചിപ്പിച്ചതുപോലെ ഒരാളെ അറസ്റ്റ് ചെയ്യുന്നു, വിവരമില്ല. ആളുകൾ തടിച്ചുകൂടുന്നു. ആ വികാരിയച്ചൻ എല്ലാപേരെയും സാന്ത്വനിപ്പിച്ച് നിങ്ങൾ എല്ലാപേരും പോലീസ് സ്റ്റേഷനിൽ പോകേണ്ട എന്നുപറയുന്നു. 4 പള്ളിക്കമ്മിറ്റിക്കാരെ വിടുന്നു. ആ 4 പള്ളിക്കമ്മിറ്റിക്കാരെ അറസ്റ്റ് ചെയ്ത് അകത്തിട്ടു. എന്തിനുവേണ്ടി? അവിടെയൊരു പ്രകോപനമുണ്ടാക്കുന്നതിന് വേണ്ടിയായിരുന്നു. ബിഷപ്പിനെതിരെ കേസ്സെടുക്കുക, അന്വേഷിച്ചുപോയ പള്ളിക്കമ്മിറ്റിക്കാർക്കെതിരെ കേസ്സെടുക്കുക എന്നീ കാര്യങ്ങളാണ് നടന്നത്. സ്വാഭാവികമായും തീരപ്രദേശത്തെ അക്രമസംഭവങ്ങളെ ഞങ്ങൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. പക്ഷെ തീരപ്രദേശമാണെന്ന് മനസ്സിലാക്കാതെ അവരെ പ്രകോപിപ്പിക്കുകയാണ്. ഇപ്പോൾ അദാനിയുടെ കേസ് വന്നു. അദാനി സൈന്യത്തെ വിളിക്കണമെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് പറഞ്ഞത്, ഞങ്ങൾക്ക് എതിർപ്പില്ലെന്നാണ്. ഇത് നിങ്ങളും അവരും തമ്മിലുള്ള ധാരണയായിരുന്നോ? അദാനിയുടെ കേസ് ഹൈക്കോടതിയിൽ എടുക്കുമ്പോൾ ഞങ്ങളതിനുള്ള അന്തരീക്ഷം ഉണ്ടാക്കിത്തരാമെന്ന് നിങ്ങൾ അവരുമായി ധാരണയുണ്ടായിരുന്നോ? ആ ധാരണയുടെ അടിസ്ഥാനത്തിലാണോ ഈ സംഭവമുണ്ടായത്. സി.പി.ഐ.(എം)-ന്റെ മുഖപത്രമാണല്ലോ ദേശാഭിമാനി. അതിൽ പറയുന്നു, 'വിഴിഞ്ഞം തുറമുഖ

അട്ടിമറി ഗൂഢാലോചന: പിന്നിൽ 9 അംഗസംഘം.' വിദേശ പണമിടപാട് പരിശോധിക്കുന്നു. തീവ്ര ഇടത് മൗലികവാദ സ്വഭാവമുള്ള സംഘടനകളെ കൂടെക്കൂട്ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് യൂജിൻ പെരേര. ആ ഫോട്ടോയിൽ ഈ മന്ത്രിയുടെ സഹോദരനുമുണ്ട്. അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ സഹോദരന്റെ ഫോട്ടോ. സി.പി.ഐ.(എം) മുഖപത്രത്തിൽ വന്നിട്ടുണ്ട്. തീവ്രവാദിയാണെന്നാണ് പറയുന്നത്. 9 പേരിൽ എത്രപേർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് അനുകൂലമായി പ്രചരണം നടത്തിയിട്ടുണ്ടെന്ന് നിങ്ങൾ അന്വേഷിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ബി.ജെ.പി.-യുമായി ചേർന്നുകൊണ്ടുള്ള അവിശുദ്ധ കൂട്ടുകെട്ട് ഇവിടെ സൂചിപ്പിച്ചു. ഫാദർ തിയോഡേഷ്യസിന്റെ പ്രസ്താവന വന്നപ്പോൾ ശക്തിയായി ഞങ്ങൾ എതിർത്തു. ഞങ്ങളെല്ലാവരും പറഞ്ഞു. നിങ്ങൾ കേൾക്കാത്തതിന് എന്തു ചെയ്യാൻ പറ്റും. നിങ്ങൾ ദേശാഭിമാനി മാത്രം വായിച്ചാൽ കാണില്ല. ഞാൻ നേരിട്ട് സമര സമിതിക്കാരുമായും അതിരൂപതയുമായും ബന്ധപ്പെട്ട് അടിയന്തരമായി ആ പ്രസ്താവന പിൻവലിക്കണമെന്ന് പറഞ്ഞു. ഞങ്ങൾക്ക് നിലപാടുണ്ട്. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...ബഹു. പ്രതിപക്ഷ നേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത്തരം സംഘർഷങ്ങൾ വന്നാൽ

ഞങ്ങൾ പറയേണ്ടിടത്ത് പറയും. പക്ഷെ അത് ആളിക്കത്തിക്കാൻ ശ്രമിക്കില്ല. നേരത്തെയൊരു പുരോഹിതൻ ഇതുപോലൊരു പരാമർശം നടത്തിയപ്പോൾ, ഞങ്ങൾ കേരളത്തിൽ മുഴുവൻപോയി ഇരുവിഭാഗങ്ങളിലുംപ്പെട്ട മതമേലദ്ധ്യക്ഷന്മാരെയും സമുദായനേതാക്കളെയും കണ്ട് അത് ആളിക്കത്തിക്കാതിരിക്കാനുള്ള ശ്രമം നടത്തി. ഇവിടെ അദ്ദേഹം പറഞ്ഞത് തികച്ചും തെറ്റാണ്. പക്ഷെ അത് പിൻവലിച്ചിട്ടും പിന്നീടും അത് ആഘോഷിച്ച് സംഘർഷമുണ്ടാക്കാൻ ശ്രമിക്കരുത്. അത് ശരിയല്ലെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. അത് വീണ്ടും ആളിക്കത്തിക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വ്യക്തമായി പറഞ്ഞത്, അത് ആളിക്കത്തിച്ച് ജനവിഭാഗങ്ങളുടെ ഇടയിൽ സംഘർഷമുണ്ടാക്കാൻ ശ്രമിക്കരുതെന്നാണ്. വികസനവാദങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതെല്ലാം ഞങ്ങളിവിടെ കണ്ടതാണല്ലോ; ഈ പദ്ധതി കൊണ്ടുവന്നപ്പോൾ ദേശാഭിമാനി പത്രത്തിൽ പറയുന്നു, കടലിന് കണ്ണീരിന്റെ ഉപ്പ്. ഇത് ഏറ്റവും വലിയ കുഴപ്പമെന്നാണ് അന്ന് പറഞ്ഞത്, The Government is handing over land worth Rs.6000 crore to Adani Group. വികസനം വരണമെങ്കിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും സ്ഥലം വിട്ടുനൽകണം. എവിടെയാണ് സ്ഥലം വിട്ടുകൊടുക്കാതെ തുറമുഖം വന്നിട്ടുള്ളത്? ഇന്ത്യയിൽ

ഏത് കോർപ്പറേറ്റുകളാണ് സ്ഥലത്തിനുവേണ്ടി ഇൻവെസ്റ്റ് ചെയ്തിട്ടുള്ളത്? സ്ഥലം കൊടുക്കാതെ ആരെങ്കിലും തുറമുഖം കൊണ്ടുവന്നിട്ടുണ്ടോ? നിങ്ങൾ പറഞ്ഞത്, ഒരു വിഷയം ഒഴിച്ച് എല്ലാം തീർന്നുവെന്നാണ്. ബഹു. മന്ത്രിമാർ ചർച്ച നിർത്തിയല്ലോ; ബഹു. മന്ത്രിമാർക്ക് ചർച്ച നടത്തി വിഷയം തീർക്കാനുള്ള മാൻഡേറ്റ് അങ്ങ് കൊടുത്തിരുന്നോ; പണ്ട് ശ്രീമതി ശൈലജ ടീച്ചർ സ്വാശ്രയ കോളേജുമായി ചർച്ച നടത്തി, അവർ പുറത്തുവന്ന് പറഞ്ഞു എല്ലാം തീർന്നെന്ന്. ബഹു. മുഖ്യമന്ത്രി ചോദിച്ചു, എവിടെ തീർന്നെന്ന്; അക്കാര്യം ഓർമ്മയുണ്ടോ? ഞാൻ പറയുന്നത്, ഓരോ വിഷയമായിട്ടെടുക്കണം. ഏറ്റവും പ്രധാനപ്പെട്ടത് പുനരധിവാസമാണ്. അവരെ താൽക്കാലികമായി സിമെന്റ് ഗോഡൗണിൽനിന്നും മാറ്റി മാന്യമായ വാടകയ്ക്ക് അവർക്ക് കടലിൽ പോകാൻ പറ്റാവുന്ന രീതിയിൽ താമസിപ്പിക്കണം. രണ്ട്, ദീർഘകാലത്തേയ്ക്ക് ഏതെങ്കിലും സ്ഥലമെടുത്ത് ഫ്ലാറ്റ് പണിത് കൊടുക്കാനുള്ള ഒരു സ്കീം ഉണ്ടാക്കണം. അതിന് കൃത്യമായ ഫോളോഅപ്പ് വേണം. ഇവർ വികസനത്തിന്റെ ഇരകളാണ്. സംസ്ഥാനത്ത് വികസനമുണ്ടാകുമ്പോൾ, അതിൽ ഇരകളാകുന്നവരെ പുനരധിവസിപ്പിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. It is the responsibility of the State. അത് നമ്മൾ ഏറ്റെടുക്കണം. അതുപോലെ

മണ്ണെണ്ണയുടെ വില കേന്ദ്ര ഗവൺമെന്റാണ് വർദ്ധിപ്പിച്ചതെന്നാണ് നമ്മൾ പറയുന്നത്. അത് എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഞങ്ങളുടെ ചോദ്യം, 46 രൂപ മണ്ണെണ്ണയ്ക്കുണ്ടായിരുന്ന സമയത്ത് 25 രൂപ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സബ്സിഡി കൊടുത്തു. അത് 130 രൂപയായപ്പോൾ നിങ്ങൾ ആ സബ്സിഡി കുറച്ചെങ്കിലും വർദ്ധിപ്പിക്കണ്ടേ; വട്ടിപലിശക്കാരുടെ കയ്യിൽനിന്ന് പണം എടുത്താണ് കടലിൽ പോകുന്നത്. ഒന്നും കിട്ടിയില്ലെങ്കിൽ തിരിച്ചുവരുമ്പോൾ കടക്കാരനായി മാറുന്ന സ്ഥിതിയാണ്. അതുപോലെ ഒരു പഠനം നടത്തണമെന്ന് പറഞ്ഞു. അവരുടെ ഡിമാന്റ് എന്താണ്; അവരുടെ ഏഴ് ഡിമാന്റുകളിൽ ഒന്നാണ്, അവർ നിർദ്ദേശിക്കുന്ന രണ്ട് സയന്റിസ്റ്റുകളെ ഉൾപ്പെടുത്തി പഠനം നടത്തണമെന്നത്. അതിന് നിങ്ങൾക്ക് എന്താണ് തടസ്സം; അല്ലെങ്കിൽ അവർ സംശയിക്കുന്നു. അദാനിയെപ്പോലെ പ്രമുഖനായ ഒരാളാണ്, ഏത് റിപ്പോർട്ടും എഴുതികൊണ്ടുവരും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് അത് ഒത്തുതീർപ്പാക്കണം. ഈ മന്ത്രിമാർക്കൊന്നും മാൻഡേറ്റില്ലാതെ പോയാൽ അവർ എന്തുചെയ്യും. ഈ സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെ, അങ്ങയുടെ ഓഫീസിന്റെ മൂക്കിനുതാഴെ, ഇത്രയും സംഘർഷപരമായ ഒരു സമരം നടന്നിട്ട്, കേരളത്തിന്റെ ബഹു.

മുഖ്യമന്ത്രി അവരുമായി ചർച്ച ചെയ്യില്ല എന്നൊരു നിലപാടെടുത്തത് ഞങ്ങളെ വിസ്മയിപ്പിക്കുന്നു. അത് തെറ്റാണ്. അങ്ങത് തിരുത്തി ഈ പ്രശ്നം തീർക്കണം. അതാണ് ശ്രീ. രമേശ് ചെന്നിത്തലയും പറഞ്ഞത്. ഞങ്ങൾ ഈ പ്രശ്നം തീരണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഒരു സംശയവും വേണ്ട, കേരളത്തിന്റെ പുനരധിവാസത്തിനുവേണ്ടി സമരം ചെയ്യുന്ന ആ പാവപ്പെട്ടവരുടെകൂടെയാണ് യു.ഡി.എഫ്.. ഞങ്ങൾ ജീവൻ കൊടുത്തും അവരുടെകൂടെ നിൽക്കും. ഞങ്ങൾ അവരെ ചേർത്ത് നിർത്തും. അതിൽ ആർക്കും സംശയം വേണ്ട. ആ സമരത്തിന് ഞങ്ങൾ പിന്തുണ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം തീർപ്പാക്കാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ രമേശ് ചെന്നിത്തലയും ബഹുമാന്യനായ പ്രതിപക്ഷനേതാവും ഒരേ കാര്യതന്നെ യോജിപ്പോടുകൂടി പറഞ്ഞിരിക്കുകയാണ്. ബഹുമാന്യനായ രമേശ് ചെന്നിത്തല ഉപദേശിച്ചത് ഞാനൊരു സ്റ്റേറ്റ്സ്മാനായി ആക്ട് ചെയ്യണമെന്നാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവും പ്രസംഗം അവസാനിപ്പിക്കുന്ന ഭാഗം നമ്മൾ കേട്ടു. ഇവിടെ

ഗവൺമെന്റിനുവേണ്ടിയാണ് മന്ത്രിസഭാംഗങ്ങൾ ഒരു ഉപസമിതിയെന്ന നിലയ്ക്ക് അവരുമായി ചർച്ച ചെയ്തത്. ഇവിടെ നാം ഓർക്കേണ്ട കാര്യം, ബഹുമാന്യനായ എം. വിൻസെന്റ് പ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞു, ഈ സമീപനം സമരം ചെയ്യുന്നവരോട് സ്വീകരിച്ചിരുന്നുവെങ്കിൽ നേരത്തെതന്നെ സമരം അവസാനിക്കുമായിരുന്നു എന്ന്. സമരം ആഗസ്റ്റ് 16-നാണ് ആരംഭിക്കുന്നത്. മന്ത്രിസഭാ ഉപസമിതി അവരുമായി ചർച്ച ചെയ്യുന്നത് ആഗസ്റ്റ് 19-നാണ്. ആഗസ്റ്റ് 16-ന് ആരംഭിച്ച സമരം സംബന്ധിച്ച് ആഗസ്റ്റ് 19-നുതന്നെ ചർച്ച ചെയ്യുകയാണ്.

3.00 പി.എം.]

24-ാം തീയതി വീണ്ടും ചർച്ച ചെയ്തു. അങ്ങനെ ആഗസ്റ്റ് മാസത്തിൽ രണ്ട് ചർച്ചകൾ നടത്തി. സെപ്റ്റംബർ 5-നും 23-നും വീണ്ടും ചർച്ചകൾ നടത്തി. ഈ തീയതികളിൽ നടന്നത് ഔദ്യോഗിക ചർച്ചകളാണ്. ഇത് മാൻഡേറ്റുള്ള ചർച്ചയാണ്. ഔദ്യോഗികമായല്ലാതെ ഓരോ മന്ത്രിമാരെയും ഉൾപ്പെടുത്തിക്കൊണ്ട് നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ചർച്ചയ്ക്ക് പോകുന്നതിനുമുമ്പ് ചിലരുമായി ഒറ്റയ്ക്കൊറ്റയ്ക്ക് ചർച്ച നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് ഒരു തരത്തിലുള്ള അലംഭാവവും കാണിച്ചിട്ടില്ല. കൃത്യമായി ചർച്ചയ്ക്ക് തയ്യാറാകുന്ന നിലപാട് തന്നെയാണ് സ്വീകരിച്ചത്.

പിന്നെ എന്തുകൊണ്ടാണ് ഈ സമരം അവസാനിക്കാതിരുന്നത്? എല്ലാവർക്കും അറിയാവുന്നതുപോലെ, ഈ കാര്യത്തിൽ അവർക്ക് ഏഴ് ഡിമാന്റുകളാണുള്ളത്. അതിൽ അഞ്ച് ഡിമാന്റുകൾ മന്ത്രിസഭാ ഉപസമിതിയുടെ ചർച്ചയിൽത്തന്നെ അംഗീകരിക്കപ്പെട്ടു. ബാക്കിയുള്ള രണ്ട് ഡിമാന്റുകളിൽ ഒന്ന്, തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുക എന്നുള്ളതായിരുന്നു. അത് സാധിക്കുന്ന കാര്യമല്ലെന്ന് ഗവൺമെന്റ് പറയുന്നുണ്ട്. അത് പറയാൻ ഇടയായ കാരണങ്ങൾ ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ? സർക്കാരെടുത്ത നിലപാട് അതാണ്. രണ്ടാമത്തെ ഡിമാന്റുകൂടിയുണ്ട്. ഈ പദ്ധതിമൂലം തീരശോഷണമുണ്ടായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒന്നിലധികം പരിശോധനകൾ നടന്നിട്ടുണ്ട്. ആ റിപ്പോർട്ടുകളിൽ പറയുന്നത് ഇതിന്റെ ഭാഗമായി തീരശോഷണം സംഭവിച്ചിട്ടില്ലെന്നാണ്. പദ്ധതിയുടെ ഭാഗമായി തീരശോഷണമുണ്ടായെന്നത് സമ്മതിക്കുന്നില്ലായെന്നതായിരുന്നു നില. ഇത് രണ്ടുമാണ് അംഗീകരിക്കാതെയുള്ളത്. നിങ്ങൾ അറിയാത്തൊരു കാര്യം ഞാൻ പറയാം, മന്ത്രിസഭാ ഉപസമിതിയുമായുള്ള ചർച്ച നടക്കുന്ന ഘട്ടത്തിൽ, സമരത്തിന്റെ പ്രധാനപ്പെട്ട നേതാക്കൾ എന്നോട് സംസാരിക്കാൻ വന്നു, ഞങ്ങൾ തമ്മിൽ ചർച്ച ചെയ്തു. ആ ചർച്ചയിൽ, അവരുടെ ഭാഗത്തുനിന്നും

പങ്കെടുക്കേണ്ട ഏറ്റവും ഉന്നതനായ വ്യക്തിയും കൂടിയുണ്ടായിരുന്നു. നമ്മളെല്ലാവരും സമരം നടത്തി പരിചയമുള്ളവരാണ്. ഈ സമരം അവസാനിപ്പിക്കാൻ ഒരു സഹായം ചെയ്യണമല്ലോയെന്ന് മനസ്സിലുള്ളതുകൊണ്ട് ഞാൻ അവരോട് പറഞ്ഞു; സർക്കാർ ഈ നിലപാടെടുക്കാൻ ഇതാണ് കാരണം. ഈ പ്രശ്നത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല, ഇത് നിർത്തിവയ്ക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാടിനോട് യോജിപ്പില്ല. കാരണം, ഒന്നിലധികം അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. അതിലൊന്നും ഇതിന്റെ ഭാഗമായി തീരശോഷണം ഉണ്ടായിട്ടില്ലെന്നാണ് പറയുന്നത്. ഇതിന്റെ ഭാഗമായി തീരശോഷണം ഉണ്ടായിട്ടുണ്ടോയെന്ന കാര്യം അന്വേഷിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കണമെന്ന് പറഞ്ഞു. ഇക്കാര്യത്തിൽ ഞങ്ങൾക്ക് പൂർണ്ണ സമ്മതമാണെന്നും ആലോചിച്ച് നാളെ വിവരം അറിയിക്കാമെന്നും മന്ത്രിസഭാ ഉപസമിതിയുമായി ചർച്ച നടത്തിയശേഷം വീണ്ടും ഇതുസംബന്ധിച്ച് നാളെ ചർച്ച ചെയ്യാമെന്നും പറഞ്ഞ് ഞങ്ങൾ പിരിഞ്ഞു. ഇത് 'സ്റ്റേറ്റ്സ്മാൻഷിപ്പ്' ആണോയെന്ന് എനിക്കറിയില്ല. പക്ഷേ, ഇങ്ങനെയൊരു ചർച്ച ഞങ്ങൾ തമ്മിൽ നടന്നു. അക്കാര്യം നിങ്ങൾക്കറിയില്ല. അത് പുറത്തുവിടേണ്ട കാര്യമില്ല എന്നുള്ളതുകൊണ്ടാണ്

ഇതുവരെ പുറത്തുവിടാതിരുന്നത്. നിങ്ങൾ ഇത്രയും കാര്യങ്ങൾ ഇവിടെ പറഞ്ഞ സ്ഥിതിക്ക് പറയേണ്ട സാഹചര്യം വന്നതുകൊണ്ട് വിശദമാക്കിയതാണ്. അതിനുശേഷവും ചർച്ചകൾ നടക്കുന്നുണ്ട്. മന്ത്രിസഭാ ഉപസമിതിയുടെ ഭാഗമായും ചർച്ചകൾ നടക്കുന്നുണ്ട്. മന്ത്രിസഭാ ഉപസമിതിയിൽ കുറച്ചുകൂടി ആളുകൾ വേണമെന്ന് അവർ അഭിപ്രായപ്പെട്ടു. എന്നാൽ അങ്ങനെയാകട്ടെ എന്ന നിലപാടും ഞങ്ങളെടുത്തു. മന്ത്രിസഭാ ഉപസമിതി കുറച്ചുകൂടി വിപുലമാക്കി ചർച്ച നടന്നു. ചർച്ചയുടെ അവസാനം തീരുമാനത്തിലെത്താൻ കഴിയും, ആലോചിച്ചിട്ടുവരാമെന്ന നിലയിൽ നല്ല അന്തരീക്ഷത്തിൽ തമ്മിൽ പിരിയുകയാണ്. പിന്നീട് ആലോചിച്ചുവരുമ്പോൾ കൂടുതൽ കടുപ്പത്തിലേയ്ക്ക് പോകുകയാണ്. യഥാർത്ഥത്തിൽ നമ്മളെല്ലാം കാണുന്ന വലിയ കെട്ടുറപ്പുള്ള ആ സംവിധാനത്തിനുപുറമേ ഏതോ ചിലർ നിയന്ത്രിക്കുന്നുണ്ടോയെന്ന് സ്വാഭാവികമായി സംശയം തോന്നും. അത് ശരിയായ രീതിയിൽ തോന്നുന്ന ഒരു സംശയമാണ്. കാരണം അത്രത്തോളം നല്ലരീതിയിൽ ചർച്ച നടത്തി പിരിഞ്ഞതിനുശേഷമാണ് കാര്യങ്ങൾ മറ്റൊരുതരത്തിലേയ്ക്ക് എത്തുന്നത്. ഇക്കാര്യത്തിൽ നേരത്തെതന്നെ ഇത്തരമൊരു സംശയം അന്നത്തെ ഗവൺമെന്റിന് 2014-ൽ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നു. അന്ന് ശ്രീ. കെ.

ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ ഒരു മറുപടിയിലെ അവസാനത്തെ വാചകം ഇങ്ങനെയാണ് - "ഇവർക്കുപിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്." വിഴിഞ്ഞവുമായി ബന്ധപ്പെട്ട് അന്നുതന്നെ അതിനെതിരെ നീങ്ങുന്ന ഈ സംഘത്തിൽ ചില ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും അത് ഇവിടെ അന്വേഷിച്ചാൽ പോര, കേന്ദ്രസർക്കാർതന്നെ അന്വേഷിക്കണമെന്നും അന്നത്തെ സർക്കാരിന് തോന്നിയിരുന്നുവെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യുടെ മറുപടിയിലൂടെ വ്യക്തമാകുന്നത്. അന്നത്തെ ആ ചോദ്യം വായിക്കണോ? ശ്രീ. എ. ടി. ജോർജ്ജ്, ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. കെ. മുരളീധരൻ, ശ്രീ. ആർ. സെൽവരാജ് എന്നിവരാണ് ചോദ്യം ഉന്നയിച്ചിരിക്കുന്നത്. ആ ചോദ്യത്തിന്റെ 'ഡി' പിരിവിലാണ് ഞാൻ പറഞ്ഞ ഉത്തരത്തിന്റെ അവസാനഭാഗം വരുന്നത്. "വിഴിഞ്ഞം പദ്ധതിക്കെതിരെ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?"ഇതാണ് ചോദ്യം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ദേശീയ ഹരിത ട്രിബ്യൂണലിൽ പരാതി

നൽകിയിട്ടുണ്ടെന്നാണ് മറുപടിയിൽ കൊടുത്തിരുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു പരാതിയായിരിക്കും. പരാതിയും വേറൊരു മാർഗ്ഗമാണല്ലോ. പരാതിയുടെ ഭാഗം പറഞ്ഞതിനുശേഷം ഇവർക്ക് പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്നാണ് പറഞ്ഞത്. ആ വാചകത്തിന്റെ പ്രത്യേകത ഓർക്കണം, ഇവരെക്കുറിച്ച് അന്വേഷിക്കാനല്ല, "ഇവർക്കു പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോ" എന്നാണ്. അങ്ങേയ്ക്ക് ഓർമ്മയുണ്ടെങ്കിൽ ഇപ്പോൾ വ്യക്തമാക്കാം. അതിന് മടിക്കേണ്ടതില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇന്ന് സമരം നടത്തുന്ന ആളുകൾ അന്ന് സമരം നടത്തുന്നില്ല. 'ഇവർ' എന്നുപറഞ്ഞത് 'അവർ' അല്ല. ഇതിന്റെ പാരിസ്ഥിതിക പഠനം നടന്ന സമയത്ത് ഇടപെട്ട ആളുകളെക്കുറിച്ചുള്ള ചോദ്യത്തിനാണ് അന്ന് മറുപടി പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, ഇവരെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞതെന്ന് ഞാൻ പറഞ്ഞില്ല. അന്നുതന്നെ ഇതിനെതിരെ നീങ്ങുന്നവരുടെ പിന്നിൽ ചില ശക്തികൾ പ്രവർത്തിച്ചിരുന്നുവെന്ന് സംസ്ഥാന സർക്കാരിന് ബോധ്യമുണ്ടായിരുന്നു. ആ ശക്തികളെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷിച്ചാൽ മതിയാകില്ലെന്ന

ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് കേന്ദ്രസർക്കാരിനോട് അന്വേഷിക്കണമെന്ന് അന്നത്തെ സർക്കാർ ആവശ്യപ്പെടാൻ ഇടയായതെന്നാണ് ഞാൻ പറഞ്ഞത്. തെറ്റിദ്ധാരണ വേണ്ട. അതിന് നമ്മൾ തമ്മിൽ തർക്കവുമില്ല. അതുകൊണ്ട് ഏത് തരത്തിലും ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അഞ്ച് കാര്യങ്ങളിൽ തീരുമാനമായിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. വാടക സംബന്ധിച്ചും അവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിലും മണ്ണെണ്ണയുടെ വില കുറയ്ക്കുന്നതും കാലാവസ്ഥാ മുന്നറിയിപ്പുമൂലം ജോലി നഷ്ടപ്പെടുന്നതുകൊണ്ട് പ്രത്യേക വേതനം നൽകണമെന്നുമുള്ളതുമാണ് അതിൽ ഏറ്റവും പ്രധാനം. അഞ്ച് ഡിമാന്റുകളുടെ കാര്യത്തിൽ അവരുടെ സമ്മതത്തോടുകൂടി എന്ത് തീരുമാനമാണെടുത്തിട്ടുള്ളത്? അതുസംബന്ധിച്ച് പറഞ്ഞാൽ നന്നായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അതെല്ലാം ഞാൻ വിശദമായി പറയാം. ഞാൻ ആദ്യത്തെ ഒരു ഭാഗം പറഞ്ഞുവെന്നേയുള്ളൂ. കേരളത്തിന്റെ സമഗ്രവികസനത്തിന് അനിവാര്യമായ ബൃഹത് പശ്ചാത്തല സൗകര്യവികസന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ആ പദ്ധതി ഏതാണ്ട് 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഏതെങ്കിലും

തരത്തിൽ ആ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാകുന്നത് സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്കുതന്നെ വിഘാതമായി വരുന്നതാണ്. പദ്ധതിയുടെ ഭാഗമായുണ്ടായ തീരശോഷണംമൂലം വീട് നഷ്ടപ്പെട്ട 284 കുടുംബങ്ങൾ ഇപ്പോഴും സിമെന്റ് ഗോഡൗണിലാണ് കഴിയുന്നതെന്നാണ് നോട്ടീസിൽ പറയുന്നത്. പദ്ധതിയുടെ ഭാഗമായി തീരശോഷണം ഉണ്ടായിട്ടുണ്ടോ; ഉണ്ടാകുമോ എന്നെല്ലാം പദ്ധതി ആരംഭിക്കുന്നതിനുമുമ്പുതന്നെ വിദഗ്ദ്ധ പരിശോധയ്ക്ക് വിധേയമാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പാരിസ്ഥിതികാനുമതി നൽകിയത്. ഇതിനുപുറമെയാണ് ദേശീയ ഹരിത ട്രിബ്യൂണലിൽ പാരിസ്ഥിതികാനുമതിക്കെതിരായ പരാതികൾ ലഭ്യമാകുന്നത്. NGT (National Green Tribunal) തുടർപഠനങ്ങൾ നടത്തണമെന്ന് നിർദ്ദേശിച്ചു. അതുപ്രകാരം തുടർപഠനങ്ങൾ നടന്നുവരുന്നു. ഈ പഠനങ്ങളിലൊന്നും പദ്ധതി കാരണം തീരശോഷണം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല. പദ്ധതി ആരംഭിക്കുമ്പോൾ നടത്തിയ കാര്യങ്ങളെ സംബന്ധിച്ച് 2015 ജൂലൈ 14-ന് ചട്ടം 300 പ്രകാരം അന്നത്തെ തുറമുഖ വകുപ്പുമന്ത്രി സഭയിൽ ഒരു പ്രസ്താവന നടത്തി. അതിന്റെ പ്രസക്ത ഭാഗം ഇങ്ങനെയായിരുന്നു - "പദ്ധതിയുടെ ബാഹ്യാടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും

പാരിസ്ഥിതികാനുമതിക്കായുള്ള പ്രവർത്തനങ്ങൾക്കും ഈ സർക്കാർ ആക്കംകൂട്ടി. 2011 ജൂൺ/ജൂലൈ മാസങ്ങളിൽ പരിസ്ഥിതി പഠനത്തിനുള്ള ToR (Terms of Reference) അംഗീകരിച്ചു. ഏതാണ്ട് രണ്ട് വർഷത്തിലേറെ നീണ്ടുനിന്ന ചിട്ടയായ പ്രവർത്തനത്തിന്റെയും പരിസ്ഥിതി പഠനത്തിന്റെയും പബ്ലിക് ഹിയറിംഗിന്റെയും ഒടുവിൽ 2014 ജനുവരി 3-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് പാരിസ്ഥിതികാനുമതി ലഭിച്ചു."

പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പുതന്നെ നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളെല്ലാം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പ്രശ്നത്തിന്റെ കാര്യത്തിൽ തികച്ചും അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാരിനുള്ളത്. മാറി താമസിക്കേണ്ട കുടുംബങ്ങൾക്ക് പുനരധിവാസം പൂർത്തിയാകുന്നതുവരെ പ്രതിമാസ വാടക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിൽ 24,09,000/-രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയ 475 കോടി രൂപയുടെ പുനരധിവാസ പദ്ധതി ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നാണ് പറയുന്നത്. എന്നാൽ ഇങ്ങനെയൊരു പദ്ധതി അംഗീകരിച്ച് തുക

അനുവദിച്ചിരുന്നില്ലെന്നുള്ളതാണ് വസ്തുത. വിഴിഞ്ഞം തുറമുഖ പദ്ധതിയിലോ ബഡ്ജറ്റിലോ ഒരു തുകയും അനുവദിക്കാതെ സർക്കാർ ഉത്തരവുമാത്രം ഇറക്കുകയാണ് ചെയ്തത്. ഇതിനെ ഒരു പാക്കേജായി എങ്ങനെ പറയാൻ സാധിക്കുമെന്ന് മനസ്സിലാകുന്നില്ല. ഇതിനെ വിഴിഞ്ഞം പദ്ധതിക്കായുള്ള പുനരധിവാസ പാക്കേജായി പറയാൻ സാധിക്കുമോ? തുക അനുവദിക്കാത്ത പാക്കേജാണെന്നുള്ളത് വ്യക്തമാണ്. ബഡ്ജറ്റിൽ തുക വകയിരുത്താതെയും പ്രോജക്റ്റിൽ ഉൾക്കൊള്ളിക്കാതെയും ഉത്തരവിറക്കിയാൽ അതൊരു പുനരധിവാസ പാക്കേജായി കാണാൻ സാധിക്കുന്നതെങ്ങനെയാണെന്ന് അറിയില്ല. പ്രദേശവാസികളുടെ ആശങ്കകൾ പരിഹരിക്കാൻ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്. പ്രമേയാവതാരകൻ വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ ഉന്നയിക്കുകയുണ്ടായി. സമരത്തിൽ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ സർക്കാരെടുത്ത നടപടികളെ സംബന്ധിച്ച് നേരത്തെ പ്രതിപക്ഷനേതാവ് ചോദിച്ചത് ഞാൻ വിശദമാക്കാം. പുനരധിവാസ ശ്രമങ്ങളുടെ ഭാഗമായി സമരം നടത്തുന്നവർ ഉന്നയിച്ച ഏഴ് ആവശ്യങ്ങളിന്മേലും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളാണ് വ്യക്തമാക്കാനുള്ളത്.

വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസം:-

കടലാക്രമണത്തിൽ  വീടും ഭൂമിയും നഷ്ടപ്പെട്ടവരെയും വേലിയേറ്റ മേഖലയുടെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി നടപ്പാക്കിവരുന്നു. 2450 കോടി രൂപ അടങ്കലുള്ള പദ്ധതിയാണ് 'പുനർഗേഹം'. തീരദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം 276 ഭവനസമുച്ചയങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, കാരോട്, ബീമാപള്ളി, കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ, മലപ്പുറം ജില്ലയിലെ പൊന്നാനി, നിറമരുത്തൂർ, കാസർഗോഡ് ജില്ലയിലെ കോയിപ്പാടി എന്നിവിടങ്ങളിലെല്ലാം ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. ഇതിൽ 340 കുടുംബങ്ങൾക്ക് ഫ്ലാറ്റുകളും 475 കുടുംബങ്ങൾക്ക് വീടുകളും തിരുവനന്തപുരം ജില്ലയിൽ മാത്രം നിർമ്മിച്ച് നൽകിയിട്ടുണ്ട്. 971 കുടുംബങ്ങൾ ഭവന നിർമ്മാണത്തിനായി ഭൂമി രജിസ്റ്റർ ചെയ്ത് നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്. അവശേഷിക്കുന്ന ഭവനരഹിതരായ പ്രദേശവാസികൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ 8 ഏക്കർ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ഇത് പരമാവധി ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

മണ്ണെണ്ണ സബ്സിഡി:- മണ്ണെണ്ണ വില വർദ്ധനവിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന ലിറ്ററിന് 25/- രൂപയെന്ന സബ്സിഡി തുടർന്നും അനുവദിക്കുന്നുണ്ട്. പാരമ്പര്യേതര ഇന്ധനങ്ങളിലേയ്ക്ക് മാറാനുള്ള പ്രേരണയും അതിനായുള്ള ഒറ്റത്തവണ സബ്സിഡിയും മത്സ്യത്തൊഴിലാളികൾക്ക് നൽകണമെന്നതാണ് സർക്കാരിന്റെ നയം. കാരണം, മണ്ണെണ്ണയ്ക്ക് ഭീമമായ വില വർദ്ധനവാണ് വന്നിട്ടുള്ളത്. ഇനി അത്രകണ്ട് അത് പ്രായോഗികമല്ല. മണ്ണെണ്ണ അല്ലാത്ത ഇന്ധനം ഉപയോഗിക്കുന്ന എഞ്ചിൻ വേണ്ടിവരും. അങ്ങനെ എഞ്ചിൻ സ്ഥാപിക്കുമ്പോൾ അതിന് ഒറ്റത്തവണ സബ്സിഡി നൽകാമെന്നാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. മണ്ണെണ്ണ സബ്സിഡി ഇനത്തിൽ 2016 മുതൽ ഇതുവരെ 252.68 കോടി രൂപ നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള ധനസഹായം:- കാലാവസ്ഥാ മുന്നറിയിപ്പ് കാരണം കടലിൽ പോകാൻ സാധിക്കാതെ വരുമ്പോൾ കുടുംബങ്ങൾക്ക് ആവശ്യമായ സഹായം ചെയ്യുന്നുണ്ട്. ആ സഹായം സർക്കാർ ഇപ്പോഴും ചെയ്യുന്നുണ്ട്. ടൗട്ടേ ചുഴലിക്കാറ്റിനെത്തുടർന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയപ്പോൾ ഒരു കുടുംബത്തിന് 1,200/- രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ചു.

2021 സെപ്റ്റംബർ മാസത്തിൽ കാലാവസ്ഥാ മുന്നറിയിപ്പുകാരണം തൊഴിലിനുപോകാൻ സാധിക്കാതെ വന്നപ്പോൾ സഹായമായി 47.84 കോടി രൂപ അനുവദിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുകാരണം മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെടാൻ സാധിക്കാതെ വരുമ്പോൾ കൃത്യമായ ധനസഹായം സംസ്ഥാന സർക്കാർ സ്വമേധയാതന്നെ ഉറപ്പുവരുത്തുന്നുണ്ട്. കൃത്യതയോടെ ഈ നടപടികൾ തുടരുമെന്നത് സർക്കാർ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഈ മേഖലയിൽ സാധാരണഗതിയിൽ തൊഴിലുറപ്പ് പദ്ധതിയോ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയോ ഒന്നുംതന്നെ ഇല്ല. അതിനാൽ മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവർക്ക് അത്തരം പദ്ധതികൾകൂടി സഹായകരമാകുമോയെന്നത് അന്വേഷിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണത്തെപ്പറ്റി ഉയർന്ന ആശങ്കകൾ സർക്കാർ ഗൗരവമായി കണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂനെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ഇക്കാര്യത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നേരത്തെ ഞാൻ

സൂചിപ്പിച്ചതുപോലെ, തീരശോഷണം സംബന്ധിച്ച് നടത്തിയ പഠനത്തിന് പാരിസ്ഥിതികാനുമതി ലഭിച്ച ഘട്ടത്തിൽ എൻ.ജി.റ്റി.-യുടെ നിർദ്ദേശപ്രകാരമുള്ള പഠനങ്ങൾക്കുപുറമേ പ്രദേശവാസികളുടെ ആവശ്യവും പരിഗണിച്ച് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാമെന്ന് പറഞ്ഞിരുന്നു. അതുപ്രകാരം വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുമായി ഏതുവിഷയവും ചർച്ച ചെയ്യാൻ ഇവർക്ക് അവസരമുണ്ടാകുന്നതാണ്. അപ്പോൾ ചർച്ച ചെയ്യാവുന്നതാണ്. സമിതിയുടെ കണ്ടെത്തലുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ക്യാമ്പുകളിൽ കഴിയുന്ന ആളുകൾക്കുള്ള മാസവാടകയുടെ പ്രശ്നം:- ക്യാമ്പിൽ കഴിയുന്ന 102 കുടുംബങ്ങളും ബന്ധുവീട്ടിലും വാടക വീട്ടിലുമായി കഴിയുന്ന 182 കുടുംബങ്ങളുമുണ്ട്. അങ്ങനെ 284 കുടുംബങ്ങൾക്ക് വാടകയിനത്തിൽ ഇതിനകം തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ധാരാളം ആളുകൾക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ട്. കളക്ടർ ശിപാർശ ചെയ്യുന്ന തുകയാണ് സാധാരണ അനുവദിക്കുന്നത്. ഓഖി വന്ന കാലഘട്ടത്തിൽ അത് 3,000/- രൂപയായിരുന്നു. ഇപ്പോൾ 5500/- രൂപ നൽകുന്നുയെന്നുള്ളതാണ് സർക്കാർ നൽകിയിട്ടുള്ള ഉറപ്പ്. ഇതുമായി ബന്ധപ്പെട്ട എല്ലാകാര്യത്തിലും ഇതിനകംതന്നെ സർക്കാർ ഉത്തരവുകൾ

പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിപ്രദേശമായ കോട്ടപ്പുറത്ത് നിരവധി സാമൂഹിക ക്ഷേമപ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 80 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്. കോട്ടപ്പുറം വാർഡിൽ 10 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതാണ്. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽവീട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ നൈപുണ്യ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം കോട്ടപ്പുറത്ത് വി.ഐ.എസ്.എൽ. ലഭ്യമാക്കിയ സ്ഥലത്ത് പൂർത്തീകരിച്ചുകഴിഞ്ഞു. ഇവിടെ പ്രദേശവാസികൾക്കായി തുറമുഖാനുബന്ധ കോഴ്സുകളുൾപ്പെടെയുള്ളവയിൽ പരിശീലനം നൽകുന്നതാണ്. തുറമുഖ പദ്ധതിയോടനുബന്ധിച്ച് 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ജല വിതരണം ചെയ്യുന്നുണ്ട്. കോട്ടപ്പുറം പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പ്രദേശത്തെ ആയിരത്തിൽപ്പരം വീടുകളിലും ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. നിലവിലെ മത്സ്യബന്ധന തുറമുഖ

പ്രദേശത്ത് അജൈവ-ഖര-മാലിന്യ സംസ്കരണകേന്ദ്രം സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു 'സീ ഫുഡ് പാർക്ക്' സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവയ്ക്കെല്ലാം പുറമെ പദ്ധതി പ്രദേശങ്ങളിൽ ഒട്ടനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഇവയെല്ലാം പദ്ധതിബാധിത പ്രദേശത്തുള്ളവർക്ക് നൽകിയ ജീവനോപാധി നഷ്ടപരിഹാരത്തിന് പുറമേയാണ്. പദ്ധതി ഉപേക്ഷിക്കാൻ കഴിയില്ലെന്നുള്ള കാര്യത്തിൽ മാത്രമേ സർക്കാരിന് കടുംപിടിത്തമുള്ളൂ.

പ്രതിഷേധ സമരങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ഇതിൽ സർക്കാർ സ്വീകരിച്ച ഒരു സമീപനമുണ്ട്. എത്ര കുഴപ്പമുണ്ടാക്കണമെന്ന് ചിലർ ആഗ്രഹിച്ചാലും സംയമനത്തിന്റെ അതിരുവിട്ട് സർക്കാർ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അക്രമ സംഭവങ്ങളുണ്ടായാൽ ക്രമസമാധാനപാലനത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യുന്നത് നമ്മുടെ നാട്ടിൽ ആദ്യമായിട്ടുണ്ടാകുന്ന ഒരു കാര്യമല്ല. ആരെ കേസിൽ

ഉൾപ്പെടുത്തണം, ഉൾപ്പെടുത്തേണ്ട എന്നൊക്കെ തീരുമാനിക്കുന്നത് സർക്കാരല്ല. ഹൈക്കോടതി ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകൾ എല്ലാവരുടെയും ശ്രദ്ധയിലുണ്ടാകുമല്ലോ? ഇതുമായി ബന്ധപ്പെട്ട മറ്റൊരു ആരോപണം, കേന്ദ്രസേനയെ കൊണ്ടുവരുന്നുവെന്നതാണ്. ക്രമസമാധാനപാലനം സംസ്ഥാന പോലീസ് നല്ലരീതിയിൽ കൈകാര്യം ചെയ്തുവരികയാണ്. തുറമുഖംപോലുള്ള ഒരു തന്ത്രപ്രധാനമായ സ്ഥലത്ത് കേന്ദ്രസേനയുടെ സുരക്ഷ ആവശ്യമാണെന്ന് അതിന്റെ നിർമ്മാതാക്കൾ ഹൈക്കോടതിയിൽ ആവശ്യപ്പെടുമ്പോൾ സർക്കാർ എതിർത്തില്ലെന്ന കാരണം പറഞ്ഞ്, സമരത്തെ അടിച്ചമർത്താൻ കേന്ദ്രസേന വരുന്നുവെന്ന വ്യാജപ്രചരണം നടക്കുന്നുണ്ട്. സംസ്ഥാനത്തെ എയർപോർട്ടുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കേന്ദ്ര-വ്യവസായ സുരക്ഷാസേനയുടെ സംരക്ഷണമുണ്ട്. തുറമുഖ നിർമ്മാണ കരാർ പഴയകാലത്ത് ഒപ്പിട്ടതാണ്. ആ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിന് കരാർ കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക് സുരക്ഷ ഒരുക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ കരാർ ഒപ്പുവച്ചത് 2015-ലാണ്. അന്ന് അധികാരത്തിലിരുന്നവർ ആ കാര്യങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ; എന്നാലും ചിലപ്പോൾ ചില തർക്കങ്ങൾ ഉന്നയിക്കാൻ സാധ്യതയുള്ളതുകൊണ്ട് അതിലെ ആ വാചകം ഞാൻ

ഓർമ്മിപ്പിക്കാം: "20.5.6 The Authority agrees that it shall, at the request of the Concessionaire, procure and provide the services of Security forces of the GOI and the Government on a best effort basis." GOI എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ എന്നാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ. സമരം ഒത്തുതീർപ്പിലെത്തിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചില്ലെന്ന് പറയുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതിന് തുല്യമാണ്. അതിന്റെ വിശദാംശങ്ങൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ആഗസ്റ്റ് 19-ന് ആദ്യ യോഗം ചേർന്നതുമുതൽ സജീവമായ നിലയിൽ മന്ത്രിസഭാ ഉപസമിതി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ആഗസ്റ്റ് 19, 24, സെപ്റ്റംബർ 5, 23 എന്നീ തീയതികളിലെല്ലാം മന്ത്രിസഭാ ഉപസമിതി ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ചീഫ് സെക്രട്ടറിതലത്തിലും ഒന്നിലധികംതവണ ചർച്ചകൾ നടത്തിയിരുന്നു. പ്രതിഷേധം നടത്തുന്നവരുമായി ചർച്ചയ്ക്കും ആശയവിനിമയത്തിനുമായുള്ള എല്ലാ വാതിലുകളും തുറന്നുവയ്ക്കുന്ന സമീപനമാണ് സർക്കാരിന്റേത്. അവരുടെ ആശങ്കകൾ ദൂരീകരിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്. സമരത്തിന്റെ ഭാഗമായി എന്തെങ്കിലും കടുത്ത വാക്കുകൾ പറഞ്ഞ്

അതിന്മേൽ വികാരം കൊള്ളുന്നതല്ല സർക്കാർ സമീപനം. അത് സമരത്തിന്റെ ഭാഗമായി പറയുന്നതാണെന്ന വിധത്തിൽ മാത്രമേ എടുക്കുന്നുള്ളൂ. സമരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതും അതും തമ്മിൽ വ്യത്യാസമുണ്ട്. ആ സമീപനം മാത്രമേ ഗവൺമെന്റ് തുടർന്നും എടുത്തിട്ടുള്ളൂ. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ടി പദ്ധതിയുടെ 80 ശതമാനത്തോളം പൂർത്തിയായ ഈ ഘട്ടത്തിൽ അത് നിർത്തിവയ്ക്കണമെന്ന് പറയുന്നതിനോട് യോജിക്കാനാകില്ലെന്ന് മാത്രമാണ് സർക്കാർ ഒരു കടുംപിടുത്തമെന്ന നിലയ്ക്ക് സ്വീകരിച്ചിട്ടുള്ളത്. തുറമുഖ നിർമ്മാണം തടസ്സപ്പെടുത്തരുതെന്ന ഹൈക്കോടതി ഉത്തരവ് സമരസമിതി ലംഘിച്ചതിനാൽ പോലീസിന് സ്വാഭാവികമായും കേസെടുക്കേണ്ടി വരും. കോടതിയലക്ഷ്യ കേസിന്റെ ഭാഗമായാണ് വൈദികർ ഉൾപ്പെടെയുള്ളവർക്കെതിരെ കേസെടുക്കുന്നതിന് പോലീസ് തയ്യാറായിട്ടുള്ളത്. അദാനി ഗ്രൂപ്പ് സമർപ്പിച്ച കോടതിയലക്ഷ്യ ഹർജിയിൽ സഭാനേതാക്കൾ എതിർകക്ഷികളാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണം തടസ്സപ്പെടുത്തില്ലെന്ന് കോടതിയിൽ നൽകിയ ഉറപ്പാണ് ലംഘിക്കപ്പെട്ടിട്ടുള്ളത്. ഹർജിയിലെ റെസ്പോണ്ടന്റ് നമ്പർ 9 മുതൽ താഴോട്ടുള്ളവരെയാണ് പോലീസ് കേസിൽ പ്രതിചേർത്തിട്ടുള്ളത്.

സമരാഹ്വാനം ചെയ്തവരിൽ ചിലരെ മാത്രം കേസിൽനിന്ന് ഒഴിവാക്കാൻ സാധിക്കില്ല. വ്യക്തികളുടെ മുഖം നോക്കിയല്ല രാജ്യത്തെ നിയമവും കോടതിയും പ്രവർത്തിക്കുന്നത്. ക്രമസമാധാനപാലനം പോലീസിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്വമാണ്. നിയമം കയ്യിലെടുക്കുന്നവരെ പോലീസിന് നിയന്ത്രിച്ചേ മതിയാകൂ. പ്രകോപന പ്രസംഗങ്ങൾ മുതൽ കടലിൽ ബോട്ട് കത്തിക്കുന്നതുവരെയുള്ള പ്രതിഷേധരീതി നമ്മൾ കണ്ടു. പരീക്ഷ എഴുതാൻപോയ വിദ്യാർത്ഥികളെയും ആംബുലൻസിനെയും തിരുവനന്തപുരം നഗരത്തിൽ തടയുന്ന സ്ഥിതിയുണ്ടായി. ഗർഭിണികളെ വരെ തടഞ്ഞുവച്ചു. സെക്രട്ടേറിയറ്റിന്റെ മുന്നിലേയ്ക്ക് മാർച്ച് നടത്തി ബോട്ട് കത്തിക്കാനാണ് ഒരുഘട്ടത്തിൽ ഒരുങ്ങിയത്. അതാണ് നേരത്തെ ബഹുമാന്യനായ എം. വിൻസെന്റ് സൂചിപ്പിച്ച തടയൽ സംബന്ധിച്ച പ്രശ്നം. അത് നടക്കാതെ വന്നപ്പോഴാണ് കടലിൽ വച്ച് ബോട്ട് കത്തിച്ചത്. ലത്തീൻ സഭ പൊതുവെ സംസ്ഥാനത്തിന്റെ വികസന കാര്യത്തിലും മറ്റ് സാമൂഹിക വിഷയങ്ങളിലും വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്നതാണ്. സർക്കാരുമായി ഊഷ്മളമായ ബന്ധമാണ് സഭയ്ക്കുള്ളത്. നിരവധി ബിഷപ്പുമാരുടെ പേരുകൾ പറയാൻ സാധിക്കും. എന്നാൽ ഇപ്പോൾ ആരുടെയും പേരുകൾ പ്രത്യേകമായി എടുത്തുപറയുന്നില്ലെന്ന് മാത്രം. എല്ലാ

പുരോഹിത ശ്രേഷ്ഠന്മാരുമായും സർക്കാർ പലഘട്ടങ്ങളിലും സൗഹാർദ്ദപരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ലത്തീൻ സഭയുടെ പൊതുനിലപാടല്ല വിഴിഞ്ഞം സമരസമിതിയുടേതെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. സമര നേതൃത്വത്തിലുള്ള ചിലരെ നയിക്കുന്നത് ഏതെങ്കിലും ബാഹ്യശക്തികളാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സഭയുടെ പൊതുനിലപാടിന് വിരുദ്ധമായാണ് ഇത്തരം ആളുകൾ പോകുന്നത്. എന്താണ് അങ്ങനെ സംഭവിക്കുന്നതെന്ന് സ്വാഭാവികമായും സംശയം തോന്നാനിടയുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. വിഴിഞ്ഞം പദ്ധതി പൊതുമേഖലയിൽ വേണമെന്നുള്ള നിലപാടായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. അന്നത്തെ സർക്കാർ അത് അംഗീകരിച്ചില്ല. പക്ഷെ ആ സർക്കാർ കുറേ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയി. 2016-ൽ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ പദ്ധതി പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തിന്റെ കാര്യം കുട്ടിക്കളിയാക്കിയാൽ അത് നാടിന്റെ വികസനത്തെ ബാധിക്കും. അതുകൊണ്ടുതന്നെ അത് തുടരട്ടെയെന്ന നിലപാട് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചു. സർക്കാരുകൾ മാറി വരുമ്പോൾ ഇതുപോലെയുള്ള പ്രധാന പദ്ധതികളിൽ വിരുദ്ധ

തീരുമാനമുണ്ടാകുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. ഇത്തരം കാര്യങ്ങളിലുണ്ടായ അനുഭവത്തിൽനിന്നെങ്കിലും നിങ്ങൾ പഠിക്കേണ്ടതല്ലേയെന്ന് പഴയ കാര്യങ്ങൾ ഓർത്താൽ വേണമെങ്കിൽ ചിലർക്ക് എന്നോട് ചോദിക്കാം. എന്നാലും ഈ നിലപാട് തന്നെയാണ് ശരിയെന്നാണ് കാണുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഈ നിലപാട് തന്നെ സ്വീകരിച്ചത്. അല്ലാത്തപക്ഷം അത് നമ്മുടെ നാടിന്റെ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കും, നിക്ഷേപകരെ പിന്തിരിപ്പിക്കും. അതുകൊണ്ടാണ് നിഷേധാത്മക സമീപനം വേണ്ടെന്ന് തീരുമാനിച്ചത്. ഇപ്പോൾ ആറ് വർഷം പിന്നിട്ടു, നല്ല പുരോഗതിയുണ്ട്. പദ്ധതി നിർവ്വഹണം ഈ ഘട്ടത്തിൽ നല്ല നിലയ്ക്ക് മുന്നോട്ടുപോകുകയാണ്. അത് നിർത്തിവയ്ക്കണമെന്ന് പറയുന്നതിനോട് യോജിക്കാനാകില്ല. ഏറെ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളികളുടേത്. ഇവിടെ പ്രകടിപ്പിച്ചതിലും കൂടുതൽ പ്രശ്നങ്ങൾ പലഘട്ടങ്ങളിലും അവർക്ക് നേരിടേണ്ടി വന്നിരുന്നു. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളികളോടൊപ്പം എല്ലാ പ്രശ്നങ്ങളിലും നിൽക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തീരമേഖലയിലെ പ്രശ്നങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. സമരം ചെയ്യുന്നവർ

ഉന്നയിക്കുന്ന ആവശ്യങ്ങൾ മാത്രമല്ല പ്രാദേശികമായ മറ്റ് ആശങ്കകളും പ്രശ്നങ്ങളുമുണ്ടെങ്കിൽ അവയും പരിഗണിക്കുമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്. നല്ല സംയമനത്തോടെയാണ് ഈ സമരത്തെ സർക്കാരും പോലീസും കൈകാര്യം ചെയ്യുന്നത്. ഒരു തരത്തിലും മത്സ്യത്തൊഴിലാളി മേഖലയിൽ സംഘർഷമുണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. എന്നാൽ ഏതുവിധേനയും സംഘർഷമുണ്ടാക്കണമെന്ന രീതിയിൽ നടത്തുന്ന പ്രവർത്തനങ്ങളെ കാണാതിരിക്കാൻ സാധിക്കില്ല. ചിലരുടെ പ്രവർത്തനം സദുദ്ദേശ്യത്തോടെയല്ലെന്നും ചിലർക്കെങ്കിലും സങ്കുചിതമായ ലക്ഷ്യങ്ങളുണ്ടായിരുന്നുവെന്നതും നാം കാണേണ്ടതായിട്ടുണ്ട്. ഇത് നാടിനെയും ജനങ്ങളെയും ബാധിക്കുന്ന ഒരു വിഷയമാണ്. കഴിഞ്ഞ ദിവസം പോലീസ് കാണിച്ച സംയമനവും ക്ഷമയും മാതൃക തന്നെയാണ്. നാടിനെ സ്നേഹിക്കുന്ന എല്ലാവരും ഈ വിഷയത്തിൽ ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിന്റെ പുരോഗതിക്കും സമാധാനത്തിനും ഭംഗം വന്നുകൂടാ. ഈ രണ്ട് ലക്ഷ്യങ്ങളും ഒരേസമയം നേടണമെങ്കിൽ സമചിത്തതയോടെയുള്ള നിലപാട് എല്ലാവരുമെടുക്കേണ്ടതുണ്ട്. തുറമുഖ നിർമ്മാണത്തിനെതിരെ തുറമുഖത്തിന്റെ കവാടത്തിൽ ഉപരോധസമരം തുടങ്ങിയത് ആഗസ്റ്റ് 16 മുതലാണ്. സമരത്തെ

തുടർന്ന് തടസ്സപ്പെട്ട നിർമ്മാണം പുനരാരംഭിക്കുന്നതിന് തടസ്സമില്ലെന്ന് സമരസമിതി നേതാക്കൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ കരാർ പ്രകാരം സർക്കാരും ബാധ്യസ്ഥമാണ്. നവംബർ 26-ന് രാവിലെ 11 മണിയോടെ നിർമ്മാണത്തിനാവശ്യമായ പാറയുമായി വന്ന ലോറികൾ സമരാനുകൂലികൾ തടഞ്ഞു. കോടതിയിൽ നൽകിയ ഉറപ്പിനും കോടതി നിർദ്ദേശത്തിനും വിരുദ്ധമായ നടപടിയായിരുന്നു അത്. അവിടെ സമരസമിതി പ്രവർത്തകരും പോലീസും തമ്മിൽ സംഘർഷമുണ്ടായി. തുറമുഖ വിരുദ്ധർ തുറമുഖ നിർമ്മാണത്തെ അനുകൂലിക്കുന്ന ജനകീയ മുന്നണിയുടെ സമരപ്പന്തലിലേയ്ക്ക് മാർച്ച് നടത്തി. ആ ജനകീയ മുന്നണിയിൽ എല്ലാവരുമുണ്ട്; അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്റെയടുത്ത് അതിന്റെ ചില ഫോട്ടോകളൊക്കെയുണ്ട്. അതൊന്നും കാണിക്കുന്നില്ല. അവരുടെ സമരപ്പന്തൽ പൊളിച്ചു. ആ സംഭവത്തിൽ സമാധാനത്തിനായി ഇടപെട്ട പോലീസുദ്യോഗസ്ഥർക്ക് പരിക്കേറ്റു. സമീപ വീടുകളിലെ ജനാലകൾ തുറമുഖ വിരുദ്ധർ കല്ലെറിഞ്ഞ് നശിപ്പിച്ചു. മുല്ലൂർ പനവിള ക്ഷീരോത്പാദക സഹകരണ സംഘത്തിലെ കമ്പ്യൂട്ടർ, മിൽക് ടെസ്റ്റിംഗ് യന്ത്രം, ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവയെല്ലാം നശിപ്പിച്ചു.

സംഭവവുമായി ബന്ധപ്പെട്ട് തുറമുഖ വിരുദ്ധ സമിതി പ്രവർത്തകർക്കെതിരെ എട്ട് കേസ്സുകളും ജനകീയ മുന്നണി പ്രവർത്തകർക്കെതിരെ ഒരു കേസ്സുമുൾപ്പെടെ ആകെ ഒൻപത് കേസ്സുകൾ അന്ന് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. കേസ്സുകളിൽ ഒന്നിൽ പ്രതിയായ ചരുവിള കോളനി സ്വദേശിയെ അടുത്ത ദിവസം ഉച്ചയ്ക്കും മറ്റൊന്നിൽ പ്രതികളായ നാലുപേരെ വൈകിട്ടും സിറ്റി ഷാഡോ പോലീസ് കസ്റ്റഡിയിലെടുത്തു. അഞ്ച് പ്രതികളെയും വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് സന്ധ്യയോടെ സ്ത്രീകളുൾപ്പെടെ ആദ്യം നൂറ് പേരും തുടർന്ന് ജനക്കൂട്ടവും വിഴിഞ്ഞം പോലീസ് സ്റ്റേഷൻ വളഞ്ഞു. മൂന്ന് പോലീസ് ജീപ്പുകളും രണ്ട് ബസ്സും ഉൾപ്പെടെ അഞ്ച് പോലീസ് വാഹനങ്ങളും രണ്ട് കെ.എസ്.ആർ.ടി.സി. ബസ്സുകളും കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ ഒരു കാറും മറ്റ് നിരവധി ബൈക്കുകളും നശിപ്പിച്ചു. പോലീസുദ്യോഗസ്ഥരെ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ അതിക്രമിച്ച് കയറി സ്റ്റേഷനിലെ സാധനങ്ങളും കേസ് രേഖകളും നശിപ്പിച്ചു. ആക്രമണത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിലെ പ്രൊബേഷണറി ഇൻസ്പെക്ടർ ശ്രീ. ലിജോ പി. മണിയുടെ വലതുകാലിന്റെ എല്ലിന് പൊട്ടലുണ്ടായി. സി.പി.ഒ. ആയ ശ്രീ. പ്രവീണിന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. പരിക്കേറ്റ

പോലീസുദ്യോഗസ്ഥരെ ചികിത്സയ്ക്കായി കൊണ്ടുപോകുന്നത് തടഞ്ഞു. പോലീസുദ്യോഗസ്ഥരെ പുറത്തിറങ്ങാൻ അനുവദിക്കാതെ അക്ഷരാർത്ഥത്തിൽ ബന്ദികളാക്കി. സംഭവം അറിഞ്ഞെത്തിയ സിറ്റി ഡി.സി.പി. ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനിലേയ്ക്ക് പ്രവേശിക്കാൻ അനുവദിച്ചില്ല. തടിച്ചുകൂടിയ അക്രമിസംഘം ഭീകരാന്തരീക്ഷമാണ് അവിടെ സൃഷ്ടിച്ചത്. അസാമാന്യമായ ആത്മനിയന്ത്രണവും ക്ഷമയുമാണ് പോലീസ് കാണിച്ചത്. അതുകൊണ്ടാണ് വലിയ തോതിൽ അനിഷ്ട സംഭവങ്ങളുണ്ടാകാതിരുന്നത്. സംഭവത്തിൽ 54 പോലീസുദ്യോഗസ്ഥർക്കാണ് പരിക്കേറ്റത്. കാലിന് ഗുരുതരമായി പരിക്കേറ്റ വിഴിഞ്ഞം പ്രൊബേഷണറി എസ്.ഐ.-യെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. സ്ഥലത്തെ വ്യാപാരസ്ഥാപനങ്ങളിൽ സ്ഥാപിച്ചിരുന്ന സി.സി.ടി.വി. ക്യാമറകൾ മുൻകൂട്ടി തകർക്കുകയോ കേടുവരുത്തുകയോ ചെയ്തു. അക്രമത്തിന്റെ തെളിവുകൾ നശിപ്പിക്കാനാണ് സി.സി.ടി.വി. ക്യാമറ ആസൂത്രിതമായി നശിപ്പിച്ചത്. കോടതിവിധി ധിക്കരിച്ച് അക്രമസമരം നടത്തുക, വ്യാപാര സ്ഥാപനങ്ങൾക്കും വീടുകൾക്കുംനേരെ ആക്രമണം നടത്തുക, പോലീസ് സ്റ്റേഷൻ ആക്രമിച്ച് നശിപ്പിക്കുക, ക്രമസമാധാനം പാലിക്കാനെത്തിയ പോലീസുദ്യോഗസ്ഥരെ

മാരകമായ രീതിയിൽ ആക്രമിക്കുക, പോലീസ് വാഹനങ്ങൾ തകർക്കുക, മണിക്കൂറുകളോളം തെരുവിൽ അഴിഞ്ഞാടുക എന്നിവയാണ് സമരത്തിന്റെ പേരിൽ അവിടെയുണ്ടായത്. പോലീസ് സ്റ്റേഷൻ ആക്രമണം പൊടുന്നനെയുണ്ടായ ഒരു സംഭവമല്ല. ജൂലൈയിൽ സമരം ആരംഭിച്ചതിനെത്തുടർന്ന് ആഗസ്റ്റ് 8-ന് കാൽനട യാത്രക്കാരെയും വാഹനങ്ങളെയും തടസ്സപ്പെടുത്തുന്ന രീതിയിലേയ്ക്ക് സമരം മാറിയിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുന്ന നിലയുണ്ടായി. ആഗസ്റ്റ് 20-ന് പോലീസിന്റെ ബാരിക്കേഡുകൾ, ഫൈബർ ലാത്തികൾ, ഹെൽമെറ്റുകൾ എന്നിവ നശിപ്പിക്കുന്ന അനുഭവമുണ്ടായി. ആഗസ്റ്റ് 22-ന് തുറമുഖ നിർമ്മാണ സ്ഥലത്തേയ്ക്കുള്ള പൂട്ട് ബലമായി പൊട്ടിച്ച് പോർട്ടിനകത്തെ ടവറിൽ അതിക്രമിച്ച് കയറി. തൊട്ടടുത്ത ദിവസം വീണ്ടും പോർട്ടിന്റെ പൂട്ട് പൊളിച്ച് അകത്തുകയറി. കസേരകളും ഹാലജൻ ലൈറ്റുകളും നശിപ്പിക്കുകയുണ്ടായി. ആഗസ്റ്റ് 31-ന് അവിടെയുണ്ടായിരുന്ന ലോറിയുടെ ഗ്ലാസ് തകർത്തു. സെപ്റ്റംബർ 1-ന് പോലീസിന്റെ ഡ്രോൺ തകർത്തു, ഒരു പോലീസുകാരനെ പരിക്കേൽപ്പിച്ചു. ബാരിക്കേഡുകളടക്കമുള്ള പൊതുമുതൽ നശീകരണം ഒരു പതിവാക്കി മാറ്റുകയായിരുന്നു. സെപ്റ്റംബർ 9-ന് വനിതാ പോലീസുകാരെ ആക്രമിക്കുകയും പ്രധാന റോഡിൽ ഷെഡ്

കെട്ടി പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തു. ഒക്ടോബർ 10-ന് പോലീസിന്റെ ഔദ്യോഗിക ഫോട്ടോഗ്രാഫറെ ആക്രമിച്ചു. ഇതിനെല്ലാം പുറമെയാണ് സെക്രട്ടേറിയറ്റ് മാർച്ചും ബോട്ട് കത്തിക്കൽ അടക്കമുള്ള കാര്യങ്ങളും അരങ്ങേറിയത്. വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നടന്നത് തുടർച്ചയായ ആക്രമണ പരമ്പരയുടെ ഒരു ഭാഗം മാത്രമായിരുന്നുവെന്നാണ് ഇതിനർത്ഥം. ഒരു നാടിനെയും ജനങ്ങളെയും സംബന്ധിച്ചിടത്തോളം ആശങ്കാജനകമായ സ്ഥിതിയാണിത്. ഇത്തരം അക്രമങ്ങൾ ഒരു ജനാധിപത്യ സംവിധാനത്തിലും അനുവദിക്കാൻ പാടില്ല. ഇപ്പോഴുണ്ടായ ഏകപക്ഷീയമായ ആക്രമണങ്ങൾ പോലീസിന്റെ ഇടപെടൽ രീതികൊണ്ടുമാത്രമാണ് ഏറ്റുമുട്ടലിലേയ്ക്ക് പോകാതിരുന്നത്. തുറമുഖ പദ്ധതിക്കെതിരായ സമരത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയും അണിചേർന്നിട്ടില്ലെന്നത് ശ്രദ്ധിക്കണം. മാധ്യമങ്ങൾ പദ്ധതിയെ അട്ടിമറിക്കാൻ കൂട്ടുനിൽക്കുന്നവരല്ല. സമരവുമായി ബന്ധപ്പെട്ട് ആക്രമണങ്ങളുണ്ടാകില്ലെന്ന് സമരസമിതി, മന്ത്രിസഭാ ഉപസമിതിക്കും ജില്ലയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിന് മുമ്പാകെയും ഉറപ്പുനൽകി. ഉയർന്നുവന്ന പ്രശ്നങ്ങൾ രമ്യമായി നിയമത്തിന്റെ ചട്ടക്കൂടിനകത്ത് പരിഹരിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. ആ പ്രക്രിയയിൽ

പങ്കാളികളാകാനാണ് എല്ലാവരോടും അഭ്യർത്ഥിക്കുന്നത്. സമൂഹത്തിൽ അസ്വസ്ഥതയുടെയും വിദ്വേഷത്തിന്റെയും തീപ്പൊരികൾ വീഴാനിടയുള്ള പ്രകോപനങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്ന് തുറമുഖവിരുദ്ധ സമരക്കാരോട് സർക്കാർ അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന സ്ഥായിയായ വളർച്ചയുടെ പാതയിലൂടെ മുന്നോട്ടുനീങ്ങണമെന്ന വീക്ഷണത്തോടെയാണ് 2016 മുതൽ സർക്കാർ മുന്നോട്ടുപോകുന്നത്. നേരത്തെയുള്ള ഇടതുപക്ഷ സർക്കാരുകൾ നടത്തിയ ഉദ്യമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനൊപ്പം ഭൗതിക സാമൂഹിക പശ്ചാത്തലസൗകര്യ മേഖലകളിൽ വലിയ മുന്നേറ്റം നടത്താനാണ് സർക്കാർ ലക്ഷ്യമിട്ടത്. ഇക്കാര്യത്തിലുണ്ടായ പുരോഗതി പൊതുസമൂഹം കാണുന്നുണ്ട്. അതിന്റെ ചില ഉദാഹരണങ്ങളാണ് ഗെയ്ൽ പൈപ്പ് ലൈൻ, ദേശീയപാത വികസനം, കൊച്ചി-ഇടമൺ പവർ ഹൈവേ എന്നിവ. നമ്മുടെ സർക്കാർ ആശുപത്രികൾ, വിദ്യാലയങ്ങൾ എന്നിവയിലുണ്ടായ ഗുണപരമായ മാറ്റങ്ങളും ഇവിടെ വിശദീകരിക്കേണ്ടതില്ല. നമ്മുടെ നാടിന്റെ വികസനം ഏറെ മുന്നോട്ടുപോകേണ്ട ഘട്ടമാണിത്. കേരളത്തിന്റെ സാമ്പത്തിക വളർച്ച ഒരു നീണ്ട മുരടിപ്പിനുശേഷം 1990-കൾ മുതൽ ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തി. എന്നാൽ ഈ വളർച്ചാനിരക്കിന്റെ അടിസ്ഥാനം എത്ര ഭദ്രമാണെന്ന കാര്യത്തിൽ

സാമ്പത്തിക വിദഗ്ദ്ധർക്കിടയിൽ ആശങ്കകളുണ്ട്. പുറം വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന ഉപഭോഗമാണ് സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനമെന്ന കണ്ടെത്തലുകളുണ്ട്. നമ്മുടെ സമ്പദ്ഘടനയിൽ സുദൃഢമായ ഒരടിസ്ഥാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായാണ് മൂലധന നിക്ഷേപത്തിലും പശ്ചാത്തല സൗകര്യവികസനത്തിലും സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നത്. ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ഈ വികസന സമീപനത്തെ എല്ലാത്തരം മുടന്തൻന്യായങ്ങളും പറഞ്ഞ് എതിർക്കുന്ന സമീപനം നാടിന്റെ പൊതുനന്മയ്ക്കെതിരാണ്. ഈ തെറ്റായ സമീപനത്തിന്റെ ഭാഗമാണ് വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിലും ചിലർ സ്വീകരിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി പൊതുമേഖലയിലായിരിക്കണമെന്ന നിലപാട് ഞങ്ങൾ നേരത്തെ സ്വീകരിച്ചു. പക്ഷേ അതിൽനിന്നും വ്യത്യസ്തമായ നിലപാട് യു.ഡി.എഫ്. സ്വീകരിച്ചു. പിന്നീട് ഞങ്ങൾ വന്നപ്പോൾ യു.ഡി.എഫ്. സർക്കാർ ഒരുഘട്ടം വരെ എത്തിച്ചതിനെ തുടർന്നുകൊണ്ടുപോകാനാണ് തയ്യാറായത്. മൂലധനനിക്ഷേപവും പശ്ചാത്തല സൗകര്യവികസനവും കേരളത്തിൽ എങ്ങനെ എത്താതിരിക്കണമെന്ന് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നവരുടെ ആലോചനയിൽ വന്നിട്ടുണ്ട്. അവർക്ക്

ശക്തിപകരാനുള്ള ഒരു സമീപനം ഇവിടെ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. യു.ഡി.എഫ്.-ഉം ആ നിലയിൽ പ്രത്യേകമായ നിലപാട് സ്വീകരിക്കണം. നാടിന്റെ വികസന കാര്യത്തിൽ ഒന്നിച്ചുനിൽക്കാൻ തയ്യാറാകണമെന്നതാണ് പൊതുവെ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ. ഡി. കെ. മുരളി: സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 48A-യും 51A(g)-യും പ്രകാരം നമ്മുടെ പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചുമതല സംസ്ഥാന സർക്കാരുകൾക്കാണ് നൽകിയിരിക്കുന്നത്. ഒരുഘട്ടത്തിൽ പ്രധാനപ്പെട്ട 44 നദികളുൾപ്പെടെ ഒട്ടേറെ ജലസ്രോതസ്സുകളുള്ള ജലസമൃദ്ധവും ഹരിതാഭവുമായ

ഒരു സംസ്ഥാനമായിരുന്നു നമ്മുടെ നാട്. എന്നാൽ പിൽക്കാലത്ത് നിരവധി കാരണങ്ങളാൽ അധികം മഴ കിട്ടിയാൽപ്പോലും പത്ത് ദിവസം സൂര്യൻ കത്തിജ്വലിച്ചാൽ നദികൾ വറ്റിപ്പോകുന്ന അവസ്ഥയാണുണ്ടാകുന്നത്. കേരളത്തിലെ നദികളും പുഴകളും സംരക്ഷിക്കുന്നതിന് അനിയന്ത്രിതമായ മണൽവാരൽ ഒരു പരിധിവരെ തടസ്സമായി മാറിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ സമഗ്രമായ നടപടികളും നിയമവും അനിവാര്യമായി വരികയാണുണ്ടായത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സൂചിപ്പിച്ചതുപോലെ, 2001-ൽ ഇതുസംബന്ധിച്ച് ഒരു നിയമവും 2013-ൽ അതിന്റെ ഭേദഗതിയും കൊണ്ടുവന്നു. പക്ഷേ ഈ നിയമത്തിലൂടെയും ഭേദഗതിയിലൂടെയും ഫലപ്രദമായ ഒരു ഇടപെടൽ നടത്താനും നദീചൂഷണത്തെ തടയുന്നതിനാവശ്യമായ ജാഗ്രതയോടെ പ്രവർത്തിക്കാനും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത നമുക്ക് കാണാൻ കഴിയും. 2013-ൽ നദീ സംരക്ഷണസേന രൂപീകരിക്കണമെന്ന നിയമ ഭേദഗതിയാണ് കൊണ്ടുവന്നത്. പക്ഷേ ഭേദഗതി കൊണ്ടുവന്നുവെന്നല്ലാതെ അതിനുവേണ്ടി ഒരു തസ്തികപോലും സൃഷ്ടിക്കുകയോ നദീ സംരക്ഷണസേന പ്രായോഗികവത്കരിക്കാനുള്ള നടപടികളെടുക്കുകയോ ചെയ്തിട്ടില്ലെന്ന്

നിയമസഭാരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അന്ന് ആ നിയമ ഭേദഗതിയെ സംബന്ധിച്ചുള്ള ചർച്ചയിൽ മുൻപ്രതിപക്ഷ നേതാവ് കൂടിയായ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല, 'ഈ ഭേദഗതി കൊണ്ട് കേരളത്തിന് യാതൊരു ഗുണവുമുണ്ടാകാനിടയില്ല' എന്ന നിലയിൽ ചർച്ച ചെയ്തിട്ടുണ്ട്. നദീ സംരക്ഷണസേന കൊണ്ടുവരുമ്പോൾ അതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനോ നദീ സംരക്ഷണത്തിന്റെ ദൂരപരിധി പുനർനിർണ്ണയിക്കുന്നതിനോ അന്ന് തയ്യാറായില്ലെന്നുള്ളതാണ് നമ്മൾ കാണേണ്ടത്. ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുമ്പോൾ തടസ്സവാദമുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, നിയമം കുറേക്കൂടി സമഗ്രമാക്കണമെന്നാണ്. എങ്ങനെയാണ് സമഗ്രമാകേണ്ടത് ? ഇപ്പോൾ നിയമം ശക്തിപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാന ചീഫ് സെക്രട്ടറി ഒരു കത്തയച്ചിട്ടുണ്ട്. ആ കത്തിൽ ഡെബ്രിസ്, ചെളി എന്നിവയെല്ലാം മാറ്റുന്നതിനുള്ള നടപടിയെടുക്കാൻ പറഞ്ഞിരിരുന്നു. അതിന്റെ മറവിൽ മണൽ കൂടി കൊണ്ടുപോകുന്നതാണ് പമ്പയിൽ കണ്ടത്. അതിനാലാണ് കഴിഞ്ഞ സമ്മേളനത്തിൽ വലിയ ബഹളമുണ്ടായത്. നദിയിലെ ഡെബ്രിസും ചെളിയും എടുത്തുകൊണ്ടുപോകുമ്പോൾ മണലുകൂടി കൊണ്ടുപോകുന്ന

അവസ്ഥയുണ്ടാകുകയാണ്. അതൊക്കെ പിടികൂടാനാണ് ഇത് സമഗ്രമാക്കണമെന്ന് ഞാൻ പറഞ്ഞത്. കരമണൽ കൊണ്ടുപോകുന്ന നടപടിയുണ്ടാകരുത്. അതിനാൽ അവ പിടികൂടത്തക്ക വിധത്തിൽ ഈ നിയമം സമഗ്രമാകണമെന്നുള്ള അഭിപ്രായത്തിൽ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഈ നിയമം ശക്തിപ്പെടുത്താനാവശ്യമായ ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നതെന്ന് അങ്ങ് മനസ്സിലാക്കണം. നദീമണൽ വാരുന്നത് തടസ്സപ്പെടുത്തണമെന്ന് പറയുമ്പോൾത്തന്നെ, ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ പ്രളയത്തിലൂടെ ഡെബ്രിസും ചെളിയും പ്ലാസ്റ്റിക് മാലിന്യങ്ങളും നമ്മുടെ പ്രധാനപ്പെട്ട നദികളിൽ അടിഞ്ഞുകൂടിയത് നദിയെ റീചാർജ്ജ് ചെയ്യാനും ജലം താഴ്ന്ന് ഭൂഗർഭ ജലമാകാനുമൊക്കെ തടസ്സങ്ങളുണ്ടാക്കിയിരുന്നു. അത് വാരേണ്ടതാണ്, അതിനാണ് ഗവൺമെന്റ് ഒരു പദ്ധതി തയ്യാറാക്കിയത്. അതിന്റെ മറവിലായാലും മറ്റേതിന്റെ മറവിലായാലും നദിക്കാവശ്യമായ മണൽ ചൂഷണം ചെയ്യാൻ പാടില്ല. അതിന് നിയമമുണ്ട്, പക്ഷേ ആ നിയമം കുറേക്കൂടി ശക്തമാക്കണം. ഇത്തരത്തിൽ മണൽ വാരലിന്റെ ഉദ്ദേശ്യം എന്താണ്? സാമ്പത്തിക നേട്ടത്തിനുവേണ്ടിയാണ് അവർ അങ്ങനെ ചെയ്യുന്നത്. പണമുണ്ടാക്കലും

കൊള്ളയുമാണ് അവർ ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിലുള്ള ശിക്ഷാനടപടികളുടെ ഫൈൻ വർദ്ധിപ്പിക്കുന്നത് ഇവരെ തടസ്സപ്പെടുത്താൻ ഉപകരിക്കും. യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തടസ്സവാദത്തിന് മറുപടി പറഞ്ഞപ്പോൾ അക്കാര്യം സൂചിപ്പിച്ചതാണ്. രണ്ടുവർഷം തടവുശിക്ഷയെന്നത് കോടതിയുടെ ഡിസ്ക്രീഷനാണ്. ഒരുപക്ഷേ ഒരുകേസിൽ തടവുശിക്ഷയിൽ ഇളവ് കൊടുത്താൽപ്പോലും ഫൈൻ വർദ്ധിപ്പിച്ചാൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള പ്രേരണയ്ക്ക് തടസ്സമുണ്ടാകും. അതുകൊണ്ടാണ് ഈ നിയമഭേദഗതി കൊണ്ടുവരേണ്ടി വന്നത്. 2013 കാലഘട്ടത്തിൽ മണൽ വാരുന്ന സ്ഥലത്ത് കോഴിക്കോട് കളക്ടറെ തടഞ്ഞുനിർത്തിയ സംഭവമുണ്ട്. അന്നത്തെ എസ്.പി.ക്ക് അങ്ങോട്ട് കടന്നുപോകാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം തടസ്സവാദങ്ങളെല്ലാം ഉന്നയിക്കുമ്പോഴും സ്വന്തം ഭരണകാലത്ത് ഇതിനൊന്നും ഫലപ്രദമായ നടപടി ഉണ്ടായിരുന്നില്ലായെന്നതുകൂടി ഓർക്കുന്നത് നന്നായിരിക്കുമെന്നാണ് അതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ ഇതിന്റെ ഉത്തരവാദിത്വം കളക്ടറെ ഏൽപ്പിക്കുക മാത്രമല്ല, വ്യക്തികൾക്കോ കമ്പനികൾക്കോ ലേലം പിടിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തതും

ശേഖരിക്കപ്പെടുന്ന മണൽ നല്ലവിലയ്ക്ക് കൊടുക്കുവാനുള്ള തീരുമാനവും ആവശ്യക്കാർക്ക് അത് ഉപകരിക്കുമെന്നുള്ളതുകൊണ്ട് കൂടിയാണ്. അതുകൊണ്ട് ഭരണഘടനപോലും സംസ്ഥാനങ്ങളോട് അവശ്യപ്പെടുന്ന കാലോചിതമായ ഒരു കൃത്യനിർവ്വഹണമാണ് ഈ രണ്ട് ഭേദഗതികളിലൂടെയും കൊണ്ടുവന്നിരിക്കുന്നത്. തീർച്ചയായും ഈ ഭേദഗതിയിലൂടെ മൂലനിയമം, അതായത് 2001-ലെ ആക്ട് കൂടുതൽ സമ്പുഷ്ടമാക്കുകയും ശാക്തീകരിക്കുകയുമാണ്. ഭാവിയിൽ മണൽകൊള്ളയെ തടയാൻ ഉപകരിക്കുന്ന നിയമഭേദഗതിയാണ് എന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഇതിനെ പരിപൂർണ്ണമായും അംഗീകരിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ഈ ബില്ലിൽ രണ്ടുമൂന്ന് ഭേദഗതികൾ മാത്രമാണുള്ളത്. അപ്പീൽ കൊടുക്കുന്നതിനുള്ള അവസരം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. 1962 -ൽ തോപ്പിൽ ഭാസിയുടെ 'അശ്വമേധം' എന്ന നാടകത്തിൽ കെ. എസ്. ജോർജ്ജ് പാടിയ ഒരു ഗാനമുണ്ട്,

"പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല" എന്ന ഈരടികൾക്ക് 60 വർഷം പിന്നിടുമ്പോഴും ഇന്നും പ്രസക്തിയുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. കാരണം, കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ, 2021 ചെറിയ ഭേദഗതിയാണ് അവതരിപ്പിക്കുന്നതെങ്കിലും ഇന്നും നമ്മുടെ സംസ്ഥാനത്തെ ഓരോ പഞ്ചായത്തും പരിശോധിച്ചാൽ ഒരു സെന്റ് ഭൂമിപോലുമില്ലാതെ കഴിയുന്ന നൂറുകണക്കിന് കുടുംബങ്ങളുണ്ടെന്ന് കാണാം. തീർച്ചയായും അത്തരമൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ള വസ്തുത ഈ ബിൽ ചർച്ച ചെയ്യുമ്പോൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2008-ൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ ഇട്ടിവ പഞ്ചായത്തിൽ സ്വർണ്ണമ്മയെന്ന ആദിവാസി യുവതിയുടെ മൃതശരീരം സംസ്കരിക്കുന്നതിന് സ്ഥലമില്ലാത്തതിനാൽ വീടിന്റെ അടുക്കള പൊളിച്ച് മറവുചെയ്ത സംഭവം നമ്മുടെ സംസ്ഥാനത്തുണ്ടായി. വേണമെങ്കിൽ ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്ന് പറഞ്ഞ് നമുക്കിത് തള്ളിക്കളയാം. പക്ഷേ നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചതാണെന്ന വസ്തുത വിസ്മരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ഭൂപരിഷ്കരണ നിയമങ്ങൾ ചർച്ച ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും ഇത്തരം

സംഭവങ്ങൾ വിസ്മരിച്ച് നമുക്ക് മുമ്പോട്ടുപോകാൻ കഴിയില്ലെന്നതാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ ചരിത്രം 1960-ൽ ആരംഭിക്കുന്നു. Kerala Agrarian Relation Act, 1960 കേരളത്തിലെ ഭൂസമ്പ്രദായത്തിന് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ച് കൊണ്ടുവന്നതാണ്. മേൽപ്പറഞ്ഞ നിയമത്തിന് 21-01-1961-ൽ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും 15-02-1961-ൽ നിയമ പ്രാബല്യം ലഭിക്കുകയും ചെയ്തു. കാസർഗോഡ് ഹോസ്ദുർഗ് താലൂക്കിലെ റയത്ത്വാരി ഭൂമിയിപാട്ടുമായി ബന്ധപ്പെട്ട ചില റിട്ടുകളുമായി ബന്ധപ്പെട്ട് സുപ്രീംകോടതി മേൽസൂചിപ്പിച്ച നിയമം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചു. പിന്നീട് 1962-ൽ നടപ്പാക്കിയ Kerala Ryotwari Tenants and Kudikidappukars Protection Act-ഉം കേരള ഹൈക്കോടതി റദ്ദാക്കി. ഇതിനെത്തുടർന്നാണ് 1963-ൽ കേരള ഭൂപരിഷ്കരണ നിയമം പാസാക്കിയത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 102-ാം വകുപ്പ് അപ്പലേറ്റ് അതോറിറ്റിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ സർക്കാരിനോ 102-ാം വകുപ്പ് പ്രകാരം അപ്പലേറ്റ് അതോറിറ്റിയിൽ അപ്പീൽ ഫയൽ ചെയ്യാൻ അധികാരം നൽകുന്നതാണ്. എന്നാൽ വകുപ്പ് 102(2) പ്രകാരം നിർണ്ണയിക്കപ്പെട്ട സമയപരിധി കഴിഞ്ഞ്

അപ്പീൽ ഫയൽ ചെയ്യുന്നവർക്കും മതിയായ കാരണങ്ങൾകൊണ്ടാണ് അപ്പീൽ ഫയൽ ചെയ്യാൻ കാലതാമസമുണ്ടായതെന്നത് അപ്പലേറ്റ് അതോറിറ്റിക്ക് ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞാൽ അപ്പീൽ സ്വീകരിക്കാൻ അപ്പലേറ്റ് അതോറിറ്റിക്ക് അധികാരം നൽകുന്നതാണ്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 106(എ) എന്നത് കുടികിടപ്പുകാർ വാണിജ്യ ആവശ്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗിച്ചുവരുന്ന കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥയാണ്. അതായത് 20-05-1967-നുമുമ്പ് പണിതിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ 01-07-1969 വരെ നിരന്തരം പ്രവർത്തിച്ചുവരികയാണെങ്കിൽ അത്തരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആളുകൾ വാടക കൊടുക്കുന്നിടത്തോളംകാലം ഒഴിപ്പിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതാണ്. 1969-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമത്തിന് മുമ്പ് കൊടുത്തുവരുന്ന വാടകയാണ് ഇത്തരം ആളുകൾ കൊടുക്കേണ്ടത്. അല്ലാത്ത വിധത്തിലാണ് ബന്ധപ്പെട്ട ലാൻഡ് ട്രൈബ്യൂണൽ വാടക നിശ്ചയിക്കുന്നത്. എന്നാൽ സർക്കാർ കെട്ടിടങ്ങൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് വകുപ്പ് 106 എ (1)(2) എന്നിവയിലെ ആനുകൂല്യം

ലഭിക്കുന്നതല്ല. കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം 2005-ലെ വകുപ്പ് 7 ഇ പ്രകാരം കൽപ്പിത കുടികിടപ്പുകാർ പട്ടയം ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷ കൊടുക്കുന്നതിനും ഉടമസ്ഥാവകാശം വാങ്ങുന്നതിനുമുള്ള പ്രത്യേക വ്യവസ്ഥയാണ്. പരിധിയിൽ കവിഞ്ഞ ഭൂമിയുള്ള ഭൂവുടമകളിൽനിന്നും സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലം 18-10-2006-നുമുമ്പ് മിച്ചഭൂമിയാണെന്ന് അറിയാതെ മതിയായ വിലകൊടുത്ത് വാങ്ങിയിട്ടുള്ള ആളുകൾക്ക് വകുപ്പ് 7 ഇ പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. നിലവിലെ നിയമത്തിലെ വകുപ്പ് 106 ബി എന്നത് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ 7 ഇ പ്രകാരമുള്ള ഉടമസ്ഥാവകാശത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ തള്ളുന്ന സാഹചര്യത്തിൽ അപ്പീൽ കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ്. 7 ഇ പ്രകാരമുള്ള അപേക്ഷകൾ നിരസിക്കപ്പെട്ട ആളുകൾക്ക് അപ്പീൽ കൊടുക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടായിരുന്നു. ആയതിനാൽ വകുപ്പ് 102-ൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതി എന്നത് 106 ബി എന്ന വകുപ്പ് പ്രകാരം അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിയമാനുകൂല്യം ഉൾപ്പെടുന്നതാണ്. സെക്ഷൻ 7 ഇ പ്രകാരമുള്ള ഉടമസ്ഥാവകാശം

ലഭിക്കുന്നതിന് വകുപ്പ് 106 ബി പ്രകാരം ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷ കൊടുത്ത് നിരസിക്കപ്പെടുന്നവർക്ക് അപ്പീൽ ഫയൽ ചെയ്യാനുള്ള സാഹചര്യമുണ്ടാക്കാൻ ഉപകരിക്കുന്നതായതുകൊണ്ട് 102-ാം വകുപ്പ് നിലനിർത്താൻ ഉദ്ദേശിക്കുന്ന ഈ ഭേദഗതി സ്വാഗതാർഹമാണ്. പക്ഷേ ഇത് പൊതുജനാഭിപ്രായം തേടണമെന്നതാണ് എന്റെ ഭേദഗതി. കുറേക്കൂടി വിശാലതയോടുകൂടി ഇതിനെ ശക്തിയാർജ്ജിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പംതന്നെ കേരളത്തിലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം 2008-ലാണ് പാസ്സാക്കുന്നത്. അരി മുഖ്യ ആഹാരമായി ഉപയോഗിക്കുന്ന കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനുദ്ദേശിച്ചുകൊണ്ട് നടപ്പാക്കിയതാണ് മേൽപ്പറഞ്ഞ നിയമം. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന ശില എന്നുപറയുന്നത് നെൽവയലുകളുടെയും നീർത്തടങ്ങളുടെയും കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്കാണ്. ആയത് തയ്യാറാക്കുന്നതിന് കൃത്യവും സ്പഷ്ടവുമായ മാർഗ്ഗനിർദ്ദേശം ഈ നിയമത്തിലും ചട്ടത്തിലും വിവരിച്ചിട്ടുണ്ട്. നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിവരങ്ങൾ മാത്രമുൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുപകരം 2008-നുമുമ്പ് രൂപഭേദം വന്ന

വയലുകളുടെയും വാസഗൃഹങ്ങളും വാണിജ്യ സമുച്ചയങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെയും പുറമ്പോക്ക് ഭൂമികളുടെയും വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബാങ്കിൽ ഇടംപിടിച്ചു. ഇതുകൊണ്ട് പൊതുജനം വളരെയധികം കഷ്ടപ്പാടുകൾ അനുഭവിക്കുന്നതോടൊപ്പം ഈ നിയമം ശരിയായ രീതിയിൽ നടപ്പാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ശാസ്ത്രീയവും പ്രായോഗികവുമായ ഡാറ്റാ ബാങ്കിന്റെ അഭാവം ഈ നിയമത്തിലെ 11, 12, 13 വകുപ്പുകളുടെ പ്രായോഗികക്ഷമത ഇല്ലാതാക്കുന്നു. ആയതിനാൽ, നിയമം നിലവിൽവന്ന് 14 വർഷം കഴിഞ്ഞിട്ടും കുറ്റമറ്റ ഒരു ഡാറ്റാ ബാങ്ക് നടപ്പാക്കാൻ കഴിയാത്തത് ഗുരുതരമായ തെറ്റായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 30.12.2017-ലെ ഭേദഗതി പ്രകാരം നിയമത്തിൽ ഉൾപ്പെടുത്തിയ 27(എ) തുടങ്ങിയ ചട്ടങ്ങൾ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള കാലതാമസം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. എറണാകുളം നഗരത്തിൽ ഇതുമൂലം ഇന്ന് ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. തരംമാറ്റത്തിന് അപേക്ഷ കൊടുത്താൽ കൃത്യമായി അത്തരം ജോലികൾ നിർവ്വഹിക്കാൻ കഴിയാത്തതുമൂലം വലിയ തടസ്സങ്ങളാണ് ഇന്ന് അവിടെയുള്ള ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്തുപോയി പഠിക്കാനായി ബാങ്കിൽ ലോൺ

അപേക്ഷ കൊടുക്കുന്ന സമയത്ത് സ്വാഭാവികമായും ആ ലോണിന് collateral security കൊടുക്കുമ്പോൾ, വീടിരിക്കുന്ന പുരയിടംപോലും നിലമാണെന്ന രീതിയിൽ ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം ജനങ്ങൾ വലിയ ദുരിതമനുഭവിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു കോൺവെന്റിലെ സിസ്റ്റർ ഇത്തരത്തിലൊരു പ്രശ്നവുമായി എന്നെ സമീപിച്ചിരുന്നു. ഒരേക്കർ സ്ഥലത്താണ് ആ കോൺവെന്റ് സ്ഥിതിചെയ്യുന്നത്. അവിടെ 5500 sq.ft. വിസ്തൃതിയുള്ള ഒരു കെട്ടിടമുണ്ട്. മഴക്കാലത്ത് വെള്ളക്കെട്ട് ദുരിതമനുഭവിക്കുന്നതിനാൽ കോൺവെന്റ് അവർ പൊളിച്ചുപണിയാൻ തീരുമാനിച്ചു. ഇരുപത്തിയഞ്ച് വർഷത്തോളം പഴക്കമുള്ള കോൺവെന്റാണത്. കെട്ടിടം പൊളിച്ചുപണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസിൽനിന്നും ലഭിച്ചപ്പോൾ നിലമായിട്ടാണ് ആ ഭൂമി രേഖപ്പെടുത്തിയിരിക്കുന്നത്. ഇരുപത്തിയഞ്ച് വർഷം മുമ്പ് കെട്ടിടം പണിത് അവിടെ താമസിച്ചുകൊണ്ടിരിക്കുകയാണ്. തരംമാറ്റത്തിന് അപേക്ഷ കൊടുത്താൽ ഒരേക്കർ സ്ഥലത്തിന് സ്വാഭാവികമായും ഇന്നത്തെ വിലയനുസരിച്ച് ഏകദേശം ഒന്നരക്കോടി രൂപ അവർ ഫീസായി അടയ്ക്കേണ്ടിവരും. ഇതുപോലെ ബുദ്ധിമുട്ടുന്ന ധാരാളം ആളുകൾ ഇന്ന്

നഗരത്തിലുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങളുമായി ധാരാളം ആളുകൾ എം.എൽ.എ. എന്ന നിലയിൽ എന്റെ ഓഫീസിൽ വരുന്ന സാഹചര്യമുണ്ട്. അവിടെ ഇന്ന് ആർ.ഡി.ഒ.-യുടെ സേവനം കൃത്യമായി ലഭ്യമാകുന്നില്ല. ആർ.ഡി.ഒ. ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നതിനാൽ ട്രെയിനിയായ ഡെപ്യൂട്ടി കളക്ടർക്കാണ് ഇപ്പോൾ ചുമതല കൊടുത്തിരിക്കുന്നത്. അദ്ദേഹത്തിന് ഒപ്പിടാൻ പോലും കഴിയാത്ത രീതിയിൽ കാര്യങ്ങൾ പോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് 8000-10000 അപേക്ഷകൾ കെട്ടികിടക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം, ചർച്ച ചുരുക്കേണ്ടതാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, റവന്യൂവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ നമ്മുടെ നഗരത്തിൽ തരംമാറ്റവുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്ന ജനങ്ങളുണ്ടെന്ന കാര്യംകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മനുഷ്യത്വമുള്ള വ്യക്തിയാണ്. തരംമാറ്റം വൈകിയതിനെത്തുടർന്ന് ഏതാനും മാസങ്ങൾക്കുമുമ്പ് പറവൂരിൽ ഒരു മത്സ്യത്തൊഴിലാളി ആത്മഹത്യ ചെയ്ത സാഹചര്യമുണ്ടായത് അദ്ദേഹത്തിനറിയാം. ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമായുണ്ടാകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക

താൽപ്പര്യമെടുത്ത് ഈ വിഷയങ്ങളിൽ ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന ആവശ്യം ഇതോടൊപ്പം ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

4.00 പി.എം.]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി സി. കെ. ആശ]

ശ്രീ. എ. പ്രഭാകരൻ: സർ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ലാൻഡ് ട്രിബ്യൂണലിന്റെ വിധി അന്തിമമായതിനാൽ ഏറെക്കാലം ഭൂമി കൈവശത്തിലുള്ള ആളുകൾ ലാൻഡ് ട്രിബ്യൂണലിനെ സമീപിച്ചാൽ അവർക്ക് അപ്പീൽ നൽകാൻ വഴിയില്ലാത്ത അവസ്ഥയാണ്. നിലവിലുള്ള 7(e), 106 (b) വകുപ്പുകൾ പ്രകാരമുള്ള ഭേദഗതി എന്തുകൊണ്ടും അത്യാവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ലാൻഡ് ട്രിബ്യൂണലിന്റെ വിധിയെ അതിജീവിക്കാനുതകുന്ന രീതിയിൽ, കുറേക്കാലം ഭൂമി കൈവശം വച്ചിട്ടും ഉടമസ്ഥാവകാശം ലഭിക്കാത്ത അവരുടെ സങ്കടം ഒഴിവാക്കി ആശ്വാസം നൽകാൻ ഈ ഭേദഗതി സഹായകമാകും. നേരം വൈകിയതിനാൽ മറ്റുകാര്യങ്ങളൊന്നും സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഭൂപരിഷ്കരണ നിയമത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച അംഗം

സൂചിപ്പിച്ചതുപോലെ ചത്താൽ കുഴിച്ചിടാൻ ആറടി മണ്ണുപോലും ഇല്ലാതിരുന്ന, ജന്മിത്വത്തിന്റെ കാലയളവിൽ കേരളപ്പിറവിക്കുശേഷമെടുത്ത, ചരിത്രപരമായ ചില സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒന്നാണ് കേരളത്തിലെ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും. ഇതിന്റെ പേരിൽ വിമോചന സമരവും ആർട്ടിക്കിൾ 356-ഉം ഉപയോഗിച്ച് ഒരു ജനകീയ സർക്കാരിനെ പിരിച്ചുവിടാൻതന്നെ കാരണമായ നിലപാട് സ്വീകരിച്ചവരാണ് പ്രതിപക്ഷത്തിരിക്കുന്ന അതിന്റെ പിൻതലമുറക്കാർ. ജനങ്ങളെ സഹായിക്കുന്നതിനും രാജ്യത്തിന്റെ വികസനത്തിനുംവേണ്ടിയുള്ള തീരുമാനമെടുത്ത് മുന്നോട്ടുപോകുമ്പോൾ അതിലൊക്കെ എന്തെങ്കിലുമൊരു കുറ്റം കണ്ടെത്തി കേരളത്തിന്റെ വളർച്ചയും വികാസവും പുരോഗതിയും തടയുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുന്ന നിലപാടാണുള്ളത്. കേരളത്തിലെ ജനങ്ങളോടും കേരളത്തോടുമുള്ള വികസനത്തിന്റെ വിഘാതമാണ് സൃഷ്ടിക്കുന്നതെന്ന് അവർ തിരിച്ചറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിൽ ജന്മിമാരുൾപ്പെടുന്ന കേവലം ഒൻപത് ശതമാനം കുടുംബങ്ങളുടെ കയ്യിൽ ഭൂമിയുണ്ടായിരുന്നത്. ഇപ്പോൾ ആ അവസ്ഥ മാറി. അന്ന് ആ നിയമം നിലവിൽ വന്നതിന്റെ പേരിൽ കേരളത്തിൽ ഇപ്പോൾ 93

ശതമാനത്തോളംപേർ ഭൂമിയുടെ ഉടമകളായി മാറി. ഈ നിയമം പാസ്സാക്കിയ സർക്കാരിനെയാണ് ഒരുകാലത്ത് അട്ടിമറിച്ചത്. സമാന്തരമായി അത്തരം പ്രവർത്തനങ്ങൾ എവിടെയെങ്കിലും ഉയർന്നുവരുമ്പോൾ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാട് ആക്ഷേപാർഹമാണെന്നൊരു തിരിച്ചറിവ് അവർക്കുണ്ടാകുന്നത് നല്ലതാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ഒന്നാം പിണറായി വിജയൻ സർക്കാർ അഞ്ച് വർഷത്തിനുള്ളിൽ 1,77,011 പേർക്ക് പട്ടയം നൽകി. രണ്ടാം പിണറായി വിജയൻ സർക്കാർ ഒരു വർഷക്കാലയളവിനുള്ളിൽ 54,535 പേർക്ക് പട്ടയം നൽകി. ഇക്കാര്യത്തിൽ വളരെ ശുഷ്കാന്തിയോടുകൂടിയാണ് റവന്യൂ വകുപ്പുമന്ത്രി പ്രവർത്തിക്കുന്നുവെന്നത് ശ്ലാഘനീയമാണ്. അദ്ദേഹത്തെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ നിയമം പാസ്സാകുന്നതോടുകൂടി 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന സർക്കാരിന്റെ പ്രഖ്യാപനം സാധ്യമാക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മാത്രമല്ല, അത് കൃത്യമായി ഫോളോഅപ് ചെയ്യുന്നുവെന്നതാണ് അതിന്റെ പ്രത്യേകത. അദ്ദേഹത്തെ ഇക്കാര്യത്തിലും ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ 3,40,000 കുടുംബങ്ങൾക്ക് ഭൂമിയില്ല. ഒരു

കുടുംബത്തിന് മൂന്ന് സെന്റ് ഭൂമി വീതമെങ്കിലും അനുവദിക്കുന്നതിന് ഏകദേശം 10500 ഏക്കർ സ്ഥലം ആവശ്യമാണ്. വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയാൽ 8210 ഏക്കർ ഭൂമി ലഭ്യമാകും. ഇതുകൂടാതെ 77 താലൂക്ക് ലാൻഡ് ബോർഡുകളിൽ 1298 മിച്ചഭൂമിക്കേസുകൾ നിലവിലുണ്ട്. ഇതുകൂടി സമയബന്ധിതമായി തീർപ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിലെ എല്ലാവർക്കും ഭൂമി വിതരണം നടത്താൻ കഴിയും. അത് ഈ സർക്കാരിന്റെ കാലത്തുതന്നെ സാധിക്കും. ഇതിനൊരു പ്രതിബന്ധമായി നിൽക്കുന്നതാണ് 106(b) 7(e) വകുപ്പുകൾ. അതുകൊണ്ട് അതിൽ ഭേദഗതി വരുത്തി പാവപ്പെട്ട ജനങ്ങളുടെ കയ്യിലുള്ള ഭൂമിയുടെയെങ്കിലും ഉടമസ്ഥാവകാശം ലഭ്യമാകാൻ സഹായകമാകുമെന്നതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി കെ. കെ. രമ]

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, രണ്ട് പ്രധാനപ്പെട്ട ഭേദഗതികൾ സംബന്ധിച്ച ചർച്ച ചുരുങ്ങിയ സമയംകൊണ്ട് പ്രിയപ്പെട്ട സഹപ്രവർത്തകർ നടത്തി. ഇന്നത്തെ ദിവസം കേരള നിയമസഭയിൽ വളരെ പ്രത്യേകതയുള്ള ദിവസമാണ്. കാരണം അങ്ങുകൂടി

ചെയറിലെത്തിയതോടുകൂടി കേരള നിയമസഭയിലെ മൂന്ന് വനിതാ എം.എൽ.എ.-മാർ ഒരേദിവസം നമ്മുടെ ചെയറിനെ നയിച്ച ഒരു പ്രധാനപ്പെട്ട ദിവസമായി ഇന്ന് കേരള നിയമസഭ മാറുകയാണ്. ലോകകപ്പ് ഫുട്ബോളിനെക്കുറിച്ച് ലോകം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട സമയമാണിത്. സംഗീതവും സിനിമയുമെല്ലാം ലോകകപ്പ് ഫുട്ബോളിനെ ആസ്പദമാക്കി രചിച്ചുകൊണ്ടിരിക്കുന്നൊരു കാലമുണ്ട്.. നാലുദിവസം മുൻപ് ലോകം ശ്രദ്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു മത്സരമുണ്ടായി. അന്ന് പുലർച്ചെ 12.10-ന് കോസ്റ്ററിക്കയും ജർമ്മനിയും തമ്മിൽ നടന്ന മത്സരമാണത്. സമീപകാലത്തെ ലോകകപ്പ് ഫുട്ബോൾ ശ്രദ്ധിച്ച ഏറ്റവും പ്രധാനപ്പെട്ട മത്സരം. ലോകകപ്പിലെ പുരുഷാധിപത്യത്തിന് അല്ലെങ്കിൽ ലോകകപ്പ് നിയന്ത്രണത്തിന്റെ പുരുഷാധിപത്യത്തിന് അവസാനം കുറിച്ചുകൊണ്ട് സ്റ്റെഫാനി ഫ്രപ്പാർട്ട്, യോഷിമി യമഷിത, സലീമ മുകൻസംഗ എന്നീ മൂന്നു വനിതകൾ ലോകകപ്പിന്റെ ചരിത്രത്തിലാദ്യമായി ലോകകപ്പ് ഫുട്ബോളിനെ നയിച്ച് നാലുദിവസക്കാലം കഴിയുന്നതിനുമുൻപ് ചേർന്ന കേരളത്തിന്റെ നിയമസഭ മൂന്ന് വനിതകളെത്തന്നെ ഈ പാനലിന്റെ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചത് ഏറെ ശ്രദ്ധേയമാണ്. ബഹുമാനപ്പെട്ട സ്പീക്കറെയും നിയമസഭയെയും

പ്രത്യേകമായി ഈ ഘട്ടത്തിൽ അഭിനന്ദിക്കേണ്ടതുണ്ട്. രണ്ട് ചെറിയ ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചത്. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ നേരത്തെ അവതരിപ്പിച്ചുകൊണ്ട് ഇവിടെ സംസാരിച്ചതുപോലെ അതിലെ 20-ാം വകുപ്പിലും 23-ാം വകുപ്പിലും നടത്തിയ ചെറുതെങ്കിലും വലിയ ഗൗരവമുള്ള രണ്ട് ഭേദഗതികൾ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയായിരുന്നു ചെയ്തത്. അതിൻമേലാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചർച്ച ചെയ്തത്. 'ഇരുപത്തി അയ്യായിരം രൂപ' എന്നത് 'അഞ്ച് ലക്ഷം രൂപ' വരെയാക്കാമെന്നും 'ലംഘനം തുടരുന്ന പിഴ ഓരോ ദിവസത്തിലും ആയിരം രൂപ' എന്നത് 'അമ്പതിനായിരം രൂപ' വരെയാക്കാമെന്നും ഇവിടെ പറയുകയുണ്ടായി. ഈ വാദത്തിന് അനുകൂലമായും പ്രതികൂലമായും രണ്ടഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തുകയും ചെയ്തു. പ്രമുഖനായ നിയമജ്ഞനും ശ്രദ്ധേയനായ നിയമസഭാ സാമാജികനുമായ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തേ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സൂചിപ്പിച്ചു, ഈ തുക ഇരുപത്തി അയ്യായിരത്തിൽനിന്നും അഞ്ചുലക്ഷം രൂപവരെ ആക്കുകയാണെങ്കിൽ എന്തുകൊണ്ട് രണ്ടുവർഷക്കാലത്തെ തടവ് വർദ്ധിപ്പിക്കാത്തത് എന്ന്. അതൊരു

ദുർബലമായ വാദമാണെന്ന് എനിക്ക് തോന്നുന്നു. കാരണം, കേരളത്തിന്റെ മാത്രമല്ല, ലോകത്തിന്റെതന്നെ പണത്തിന്റെ മൂല്യം കുറയപ്പെട്ടൊരു സാഹചര്യത്തിൽ ഇരുപത്തിയയ്യായിരം എന്ന തുകയിൽനിന്നും അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ശിക്ഷ കൂട്ടിയാൽ ഇരുപത്തിയഞ്ച് കൊല്ലക്കാലം കഴിഞ്ഞാൽ ഇതിന് തൂക്കുശിക്ഷ വിധിക്കേണ്ടിവരുന്ന തരത്തിൽ ചർച്ച ചെയ്യേണ്ടി വരും. അതുകൊണ്ട് തുക വർദ്ധിക്കുന്നതിനനുസരിച്ച് ശിക്ഷയുടെ കാലാവധി വർദ്ധിക്കുകയെന്നൊരു ശീലം നിയമപരമായി നമുക്ക് കൊണ്ടുവരാൻ കഴിയില്ല. ശ്രീ. യു. എ. ലത്തീഫ് നേരെ തിരിച്ച് ഇത്രയും തുക വേണ്ടതില്ലെന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. IPC 326-ന്റെ തടവുശിക്ഷ എത്രയാണ്? ജീവപര്യന്തമാണ്. 326-ന്റെ ഭാഗമായിപ്പോയ എല്ലാ കക്ഷികൾക്കും ജീവപര്യന്തം ശിക്ഷ വിധിച്ചുവെന്ന് ഏതെങ്കിലും കോടതി തീരുമാനിച്ചിട്ടുണ്ടോ? 'Voluntarily causing grievous hurt by dangerous weapons or means' എന്നാണ് 326-ന്റെ അടിസ്ഥാനപരമായ കാര്യം. കേരളത്തിലെ മജിസ്ട്രേറ്റ് കോടതികളിൽ IPC 326 പ്രകാരം എല്ലാവർക്കും ലൈഫ് ഇംപ്രിസൺമെന്റ് വിധിക്കുകയാണോ? അങ്ങനെയാകില്ലല്ലോ; സ്വാഭാവികമായും അഞ്ചുലക്ഷം രൂപവരെ പിഴയെന്നത് നദിയെയും

മലിനപ്പെടുത്തുന്നതിനും അനധികൃത മണൽ വാരൽ പ്രവർത്തനങ്ങൾക്കുമെതിരായി കടുത്ത നടപടികളെടുക്കുന്നതിന്റെ ഭാഗമായിട്ടുള്ള ഒരു നടപടിയാണ്. അത് ഈ നിയമത്തെ കൂടുതൽ ശക്തിപ്പെടുത്താൻ മാത്രമേ ഉപകരിക്കുയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മണൽ വാരലുമായി ബന്ധപ്പെട്ട അനധികൃതമായ നടപടികൾക്കെതിരെ ശക്തമായ ബില്ലാണ് നാം ഇവിടെ പരിഷ്കണത്തിനു വേണ്ടിയെടുത്ത 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ. വളരെ സമഗ്രമായ വിധത്തിൽ ഇതിന്റെ കുറ്റവും ശിക്ഷയും സംബന്ധിച്ച് 20 മുതൽ 25 വരെയുള്ള വകുപ്പുകളിലായി ഏറ്റവും ശ്രദ്ധേയമായി അവതരിപ്പിച്ചിട്ടുണ്ട്. ആ വകുപ്പുകളെല്ലാംതന്നെ ഏതെങ്കിലും വിധത്തിൽ മണൽവാരലുകൾ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളെടുക്കാൻ പര്യാപ്തമായവയാണ്. എന്നാൽ അതിന്റെ ഭാഗമായി കുറെക്കൂടി കഠിനമാക്കുന്നതിനുവേണ്ടി ഇതുകൂട്ടിച്ചേർക്കുകയെന്ന നടപടി മാത്രമേ ചെയ്തിട്ടുള്ളൂ. വകുപ്പ് 23 അനുസരിച്ച് മണൽ കയറ്റുമതി ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും പണി ആയുധങ്ങളും പിടിച്ചെടുക്കാൻ, കയറ്റിയ മണലും വാഹനങ്ങളും പിടിച്ചെടുക്കാൻ ഇങ്ങനെ തുടർച്ചയായി

അതിൽ ചെയ്യേണ്ട ഓരോ പ്രവർത്തനങ്ങളെയും സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. വാഹനത്തിൽ കയറ്റുന്നതിനുള്ള ഉപകരണങ്ങളും പണി ആയുധങ്ങളും പിടിച്ചെടുക്കുന്നത് എങ്ങനെയാണ്; കണ്ടുകെട്ടുന്നതിനുമുൻപ് എടുക്കേണ്ട നടപടികൾ ഏതൊക്കെയാണ്; ആ നടപടികളുടെ അടിസ്ഥാനത്തിൽ കണ്ടുകെട്ടുമ്പോൾ എടുക്കേണ്ട പ്രൊസീഡ്യുവർ എന്തൊക്കെയാണ്; അതിന്റെ അവസാനത്തിലാണ് 23(6) പ്രകാരം നേരത്തേ നമ്മുടെ നിയമത്തിൽ പറഞ്ഞതനുസരിച്ച് 'കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്നതുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്' എന്ന വാചകം മാറ്റിക്കൊണ്ടാണ് 'കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതുമാണ് ' എന്ന് സൂചിപ്പിക്കാനുണ്ടായ കാരണം. അതിങ്ങനെ കെട്ടിക്കിടക്കുന്ന വിധത്തിൽ മണൽ ഉപയോഗശൂന്യമായി വീണ്ടും ബന്ധപ്പെട്ട നദികളിലേയ്ക്ക് തിരിച്ചുപോകുകയോ അല്ലെങ്കിൽ അവിടെ കെട്ടിക്കിടന്ന് പലവിധത്തിലുള്ള മോഷണങ്ങൾക്ക് വിധേയമാകുകയോ

ചെയ്യുന്നതിനുപകരം വളരെ വേഗത്തിൽ നടപടികൾ എടുക്കുന്നതിനുവേണ്ടി കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട്, കളക്ടർ നിശ്ചയിക്കുന്ന നിലവാരത്തിൽ പ്രവർത്തനങ്ങൾ വേഗതയിലാക്കാനും നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. ഡി. കെ. മുരളി സൂചിപ്പിച്ചതുപോലെ ഈ മണൽക്കുടി ഉപയോഗപ്പെടുത്തി വേഗതയിൽ ആവശ്യക്കാർക്ക് അത് വിൽപ്പന നടത്തി അതിന്റെ പണം ലഭ്യമാക്കാനും, പണം ലഭ്യമാകുന്ന മുറയ്ക്ക് തീരത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഉപയോഗപ്പെടുത്താനുള്ള ആർ.എം.എഫ്.-ലേയ്ക്ക് മുതൽക്കൂട്ടാനും കഴിയുന്ന വിധത്തിലുള്ള ഒരു നടപടിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിൽ ഉന്നയിച്ചിട്ടുള്ള രണ്ട് പ്രധാനപ്പെട്ട ഭേദഗതികളും ഈ കാലഘട്ടത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണെന്ന് ഈ സഭയുടെ മുമ്പാകെ അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, നമ്മുടെ നദികളിൽ മുഴുവനും മണൽ കുമിഞ്ഞുകൂടിയിരിക്കുകയാണ്. പുഴയോരങ്ങളാണെങ്കിൽ ഇടുങ്ങി പുഴയിലേയ്ക്ക് ചേർന്നുകൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ട് മണൽ

വാരി പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയില്ലേ; ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. രാജൻ: സർ, അങ്ങനെയൊരു ഡിബേറ്റിലേയ്ക്ക് സമയക്കുറവുകൊണ്ട് പോകേണ്ടതില്ലെന്നുകരുതി പോകാത്തതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, അനധികൃതമായി മണൽ വാരി ചെറിയ വണ്ടിയിലും വലിയ ട്രക്കിലും കൊണ്ടുപോകുന്നവർക്കും ഒരേ പിഴവരുന്ന ഒരവസ്ഥയാണ് നിലനിൽക്കുന്നത്. ഞങ്ങളൊക്കെ അതിർത്തിയിൽ താമസിക്കുന്നവരാണ്. അതിർത്തി സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന മണൽ പിടിക്കപ്പെട്ടാൽ സ്വാഭാവികമായും അത് കേരളത്തിലെ നദിയിൽനിന്നും വാരിക്കൊണ്ട് വന്നതല്ല. അത് ഈ ഭേദഗതിയിൽ ഏത് രീതിയിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ മണൽ വാരൽ മണലിന്റെ എടുപ്പുമാത്രമല്ല നദിയുടെയും പുഴയുടെയും ആഴം വർദ്ധിപ്പിക്കുകയും നേരത്തേയുണ്ടായതുപോലെ ഏതെങ്കിലും വിധത്തിലുള്ള പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ അനാവശ്യമായി നദികൾ കരകവിയാതിരിക്കാനുള്ള സൗകര്യവും

ഒരുക്കണമെന്ന ധാരണതന്നെയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട് വിവിധ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഞാനും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമടക്കം ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് അക്കാര്യത്തിൽ പലവിധത്തിലുള്ള ആലോചനകൾ നടത്തി. സംസ്ഥാനത്ത് മണൽ ഖനനം നടത്തേണ്ടത് സംബന്ധിച്ച കാര്യങ്ങൾ 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കിയ Sand Auditing പ്രകാരമായിരുന്നു നേരത്തേ തയ്യാറാക്കിയിരുന്നത്. എന്നാൽ പിന്നീട് (NGT) National Green Tribunal-ന്റെ ഉത്തരവുകളും ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധിയും വരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ The Ministry of Environment, Forest and Climate Change (MoEF&CC) മാർഗ്ഗനിർദ്ദേശങ്ങൾ, The Sustainable Sand Mining Management Guidelines 2016, The Enforcement & Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരം തയ്യാറാക്കിയിട്ടുള്ള ഡി.എസ്.ആർ.-ന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് സാധ്യമാകൂയെന്ന പ്രശ്നം നമ്മുടെ മുമ്പിലുണ്ടായി. അതനുസരിച്ച് സംസ്ഥാനത്ത് 40 നദികളിൽ ഏറ്റവും

പ്രധാനപ്പെട്ട 30 നദികളിലും 5 പോഷകനദികളിലും മണൽവാരലിന്റെ മാനദണ്ഡങ്ങളനുസരിച്ചുള്ള Sand auditing നേരത്തേ നടത്തിയിരുന്നു. ഇതിൽ 28 പ്രധാന നദികളും 4 പോഷക നദികളും അടക്കം 32 നദികളുടെ Sand Auditing സർക്കാർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്. മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള 14 നദികളിൽ സാൻഡ് മൈനിംഗ് ആരംഭിക്കാനുള്ള ഡി.എസ്.ആർ.-ഉം ഇതിനകം തയ്യാറാക്കിക്കഴിഞ്ഞു. National Accreditation Board for Education and Training (NABET)-യുടെ National Institute for Interdisciplinary Science and Technology (NIIST) ആണ് ഈ ഡി.എസ്.ആർ. തയ്യാറാക്കാനുള്ള NABET-യുടെ അക്രഡിറ്റഡ് ഏജൻസി. അതുകൊണ്ട് അവരുമായ വിശദമായ ചർച്ചകൾക്കുശേഷം 694/2022 റവന്യൂ എന്ന പേരിൽ ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കുകയും ലാൻഡ് റവന്യൂ കമ്മീഷണർ 29/04/2022-ൽ NIIST അധികൃതരുമായി ഒരു ഡി.എസ്.ആർ. തയ്യാറാക്കുന്നതിന്റെ ധാരണയുണ്ടാക്കുകയും ചെയ്തു. അതനുസരിച്ച് മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ഡിസംബർ 2022-ന് ഡി.എസ്.ആർ. പൂർത്തീകരിച്ച് സർക്കാരിന് ലഭ്യമാക്കാമെന്ന് ധാരണയുണ്ടാക്കി. കോഴിക്കോടും കണ്ണൂരും കാസർഗോഡും ജൂൺ 2023-നും ഇടുക്കിയും എറണാകുളവും ആഗസ്റ്റ് 2023-

നും പത്തനംതിട്ടയും കോട്ടയവും ഡിസംബർ 2023-നും നൽകാമെന്ന് ധാരണയുണ്ടാക്കി. ഇതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം വീണ്ടും ഒരു യോഗം വിളിച്ച് ചേർത്തു. ആ യോഗത്തിൽ ഇപ്പോൾ ഡി.എസ്.ആർ. തയ്യാറാക്കുന്നതിനുവേണ്ടി എൻ.ഐ.ഐ.എസ്.ടി.-യുമായി കരാറുണ്ടാക്കിയ പത്ത് ജില്ലകളിലെ വിവിധ നദികളിലെ ഡി.എസ്.ആർ. കുറച്ചുകൂടി വേഗതയിലാക്കണമെന്ന് സംസ്ഥാനത്തോട് ആവശ്യപ്പെട്ടുകയുണ്ടായി. അതിനനുസരിച്ച് Mining and Geology വകുപ്പിന്റെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് 2023 ആഗസ്റ്റ് മാസത്തിനുള്ളിൽ ഈ പത്ത് ജില്ലകളുടെയും ഡി.എസ്.ആർ. റിപ്പോർട്ട് ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ റിപ്പോർട്ട് ഡിസംബറിൽ അംഗീകാരം ലഭിച്ചാൽ ഫെബ്രുവരിയോടുകൂടി ഏതാണ്ട് ഇതിന്റെ നടപടികളിലേയ്ക്ക് പോകാം. അനധികൃതമായ മണൽവാരൽ ഒഴിവാക്കാനും മുമ്പ് നിശ്ചയിച്ചിട്ടുള്ള മോണിറ്ററിംഗ് പരിശോധിച്ച് കൃത്യതയോടുകൂടി അത് തയ്യാറാക്കാനും സാധിക്കുന്നതാണ്. നാല് ജില്ലകളിൽ ഇത് നടന്നിട്ടില്ല. കൊല്ലം ജില്ലയിൽ ഡി.എസ്.ആർ. തയ്യാറാക്കാനുള്ള നടപടി നടന്നുവരികയാണ്. വനത്തിനുള്ളിലൂടെ പ്രവേശിക്കുന്ന അച്ചൻകോവിലാറിൽ

ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട ആശയങ്ങൾ നടന്നുകഴിഞ്ഞു. ബാക്കി മൂന്ന് ജില്ലകളിൽ അതുമായി ബന്ധപ്പെട്ട നടപടികൾ നടക്കുകയുമാണ്. ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗം പറഞ്ഞകാര്യം വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. സർക്കാർ മാത്രമല്ല, ഒരു കോടതിയും ഒരു കേസിൽ ചെയ്ത എല്ലാകുറ്റവും ഒരേ നടപടിക്ക് വിധേയമാകണമെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. ചിലത് മജിസ്ട്രേറ്റിന്റെ inherent power-ന്റെ ഭാഗമായി വരുന്നതാണ്. സ്വാഭാവികമായും അങ്ങനെ ആലോചിക്കേണ്ടിവരും. ബഹുമാനപ്പെട്ട ശ്രീ. ടി. ജെ. വിനോദ് നെൽവയൽ തണ്ണീർത്തട നിയമത്തെക്കുറിച്ച് കൃത്യമായാണ് പറഞ്ഞത്. തരംമാറ്റത്തിനുവേണ്ടിയുണ്ടാക്കിയ നിയമമാണ് തണ്ണീർത്തട നെൽവയൽ നിയമം 2008 എന്നതാണ് ജനങ്ങളുടെ ധാരണ. ഇതുപോലെ ഓരോ ചുവടിനും തുക തീരുമാനിച്ചാൽ അനധികൃതമായി ഇത് വാരുന്നവർക്ക് ഒരു അനുകൂലമായ നിയമമായി മാറും. ഇത് അങ്ങനെയല്ല. നിർബന്ധമായും അനധികൃതമായി മണലെടുക്കുന്നതിനാകില്ലെന്ന സന്ദേശം നൽകുകയും അതിന് കരുത്തുപകരുന്ന ഒരു നിയമമായതുകൊണ്ടും നിയമ രൂപീകരണത്തിൽ ഏറ്റവും ഉയർന്ന ശിക്ഷയാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നതുകൊണ്ടും രണ്ടുവർഷംവരെ എന്നുപറയുന്നതുപോലെ

തുക നിശ്ചയിച്ചതാണ്. ഈ കുറ്റത്തിന്റെ ഗ്രാവിറ്റിക്ക് അനുസരിച്ച് അക്കാര്യം ചെയ്യാവുന്നതാണ്. എക്കലും ചെളിയും നീക്കംചെയ്യണമെന്ന് തീരുമാനിച്ചത് പ്രത്യേക ഘട്ടത്തിൽ നദികളെയും പുഴകളെയും സംരക്ഷിക്കാനും കേരളത്തിലുണ്ടാകുമെന്ന് പേടിച്ചിരുന്ന വെള്ളപ്പൊക്കം ഒഴിവാക്കാനും വേണ്ടിയാണ്. അതുമായി ബന്ധപ്പെട്ട് മറ്റൊരു അനധികൃത പ്രവർത്തനത്തിനും സാധിക്കാത്ത വിധത്തിലുള്ള ശക്തമായ ഇടപെടൽ നടത്തുന്നതിനുവേണ്ടിയുള്ള കമ്മിറ്റികളെയാണ് ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. ഈ നിയമത്തിന്റെ ഭാഗമായി ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്നതിൽ കേരളത്തിൽ വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ നിശ്ചയിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവർ കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് നിലവാരത്തിലുള്ള കടവ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ കമ്മിറ്റികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, പോലീസ്, ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി, ഭൗമ ശാസ്ത്രപഠന കേന്ദ്രം, പരിസ്ഥിതി ശാസ്ത്രജ്ഞർ, തൊഴിലാളി പ്രതിനിധികളടക്കം എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് അനധികൃതമായ വിധത്തിൽ ഇത്തരം നടപടിയുണ്ടാകാതിരിക്കാനുള്ള

കർശനമായ നിയമമാണ് രൂപീകരിച്ചിട്ടുള്ളത്. അതിനെ കുറച്ചുകൂടി സ്ട്രെംഗ്തൻ ചെയ്യുന്നതിന്റെ ഭാഗമായി 2011-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റിൽ, 2022-ൽ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നതെന്നാണ് സഭയ്ക്ക് മുമ്പാകെ സൂചിപ്പിക്കാനുള്ളത്.

2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു ഭേദഗതിക്കുവേണ്ടിയാണ് സഭയുടെ മുമ്പാകെകൊണ്ടുവരുന്നത്. 106 (b) പ്രകാരം ലഭ്യമാകുന്ന പട്ടയങ്ങളിൽ ഏതെങ്കിലും വിധത്തിൽ ലാൻഡ് ട്രിബ്യൂണൽ ചർച്ച ചെയ്യുമ്പോൾ അല്ലെങ്കിൽ ലാൻഡ് ട്രിബ്യൂണൽ അതിലൊരു തീരുമാനമെടുക്കുമ്പോൾ ഒരു ക്വാസി ജൂഡീഷ്യറി ബോഡിയായ ലാൻഡ് ട്രിബ്യൂണലിൽ അപ്പീൽ നൽകാനുള്ള സൗകര്യം ഇപ്പോൾ മൂന്ന് വിഭാഗത്തിലും ഉൾപ്പെടുന്ന (സർക്കാർ, ജന്മി, കുടിയാൻ) ആളുകൾക്കില്ല. ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്ന വിധത്തിൽ അപ്പീൽ ചെയ്യാൻ അവസരം നൽകുന്ന (102)-ലേയ്ക്ക് 106(b)-യിലൂടെ നമുക്ക് ലഭ്യമാകുന്ന ഭൂമിക്കുകൂടി അവകാശം നൽകുകയെന്ന ലക്ഷ്യം മാത്രമെ ഇപ്പോൾ ഇതിലുള്ളൂ. ഇതിന്റെ വിശദമായ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കേരളം വല്ലാത്തൊരു കാലത്തിലൂടെ

കടന്നുപോയിട്ടുണ്ട്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് ഇപ്പോൾ അവകാശപ്പെടുന്നുണ്ടെങ്കിലും ചെകുത്താന്റെ നാടായിരുന്ന ഒരു കേരളത്തിലൂടെ നാം കടന്നുവന്നതിന്റെ ദുരന്ത പൂർണ്ണമായ ചരിത്രങ്ങളിൽനിന്ന് ഉടലെടുത്തതാണ് കേരളത്തിലെ ഭൂപരിഷ്കരണ നിയമം. ഞാൻ അതിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നില്ല. പൊതുവഴിയിലൂടെ നടക്കാനും പൊതുകുളങ്ങളിൽ കുളിക്കാനും അമ്പലത്തിൽ കടന്ന് ആരാധന നടത്താനും പള്ളിക്കൂടത്തിലിരുന്ന് പഠിക്കാനും മരിച്ചാൽ കുഴിച്ചിടാനുമൊന്നും സാധ്യമല്ലാതിരുന്ന ഒരു ദുരന്തകാലമുണ്ടായിരുന്നു. ആ കാലത്തുനിന്ന് 1957-ൽ കേരളത്തിൽ ഒരു ജനാധിപത്യ ഗവൺമെന്റുണ്ടായി. നിരവധി സമരങ്ങളുടെയും പോരാട്ടങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റ് കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിന് ബീജാവാപം ചെയ്ത ഒരു ബില്ലിന് രൂപം നൽകുകയും ആ ബില്ലിൽനിന്ന് ആരംഭിച്ച നിരന്തര ചർച്ചകൾ ഭൂമിയുടെ ഉടമസ്ഥന്മാരായി കേരളത്തിലെ മനുഷ്യരെ മാറ്റാൻ സാധിക്കുന്ന വിധത്തിൽ ലോകം മുഴുവൻ കേരളത്തെ ശ്രദ്ധിച്ച ഒരു വലിയ ബില്ലിലേയ്ക്ക് വരികയും ചെയ്തു. കേരള നിയമസഭയ്ക്കും കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും ലോകത്തിന്റെ മുമ്പിൽ അവകാശപ്പെടാൻ സാധിക്കുന്ന ഒന്നാണ്

കേരളത്തിലെ ഭൂപരിഷ്കരണ ബിൽ. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഭൂപരിഷ്കരണ നിയമത്തിലെ 84-ാം വകുപ്പനുസരിച്ച് മിച്ചഭൂമിയായ ഭൂമി വിറ്റാൽ അതിന് നിയമസാധുതയില്ല. 84-ാം വകുപ്പ് അനുസരിച്ച് സീലിംഗ് ആക്ടിനെക്കാൾ അധികമായിവരുന്ന ഭൂമി ഈ നിയമത്തെ മറികടക്കാൻ സാധിക്കുന്ന വിധത്തിൽ ഒളിപ്പിച്ച് കടത്താനോ അല്ലെങ്കിൽ ആർക്കെങ്കിലും വിൽക്കാനോ ശ്രമിച്ചാൽ അങ്ങനെ ലഭ്യമാകുന്ന ഭൂമിക്ക് നിയമസാധുതയില്ലെന്ന പ്രശ്നം ഈ ആക്ടിന്റെ ഭാഗമായുണ്ടായിരുന്നു. 1963-ലെ ആക്ടിൽ 2005-ൽ കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് 7 (e) എന്ന പുതിയൊരു വകുപ്പ് കൂട്ടിച്ചേർത്തു. 1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ 7 (e) വകുപ്പ് പുതുതായി കൂട്ടിച്ചേർത്തപ്പോൾ 01-04-1964-നും 2005-ലെ ഭേദഗതി നിയമം നിലവിൽവന്ന 18-10-2006-നുമിടയിലുള്ള കാലയളവിൽ പരിധിയിൽക്കവിഞ്ഞ ഭൂമിയുള്ള ഒരാളിൽനിന്ന് അന്നത്തെ കണക്കനുസരിച്ച് നാല് ഹെക്ടർ വരെ ഭൂമി പ്രതിഫലം നൽകി വാങ്ങുകയോ മറ്റുവിധത്തിൽ ആർജ്ജിക്കുകയോ ചെയ്ത ആളിന് പ്രസ്തുത ഭൂമിയുടെ കുടിയാനായി (deemed tenant) കണക്കാക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. 2005-ലെ ഭേദഗതി നിയമത്തിൽ പിന്നീട് 2014-ൽ ഒരു ഭേദഗതി വരുത്തി നാല് ഹെക്ടറെന്നുള്ളത് നാല് ഏക്കറായി കുറച്ചു. അത് ഈ നിയമ ചരിത്രത്തിന്റെ

ഭാഗമാണ്. 7 (e) പ്രകാരമുള്ള അർഹത ലഭിക്കാൻ 01-04-1964-നും 18-10-2006-നും ഇടയിൽ ആർജ്ജിച്ചതായിരിക്കണം, സീലിംഗ് ഏരിയയിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് വാങ്ങിയതായിരിക്കണം, പ്രതിഫലം നൽകി വാങ്ങിയതോ മറ്റേതെങ്കിലും വിധത്തിൽ ആർജ്ജിച്ചതോ ആയിരിക്കണം, ഇപ്പോഴത്തെ കണക്കനുസരിച്ച് നാല് ഏക്കറിൽ കവിയാത്ത ഭൂമിയുള്ളതാകണം. ഈ ഭൂമി വാങ്ങണമെങ്കിൽ, 7 (e) അവകാശപ്പെടുന്നവർക്ക്, deemed tenant -ആണെന്ന് പറയുന്നവർക്ക് 106 (b) പ്രകാരം ലാൻഡ് ട്രിബ്യൂണലിൽ പോയി അപേക്ഷ നൽകുകയും ലാൻഡ് ട്രിബ്യൂണലിന് ആറ് മാസത്തിനകം ഇവർ യോഗ്യരാണെന്ന് തോന്നിയാൽ അനുസംബന്ധമായ ഒരു ക്രയസർട്ടിഫിക്കറ്റ് നൽകുകയും ചെയ്യാവുന്നതാണ്. 106 (b) പ്രകാരം അതിനൊരു ചട്ടം പിന്നീട് തയ്യാറാക്കി. ഈ നിയമത്തിൽ കുടിയായ്മ സംബന്ധിച്ച് ലാൻഡ് ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള തർക്കമുണ്ടായാൽ അതിന് പോകാനൊരിടമില്ല. സാധാരണഗതിയിൽ ഇതേ നിയമത്തിലെ 125 പ്രകാരം സിവിൽ കോടതിയുടെ വിചാരണാധികാരത്തിന് തടസ്സമുണ്ട്. ആ നിലവാരത്തിൽ ഒരു സിവിൽക്കോടതിയിൽ പോകാനാകില്ല. ഈ നിയമത്തിൽ 102 എന്നൊരു ഭാഗമുണ്ട്. 102 പ്രകാരം വിവിധങ്ങളായ

തലങ്ങളിലുള്ള ആളുകൾക്ക് ഭൂമിയിൽ തർക്കമുണ്ടെങ്കിൽ അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാൻ സാധിക്കുന്നതാണ്. കുടിയാന് കൈവശാവകാശം നൽകുന്നതിൽ തർക്കമുണ്ടെങ്കിൽ 12(2)13A പ്രകാരം 102-ൽ പോകാൻ സാധിക്കും. വകുപ്പ് 22, 23 പ്രകാരം ജന്മിക്ക് ഭൂമി കുടിയാനിൽ നിന്ന് വീണ്ടെടുക്കുന്നത് സംബന്ധിച്ച ഉത്തരവിൽ അപ്പീലുണ്ടെങ്കിൽ 102 പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയിൽ പോകാൻ സാധിക്കും. ഇങ്ങനെ വിവിധ കാര്യങ്ങൾക്കിത് ലഭ്യമാണ്. എന്നാൽ വകുപ്പ് 106 ബി (7 ഇ) പ്രകാരം ഭൂമി സജ്ജമായിട്ടുള്ള ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണലിൽ എതിരായുള്ളൊരു വിധി വന്നാൽ മറ്റെവിടെയെങ്കിലും അതിന് അപ്പീൽ നൽകാൻ യാതൊരു സാദ്ധ്യതയുമില്ലാത്ത സാഹചര്യത്തിൽ അങ്ങനെയുള്ളവർക്ക് അപ്പീൽ നൽകാൻ അവകാശം സജ്ജമാക്കുകയെന്നതാണ് ഇത്തരമൊരു ബില്ലിലേയ്ക്ക് പോകാനുണ്ടായ സാഹചര്യം. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ നിരവധി പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അതെല്ലാം ബിൽ തിരിച്ചുവന്ന് നിയമമാക്കുന്ന ഘട്ടത്തിൽ നമുക്ക് ചർച്ച ചെയ്യാവുന്നതാണ്. രണ്ടാം പിണറായി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് 'ഭൂമിയില്ലാത്തവർക്കെല്ലാം ഭൂമിയും വീടില്ലാത്തവർക്കെല്ലാം വീടും'

എന്നുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മലമ്പുഴ അംഗം സംസാരിച്ചപ്പോൾ കേരളത്തിലെ താലൂക്ക് ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന 1298 കേസ്സുകളെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. വളരെ ഗൗരവതരമായ പരാമർശവും അക്കാദമിക്കായ അറിവുമാണത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനൊരു പോംവഴി അന്വേഷിച്ചിരുന്നു. കേരളത്തിലെ 77 താലൂക്ക് ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ താലൂക്ക് ലാൻഡ് ബോർഡുകൾ വേണ്ടത്ര വേഗതയിൽ അവ പരിശോധിച്ച് വിധി പറയുന്നില്ലെന്ന വസ്തുത തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇതുമായി ബന്ധപ്പെട്ട് ചരിത്രത്തിലാദ്യമായി താലൂക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽ (TLB) 4 ഡെപ്യൂട്ടി കളക്ടർമാരെ ഏർപ്പെടുത്തുവാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റിന്റെ ആരംഭകാലത്തുണ്ടായിരുന്ന 147000 ലാൻഡ് ട്രൈബ്യൂണലിലെ കേസ്സുകളിൽ 41,000 കേസ്സുകൾ അവസാനിപ്പിക്കാൻ ഈ കാലഘട്ടത്തിലെ ശ്രമകരമായ പരിശ്രമത്തിലൂടെ സാധിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടയ ഡാഷ് ബോർഡ് ആരംഭിച്ചു. ഭൂമി കേവലം കൈവശമിരിക്കുന്നവർക്ക് മാത്രമല്ല, ഭൂമിമലയാളത്തിലൊരു തുണ്ടപ്പേരിനുപോലും അവകാശമില്ലാത്ത മുഴുവൻ ജനങ്ങൾക്കും ഭൂമി നൽകുകയെന്ന ലക്ഷ്യത്തോടെ തണ്ടപ്പേരും ആധാറും കണക്കുചെയ്യാൻ

ഇന്ത്യയിൽ ആദ്യം അവസരം ലഭിച്ചത് ഉൾപ്പെടെ, 'യൂണീക് തണ്ടപ്പേർ സിസ്റ്റം' ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകുകതന്നെയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ട് തീർച്ചയായും 'കേരളത്തിലെല്ലാവർക്കും ഭൂമി' എന്ന സ്വപ്ന സങ്കൽപ്പത്തിലേയ്ക്ക് പോകാൻ നമുക്ക് സാധിക്കും. കൊച്ചിയിലെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ൽ നിയമസഭ പാസ്സാക്കിയതാണ്. 2018-ൽ അതുമായി ബന്ധപ്പെട്ട് ചില ചർച്ചകളുണ്ടായ ഘട്ടത്തിലാണ് അതിൽ ഭേദഗതി കൊണ്ടുവരാൻ കേരളത്തിലെ നിയമസഭ തീരുമാനിച്ചത്. കെട്ടിക്കിടക്കുന്ന കേസ്സുകളിന്മേൽ ആറ് മാസത്തിനിടയിലുണ്ടായ മാറ്റം ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഫോർട്ട് കൊച്ചിയിൽ മാത്രം കഴിഞ്ഞ ആറ് മാസത്തിനിടയിൽ പതിനാലായിരത്തിലേറെ അപേക്ഷകളാണ് തീർക്കാനായത്. കേരളത്തിലെ ഗവൺമെന്റ് ഒരു പ്രത്യേക മിഷൻ ഈ രംഗത്ത് ആരംഭിച്ചു. 991 പുതിയ ജീവനക്കാർ, 341 പുതിയ വാഹനങ്ങൾ, അത്രയേറെ ഉപകരണങ്ങൾ എന്നിവ പ്രത്യേകമായി നൽകിക്കൊണ്ട് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ടുവരുന്ന കേസ്സുകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു മിഷൻ നടത്തുകയുണ്ടായി. അതിന്റെ

ഫലമായി കേരളത്തിലെ 27 ആർ.ഡി.ഒ. കോടതികളിൽ (രണ്ട് ആർ.ഡി. ഓഫീസുകളിലൊഴികെ) 25-ലേയും ജനുവരി 31 വരെ ഓഫ് ലൈനായി കൊടുത്ത മുഴുവൻ അപേക്ഷകളും ഇതിനകം പൂർത്തീകരിക്കാൻ സാധിച്ചു. ഫെബ്രുവരി 1 മുതൽ നൽകിയ ഒരു ലക്ഷത്തി അമ്പതിനായിരത്തോളം ഓൺലൈൻ അപേക്ഷകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ആറ് മാസത്തേയ്ക്ക് തുടങ്ങിയ മിഷന്റെ കാലാവധി കഴിഞ്ഞ ക്യാബിനറ്റ് തീരുമാനപ്രകാരം വീണ്ടും ആറുമാസത്തേയ്ക്കുകൂടി നീട്ടാൻ തീരുമാനിച്ചു. അത് പൂർത്തിയാകുന്നതോടുകൂടി അതതുമാസങ്ങളിൽ തീർക്കാൻ കഴിയുന്ന വിധത്തിൽ ആ പ്രവർത്തനങ്ങളെ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. നേരത്തെ ഇവിടെ അവതരിപ്പിച്ച ബില്ലുകളോട് അനുകൂലമായ തീരുമാനം കൈക്കൊള്ളണമെന്ന് സഭയോട് സവിനയം ഞാൻ അഭ്യർത്ഥിക്കുന്നു. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ശ്രീ. യു. എ. ലത്തീഫ്, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ,

പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ:

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ടി. ജെ. വിനോദ്, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ, പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……….

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 04.36-ന് പിരിഞ്ഞു.)

******

**അനുബന്ധം**

(1) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*31)- 'എ' പിരിവിന്റെ ബാക്കിഭാഗം

(എ) തുടർച്ച

തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട് കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ എന്നിവിടങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കി വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കി കൊടുക്കുന്നു. കൂടാതെ കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റ്യാടിയിൽ Industrial Park തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളും സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളും കാലാനുസൃതമായ രീതിയിൽ ആധുനികവൽക്കരിക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും 'സിഡ്ബി'-യുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർക്കാവശ്യമായ സാങ്കേതിക സഹായവും സ്ഥലസൗകര്യവും നൽകുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(2) <u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*32)-ന്റെ 'സി' പിരിവിന്റെ മറുപടിയുടെ ബാക്കി ഭാഗവും 'ഡി' പിരിവിന്റെ മറുപടിയും</u>

(സി) തുടർച്ച

ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് ലക്ഷ്യമിട്ട് 'എമേർജിംഗ് ടെക്നോളജി ഗ്രീൻ ഫീൽഡ് ഇൻഡസ്ട്രിയൽ പാർക്ക്' എന്ന പേരിൽ ഒരു പദ്ധതി കൊരട്ടിയിലും 'അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്' എന്ന പേരിൽ ഒരു പദ്ധതി കൊച്ചിയിലും സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ചുവരുന്നു. കൂടാതെ, തിരുവനന്തപുരം ടെക്നോപാർക്കിന്റെ നാലാംഘട്ടത്തിൽ വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ് മറ്റനുബന്ധ മേഖലകൾ എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വരുന്നു.

(ഡി) ഉണ്ട്.

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി എന്നിവയുടെ നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുംവേണ്ടി 375 കോടി രൂപ ചെലവുവരുന്ന ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർപ്ലാനിൽ ട്രാഫിക് മാനേജ്മെന്റ്, ഡിഫെൻസ് പ്രോഡക്റ്റ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് 105 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

**(3) രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നടപടി**

4 (*34) ശ്രീ. കുറുക്കോളി മൊയ്തീൻ :
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. എ. കെ. എം. അഷ്റഫ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ

സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി

വകുപ്പിലെ എല്ലാ ആഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2022 നവംബർ മാസം വരെ 11 ജില്ലകളിലെ ആഡിറ്റർമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16-08-2022-ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. അടുത്തതായി ടീം ആഡിറ്റ് തൃശ്ശൂർ ജില്ലയിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് MATRIX- ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനും ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നല്കിവരുന്നു. ആഡിറ്റ് MATRIX- ൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി

ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് &ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS -ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്നപേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത വിഷയം അന്വേഷിച്ച ഉന്നതാധികാര സമിതി ക്രമക്കേടുകൾ തടയുന്നതിന് എന്തെങ്കിലും നിർദേശങ്ങൾ സമർപ്പിച്ചിരുന്നോ;

(സി) എങ്കിൽ അവ എന്തെല്ലാമെന്നും ആയത് നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

(ബി & സി) ഉന്നതാധികാര സമിതി സമർപ്പിച്ച നിർദ്ദേശങ്ങൾ ചുവടെ

ചേർക്കുന്നു.

1. ഈട് വസ്തുവിന്റെ മൂല്യനിർണ്ണയം ഉൾപ്പെടെ വായ്പ അപേക്ഷകൾ കൈകാര്യം ചെയ്തതിൽ സംഭവിച്ച ഗുരുതരമായ പിഴവാണ് തൽപ്പര കക്ഷികൾക്ക് ബാങ്കിനെ കബളിപ്പിച്ച് പണാപഹരണം നടത്താൻ സഹായകരമായത്. ഇത് മറ്റ് സഹകരണ സംഘങ്ങളിലും ഇതേ രീതിയിലോ മറ്റ് നൂതന രീതികളിലോ അവലംബിക്കപ്പെടാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. ആയതിനാൽ എല്ലാ വായ്പ സഹകരണ സംഘങ്ങളിലും സഹകരണ നിയമം 28(1G) പ്രകാരം പ്രൊഫഷണൽ ഡയറക്ടർമാരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാവുന്നതാണ്.
2. ബാങ്കുകൾ വൻകിട വായ്പകൾ നൽകുമ്പോൾ 10 ലക്ഷം രൂപയിൽ കൂടുതലാണ് വായ്പ തുകയെങ്കിൽ വായ്പ അപേക്ഷയോടൊപ്പം വായ്പ തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ " പദ്ധതി റിപ്പോർട്ട്" കൂടി സമർപ്പിക്കേണ്ടതാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെങ്കിൽ നിർമ്മാണ വിശദാംശങ്ങളായ പ്ലാൻ, എസ്റ്റിമേറ്റ് മുതലായവ സമർപ്പിക്കേണ്ടതുമാണെന്നും ഇപ്രകാരം ലഭിക്കുന്ന വായ്പ അപേക്ഷകൾ ബാങ്കിലെ പ്രൊഫഷണൽ

ഡയറക്ടർമാർ, ബാങ്ക് സെക്രട്ടറി എന്നിവരടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് വായ്പ ശിപാർശ ചെയ്യേണ്ടതുണ്ടെന്നും നിഷ്കർഷിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും. വലിയ വായ്പകൾ പ്ലാൻ പ്രകാരം ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് വായ്പ തവണകളായി അനുവദിക്കുന്നത് പരിഗണിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിക്കാവുന്നതാണ്.

3. കരുവന്നൂർ ബാങ്കിൽ വസ്തുവിന്റെ മൂല്യനിർണ്ണയത്തിൽ വ്യാപക ക്രമക്കേടാണ് നടന്നിട്ടുള്ളത്. ഈട് വസ്തുവിന്റെ വിപണിമൂല്യം പെരുപ്പിച്ചു കാണിച്ചാണ് വൻതുക വായ്പകൾ തരപ്പെടുത്തിയത്. സമാന രീതിയിലെ തട്ടിപ്പ് മറ്റ് സഹകരണ സംഘങ്ങളിലും സാദ്ധ്യമാവുമെന്നതിനാൽ ഈട് വസ്തുവിന്റെ മൂല്യനിർണ്ണയം നിശ്ചയിക്കാൻ സംവിധാനമുണ്ടാകേണ്ടതുണ്ട്. 10 ലക്ഷം രൂപയിൽ അധികരിച്ച് വായ്പ നൽകുമ്പോൾ സ്വീകരിക്കുന്ന ഈട് വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് കൊമേഴ്സ്യൽ ബാങ്കുകളിൽ നിലവിൽ സ്വീകരിച്ചുവരുന്ന മാതൃകയിൽ ഈ രംഗത്ത് മുൻപരിചയവും നിശ്ചിത യോഗ്യതയുമുള്ള വാല്യൂവർമാരുടെ പാനൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി പ്രസ്തുത പാനലിലുള്ള വാല്യൂവർമാരുടെ

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്താവുന്നതുമാണ്.

4. ആഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ ആഡിറ്റർ ഭരണസമിതി വിളിച്ചു ചേർത്ത് ചർച്ച ചെയ്യണമെന്ന നിലവിലെ വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുവെന്നും ആഡിറ്റ് ന്യൂനതകൾ വ്യക്തമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും നിയന്ത്രണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

5. ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന സംഘം നിയമാനുസൃതം ന്യൂനതകൾ പരിഹരിക്കേണ്ടതും പരിഹരണ റിപ്പോർട്ട് ഭരണവിഭാഗത്തിൽ സമർപ്പിക്കേണ്ടതുമുണ്ട്. ഇപ്രകാരം സംഘങ്ങൾ ആഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അതാത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരെ ചുമതലപ്പെടുത്താവുന്നതാണ്.

6. ബാങ്കിൽ MDS ഇടപാടിൽ വ്യാപക ക്രമക്കേട് നടന്നിട്ടുണ്ട്. സമാന രീതിയിൽ മറ്റ് സംഘങ്ങളിലും MDS ഇടപാടിൽ ക്രമക്കേടിന് സാധ്യത കാണുന്നതിനാൽ MDS ഇടപാടുകൾ സംഘങ്ങളുടെ കണക്കുകളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്. നിലവിൽ MDS ഇടപാടുകൾ ഏകീകൃത രീതിയിലല്ല

വിവിധ സഹകരണ സംഘങ്ങൾ നടത്തിവരുന്നത്. MDS-ന് ഒരു പൊതു ഉപനിബന്ധന ഇല്ലാത്തത് MDS നടത്തിപ്പിലെ ക്രമക്കേടുകൾക്ക് ഒരു കാരണമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. MDS കണക്കെഴുത്ത് രീതിയും ഏകീകൃതമാകേണ്ടതുണ്ട്. ആകയാൽ MDS ഉപനിബന്ധനയിൽ ഉണ്ടാകേണ്ട വ്യവസ്ഥകളും MDS കണക്കെഴുത്ത് രീതിയും വ്യക്തമാക്കുന്ന ഒരു സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതുണ്ട്.

7. സഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വിവരങ്ങളിലെ ക്രമക്കേടുകൾ വ്യാപകമാവുന്നത് തടയേണ്ടതുണ്ട്. സഹകരണ സംഘങ്ങളിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം സംഘങ്ങൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഏകീകൃത സോഫ്റ്റ്‌വെയർ PACS -കളിൽ നടപ്പിൽ വരുത്തേണ്ടതുമുണ്ട്.

8. സംഘങ്ങളിലെ ജീവനക്കാരെ 2 വർഷം കൂടുമ്പോൾ കൈകാര്യം ചെയ്യുന്ന സീറ്റിൽ നിന്നും മാറ്റുന്നതും ബ്രാഞ്ചുകളിൽ മാറ്റി നിയമിക്കുന്നതും പരിഗണിക്കേണ്ടതാണ്.

സംഘങ്ങളിലെ ജീവനക്കാരെ 2 വർഷം കൂടുമ്പോൾ കൈകാര്യം ചെയ്യുന്ന സീറ്റിൽ നിന്നും മാറ്റുന്നതു സംബന്ധിച്ചും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ആഡിറ്റ് സംബന്ധിച്ചും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സഹകരണ ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

സർക്കാർ നിയോഗിച്ച ഉന്നതാധികാര കമ്മിറ്റിയുടെ മറ്റു നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് സഹകരണ നിയമ ഭേദഗതി ആവശ്യമാണ്. സഹകരണ നിയമത്തിൽ സമഗ്ര നിയമഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**സംരംഭക വർഷം പദ്ധതി**

5 (*35) ശ്രീ. കെ. എം.സച്ചിൻദേവ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ :
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മുന്നേറ്റത്തിന് അനുകൂലാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സംരംഭക വർഷം പദ്ധതിയിൽ ഇതുവരെ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്?

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നവംബർ 29, 2022 വരെ 95,195 സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കുകയും അവയിലൂടെ 5903.60 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 2,07,884

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

(ബി) വ്യവസായങ്ങൾ ആരംഭിക്കുന്നത് അനായാസകരമാക്കുന്നതോടൊപ്പം ആരംഭിച്ചവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിലും അതുപോലെ നഗരസഭാ തലത്തിലും എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)- യുമായി ചേർന്ന് ഒരു

ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് GeM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GeM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ

വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി) സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ഈ സൗകര്യങ്ങളെല്ലാം തന്നെ വായ്പയും വിവിധ

വകുപ്പുകൾ/ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള താഴെ പറയുന്ന പദ്ധതികളും നിലവിലുണ്ട്.

1. പി.എം.എഫ്.എം.ഇ. പദ്ധതി

2. സംരംഭക സഹായ പദ്ധതി

3. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

4. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

5. സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ:

a. Revival and rehabilitation scheme for defunct MSMEs and cashew processing units

b. The Kerala stressed MSMEs Revival & Rehabilitation Scheme

കൂടാതെ 2022-23 സംരംഭകത്വ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന പദ്ധതികളും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

3. നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള (സ്കെയിലിംഗ് അപ്) സഹായം.

**എം.എസ്.എം.ഇ. വ്യവസായ പദ്ധതി**

6 (*36) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം നാല്പതിനായിരം തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കരട് വ്യവസായ നയത്തിൽ എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ടോ?

ഉണ്ട്. ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ

ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എം.എസ്.എം.ഇ. വിഭാഗത്തിൽപെട്ട വ്യവസായങ്ങൾക്ക് കാലതാമസമില്ലാതെ അനുമതി ലഭ്യമാക്കുന്നതിനും അവയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ട സഹായം നൽകുന്നതിന് പദ്ധതിയുണ്ടോയെന്നറിയിക്കാമോ?

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ നിയമം" നിലവിൽ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ

ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ്‌വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം സംരംഭകൻ അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ

നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു. ഈ സൗകര്യങ്ങൾ എല്ലാം തന്നെ വായ്പയും, വിവിധ വകുപ്പുകൾ/ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചു കൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്.

(സി) സംരംഭക അനുയോജ്യ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവർക്കുവേണ്ട മാർഗ്ഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും വിപണി കണ്ടെത്തുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട ഇടപെടൽ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചുകൊണ്ട് സംരംഭകർക്ക് പരമാവധി കൈതാങ്ങ് സഹായം ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

സംരഭകർക്ക് വിപണി കണ്ടെത്തുന്നതിനായി

സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ നിലവിലുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശിയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. പ്രസ്തുത പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആഗോളതലത്തിലുള്ള വ്യവസായികൾ/ബയ്യർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന പ്രസ്തുത പോർട്ടലിലൂടെ സൂക്ഷ്മ-ചെറുകിട-

ഇടത്തരം വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തുകൊണ്ട് അവരുടെ ഉല്പന്നങ്ങളെയും സേവനങ്ങളെയുംക്കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുവാൻ ഈ പോർട്ടൽ സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി

കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിലെത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ. സംരംഭങ്ങൾക്ക് GeEM PORTAL രജിസ്ട്രേഷൻ നടത്തുന്നതുവഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GeM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബിൽ

7 (*37) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. രാജ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി)സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വൈദ്യുതി നിയമ ഭേദഗതി ബിൽ നിയമമായാൽ സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ

സംസ്ഥാനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; കൺകറന്റ് ലിസ്റ്റിലുള്ള വിഷയമായിട്ടും സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ ഏകപക്ഷീയമായി നിയമ ഭേദഗതി കൊണ്ടുവരുന്നതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുമോ?

ഉണ്ട്. അറിയിച്ചിട്ടുണ്ട്.

(ബി) വിതരണ മേഖല സ്വകാര്യ കുത്തകകൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള ബില്ലിലെ വ്യവസ്ഥ കെ.എസ്.ഇ.ബി.എൽ.-നെ തകർച്ചയിലേയ്ക്ക് നയിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്. സംസ്ഥാന സർക്കാർ നികുതിപ്പണം മുടക്കി നിർമ്മിച്ച നിലയങ്ങളിൽനിന്ന് ഉൾപ്പെടെ, നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്കുവയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജ ശേഷി വർദ്ധിപ്പിക്കുകയെന്ന സംസ്ഥാന താല്പര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിലിരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന്റെ മാത്രം ബാധ്യതയായി വരും. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക്

ഗണ്യമായി വർദ്ധിപ്പിക്കുകയും അതുകൊണ്ടുതന്നെ ഉപഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യും. ഇത് ഉണ്ടാക്കുന്ന ദൂഷിതവലയം (vicious circle) കാലക്രമത്തിൽ പൊതുമേഖലയുടെ തകർച്ചയിലേക്ക് നയിക്കും.

(സി) ക്രോസ് സബ്സിഡി ഒഴിവാക്കണമെന്ന വ്യവസ്ഥ പാവപ്പെട്ട ഉപഭോക്താക്കളെ പ്രതിസന്ധിയിലേക്ക് നയിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

**വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

8 (*38) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ദെലീമ
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന വ്യവസായനയം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ പുതിയ വ്യവസായ വാണിജ്യ നയം പ്രാവർത്തികമാക്കുന്നതിനും അതിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ നടപടികളും പ്രോത്സാഹനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, കെ-ബിപ് തുടങ്ങിയ സർക്കാർ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നയത്തിൽ വിഭാവന ചെയ്തിരിക്കുന്ന മുൻഗണനാ മേഖലകൾക്ക് പ്രത്യേക ഊന്നൽ നല്കുന്നതിനായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ നയത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ പദ്ധതികൾക്ക്/പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വർഷാവർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി അർഹരായ സംരംഭങ്ങൾക്ക് ലഭ്യമാക്കാനും വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലെ നിക്ഷേപ സൗഹൃദാന്തരീക്ഷം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും വിദേശത്ത് നിന്നുൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്. കേരളത്തിൽ നിലവിലെ വ്യവസായ/നിക്ഷേപ സൗഹൃദാന്തരീക്ഷം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും വിദേശത്ത് നിന്നുൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും അതുവഴി താഴെപ്പറയുന്ന തുടർ നടപടികൾ എടുത്തു വരികയുമാണ്.

1. കേരളത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളായ EODB റാങ്കിലുള്ള കേരളത്തിലെ പുരോഗതി, കെ-സ്വിഫ്റ്റ് പോർട്ടലിന്റെ ഗണ്യമായ പ്രവർത്തനക്ഷമത, പുതിയ പദ്ധതികളായ പ്രൈവറ്റ് ഇൻവസ്റ്റ്മെന്റ് എസ്റ്റേറ്റ് പോളിസി, പുതിയ കരട് വ്യവസായ വാണിജ്യ നയം കൂടാതെ കേരളത്തിലുള്ള വലുതും ചെറുതുമായ വിജയകരമായും അന്താരാഷ്ട്ര നിലവാരത്തിൽ പ്രവർത്തിക്കുന്നതുമായ യൂണിറ്റുകളെ സംബന്ധിക്കുന്ന വീഡിയോകളും, പോസ്റ്ററുകളും, ബ്രോഷറുകളും മറ്റും നിർമ്മിക്കുകയും അവ നവ മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കേരളത്തിൽ നിക്ഷേപ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ

തിരിച്ചറിയുകയും അതിൽ 6 സെക്ടറുകളിൽ നിക്ഷേപകരുമായി വ്യവസായ വകുപ്പുമന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും ഇതിനോടകം കൂടിക്കാഴ്ച നടത്തുകയും അത്തരം മേഖലകളിൽ സർക്കാർ ഏജൻസികൾ നടത്തേണ്ട സുപ്രധാന ഇടപാടുകളെ പറ്റിയുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

3. പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി അവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരുമായി സ്ഥിരം സംവദിക്കുന്നതിനുമുള്ള ഒരു സംവിധാനം കൊണ്ടുവരാനും മറ്റുമായി ആദ്യപടിയെന്നോണം ദുബായിലും, ഡൽഹിയിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓഫീസ് തുടങ്ങുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

4. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിലേക്കായി ഇൻഡ്യയിൽ (പ്രത്യേകിച്ചും കേരളത്തിൽ) നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള രാജ്യങ്ങളിൽ പോവുകയും അവിടെയുള്ള നിക്ഷേപകരുമായി കൂടിക്കാഴ്ച നടത്തി കേരളത്തിന്റെ വ്യവസായ സാധ്യതകളെ സംബന്ധിച്ചും മാറിയ വ്യവസായ അന്തരീക്ഷത്തെ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ നല്കി നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

5. കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്തുവാനായി അവരുടെ ആവശ്യങ്ങളും മറ്റും മനസ്സിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്തു. തുടർ നിക്ഷേപം കേരളത്തിൽ തന്നെ നടത്തുവാൻ വേണ്ട നടപടിക്രമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നീ സ്ഥലങ്ങളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട്, കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ തുടങ്ങിയവയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ചെയ്തു വരുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

കൂടാതെ കാസർകോഡ് ഇൻഡസ്ട്രിയൽ സ്പേസ്, അങ്കമാലിയിൽ ബിസിനസ് പാർക്ക്, കുറ്റ്യാടിയിൽ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും KSIDC ആരംഭിച്ചിട്ടുണ്ട്. ടി വ്യവസായ

പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും സംരംഭത്തിന് അത്യന്താപേക്ഷിതമായ അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമ്മാർജന ഓടകൾ, മലിനജല സംസ്കരണ ശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവ്വഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവയാണ് KSIDC ഒരുക്കുന്നത്.

കൂടാതെ, പാർക്കുകളിലെയും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെയും സംരംഭകരുടെ ആവശ്യാനുസരണം ടി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ നവീകരണവും ചെയ്തുവരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

9 (*39) ശ്രീ. കെ. കെ. രാമചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങൾ കാരണം രാജ്യത്തൊട്ടാകെയുണ്ടായ വൻ വിലക്കയറ്റം സംസ്ഥാനത്ത് നിയന്ത്രിച്ച് നിർത്തുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റമുള്ള സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധതരം പ്രവർത്തനങ്ങളാണ് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി എഫ്.സി.ഐ. വഴി സംഭരിച്ച്, റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽമൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ 1632 ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി മേയ് 2016-ലെ നിരക്കിൽ നല്കിവരുന്നു. ഇതുകൂടാതെ വകുപ്പിൽ നിലവിലുള്ള താലൂക്കുതല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയശിപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ' Price Monitoring Cell' പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ സഹായത്തോടെ PMS പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവന ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതുവഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനുംവേണ്ടി 18.05.2022-ലെ G.O.(Rt) No: 173/2022/F&CSD പ്രകാരം ' Centre for price Research Kerala' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം കൂടി വ്യാപാരി സമൂഹത്തെകൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ വിപണി നടത്തുന്നുണ്ട്. ഈ വർഷം ഇത്തരത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണം വിപണി നടത്തിയിരുന്നു. അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ഓഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപ്പന

നടത്തുന്നുമുണ്ട്. സ്കൂൾ സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകളും നടത്തുന്നുണ്ട്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായി മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമ്പോഴും എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കുമെത്തുന്ന തരത്തിൽ സംസ്ഥാനത്ത് ക്ഷേമ പ്രവർത്തനങ്ങൾ തുടരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 890 ക്ഷേമ സ്ഥാപനങ്ങളിലും ഹോസ്റ്റലുകളിലുമായി അഗതികളും ആലംബഹീനരുമായ 37634 പേരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, ഒരു അംഗത്തിന് 10.5 kg അരിയും 4.5 kg ഗോതമ്പും പ്രതിമാസം സൗജന്യ നിരക്കിൽ നൽകിവരുന്നു. കൂടാതെ 2022-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണകിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ

സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിലും ഒരു കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജന്റേഴ്സിന് ആധാർ പരിശോധിച്ചും 18957 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ടി കിറ്റ് ഉൾപ്പെടെ 2022 ഓണത്തോടനുബന്ധിച്ച് ആകെ 85,88,540 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംസ്ഥാനത്ത് അരിയുടെ വിലക്കയറ്റം തടയുന്നതിന് എല്ലാ ജില്ലകളിലും സപ്ലൈകോയുടെ അരി വണ്ടികൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതുവിപണിയിലെ 3222 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നോട്ടീസ് നല്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ നൽകുകയെന്ന ഉദ്ദേശ്യത്തോടെ, കേരളത്തിലെ 50 നിയോജകമണ്ഡലങ്ങളിൽ "സുഭിക്ഷ" ഹോട്ടലുകൾ ആരംഭിച്ച് 20 രൂപ നിരക്കിൽ ഉച്ച ഭക്ഷണം നൽകി വരുന്നു.

സംസ്ഥാനത്ത് ആകെ 52,38,287 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഗുണഭോക്താക്കളും 12,14,125 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹരായ 50,67,443 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 6,73,561 ഗുണഭോക്താക്കൾക്കും 2022 സെപ്റ്റംബർ മാസത്തെ പെൻഷൻ നൽകുന്നതിനായി 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതാത് മാസം തന്നെ പെൻഷൻ നൽകുകയെന്നതാണ് സർക്കാർ നയം.

കോവിഡ്-19 ആദ്യ വ്യാപന സമയത്തും രണ്ടാം വ്യാപന സമയത്തും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി 05.05.2020-ലെ സ.ഉ(സാധാ) നം.2947/2020/ധന, 24.06.2021-ലെ സ.ഉ(സാധാ) നം.4650/2021/ധന, 09.09.2021-ലെ സ.ഉ(സാധാ) നം.5921/2021/ധന (erratum G.O) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും മേൽ തുക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ജി.എസ്.ടി. നഷ്ടപരിഹാരം, റവന്യൂ കമ്മി ഗ്രാന്റ്, കേന്ദ്ര നികുതി വിഹിതം എന്നീ ഇനങ്ങളിൽ കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുകയും ഈ വർഷം ഇതുവരെ ലഭിച്ച തുകയും എത്ര വീതമെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷം ജി.എസ്.ടി നഷ്ടപരിഹാരം- ഗ്രാന്റായി 3855.55 കോടി രൂപയും ജി.എസ്.ടി നഷ്ടപരിഹാരം- ലോണായി 8739.31 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റായി 19891 കോടി രൂപയും കേന്ദ്ര നികുതി വിഹിതമായി 17820.09 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം 29.11.2022 വരെ ജി.എസ്.ടി. നഷ്ടപരിഹാരമായി 6465.47 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റായി 8782.67 കോടി രൂപയും കേന്ദ്ര നികുതി വിഹിതമായി 10608.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

**അന്ധവിശ്വാസം ഉന്മൂലനം ചെയ്യാൻ നിയമനിർമ്മാണം**

10(*40) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസവും ദുരാചാരങ്ങളും ഉന്മൂലനം ചെയ്യാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇക്കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) അന്ധവിശ്വാസം വൈയക്തിക തലത്തിൽ നിന്ന് സാമൂഹ്യ വിപത്തായി മാറുന്നതിനെതിരെ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

(സി) കലാസാംസ്കാരികരംഗം ചലനാത്മകമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളെക്കുറിച്ചും ജില്ലകളിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ചും അറിയിക്കുമോ?

കലാസാംസ്കാരികരംഗം ചലനാത്മകമാക്കുന്നതിന് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, നാട്ടരങ്ങ്, ഗ്രാമീണ കലാകേന്ദ്രം പദ്ധതി, കേരള സംസ്കാര വ്യാപനം പദ്ധതി, മഴമിഴി നവ മാധ്യമ കലാസംഗമം പദ്ധതി എന്നീ പദ്ധതികൾ സാംസ്കാരിക വകുപ്പിൽ നിലവിലുണ്ട്. ജില്ലകളിൽ

സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി മറികടക്കാൻ നടപടി

11 (*41) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖല മുൻപില്ലാത്തവിധം പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സിമന്റ്, കമ്പി, മെറ്റൽ, എം.സാന്റ്, ടൈൽ, പ്ലംബിംഗ്, ഇലക്ട്രിക്കൽ ഉല്പന്നങ്ങൾ, പെയിന്റ് തുടങ്ങി നിർമ്മാണ മേഖലയിലെ അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് വരുന്നതിനാൽ ഇക്കാര്യത്തിൽ ഏതെല്ലാം രീതിയിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സിമന്റിന്റെ വില അഞ്ഞൂറ് രൂപയിലധികമായതിനാൽ നിർമ്മാണ മേഖലയിലെ ചെലവ് ഇരുപത് ശതമാനത്തിലധികം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

(എ - ഡി) കോവിഡുമൂലവും ആഗോള മാന്ദ്യംമൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണം പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റു പോകാത്തതും കോമേഴ്സ്യൽ സ്പെയിസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴിയുണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്.

ഇതര ബ്രാന്റുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കേന്ദ്ര നയങ്ങൾമൂലമുണ്ടാകുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ 'കലവറ' എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായനയം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവന ചെയ്തിട്ടുള്ളതാണ്.

## ഉപയോഗമില്ലാത്ത ഇലക്ട്രിക് ലൈനുകൾ നീക്കം ചെയ്യാൻ നടപടി

12(*42) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടത്തും മുമ്പ് സ്വകാര്യ ഭൂമിയിൽ കൂടി വലിച്ചിരുന്ന ഇലക്ട്രിക് ലൈനുകൾ ഉപേക്ഷിച്ച് പുതിയ റോഡുകൾ വന്നപ്പോൾ പുതിയ ലൈനുകൾ വലിക്കുകയും പഴയ ലൈനുകൾ ഉപയോഗിക്കാതെ കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം ഉപയോഗമില്ലാത്ത ലൈനുകൾ സംബന്ധിച്ച് ഒരു പഠനം നടത്തി കെ.എസ്.ഇ.ബി.-യുടെ ചെലവിൽ പ്രസ്തുത ലൈനുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉപയോഗമില്ലാത്ത ലൈനുകളിൽ ഭൂരിഭാഗവും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒഴിവാക്കിയിട്ടുള്ളതാണ്. 2018 മുതൽ 2021 വരെ കെ.എസ്.ഇ.ബി.എൽ. തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ദ്യുതി 1 പദ്ധതിയിലും സുരക്ഷ മുൻനിർത്തി ഇത്തരത്തിലുള്ള 1045 കി.മീ. ലൈനുകൾ ഒഴിവാക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ വിതരണ രംഗത്ത് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദ്യുതി 2

പദ്ധതിയിലും ഉപയോഗിക്കാതെ കിടക്കുന്ന 1875 കി.മീ. ലൈനുകൾ കണ്ടെത്തി മാറ്റുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി ഉല്പാദന ചെലവിലെ വർദ്ധനവ് തടയാൻ നടപടി

13 (*43) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം (ശ്രീ. കെ. കൃഷ്ണൻകുട്ടി) മറുപടി നൽകുമോ:

(എ) കൽക്കരിക്ഷാമം പരിഹരിക്കാതെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം വൈദ്യുതി ഉൽപ്പാദന ചെലവിൽ നാലിലൊന്നിലധികം വർദ്ധനവ് വരുത്താൻ വഴിയൊരുക്കിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കണമെന്ന നിബന്ധന കാരണം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി വാങ്ങുന്നതിൽ പ്രതിമാസം ഉണ്ടാകുന്ന ശരാശരി അധിക ബാധ്യത എത്രയെന്ന് അറിയിക്കാമോ?

(എ & ബി) ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം വൈദ്യുതി എനർജി ചാർജിൽ 12.23 ശതമാനം വർദ്ധനവിന് വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് കാലഘട്ടത്തിനുശേഷമുണ്ടായ

അധിക വൈദ്യുതി ആവശ്യകതയ്ക്ക് അനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉല്പാദകർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പക്ഷെ ഇതനുസരിച്ച് ഉത്പാദനം കൂട്ടാനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ നിലയങ്ങൾക്ക് ഉത്പാദനം കുറയ്ക്കേണ്ടതായി വന്നു. ഈ പ്രതിസന്ധി മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022-ലെ കത്ത് പ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ ഉത്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതിയുണ്ടാകാത്തതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-7-2022-ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുവാദം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി എനർജി ചാർജ് കൂടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചത് വഴി കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി വാങ്ങൽ ചെലവിൽ പ്രതിമാസം ശരാശരി 11.12 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്.

(സി) വൈദ്യുതി നിരക്ക് കുറവുള്ള വൈദ്യുതി നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് പകരം ഉയർന്ന നിരക്ക് ഈടാക്കുന്ന

വൈദ്യുതോല്പാദന നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങണമെന്ന കേന്ദ്ര നിലപാട് തിരുത്താൻ ആവശ്യപ്പെട്ടുമോ?

വൈദ്യുതി നിരക്ക് കുറവുള്ള നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനുപകരം ഉയർന്ന നിരക്കുള്ള നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങണമെന്ന നിലപാട് കേന്ദ്രം സ്വീകരിച്ചിരുന്നുവെന്നത് വസ്തുതയല്ല.

രാജ്യത്തിന്റെ വൈദ്യുതി ആവശ്യകതയുടെ മുഖ്യപങ്കും നിറവേറ്റുന്നത് താപനിലയങ്ങളിൽ നിന്നുമാണ്. കൂടാതെ ആഭ്യന്തര ഉത്പാദന ശേഷിയുടെ 51%-ഉം കൽക്കരി അധിഷ്ഠിത നിലയങ്ങൾ മുഖേനയാണ്. രാജ്യത്ത് കൽക്കരി ഉത്പാദനത്തിൽ കുറവ് വന്നതും ഖനികളിൽനിന്നും കൽക്കരി താപനിലയങ്ങളിലേയ്ക്കെത്തിക്കുന്നതിന് ആവശ്യമായ റെയിൽ റാക്കുകൾ ലഭ്യമാകാതിരുന്നതും ആഭ്യന്തര കൽക്കരിയുടെ ലഭ്യതയിൽ കാര്യമായ കുറവ് ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഉണ്ടാക്കി. അതിനോടൊപ്പം വൈദ്യുതി ആവശ്യകത ഗണ്യമായി ഉയർന്നതോടുകൂടി രാജ്യത്തെ വൈദ്യുതി ലഭ്യതയിൽ കാര്യമായ കുറവുണ്ടായി. ഈ അടിയന്തര സാഹചര്യം മറികടക്കാൻ കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശമാണ് നിലയങ്ങളുടെ കൽക്കരി ആവശ്യകതയുടെ സാങ്കേതിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട്, പരമാവധി 30% വരെ ഇറക്കുമതിചെയ്ത കൽക്കരി ആഭ്യന്തര

കൽക്കരിയോടൊപ്പം കൂട്ടിച്ചേർത്ത് ഉപയോഗിക്കണം (coal blending) എന്നത്. തുടർന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ 20%വരെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുന്നതിന് ഗുണഭോക്താവിന്റെ മുൻകൂർ അനുമതി ആവശ്യമില്ലെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ ഇറക്കുമതി ചെയ്തിരുന്ന കൽക്കരിക്കും വിപണിയിലെ വില കൂടി നിന്നിരുന്നതിനാൽ ഇത്തരം coal blending വൈദ്യുതിയുടെ വില കൂട്ടാൻ ഇടയാക്കിയെന്നത് വസ്തുതയാണ്.

ആഭ്യന്തര കൽക്കരിയുടെ ലഭ്യത ഉയർന്നതിനെ തുടർന്ന് coal blending തുടരരുതെന്ന് വിവിധ സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ കാര്യങ്ങൾ പരിഗണിച്ച് ഇറക്കുമതിചെയ്ത കൽക്കരി ആഭ്യന്തര കൽക്കരിയോടൊപ്പം കൂട്ടിച്ചേർത്ത് ഉപയോഗിക്കണമെന്ന മുൻനിർദ്ദേശം കേന്ദ്ര സർക്കാർ ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്.

## ലോട്ടറിയിൽ നിന്നുള്ള വരുമാനം

14 (*44) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഏറിയപങ്കും ലോട്ടറിയിൽ

നിന്നും മദ്യത്തിൽ നിന്നുമാണെന്നുമുള്ള പ്രചരണം സംസ്ഥാന നേട്ടങ്ങളെ ഇകഴ്ത്തുമെന്നതിനാൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുതകൾ വെളിപ്പെടുത്താമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 116640.24 കോടി രൂപയാണ്. ഈ കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള തനി വരുമാനം 559.64 കോടി രൂപയും എക്സൈസ് വകുപ്പ് ഡ്യൂട്ടിയായി പിരിച്ചെടുത്ത തുക 2009.37 കോടി രൂപയുമാണ്. ഈ കാലയളവിൽ മദ്യത്തിൽ നിന്ന് നികുതിയിനത്തിൽ ജി.എസ്.ടി. വകുപ്പ് പിരിച്ചെടുത്തത് 12700 കോടി രൂപയാണ്.

(ബി) ലോട്ടറി വില്പനയിലൂടെ ഉപജീവനം നടത്തിവരുന്ന സാധാരണക്കാരുടെ ജീവിതമാർഗം തകർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രചരണങ്ങൾക്ക് വിരാമമിടുന്നതിനായി ലോട്ടറിയിൽ നിന്നുള്ള അസ്സൽ വരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവ് 7145.22 കോടി രൂപയാണ്.

(സി) ലോട്ടറിയുടെ പേരിൽ നടക്കുന്ന ഓൺലൈൻ തട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ?

22-04-2005-ലെ G.O.(P) No.382/2005/TD പ്രകാരം കേരളത്തിൽ ഓൺലൈൻ ലോട്ടറി നിരോധിച്ചിട്ടുള്ളതും ടി നിരോധനം ബഹു. സുപ്രീംകോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. ഭാഗ്യക്കുറി വകുപ്പിൽനിന്നും വില്പനയ്ക്കായി നൽകുന്ന ടിക്കറ്റുകൾ ഏജന്റുമാർ വെബ് പോർട്ടൽ, സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന വില്ക്കുന്ന പക്ഷം ടി ഏജന്റിന്റെ ഏജൻസി സസ്പെന്റ് ചെയ്യുന്നതുൾപ്പെടെ നടപടി സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് ലോട്ടറി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വെബ് പോർട്ടൽ, സാമൂഹ്യമാധ്യമങ്ങൾ എന്നിവ മുഖേന കേരള ലോട്ടറി ടിക്കറ്റുകൾ വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് സൈബർ സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടാറുണ്ട്.

## സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി

15 (*45) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750

കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ബി) സാമ്പത്തിക പ്രതിസന്ധി വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും

ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കരാറുകാർക്ക് പതിനായിരം കോടിയിലേറെ രൂപ കുടിശ്ശിക നൽകാനുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഇത് വികസന പ്രവർത്തങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് സംസ്ഥാനത്തെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബ്ലില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 ഏപ്രിൽ മാസം മുതലുള്ള ബില്ലുകളിലും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ്, എന്നീ വകുപ്പുകളിൽ 2022 ഓഗസ്റ്റ് മാസം മുതലുള്ള ബില്ലുകളിലും ഇനി പേമെന്റ് അനുവദിക്കുവാനുണ്ട്. പൊതുമരാമത്ത്,

ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലായി കുടിശ്ശികയായിട്ടുള്ള തുകയുടെ കണക്കുകൾ ചുവടെ പറയും പ്രകാരമാണ്.

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് | 1139.48 |
| ജലവിഭവം | 50.95 |
| ഹാർബർ എഞ്ചിനീയറിംഗ് | 22.33 |
| **ആകെ** | **1212.76** |

(ഡി) തദ്ദേശസ്ഥാപനങ്ങൾക്ക് ജി.എസ്.ടി.മൂലമുണ്ടായ നഷ്ടം നികത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

2017-18 സാമ്പത്തിക വർഷം ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന്, പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിലുണ്ടായ നഷ്ടം 30-10-2018-ലെ സ.ഉ. (സാധാ.) നം.8957/2018/ധന. പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിലെ പതിനഞ്ചാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാന പ്രകാരം 2020-21-ൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന്, വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതുവഴിയുണ്ടായ റവന്യ നഷ്ടം 2021-22-ൽ

പരിഹരിക്കുന്നതാണെന്ന് 08-01-2021-ലെ സ.ഉ. (കൈ.) നം.6/2021/ധന. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും കോവിഡ്-19 മൂലം സിനിമ തിയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദ നികുതി ഗണ്യമായി പിരിച്ചിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ടയെന്ന് 04-1-2022-ലെ സ.ഉ. (സാധാ.) നം.7455/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

## വ്യവസായ വാണിജ്യ നയത്തിന്റെ കരട്

16 (*46) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. എം. മണി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1.1 ലക്ഷം കോടിയിലധികം വരുന്ന ഉപഭോക്തൃ ഉല്പന്ന വിപണിയിലെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരേണ്ട സ്ഥിതിക്ക് മാറ്റം വരുത്താൻ ആഭ്യന്തരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വ്യവസായ വാണിജ്യനയത്തിന്റെ കരട്

പ്രാധാന്യം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'വ്യവസായം 4.0' കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യന്ത്രവത്ക്കരണം വർദ്ധിപ്പിച്ചുകൊണ്ട് സ്മാർട്ട് മെഷിനറികളും സ്മാർട്ട് ഫാക്ടറികളും തൊഴിലുമാണ് വ്യവസായം 4.0-ന്റെ സവിശേഷത. മെഷീൻലേണിംഗ്, ഡാറ്റാ വിശകലനം, പ്രക്രിയകളുടെ യന്ത്രവത്കരണം എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപ്പാദന മേഖലയിൽ ഡിജിറ്റൽവൽക്കരണം സാധ്യമാകുകയും ഉൽപ്പാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും. അങ്ങനെ വ്യവസായം 4.0- ലുൾപ്പെടുത്തിയിരിക്കുന്ന നിലവിലെ ബിസിനസ്സുകൾ ഡിജിറ്റൽവൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0-ലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കരുത്തുറ്റ ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ആഭ്യന്തരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി തദനുസരണമായ നിർദ്ദേശങ്ങൾ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കേരള ബ്രാൻഡ് രൂപീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ?

സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം

ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർക്കാർ ഒരു വർഷംകൊണ്ട് ഒരുലക്ഷം സംരംഭകരെ സൃഷ്ടിക്കുകയെന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തനതായ എം.എസ്.എം.ഇ. ഉല്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കാനും അതോടൊപ്പം തന്നെ ഉല്പന്നങ്ങൾക്ക് എളുപ്പത്തിൽ വിപണി കണ്ടെത്തുന്നതിനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉൽപ്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കേരള ബ്രാൻഡുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങളെ ഗുണനിലവാരമില്ലാത്തവയിൽ നിന്നും തിരിച്ചറിയുന്നതിനുള്ള ഉപാധിയായി കേരള ബ്രാൻഡ് വർത്തിക്കും. ആദ്യഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നമായ വെളിച്ചെണ്ണയെ ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

(സി) ആകർഷകമായ നിക്ഷേപാവസരങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും നിക്ഷേപ പ്രക്രിയ അനായാസമാക്കുന്നതിനും വ്യവസായ-വാണിജ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിയമ നിർമ്മാണം 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പ്രകാരം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിന്റെ 2021-ലെ ഭേദഗതി പ്രകാരം ജില്ലാ/സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര

സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ

യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക ഉത്തേജക പാക്കേജുകൾ**

17 (*47) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡും പ്രളയവും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കേന്ദ്ര സർക്കാരിന്റെ നിസ്സഹകരണ നിലപാട് മറികടന്നും രണ്ട് കോവിഡ് ഉത്തേജക പാക്കേജുകളാലും തുടർ സാമ്പത്തിക നടപടികളാലും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) 2020 മാർച്ചിലും 2021 ജൂണിലും സംസ്ഥാന സർക്കാർ

പ്രഖ്യാപിച്ച ഉത്തേജക പാക്കേജിന്റെ വിശദാംശം അറിയിക്കാമോ;

(സി) പ്രഖ്യാപിക്കപ്പെട്ട സാമ്പത്തിക പാക്കേജുകളുടെ ഭാഗമായി ജനങ്ങളുടെ വാങ്ങൽശേഷി ഉയർന്നതുകൊണ്ട് കമ്പോളം ചലനാത്മകമായതായി കരുതുന്നുണ്ടോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനം വളർച്ചയുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ - ഡി) മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്.

പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 -ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാകും. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020-ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ

കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായി പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.

2020 മാർച്ചിലും 2021 ജൂണിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളുടേയും അനുബന്ധ പാക്കേജിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**വ്യവസായ മേഖലയുടെ ശാക്തീകരണം**

18(*48) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയുടെ ശാക്തീകരണം സാധ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുണ്ടായിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, 2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റും നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു കാൾ സെന്ററും പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്താൽ വിവിധ പരിശോധനകൾ സുഗമമാക്കുന്നതിന് കെ-സ്വിസ് സംവിധാനവും ലൈസൻസുകൾ, അനുമതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് പുറമേ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും നിലവിലുണ്ട്. കേരള സിഡ്കോയുടെ കീഴിലുള്ള വിവിധ ഉത്പന്ന യൂണിറ്റുകളെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും വ്യവസായ ഷെഡ്ഡുകളും തിരിച്ചെടുത്ത് ഉപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ ശാക്തികരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1.സംരംഭക സഹായ പദ്ധതി

2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്

4. പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി

5.ഒരു കുടുംബം ഒരു സംരംഭം പദ്ധതി (2022-23 സംരംഭക വർഷമായി കൊണ്ടാടുന്നതിന്റെ ഭാഗമായി ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതി - ഗുണഭോക്താക്കളിൽ 50% വനിതകളായിരിക്കും)

6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

7. സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും അവയിൽ നിന്ന് ഇടത്തരം സംരംഭമായും ഉയർത്തികൊണ്ടുവരുന്നതിനുള്ള പദ്ധതി.

8. സംരംഭങ്ങൾക്ക് അവയുടെ സ്ഥിര മൂലധനത്തിന്റെ 30%(പരമാവധി 100 ലക്ഷം) വരെ നൽകുന്ന കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം.

9. ബി ടു ബി മീറ്റ്, വാണിജ്യ മിഷൻ, സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉത്പന്ന സംരംഭങ്ങളുടെ എക്സിബിഷനുകൾ, അഗ്രോ ഫുഡ് ഫെസ്റ്റ്, ക്രാഫ്റ്റ് മേളകൾ എന്നിവ.

10. ഉത്പന്ന വിപണനത്തിനുവേണ്ടി ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം, ജി.ഐ. മാർക്കിംഗ് പോർട്ടൽ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികളും തുടരുന്നു.

(ബി) സംസ്ഥാനത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നിലവിലെ

പ്രവർത്തന നിലവാരം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 13 ജില്ലാ മിനി വ്യവസായ സഹകരണ സംഘങ്ങളുടെ കീഴിലായി 83 മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. ഇവിടെ 856 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തപ്പെടുന്നുണ്ട്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് 36 മിനി വ്യവസായ എസ്റ്റേറ്റുകളിലായി 12 വ്യവസായ ഷെഡ്ഡുകൾ വീതം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) അത്തരം സെന്ററുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം, കെട്ടിടം എന്നിവ നിലവിലുള്ള കൈവശക്കാരെ ഒഴിവാക്കി പുനർലേലം നടത്താൻ നടപടി സ്വീകരിക്കുമോ?

സംരംഭകർക്ക് അനുവദിച്ചതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി, വ്യവസായ ഷെഡ്ഡ് എന്നിവ തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അത്തരം സ്ഥാപനങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കി ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

സ്വീകരിക്കാമോ?

മിനി വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിലെ പ്രതിനിധികൾ ഉൾപ്പെട്ട ഭരണസമിതിയാണ് എസ്റ്റേറ്റുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ഇവിടങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കി ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സാമ്പത്തിക അച്ചടക്കം പാലിക്കാൻ നടപടി**

19 (*49) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കണമെന്ന് വിവിധ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക

പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പുവർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന്

ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകായെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിക്കണമെന്ന് വകുപ്പ്/സ്ഥാപന മേധാവികൾക്ക് കാലാകാലങ്ങളിൽ

വ്യക്തമായ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

സർക്കാർ ഉത്തരവുകൾ ഉദ്യോഗസ്ഥ തലത്തിൽ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കൃത്യവും നിയതവും വ്യവസ്ഥാപിതവുമായ മാർഗ്ഗങ്ങളുണ്ട്. ഇതുകൂടാതെ ഓഡിറ്റ് സംവിധാനങ്ങളും നിലവിലുണ്ട്. ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഏതെങ്കിലും വകുപ്പുകൾ/സ്ഥാപനങ്ങൾ ബോധപൂർവ്വം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദേശം ലംഘിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും എതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൈക്കൊണ്ട നടപടികളുടെ ഫലമായി സർക്കാരിനോ സ്ഥാപനങ്ങൾക്കോ ഉണ്ടാകുന്ന സാമ്പത്തികനഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതാണെന്ന് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തോറിയത്തിൽ നിന്നും വൈദ്യുതി ഉല്പാദനം

20 (*50) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് സുലഭമായ തോറിയം നിക്ഷേപം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടെ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) കേരള തീരത്ത് തോറിയം അടങ്ങിയ കരിമണൽ നിക്ഷേപം ധാരാളം ലഭ്യമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് കുറഞ്ഞ ചെലവിൽ കരിമണലിൽ നിന്നും തോറിയം വേർതിരിച്ചെടുക്കാൻ സാധിക്കുമെന്ന് അറിയുന്നു. എന്നാൽ തോറിയം ഉപയോഗിച്ച് വൈദ്യുതി ഉത്പാദനം നടത്തുന്നതിനുള്ള സാങ്കേതികവിദ്യ വൈദ്യുതി വകുപ്പിനില്ല. തോറിയത്തിൽ നിന്ന് വൈദ്യുതി

ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റിയാക്ടർ കല്പാക്കം ആണവനിലയത്തിൽ അന്തിമ പരീക്ഷണ ഘട്ടത്തിലാണെന്ന് അറിയുന്നു. 07-11-2022-ൽ ബഹു.കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായി ഡൽഹിയിൽ വച്ച് നടന്ന ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കുകയും മന്ത്രിക്ക് നൽകിയ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാത്ത തരത്തിൽ തോറിയം ഖനനം നടത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ഖനനം നടത്തുന്നത്; വിശദമാക്കാമോ?

വൈദ്യുതി വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല.

(ഡി) കേരളത്തിന്റെ വികസനത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള തീരത്ത് തോറിയം അടങ്ങിയ കരിമണൽ നിക്ഷേപം ധാരാളം ലഭ്യമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് കുറഞ്ഞ ചെലവിൽ കരിമണലിൽനിന്നും തോറിയം വേർതിരിച്ചെടുക്കാൻ സാധിക്കുമെന്ന് അറിയുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചാൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുവാനും താങ്ങാവുന്ന വിലയ്ക്ക്

വൈദ്യുതി ലഭ്യമാക്കാനും സാധിക്കും. എന്നാൽ ഇത് പ്രാവർത്തികമാക്കാനുള്ള സാങ്കേതികവിദ്യ വൈദ്യുതി വകുപ്പിന് ലഭ്യമല്ല.

## കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഏൽപ്പിക്കുന്ന ആഘാതം

21 (*51) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആഭ്യന്തര കൽക്കരിക്ഷാമം മറികടക്കുന്നതിനായി ഇറക്കുമതി കൽക്കരി ഉപയോഗിക്കണമെന്ന താപവൈദ്യുത നിലയങ്ങൾക്കുള്ള കേന്ദ്ര നിബന്ധന സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോവിഡ് കാലഘട്ടത്തിനുശേഷമുണ്ടായ അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉത്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാലുണ്ടായ പ്രതിസന്ധി മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022 ലെ കത്ത് പ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ ഉത്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു.

കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാകാത്തതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-7-2022-ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധനവ് പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43 (3) മരവിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. 2022 മാർച്ച് മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കേന്ദ്ര താപവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ എനർജി ചാർജ് വർദ്ധന യൂണിറ്റ് ഒന്നിന് ശരാശരി 1.90 രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ ഇത്തരം നിബന്ധനകൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഏൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനായി ഉല്പാദനം കൂട്ടുന്നതിനും വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ

മുഖ്യപങ്കും സംസ്ഥാനത്തിന് പുറത്തുള്ള താപവൈദ്യുതി നിലയങ്ങളിൽ പ്രധാനമായും കൽക്കരി അധിഷ്ഠിത നിലയങ്ങളിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഒരു സ്രോതസ്സിനെയോ, ഇന്ധനത്തിനെയോ മാത്രമായി കൂടുതലായി ആശ്രയിക്കുന്നത് ഊർജ്ജ സുരക്ഷയെ പ്രതികൂലമായി ബാധിക്കാമെന്നത് ഉത്പാദന നിലയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കാറുണ്ട്.

കൽക്കരിക്ഷാമം പോലെയുള്ള സാഹചര്യങ്ങളുണ്ടാക്കുന്ന ആഘാതം കുറയ്ക്കുന്നതിന് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുമുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ 3000 MW ഉത്പാദനശേഷി കൂട്ടിച്ചേർക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നിലവിൽ 210 MW ശേഷിയുടെ ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 87 MW ന്റെ പദ്ധതികൾ ഉടൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. കൂടാതെ 800 MW ശേഷിയുമായി ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി, 210 MW ശേഷിയുള്ള പൂയംകുട്ടി പദ്ധതി, 240 MW ശേഷിയുള്ള ലക്ഷ്മി പദ്ധതി എന്നിവ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. സൗരോർജ്ജ

നിലയങ്ങളിൽ നിന്നും 2325 MW ഉം കാറ്റാടി നിലയങ്ങളിൽ നിന്നും 354 MW ഉം 2027 ഓടുകൂടി കൂട്ടിച്ചേർക്കാൻ സാധിക്കും.

ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വൈദ്യുതി പ്രസരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും. വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് ദ്യുതി.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 110 കെ. വി.- യും അതിനു മുകളിലുമുള്ള സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഉയർന്ന വോൾട്ടേജ് നിലവാരത്തിലേക്ക് ഉയർത്തൽ, ശരിയായ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുക, നഷ്ടം കുറവുള്ള വൈദ്യുതി ലൈനുകൾ

ഉപയോഗിക്കുക തുടങ്ങിയ പ്രവൃത്തികളാണ് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നത്. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/220 kV പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതിയും നടപ്പിലാക്കി വരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരമുള്ള പ്രസരണ ശൃംഖല നിലവിൽ വരുന്നതോടുകൂടി പ്രസരണ നഷ്ടത്തിൽ ഏകദേശം 107 MW -ന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

(സി) സംസ്ഥാനത്ത് പകലും രാത്രിയും വൈദ്യുതി ഉപയോഗത്തിന് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി നിയമം, 2003 ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിക്കണമെങ്കിലോ, ബില്ലിംഗ് രീതികളിൽ മാറ്റം

വരുത്തുന്നതിനോ, വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2021 പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വൈദ്യുതി നിയമം -2003 ദേശീയ വൈദ്യുതി നിയമം -2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് വ്യക്തമായ പരിശോധന നടത്തി, പൊതുജനാഭിപ്രായംകൂടി കണക്കിലെടുത്താണ് റെഗുലേറ്ററി കമ്മീഷൻ, താരിഫിലോ ബില്ലിംഗ് രീതിയിലോ മാറ്റം വരുത്തുന്നത്. പകലും രാത്രിയും വൈദ്യുതി ഉപഭോഗത്തിന് വ്യത്യസ്തമായ നിരക്കുകൾ നിലവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് പ്രത്യേക സമയങ്ങളിൽ വ്യത്യസ്ത വില നിർണ്ണയം, (differential pricing), EHT, HT (2001 മുതൽ) കൂടാതെ LT വിഭാഗത്തിൽ 500 യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപഭോഗം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും 20 kW- ന മുകളിൽ കണക്റ്റഡ് ലോഡുള്ള വ്യാവസായിക സ്ഥാപനങ്ങൾക്കുമാണ് (2013 മുതൽ) (റെയിൽവേ ട്രാക്ഷൻ, വാട്ടർ അതോറിറ്റി പമ്പിംഗ് ഒഴികെ) നടപ്പിലാക്കിയിട്ടുള്ളത്.

മേൽ വിഭാഗത്തിൽപ്പെടുന്നവരുടെ വൈദ്യുതി ഉപയോഗത്തിന് സമയക്രമമനുസരിച്ച് വ്യത്യസ്ത നിരക്കുകളിലുള്ള ചാർജ്ജ് ഈടാക്കി വരുന്നതാണ്.

ToD (Time of Day) സമ്പ്രദായം. ഇത് പ്രകാരം ഒരു ദിവസത്തെ 3 ടൈം സോണുകളായി തിരിച്ചാണ് ബിൽ ചെയ്തുവരുന്നത്.

a. നോർമൽ സോൺ (6 AM to 6 PM)

b. പീക്ക് ടൈം സോൺ (6 PM to 10 PM)

c. ഓഫ് പീക്ക് സോൺ (10 PM to 6 AM)

LT വ്യവസായം HT, EHT ഉപഭോക്താക്കൾ, ഗാർഹിക ഉപഭോക്താക്കൾ എന്നിവയുടെ ToD താരിഫ് താഴെ പറയുന്ന പ്രകാരമാണ്.

| **LT വ്യവസായം HT, EHT ഉപഭോക്താക്കൾ** | | |
|---|---|---|
| **സാധാരണ സമയം** (രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ) | **പീക്ക് സമയം** (വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ) | **ഓഫ് പീക്ക് സമയം** (രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ) |
| സാധാരണ ഉപഭോക്താക്കളുടെ നിരക്ക് | സാധാരണ നിരക്കിന്റെ 150% | സാധാരണ നിരക്കിന്റെ 75% |
| **ഗാർഹിക ഉപഭോക്താക്കൾ** | | |
| സാധാരണ ഉപഭോക്താക്കളുടെ നിരക്ക് | സാധാരണ നിരക്കിന്റെ 120% | സാധാരണ നിരക്കിന്റെ 90 % |

എന്നാൽ രാജ്യത്ത് സോളാർ നിലയങ്ങളിൽ നിന്നുള്ള ഉത്പാദനം

ഗണ്യമായി വർദ്ധിച്ചതിനാലും സംസ്ഥാനത്ത് പകൽ സമയത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായി തുടങ്ങിയതിനാലും സംസ്ഥാനത്തെ ഉപഭോക്താക്കൾ വ്യാപകമായി സൗരനിലയങ്ങൾ സ്ഥാപിക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്തും മേൽ സൂചിപ്പിച്ച നിരക്കുകളിൽ നേരിയ തോതിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് സമഗ്രമായ അപഗ്രഥനം നടത്തി ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകുന്നതിനായി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വ്യവസായ വികസനത്തിനുള്ള നടപടികൾ

22 (*52) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ വ്യവസായം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ ബഹു. മുഖ്യമന്ത്രിയുടെ

നേതൃത്വത്തിലുള്ള ഔദ്യോഗിക സംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ നിക്ഷേപ പ്രോജക്ടുകൾ പ്രവർത്തനം തുടങ്ങുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. സന്ദർശനത്തെതുടർന്നുണ്ടായ വ്യാവസായിക നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ

(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും

(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയുമായിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ ഒരു ഏക്കർ സ്ഥലം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് ആഗോള ശ്രദ്ധ നേടിക്കൊടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ക്ലോഡ് & ടീന എന്ന കമ്പനി കേരളത്തിലെ പ്രധാന ഐ.ടി. കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ താൽപര്യം അറിയിക്കുകയും അതിന്മേലുള്ള തുടർനടപടികൾ ടെക്നോപാർക്ക് സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ തോഷിബ കമ്പനിയുമായി ചേർന്ന് ലിഥിയം-ടൈറ്റാനിയം ഓക്സൈഡ് ബാറ്ററി നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ കൈമാറാൻ കരാർ ഒപ്പിട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ കരാറിന്റെ പുരോഗതി വിശദമാക്കുമോ;

(സി) ടൊയോട്ട കമ്പനിയുമായി ചേർന്ന് ഹൈഡ്രജൻ ഫ്യൂവൽ സെൽ ഫാക്ടറി തുടങ്ങാനുള്ള തീരുമാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(ബി & സി) ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ എൽ.റ്റി.ഒ. ബാറ്ററികളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ

കൈമാറ്റവുമായി ബന്ധപ്പെട്ട് മെ.തോഷിബ കമ്പനി താല്പര്യപത്രം (Expression of Interest) ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

ഹൈഡ്രജൻ ഫ്യൂവൽ സെൽ ഫാക്ടറി തുടങ്ങുന്നതിന് ഒരു ഹൈഡ്രജൻ ആർ & ഡി. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ കേരള സർക്കാരുമായി സഹകരിക്കാൻ ടൊയോട്ട കമ്പനി സമ്മതം അറിയിച്ചിട്ടുണ്ട്. അതിനായി അവർ ' മിറായി' എന്ന പേരിലുള്ള രണ്ടാം തലമുറ ഹൈഡ്രജൻ കാർ ഇറക്കുമതി ചെയ്യുകയും ആയത് തിരുവനന്തപുരം ആർ.ടി.ഒ.-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തൽക്കാലം ഗവേഷണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുമെന്ന വ്യവസ്ഥയിൽ ആ വാഹനത്തിന്റെ റോഡ് നികുതി സംസ്ഥാന സർക്കാർ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

## തനത് നികുതി വരുമാനത്തിൽ വളർച്ച

23(*53) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം ആദ്യ രണ്ടു പാദങ്ങളിൽ തനത് നികുതി വരുമാനത്തിൽ മികച്ച വളർച്ച കൈവരിക്കാനായിട്ടുണ്ടോ;

വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ (ഏപ്രിൽ മുതൽ ജൂൺ വരെ) 7369.06 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ (ഏപ്രിൽ മുതൽ ജൂൺ വരെ) 12307.91 കോടി രൂപയും നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ 67.02% വർദ്ധനവുണ്ടായിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ (ജൂലൈ മുതൽ സെപ്റ്റംബർ വരെ) 10444.06 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ (ജൂലൈ മുതൽ സെപ്റ്റംബർ വരെ) 13739.68 കോടി രൂപയും നികതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 31.55 % വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ മുഖ്യ വരുമാന സ്രോതസ് മദ്യവും ലോട്ടറിയുമാണെന്ന് ചില കേന്ദ്രങ്ങൾ ആവർത്തിച്ച് പ്രസ്താവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറിയിൽ നിന്നുള്ള അറ്റലാഭം എത്രയായിരുന്നു; ലോട്ടറി വിതരണക്കാരായും

വില്പനക്കാരായും എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്നുള്ള വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം ലോട്ടറി വില്പനയിൽ നിന്നുള്ള അറ്റലാഭം 559.64 കോടി രൂപയാണ്. ഭാഗ്യക്കുറി വകുപ്പിൽ ആകെ 98,175 രജിസ്റ്റേർഡ് ഏജന്റുമാരാണ് നിലവിലുള്ളത്.

(സി) അർഹമായ നികുതി വിഹിതത്തിലും കേന്ദ്ര പദ്ധതി വിഹിതത്തിലും വെട്ടിക്കുറവ് വരുത്തുകയും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് പ്രസ്താവിക്കുകയും ചെയ്ത നടപടി തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്.

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബിൽ**

24(*54) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബിൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എന്തൊക്കെ പ്രത്യാഘാതങ്ങളാണ്

സൃഷ്ടിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബിൽ പ്രാബല്യത്തിൽ വരുന്നതോടെ നിലവിൽ പ്രവർത്തിച്ചുവരുന്ന വൈദ്യുത ലൈസൻസികൾ, പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടെ നടത്തുന്ന സേവനങ്ങൾ തുടരാൻ കഴിയാത്ത അവസ്ഥയുണ്ടാകുമോ; വ്യക്തമാക്കുമോ?

(എ & ബി) ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽനിന്ന് വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്തത്തിൽ നിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് പുതിയ നിർദ്ദേശം. വൻ മൂലധന നിക്ഷേപം ആവശ്യമുള്ളതും എന്നാൽ വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ ശൃംഖലാവികസന പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം.

ഭേദഗതി നിർദ്ദേശത്തിൽ ഏറ്റവും പ്രകീർത്തിക്കപ്പെടുന്ന ആശയം ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതുമാണ്. എന്നാൽ ഉപഭോക്താവിന് ലഭിക്കുന്ന വൈദ്യുതിയുടെ നിലവാരം (quality of supply) വിതരണ ശൃംഖലയുടെ നിലവാരത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഭേദഗതി നിർദ്ദേശം അനുസരിച്ച് ഒരു പ്രദേശത്തിലെ എല്ലാ ഉപഭോക്താക്കളും ഒരേ വിതരണ ശൃംഖലയാകും (distribution network) ഉപയോഗിക്കുകയെന്നതിനാൽ വ്യത്യസ്ത നിലവാരമുള്ള വൈദ്യുതി ലഭിക്കുമെന്നത് മിഥ്യയാണെന്ന് കരുതുന്നു.

വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കുമെന്ന അവസ്ഥ

പൊതുമേഖലയുടെ തകർച്ചയിലേക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യതയില്ലാതാകുമെന്നും ആശങ്കപ്പെടുന്നു.

സംസ്ഥാന സർക്കാർ നികുതിപ്പണം മുടക്കി നിർമ്മിച്ച നിലയങ്ങളിൽനിന്ന് ഉൾപ്പെടെ, നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജ ശേഷി വർദ്ധിപ്പിക്കുകയെന്ന സംസ്ഥാന താല്പര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന്റെ മാത്രം ബാധ്യതയായി വരും. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുകയും അതുകൊണ്ടുതന്നെ ഉപഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യും. ഇതുണ്ടാക്കുന്ന

ദൂഷിതവലയം (vicious circle) കാലക്രമത്തിൽ പൊതുമേഖലയുടെ തകർച്ചയിലേക്ക് നയിക്കും.

സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ ഫണ്ടിലേയ്ക്ക് ലഭ്യമാക്കാതെ വരുന്നപക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേക്കും നയിച്ചേക്കാം. ഇതുമൂലം സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന് സാധ്യതയുണ്ട്. അത്തരം ഒരു വിഷമസന്ധി വന്നാൽ നിലവിൽ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരാൻ സാധ്യതയുണ്ട്.

ഭേദഗതിയിൽ വൈദ്യുതി വിതരണത്തിനുണ്ടാകുന്ന ന്യായമായ എല്ലാ ചെലവുകളും താരിഫ് മുഖേന വീണ്ടെടുക്കണമെന്ന് നിർദ്ദേശിക്കുന്നതിനാൽ കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ട റെഗുലേറ്ററി അസറ്റ് ഒരുമിച്ച് ഒരു പ്രാവശ്യമായി താരിഫിലേക്ക് മാറ്റിയാൽ വൈദ്യുതി താരിഫ് കുതിച്ചുയരാൻ സാധ്യതയുണ്ട്.

(സി) കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ നിയമം നിർമ്മിക്കാൻ തുല്യഅധികാരമുള്ള കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വൈദ്യുതി

എന്ന ഇനം ഭരണഘടനാ മൂല്യത്തെ അപ്രസക്തമാക്കുംവിധം കേന്ദ്ര സർക്കാരിലേക്ക് മാത്രമായി കേന്ദ്രീകരിക്കപ്പെടുകയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വൈദ്യുതി നിയമ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ ഫെഡറൽ ഭരണ തത്വങ്ങൾക്കെതിരാണെന്ന് വിലയിരുത്തുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം

പൂർണ്ണമായും കേന്ദ്രസർക്കാരിലും അവരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭരണ നിർവ്വഹണ സംവിധാനങ്ങളിലും കേന്ദ്രീകരിക്കുന്ന വിധത്തിലുള്ള സമീപനമാണ് 2022-ലെ വൈദ്യുതി ഭേദഗതി ബിൽ മുന്നോട്ടുവെച്ചിട്ടുള്ളത്.

വൈദ്യുതി വിതരണ കമ്പനികൾ പ്രവർത്തിക്കേണ്ടത് കേന്ദ്രനിയമങ്ങൾക്കും ബന്ധപ്പെട്ട കമ്മീഷനുകൾ പുറത്തിറക്കുന്ന ചട്ടങ്ങൾക്കും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ മാതൃകാ ചട്ടങ്ങൾക്കും അനുസൃതമായി മാറും. വിതരണ ലൈസൻസി തങ്ങളുടെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നിശ്ചിത ശതമാനം പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ആകണമെന്നും അത് എത്രത്തോളമെന്നത് സംസ്ഥാന കമ്മീഷനുകൾക്ക് നിർദ്ദേശിക്കാവുന്നതാണെന്ന് പറയുന്നതിനോടൊപ്പം പ്രസ്തുത ശതമാനം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതിൽ കുറയാൻ പാടില്ലായെന്നും ഭേദഗതി നിഷ്കർഷിക്കുന്നു. കേന്ദ്രീകൃത മാർഗ്ഗനിർദ്ദേശങ്ങൾ പലപ്പോഴും സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കാതെ ആകുമെന്നത് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ വിതരണ കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാകും. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ വിവിധ വൈദ്യുതി വിതരണ കമ്പനികൾക്കായി വീതം

വയ്ക്കുന്നത് കേന്ദ്രസർക്കാർ പുറത്തിറക്കുന്ന ചട്ടങ്ങൾ പ്രകാരം ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകൾ തുടങ്ങി നിലവിൽ ഗ്രിഡ് മാനേജ്മെന്റിനായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾക്ക് വിപുലമായ അധികാരങ്ങളും അധിക ചുമതലയും നൽകി കേന്ദ്ര സർക്കാർ താല്പര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംരംഭങ്ങളായി മാറിയേക്കാം.

**പൊതുവിപണിയിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള കേന്ദ്ര നിർദ്ദേശം**

25 (*55) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ്. പി:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നൂറ് കിലോവാട്ടിൽ കൂടുതൽ ഉപയോഗിക്കുന്നവർക്ക് പൊതു വിപണിയിൽ നിന്നും വൈദ്യുതി വാങ്ങാമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

നൂറ് കിലോവാട്ടിൽ കൂടുതൽ ഉപയോഗിക്കുന്നവർക്ക് പൊതു വിപണിയിൽ നിന്നും ഹരിത വൈദ്യുതി വാങ്ങാമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാകുന്നതോടെ ഗാർഹിക, കാർഷിക

ഉപഭോക്താക്കൾ കൂടിയ വില നൽകേണ്ടി വരുമോയെന്ന് അറിയിക്കുമോ?

പ്രസ്തുത നിർദ്ദേശം നടപ്പിലാകുന്നതോടെ ഗാർഹിക, കാർഷിക ഉപഭോക്താക്കൾ കൂടിയ വില നൽകേണ്ടി വരുമെന്നാണ് മനസ്സിലാക്കുന്നത്.

(സി) സംസ്ഥാനത്തിന് ദോഷകരമായ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച കരട് ചട്ടങ്ങളിന്മേൽ സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിച്ചിരുന്നു. ടി റൂളിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ അതുമൂലം കെ.എസ്.ഇ.ബി-യ്ക്കുണ്ടാകുന്ന നഷ്ടം സാധാരണ ഗാർഹിക, കാർഷിക ഉപഭോക്താക്കളിൽ താരിഫ് വർദ്ധനയായി മാറും. അതിനാൽ കെ.എസ്.ഇ.ബി.-യ്ക്കുണ്ടാകുന്ന നഷ്ടം Open access മുഖേന വൈദ്യുതി വാങ്ങുന്ന ഉപഭോക്താക്കളിൽ നിന്ന് ക്രോസ് സബ്സിഡി സർചാർജ്, അഡീഷണൽ സർചാർജ്, ഗ്രിഡ് സപ്പോർട്ട് ചാർജ്, ബാങ്കിംഗ് ചാർജ് എന്നിവയായിട്ട് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അന്തിമ ചട്ടങ്ങളിൽ അഡീഷണൽ സർചാർജ്, ഗ്രിഡ് സപ്പോർട്ട് ചാർജ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ക്രോസ്സ് സബ്സിഡി ചാർജ് അനുവദിച്ചത് യഥാർത്ഥ ക്രോസ് സബ്സിഡി നഷ്ടം റിക്കവർ ചെയ്യുന്നതിന് പറ്റുന്നതല്ല.

**സംരംഭക വർഷം പദ്ധതി**

26 (*56) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിൽ വിവിധ മേഖലകളിൽ നിന്നായി ആകെ നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംരംഭകവർഷം പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽ 2022 November 29 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 95,195 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5903.61 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 207884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്ത് വിപുലമായി നിക്ഷേപ സമാഹരണം സാധ്യമാക്കുന്നതിന് സഹായകമായ സാഹചര്യം സൃഷ്ടിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം

ലക്ഷ്യമാക്കിക്കൊണ്ട് നിയമനിർമ്മാണം (കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018) നടത്തിയിട്ടുണ്ട്. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999- ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിലെ 2021-ലെ ഭേദഗതി പ്രകാരം ജില്ലാ/സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ

വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ (14 പേർ)നിയമിച്ചു.

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി, തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശസ്ഥാപന തലത്തിൽ

മാസത്തിൽ നിശ്ചിത എണ്ണം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ മികച്ച തോതിൽ സംരംഭക വർഷം പദ്ധതി മുന്നേറുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംരംഭകവർഷം പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. ഇവയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 2022, ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ

ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തി. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ (14 പേർ) നിയമിച്ചു.

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ

സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണികൾ കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈ 12 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ മണ്ഡലം തിരിച്ചുള്ള അവലോകനങ്ങൾ നടന്നുവരുന്നു.

2022 ഒക്ടോബർ - ഡിസംബർ മാസങ്ങളിലായി വിപണന (മാർക്കറ്റിംഗ്) കാമ്പയിൻ നടത്തിവരുന്നു. സംസ്ഥാനത്തെ 59 വ്യാവസായിക താലൂക്കുകളിലും വിപണന വ്യാപാരമേളകൾ നടത്താൻ ഉദ്ദേശിക്കുന്നു. പുതുതായി സ്ഥാപിതമായ സംരംഭങ്ങൾക്ക് പ്രാദേശിക വിപണികളിൽ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ദൃശ്യപരതയും ഉപഭോക്തൃശ്രദ്ധയും വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ സുഗമമാക്കാനും പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയെന്നതാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സംരംഭങ്ങളെ ജനപ്രിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്നതിനും ക്യാമ്പയിൻ സഹായിക്കും.

തദ്ദേശസ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിൻ 2023 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളുടെ

ശേഷി വികസനത്തിലൂടെയും സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കൽ എന്നിവയിലൂടെയും സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

27 (*57) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) 2022 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

26-09-2022-ലെ സ.ഉ(സാധാ)നം. 6557/2022/ധന ഉത്തരവു പ്രകാരം 2022 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, 07-10-2022-ലെ സ.ഉ.(സാധാ) നം. 6774/2022/ധന പ്രകാരം സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിരുന്നു. 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന

ധനസഹായത്താൽ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്കുള്ള സാമ്പത്തിക സഹായം പിൻവലിച്ച സർക്കാർ നടപടി ഈ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം പിൻവലിച്ചിട്ടില്ല. ഇപ്പോഴും സാമ്പത്തിക സഹായം നല്കിവരുന്നുണ്ട്.

(സി) പ്രസ്തുത കമ്പനിക്കുള്ള സാമ്പത്തിക സഹായം പിൻവലിച്ച സർക്കാർ നടപടിമൂലം കമ്പനിക്ക് ലഭിച്ചുകൊണ്ടിരുന്ന വായ്പകൾ മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉദിക്കുന്നില്ല.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ സാഹചര്യത്തിൽ, കമ്പനിക്കുള്ള സർക്കാർ സാമ്പത്തിക സഹായം പിൻവലിച്ച നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉദിക്കുന്നില്ല.

## ജി.എസ്.ഡി.പി.-യിൽ കൈവരിച്ച വളർച്ച

28 (*58) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിലും അതിനെത്തുടർന്നും അതിനുമുമ്പും കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നയങ്ങൾ കാരണം മാന്ദ്യത്തിലായ സംസ്ഥാന സമ്പദ്ഘടനയെ, സർക്കാർ സ്വീകരിച്ച ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ ദൃഢീകരിക്കാനായിട്ടുണ്ടോ; റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 2021-22 വർഷം ജി.എസ്.ഡി.പി.-യിൽ കൈവരിച്ച വളർച്ചയെത്രയെന്ന് ദേശീയ ജി.ഡി.പി. വളർച്ചയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ?

മഹാപ്രളയമടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ചുപോരുന്ന വികലമായ നയങ്ങളും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച മാന്ദ്യം ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നയപരിപാടികളിലൂടെ മറികടക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. 2021-22 സമ്പത്തിക വർഷത്തിലെ സംസ്ഥാന ആഭ്യന്തര

ഉത്പാദനത്തിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വെളിവാക്കുന്നതാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച് 2011-12-ലെ സ്ഥിരവിലയിൽ, മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പാദനം (ജി.എസ്.ഡി.പി) 2020-21-ലെ 5,12,07,608 ലക്ഷം രൂപയിൽ (താൽകാലിക കണക്കുകൾ പ്രകാരം) നിന്നും 2021-22-ൽ 5,73,59,146 ലക്ഷം രൂപയായി (ത്വരിത കണക്കുകൾ പ്രകാരം) വർദ്ധിച്ചു. 2020-21-ലെ (-) 8.43 ശതമാനം നെഗറ്റീവ് വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22-ൽ 12.01 ശതമാനം വളർച്ചാനിരക്കാണ് കാണിക്കുന്നത്. നടപ്പുവിലയിൽ ജി.എസ്.ഡി.പി 2020-21-ലെ 7,71,00,866 ലക്ഷം രൂപയിൽ (താൽകാലിക കണക്കുകൾ പ്രകാരം) നിന്ന് 17.63 ശതമാനം വളർച്ചയോടെ 2021-22 ൽ 9,06,92,093 ലക്ഷം രൂപയായി വർദ്ധിച്ചു (ത്വരിത കണക്കുകൾ പ്രകാരം).

സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ മന്ത്രാലയത്തിന് (എം.ഒ.എസ്.പി.ഐ) കീഴിലുള്ള കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സി.എസ്.ഒ) കണക്കുപ്രകാരം ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനം (ജി.ഡി.പി) 2011-12 ലെ സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2020-21 ലെ

135.58 ലക്ഷം കോടി രൂപയിൽ നിന്നും 8.7% വളർച്ചയോടെ 2021-22 ൽ 147.35 ലക്ഷം കോടി രൂപയായി വർദ്ധിച്ചു.

റിസർവ് ബാങ്കിന്റെ പ്രസിദ്ധീകരണങ്ങൾ പ്രകാരം ഇന്ത്യയുടെ ജി.ഡി.പി. വളർച്ചാനിരക്ക് (2011-12 സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ) 9.2 ശതമാനമായും കേരളത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാനിരക്ക് 7.09 ശതമാനമായും കണക്കാക്കിയിരിക്കുന്നു.

(ബി) രണ്ടുതവണയായി പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളുടെ ഭാഗമായി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

ഒന്നും രണ്ടും ഉത്തേജക പാക്കേജുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പൊതു ഏജൻസികൾ നടത്തുന്ന ബഡ്ജറ്റ് ബാഹ്യ വിഭവ സമാഹരണം കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്താതിരിക്കുമ്പോൾ അത്തരത്തിലുള്ള വിഭവ സമാഹരണത്തിന്റെ പേരിൽ വിവേചനപരമായി സംസ്ഥാനത്തിന് അനുവദനീയമായ വായ്പ തുകയിൽ കുറവുവരുത്തിയിരുന്നോ; ഇത്തരത്തിലുള്ള വിവേചനപൂർവ്വമായ നടപടികൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.

എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിരുന്നു.

സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലു തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ തിരിച്ചടവെങ്കിലും Off Budget Borrowing-ൽ നിന്നും കുറയ്ക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടതനുസരിച്ച് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി 19,479 (17936+1543) കോടി രൂപയായി നിശ്ചയിച്ച് നൽകുകയും 2021-22 സാമ്പത്തികവർഷം Off Budget Borrowing ആയി എടുത്ത തുക 12562.80 കോടി രൂപയായി പുനർ നിർണ്ണയിച്ചുകൊണ്ട് പ്രസ്തുത തുക നാലു തവണകളായി ഓരോ വർഷവും 3140.7 കോടി രൂപ വീതം വച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ

കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

**സഹകരണ മേഖലയിൽ ടീം ഓഡിറ്റ്**

29 (*59) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ പോലീസിന് ക്രിമിനൽ നടപടിയെടുക്കാൻ കഴിയുന്ന വിധം നിയമഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ മേഖലയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള

നിർദ്ദേശങ്ങൾ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) സഹകരണ മേഖലയിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി ടീം ഓഡിറ്റ് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണമേഖലയിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

- സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി, ആഡിറ്റ് കാലാനുസൃതമായി നവീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- നിലവിലെ ആഡിറ്റ് സംവിധാനം പരിഷ്ക്കരിച്ച് ടീം ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആദ്യഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.
- സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം / ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ആഡിറ്റർ എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.

- വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.
- ആഡിറ്റ് MATRIX- ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവർത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.
- പരിഷ്കരിച്ച ആഡിറ്റ് മാനുവൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.
- പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

- സഹകരണ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം

നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇതിനായി എല്ലാ സഹകരണ ബാങ്കുകളെയും ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ ഏകീകൃത ഐ.ടി. ഇന്റഗ്രേഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ മേഖലയിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. RFP യുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന

നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

(ഡി) സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താനും സഹകരണ നിക്ഷേപങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി നിക്ഷേപക ഗ്യാരണ്ടി സ്കീമിൽ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 അനുസരിച്ച് നിക്ഷേപ ഗ്യാരന്റി സ്കീമിൽ ആകെ നിക്ഷേപത്തിനനുസരിച്ച് വിഹിതം അടയ്ക്കുകയും തുടർന്ന് ഓരോ വർഷവും നിക്ഷേപ വർദ്ധനവിനനുസരിച്ച് വിഹിതം അടച്ച് പുതുക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ രണ്ടു ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിക്ഷേപ ഗ്യാരന്റി നൽകുന്നത്. ഈ തുക അഞ്ചു ലക്ഷം രൂപയായി ഉയർത്തുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

30 (*60) ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു.

ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം, വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു

പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തുമെടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ അടക്കമുള്ള അടിയന്തര കാര്യങ്ങൾക്ക് പണം നൽകാതെ അപ്രധാനമായ ആവശ്യങ്ങൾക്ക് പണം ചെലവാക്കുന്നത് സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസം തോറും കൃത്യമായി വിതരണം ചെയ്യുന്നതിന് ഒരു പരിധി വരെ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 2016-ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ഏകദേശം 18 മാസത്തോളം വിവിധ പെൻഷനുകൾ വിതരണം ചെയ്യാത്ത

അവസ്ഥയുണ്ടായിരുന്നു. ടി കുടിശ്ശിക അതിനുശേഷം വന്ന സർക്കാർ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായാണ് വിതരണം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിയുണ്ടായിരുന്നു. കൂടാതെ, പെൻഷൻ വർഷത്തിൽ രണ്ടോ മൂന്നോ തവണ മാത്രം വിതരണം ചെയ്യുന്ന ഒരു അവസ്ഥയുമായിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസം തോറും കൃത്യമായി വിതരണം ചെയ്യേണ്ടതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം സുഗമമാക്കുകായെന്ന ലക്ഷ്യം മുൻനിർത്തി, 26-06-2018-ലെ സ.ഉ.(കൈ) നം.232/2018/ധന. പ്രകാരം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് പെൻഷൻ വിതരണം ചെയ്തുപോരുന്നു.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള

നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ധനസഹായം**

1 (444) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പദ്ധതി സംബന്ധിച്ച് വകുപ്പിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് (60:40). 2022-23 വർഷത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി 278.96 കോടി രൂപ പ്ലാൻ അപ്രൂവൽ ബോർഡ് കേന്ദ്ര വിഹിതമായി അംഗീകരിച്ചിട്ടുണ്ട്. ആനുപാതികമായ സംസ്ഥാന വിഹിതത്തിന് പുറമെ സംസ്ഥാനത്തിന്റെ അധിക ധനസഹായമായും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും കേന്ദ്ര വിഹിതമായി ലഭ്യമായ ആദ്യ ഗഡുവായ 167.38 കോടി രൂപയും (60%) ആനുപാതികമായ സംസ്ഥാന വിഹിതമായ 94.95 കോടി രൂപയും ചേർത്ത് ആകെ 262.33 കോടി രൂപ വിനിയോഗിക്കുന്നതിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര വിഹിതം

ലഭ്യമാകുന്നതിന് കാലതാമസമുണ്ടായിരുന്നതിനാൽ സംസ്ഥാനത്തിന്റെ അധികസഹായമായ 126 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി നിലവിൽ എത്ര രൂപയാണ് അനുവദിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ശീർഷകം | തുക |
|---|---|---|
| കേന്ദ്ര വിഹിതം | 2202-01-112-90-01-Plan | 225 കോടി |
| സംസ്ഥാന വിഹിതം | 2202-01-112-90-02-Plan | 150 കോടി |
| സംസ്ഥാന അധിക വിഹിതം | 2202-01-112-89-Plan (Mid day Meals Scheme State Additional Assistance) | 192.64 കോടി |

(സി) ഉച്ചഭക്ഷണ പദ്ധതി നടത്തിക്കൊണ്ട് പോകുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ കണക്കിലെടുത്ത് ഇതിനായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആസ്തി വികസന പദ്ധതിയിൽനിന്നോ പ്രത്യേക വികസന നിധിയിൽനിന്നോ ഉച്ചഭക്ഷണ പദ്ധതിക്കായി തുക വകയിരുത്തുന്നതിനായി പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേകാനുമതി നൽകാൻ

നടപടി സ്വീകരിക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017-ലെ സ.ഉ. (അച്ചടി) നം. 161/2017/ധന, നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന എന്നിവ പ്രകാരമുള്ള അനുവദനീയമായ പ്രവൃത്തികളിൽ ഉച്ചഭക്ഷണ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി വികസന പദ്ധതിയിൽനിന്നും ഉച്ചഭക്ഷണ പദ്ധതിക്കായി തുക വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല. കൊച്ചി നിയോജകമണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കിവരുന്ന 'അക്ഷരദീപം' പദ്ധതിയുടെ ഭാഗമായി പ്രത്യേക വികസന നിധിയിൽനിന്ന് തുക വിനിയോഗിക്കുന്നതിന് മുൻ വർഷങ്ങളിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | ഉത്തരവ് |
|---|---|---|
| 2017-2018 | 30 ലക്ഷം | സ.ഉ. (സാധാ) നം. 6805/2017/ധന തീയതി 29.08.2017 |
| 2018-2019 | 20 ലക്ഷം | സ.ഉ. (സാധാ) നം. 4641/2018/ധന തീയതി 31.05.2018 |
| 2019-2020 | 30 ലക്ഷം | സ.ഉ. (സാധാ) നം. 4369/2019/ധന തീയതി 10.06.2019 |

കളമശ്ശേരി നിയോജകമണ്ഡലത്തിലെ 'അക്ഷയ ഉണർവ്' പദ്ധതിയുടെ ഭാഗമായി

ഉച്ചഭക്ഷണം നൽകുന്ന പദ്ധതിക്ക് പ്രത്യേക വികസന നിധിയിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് മുൻ വർഷങ്ങളിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | ഉത്തരവ് |
|---|---|---|
| 2018-2019 | 20 ലക്ഷം | സ.ഉ. (സാധാ) നം. 5076/2018/ധന തീയതി 16.06.2018 |
| 2019 | 20 ലക്ഷം | സ.ഉ. (സാധാ) നം. 4493/2019/ധന തീയതി 14.06.2019 |

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

2(445) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്.

(ബി) സർക്കാർ ഈ സാമ്പത്തിക വർഷം നാളിതുവരെ കടമെടുത്ത തുക എത്രയെന്നും ഈ സാമ്പത്തിക വർഷം കടമെടുക്കാൻ അനുവദനീയമായ തുക എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439

കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തികവർഷം ഒക്ടോബർ വരെ 5135.20 കോടി രൂപ (തനി) സംസ്ഥാനം കടമെടുത്തിട്ടുണ്ട്.

(സി) സർക്കാർ പദ്ധതിയിനത്തിൽ ഇതുവരെ ചെലവഴിച്ച തുക ആകെ പദ്ധതിയിനത്തിന്റെ എത്ര ശതമാനമാണെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

പ്ലാൻ സ്പെയ്സിലെ വകുപ്പുതല താൽക്കാലിക കണക്കുകൾ പ്രകാരം സർക്കാർ പദ്ധതിയിനത്തിൽ ഇതുവരെ ചെലവഴിച്ച തുകയുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് പദ്ധതി ഉൾപ്പെടെയുള്ള സാമ്പത്തിക വിഷയങ്ങളിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ കുറവുണ്ടാകും. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇക്കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ

തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി**

3(446) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾക്ക് ലഭിക്കേണ്ട സബ്സിഡി ലഭിക്കാത്തതുമൂലം ഹോട്ടൽ നടത്തിപ്പുകാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ നൽകാനുള്ള സബ്സിഡി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി നൽകുന്നതിന് നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും ജൂൺ മാസത്തിൽ 20 കോടി രൂപയും നവംബർ മാസത്തിൽ 10 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ജനകീയ ഹോട്ടലുകളുടെ സബ്സിഡി ഇനത്തിൽ തുക അനുവദിക്കുന്നതിലേയ്ക്കായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയ ജില്ല/എൽ.എസ്.ജി.ഐ. തിരിച്ചുള്ള കുടിശ്ശികകളുടെ ലിസ്റ്റ് പ്രകാരം, ആവശ്യപ്പെട്ട 14.47 കോടി രൂപ അനുവദിക്കുന്നതിന് ഭരണവകുപ്പിന് അനുമതി നൽകിയിട്ടുമുണ്ട്.

**സംസ്ഥാന സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ**

4 (447) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകരാഷ്ട്രങ്ങളിൽ പലതും സാമ്പത്തിക മുരടിപ്പിലായപ്പോഴും തുടരെയുള്ള പ്രകൃതിദുരന്തങ്ങളെയും കോവിഡ് മഹാമാരി ഉയർത്തിയ സാമ്പത്തിക പ്രതിസന്ധികളെയും അതിജീവിച്ച് സംസ്ഥാനത്തിന് ശ്രദ്ധേയമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സുസ്ഥിര വികസനത്തിനും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും

കനത്ത വെല്ലുവിളി ഉയർത്തിയ പ്രശ്നങ്ങളെ അതിജീവിച്ച് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കുപ്രകാരം 2021-2022-ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാണ്. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ

പിടിയിൽ തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020-ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായി പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.

പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷം സംസ്ഥാനം മൂലധന ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.41% വർദ്ധനവ് കൈവരിച്ചത് സംസ്ഥാനത്തിന്റെ സുസ്ഥിര വികസന കാഴ്ചപ്പാടിനുള്ള

തെളിവാണ്.

(സി) ലോകത്തെ വിവിധ സമ്പദ്ഘടനകൾ പഠനവിധേയമാക്കുന്ന അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് റേറ്റിംഗിന്റെ സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ന്യൂയോർക്ക് സിറ്റിയും ലണ്ടനും കേന്ദ്രീകരിച്ചുള്ള ഒരു അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയാണ് ഫിച്ച് റേറ്റിംഗ്സ്. 2020-21 സാമ്പത്തിക വർഷം 'BB' സ്റ്റേബിൾ എന്ന റേറ്റിംഗാണ് കേരളത്തിന് ഈ ഏജൻസി നൽകിയിരുന്നതെങ്കിൽ നടപ്പുവർഷം ഒക്ടോബർ മാസം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ 'BB' നെഗറ്റീവായിട്ടാണ് റേറ്റിംഗ് നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കുറവ് ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടാണ് റേറ്റിംഗിൽ ഇടിവ് പ്രതിഫലിക്കാൻ പ്രധാന കാരണം.

എന്നാൽ ആരോഗ്യ വിദ്യാഭ്യാസ ചെലവുകളിൽ സംസ്ഥാനം കാണിക്കുന്ന ഉത്തരവാദിത്തം കണക്കിലെടുത്ത് 'Local Regional Government' എന്ന Type-A പട്ടികയിലാണ് ഈ ഏജൻസി കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്.

മിഡ് റെയ്ഞ്ച് റിസ്ക് പ്രൊഫൈലിന്റെയും ഡെബ്റ്റ് സസ്റ്റെയിനബിലിറ്റി സ്കോറിന്റെയും അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്റ്റാൻഡ് എലോൺ ക്രെഡിറ്റ് പ്രൊഫയിൽ 'BB' എന്ന ഗ്രേഡിൽ മാറ്റമില്ലാതെ തന്നെ തുടരുന്നുണ്ട്. കേരളത്തിന്റെ സുസ്ഥിരമായ വരുമാന സ്രോതസ്സുകൾ, ചെലവുകളുടെ മിതമായ നിയന്ത്രണം, ചെലവുചുരുക്കലിലൂടെ ബജറ്റ് സമ്മർദ്ദത്തോട് പ്രതികരിക്കാനുള്ള കഴിവ്, കേന്ദ്ര ഗവണ്മെന്റിന്റെയും റിസർവ് ബാങ്കിന്റെയും പിന്തുണയോടെ മൂലധന വിപണിയിൽ പ്രവേശിക്കാനുള്ള കേരളത്തിന്റെ കഴിവ് എന്നിവ ഫിച്ച് റേറ്റിംഗ് റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്.

**കേരളത്തിലേക്ക് മൂലധന നിക്ഷേപം**

5(448) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് പുറത്തിറക്കിയ പുതിയ റിപ്പോർട്ടുപ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമാണ് കേരളമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ മേഖലയിലെ മൂലധന നിക്ഷേപത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ പിന്നിലാണെന്ന കാര്യം വസ്തുതാപരമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയും മന്ത്രിമാരും നിരവധി വിദേശ യാത്രകൾ നടത്തിയിട്ടും കേരളത്തിലേക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ സാധിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(ഡി) കേരളത്തിലേക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്രസർക്കാരിന്റെ വികലമായ സാമ്പത്തിക നയം**

6 (449) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെയുണ്ടായ പ്രകൃതി ദുരന്തങ്ങളിലും കോവിഡ് കാലഘട്ടത്തിലുമുണ്ടായ സാമ്പത്തിക നിശ്ചലാവസ്ഥയിൽ ഭരണഘടനാപരമായും നിയമപരമായും ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായം നിഷേധിക്കുന്നതിനായി കേന്ദ്രം സ്വീകരിച്ച നിലപാടിനെതിരെ സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ സാമ്പത്തിക സമ്മർദ്ദം അടിച്ചേൽപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തെ ഏതെല്ലാം നിലയിലാണ് ഇപ്രകാരം

പ്രതിസന്ധിയിലാക്കാൻ ശ്രമിച്ചതെന്ന് വിശദമാക്കുമോ?

(എ&ബി) കേന്ദ്രസർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ്

ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്രസഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ (Off Budget borrowing) സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017

ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/എം.ധന കത്തുപ്രകാരം സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സംസ്ഥാന സർക്കാർ കിഫ്ബി, KSSPL എന്നീ സ്ഥാപനങ്ങൾക്ക് ഗ്യാരണ്ടി നൽകിയത് Off Budget Borrowing ആയി കണക്കിലെടുത്ത് കടമെടുക്കുന്ന പരിധി വെട്ടിക്കുറച്ചിരിക്കുകയാണ്. 2021-22 സാമ്പത്തിക വർഷമെടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ

കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും

(സി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നയം സംസ്ഥാനത്തിനേൽപ്പിച്ച പ്രഹരം കുറയ്ക്കുന്നതിനും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ സുസ്ഥിര പാതയിൽ സാമ്പത്തിക കുതിപ്പ് സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാകാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട കണക്ക് പ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിരവിലയിലുള്ള മൊത്ത ആഭ്യന്തര ഉല്പാദന വളർച്ചാനിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (current price) കണക്കാക്കിയാൽ വളർച്ചാതോത് 17.63 ശതമാനമാകും. ദേശീയ വളർച്ച 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് സംസ്ഥാനത്തുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള

2018-19-ലെ നിലയുമായി താരതമ്യം ചെയ്താൽ ഈ വളർച്ചാതോത് 15.05 ശതമാനമാകും.

ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ തലങ്ങളിൽ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചു നിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മൂലധനചെലവിൽ 10.4% ശതമാനം വർധനവുണ്ടായിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ചയെ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനും ചലനാത്മകമാക്കുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ

സർവ്വീസസ്, ആഡിറ്റ് ആന്റ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട് .' ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ് ' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.
- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.
- വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ

ഉറപ്പാക്കുന്നതിനുമായി നടപ്പ് വർഷം 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവ സജ്ജീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിൽ സംരംഭക കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.

- അടുത്ത അഞ്ച് വർഷംകൊണ്ട് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ 2 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, മറ്റ് ഐ.ടി. കേന്ദ്രങ്ങൾ എന്നിവ വിപുലീകരിക്കുന്ന പദ്ധതിക്കായി കിഫ്ബിവഴി 100 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- വർക്ക് ഫ്രം ഹോംപോലെ വർക്ക് നിയർ ഹോം എന്ന ആശയം നടപ്പാക്കുന്നതിനായി ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങുന്നതിലേക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം കിഴങ്ങു

ഗവേഷണ കേന്ദ്രത്തിൽ മരച്ചീനിയിൽനിന്നും എഥനോളും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള പദ്ധതിക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിക്കും.
- കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിനുകീഴിൽ ആരംഭിക്കാൻ കിഫ്ബി വഴി 100 കോടി രൂപ അനുവദിക്കും.
- വിദേശ രാജ്യങ്ങളിലുൾപ്പെടെ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ വാണിജ്യ സംരംഭകരേയും സഹകരിപ്പിച്ച് കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനായി സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനമുള്ള ഒരു മാർക്കറ്റിംഗ് കമ്പനി ആരംഭിക്കുന്നതാണ്.
- റബ്ബർ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ റബ്ബറിന്റെ വിലയും ഉൽപ്പാദനവും ഉപഭോഗവും ഒരേപോലെ

വർദ്ധിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി റബ്ബറൈസ്ഡ് റോഡുകൾ കൂടുതലായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും. പൊതുമരാമത്ത് വകുപ്പും കിഫ്ബിയും ഏറ്റെടുക്കുന്ന റോഡ് നിർമ്മാണങ്ങളിൽ ടാറിനൊപ്പം റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന രീതി അവലംബിക്കും.

- വിളയധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിന് പ്രാധാന്യം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ഇതിലേയ്ക്കായി 29 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
- സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- സ്റ്റാർട്ടപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- കാസർഗോഡ് KSIDC-യുടെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിനായി KSIDC - യ്ക്ക് 2.5 കോടി രൂപ അനുവദിക്കും.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പു വർഷം

മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി**

7(450) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ

വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ബി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഒരു ശതമാനം വർദ്ധിപ്പിച്ച് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരി ഏൽപ്പിച്ച ആഘാതത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി തികച്ചും ഉപാധികളില്ലാതാക്കണമെന്നും 2025-26 ആകുമ്പോൾ മാത്രം പ്രസ്തുത പരിധി കുറച്ച് മൂന്ന് ശതമാനം ആക്കാമെന്നും ബഹു കക്ഷികളോ ഉഭയകക്ഷികളോ ആയ ഏജൻസികളിൽനിന്നും കേന്ദ്ര ധനകാര്യ മന്ത്രാലയം മുഖേന ലഭ്യമാകുന്ന വിദേശ വായ്പകൾ സംസ്ഥാനത്തിന്റെ സാധാരണ വായ്പാ പരിധിക്ക് അതീതമായി 2021-22 സാമ്പത്തിക വർഷത്തിലും തുടർന്നുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിലും കണക്കാക്കണമെന്നും 2022-23-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

(സി) വിവിധ ഇനങ്ങളിലായി കേരളത്തിന് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രധാനമായും ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടത്തിലുള്ള നഷ്ടപരിഹാരത്തിന്റെ കുടിശ്ശികയാണ് നിലവിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത്. ഈ വിഷയം ഉചിതതലത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

8(451) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ (ബഡ്ജറ്റ്-കെ) വകുപ്പിന്റെ 30.04.2022-ലെ 3311/2022/ഫിൻ ഉത്തരവ് പ്രകാരം 2020-21 വർഷത്തെ ബഡ്ജറ്റിൽ നാല് കോടി രൂപ അടങ്കൽ തുകയിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ, മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ മൈനർ ഇറിഗേഷൻ വകുപ്പ് ധനവകുപ്പിന് ഫയൽ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയുടെ നടത്തിപ്പിനായി മൈനർ ഇറിഗേഷൻ വകുപ്പ് ചുവടെ രേഖപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്ഥല പരിശോധന നടത്തി പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായി പദ്ധതിരേഖ സമർപ്പിക്കുമ്പോൾ സ്ഥല ലഭ്യതയെക്കുറിച്ച് സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം ചെല്ലൻകാവ് ഏരിയയുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തിയുടെ പേരിലാണെന്ന് പുതുശ്ശേരി വില്ലേജിൽനിന്ന് അറിയാൻ കഴിഞ്ഞു. ഈ വിവരം ഭൂരേഖ തഹസീൽദാറിനെ അറിയിക്കുകയും ചെല്ലൻകാവ് ഏരിയയുടെ സർവ്വേ

നടപടികൾ പൂർത്തിയാക്കി വില്ലേജ് റിക്കാർഡുകളിൽ ഉടമസ്ഥാവകാശത്തിൽ മാറ്റം വരുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തഹസീൽദാർ(ഭൂരേഖ)പാലക്കാടിന് 10/08/2022-ൽ മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് കാര്യാലയത്തിൽനിന്നും കത്ത് നൽകുകയും ചെയ്തു. ഇതിന് മറുപടിയായി പുതുശ്ശേരി സെൻട്രൽ വില്ലേജിൽ ചെല്ലൻകാവ് ഏരിയയ്ക്കുവേണ്ടി ജലസേചന വകുപ്പിനുവേണ്ടി സ്ഥലം അക്വയർ ചെയ്തിട്ടുള്ളതിനുശേഷം വില്ലേജ് റെക്കോർഡുകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലായെന്ന് തഹസീൽദാർ (ഭൂരേഖ) പാലക്കാട് അറിയിച്ചിട്ടുണ്ട്. വില്ലേജ് റെക്കോർഡുകളിൽ മാറ്റം വരുത്തുന്ന നടപടികൾ നിർവഹിക്കുന്നതിന് താലൂക്ക് സർവ്വെയർ പുതുശ്ശേരി സെൻട്രലിനെ ചുമതലപ്പെടുത്തിയതായും റവന്യൂ വകുപ്പിൽനിന്നും ടി ഏരിയയുടെ അതിർത്തി നിർണ്ണയിച്ച് വില്ലേജ് റിക്കോർഡുകളിൽ മാറ്റം വരുത്തി നൽകുന്ന മുറയ്ക്ക് തയ്യാറാക്കിയ പദ്ധതിരേഖ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**ധനകാര്യ വകുപ്പിനെ സംബന്ധിച്ച പ്രവർത്തി പഠന റിപ്പോർട്ട്**

9(452) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ

പ്രവർത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധമായ കരട് റിപ്പോർട്ടിൽ മറ്റുപല വകുപ്പുകളിലും നടപ്പാക്കിയതുപോലെ ധനകാര്യ വകുപ്പിലെ പല വിംഗുകളുടെയും പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിലുള്ള തസ്തിക വെട്ടിക്കുറയ്ക്കൽ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) ധനകാര്യ പരിശോധനാ നോൺ ടെക്നിക്കൽ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള തസ്തിക വെട്ടിക്കുറയ്ക്കൽ ശിപാർശ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ധനകാര്യ പരിശോധനാ വിംഗുകളുടെ എണ്ണം വെട്ടിക്കുറയ്ക്കാനും അണ്ടർ സെക്രട്ടറിമാരുടെ തസ്തിക ഒഴിവാക്കാനുമുള്ള കരട് നിർദ്ദേശം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ഉൾപ്പെടെ മന്ദീഭവിപ്പിക്കുവാനും അഴിമതിക്ക് കളമൊരുക്കുവാനും ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ?

(എ-ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ പ്രവർത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ പഠനസംഘങ്ങൾ തയ്യാറാക്കിയ വിശദാംശങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട സമിതിയുടെ പരിഗണനയിലാണ്. പ്രസ്തുത സമിതിയുടെ നിഗമനങ്ങൾകൂടി ഉൾപ്പെടുത്തിയാൽ മാത്രമേ കരട് റിപ്പോർട്ടിന്

അന്തിമ രൂപം കൈവരികയുള്ളൂ.

(ഇ) ധനകാര്യ പരിശോധനാ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

പരിശോധിച്ച് ആവശ്യമെങ്കിൽ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷം സംസ്ഥാനം മൂലധന ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.41% വർദ്ധനവ് കൈവരിച്ചത് സംസ്ഥാനത്തിന്റെ സുസ്ഥിര വികസന കാഴ്ചപ്പാടിനുള്ള തെളിവാണ്.

**സിമന്റിന്റെ വില വർദ്ധനവ്**

10(453) <u>ശ്രീ. മാണി. സി. കാപ്പൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിർമാണപ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റിന്റെ വില ഒരു വർഷത്തിനകം അന്യായമായി വർദ്ധിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കൃത്രിമ വില വർദ്ധനവ് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത വിഷയം ധനവകുപ്പിന്റെ പരിഗണനയിലാണ്.

**നികുതി, നികുതിയിതര വരുമാനം**

11(454) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിനോദസഞ്ചാരമേഖലയിൽ നിന്നും ലോട്ടറി വിൽപ്പനയിൽ നിന്നും മദ്യ വിൽപ്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതി ഇതര വരുമാനം എത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷവും വിനോദസഞ്ചാര മേഖല, ലോട്ടറി, മദ്യ വിൽപ്പന തുടങ്ങിയ മേഖലകളിൽ നിന്ന് ഉൾപ്പെടെ നികുതി, നികുതിയേതര ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമായ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**റേഷൻ വിതരണക്കാരുടെ കമ്മീഷൻ**

12(455) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണക്കാരുടെ കമ്മീഷൻ നൽകുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് എത്ര രൂപയുടെ പ്രൊപ്പോസലാണ് ധനകാര്യവകുപ്പിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര രൂപ അനുവദിച്ചു നൽകിയെന്നും വ്യക്തമാക്കുമോ?

റേഷൻ വിതരണക്കാരുടെ കമ്മീഷൻ നൽകുന്നതിനായി '2408-01-101-94 (02)-33 (NP) ARD Commission' ശീർഷകത്തിൽ നടപ്പ് വർഷം (2022-23)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

216 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതുകൂടാതെ ടി ശീർഷകത്തിൽ അധിക ധനാനുമതിയായി 108.70 കോടി രൂപ അനുവദിക്കണമെന്ന ശിപാർശയാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സമർപ്പിച്ചത്. എന്നാൽ ശിപാർശ പരിഷ്കരിച്ച് 98 കോടി രൂപ അനുവദിക്കണമെന്നാണ് പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ അഭ്യർത്ഥിച്ചത്. 29.11.2022 -ലെ G.O(Rt)No.8074/2022/Fin പ്രകാരം അധിക ധനാനുമതിയായി 42 കോടി രൂപ അനുവദിച്ചു നൽകി.

(ബി) വകുപ്പ് ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിച്ചു നൽകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2022 ഒക്ടോബർ, നവംബർ മാസങ്ങളിൽ കമ്മീഷൻ നൽകുന്നതിനാവശ്യമുള്ള തുകയാണ് അനുവദിച്ചത്.

**സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം**

13(456) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ 2022 നവംബർ വരെയുള്ള കാലയളവിൽ നികുതി, നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ചതിൽ നിന്നും കുറവ്

രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വിശദമാക്കാമോ?

2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുകയും ലഭ്യമായതുമായ സംസ്ഥാനത്തിന്റെ തനത് നികുതി/ നികുതിയേതര വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് നികുതി ചോർച്ച ഉണ്ടാകുന്നുയെന്നതുമായി ബന്ധപ്പെട്ട് പല അവലോകനങ്ങളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുന്നതിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ പ്രോസസ്സ് ലളിതമാക്കിയതും ചെക്ക് പോസ്റ്റ് സംവിധാനം പൂർണമായും നിർത്തലാക്കിയതും ജി.എസ്.ടി. യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ അനാലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്‌മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്‌മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്.

വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നുവെന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ച് പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യപടിയെന്ന നിലയിൽ ഫോൺ, ഇ-മെയിൽ, എസ്.എം.എസ്. എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്താറുണ്ട്. ശേഷം പിഴ, അസ്സെസ്സ്‌മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്.

റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ

നിന്നും തെരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചതുവഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു.

(സി) ജി.എസ്.ടി.യിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇപ്രകാരം കൈമാറിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. യിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം നടത്തിയിട്ടില്ല.

എന്നാൽ, വിനോദ നികുതിയുടെ 2017-18 -ലെ നഷ്ടപരിഹാരം നൽകുമെന്ന് 2018-19 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം 2017-18 സാമ്പത്തിക വർഷം ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം 2015-16 ൽ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പിരിച്ചെടുത്ത വിനോദ നികുതിക്കും അതിന്റെ 15% - ത്തിനും തുല്യമായ തുകയായ 91,85,91,321/- രൂപ 30.10.2018-ലെ സ.ഉ. (സാധാ.) നമ്പർ 8957/2018/ധന. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

6-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 1-ാം ഭാഗ റിപ്പോർട്ടിലെ 15-ാം

നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാന പ്രകാരം 2020-21- ൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന് വിനോദ നികുതിയും പരസ്യനികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതുവഴിയുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കുന്നതാണെന്ന് 08.01.2021-ലെ സ.ഉ. (കൈ.) നമ്പർ 6/2021/ധന. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും കോവിഡ്-19 മൂലം സിനിമാ തീയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദനികുതി ഗണ്യമായി പിരിച്ചിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22 -ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ടതില്ലയെന്ന് 04.11.2022-ലെ സ.ഉ. (സാധാ.) നമ്പർ 7455/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

14(457) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു കടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23

ഒക്ടോബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. ഇത് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട 2021-22 ലെ വാർഷിക ആഭ്യന്തര ഉൽപാദനമായ 9,06,920.93 കോടി രൂപയുടെ 2.48 ശതമാനമാണ്.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ റവന്യൂ വരുമാനത്തിന്റെ 19.98 ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു.

(സി) 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി മാറ്റിവച്ചിരുന്നു, വ്യക്തമാക്കുമോ?

2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 15.86 ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ബജറ്റിൽ മാറ്റിവച്ചിരുന്നു.

**കോവിഡ് കാല പർച്ചേസുകൾ**

15(458) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. ടി.സിദ്ദിഖ്</u>:
<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ കോവിഡ് കാല പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് വ്യാപന കാലത്തെ അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട പർച്ചേസുകളിൽ ഏർപ്പെടുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകളിൽ ഇളവുകൾ നൽകി 04/04/2020-ലെ സ.ഉ(സാധാ).നം.09/2020/എസ്.പി.ഡി പ്രകാരം ഉത്തരവാകുകയും തുടർന്ന് വിവിധ ഉത്തരവുകൾ പ്രകാരം 03/12/2020 വരെ മേൽപ്പറഞ്ഞ ഇളവുകൾ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തിരം നടത്തിയ പർച്ചേസുകൾക്കും ബാധകമാണ്.

(ബി) 30.03.2020-ന് സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് വാങ്ങിയതിന്റെ അംഗീകാരത്തിനായി സമർപ്പിച്ച ഫയലിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ?

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും അംഗീകാരം നൽകിയിട്ടുണ്ട്

(സി) സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം മാർക്കറ്റ് നിരക്കിൽ മാത്രമേ സാമഗ്രികൾ വാങ്ങാൻ സാധിക്കുകയുള്ളുവെന്ന നിബന്ധന നിലനിൽക്കെ

മാർക്കറ്റ് നിരക്കിനേക്കാൾ മൂന്നിരട്ടി തുകയ്ക്ക് 30.03.2020-ന് സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി സ്റ്റോർസ് പർച്ചേസ് മാന്വൽ ലംഘനമാണോയെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ അതിതീവ്ര വ്യാപന കാലത്തെ അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർ നടത്തിയിട്ടുള്ള, കോവിഡുമായി ബന്ധപ്പെട്ട പർച്ചേസുകളിൽ, വിവിധ ഉത്തരവുകൾ പ്രകാരം ഇളവുകൾ നൽകിയിട്ടുള്ളതാണെന്നതിനാൽ സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥ ലംഘനമുണ്ടായതായി വിലയിരുത്തുവാൻ സാധിക്കുകയില്ല.

**മദ്യം, ലോട്ടറി എന്നിവയിൽ നിന്നുള്ള വരുമാനം**

16(459) ശ്രീ. എം. എം. മണി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് മദ്യവും ലോട്ടറിയുമാണെന്ന് ചില കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 116640.24 കോടി രൂപയാണ്. ഈ കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള

വിറ്റുവരവ് 7145.22 കോടി രൂപയും എക്സൈസ് വകുപ്പ് ഡ്യൂട്ടിയായി പിരിച്ചെടുത്ത തുക 2009.37 കോടി രൂപയുമാണ്. ഇവ യഥാക്രമം ആകെ വരുമാനത്തിന്റെ 6.13 ശതമാനവും 1.72 ശതമാനവുമാണ്.

(ബി) അപകീർത്തികരമായ പ്രസ്തുത പ്രസ്താവനയിലൂടെ സംസ്ഥാനത്തെ വികസന, ക്ഷേമപ്രവർത്തനങ്ങൾ ദുർബലപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് കരുതുന്നുണ്ടോ?

കരുതുന്നുണ്ട്.

(സി) 2016 മുതൽ 2022 വരെ മദ്യത്തിൽ നിന്നുമുള്ള വരുമാനം വെളിപ്പെടുത്താമോ; ഈ കാലയളവിലുള്ള ലോട്ടറി വിറ്റുവരവും ലോട്ടറി അസ്സൽ വരുമാനവും വെളിപ്പെടുത്താമോ?

2016 മുതൽ 2022 വരെയുള്ള കാലയളവിൽ മദ്യത്തിൽനിന്നുള്ള നികുതി വരുമാനവും ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) 2016 മുതൽ 2022 വരെ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ; മദ്യത്തിൽ നിന്നുമുള്ള വരുമാനം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

2016 മുതൽ 2022 വരെയുള്ള കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്നത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേരളത്തിന്റെ സാമ്പത്തിക സ്ഥിതി

17(460) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് റേറ്റിംഗ്സിന്റെ വിലയിരുത്തൽ പ്രകാരം കേരളത്തിന്റെ സാമ്പത്തിക സ്ഥിതി താഴെക്കാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കിഫ്ബിയുടെ വിദേശ വായ്പയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് സംസ്ഥാനത്തിന്റെ റേറ്റിംഗ് BB Stable-ൽ നിന്നും BB Negative ആയി പരിഷ്കരിച്ചിരുന്നു. അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ആസന്നമായ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചുള്ള ഭീതിയുടെ പശ്ചാത്തലത്തിൽ രാജ്യങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും റേറ്റിംഗ് ഇടിയുന്ന പ്രവണത നിലനിൽക്കുന്നതിന്റെയും സമീപകാലങ്ങളിൽ സംസ്ഥാനം നേരിട്ട അതിതീവ്രമായ പ്രകൃതിക്ഷോഭങ്ങളുടെയും കോവിഡ് മഹാമാരിയുടെയും അടിസ്ഥാനത്തിൽ വേണം ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് പരിഷ്കാരം വിലയിരുത്തേണ്ടത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി താഴേയ്ക്കാണെന്ന് പറയുന്നത് ഉചിതമാവില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള വായ്പയെടുപ്പിന് ഉൾപ്പെടെ സാമ്പത്തിക സ്ഥിതിയെ പറ്റിയുള്ള അവലോകനം പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് റിവിഷൻ അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വായ്പയെടുപ്പിനെ പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത കുറവാണ്. ഇതിന് കാരണം അത്തരത്തിലുള്ള വായ്പാ ശേഖരണം കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരന്റിയിന്മേലാണ് സ്വീകരിക്കുന്നതെന്നതാണ്.

(സി) കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് വായ്പാശേഷി പോലും ദുർബലമാകുന്ന വിധത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകരാൻ ഇടയായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ സംസ്ഥാനം നേരിടേണ്ടി വന്ന കാലാവസ്ഥാ വ്യതിയാനങ്ങളിൽ അധിഷ്ഠിതമായ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സംസ്ഥാനത്തെ അതിതീവ്രമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചുവെന്നത് യാഥാർത്ഥ്യമാണെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്നുവെന്ന രീതിയിലുള്ള വിലയിരുത്തൽ വസ്തുതകൾക്ക് നിരക്കുന്നതല്ല.

**ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ പുരോഗതി**

18 (461) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:

ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്, കോവിഡ് കാലയളവിൽ വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകളും സ്കാനർ, ഗ്ലൗസ്, മാസ്ക് തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളിൽ ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ൽ ആരംഭിച്ച പരിശോധന അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത അന്വേഷണം തുടങ്ങിയതെന്നാണെന്ന് വെളിപ്പെടുത്താമോ?

11.01.2022.

(സി) കെ.എം.എസ്.സി.എൽ.-ൽ നിന്നും ഫയലുകൾ ലഭ്യമാകാത്തത് കൊണ്ടാണോ അന്വേഷണം നീണ്ടുപോകുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എം.എസ്.സി.എൽ,-ൽ നിലവിൽ പുരോഗമിക്കുന്ന പരിശോധനയുടെ ഭാഗമായി പരിശോധനാ സംഘം ആവശ്യപ്പെടുന്ന മുറയ്ക്ക് ഫയലുകൾ

ലഭ്യമാക്കിവരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 2020 ജനുവരി മുതൽ 2021 നവംബർ വരെയുള്ള കാലയളവിൽ കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മരുന്നുകളുടെയും മറ്റുപകരണങ്ങളുടെയും പർച്ചേസുമായി ബന്ധപ്പെട്ട ഇടപാടുകളുടെയും ഫയലുകളുടെയും അനുബന്ധ രേഖകളുടെയും ബാഹുല്യം നിമിത്തമാണ് അന്വേഷണം നീണ്ടുപോകുന്നത്.

(ഡി) പ്രസ്തുത അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

പരിശോധനാ വേളയിൽ ധനകാര്യ പരിശോധനാ വിഭാഗം നൽകുന്ന അന്വേഷണകുറിപ്പുകൾക്ക് ലഭിക്കുന്ന മറുപടികൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം/അഭിപ്രായം തേടേണ്ടതും പ്രസ്തുത മറുപടികൾ കൂടി പരിശോധിച്ച് മാത്രമേ അന്തിമ നിഗമനത്തിലെത്താൻ കഴിയൂ. നിലവിൽ കെ.എം.എസ്.സി.എൽ.-ലെ പരിശോധനയുടെ ഭാഗമായി നൽകിയിട്ടുള്ള അന്വേഷണകുറിപ്പുകൾക്ക് ലഭിച്ച മറുപടികളും ആയതിനെത്തുടർന്ന് നൽകിയ തുടരന്വേഷണ കുറിപ്പുകൾക്ക് ലഭ്യമായ മറുപടികളുടെ വിശകലനവും നടന്നുവരുന്നു. പ്രസ്തുത പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(ഇ) അന്വേഷണം നീണ്ടുപോകുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മദ്യത്തിന്റെ വിൽപ്പന നികുതി**

19(462) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ മദ്യത്തിന്റെ വിൽപ്പന നികുതിയിൽ ഇളവ് അനുവദിച്ചതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ?

മദ്യത്തിന്റെ വിൽപ്പന നികുതിയിൽ ഇളവ് വരുത്താൻ തീരുമാനമെടുത്തിട്ടില്ല.

(ബി) പ്രസ്തുത തീരുമാനത്തിലൂടെ സംസ്ഥാന ഖജനാവിന് എത്ര രൂപയുടെ വരുമാന നഷ്ടം പ്രതിവർഷം ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**കേരളത്തിന്റെ കടമെടുപ്പ് പരിധി**

20(463) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടമെടുപ്പ് പരിധി നടപ്പ് സാമ്പത്തിക വർഷം എത്രയാണ്; ഈ സാമ്പത്തികവർഷം നാളിതുവരെ എത്ര രൂപ കടമെടുത്തിട്ടുണ്ട്;

(ബി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കേരളം കടമെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.

അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ (2021-22, 2022-23 ഒക്ടോബർ വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനം പൊതുകടയിനത്തിലെടുത്തിട്ടുള്ള വായ്പാ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| (തുക കോടിയിൽ) | | | | | | | |
|---|---|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-2020 | 2020-21 | 2021-22 | 2022-23 October |
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 | 14969 | 24514.06 | 20317.49 | 5233.06 |

| | | | | | | | |
|---|---|---|---|---|---|---|---|
| കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പാ | 379.43 | -130.15 | -240.58 | 1436.77 | 527.45 | -24.67 | -97.85 |
| പൊതുകടം (തനി) | 16151.89 | 17101.67 | 15249.92 | 16405.77 | 25041.51 | 20292.82 | 5135.20 |

## സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

21(465) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ആകെ പ്രതീക്ഷിച്ച വരുമാനം എത്രയാണെന്നും ഇതിൽ നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം ബജറ്റിൽ പ്രതിക്ഷിക്കുന്ന റവന്യു വരുമാനം 134097.80 കോടി രൂപയാണ്. (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) 2022 ഒക്ടോബർ മാസം വരെ 71351.33 കോടി രൂപ റവന്യു വരുമാനയായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| ഇനം | (ഒക്ടോബർ 2022 വരെ) * |
|---|---|
| സംസ്ഥാന തനത് നികുതി വരുമാനം | 39588.56 |
| സംസ്ഥാന തനത് നികുതി ഇതര | 6196.32 |

| | |
|---|---|
| വരുമാനം | |
| കേന്ദ്ര നികുതി വിഹിതം | 8362.99 |
| കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറ്-ഇൻ എയ്ഡ് | 17203.47 |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.

(ബി) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

- നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ' ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡെന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക്

ജി.എസ്.ടി. ഇൻവോയ്സുകൾ അപ്ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.

- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.

- നികുതിയേതര വരുമാനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രത്യേക ഇടപെടലുകളും നടപടികളും.

-

**വിവിധ വായ്പാ കുടിശ്ശിക ഗഡുക്കളാക്കി തിരിച്ചടയ്ക്കുന്നതിന് നടപടി**

22(466) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ തുടങ്ങിയ വായ്പകളിന്മേൽ കുടിശ്ശിക വന്നതിനാൽ ബാങ്കുകൾ സർഫാസി ആക്ട് പ്രകാരം ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വായ്പകൾ എഴുതിത്തള്ളുന്ന കാര്യം

സർക്കാർ പരിഗണിനയിലുണ്ടോ, വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ബാങ്കുകളുമായി ചർച്ച ചെയ്ത് ഇത്തരം കുടിശ്ശിക തുക ഗഡുക്കളായി അടയ്ക്കുന്നതിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ (SARFAESI ACT) 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡിക പ്രകാരം പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേക്ക് തള്ളിവിടുമെന്നുകണ്ട് 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ SARFAESI ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് പ്രസ്തുത പ്രമേയത്തിന്റെ

പകർപ്പ് കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുകയും ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ വിഷയം നിലവിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

**സംസ്ഥാനത്തിന്റെ പൊതു കടം**

23(467) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനം ഗുരുതരമായ കടക്കെണിയിലാണെന്ന വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

സംസ്ഥാനം കടുത്ത കടക്കെണിയിലാണെന്ന തെറ്റിദ്ധാരണാജനകമായ വാർത്തകൾ വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.

സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22

സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽനിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാധ്യമാക്കുകയെന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം ഇവ

എത്രയാണ്, വിശദമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. 2022-23-ലെ ബഡ്ജറ്റ് ഇൻ ബ്രീഫ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള 2020-21-ലെ ജനസംഖ്യ കണക്കാക്കിയാൽ സംസ്ഥാനത്തിന്റെ 2022-23 ഒക്ടോബർ വരെയുള്ള ആളോഹരി കടം 64289.52 രൂപയാണ്.

(സി) വിവിധ വായ്പകളിലായി പ്രതിമാസം എത്ര തുകയാണ് സംസ്ഥാനം പലിശ ഇനത്തിൽ ചെലവഴിക്കേണ്ടിവരുന്നത്, വിശദാംശം നൽകുമോ; ആയത് മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര തുകയാണ്, വെളിപ്പെടുത്തുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22-ൽ ആകെ 23,302.82 കോടി രൂപ പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു. ഇത് പ്രസ്തുത സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനത്തിന്റെ 19.98 ശതമാനമാനമാണ്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിലേക്കായി സംസ്ഥാനം ഓരോ മാസവും ചെലവഴിക്കുന്ന തുക എത്രയാണ് വ്യക്തമാക്കുമോ?

2022 സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനായി 773.86 കോടി രൂപയും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി

ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 105.65 കോടി രൂപയും ചേർത്ത് ആകെ 879.51 കോടി രൂപ പ്രതിമാസം ചെലവു വരുന്നുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ പൊതു കടം, റവന്യൂ കമ്മി എന്നിവ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതുമൂലം ഉളവായ സാഹചര്യം തരണം ചെയ്യുന്നതിനും തനതു വരുമാനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

കേന്ദ്രസർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ  കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.  സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന്

ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി വർദ്ധിപ്പിച്ച കടമെടുപ്പ് പരിധി തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപംനൽകിയിട്ടുണ്ട്.

നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അതോടൊപ്പം, വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള

കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ വരും വർഷങ്ങളിൽ നികുതിയേതര ഇനങ്ങളിൽനിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിച്ച് അതുവഴി സംസ്ഥാന വരുമാനം മെച്ചപ്പെടുത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

## സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി

24(468) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം കടമെടുപ്പ് പരിധിയായി കേന്ദ്രം അനുവദിച്ചിട്ടുള്ളത് എത്ര തുകയാണെന്നും നാളിതുവരെ എത്ര കോടി രൂപ വായ്പയെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ കടമെടുപ്പ് പരിധി നിശ്ചയിച്ചിട്ടുള്ളതെന്നും കടമെടുപ്പ് പരിധി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്നും അറിയിക്കുമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ

പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തികവർഷം ഒക്ടോബർ വരെ 5135.20 കോടി രൂപ (തനി) സംസ്ഥാനം കടമെടുത്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ)

നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. കിഫ്ബി KSSPL എന്നിവ 2021-22 സാമ്പത്തിക വർഷമെടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

കോവിഡ്-19 മഹാമാരി ഏൽപ്പിച്ച ആഘാതത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി തികച്ചും ഉപാധികളില്ലാതെയാക്കണമെന്നും 2025-26 ആകുമ്പോൾ മാത്രം പ്രസ്തുത പരിധി കുറച്ച് മൂന്ന് ശതമാനം ആക്കാമെന്നും ബഹുകക്ഷികളോ ഉഭയകക്ഷികളോ ആയ ഏജൻസികളിൽ നിന്നും കേന്ദ്ര ധനകാര്യ മന്ത്രാലയം മുഖേന ലഭ്യമാകുന്ന വിദേശ വായ്പകൾ സംസ്ഥാനത്തിന്റെ സാധാരണ വായ്പാ പരിധിക്ക് അതീതമായി 2021-22 സാമ്പത്തിക വർഷത്തിലും തുടർന്നുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിലും കണക്കാക്കണമെന്നും 2022-23-ലെ കേന്ദ്രബജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ സംസ്ഥാനം ഉന്നയിച്ചിരുന്നു. മാത്രമല്ല, 2023-24-ലെ കേന്ദ്രബജറ്റിന് മുന്നോടിയായി കേന്ദ്രധനകാര്യ മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ

കടമെടുപ്പ് പരിധി കുറഞ്ഞത് 4 ശതമാനമായി നിശ്ചയിക്കണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളതെന്നും എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം നൽകുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടാകും. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട്

ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഈ കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

25(469) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിന്റെ പൊതു കടവും ആളോഹരി കടവും എത്രവീതമാണ്?

2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. 2022-23 ലെ ബജറ്റ് ഇൻ ബ്രീഫ് പ്രകാരം സൂചിപ്പിട്ടുള്ള 2020-21-ലെ ജനസംഖ്യ കണക്കാക്കിയാൽ സംസ്ഥാനത്തിന്റെ 2022-23 ഒക്ടോബർ വരെയുള്ള ആളോഹരി കടം 64289.52 രൂപയാണ്.

സംസ്ഥാന സർക്കാരിനുകീഴിലുള്ള കിഫ്ബി പോലെയുള്ള പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാർ സഞ്ചിതനിധിയിൽ ഉൾപ്പെടുത്തി പൊതുകടമായി ഗണിച്ചിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെയും 2022-23 ഒക്ടോബർ മാസം വരെയുമുള്ള പൊതുകടയിനത്തിലെ തിരിച്ചടവ് യഥാക്രമം 35,899.99 കോടി രൂപയും 17,516.35 കോടി രൂപയുമാണ്.

(ബി) 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ

പൊതു കടവും ആളോഹരി കടവും എത്ര വീതം ആയിരുന്നു?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് മാസം വരെ സംസ്ഥാനത്തിന്റെ പൊതുകടം 109730.97 കോടി രൂപയും ആളോഹരി കടം 46078.04 രൂപയുമാണ്.

(സി) സംസ്ഥാനം ബഡ്ജറ്റിനുള്ളിൽ നിന്നും ബഡ്ജറ്റിന് പുറത്തുനിന്നുമായി നേരിട്ടും കിഫ്ബി പോലുള്ള സ്ഥാപനങ്ങൾ മുഖേനയും എടുത്തിട്ടുള്ള ആകെ കടങ്ങളുടെയും തിരിച്ചടവുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. 2022-23 ലെ ബജറ്റ് ഇൻ ബ്രീഫ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള 2020-21 ലെ ജനസംഖ്യ കണക്കാക്കിയാൽ സംസ്ഥാനത്തിന്റെ 2022-23 ഒക്ടോബർ വരെയുള്ള ആളോഹരി കടം 64289.52 രൂപയാണ്.

സംസ്ഥാന സർക്കാരിനു കീഴിലുള്ള കിഫ്ബി പോലെയുള്ള പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാർ സഞ്ചിതനിധിയിൽ ഉൾപ്പെടുത്തി പൊതുകടമായി ഗണിച്ചിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെയും 2022-23 ഒക്ടോബർ മാസം വരെയുമുള്ള പൊതുകടയിനത്തിലെ തിരിച്ചടവ് യഥാക്രമം 35,899.99 കോടി രൂപയും

17,516.35 കോടി രൂപയുമാണ്.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവുമെടുത്ത കടം എത്ര വീതമാണെന്നുള്ള വിശദാംശം നൽകുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021 മെയ് മുതൽ 2022 ഒക്ടോബർ മാസംവരെ സംസ്ഥാനമെടുത്ത പൊതുകടം (തനി)സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Month | Public Debt (Net) **(Rupees in crore)** |
|---|---|
| May 2021 | 1296.64 |
| June 2021 | 7061.63 |
| July 2021 | 180.01 |
| August 2021 | 3766.59 |
| September 2021 | 7936.65 |
| October 2021 | 5827.31 |
| November 2021 | 138.25 |
| December 2021 | -886.20 |
| January 2022 | -1341.20 |
| February 2022 | -1336.92 |
| March 2022 | 6369.60 |
| April 2022 | -1006.97 |
| May 2022 | -907.75 |
| June 2022 | 513.43 |
| July 2022 | -331.59 |
| August 2022 | 4719.79 |
| September 2022 | 531.66 |
| October 2022 | 1616.63 |
| Total | *34147.56 |

*2021-22 സാമ്പത്തിക വർഷത്തിൽ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി

ലഭിച്ച ജി.എസ്.ടി നഷ്ടപരിഹാര തുകയായ 8739.31 കോടി രൂപ ഉൾപ്പെടെയാണ് മേൽതുക.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തികവർഷവും 2022-23 ഒക്ടോബർ വരെയും യഥാക്രമം 20292.82 കോടി (തനി), 5135.20 കോടി രൂപ (തനി) സംസ്ഥാനം കടമെടുത്തിട്ടുണ്ട്.

(ഇ) ഇപ്രകാരം കടമെടുത്ത തുകയുടെ എത്ര ശതമാനം വീതമാണ് വികസന പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളതെന്നും ശേഷിക്കുന്ന തുക ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

വായ്പയെടുത്ത മുഴവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല.

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

26(470) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തിവികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര തുക ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതുതായി എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

27(471) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

24-02-2018-ലെ സ.ഉ.(കൈ)നം.69/2018/ധന നമ്പർ ഉത്തരവ് പ്രകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി അംഗീകാരം നൽകി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട എസ്.പി.വി./സർക്കാർ നിയോഗിക്കുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ട ചുമതല അതത് എസ്.പി.വി.-യിൽ നിക്ഷിപ്തമാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഏന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി.-കൾ നേരിടുന്ന പക്ഷം, അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (എസ്.പി.വി. ആവശ്യപ്പെടുന്ന മുറയ്ക്ക്) കിഫ്ബി നൽകിവരുന്നു. കൂടാതെ, പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്യുന്നതിനായി കിഫ്ബിയിലെ വിവിധ തലങ്ങളിലും ബഹു.മന്ത്രി/എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്നുവരുന്നു.

## കിഫ്ബി വായ്പ തിരിച്ചടവ്

28(472) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വായ്പയുടെ തിരിച്ചടവിനായി ഏതൊക്കെ ഇനത്തിലുള്ള വരുമാനമാണ് ഉപയോഗപ്പെടുത്തുന്നതെന്നും അടുത്ത അഞ്ച് സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്നും ഇത് കിഫ്ബി വായ്പയുടെ തിരിച്ചടവിന് പര്യാപ്തമായിരിക്കുമെന്ന്

വിലയിരുത്തുന്നുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി പ്രധാനമായും സർക്കാരിൽനിന്നുള്ള വാഹന നികുതി വിഹിതത്തേയും പെട്രോളിയം സെസ്സിനെയുമാണ് ആശ്രയിക്കുന്നത്. ഈ ഇനത്തിൽ അടുത്ത അഞ്ച് സാമ്പത്തിക വർഷത്തിൽ 16,579/- കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ആയത് കിഫ്ബിയുടെ പ്രസ്തുത കാലയളവിലേയ്ക്കുള്ള തിരിച്ചടവിന് പര്യാപ്തമാണ്.

**പാറശ്ശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികൾ**

29(473) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും കില നിർവ്വഹണ ഏജൻസിയായി ഒരു കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചതുമായ ധനുവച്ചപുരം ഗവ. ജി.എച്ച്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം തുടർന്ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ ഒഴിവാക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

31.12.2018-ലെ സ.ഉ.(സാ.ധാ.)5503/2018/GEDN പ്രകാരം ഗവ. ജി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിൽ ഒരുകോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ എസ്.പി.വി.-യായ കൈറ്റ് പ്രസ്തുത സ്കൂളുകളെ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

സ്കൂൾ കോഡിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും പ്രസ്തുത ലിസ്റ്റിൽ 5 സ്കൂളുകൾക്ക് പകരം 7 സ്കൂളുകളെ പുതുതായി ഉൾപ്പെടുത്തി ഉത്തരവിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് കൈറ്റ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 18.06.2019-ലെ സ.ഉ.(സാ.ധാ.) 2396/2019/GEDN പ്രകാരമാണ് ഗവ. ജി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിനെ ഒഴിവാക്കിയത്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. മാരായമുട്ടം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 25.01.2020-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. നെയ്യാർ ഡാം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 03.05.2021-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കില പദ്ധതി നിർവ്വഹണ ഏജൻസിയായി 3

കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.വി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിന് ധനാനുമതി നൽകാനുള്ള നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

കില പദ്ധതി നിർവ്വഹണ ഏജൻസിയായി ഒരു കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ 4 സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ്. കീഴാറൂർ - കരാറുകാരൻ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ കരാറിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് റീ ടെൻഡർ നടപടികൾ കില കൈക്കൊള്ളുന്നതാണ്.

2. GHSS Mylachal - 1.3 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

3. NKMHSS ധനുവച്ചപുരം - 1.3 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

4. GHSS Anavoor - സ്ഥലപരിമിതി കാരണം ബഹു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കൂടിയ പി.ടി.എ. മീറ്റിംഗിലെടുത്ത തീരുമാനപ്രകാരം

പൂർത്തിയായ മറ്റൊരു കെട്ടിടത്തിനുമുകളിൽ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ കില തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. മാരായമുട്ടം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 25.01.2020-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. നെയ്യാർഡാം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 03.05.2021-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കില പദ്ധതി നിർവ്വഹണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസിയായി 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.വി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിന് ധനാനുമതി നൽകാനുള്ള നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

കില പദ്ധതി നിർവ്വഹണ ഏജൻസിയായി ഒരു കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ 4 സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ് കീഴാറൂർ - കരാറുകാരൻ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ കരാറിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് റീ ടെൻഡർ നടപടികൾ കില കൈക്കൊള്ളുന്നതാണ്.

2. GHSS Mylachal - 1.3 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

3. NKMHSS ധനുവച്ചപുരം - 1.3 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.

4. GHSS Anavoor - സ്ഥലപരിമിതി കാരണം ബഹു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കൂടിയ പി.ടി.എ. മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം

പൂർത്തിയായ മറ്റൊരു കെട്ടിടത്തിന് മുകളിൽ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ കില തയ്യാറാക്കി വരുന്നു.

**തിരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പദ്ധതികൾ**

30(474) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ളതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ നിലവിലേത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവ് ലഭ്യമായശേഷം, ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി കൂടി സാങ്കേതികാനുമതി നൽകി ടെൻഡർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-കളാണ്. കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ അവലോകന യോഗങ്ങൾ കിഫ്ബിയുടെ നേതൃത്വത്തിലും ബഹു.മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്നു. കൂടാതെ, പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലേതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി.-കൾ നേരിടുന്നപക്ഷം ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും (എസ്.പി.വി.-കൾ ആവശ്യപ്പെടുന്ന മുറയ്ക്ക്) കിഫ്ബി നൽകി വരുന്നു. ഈ സാഹചര്യത്തിൽ, കിഫ്ബിയുടെ ധനാനുമതി ലഭ്യമായ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന്റെ ഉത്തരവാദിത്തം എസ്.പി.വി.-യിൽ നിക്ഷിപ്തമാണ്.

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

31(475) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വായ്പകളുടെ തിരിച്ചടവിനത്തിൽ അടുത്ത അഞ്ച് സാമ്പത്തിക വർഷത്തേക്ക് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

നാളിതുവരെ കിഫ്ബി സമാഹരിച്ച വായ്പകളുടെ തിരിച്ചടവിനായി മുതലും പലിശയും ചേർത്ത് അടുത്ത അഞ്ച് വർഷത്തേക്ക് 12456/- കോടി രൂപ ആവശ്യമാണ്.

## മട്ടന്നൂർ മണ്ഡലത്തിലെ പെരുവംപറമ്പ്-കല്ലുവയൽ- നെല്ലിക്കാംപൊയിൽ റോഡ് നവീകരണം

32(476) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പെരുവംപറമ്പ്-കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡിന് കിഫ്ബി മുഖേന നവീകരണത്തിന് ഫണ്ട് അനുവദിച്ച പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ?

കിഫ്ബി മുഖേന നവീകരണത്തിന് ഭരണാനുമതി നൽകിയ മട്ടന്നൂർ മണ്ഡലത്തിലെ പെരുവംപറമ്പ് – കല്ലുവയൽ - നെല്ലിക്കാംപൊയിൽ റോഡിന് കിഫ്ബിയിൽനിന്നും ധനാനുമതി നൽകിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിലവിലെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

(ബി&സി) പദ്ധതിയുടെ SPV (നിർവ്വഹണ ഏജൻസി) ആയ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. ഇതിന് SPV നൽകിയ മറുപടി പരിശോധിച്ചും കിഫ്ബി നടത്തിയ സൈറ്റ് വിസിറ്റ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഡി.പി.ആർ. സമർപ്പിക്കുവാൻ SPV-ക്ക്

നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് SPV സമർപ്പിച്ച പരിഷ്കരിച്ച ഡി.പി.ആർ. കിഫ്ബി പരിശോധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നിലവിൽ SPV-ക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇപ്രകാരം SPV വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക്, കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### കിഫ്ബി പദ്ധതികളുടെ പ്രവർത്തനം

33(477) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് സമാഹരിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കിഫ്ബി നിലവിൽ വന്നതിനുശേഷം, 2022 സെപ്റ്റംബർ 30 വരെയുള്ള പ്രൊവിഷണൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 31,083.92 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റ് - ₹ 14384.14 കോടി രൂപ

ടേം ലോൺ - ₹13458.96 കോടി രൂപ

ബോണ്ടുകൾ - ₹2932.57 കോടി രൂപ

നോർക്ക ഡിവിഡന്റ് സ്കീം - ₹308.25 കോടി രൂപ

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി ഫണ്ടിലേക്ക് പണം സമാഹരിച്ചതിന്റെ പേരിൽ സർക്കാരിന് ബാദ്ധ്യതയുണ്ടോ; വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കുന്ന പണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയല്ല. കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 -ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റായ കിഫ്ബി ആന്യൂറ്റി മാതൃക അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമാണ്. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 73,000 കോടി രൂപയോളം വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേമെന്റ് (മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക) ആയി കിഫ്ബിക്ക് നൽകുമെന്ന് സർക്കാർ നിയമംമൂലം ഉറപ്പുനൽകുന്നു. നിലവിലെ ഗ്യാരണ്ടി പരിധി ആക്ടിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത്. സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമാഹരിക്കുന്ന വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കാൻ കഴിയില്ല.

(സി) കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങളേറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശികയുണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്നുതന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ

കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

(ഡി) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട് എത്ര തുക വീതം കുടിശ്ശികയുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്നുതന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. കാലതാമസം ഉണ്ടാകാതിരിക്കാനാവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ

കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

(ഇ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക എത്രയെന്നും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് 53,908.64 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുള്ളതും ഇതിൽ 24,509.23 കോടി രൂപയുടെ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ, വിവിധ വ്യവസായ പാർക്കുകൾക്കും ദേശീയപാത വികസനത്തിനുമായി ഭൂമി ഏറ്റെടുക്കുന്നതിന് 20000 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്.

(എഫ്) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ഈ പദ്ധതികൾ തുടങ്ങുവാനുണ്ടായ കാലതാമസം വിശദീകരിക്കാമോ; ഇതിലെന്ത് ഇടപെടലാണ് കിഫ്ബിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; കിഫ്ബിയുടെ അനുമതി ലഭിക്കാത്ത പദ്ധതികൾക്ക് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ

നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു. *

ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയനുസരിച്ച് നാളിതുവരെ ആരംഭിക്കാത്ത പദ്ധതിക്ക് (GED003-23) സർക്കാർ/എസ്.പി.വി.-യുടെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി നൽകുന്ന സാങ്കേതികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചശേഷം വർക്ക് അവാർഡ് ചെയ്യാവുന്നതാണ്.

കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹു. മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് എസ്.പി.വി.-യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഹാര മാർഗ്ഗങ്ങളും സമയബന്ധിതമായ പൂർത്തീകരണത്തിനായി ഉപദേശങ്ങളും നൽകി വരുന്നു.

24-02-2018-ലെ സ.ഉ (കൈ) നം.69/2018/ധന നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദമായ പദ്ധതിരേഖകൾ കിഫ്ബി പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം അവ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർന്നുവരുന്ന കിഫ്ബോർഡ് യോഗത്തിനു മുമ്പാകെ സമർപ്പിച്ച് അംഗീകാരം നൽകാവുന്നതും കിഫ്ബി ധനാനുമതി പുറപ്പെടുവിക്കാവുന്നതുമാണ്.

## കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ

34(478) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളിൽ നാളിതുവരെ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളിൽ നാളിതുവരെ 120 പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 873 പദ്ധതികളിൽ ഉൾപ്പെടുന്ന, വിവിധ പാക്കേജുകൾ അഥവാ ഘടകങ്ങൾ കൂടി കണക്കിലെടുത്താൽ ആകെ 452 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ (പാക്കേജുകൾ ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖേന പൂർത്തീകരിച്ച എത്ര പ്രവൃത്തികളുടെ ബില്ലുകളിൽ നിലവിൽ പേമെന്റ് നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി പദ്ധതികളുടെ പൂർണമായ നിർവഹണോത്തരവാദിത്തം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട ഭരണവകുപ്പ് നിയമിക്കുന്ന നിർവഹണ ഏജൻസികൾക്കാണ്. കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച്, പണം നൽകുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതും അതത് നിർവഹണ ഏജൻസികളാണ്. ഇപ്രകാരം നിർവഹണ ഏജൻസികൾ പാസാക്കി അനുമതി ഉത്തരവിനോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി പണം നൽകി വരുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൻപ്രകാരം, 17.12.2022-ലെ കണക്കനുസരിച്ച്, 246 പാക്കേജുകളിൽ കിഫ്ബി പൂർണമായും പണം നൽകിയിട്ടുണ്ട്. 9 പാക്കേജുകളുടെ ഫൈനൽ ബിൽ കിഫ്ബിയിൽ പരിശോധനയിലാണ്. 25 പാക്കേജുകളുടെ ഫൈനൽ ബില്ലുകൾ, വിവിധ പോരായ്മകൾ പരിഹരിച്ച് നൽകുന്നതിനായി അതത് പദ്ധതി നിർവഹണ ഏജൻസികൾക്ക് തിരികെ നൽകിയിട്ടുണ്ട്. ഇവയും ബാക്കിയുള്ള പാക്കേജുകളിൻമേലുള്ള ബില്ലുകളും നിർവഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പണം നൽകുന്നതാണ്.

(സി) സർവീസിൽനിന്നും വിരമിച്ച ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥയ്ക്ക് കിഫ്ബിയിൽ പുനർ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിലാണ് നിയമനം നൽകിയതെന്നും മേല്പറഞ്ഞ ഉദ്യോഗസ്ഥയ്ക്ക് ഒരു മാസം ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര തുക അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ധനവകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥയെ കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ സീനിയർ ജനറൽ മാനേജറായി നിയമിച്ചിട്ടുണ്ട്. കിഫ്ബിയിൽ ജനറൽ മാനേജർ തസ്തികയിൽ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തി പരിചയവും മികവും കണക്കിലെടുത്താണ് പ്രസ്തുത ഉദ്യോഗസ്ഥയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമനം നൽകിയത്. റൂൾ 100 പാർട്ട് 3 കെ.എസ്.ആർ. പ്രകാരമുള്ള ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 1,06,328/- രൂപയാണ് ശമ്പളം.

(ഡി) മേല്പറഞ്ഞ രീതിയിൽ എത്രപേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചതെന്നും ഓരോ തസ്തികയുടെയും ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടറായി വിരമിച്ച ശ്രീ. മുരളിദാസിനെ ചീഫ് ആഡിറ്ററായി കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥനും പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് ബാധകമായ റൂൾ 100 പാർട്ട് 3 കെ.എസ്.ആർ. ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 90,657/- രൂപ നൽകുന്നുണ്ട്.

(ഇ) കിഫ്ബിയിൽ നിയമനങ്ങൾ നടത്തുന്നതിന്റെ ചുമതല

ആർക്കാണെന്നും നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ?

കിഫ് ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി കിഫ്ബിയിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്താനുള്ള ചുമതല കിഫ് ബോർഡിൽ നിക്ഷിപ്തമാണ്. നിയമന രീതി, ശമ്പളം, മറ്റാനുകൂല്യങ്ങൾ, സേവന നിബന്ധനകൾ എന്നിവ നിശ്ചയിക്കുന്നത് സർക്കാരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമനുസരിച്ച് കാലാകാലങ്ങളായി സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിക്കുകയും അതിനനുസൃതമായി നിയമനം നടത്തുകയും ചെയ്തുവരുന്നു. ഇതിൽ പ്രധാനം കിഫ്ബിയുടെ സ്റ്റാഫ് പാറ്റേണും നിയമന രീതിയും വ്യക്തമാക്കി പുറപ്പെടുവിച്ചിട്ടുള്ള 14.02.2017-ലെ സ.ഉ (കൈ) നം.77/2017/ധന ഉത്തരവ് പ്രകാരമാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### കൊച്ചി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

35(479) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കൊച്ചി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിന് ധനാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റും ഓരോ പ്രവൃത്തിയുടെയും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.

**കൊല്ലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

36(480) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ, കിഫ്ബി പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി ഉൾപ്പെടെ വിശദ വിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ കിഫ്ബി പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിവരവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി ഫണ്ട്**

37(481) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ തിരൂരങ്ങാടി മണ്ഡലത്തിൽ കിഫ്ബി മുഖേന വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടും പ്രസ്തുത ഫണ്ട് അനുവദിച്ച തീയതിയും ഉത്തരവ് നമ്പറും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടും പ്രസ്തുത ഫണ്ട് അനുവദിച്ച ഉത്തരവ് നമ്പരും തീയതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും പൂർത്തീകരിക്കാത്തതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഇതിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങളും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണം

38(482) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മാസ്കമാരി - കുരുഡപ്പ ദവ് റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നിർമ്മിക്കുന്നത് ഉചിതമല്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ മാസ് കുമാരി – കരുഡപ്പദവ് റോഡ് പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പദ്ധതി അവലോകന വിഭാഗം പരിശോധിച്ചതിൽ, പ്രതിദിന ട്രാഫിക് volume വളരെ കുറവാണെന്ന് കണ്ടതിനാൽ പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം വികസിപ്പിക്കുന്നത് ഉചിതമല്ലാത്തതിനാൽ പദ്ധതിയുമായി മുന്നോട്ടുപോയിട്ടില്ല.

(ബി) ഇത്തരത്തിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ധനവകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പി.ഡബ്ല്യൂ.ഡി. മാനുവൽ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്.

**കിഫ്കോൺ**

39(483) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്കോൺ എന്ന പേരിൽ കിഫ്ബി കൺസൾട്ടൻസി കമ്പനി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത കമ്പനി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്, 01.08.2022 -ലെ G.O.(Ms)No.135/2022/FIN സർക്കാർ ഉത്തരവുപ്രകാരം, കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡ് (KIIFCON Pvt Ltd) എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു. ടി കമ്പനി മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിലും വിദേശത്തുമായി ഗതാഗതം, കെട്ടിടങ്ങൾ എം.ഇ.പി. പ്രവൃത്തികൾ, നഗര വികസനം, തുറമുഖങ്ങളും തീരദേശവും തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും അനുബന്ധ സാങ്കേതികരംഗത്തും കൺസൾട്ടൻസി നൽകുക. ഇതുവഴി, ഒരൊറ്റ കുടക്കീഴിൽ സ്ഥാപനങ്ങൾക്ക് വിവിധതരം കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കുകയും സ്ഥാപനങ്ങൾക്ക് സാങ്കേതികവിദ്യ കൈമാറ്റം നടത്താനാകുമെന്നും വിശ്വസിക്കുന്നു.

2. ഇന്ത്യയിലും വിദേശത്തുമുള്ള സിവിൽ, ആർകിടെക്ച്ചറൽ, സ്ട്രക്ചറൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും എഞ്ചിനിയറിംഗ് ഡിസൈൻ സർവ്വീസ് നൽകുക.

3. പ്രോജക്റ്റ് ഡെവലപ്‌മെന്റിന് ആവശ്യമായ പ്രാഥമിക സാധ്യതാ പഠനങ്ങൾ, എഞ്ചിനീയറിംഗ് സർവേയും പരിശോധനയും ആശയരൂപീകരണവും പ്രാഥമികവുമായ ഡിസൈൻ രേഖകൾ വികസിപ്പിക്കലും പരിസ്ഥിതി / സാമൂഹിക ആഘാതം പഠനം, ഡി.പി.ആർ. പിന്തുണാ സേവനങ്ങൾ, ഇതിനുപരിയായിട്ടുള്ള മറ്റനുബന്ധ സേവനങ്ങൾ എന്നിവ ലഭ്യമാക്കുക.

4. പ്രോജക്റ്റ് എഞ്ചിനീയറിംഗ് ഘട്ടത്തിൽ പദ്ധതിയുടെ വിശദമായ രൂപകൽപ്പന, ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM), ഇന്റഗ്രേറ്റഡ് ഡിസൈൻ, ബിഡ് പ്രോസസ് മാനേജ്മെന്റ്, ഡിസൈൻ റിവ്യൂ തുടങ്ങിയ എഞ്ചിനീയറിംഗ് സേവനങ്ങൾ നൽകുക.

5. പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ, ക്വാളിറ്റി ഓഡിറ്റ്, ക്വാളിറ്റി മാനേജ്മെന്റ് & മോണിട്ടറിംഗ്, സാങ്കേതിക പരിശോധന തുടങ്ങിയ പദ്ധതി നിർവ്വഹണ സേവനങ്ങളിൽ കൺസൾട്ടിംഗ് എഞ്ചിനീയർമാരായി പ്രവർത്തിക്കുക. കൂടാതെ ആസൂത്രണം മുതൽ പൂർത്തീകരണം വരെ പ്രോജക്റ്റിന്റെ മുഴുവൻ മേഖലകളിലും സമഗ്രമായ പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ നൽകുക.

6. ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം, മൊബൈൽ, ഏരിയൽ & ഡ്രോൺ സർവ്വേ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എന്നീ നൂതന സാങ്കേതികവിദ്യകളിലെ സ്കിൽ അപ്ഗ്രഡേഷൻ സഹായിക്കുക, കൂടാതെ മുൻകൂട്ടി നിശ്ചയിച്ച പ്രവൃത്തികൾ

പൂർത്തീകരിക്കുന്നതിനും സുസ്ഥിരവും നൂതനവുമായ മറ്റു സാങ്കേതികവിദ്യകൾ വിവിധ തലങ്ങളിൽ വിനിയോഗിക്കുന്നതിനും സേവനം നൽകുക. ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് പെർഫോമൻസ് മെച്ചപ്പെടുത്തുന്നതിനുള്ള അറിവ് പകരുന്നതോടൊപ്പം വ്യക്തിഗത ലക്ഷ്യങ്ങളെ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളുമായി കോർത്തിണക്കിക്കൊണ്ട് സ്ഥാപനത്തിന്റെ പൊതുവായ വികസന പ്രക്രിയക്ക് വിഭവശേഷിയെ പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം നൽകുക.

7. പദ്ധതി നടത്തിപ്പിനുള്ള പഠനവും സർവ്വെയും നടത്തുക; സാങ്കേതിക- സാമ്പത്തിക പഠനം; പദ്ധതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക; സംരംഭകരെ കണ്ടെത്തുകയും അവർക്കാവശ്യമായ ഭരണപരവും സാങ്കേതികപരവുമായ സഹായം നൽകുക; മാർക്കറ്റ് റിസർച്ചിനും സർവ്വേക്കും സഹായിക്കുക; അസ്സറ്റ് വാല്യുവേഷൻ ഉൾപ്പെടെയുള്ളവയിൽ സഹായിക്കുകയും ഇൻഡസ്ട്രിയൽ മാനേജ്മെന്റ്, ഫിനാൻഷ്യൽ കൺസൾട്ടന്റ് എന്നിവയായി വർത്തിക്കുകയും ചെയ്യുക; സ്വതന്ത്രമായോ, മറ്റ് സ്ഥാപനങ്ങളുടെ സഹായത്തോടെയോ വൊക്കേഷണൽ & പ്രൊഫഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുകയും അവയ്ക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുക.

8. പദ്ധതി നടത്തിപ്പിനാവശ്യമായ ആസൂത്രണം, ഡിസൈൻ, മേൽനോട്ടം, ഓപ്പറേഷൻ & മെയിന്റനൻസ് തുടങ്ങിയ സേവനങ്ങൾ നൽകുക.

9. ഫണ്ട് സമാഹരണത്തിനും സ്ട്രക്ചറിംഗിനും സഹായിക്കുക, അസ്സറ്റ് ലയബിലിറ്റി മാനേജ്മെന്റിനും റിസ്ക് മാനേജ്മെന്റിനും സഹായിക്കുക, ESG കംപ്ലയൻസ് ഉൾപ്പെടെ ക്ലൈമറ്റ് റസലിയന്റ് അജണ്ടകൾ രൂപീകരിക്കുന്നതിന് സഹായിക്കുക.

10. കിഫ്ബിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നോ പ്രോഫിറ്റ് നോ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

കിഫ്ബിക്ക് ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും വിദഗ്ദ്ധ ഓപ്പറേറ്റർമാരുടെ സേവനവും ഉൾപ്പടെ നോ പ്രോഫിറ്റ് നോ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

(ബി) കിഫ്ബി നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഇപ്രകാരം ഒരു കമ്പനി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2016-ലെ ഭേദഗതി വരുത്തിയ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ ആറാം വകുപ്പിൽ ബോർഡിന്റെ ചുമതലകൾ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ആക്ടിലെ 6 (h) പ്രകാരമാണ് കിഫ്കോൺ രൂപീകരിച്ചത്.

(സി) കമ്പനിയുടെ പ്രവർത്തനത്തിനായി ഫണ്ട് സമാഹരിക്കുന്നത് ഏത് രീതിയിലാണെന്നും കമ്പനിയിൽനിന്നുള്ള വരുമാനം ഏത് രീതിയിലാണ്

വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) കമ്പനിയുടെ നടത്തിപ്പിന് ഓതറൈസ്ഡ് ക്യാപിറ്റലായി 1 കോടി രൂപയും പെയ്ഡ് അപ്പ് ക്യാപിറ്റലായി 10 ലക്ഷം രൂപയും കിഫ്ബിയിൽനിന്നും വകയിരുത്തിയതല്ലാതെ സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല.

## റെയിൽവേ ഓവർ ബ്രിഡ്ജുകൾ

40(484) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിലൂടെ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

1. കൊടുവള്ളി റെയിൽവേ മേൽപ്പാലം-ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 16.05.2017- ന ലഭിച്ചു. മേൽപ്പാലത്തിനുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. 40% പ്രവൃത്തി പൂർത്തിയായി. ബാക്കി നിർമ്മാണം പുരോഗമിക്കുന്നു.

2. കൊട്ടികുളം റെയിൽവേ മേൽപ്പാലം- ഡി.പി.ആർ.-ന് കിഫ്ബിയുടെ

അംഗീകാരം 16.05.2017-ന് ലഭിച്ചു. പദ്ധതിയുടെ അന്തിമ ജി.എ.ഡി റെയിൽവേയുടെ അംഗികാരത്തിനായി 01.09.2022-ൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂരിപക്ഷം ഭൂമിയും റെയിൽവേയുടെ പേരിലായതിനാൽ ടി ഭൂമി കേരള ഗവണ്മെന്റിനു കൈമാറിയാൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയൂ.

3. ഹൊസങ്കടി റെയിൽവേ മേൽപ്പാലം ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 10.02.2020-നു ലഭിച്ചു. ജി.എ.ഡി റയിൽവേയിൽ സമർപ്പിച്ചെങ്കിലും എൻ.എച്ച്.എ.ഐ- യിൽ നിന്നും എൻ.ഒ.സി ലഭിച്ചശേഷം ജി.എ.ഡി സമർപ്പിക്കുവാൻ റയിൽവേ ആവശ്യപ്പെട്ടു. തുടർന്ന് എൻ.ഒ.സി.-യ്ക്കുള്ള അപേക്ഷ എൻ.എച്ച്.എ.ഐ.- യിൽ സമർപ്പിച്ചിട്ടുണ്ട്.

4. ഉദുമ റെയിൽവേ മേൽപ്പാലം - ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 11.02.2020-നു ലഭിച്ചു. ജി.എ.ഡി റെയിൽവേയുടെ അംഗികാരത്തിനായി 06.05.2022- ൽ സമർപ്പിച്ചിരുന്നെങ്കിലും റെയിൽവേ സംയുക്ത പരിശോധന റിപ്പോർട്ട് ആവശ്യപ്പെട്ട് തിരിച്ചയച്ചു. ആയതിനാൽ സംയുക്ത പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് 02.07.2022 -നു പാലക്കാട് ഡിവിഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

5. കുശാൽ നഗർ റെയിൽവേ മേൽപ്പാലം -ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 11.02.2020 -ന് ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ

പ്രദേശത്തു കൂടിയായതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുവെന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

6. എടചക്കൈ - നടക്കാവ് റെയിൽവേ മേൽപ്പാലം -ഡി.പി.ആർ-ന് കിഫ്ബിയുടെ അംഗീകാരം 10.02.2020- ന് ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടിയായതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുവെന്ന് റയിൽവേ അറിയിച്ചു.

7. മഞ്ചേശ്വർ-ഉദയവാർ റോഡ് റെയിൽവേ മേൽപ്പാലം ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 09.08.2020-ന് ലഭിച്ചു. ജി.എ.ഡി റയിൽവേയിൽ സമർപ്പിച്ചെങ്കിലും എൻ.എച്ച്.എ.ഐ.- യിൽ നിന്നും എൻ.ഒ.സി. ലഭിച്ചശേഷം ജി.എ.ഡി. സമർപ്പിക്കുവാൻ റയിൽവേ ആവശ്യപ്പെട്ടു. തുടർന്ന് എൻ.ഒ.സി.-യ്ക്കുള്ള അപേക്ഷ എൻ.എച്ച്.എ.ഐ.- യിൽ സമർപ്പിച്ചിട്ടുണ്ട്.

8. തൃക്കരിപൂർ -വെള്ളാപ്പ റെയിൽവേ മേൽപ്പാലം -ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 06.08.2020- ന് ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്തുകൂടിയായതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുവെന്ന് റയിൽവേ അറിയിച്ചു.

9. കോഴിക്കൽ റെയിൽവേ മേൽപ്പാലം - ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 07.02.2020-ന് ലഭിച്ചു. റെയിൽവേ ഒരു അണ്ടർപാസ്സ് ഇവിടെ നിർമ്മിച്ചിട്ടുള്ളതിനാൽ റയിൽവേ മേൽപ്പാലം ഇവിടെ നിർമ്മിക്കേണ്ടതില്ലെന്നാണ് 22.08.2022- ന് നടന്ന സി.എം.ടി. മീറ്റിംഗിൽ ബഹു. എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ളത്.

10. പുന്നോൽ റെയിൽവേ മേൽപ്പാലം- ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 09.08.2020- ന് ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്തുകൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുവെന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

11. ബീരിച്ചേരി റെയിൽവേ മേൽപ്പാലം - ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം 16.03.2019 -ന് ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്തുകൂടിയായതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുവെന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷൻ കേരള വഴി നടപ്പിലാക്കുന്ന ബീരിച്ചേരി, ഉദിനൂർ, വെള്ളാപ്പ് റയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തികൾക്ക് നിലവിൽ എന്തു തടസ്സമാണുള്ളതെന്ന്

വ്യക്തമാക്കാമോ?

ഈ റെയിൽവേ മേൽപ്പാലങ്ങളുടെ അലൈൻമെന്റിൽ കൂടി സിൽവർ ലൈൻ പദ്ധതിയുടെ അലൈൻമെന്റ് വരുന്നതുമൂലം സിൽവർ ലൈൻ അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമേ ജി.ഐ.ഡി. പരിഗണിക്കാൻ കഴിയൂവെന്നാണ് റെയിൽവേ അറിയിച്ചിരുന്നത്. എന്നാൽ 28.09.2022 ലെ KRDCL-ന്റെ കത്ത് പ്രകാരം ജി.ഐ.ഡി. റയിൽവേ അംഗീകരിച്ച പദ്ധതികളിൽ സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ പ്രവൃത്തിയുമായി മുന്നോട്ടുപോകുവാൻ അറിയിച്ചിരിക്കുന്നു. 12.10.2022- ലെ കത്ത് പ്രകാരം ഈ വിവരം RBDCK റയിൽവേയിൽ അറിയിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം ജി.ഐ.ഡി. അംഗീകരിക്കപ്പെടാത്ത റെയിൽവേ മേൽപ്പാലങ്ങൾക്ക് ബാധകമാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് റെയിൽവേ നിർദ്ദേശിച്ചു. അതനുസരിച്ച് 03.11.2022-ൽ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ചുള്ള വിശദീകരണത്തിനായി KRDCL നോട് അഭ്യർത്ഥിച്ചിട്ടുണ്ട്. KRDCL-ൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തിയുമായി മുന്നോട്ട് പോകുന്നതാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കാക്കുളങ്ങരപ്പള്ളി പദ്ധതി

41(485) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് അഴീക്കോട് നടപ്പിലാക്കുന്ന കാക്കുളങ്ങരപ്പള്ളിയുടെ പ്രവൃത്തികൾ അറിയിക്കാമോ?

കാക്കുളങ്ങരപ്പള്ളി പദ്ധതിക്ക് 1,03,18,271.34 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കാക്കുളങ്ങര മസ്ജിദ് ഒരു പൈതൃക ബിൽഡിംഗും ചരിത്രപരമായ മൂല്യവുമുള്ള പള്ളിയുമായതിനാൽ സംരക്ഷണത്തിന് വിധേയമാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

- മിനാരം ബലപ്പെടുത്തലും സംരക്ഷണവും.
- ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം
- ഗാലറി നിർമ്മാണം. മുസ്‌ലീം സംസ്കാരത്തിന്റെ പൈതൃകം പ്രദർശിപ്പിക്കുന്നതാണ് ഗാലറി.
- ചുറ്റുമുള്ള സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു കമ്മ്യൂണിറ്റി കെട്ടിടവും നിർമ്മിക്കാനുള്ള പ്ലാനുമുണ്ട്.
- പള്ളിക്കുചുറ്റുമുള്ള സ്ഥലം ലാൻഡ് സ്കേപ്പ് ചെയ്യു, നടപ്പാത, ലൈറ്റിംഗ് എന്നിവ ഉപയോഗിച്ച് ചുറ്റുമുള്ള ഭൂപ്രകൃതി മെച്ചപ്പെടുത്തും.

സൈനേജ്, തെരുവ് വിളക്കുകൾ, ഡസ്റ്റ്ബിനുകൾ, സുരക്ഷാ ക്യാമറകൾ തുടങ്ങിയ ഉപയോഗപ്രദമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുളപ്പുര

സംരക്ഷണം, ഗാലറി, പ്ലംബിംഗ്, ഔട്ട്ഡോർ ക്ലിയറിംഗ് ലാൻഡ്സ്കേപ്പിംഗ്, വൈദ്യുതീകരണം എന്നിവ ഈ പ്രവർത്തനത്തിന്റെ ഘടകങ്ങളിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പദ്ധതി 4 തവണ ടെൻഡർ ചെയ്തെങ്കിലും ബിഡ്ഡിംഗിൽ ആരും പങ്കെടുത്തില്ല. റീ ടെൻഡറിംഗിൽ ഒരു ബിഡ്ഡർ പങ്കെടുക്കുകയും ബിഡ് ചെയ്ത തുക ഡി.എസ്.ആർ. 2016-നെ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് 16.86% മുകളിലും, ഡി.എസ്.ആർ. 2018-ലേക്ക് പുതുക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ 5.89% കുറവായതിനാലും അനുമതിക്കായി ടൂറിസം വകുപ്പിലേക്ക് ടെൻഡർ അയച്ചിരിക്കുകയാണ്.

(സി) പദ്ധതിയുടെ അംഗീകാരത്തിന് എന്തെങ്കിലും തടസങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കാമോ?

കാക്കുളങ്ങരപ്പള്ളി പദ്ധതിക്ക് 1,03,18,271.34 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇനി പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

പദ്ധതി 4 തവണ ടെൻഡർ ചെയ്തെങ്കിലും ബിഡ്ഡിംഗിൽ ആരും പങ്കെടുക്കാത്തതിനാലാണ് പദ്ധതി തുടങ്ങാൻ വൈകുന്നത്. എന്നാൽ നിലവിൽ

റീ ടെൻഡറിംഗിൽ ഒരു ബിഡ്ഡർ പങ്കെടുക്കുകയും ബിഡ് ചെയ്ത തുക ഡി.എസ്.ആർ 2016-നെ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് 16.86% മുകളിലും, ഡി.എസ്.ആർ 2018-ലേക്ക് പുതുക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ 5.89% കുറവായതിനാലും അനുമതിക്കായി ടൂറിസം വകുപ്പിലേക്ക് ടെൻഡർ അയച്ചിരിക്കുകയാണ്. ടെൻഡറിന് ടൂറിസം വകുപ്പ് അനുമതി നൽകുകയാണെങ്കിൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ **KIIDC** സ്വീകരിക്കുന്നതാണ്.

**കിഫ്കോൺ കമ്പനി**

42(486) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിക്ക് കീഴിൽ കൺസൾട്ടൻസി കമ്പനിയായി കിഫ്കോൺ എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്, 01.08.2022 ലെ G.O.(Ms)No.135/2022/FIN സർക്കാർ ഉത്തരവ് പ്രകാരം കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡ് (KIIFCON Pvt Ltd) എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും നിലവിലെന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഇന്ത്യയിലും വിദേശത്തുമായി ഗതാഗതം, കെട്ടിടങ്ങൾ, എം.ഇ.പി

പ്രവൃത്തികൾ, നഗരവികസനം, തുറമുഖങ്ങളും തീരദേശവും തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും അനുബന്ധ സാങ്കേതിക രംഗത്തും കൺസൾട്ടൻസി നൽകുക. ഇതുവഴി, ഒരൊറ്റ കുടക്കീഴിൽ സ്ഥാപനങ്ങൾക്ക് വിവിധതരം കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കുകയും സ്ഥാപനങ്ങൾക്ക് സാങ്കേതികവിദ്യ കൈമാറ്റം നടത്താനാകുമെന്നും വിശ്വസിക്കുന്നു.

ഇന്ത്യയിലും വിദേശത്തുമുള്ള സിവിൽ, ആർകിടെക്ച്ചറൽ, സ്ട്രക്ചറൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും എഞ്ചിനിയറിംഗ് ഡിസൈൻ സർവ്വീസ് നൽകുക.

പ്രോജക്ട് ഡെവലപ്മെന്റിന് ആവശ്യമായ പ്രാഥമിക സാധ്യതാ പഠനങ്ങൾ, എഞ്ചിനീയറിംഗ് സർവേയും പരിശോധനയും ആശയരൂപീകരണവും പ്രാഥമികവുമായ ഡിസൈൻ രേഖകൾ വികസിപ്പിക്കലും പരിസ്ഥിതി / സാമൂഹിക ആഘാതം പഠനം, ഡി.പി.ആർ. പിന്തുണാ സേവനങ്ങൾ, ഇതിനുപരിയായിട്ടുള്ള മറ്റനുബന്ധ സേവനങ്ങൾ എന്നിവ ലഭ്യമാക്കുക.

പ്രോജക്ട് എഞ്ചിനീയറിംഗ് ഘട്ടത്തിൽ പദ്ധതിയുടെ വിശദമായ രൂപകൽപ്പന, ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) ഇന്റഗ്രേറ്റഡ് ഡിസൈൻ, ബിഡ് പ്രോസസ് മാനേജ്മെന്റ്, ഡിസൈൻ റിവ്യൂ തുടങ്ങിയ എഞ്ചിനീയറിംഗ് സേവനങ്ങൾ നൽകുക.

പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ, ക്വാളിറ്റി ഓഡിറ്റ്, ക്വാളിറ്റി മാനേജ്മെന്റ് & മോണിട്ടറിംഗ്, സാങ്കേതിക പരിശോധന തുടങ്ങിയ പദ്ധതി നിർവ്വഹണ സേവനങ്ങളിൽ കൺസൾട്ടിംഗ് എഞ്ചിനീയർമാരായി പ്രവർത്തിക്കുക. കൂടാതെ ആസൂത്രണം മുതൽ പൂർത്തികരണംവരെ പ്രോജക്റ്റിന്റെ മുഴുവൻ മേഖലകളിലും സമഗ്രമായ പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾ നൽകുക.

ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം, മൊബൈൽ, ഏരിയൽ & ഡ്രോൺ സർവ്വേ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എന്നീ നൂതന സാങ്കേതികവിദ്യകളിലെ സ്കിൽ അപ്ഗ്രഡേഷന് സഹായിക്കുക കൂടാതെ മുൻകൂട്ടി നിശ്ചയിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സുസ്ഥിരവും നൂതനവുമായ മറ്റ് സാങ്കേതികവിദ്യകൾ വിവിധ തലങ്ങളിൽ വിനിയോഗിക്കുന്നതിനും സേവനം നൽകുക. ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് പെർഫോമൻസ് മെച്ചപ്പെടുത്തുന്നതിനുള്ള അറിവ് പകരുന്നതോടൊപ്പം വ്യക്തിഗത ലക്ഷ്യങ്ങളെ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളുമായി കോർത്തിണക്കിക്കൊണ്ട് സ്ഥാപനത്തിന്റെ പൊതുവായ വികസന പ്രക്രിയയ്ക്ക് വിഭവശേഷിയെ പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം നൽകുക.

പദ്ധതി നടത്തിപ്പിനുള്ള പഠനവും സർവ്വെയും നടത്തുക; സാങ്കേതിക-സാമ്പത്തിക പഠനം; പദ്ധതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക; സംരംഭകരെ

കണ്ടെത്തുകയും അവർക്കാവശ്യമായ ഭരണപരവും സാങ്കേതികപരവുമായ സഹായം നൽകുക; മാർക്കറ്റ് റിസർച്ചിനും സർവ്വേക്കും സഹായിക്കുക; അസറ്റ് വാല്യുവേഷൻ ഉൾപ്പെടെയുള്ളവയിൽ സഹായിക്കുകയും ഇൻഡസ്ട്രിയൽ മാനേജ്മെന്റ്, ഫിനാൻഷ്യൽ കൺസൽട്ടന്റ് എന്നിവയായി വർത്തിക്കുകയും ചെയ്യുക; സ്വതന്ത്രമായോ, മറ്റ് സ്ഥാപനങ്ങളുടെ സഹായത്തോടെയോ വൊക്കേഷണൽ & പ്രൊഫഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുകയും അവയ്ക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുക.

പദ്ധതി നടത്തിപ്പിനാവശ്യമായ ആസൂത്രണം, ഡിസൈൻ, മേൽനോട്ടം, ഓപ്പറേഷൻ & മെയിന്റനൻസ് തുടങ്ങിയ സേവങ്ങൾ നൽകുക, ഫണ്ട് സമാഹരണത്തിനും സ്ടക്ചറിംഗിനും സഹായിക്കുക, അസറ്റ് ലയബിലിറ്റി മാനേജ്മെന്റിനും റിസ്ക് മാനേജ്മെന്റിനും സഹായിക്കുക, ESG കംപ്ലയൻസ് ഉൾപ്പെടെ ക്ലൈമറ്റ് റസലിയന്റ് അജണ്ടകൾ രൂപീകരിക്കുന്നതിന് സഹായിക്കുക.

കിഫ്ബിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നോ പ്രോഫിറ്റ് നോ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

കിഫ്ബിക്ക് ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും വിദഗ്ധ ഓപ്പറേറ്റർമാരുടെ സേവനവും ഉൾപ്പടെ നോ പ്രോഫിറ്റ് നോ ലോസ് അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ

1. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന് പി.എം.സി സഹായങ്ങൾ നൽകുന്നു.

2. കേരള റബ്ബർ ലിമിറ്റഡിന് ഡി.പി.ആർ. സപ്പോർട്ടും പി.എം.സി. സഹായവും നൽകുന്നു.

3. OVERSEAS KERALITES INVESTMENT AND HOLDING Ltd (OKIH) ന്റെ ക്ലയന്റ് എഞ്ചിനീയർ ആയിട്ടും പ്രവർത്തിക്കുന്നു.

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തന മൂലധനം ഏത് രീതിയിലാണ് സമാഹരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

1 കോടി രൂപ മൂലധനമുള്ള ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് കിഫ്കോൺ. തുടക്കത്തിൽ 100% ഓഹരി കിഫ്ബിയുടേതും തുടർന്ന് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി പരമാവധി 51% ഓഹരി റെപ്യൂട്ടഡ് കമ്പനികൾക്ക് ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ അനുവദിക്കുകയും ചെയ്യുന്നതാണ്. കമ്പനിയുടെ നടത്തിപ്പിന് ഓതറൈസ്ഡ് ക്യാപിറ്റലായി 1 കോടി രൂപയും പെയ്ഡ് അപ്പ് ക്യാപിറ്റലായി 10 ലക്ഷം രൂപയും കിഫ്ബിയിൽ നിന്നും വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത കമ്പനിക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകിയതെന്ന് അറിയിക്കാമോ?

കമ്പനിയുടെ നടത്തിപ്പിന് ഓതറൈസ്ഡ് ക്യാപിറ്റലായി 1 കോടി രൂപയും പെയ്ഡ് അപ്പ് ക്യാപിറ്റലായി 10 ലക്ഷം രൂപയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുകയൊന്നും നൽകയിട്ടില്ല.

## കിഫ്ബി പദ്ധതി

43(487) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി 73,908.64 കോടി രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ വകുപ്പിലും അനുമതി നൽകിയ പദ്ധതിയും തുകയും വ്യക്തമാക്കാമോ?

ഓരോ വകുപ്പിലും അനുമതി നൽകിയ പദ്ധതിയും തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബിവഴി എത്ര കോടി രൂപയുടെ പദ്ധതികൾ ഇതുവരെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര കോടി രൂപ കിഫ്ബി വഴി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(സി&ഡി) കിഫ്ബി വഴി നാളിതുവരെ 6201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

44(488) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികളാണുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും എത്ര പദ്ധതികൾക്കാണ് തുടക്കംക്കുറിച്ചതെന്നും വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആരംഭിച്ച എല്ലാ പദ്ധതികളുടേയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ഇതുവരെ തുടങ്ങാൻ കഴിയാത്ത പദ്ധതികൾ ഏതൊക്കെയെന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ എല്ലാ പദ്ധതികളും ഭൂമി ഏറ്റെടുക്കൽ നടപടികളുൾപ്പെടെ ആരംഭിച്ചിട്ടുള്ളതാണ്.

### കിഫ്ബി പദ്ധതികളുടെ ചെലവും ബാധ്യതയും

45(489) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിവഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് അമ്പതിനായിരം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2016-ലെ കിഫ് ആക്ട് പ്രകാരം കിഫ്ബി ഇന്നത്തെ രീതിയിൽ ശാക്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

കിഫ്ബി നിലവിൽ വന്നതിനുശേഷം, 2022 സെപ്റ്റംബർ 30 വരെയുള്ള പ്രൊവിഷണൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 31,683.92 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | തുക |
|---|---|
| Grant Received from GOK | 2820.49 കോടി |
| MVT &Cess | 11563.64 കോടി |
| Term Loans | 14058.96 കോടി |
| Masala Bond | 2150 കോടി |
| KSFE Pravasi Chitty Bonds | 782.57 കോടി |
| NORKA Divident Scheme | 308.25 കോടി |
| **Total** | **31683.91** കോടി |

(ബി) കിഫ്ബി വഴി എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര രൂപയുടെ പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതികൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും നിലവിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ അവശേഷിക്കുന്നതെന്നും വിശദമാക്കുമോ?

അമ്പതിനായിരം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തിന്മേൽ നാളിതുവരെ വിവിധ വകുപ്പുകളിലായി 73,908.64 കോടി രൂപയുടെ 993 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്.

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ബന്ധപ്പെട്ട ഭരണ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസികളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 76.47 കോടി രൂപയുടെ 15 പദ്ധതി ഘടകങ്ങൾക്ക് കിഫ്ബി നൽകിയ ധനാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. അംഗീകാരം

നൽകിയ 73,908.64 കോടി രൂപയുടെ പദ്ധതികളിൽ 6201.35 കോടി രൂപയുടെ പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതികൾക്കായി യഥാർത്ഥത്തിൽ നാളിതുവരെ എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അംഗീകാരം നൽകിയ പദ്ധതികൾക്കായി കിഫ്ബി 22,188 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (30-11-2022 വരെയുള്ള കണക്ക് പ്രകാരം).

(ഡി) കിഫ്ബിവഴി കടമെടുത്ത തുക സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുമോ; എങ്കിൽ ഈ ഇനത്തിൽ എത്ര തുക കൂടി സംസ്ഥാനത്തിന്റെ ബാധ്യതയിൽ ഉൾപ്പെടുത്തേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കുന്ന പണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയല്ല. കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റായ കിഫ്ബി ആന്യൂറ്റി മാതൃക അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമാണ്. കിഫ്ബി മുഖേനയുള്ള പദ്ധതിയായി ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിക്കുന്നതും അല്ലെങ്കിൽ മന്ത്രിസഭ തീരുമാനിക്കുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേമെന്റായി

(മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക) കിഫ്ബിക്ക് നൽകുമെന്ന് സർക്കാർ നിയമംമൂലം ഉറപ്പുനൽകുന്നു. നിലവിലെ ഗ്യാരണ്ടി പരിധി ആക്ടിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത്. സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കാൻ കഴിയില്ല.

**കിഫ്ബി നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം**

46(490) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിലൂടെ നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്.പി.വി-യ്ക്കും എസ്.പി.വി.-യെ നിശ്ചയിക്കുന്ന അതത് ഭരണ വകുപ്പുകൾക്കുമാണ്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി. അവ അതത് ഭരണ വകുപ്പുകൾക്ക്

കൈമാറുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികൾക്കും ഗുണനിലവാര പരിശോധനകൾക്കുള്ള സംവിധാനം എസ്.പി.വി.-യിൽ ഉണ്ടാകണമെന്ന് കിഫ്ബി നിർദേശിക്കുന്നുണ്ട്. അതനുസരിച്ച് എസ്.പി.വി.-യുടെ സൈറ്റിലുള്ള ക്വാളിറ്റി കൺട്രോൾ ടീം CPWD/ PWD/ IS Code/ Specification അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പരിശോധനകളും നടത്തേണ്ടതാണ്. കിഫ്ബി ആക്ട് പ്രകാരമാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതനുസരിച്ച് ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നടപടികൾക്കായി ഉടൻതന്നെ ഫീൽഡ് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും നൽകാറുണ്ട്. ഭരണവകുപ്പും എസ്.പി.വി.-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ

പാലിക്കാൻ എസ്.പി.വി. ബാധ്യസ്ഥവുമാണ്. എസ്.പി.വി.-യിൽനിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സർവഷൻ ഷീറ്റ്, ഒബ്സർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സർവഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ചുവെന്ന് എസ്.പി.വി. ഉറപ്പുനൽകിയ ശേഷം മാത്രമേ നിർത്തിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി അനുവാദം നൽകുകയുള്ളൂ.

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണിത തൃശ്ശൂർ ചെമ്പൂച്ചിറയിലെ സ്കൂൾ കെട്ടിടം ഉൾപ്പെടെ സംസ്ഥാനത്ത് എത്ര പ്രവൃത്തികൾ നിലവാരം കുറഞ്ഞവയെന്ന് കണ്ടെത്തിയെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗം നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാലും സമയക്രമം പാലിക്കാത്തതിനാലും സംസ്ഥാനത്ത് നിർമ്മാണത്തിലിരുന്ന 51 പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത

പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള 45 നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 6 പ്രവൃത്തികൾ, കണ്ണൂർ ജില്ലയിലെ കുപ്പം മേൽപ്പാലം, ആലപ്പുഴ ജില്ലയിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. നാലുചിറ, എറണാകുളം ജില്ലയിലെ പ്ലാമുടി കോട്ടപ്പടി പാനിപ്ര-ഇരുമലപ്പടി ഊരംകുഴി റോഡ്, കോട്ടയം ജില്ലയിലെ അയ്മനത്ത് മിനി സ്റ്റേഡിയം, കോഴിക്കോട് ജില്ലയിലെ മൊകേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, BJM കോളേജ്, ചവറ എന്നിവയാണ്.

(സി) ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

47(491) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മഞ്ചേരി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

മഞ്ചേരി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി ഫണ്ട് അനുവദിച്ച മഞ്ചേരി ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെയും പട്ടിക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെയും കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മഞ്ചേരി ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി വരികയാണ്. പട്ടിക്കാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസി നടത്തി വരുന്നു. ടി സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയും. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളജ് - കെട്ടിട നിർമ്മാണം**

48(492) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും ക്യാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ. ത്രീ സ്റ്റാർ സ്റ്റാൻഡേർഡ്സ്, ഡി.എസ്.ആർ. 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി. ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ, വിശദാംശം നൽകുമോ?

മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും ക്യാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ. ത്രീ സ്റ്റാർ സ്റ്റാന്റേർഡ്സ്, ഡി.എസ്.ആർ. 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി. ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. കിഫ്ബിയുടെ അംഗീകാരത്തിനായി എസ്.പി.വി.യായ കിറ്റ്കോ സമർപ്പിച്ച പുതുക്കിയ റിപ്പോർട്ടും പ്രൊപ്പോസലും കിഫ്ബി പരിശോധിക്കുകയും കണ്ടെത്തിയ

ന്യൂനതകൾ പരിഹരിച്ച്, ആവശ്യമായ രേഖകൾ സഹിതം ഫയൽ പുനഃസമർപ്പിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് 27-10-2022-ൽ കിറ്റ്കോയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. അത് നാളിതുവരെ കിഫ്ബിയിൽ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല.

(ബി) കിഫ്ബി ധനാനുമതി നൽകിയ തുകയെത്ര, പദ്ധതിക്ക് സർക്കാർ/എസ്.പി.വി. നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ, 2016-ൽ ആരംഭിച്ചതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത കോളേജ് കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് ഇനിയും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം ഡൗൺഹിൽ സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിറ്റ്കോ ആദ്യം സമർപ്പിച്ച പദ്ധതിരേഖ കിഫ്ബി പരിശോധിച്ചശേഷം. 04-11-2020-ൽ 13.85 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 08-12-2020-ലെ ജി.എം.ഇ.എസ്.ജി/2703/2020/കിഫ്ബി നമ്പർ ഉത്തരവുപ്രകാരം, ടി പദ്ധതിക്ക് ജി.ആർ.ഐ.എച്ച്.എ. ത്രീ സ്റ്റാർ സ്റ്റാന്റേർഡ്സ് ബാധകമായതിനാലാണ് പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ, ടെക്നിക്കൽ കമ്മിറ്റിക്ക് സാങ്കേതികാനുമതി

നൽകാനാകൂ. 24-02-2018-ലെ സ. ഉ(കൈ) നം.69/2018/ധന നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് മേൽ പ്രവൃത്തിക്കായി എസ്.പി.വി.യായ കിറ്റ്കോ സമർപ്പിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേമായി തൃപ്തികരമാകുന്നപക്ഷം, തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്. അതിനുശേഷം, ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെന്റർ നടപടികൾ സ്വീകരിച്ചശേഷം, വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി. ആണ്.

(സി) എങ്കിൽ കിഫ്ബി ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി കിറ്റ്കോ സമർപ്പിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച് തൃപ്തികരമാകുന്നപക്ഷം തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടെ പദ്ധതിക്ക് ധനാനുമതി നൽകുന്നതാണ്. കിഫ്ബിയുടെ ധനാനുമതിയുടെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കി ടെന്റർ നടപടി സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിച്ച് പദ്ധതി

നടപ്പാക്കുന്ന മുറയ്ക്ക് കിഫ്ബി ഫണ്ട് വിനിയോഗിക്കാവുന്നതാണ്. പ്രവൃത്തി നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-യ്ക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നപക്ഷം അവ കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ കിഫ്ബി നൽകാറുണ്ട്. കൂടാതെ, കിഫ്ബി പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹു.മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കിഫ്ബി നൽകി വരുന്നു.

### വയനാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

49(493) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കിഫ്ബി മുഖേന അനുവദിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ കിഫ്ബി മുഖേന അനുവദിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി നൽകിയിട്ടും പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കാനുണ്ടെങ്കിൽ അവയുടെ പേരും കാരണവും വ്യക്തമാക്കാമോ?

കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയിട്ടും നാളിതുവരെ ആരംഭിക്കാത്ത പദ്ധതികളുടെ പേരും കാരണവും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**കിഫ്ബി മുഖാന്തരം പ്രഖ്യാപിച്ച മൂന്നാം കൈ കരിങ്ങാട് റോഡ് പ്രവൃത്തി**

50(494) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം പ്രഖ്യാപിച്ച മൂന്നാം കൈ കരിങ്ങാട് റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം പ്രഖ്യാപിച്ച മൂന്നാംകൈ - കരിങ്ങാട് - കൈവേലി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തി പി.എം.എസ്.ജി.വൈ.-യിൽ ഉൾപ്പെടുത്തി ചെയ്യുമെന്ന് നൽകിയ ഉറപ്പിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

മൂന്നാംകൈ - കരിങ്ങാട് - കൈവേലി റോഡ് ഉൾപ്പെടെ 10 മീറ്ററിൽ കുറവ് ROW ഉള്ള റോഡുകൾ പി.എം.ജി.എസ്.വൈ. മാനദണ്ഡപ്രകാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നെങ്കിലും പിന്നീടിത് സാധാരണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മാനദണ്ഡപ്രകാരമുള്ള നിലവാരത്തേക്കാൾ കുറവായതിനാൽ ഇതുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ ?

നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തിയതിൽനിന്നും ട്രാഫിക് കുറഞ്ഞതും കുറഞ്ഞ ROW ഉള്ളതുമായ മൂന്നാംകൈ - കരിങ്ങാട് - കൈവേലി റോഡ് പ്രവൃത്തിക്ക് കിഫ്ബി ഫണ്ട് അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

**വർക്കല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂളുകൾ**

51(495) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നവീകരിക്കുന്ന സ്കൂൾ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- വർക്കല ഗവ.എച്ച്.എസ്.എസ്.
- ഗവ.എച്ച്. എസ്. എസ്. നാവായിക്കുളം

- ഗവ.എച്ച്. എസ്. എസ്. പാളയംകുന്ന്

- ഗവ.എച്ച് എസ് എസ് വേട്ടൂർ

- ഗവ. എച്ച്. എസ്. എസ്. പള്ളിക്കൽ

- ഗവ. എച്ച്. എസ്. എസ്. കാപ്പിൽ

- ഗവ. എച്ച്. എസ്. എസ്. പകൽക്കുറി

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികളേതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക്കല ഗവ.എച്ച്. എസ്. എസ്. - നിർമ്മാണം പൂർത്തിയാക്കി 16.11.2020-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

2.ഗവ.എച്ച്.എസ്.എസ്. നാവായിക്കുളം - 25.06.2022-നു നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

3.ഗവ.എച്ച്.എസ്.എസ്. പാളയംകുന്ന് - 15.01.2022-നു നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

4. ഗവ.എച്ച്.എസ്.എസ്. വേട്ടൂർ - കരാറുകാരനെ കരാറിൽനിന്നും

ഒഴിവാക്കി Closure Agreement വച്ചു. 1.3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറായി ഡിസംബർ 15-നു മുൻപുള്ള കമ്മിറ്റിയിൽ ഉൾപ്പെടുത്തി ടി.എസ്. നൽകാനുള്ള നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു. ടി.എസ്., കിഫ്ബിയിൽനിന്നുള്ള പുതുക്കിയ ധനാനുമതി എന്നിവ ലഭ്യമാക്കിയശേഷം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

5. ഗവ. എച്ച്.എസ്.എസ്. പള്ളിക്കൽ - കരാറുകാരനെ കരാറിൽനിന്നും ഒഴിവാക്കി Closure Agreement വച്ച ശേഷം 1.3 കോടി രൂപയുടെ പുതുക്കിയ ടി.എസ്. നൽകിയിട്ടുണ്ട്. പുതുക്കിയ എഫ്.എസ്. നൽകാനുള്ള നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചു വരുന്നു. പുതുക്കിയ ധനാനുമതി എന്നിവ ലഭ്യമാക്കിയശേഷം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

6. ഗവ. എച്ച്.എസ്.എസ് കാപ്പിൽ - 1.3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോയിൽ ടെസ്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി.- യിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്. നൽകാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വികരിക്കുന്നതാണ്. ടി.എസ്., കിഫ്ബിയിൽനിന്നുള്ള പുതുക്കിയ ധനാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

7. ഗവ. എച്ച് എസ് എസ് പകൽകുറി - ടി.എസ്. ലഭിച്ചിട്ടുണ്ട്. PED Drawing അനുമതി ലഭ്യമാക്കാനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ച് വരുന്നു. ടി

അനുമതി ലഭിക്കുന്ന മുറയ്ക്ക് എസ്.പി.വി. ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

**കിഫ്ബി പദ്ധതികൾ**

52(496) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിവഴി എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് 2016 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കിഫ്ബിവഴി നാളിതുവരെ 73,908.64 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നിർവ്വഹണം ആരംഭിച്ചതെന്നും അതിൽ എത്ര പദ്ധതികൾ പൂർത്തിയായിയെന്നും അറിയിക്കുമോ?

ഇതിൽ 24,509.23 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹണം ആരംഭിച്ചിട്ടുള്ളതും 6201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് എത്ര കോടി രൂപ ഇതുവരെ നൽകിയെന്നും ഇനി എത്ര കോടി രൂപയാണ് നൽകുവാനുള്ളതെന്നും

അറിയിക്കുമോ?

കിഫ്ബി നാളിതുവരെ 73,908.64 കോടി രൂപയുടെ പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി അനുസരിച്ച് ഭരണ വകുപ്പിനുവേണ്ടി എസ്.പി.വി.- കൾ ബില്ലുകൾ പരിശോധിച്ച് തുക പാസാക്കി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് 30.11.2022 വരെ കിഫ്ബി 22,188 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതികൾ പുരോഗമിക്കുന്ന മുറയ്ക്ക് ബാക്കി കണക്കാക്കി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത് എസ്.പി.വി.- കൾ ആണെന്നതിനാൽ അത്തരം ഉത്തരവുകൾ കിഫ്ബിയിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബാക്കി തുക അറിയുവാൻ കഴിയുകയുള്ളൂ. പാസാക്കുന്ന തുകകൾ സമയബന്ധിതമായി റിലീസ് ചെയ്യുന്നതിനുള്ള ശക്തമായ ഇ-ഗവേണൻസ് സംവിധാനങ്ങൾ കിഫ്ബിയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കിഫ്ബിയുടെ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണെന്നും ഈയിനത്തിൽ എത്ര കോടി രൂപ ശേഖരിച്ചുവെന്നും വിശദമാക്കാമോ?

കിഫ്ബിയുടെ വരുമാന സ്രോതസ്സുകളും അവ മുഖേന ശേഖരിച്ച തുകയും ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | തുക |
|---|---|
| Grant Received from GOK | 2820.49 കോടി |
| MVT &Cess | 11563.64 കോടി |
| Loans | 14058.96 കോടി |
| Masala Bond | 2150 കോടി |
| KSFE Pravasi Chitty | 782.57 കോടി |

| | |
|---|---|
| Bonds | |
| NORKA Divident Scheme | 308.25 കോടി |
| **Total** | **31683.91** കോടി |

**കിഫ്ബി ഫണ്ട് അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി**

53(497) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ച പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർസെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്.പി.വി.യായ കില നൽകിയ സാങ്കേതികാനുമതിക്ക് കിഫ്ബിയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടികളേതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

1)കണ്ടങ്കാളി സ്കൂൾ - കണ്ടങ്കാളി സ്കൂളെന്നത് ഷേണായി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന്റെ പേരാണ്. ടി സ്കൂളിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി അനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിട്ടുണ്ട്. ഇതിന് എത്രയും വേഗം കിഫ്ബിയിൽനിന്നും അംഗീകാരം നൽകുന്നതാണ്

2. വെള്ളൂർ സ്കൂൾ - ടി സ്കൂളിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Sub Project Revision അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിട്ടുണ്ട്. ഇതിന് എത്രയുംവേഗം കിഫ്ബിയിൽനിന്നും

അംഗീകാരം നൽകുന്നതാണ്

3. മാത്തിൽ സ്കൂൾ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി അനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിട്ടുണ്ട്. ഇതിന് എത്രയുംവേഗം കിഫ്ബിയിൽനിന്നും അംഗീകാരം നൽകുന്നതാണ്.

4.വയക്കര സ്കൂൾ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി.എസ്. -ന കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി PED തയ്യാറാക്കി വരുന്നു.

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കണ്ടങ്കാളി സ്കൂൾ, മാത്തിൽ സ്കൂൾ എന്നിവയുടെ ടെക്നിക്കൽ സാംഗ്ഷന് കിഫ്ബിയിൽനിന്ന് അനുമതി ലഭിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസി PED തയ്യാറാക്കി കിഫ്ബിയിൽനിന്ന് അനുമതി തേടേണ്ടതുണ്ട്. ടി അനുമതിലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

വെള്ളൂർ സ്കൂളിന്റെ Sub Project Revision- ന് കിഫ്ബി അംഗീകാരം നൽകിയശേഷം പുതുക്കിയ ധനാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം സാങ്കേതികാനുമതി ലഭ്യമാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

ഇതിനുശേഷം പദ്ധതി നിർവ്വഹണ ഏജൻസി Project Execution Document (PED) തയ്യാറാക്കി കിഫ്ബിയിൽനിന്ന് അംഗീകാരം തേടേണ്ടതുണ്ട്. ടി അനുമതി ലഭിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

വയക്കര സ്കൂളിന്റെ Project Execution Document (PED) പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കേണ്ടതുണ്ട്. PED തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതി**

54(498) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ, 2022 ഒക്ടോബർ 31 വരെ കിഫ്ബിയിൽനിന്നും എത്ര പദ്ധതികൾക്ക് ധനാനുമതി ലഭിച്ചുവെന്നും പ്രസ്തുത പദ്ധതികളുടെ തുക എത്രയാണെന്നും ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ നാളിതുവരെ 12 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകയും വിശദ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അംഗീകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

അതിൽ നാളിതുവരെ 4 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കിഫ്ബിയുടെ അവലോകനത്തിൽ പ്രസ്തുത മണ്ഡലത്തിലെ പദ്ധതികളില്ല. 24-02-2018-ലെ സ.ഉ (കൈ) നം.69/2018/ധന നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി പദ്ധതിരേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്നപക്ഷം അവ തുടർന്നുവരുന്ന കിഫ് ബോർഡ് യോഗത്തിന് മുമ്പാകെ സമർപ്പിച്ച് അംഗീകാരം നൽകുന്നതാണ്.

## കിഫ്ബി മസാലബോണ്ട് വിതരണം

55 (499) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാലബോണ്ട് വിതരണവുമായി ബന്ധപ്പെട്ട് ഇ.ഡി. എന്തെല്ലാം കുറ്റങ്ങൾ ആരോപിച്ചാണ് കിഫ്ബി ഉദ്യോഗസ്ഥർക്കും മുൻ ധനമന്ത്രിക്കുമെതിരെ നോട്ടീസ് നൽകിയിട്ടുള്ളത്; ആർക്കെല്ലാമാണ് നോട്ടീസ് ലഭിച്ചിട്ടുള്ളതെന്നും ആരെയെല്ലാമാണ് ചോദ്യം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

മസാലബോണ്ട് സംബന്ധിച്ച് കിഫ്ബി ഉദ്യോഗസ്ഥർക്ക് നൽകിയ സമൻസ് നോട്ടീസുകളിലോ തുടർന്നുള്ള ചോദ്യം ചെയ്യലിലോ അന്വേഷണത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഇ.ഡി നൽകിയിരുന്നില്ല. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ജോയിന്റ് ഫണ്ട് മാനേജർ, മുൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ, മുൻ അസിസ്റ്റന്റ് ജനറൽ മാനേജർ എന്നിവർക്കും കൂടാതെ കണക്കുകൾ പരിശോധിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ്മാർക്കും സമൻസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ മുൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഒഴികെ മറ്റെല്ലാ ഉദ്യോഗസ്ഥരെയും ഇ.ഡി. പ്രാഥമികാന്വേഷണവുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യുകയുണ്ടായി.

(ബി) മസാലബോണ്ട് വഴി എത്ര രൂപയാണ് സമാഹരിക്കാൻ തീരുമാനിച്ചതെന്നും എത്ര തുക സമാഹരിച്ചുവെന്നും ഇതിന് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമാണോയെന്നും എങ്കിൽ ഇത് ലഭിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ?

എക്സ്റ്റേർണൽ കൊമേഴ്ഷ്യൽ ബോറോയിംഗിലൂടെ 2672.80 കോടി രൂപ വരെ സമാഹരിക്കുവാനുള്ള അനുമതി റിസർവ് ബാങ്ക് കിഫ്ബിക്ക് നൽകിയിരുന്നു. ഇതിൽ 2150 കോടി രൂപ സമാഹരിക്കുവാൻ 2019 മാർച്ച് 29 തീയതിയോടെ കിഫ്ബിക്ക് കഴിഞ്ഞു.

(സി) കിഫ്ബി ഏതെങ്കിലും തരത്തിലുള്ള ഫെമ നിയമലംഘനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഭീമമായ തുക പിഴയൊടുക്കേണ്ടി വരികയും മറ്റ് ഗുരുതരമായ നടപടികൾ നേരിടേണ്ടി വരികയും ചെയ്യുമെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം നിയമലംഘനം നടത്തിയവർക്കെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഏതെങ്കിലും തരത്തിലുള്ള ഫെമ നിയമലംഘനം നടത്തിയിട്ടില്ല.

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

56(500) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉടുമ്പൻചോല മണ്ഡത്തിലെ കിഫ്ബി പദ്ധതികൾ

57(501) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിൽ പ്രസ്തുത പ്രവൃത്തികളേത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകാമോ?

പ്രസ്തുത പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ഉൾപ്പടെയുള്ള വിശദവിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

58(502) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദ വിവരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണ പദ്ധതി**

59(503) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമാണത്തിനായി കിഫ്ബി അനുവദിച്ച 75 കോടി രൂപ നാളിതുവരെ വിനിയോഗിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 01.11.2016 -ലെ GO (P) No. 1502/ 2016/PWD പ്രകാരം 75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ - പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണ പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി സംസ്ഥാന ബഡ്ജറ്റ് മുഖേന നിർവ്വഹിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്നതിനാൽ ഇതുസംബന്ധിച്ച

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനം സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത റോഡിലൂടെ നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ തുക കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്ന വൈപ്പിൻ ദ്വീപിന്റെ കിഴക്കുവശത്ത് കൂടി വിഭാവനം ചെയ്തിട്ടുള്ള വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ (കായൽ റോഡ്) നിർമ്മാണത്തിനായി മാറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

24.02.2018-ലെ GO (Ms) No. 69/2018/Fin പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്കുമാത്രമേ കിഫ്ബി ധനസഹായം നൽകാനാവൂ. അതിനാൽ തന്നെ കിഫ്ബി ധനസഹായം പ്രഖ്യാപിച്ചതും എന്നാൽ പിന്നീട് സാങ്കേതിക കാരണങ്ങളാൽ നിർവ്വഹിക്കാൻ സാധിക്കാത്തതുമായ വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന് വകയിരുത്തിയ തുക കായൽ റോഡ് നിർമ്മാണത്തിനായി മാറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) ഇതുസംബന്ധിച്ച് 01.04.2022-ന് ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതും ധനകാര്യവകുപ്പിന്റെ 01.08.2022-ലെ 2104310/ഇൻഡ് പി.ഡബ്ല്യൂ.ബി1/160/2022 ഫയൽ പ്രകാരം കിഫ്ബിക്ക് തുടർനടപടിക്കായി കൈമാറിയിട്ടുള്ളതുമായ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

24.02.2018-ലെ GO (Ms) No. 69/2018/Fin പ്രകാരം ബഡ്ജറ്റ്

പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്കുമാത്രമേ കിഫ്ബി ധനസഹായം നൽകാനാവൂ. കിഫ്ബി ധനസഹായം പ്രഖ്യാപിച്ചതും എന്നാൽ പിന്നീട് സാങ്കേതിക കാരണങ്ങളാൽ കിഫ്ബി നിരസിച്ചതുമായ റോഡിന് വകയിരുത്തിയ തുക വിനിയോഗിച്ച് മറ്റൊരു റോഡ് പ്രവൃത്തി നിർവ്വഹിക്കുവാൻ സാധിക്കില്ലായെന്ന വിവരം ധനകാര്യ വകുപ്പിന്റെ 01.08.2022-ലെ 2104310/ഇൻഡ് പി.ഡബ്ല്യു.ബി1/ 160/2022 ഫയൽ പ്രകാരം കിഫ്ബിക്ക് തുടർനടപടിക്കായി കൈമാറിയിട്ടുള്ള കത്തിന്റെ മറുപടിയായി ഭരണ വകുപ്പിനെ അറിയിച്ചിരുന്നു.

**കോന്നി മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

60(504) <u>ശ്രീ കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതിയതായി അംഗീകാരം ലഭിച്ചതെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 ഫെബ്രുവരിയിൽ നടന്ന കിഫ്ബിയുടെ ഇ.സി./ബോർഡ് യോഗത്തിൽ "അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് മെച്ചപ്പെടുത്തൽ" പദ്ധതിക്കും 2022 ജൂലൈ മാസം " കോന്നി സർക്കാർ മെഡിക്കൽ കോളേജ് - (ഘട്ടം 1) - മെഡിക്കൽ ഉപകരണങ്ങളുടെ സംഭരണം" എന്ന പദ്ധതിക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി പുരോഗതി**

61(505) <u>ശ്രീ. കെ.വി.സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സമർപ്പിച്ച, വിശദമായ പദ്ധതി റിപ്പോർട്ട് (DPR), അവലോകനം നടത്തി കിഫ്ബിയിൽനിന്നും സാങ്കേതിക അവലോകന റിപ്പോർട്ട് KRFB-ക്ക് നൽകിയിട്ടുള്ളതുമാണ്.

ആയതിന് SPV നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചുകൊണ്ട് SPV-ക്ക് നിരീക്ഷണക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള മറുപടി SPV ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി അവലോകനം

തുടരുന്നതാണ്.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

കിഫ്ബി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി SPV ലഭ്യമാക്കിയശേഷം പദ്ധതി അവലോകനം പൂർത്തിയാക്കി കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് സഹിതം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നതാണ്.

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുമോ; വിശദമാക്കുമോ?

ധനാനുമതി ലഭിച്ചശേഷം പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളിലെ കിഫ്ബി പ്രവൃത്തികൾ**

62(506) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി മുഖാന്തരം

അടിസ്ഥാന വികസനം നടപ്പിലാക്കുന്നതിനായി അനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കി വരുന്ന സ്കൂൾ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ബന്ധപ്പെട്ട എസ്.പി.വി.-കൾ യഥാസമയം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദേശം നൽകുമോയെന്നറിയിക്കുമോ?

എസ്.പി.വി-കൾ അകാരണമായി ടെണ്ടർ നടപടികൾ വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിഫ്ബിയുടെ എല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട് യഥാസമയം കിഫ്ബിയിൽ പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും ബന്ധപ്പെട്ട എസ്.പി.വി-കൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

**കിഫ്ബി വഴി നടപ്പിലാക്കുന്ന താമരശ്ശേരി വരട്ടിയാക്കൽ റോഡ് പദ്ധതി**

63(507) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന താമരശ്ശേരി വരട്ടിയാക്കൽ റോഡ് പദ്ധതിയുടെ പ്രോജക്ട് റിവിഷന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച പരിഷ്കരിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന താമരശ്ശേരി-വരട്ടിയാക്കൽ റോഡ് പദ്ധതിയുടെ പ്രോജക്ട് റിവിഷൻ അംഗീകരിച്ച്, കിഫ്ബിയുടെ ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ളതും കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി പുതുക്കിയ ധനാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊടുവള്ളി മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലപ്പുറം - തലയാട് റോഡ് പദ്ധതിയുടെ പുതുക്കിയ ധനകാര്യ അംഗീകാരം സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

കൊടുവള്ളി മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലപ്പുറം - തലയാട് റോഡ് പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകുന്നതാണ്.

(സി) മൂന്നു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി മാറ്റുന്ന ജി.എച്ച്.എസ്.എസ്. താമരശ്ശേരി പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ ഡിപിആർ, എസ്.പി.വി. ആയ കില കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 3 കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന ജി.എച്ച്.എസ്.എസ്. താമരശ്ശേരി സ്കൂൾ പ്രവൃത്തി കൂടി ഉൾപ്പെടുന്ന പദ്ധതിക്കായി നിർവഹണ ഏജൻസിയായ 'കില' സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അപ്രൈസൽ വിഭാഗം അവലോകനം നടത്തി വരികയാണ്. അവലോകനം പൂർത്തീകരിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതി - ഒലവക്കോട്-ധോണി റോഡ് നവീകരണം**

64(508) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ, മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി റോഡ് നവീകരണം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പദ്ധതിക്ക് കിഫ്ബി പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഒലവക്കോട് – ധോണി റോഡ് നവീകരണ പദ്ധതിക്ക് 09/11/2018-ലെ PWD006-26-PA-01 നമ്പർ ഉത്തരവ് പ്രകാരം 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് ഈ പ്രവൃത്തി Full Depth Reclamation (FDR) സാങ്കേതികവിദ്യയിൽ നവീകരിക്കുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ഇതിൻ പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിച്ച് വരികയുമാണ്.

**ചെർപ്പുളശ്ശേരി ടൗൺ നഗരവികസന പദ്ധതി**

65(509) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന ചെർപ്പുളശ്ശേരി ടൗൺ നഗരവികസന പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

ചെർപ്പുളശ്ശേരി **ടൗൺ** നഗര വികസന പദ്ധതിക്ക് 26/02/2021-ലെ PWD016-47/APR-5/2021/KIIFB-നം ഉത്തരവുപ്രകാരം കിഫ്ബി 39.02

കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളതാണ്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി കമ്മിറ്റിക്ക് സമർപ്പിച്ചിരുന്നെങ്കിലും കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റിയുടെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പുതുക്കി സമർപ്പിക്കാനാണ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നതെന്നും ഇപ്രകാരം കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റിയുടെയും ഭാഗത്തുനിന്നും സമയബന്ധിതമായി എസ്റ്റിമേറ്റ് ലഭിക്കാത്തതുമൂലമാണ് പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നതെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

(ബി) കാലതാമസം പരിഹരിച്ച് ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതി ലഭിച്ചശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

66(510) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ആസ്തി

വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ 2021- 22 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിച്ച എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ കാരണവും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ. എസ്.ഡി.എഫ്. പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ 2021- 22 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്) പദ്ധതി പ്രകാരം നിർദ്ദേശിച്ച എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ അതിന്റെ കാരണവും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ബാധകമല്ല.

## വാമനപുരം മണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ടിൽ നിന്നും അനുമതി ലഭിച്ച പ്രവൃത്തികൾ

67(511) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പ്രത്യേക വികസന ഫണ്ടിൽനിന്ന് അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച ടെണ്ടർ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ഇനി ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാനുണ്ടോ; പുരോഗതി അറിയിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കുന്നത്തുനാട് മണ്ഡലത്തിലെ എസ്.ഡി.എഫ്., എ.ഡി.എസ്. പദ്ധതികൾ

68(512) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും നിലവിലേത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണവും വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ഓഫീസുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും**

69(513) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ നാളിതുവരെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എം.എൽ.എ. എസ്.ഡി.എഫ്. വിനിയോഗിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു; സ്ഥാപനങ്ങൾ, കമ്പ്യൂട്ടറുകളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിൽ 2016 മെയ് മാസം മുതൽ നാളിതുവരെ എം.എൽ.എ. എസ്.ഡി.എഫ്. വിനിയോഗിച്ച് 44 സ്ഥാപനങ്ങൾക്കായി 154 കമ്പ്യൂട്ടർ, ലാപ്ടോപ് മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ അനുവദിച്ചിട്ടുള്ളതാണ്. കമ്പ്യൂട്ടറുകളുടെ എണ്ണവും സ്ഥാപനങ്ങളുടെ പേരും അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) തുക അനുവദിച്ചിട്ടും ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഇതുവരെയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലെന്ന് വ്യക്തമാക്കുമോ?

ഭരണാനുമതി നല്കിയിട്ടുള്ളവയിൽ അഡ്വാൻസ് നല്കിയിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിച്ചിട്ടുള്ളതുമായ 30 സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ഭരണാനുമതി നല്കിയിട്ടുള്ളതും എന്നാൽ നിർവ്വഹണ അവസ്ഥയിലിരിക്കുന്നതുമായ 14 സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതാണ്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരം സേവിംഗ്സ് വരുന്ന തുക**

70(514) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. (എസ്.ഡി.എഫ്.) പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ സേവിംഗ്സ് ലഭിച്ച തുകയിൽനിന്നും പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരം സേവിംഗ്സ് വരുന്ന തുക വിനിയോഗിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ടോ; ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ വിശദമാക്കുമോ?

(എ&ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർഗ്ഗരേഖയായ 29.12.2017-ലെ സ.ഉ(അച്ചടി)നം. 161/2017/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് 12.12.2018-ലെ സ.ഉ(അച്ചടി)നം.194/2018/ ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് അടുത്ത രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ തൻ വർഷത്തെ തുകയ്ക്ക് പുറമെ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ 2017-18 മുതൽ 2020-21 വരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

71(515) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തിവികസന ഫണ്ട് പ്രകാരം 2017-18 മുതൽ 2020-21 വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വിവിധ പൊതുമരാമത്ത്-മറ്റ് പ്രവൃത്തികൾ പ്രകാരം എത്ര തുകയാണ് ടെൻണ്ടർ സേവിംഗ്സിലൂടെ ലഭ്യമായതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്**

72(516) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് പുതുതായി എന്തൊക്കെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04.08.2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31.03.2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ കളിസ്ഥല പദ്ധതിക്കായി ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ 13.06.2022-ലെ സ.ഉ.(അച്ചടി)നം.65/2022/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 16.09.2022-ലെ സ.ഉ.(സാധാ) നം.6361/2022/ധന പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ ശിപാർശകൾ നൽകുന്നതിനുള്ള സമയപരിധിയും 16.09.2022-ലെ സ.ഉ.(സാധാ നം.6362/2022/ധന) പ്രകാരം LAC ADS 2021-22 സാമ്പത്തിക വർഷത്തിൽ ബഹു.എം.എൽ.എ.-മാർ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധിയും 31.12.2022 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 18.10.2022-ലെ സ.ഉ.(സാധാ) നം.6979/2022/ധന പ്രകാരം LAC ADS 2018-19, 2019-20, 2020-21

സാമ്പത്തിക വർഷങ്ങളിൽ ബഹു.എം.എൽ.എ.-മാർ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 30.11.2022 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പേരാമ്പ്ര മണ്ഡലത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന് വേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിരുന്നോ?

പേരാമ്പ്ര മണ്ഡലത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനുവേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടില്ല.

(ഡി) പ്രസ്തുത ആവശ്യത്തിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

പ്രസ്തുത ആവശ്യത്തിന് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച് NC-C2/43/2022-FIN (E-2136881) ഫയലിൽ പരിശോധിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകാരം നൽകേണ്ടതില്ലായെന്ന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

**എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ട് വിനിയോഗം**

73(518) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളുടെ വികസനത്തിനുപയോഗിക്കുന്ന എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകളുടെ വിനിയോഗത്തിനായി പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിയോജകമണ്ഡലങ്ങളുടെ വികസനത്തിനുപയോഗിക്കുന്ന എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകളുടെ വിനിയോഗത്തിനായി പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുകാരണം സമയബന്ധിതമായി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരവുകളിലെ സാങ്കേതികപദങ്ങളുടെ പേരിൽ ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരവുകളിലെ സാങ്കേതികപദങ്ങളുടെ പേരിൽ ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം

74(519) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് നികുതിയിനത്തിലും ഗ്രാന്റായും വിവിധ പദ്ധതികൾക്കും ലഭിക്കാനുള്ള കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ കുടിശ്ശികയുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്രത്തിൽ നിന്നും വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് ലഭിക്കാനുള്ള വിഹിതങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. നഗര പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റിനത്തിൽ 613 കോടി രൂപ, പ്രാദേശിക സർക്കാരുകൾക്കുള്ള ഹെൽത്ത് ഗ്രാന്റിനത്തിൽ 596.53 കോടി രൂപ (2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 37.55 കോടി രൂപ ഉൾപ്പെടെ), സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിൽ 132 കോടി രൂപ, സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്രവിഹിതത്തിൽ 66 കോടി രൂപ എന്നിവ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും നടപ്പു സാമ്പത്തിക വർഷം (05.12.2022 വരെ) 2455.53 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സിംഗിൾ നോഡൽ അക്കൗണ്ട് സംവിധാനം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കർശനമായ

മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമാണ് കേന്ദ്രവിഹിതം അനുവദിച്ചു വരുന്നത്. കൂടാതെ പി.എഫ്.എം.എസ്.-ലെ സാങ്കേതിക തടസങ്ങളും കേന്ദ്രവിഹിതം ലഭിക്കുന്നതിന് കാലതാമസം സൃഷ്ടിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കിയും സാങ്കേതിക തടസങ്ങൾ പരിഹരിച്ചും അർഹമായ കേന്ദ്ര വിഹിതം മുഴുവനായി നേടിയെടുക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകൾ മുഖേന സ്വീകരിച്ചു വരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന**

75(520) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതിയുടെ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ?

റിപ്പോർട്ടിന്മേലുള്ള പരിശോധന പുരോഗമിക്കുന്നു. നയപരമായ തീരുമാനം

ആവശ്യമുള്ളതിനാൽ പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊണ്ടശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്ന് സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സർവ്വീസ് സംഘടനകൾ സർക്കാരിലേയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ടി വിഷയം ഉൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിൽ ആയതിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ -നടപടി ഉദാരമാക്കൽ**

76(521) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ നേരത്തേയുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ, ചികിത്സ തേടിയ ആശുപത്രികൾ സർക്കാർ അംഗീകാരമില്ലാത്തതാണെന്ന കാരണം പറഞ്ഞ് തിരിച്ചയയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 12.06.2020 - ലെ 34/2020/ധന., നമ്പർ പരിപത്രം പ്രകാരം

സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിലെ / ആശുപത്രികളിലെ ചികിത്സാ വിഭാഗങ്ങളിലെ ചികിത്സാ ചെലവുകൾ സാധാരണഗതിയിൽ പ്രതിപൂരണം ചെയ്തു നൽകുന്നില്ല. എന്നാൽ ഏറ്റവും അർഹതയുള്ള കേസുകൾ പ്രത്യേകം പരിഗണിച്ച് അനുമതി നൽകിയിട്ടുണ്ട്.

(ബി) ആകസ്മികമായ അപകടങ്ങളിലും മറ്റടിയന്തര സാഹചര്യങ്ങളിലും ജീവൻ രക്ഷിക്കുകയെന്ന പ്രാഥമികമായ ഉദ്ദേശ്യത്തോടെ ഏറ്റവും അടുത്തുള്ള ആശുപത്രിയിൽ എത്തുന്നവരുടെ കാര്യത്തിലെങ്കിലും നടപടി ഉദാരമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## മെഡിസെപ്

77 (522) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ്. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ആശുപത്രികൾ മെഡിസെപ്പിൽ ഉൾപ്പെട്ട രോഗികളുടെ ആനുകൂല്യം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ചില സ്വകാര്യ ആശുപത്രികളിൽ എംപാനൽ ചെയ്ത പല വകുപ്പുകളിലും

ചികിത്സ നിഷേധിക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കുകയും ആയതിന്മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സന്ദർഭങ്ങളിൽ മെഡിസെപ്പിൽ ഉൾപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സഹായകേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ?

മെഡിസെപ് രോഗികൾക്ക് ആശുപത്രിയിൽ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി മെഡിസെപ്പിന്റെ സഹായകേന്ദ്രങ്ങൾ/കിയോസ്കുകൾ പ്രവർത്തനസജ്ജമാക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

**മെഡിസെപ് പദ്ധതി**

78(523) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396(253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ്

പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ പട്ടികയിൽ ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികൾ ഇല്ലെന്നും നേത്രരോഗ ആശുപത്രികളുടെ എണ്ണം കൂടുതലാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം സംജാതമായതിന്റെ കാരണം വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട ആശുപത്രികൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി. ഫോർട്ട്, കോസ്മോ, പി.ആർ.എസ്., ഗോകുലം മെഡിക്കൽ കോളേജ്, അനന്തപുരി തുടങ്ങിയ പ്രധാന ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ സജീവമായി കമ്പനി നടത്തിവരുകയാണ്. മെഡിസെപ് ഗുണഭോക്താക്കളിൽ പകുതിയിലധികം വരുന്നത് പെൻഷൻകാരായതിനാൽ നേത്ര സംബന്ധമായി ചികിത്സകൾ കൂടുതലായി ആവശ്യമുണ്ടാകുമെന്നും ആയത്

അടുത്തുള്ള നേത്രരോഗ ആശുപത്രികളിൽ തന്നെ ചികിത്സ ലഭ്യമാക്കുകയെന്ന കാരണത്താലുമാണ് ഇത്തരം ആശുപത്രികളുടെ എണ്ണം കൂടിയത്. പദ്ധതിയിൽ എംപാനൽ ചെയ്യാൻ താൽപര്യപ്പെടുന്ന സ്വകാര്യ ആശുപത്രികളെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഇൻഷ്വറൻസ് കമ്പനി ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. കൂടുതൽ കണ്ണാശുപത്രികൾ പദ്ധതിയിൽ ചേരുവാൻ സന്നദ്ധരായതാണ് കണ്ണാശുപത്രികൾ കൂടാനുള്ള മറ്റൊരു കാരണം.

(സി) സർക്കാർ ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് അവരുടെ അവിവാഹിതരായ മക്കളെയും നിയമപരമായി വിവാഹമോചനം നേടിയ മക്കളെയും മെഡിസെപ്പിൽ ഗുണഭോക്താവായി ഉൾപ്പെടുത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

KGSMA Rule 1960 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സർക്കാർ ജീവനക്കാരുടെ ആശ്രിതരെ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതരായ മാതാപിതാക്കളെയും കുട്ടികളെയും മെഡിസെപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ പദ്ധതിയിൽ ഗുണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളൂ.

(ഇ) മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഐ.പി. വിഭാഗം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ ഐ.പി. വിഭാഗം ചികിത്സയാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഡേകെയർ ചികിത്സകൾ (ഡയാലിസിസ്, കീമോതെറാപ്പി, തിമിര ശസ്ത്രക്രിയ) എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജീവനക്കാരുടെ ഡി.എ. കുടിശ്ശിക വിതരണം**

79(524) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എത്ര തവണ ഡി.എ. കുടിശ്ശിക അനുവദിച്ച് നൽകി; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നിലവിൽ ഡി.എ. കുടിശ്ശികയുണ്ടോ; വിശദാംശം നൽകുമോ?

ആൾ ഇന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ ഡി.എ അനുവദിക്കുന്ന മുറയ്ക്ക് അത് ലഭിക്കാൻ അർഹതയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് 26.04.2022-ലെ സ.ഉ.(പി) നം.47/2022/ധന, 02.11.2022-ലെ സ.ഉ.(പി) നം.134/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം രണ്ട് തവണ ഡി.എ. അനുവദിച്ചിട്ടുണ്ട്. സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നിലവിൽ ഡി.എ.

കുടിശികയില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് എത്ര തവണ ഡി.എ. കുടിശ്ശിക അനുവദിച്ചു നൽകി; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് നിലവിൽ എത്ര ഗഡു ഡി. എ. കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡി.എ. അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് 01.01.2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല.

(സി) വിലക്കയറ്റം അനിയന്ത്രിതമായി തുടരുമ്പോഴും സംസ്ഥാന സർക്കാർ ജീവനക്കാരെയും സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെയും രണ്ട് തട്ടിൽ കാണുന്ന സമീപനം സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മൊറാണ്ടം പുറപ്പെടുവിക്കുന്നത് അനുസരിച്ചാണ് ഡി.എ. ലഭിച്ചുകൊണ്ടിരുന്നത്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഖിലേന്ത്യാ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെയും സർക്കാർ ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് 26.04.2022-ലെ സ.ഉ.(പി) നം.47/2022/ധന, 02.11.2022-ലെ

സ.ഉ.(പി) നം. 134/2022/ധന നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത അനീതി അവസാനിപ്പിച്ച് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഡി.എ. അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**ജീവനക്കാരുടെ ക്ഷാമബത്ത, ലീവ് സറണ്ടർ**

80(525) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ലീവ് സറണ്ടർ, ഡി.എ. തുടങ്ങി തടഞ്ഞുവച്ചിട്ടുള്ള ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ഡി.എ. കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം എന്നുമുതൽ പുനഃസ്ഥാപിക്കാൻ കഴിയും; ഇത് മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക സഹിതം സറണ്ടർ ചെയ്യുന്നതിന് അനുവദിക്കുമോ; വിശദമാക്കാമോ;

(സി) ജീവിത ചെലവുകൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് നിഷേധിക്കുന്ന അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി

പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോവിഡ്-19-ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെയും വ്യയനിയന്ത്രണ നടപടികളുടെയും ഭാഗമായി താത്കാലികമായി മരവിപ്പിച്ചിരിക്കുന്ന ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ, മാറ്റി വച്ച ഡി.എ. എന്നിവ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. 01.01.2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല.

**മെഡിസെപ് പദ്ധതി**

81(526) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി നടപ്പിലാക്കിയതിനുശേഷം ഇതുവരെ എത്ര പേർക്ക് ആകെ എത്ര രൂപയുടെ ചികിത്സകൾ ലഭ്യമാക്കിയെന്ന് വിശദമാക്കുമോ?

23/11/2022 തീയതിയിൽ ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ കണക്കുകളനുസരിച്ച് 86,697 പേർക്ക് ആകെ 257,14,71,250 രൂപയുടെ ചികിത്സയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(ബി) പദ്ധതിയിൽ പുതിയ ആശുപത്രികൾ ഉൾപ്പെടുത്താൻ നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആശുപത്രികളുടെ എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ആശുപത്രികളുടെ എണ്ണക്കുറവും പദ്ധതിയിലുള്ള ആശുപത്രികളിലെ എല്ലാ വിഭാഗവും ഉൾപ്പെടുത്താത്തതും മെഡിസെപ് ഗുണഭോക്താക്കൾക്ക് പ്രയാസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾകൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ

എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. അപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക, കരാർ നിയമനങ്ങൾ

82(527) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഇൻഫർമേഷൻ സിസ്റ്റംസ് ഡയറക്ടർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, പ്രോഗ്രാമർ,

മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, പ്യൂൺ, ഇലക്ട്രീഷ്യൻ, ഐ.റ്റി.സപ്പോർട്ട് സ്റ്റാഫ്, പ്രോജക്ട് മാനേജർ, ക്രെഡിറ്റ്/അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, മുതലായ തസ്തികകളിലായി 51 ജീവനക്കാരെ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 14,68,954/- (പതിനാല് ലക്ഷത്തി അറുപത്തി എണ്ണായിരത്തി തൊള്ളായിരത്തി അൻപത്തിനാല് രൂപ മാത്രം) അനുവദിച്ച് നൽകിയിരുന്നു.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളല്ല. വകുപ്പ്/കോർപ്പറേഷൻ നേരിട്ടും സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പത്രപരസ്യം നൽകി ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് എഴുത്തു പരീക്ഷ നടത്തി അതിൽ നിശ്ചിത മാർക്ക് ലഭ്യമായവരെ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയത്.

**ക്ഷാമബത്ത**

83(528) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ച് നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

14-11-2011-ലെ സ.ഉ.(പി) നം.535/2011/ധന, 04-06-2012-ലെ സ.ഉ.(പി) നം.323/2012/ധന, 08-11-2012-ലെ സ.ഉ.(പി) നം.614/2012/ധന, 14-05-2013-ലെ സ.ഉ.(പി) നം.220/2013/ധന, 23-12-2013-ലെ സ.ഉ.(പി) നം.630/2013/ധന, 16-06-2014 ലെ സ.ഉ.(പി) നം.221/2014/ധന, 07-02-2015-ലെ സ.ഉ.(പി) നം.72/2015/ധന, 07-08-2015-ലെ സ.ഉ.(പി) നം.335/2015/ധന, 18-11-2015-ലെ സ.ഉ.(പി) നം.525/2015/ധന, 05-05-2016-ലെ സ.ഉ.(പി) നം.61/2016/ധന എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി&സി) 01-01-2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല.

(ഡി) വിലക്കയറ്റം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ഡി.എ. കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**ലീവ് സറണ്ടർ**

84(529) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലീവ് സറണ്ടർ എത്ര തവണ അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

05-11-2020-ലെ സ.ഉ.(പി) നം.152/2020/ധന, 26-07-2021-ലെ സ.ഉ (പി) നം. 104/2021/ ധന, 01-12-2021-ലെ സ.ഉ (പി) നം. 160/2021/ധന എന്നിവ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് അനുവദിച്ച്

കൊണ്ടും മറ്റുജീവനക്കാർക്ക് സാമ്പത്തിക ബാധ്യതയുള്ളതിനാൽ മരവിപ്പിച്ചുകൊണ്ടും ഉത്തരവായിരുന്നു. കൂടാതെ 30-03-2022-ലെ സ.ഉ.(പി)നം.39/2022/ധന, 13-06-2022-ലെ സ.ഉ.(പി).നം.64/2022/ധന, 30-09-2022-ലെ സ.ഉ.(പി).നം. 120/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി, വാർഷിക സറണ്ടർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവർക്കും 20-05-2022-ലെ സ.ഉ(പി)നം.53/2022/ധന പ്രകാരം ബഹു. മുഖ്യമന്ത്രി, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ ഓഫീസ് അറ്റൻഡന്റ്, കുക്ക് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്കും അനുവദിക്കുകയും മറ്റ് ജീവനക്കാർക്ക് 31-12-2022 വരെ മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ മരവിപ്പിച്ചുകൊണ്ട് ഈ സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അടിയന്തരമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആർജ്ജിതാവധി സറണ്ടർ പുനഃസ്ഥാപിക്കുന്നത് പരിഗണിക്കുന്നതാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

85(530) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി മുൻസർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള പരിശോധന പുരോഗമിക്കുന്നു. ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊണ്ടശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്കെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിൽ ആയതിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

86(531) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഛത്തീസ്ഗഡ്, പഞ്ചാബ് ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ചതിന്റെ മാതൃക കേരളത്തിലും സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് പ്രായോഗികമല്ലായെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) എങ്കിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം പതിനാല് ശതമാനമായി ഉയർത്തുന്നതിനും പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും കുറഞ്ഞ പെൻഷൻ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഡി.എ. അരിയറും പെൻഷൻ റിവിഷൻ അരിയറും

87(532) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് നൽകേണ്ട ഡി.എ. അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ എന്ന് നൽകാനാകുമെന്നറിയിക്കാമോ;

(ബി) കോവിഡ് മാറിയ പശ്ചാത്തലത്തിൽ പെൻഷൻകാർക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ കൊടുത്തുതീർക്കുവാനുള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് നൽകേണ്ട അരിയർ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അരിയർ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

10.02.2021-ലെ സ.ഉ.(അ) നം.27/2021/ധന. ശമ്പളപരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-ൽ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വന്നിട്ടുള്ള കുടിശ്ശിക 25% വീതം 4 ഗഡുക്കളായി 01.04.2023,

01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടവാക്കുമെന്നാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്.

**ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ സബ്സിഡി**

88(533) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

05-07-2018-ലെ ജി.ഒ.(പി)105/2018/ഫിൻ ഉത്തരവുപ്രകാരം സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ ബാങ്കിൽ നിന്നുമെടുക്കുമ്പോൾ സബ്സിഡി ലഭിക്കുന്നതിന് സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

05-07-2018-ലെ ജി.ഒ.(പി)105/2018/ഫിൻ ഉത്തരവുപ്രകാരം സംസ്ഥാന ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ ബാങ്കിൽ നിന്നുമെടുക്കുമ്പോൾ സബ്സിഡി ലഭിക്കുന്നതിന് സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ഡി.എ. കുടിശ്ശികയും ലീവ് സറണ്ടറും അനുവദിക്കൽ**

89(534) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പതിനൊന്ന് ശതമാനം ഡി.എ. കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01-01-2021 മുതലുള്ള ഡി.എ.കണക്കാക്കിയിട്ടില്ല.

(ബി) പ്രസ്തുത ഡി.എ. കുടിശ്ശിക നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഡി.എ. അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരുന്ന ലീവ് സറണ്ടർ ആനുകൂല്യം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആർജ്ജിതാവധി സറണ്ടർ പുന:സ്ഥാപിക്കുന്നത് പരിഗണിക്കുന്നതാണ്.

**എം.എൽ.എ.-ുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന വർദ്ധനവ്**

90(535) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ച നിവേദനം സംബന്ധിച്ച്

സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(സി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് എന്നുമുതൽ വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമസഭാ മണ്ഡലങ്ങളിൽ എം.എൽ.എ. മാരോടൊപ്പം 24 മണിക്കൂറും പ്രവർത്തിക്കുന്ന അഡീഷണൽ സ്റ്റാഫിന്, മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നതിന് ആവശ്യമായ വേതനം, ഇപ്പോൾ ലഭിക്കുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദിവസ വേതനക്കാരെക്കാൾ കുറഞ്ഞ വേതനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് മെച്ചപ്പെട്ട വേതനം എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് നൽകാൻ സർക്കാർ നടപടി കൈക്കൊള്ളുമോയെന്ന് വിശദമാക്കുമോ?

(എ-എഫ്) പരിശോധിച്ചുവരുന്നു.

## മെഡിക്കൽ റീഇംബേഴ്സ്മെന്റും മെഡിസെപ്പും

91(536) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ റീഇംബേഴ്സ്മെന്റ് ആനുകൂല്യമുള്ള സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിൽ നിന്ന് മെഡിസെപ് പ്രീമിയം ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

23-06-2022-ലെ സ.ഉ.(പി)70/2022-ധന പ്രകാരം പ്രസിദ്ധീകരിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിൽ അംഗങ്ങളാണ്. ആയതിനാൽ തന്നെയും കേന്ദ്ര സർക്കാരിന്റെ റീഇംബേഴ്സ്മെന്റ് ആനുകൂല്യമുള്ള സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിൽ നിന്ന് മെഡിസെപ് പ്രീമിയം ഈടാക്കുന്നുണ്ട്.

(ബി) ഇത്തരത്തിൽ ആനുകൂല്യമുള്ള പെൻഷനേഴ്സിനെ അവരുടെ ഇഷ്ടപ്രകാരം മെഡിസെപ് പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മെഡിസെപ് പദ്ധതിയിൽ നിന്നും ഇപ്രകാരമുള്ള പെൻഷൻകാരെ അവരുടെ ഇഷ്ടപ്രകാരം ഒഴിവാക്കുകയാണെങ്കിൽ ആയത് അംഗങ്ങളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശശുദ്ധിക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽ നിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും ഒരു വിഭാഗത്തെ മാത്രം നിലവിൽ മാറ്റിനിർത്താൻ കഴിയാത്തതുമാണ്.

**പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക**

92(537) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് അവസാനമായി ഡി.ആർ. അനുവദിച്ചതെന്നാണ്; വ്യക്തമാക്കുമോ?

08-02-2021-ലെ സ.ഉ (പി) നം.25/2021/ധന നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് അവസാനമായി ഡി.ആർ. അനുവദിച്ചത്

(ബി) നിലവിൽ എത്ര ഗഡു ഡി.ആർ. ആണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആകെ എത്ര ശതമാനം ക്ഷാമാശ്വാസമാണ് നിലവിൽ ലഭിക്കുന്നത്;

എത്ര ശതമാനം കുടിശ്ശികയായിട്ടുണ്ട്, വ്യക്തമാക്കുമോ;

(ഡി) കുടിശ്ശികയായിരിക്കുന്ന ക്ഷാമാശ്വാസം കൂടി ചേർത്താൽ 01-07-2022-ൽ ഒരു പെൻഷണർക്ക് ആകെ എത്ര ശതമാനം ക്ഷാമാശ്വാസമാണ് ലഭിക്കേണ്ടിയിരുന്നതെന്നും നിലവിൽ എത്രയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

(ബി-ഡി) സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ഏഴ് ശതമാനം ക്ഷാമാശ്വാസമാണ് നിലവിൽ ലഭിക്കുന്നത്. 01-01-2021 മുതലുള്ള ഡി.ആർ. കണക്കാക്കിയിട്ടില്ല.

(ഇ) വിലക്കയറ്റം രൂക്ഷമായ ഈ സാഹചര്യത്തിൽ സർവ്വീസ് പെൻഷൻ വാങ്ങുന്നവരുടെ ക്ഷാമാശ്വാസ കുടിശ്ശിക മുഴുവനായി അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോ, വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർവീസ് പെൻഷൻകാർക്ക് ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(എഫ്) സർവ്വീസ് പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള കുടിശ്ശിക മുഴുവനായി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഗഡു കുടിശ്ശികയുണ്ട്, വ്യക്തമാക്കാമോ; പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ?

സർവീസ് പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള കുടിശ്ശിക മുഴുവനായി അനുവദിച്ചിട്ടില്ല. ആകെ നാല് ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ ആദ്യ രണ്ട് ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. 02-12-2021-ലെ സ.ഉ.(അ) നം. 162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## സർക്കാർ വാഹനങ്ങളുടെ പരിശോധന

93(538) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ (പരിശോധന എൻ.ടി) വകുപ്പിന്റെ സർക്കാർ വാഹനങ്ങളുടെ പരിശോധന കാര്യക്ഷമമായി നടക്കുന്നില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഏതെങ്കിലും ഒരു പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ

വാഹന പരിശോധന നിർത്തിവച്ചിരിക്കുന്നത്; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേലുള്ള പരിശോധന നിർത്തിവച്ചിട്ടില്ല.

(സി) 2016 മുതൽ എത്ര സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്ര എണ്ണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര എണ്ണത്തിനെതിരെ നടപടി സ്വീകരിക്കാനുണ്ടെന്നും അറിയിക്കുമോ?

ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് 2016 മുതൽ ഇതുവരെ 48 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് തുടർനടപടികൾക്കായി പരിശോധനാ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. അതിൽ 15 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 33 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗങ്ങളിന്മേൽ നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാകാനുമുണ്ട്.

(ഡി) ഈ ഇനത്തിൽ നിന്നും എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും ഇനി പിരിച്ചെടുക്കാൻ ബാക്കി എത്രയെന്നും വ്യക്തമാക്കാമോ?

ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് നടത്തിയ മേൽ സൂചിപ്പിച്ച വാഹന പരിശോധനകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആകെ 1,10,845/- രൂപ ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വാഹന പരിശോധനകളുടെ റിപ്പോർട്ടുകളിലായി ഇനി ആകെ 7,87,196/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

94(539) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-02-2003 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ, 19-12-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008-ലെ സർക്കുലർ നം. 41/2008/ഫിൻ എന്നിവ പ്രകാരം ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെയും സർക്കുലറിന്റെയും പകർപ്പുകൾ ഇതോടൊപ്പം ലഭ്യമാക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ധനകാര്യ പരിശോധനാ വിഭാഗം ഈ വർഷം എത്ര സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് 2022 ജനുവരി മുതൽ ഇതുവരെ നടത്തിയ പരിശോധനകളിൽ ചുവടെ ചേർക്കുന്ന ഓഫീസുകളിലെ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

കളക്ടറേറ്റ്, എറണാകുളം (KL-07-CA-4545)

കളക്ടറേറ്റ്, എറണാകുളം (KL-07-BP-9009)

ഗോശ്രീ ഐലന്റ് വികസന അതോറിറ്റി (KL-07-BR-8434)

കാസർഗോഡ് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്

കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്

(സി) മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക് അനുവദിച്ചിട്ടുള്ള വാഹനത്തിന്റെ ദുരുപയോഗം പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പരിശോധനകളിൽ മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക് അനുവദിച്ചിട്ടുള്ള വാഹനം ഉൾപ്പെട്ടിട്ടില്ല.

(ഡി) ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് അനുവദിച്ചിട്ടുള്ള വാഹനത്തിന്റെ ദുരുപയോഗം പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

വിശദാംശം നൽകുമോ?

പ്രസ്തുത പരിശോധനകളിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് അനുവദിച്ചിട്ടുള്ള വാഹനം ഉൾപ്പെട്ടിട്ടില്ല.

**സർക്കാർ വാങ്ങിയ വാഹനങ്ങളുടെ എണ്ണം**

95(540) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങളുടെ എണ്ണം, അവ ഏതെല്ലാം സ്ഥാപനങ്ങൾക്കുവേണ്ടിയാണ് വാങ്ങിയത്, വാഹനത്തിന്റെ തരവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതേ കാലയളവിൽ മന്ത്രിമാരുടെയും ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികളുടെയും ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങളുടെ എണ്ണവും വാഹനത്തിന്റെ തരവും വർഷവും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

(എ&ബി) ഓരോ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും

സർക്കാരിലെ മറ്റുന്നത സ്ഥാനീയർക്കും വാഹനങ്ങൾ വാങ്ങുന്നത് അവയുമായി ബന്ധപ്പെട്ട ഓഫീസുകളാണ്. വാഹനങ്ങൾ വാങ്ങുന്നതിന് ശിപാർശ സമർപ്പിക്കുമ്പോൾ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനുമതി നൽകുകയാണ് ധനവകുപ്പ് ചെയ്തുവരുന്നത്. അതുകൊണ്ട് തന്നെ ആകെ വാങ്ങിയ വാഹനങ്ങളുടെ ക്രോഡീകരിച്ച കണക്കുകൾ ധന വകുപ്പിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള മുഴുവൻ വാഹനങ്ങളുടേയും വിവരങ്ങൾ 'VEELS' എന്ന ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുന്നതിന് പ്രസ്തുത സോഫ്റ്റ്‌വെയറിപ്പോൾ സജ്ജമല്ല.

(സി) സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കായി നിലവിലെ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ മാനദണ്ഡങ്ങൾ നിലവിൽ വന്നതെന്നാണെന്നും വന്നതിനുശേഷം പുതുക്കി നിശ്ചയിക്കുകയുണ്ടായോയെന്നും വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 16-10-2019-ലെ സ.ഉ.(കൈ). നം. 45/2019/പൊ.മ.വ. ഉത്തരവിലാണ് വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.* ടി ഉത്തരവ് പ്രകാരം കണ്ടം ചെയ്യുവാൻ യോഗ്യമല്ലാത്ത വാഹനങ്ങളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അവ ഉപയോഗക്ഷമമല്ലായെങ്കിൽ പ്രസ്തുത വാഹനങ്ങൾ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ പരിശോധിച്ച് വാഹനം തുടർന്ന് ഉപയോഗിക്കുന്നത് 'ആദായകരമല്ല' എന്ന് സാക്ഷ്യപ്പെടുത്തുന്ന കേസുകളിൽ ഓരോ കേസും പ്രത്യേകം പരിശോധിച്ച് ധനവകുപ്പിന്റെ അനുമതിയോടുകൂടി കണ്ടം ചെയ്യുന്നതിന് സർക്കാർ തലത്തിൽ അനുമതി നല്കിവരുന്നു. പഴയ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് പകരമായി മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂയെന്ന് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകുമ്പോൾ നിഷ്കർഷിക്കാറുണ്ട്. മേൽ പരാമർശിക്കുന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ പിന്നീട് പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ഡി) പഴയകാല വാഹനങ്ങളുടേതിൽ നിന്നും മെച്ചപ്പെട്ട ഇന്ധനക്ഷമതയും ആയുർ ദൈർഘ്യവും പരിപാലന ചെലവ് കുറഞ്ഞതുമായ വാഹനങ്ങളുടെ കാലഘട്ടത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

നിലവിലുള്ള വാഹനങ്ങൾ ഉപയോഗക്ഷമമല്ലതായി വരുമ്പോഴാണ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്നത്. ഉപയോഗക്ഷമമായ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങാൻ അനുമതി നൽകാറില്ല. ഇന്ധനക്ഷമതയും പരിപാലന ചെലവും വാഹനങ്ങൾ വാങ്ങുന്നതിന് മാനദണ്ഡമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ നിലവിലില്ല. പരിസ്ഥിതി സൗഹൃദവും ഇന്ധനവില

വർദ്ധനവുമൂലമുള്ള അധിക ചെലവുകൾ കുറയ്ക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഇലക്ട്രിക്ക് വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള 07-03-2020-ലെ സ.ഉ.(അ)നം 24/2020/ധന പ്രകാരമുള്ള ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഏകദേശം ഇരുന്നൂറോളം ഇലക്ട്രിക്ക് വാഹനങ്ങൾ അനെർട്ടിൽ നിന്നും വാടകയ്ക്കെടുത്ത് വിവിധ സർക്കാർ ഓഫീസുകളിൽ ഉപയോഗിച്ചു വരുന്നു.

**സാമ്പത്തിക അച്ചടക്കം പാലിക്കൽ**

96(541) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങൾ അടക്കം ജനങ്ങൾക്ക് മതിയായ സേവനം നൽകുന്നതിന് പണം സൂക്ഷിച്ച് ചെലവഴിക്കണമെന്ന നിർദേശം നിലനിൽക്കെ നിയമ സെക്രട്ടറിയും അഡ്വക്കേറ്റ് ജനറലും അടങ്ങുന്ന നിയമ വിദഗ്ധരുള്ളപ്പോൾ ലക്ഷങ്ങൾ ഫീസ് നൽകി മറ്റ് അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടുന്നത് ധനവകുപ്പിന്റെ അറിവോടെയാണോയെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് സർക്കാർ പാനലിൽപ്പെട്ട അഭിഭാഷകർക്ക് ഫീസ്

നൽകുന്നതിന് ധനവകുപ്പിന്റെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് അഭിഭാഷകർക്ക് ഫീസ് നൽകുന്നു. ഇപ്രകാരം പാനലിൽ ഉൾപ്പെടാത്ത അഭിഭാഷകർക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് ഫീസ് നൽകുന്നതിന് പ്രത്യേക അനുമതിക്കായി ഭരണവകുപ്പ് ശിപാർശ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പ് അനുമതി നൽകുകയുമാണ് ചെയ്യുന്നത്.

(ബി) സാമ്പത്തിക അച്ചടക്കം സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ ഉത്തരവിനുശേഷം സംസ്ഥാനത്തെ മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവർ നടത്തിയ വിദേശയാത്രകൾ, സർക്കാർ പുതുതായി വാങ്ങിയ വാഹനങ്ങൾ എന്നിങ്ങനെയുള്ള ചെലവുകളുടെ കണക്കുകൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**വിദ്യാഭ്യാസ വായ്പയിന്മേലുള്ള ധനസഹായ പദ്ധതി**

97(542) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത കുടുംബങ്ങളെ

സഹായിക്കുന്നതിനായി നടപ്പാക്കിയിരുന്ന സർക്കാർ ധനസഹായ പദ്ധതി തുടരുന്നുണ്ടോ?

പഠന പൂർത്തീകരണത്തിനുശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ കടക്കെണിയിലായവരെ സഹായിക്കുന്നതിനായി 16-05-2017-ലെ സ.ഉ(അച്ചടി) നം.65/2017/ധന പ്രകാരം നിലവിൽ വന്ന പദ്ധതിയാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായപദ്ധതി. 31-01-2018 വരെയാണ് പദ്ധതിയുടെ കീഴിൽ അപേക്ഷ ക്ഷണിച്ചത്. മേൽ തീയതി വരെ ലഭിച്ച അപേക്ഷകളിൽ ബാങ്കുതല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാക്കുന്ന യോഗ്യമായ അപേക്ഷകളിൽ സർക്കാർ വിഹിതം അനുവദിച്ചുവരുന്നു. പദ്ധതിയുടെ കീഴിൽ നാളിതുവരെ 209.11 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ഇത്തരം അപേക്ഷകരുടെ പലിശ നൽകുന്ന സർക്കാർ ധനസഹായ പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി തുടരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കുട്ടമ്പുഴ-കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിപ്പാലം

98(543) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-കീരാംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിപ്പാലം നിർമ്മാണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) 5.9 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള പ്രസ്തുത പാലം രണ്ട് പഞ്ചായത്തുകളിലേയും നൂറ് കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുന്നതിനാൽ പാലം നിർമ്മാണത്തിന് ഭരണാനുമതി നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിപ്പാലം നിർമ്മാണത്തിന് 2021-22 സംസ്ഥാന ബഡ്ജറ്റിൽ 20 കോടി രൂപയുടെ എസ്റ്റിമേറ്റിന് 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആന്റണി ജോൺ സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പ് പരിശോധിക്കുകയും വിശദമായ പ്രൊപ്പോസൽ സഹിതം ഫയൽ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ധനമന്ത്രിയുടെ അംഗീകാരത്തോടെ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

## ഗുരുവായൂർ- മമ്മിയൂർ ഫ്ലൈ ഓവർ- ഭരണാനുമതി

99(545) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-2022 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ-മമ്മിയൂർ ഫ്ലൈ ഓവർ ഭരണാനുമതിയുടെ നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ബജറ്റിൽ അനുവദിച്ച പ്രവൃത്തികളുടെ ഭരണാനുമതി

100(547) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ അനുവദിക്കുന്ന വിവിധ പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുവാൻ വർഷങ്ങളുടെ കാലതാമസമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവിധ വകുപ്പുകളുടെ ഏകോപനം വഴി പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബജറ്റിൽ അനുവദിക്കുന്ന വിവിധ പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുവാൻ വർഷങ്ങളുടെ കാലതാമസമെടുക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി വൈകുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ബാധകമല്ല.

**കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക സമുച്ചയം**

101(548) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സംസ്ഥാന ബജറ്റ് 2022-23 അനുബന്ധം II പ്രകാരം ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെകൂടെ അഞ്ഞൂറ്റി മുപ്പത്തിയൊന്നാം നമ്പറായി അനുവദിക്കപ്പെട്ടിരുന്ന രണ്ടുകോടി രൂപ സംബന്ധിച്ചുള്ള അനന്തര നടപടികൾ വിശദമാക്കുമോ;

(ബി) സ്ഥലമെടുപ്പിനായി റവന്യൂ വകുപ്പിനും കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനുമാണ് പ്രസ്തുത തുക അനുവദിച്ചതെന്നും സാംസ്കാരിക വകുപ്പിന് ഈയിനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ടി വകുപ്പിന് ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ലെന്നുമുള്ള

വിശദീകരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ നഗരസഭ സ്ഥലം കണ്ടെത്തിയിട്ടും ഫണ്ട് അനുവദിച്ചതിലെ അപാകത സംബന്ധിച്ച സാംസ്കാരിക വകുപ്പിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കാൻ നടപടി സീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) പ്രശസ്ത ചിത്രകാരൻ ഡോ. കെ. ജി. സുബ്രഹ്മണ്യൻ സ്മാരക സാംസ്കാരിക കേന്ദ്രം കൂത്തുപറമ്പിൽ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ (അനുബന്ധം II ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) 2 കോടി രൂപ പദ്ധതി അടങ്കൽ തുകയായി നിശ്ചയിച്ച 100/- രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. ടി തുക റവന്യൂ - പൊതുമരാമത്ത് വകുപ്പുകൾക്ക് സംയുക്തമായിട്ടാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഡോ.കെ.ജി.സുബ്രഹ്മണ്യന്റെ ജന്മഗൃഹത്തോടടുത്ത് 4 ഏക്കറോളം ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും ടി സാംസ്കാരിക കേന്ദ്രത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള അർത്ഥനാപത്രം, സമുച്ചയത്തിന്റെ ഡിസൈൻ, തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ എന്നിവ സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിക്കണമെന്ന് കൂത്തുപറമ്പ് നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

**കായംകുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

102(549) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ കായംകുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ കായംകുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല.

**പാരിപ്പള്ളി - പൂതക്കുളം - കലക്കോട് റോഡ് നവീകരണം**

103(550) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി-പൂതക്കുളം-കലക്കോട് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി നൽകിയ നിവേദനത്തിന്മേൽ (കമ്പ്യൂട്ടർ നമ്പർ

- 6611333) സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) അടിയന്തരമായി നവീകരണ പ്രവൃത്തി ആവശ്യമായ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷൻ**

104(552) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന സാമൂഹ്യ ക്ഷേമപെൻഷൻ നിലവിൽ എത്ര മാസം കുടിശ്ശികയുണ്ട്; വിശദമാക്കാമോ?

കുടിശ്ശികയില്ല.

(ബി) ക്ഷേമപെൻഷൻ നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും വിഹിതം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അനുപാതം എത്രയാണെന്നും ലഭിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിലായി ആകെ 52,38,279 ഗുണഭോക്താക്കളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി

ബോർഡുകളിലായി 7,36,216 ഗുണഭോക്താക്കളുമാണുള്ളത്. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം പെൻഷനുകൾ ലഭിക്കുന്ന 6,88,329 പേർക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ഓരോ ഇനം പെൻഷനും ലഭിക്കുന്ന കേന്ദ്രസഹായ നിരക്ക് അനുബന്ധമായി ചേർക്കുന്നു. ഈ സാമ്പത്തിക വർഷം കേന്ദ്രസഹായമായി ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നതിനായി കേന്ദ്രസഹായം ലഭിക്കുന്നില്ല.

(സി) പ്രതിമാസം എത്ര കോടി രൂപയാണ് പെൻഷൻ വിതരണത്തിനായി സംസ്ഥാനം ചെലവഴിക്കുന്നത്; വിശദമാക്കാമോ?

2022 സെപ്റ്റംബർ മാസത്തെ കണക്കു പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 773.86 കേടി രൂപയും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ നൽകുന്നതിനായി 105.64 കോടി രൂപയും ചേർത്ത് ആകെ 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് നിലവിൽ

വ്യവസ്ഥ ചെയ്തിരിക്കുന്നത്; അറിയിക്കാമോ?

പെൻഷൻ വിതരണ കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള ധനസഹായമായി സംസ്ഥാന സർക്കാർ 2022-23-ലെ ബജറ്റ് വിഹിതമായി 10793.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നാണ് പെൻഷൻ നൽകുന്നതിനുള്ള തുക വിനിയോഗിക്കുന്നത്.

(ഇ) സമയബന്ധിതമായി കുടിശ്ശിക ഉൾപ്പെടെ പെൻഷൻ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

2022 ഒക്ടോബർ നവംബർ മാസങ്ങളിലെ പെൻഷൻ ഡിസംബർ ഒന്നാംവാരം മുതൽ വിതരണം ചെയ്തുതുടങ്ങുന്നതാണ്.

**ക്ഷേമപെൻഷനുകളും മാനദണ്ഡങ്ങളും**

105(553) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഇവ ഓരോന്നിന്റെയും അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, കർഷക

തൊഴിലാളി പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും കൂടാതെ സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നീ പെൻഷനുകളാണ് സർക്കാർ നൽകുന്നത്.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതാത് ബോർഡുകളിലെ നിയമാവലി പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നൽകുന്നത്.

സാംസ്കാരികം, കായിക യുവജനക്ഷേമവകുപ്പ് മുഖേന നൽകുന്ന പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട കാലയളവിൽ വലിയ വീടുകൾ നിർമ്മിക്കുകയും പിന്നീട് ദരിദ്രാവസ്ഥയിലെത്തുകയും ചെയ്തവർക്ക് വീടിന്റെ വിസ്തൃതി കൂടുതലാണെന്ന കാരണത്താൽ പെൻഷൻ നിഷേധിക്കപ്പെടുന്നുണ്ടോ; എങ്കിലിത് പരിഹരിക്കാൻ എന്ത് തീരുമാനമാണ് കൈക്കൊള്ളുന്നതെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദമാക്കാമോ?

2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് ചെയ്തതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതുമായ കെട്ടിടങ്ങളുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഗണത്തിൽപ്പെടുന്നതിനാൽ അവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് പ്രകാരമുള്ള വരുമാനം, ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റുമാനദണ്ഡങ്ങൾ എന്നിവ പ്രകാരം അർഹതയുള്ളവർക്ക് മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയുള്ളൂ. അപ്രകാരം അർഹതയുള്ളവർക്കെല്ലാം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുവരുന്നു. അർഹതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മറ്റ് ക്ഷേമ പെൻഷനുകൾക്ക് അതാത് ക്ഷേമനിധി ബോർഡുകൾ/ വകുപ്പുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളാണ് ബാധകമായുള്ളത്.

**ക്ഷേമ പെൻഷനുകളിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ**

106(554) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിലും വിഭാഗങ്ങളിലും

പെട്ടവർക്കാണ് സർക്കാർ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നത്; ആകെ എത്ര ആളുകളാണ് സംസ്ഥാനത്ത് നിലവിൽ പെൻഷൻ ഗുണഭോക്താക്കളായുള്ളത്?

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. 60 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ/ കർഷകത്തൊഴിലാളികൾ, വിധവകൾ, 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ എന്നീ വിഭാഗത്തിൽപ്പെട്ടവർക്കാണ് സാമൂഹ്യ സുരക്ഷാ പെഷനുകൾ നൽകുന്നത്. വിവിധയിനം തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സംഘടിത/ അസംഘടിത മേഖലയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവർക്ക് ടി ക്ഷേമനിധി നിയമാവലി പ്രകാരം അർഹതയുണ്ടെങ്കിൽ പെൻഷൻ അനുവദിക്കുന്നു.

അവശകലാകാരന്മാർ/ കായികതാരങ്ങൾ, കലാകാരന്മാർ/ സർക്കസ് കലാകാരന്മാർ എന്നിവർക്കും ക്ഷേമ പെൻഷൻ നൽകുന്നുണ്ട്.

സംസ്ഥാനത്ത് മസ്റ്ററിംഗ് കഴിഞ്ഞ 52,38,430 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 7,36,216 ഗുണഭോക്താക്കളുമുണ്ട്.

തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകൾ അവശ കലാകാര/ കായികതാര പെൻഷൻ, കലാകാര പെൻഷൻ, സർക്കസ് കലാകാര പെൻഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഏതൊക്കെ ക്ഷേമനിധി ബോർഡുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരെയാണ് സാമൂഹ്യ പെൻഷനുകൾ വാങ്ങുന്നവരുടെ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ?

23-09-2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന. പ്രകാരം 06-02-2017-ന് മുൻപ് സാമൂഹ്യ സുരക്ഷാപെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്.

06-02-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ആകയാൽ സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ചുവടെ ചേർത്തിട്ടുള്ള 16 ക്ഷേമനിധി ബോർഡുകളിലെ 06-02-2017 മുതൽക്കുള്ള പെൻഷൻ

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

1. കർഷക ക്ഷേമ പെൻഷൻ (കൃഷി വകുപ്പ് വഴി)

2. മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡ്

3. ലോട്ടറി തൊഴിലാളി ക്ഷേമ ബോർഡ്

4 ക്ഷീര കർഷക തൊഴിലാളി ക്ഷേമ ബോർഡ്

5. കയർ തൊഴിലാളി ക്ഷേമ ബോർഡ്

6. ഖാദി തൊഴിലാളി ക്ഷേമ ബോർഡ്

7. വ്യാപാരി ക്ഷേമ ബോർഡ്

8. അസംഘടിത തൊഴിലാളി ക്ഷേമ നിധി ബോർഡ്

9. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം)

10. ആഭരണ തൊഴിലാളി ക്ഷേമ ബോർഡ്

11. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡ്

12. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമബോർഡ്

13. ബീഡി-സിഗാർ തൊഴിലാളി ക്ഷേമ ബോർഡ്

14. തയ്യൽ തൊഴിലാളി ക്ഷേമ ബോർഡ്

15. കൈത്തറി തൊഴിലാളി ക്ഷേമ ബോർഡ്

16. കശുവണ്ടി തൊഴിലാളി ക്ഷേമ ബോർഡ്

22-09-2022-ലെ സ.ഉ.(എം.എസ്) നം.162/2022/ധന. ഉത്തരവുപ്രകാരം ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ സർക്കാർ ധനസഹായം ലഭിക്കുന്ന ക്ഷേമനിധി ബോർഡുകളായ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർക്കും വിവിധ ദേവസ്വം ബോർഡുകളിലെ (തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം) സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന വിരമിച്ച ജീവനക്കാർക്കും സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച് കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്കും ഉത്തരവ് തീയതി മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

(സി) സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ക്ഷേമനിധികളിൽ നിന്നും പെൻഷൻ വാങ്ങുന്നവരെ ഇപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) 2016-ൽ സർക്കാർ അധികാരമേറ്റതിനുശേഷം സാമൂഹ്യ ക്ഷേമ പെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്നവരുടെ പട്ടികയിൽ നിന്നും പുറത്തായവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) നിലവിൽ ക്ഷേമപെൻഷനുകളും സാമൂഹ്യ സുരക്ഷാപെൻഷനുകളും വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ എത്രകാലത്തെ പെൻഷനാണ് നിലവിൽ വിതരണം ചെയ്യാൻ കുടിശ്ശികയായുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട്.

തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരികം, കായിക യുവജനക്ഷേമവകുപ്പുകൾ മുഖേനയുള്ള പെൻഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാന സർക്കാരിന്റെ സാമൂഹികക്ഷേമ പെൻഷൻ**

107(555) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ സാമൂഹികക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന ജീവനക്കാർക്ക് നൽകി വരുന്ന ഇൻസെന്റീവ് വേഗത്തിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരികയാണ്.

**ക്ഷേമപെൻഷൻ വിതരണം**

108(556) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ ലഭിക്കുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 52,38,430 സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 7,36,216 ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹതയുള്ള 50,66,136 സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 6,72,827 ഗുണഭോക്താക്കൾക്കുമാണ് 2022 നവംബർ മാസത്തെ പെൻഷൻ അനുവദിച്ചിട്ടുള്ളത്.

സാംസ്കാരികം, കായിക യുവജനക്ഷേമ വകുപ്പുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ക്ഷേമപെൻഷൻ ലഭിക്കുന്നത് ആർക്കെല്ലാമാണെന്നും നൽകുന്ന തുക എത്ര വീതമാണെന്നും ഒരു മാസം വിതരണം ചെയ്യുന്ന മൊത്തം ക്ഷേമപെൻഷൻ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങെന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. 60 വയസ്സു കഴിഞ്ഞ വൃദ്ധജനങ്ങൾ/ കർഷത്തൊഴിലാളികൾ, വിധവകൾ, 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാർ, 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ എന്നീ വിഭാഗത്തിൽപ്പെട്ടവർക്കാണ് സാമൂഹ്യസുരക്ഷാ പെഷനുകൾ നൽകുന്നത്. വിവിധയിനം തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സംഘടിത, അസംഘടിത മേഖലകളിലുള്ള തൊഴിലാളികളിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവർക്ക് അതാത് ക്ഷേമനിധി ബോർഡുകളിലെ നിയമാവലി അടിസ്ഥാനമാക്കിയുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവർക്കാണ് ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നത്.

2022 നവംബർ മാസത്തെ കണക്ക് പ്രകാരം വിവിധയിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 773.52 കോടി രൂപയും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ നൽകുന്നതിനായി 105.54 കോടി രൂപയും ചേർത്ത് ആകെ 879.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രതിമാസ നിരക്ക് 1600/- രൂപയാണ്.

സാംസ്കാരികം, കായിക യുവജനക്ഷേമ വകുപ്പുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഏത് തീയതിയിലാണ് അതാത് മാസത്തെ ക്ഷേമപെൻഷൻ വിതരണം ചെയ്യാൻ തീരുമാനമെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ എന്നിവയ്ക്ക് അതാത് മാസം 20 മുതൽക്കാണ് പെൻഷൻ വിതരണ നടപടികൾ സ്വീകരിക്കുന്നത്. മറ്റ് ക്ഷേമനിധി ബോർഡ് പെൻഷനുകളും സാംസ്കാരികം, കായിക യുവജനക്ഷേമം എന്നീ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകളും നൽകുന്നതിന് നടപടി സ്വീകരിക്കുന്നത് അതാത് പെൻഷൻ

നിയമാവലി പ്രകാരമാണ്.

(ഡി) ഇപ്പോൾ എത്രമാസത്തെ ക്ഷേമപെൻഷൻ മുടങ്ങിയിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവയ്ക്ക് കുടിശ്ശികയില്ല.

സാംസ്കാരികം, കായിക യുവജനക്ഷേമ വകുപ്പുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ) ചെലവുകൾക്ക് പണമില്ലാത്തവിധം സംസ്ഥാനത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നത് ശരിയാണോ; എങ്കിൽ ഇത് മറികടക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിനാധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി

ഗ്രാന്റിൽ നടപ്പ സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പുവർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് 9000 കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

നിലവിലെ സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും

നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്.

**ക്ഷേമപെൻഷൻ കുടിശ്ശിക**

109(557) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

കുടിശ്ശികയില്ല.

(ബി) ക്ഷേമ പെൻഷൻ വിതരണത്തിനായി ഉത്തരവിറക്കിയിട്ടും പെൻഷൻ വിതരണം നടത്താൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; കാരണം വ്യക്തമാക്കുമോ?

ക്ഷേമ പെൻഷൻ വിതരണത്തിനായി ഉത്തരവിറക്കിയിട്ടും പെൻഷൻ വിതരണം നടത്താൻ സാധിക്കാത്ത സാഹചര്യം നിലവിലില്ല.

(സി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പ്രവർത്തനം പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദാംശം നൽകുമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ പ്രതിസന്ധി നേരിടുന്നില്ല. എന്നാൽ പെൻഷൻ കമ്പനിയുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ നിലപാട് പെൻഷൻ നൽകുന്നത് തടസ്സപ്പെട്ടിട്ടില്ലെങ്കിലും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

110(558) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് നടപ്പ് സാമ്പത്തിക വർഷം സർക്കാർ വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ട്?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10793.51 കോടി രൂപ പെൻഷൻ വിതരണ കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായമായി വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും 6950 കോടി രൂപ പ്രസ്തുത കമ്പനിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2500 കോടി രൂപ കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കമ്പനി ഈ സാമ്പത്തിക വർഷം നാളിതുവരെ ആകെ എത്ര

തുക ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ സർക്കാർ വിഹിതം എത്രയാണെന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സ്വീകരിച്ച തുക എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷം നാളിതുവരെ പെൻഷൻ വിതരണത്തിനും വായ്പ തിരിച്ചടവിനും പലിശ നൽകുന്നതിനും കമ്പനിയുടെ നടത്തിപ്പ് ചെലവിനുമായി ആകെ 8353.38 കോടി രൂപ കമ്പനി ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 6950 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും 800 കോടി രൂപ വായ്പയായി സ്വീകരിച്ചിട്ടുണ്ട്.

## N-95 മാസ്ക് വാങ്ങൽ - അംഗീകാരം

111(560) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെറ്റ്സ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന യു.എ.ഇ. ആസ്ഥാനമായ സ്ഥാപനത്തിൽ നിന്നും എൻ -95 മാസ്ക് വാങ്ങുവാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ

തീരുമാനത്തിനുള്ള അംഗീകാരത്തിനായി സമർപ്പിച്ച ഹെൽത്ത് ബി3/130/2020-ഹെൽത്ത് എന്ന ഫയലിലെ പർച്ചേസുകൾക്ക് സർക്കാർ അംഗീകാരം നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് രൂക്ഷമായ ഘട്ടത്തിൽ, സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന യു.എ.ഇ. ആസ്ഥാനമായ സ്ഥാപനത്തിൽ നിന്നും എൻ-95 മാസ്ക് സംഭരിച്ച കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ നടപടി സർക്കാർ ഹെൽത്ത് ബി3/130/2020-ഹെൽത്ത് എന്ന ഫയലിൽ 07.05.2020-ലെ സ.ഉ,(സാധാ) നം.838/2020/ആ.കു.വ പ്രകാരം സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ഈ ബില്ലിൽ ജി.എസ്.ടി. നമ്പർ രേഖപ്പെടുത്തിയിട്ടില്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ജി.എസ്.ടി. നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. ഈടാക്കിയിട്ടില്ലാത്ത ഒരു പർച്ചേസിന് സർക്കാർ അംഗീകാരം നൽകിയത് നിയമവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പർച്ചേസ് തുക സ്ഥാപനത്തിന്റെ ഉടമയുടെ കേരളത്തിലെ അക്കൗണ്ടിൽ കൈമാറിയത് നിയമവിരുദ്ധമാണെന്ന വസ്തുത ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥാപനവുമായി നടത്തിയിട്ടുള്ള കരാർ പ്രകാരമുള്ള തുക വ്യക്തിയുടെ അക്കൗണ്ടിൽ നൽകിയ നടപടി, അംഗീകാരം നൽകുന്നതിന് മുൻപ് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി-ഇ) കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിവരുന്നു.

## 2022-23 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിക്കുന്ന നികുതി വരുമാനവും നികുതിയേതര വരുമാനവും

112(561) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിക്കുന്ന നികുതി വരുമാനവും നികുതിയിതര വരുമാനവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ നാളിതുവരെ നികുതി, നികുതിയേതര വരുമാനമായി എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ&ബി) 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ

സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിച്ച തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022 ഒക്ടോബർ മാസം വരെ ലഭ്യമായ തുകയും ചുവടെ പട്ടികയിൽ ചേർക്കുന്നു.

(തുക കോടിയിൽ)

| ഇനം | 2022-23 ബഡ്ജറ്റ് വിഹിതം | 2022 ഒക്ടോബർ മാസം വരെ ലഭ്യമായ തുക * |
|---|---|---|
| സംസ്ഥാന തനത് നികുതി വരുമാനം | 74097.80 | 39588.56 |
| സംസ്ഥാന തനത് നികുതിയേതര വരുമാനം | 11769.55 | 6196.32 |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.

## ഫിച്ച് റേറ്റിംഗും സംസ്ഥാന സമ്പദ്‌വ്യവസ്ഥയും

113(562) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര റേറ്റിംഗ് ഏജൻസിയായ ഫിച്ച് കേരളത്തിന്റെയും കിഫ്ബിയുടെയും റേറ്റിംഗ് കുറച്ചത് സംസ്ഥാനത്തിന്റെ വായ്പകളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റേറ്റിംഗ് ഏജൻസിയായ ഫിച്ചിന്റെ നടപടി സംസ്ഥാനത്തിന്റെ

കടപ്പത്രങ്ങൾക്ക് പലിശ വർദ്ധിക്കാൻ ഇടയാകുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ കടമെടുപ്പിന്റെ ഭൂരിഭാഗവും ആഭ്യന്തര വിപണിയിൽ നിന്നാണ്. ഉയർന്ന റിട്ടേൺ ലഭിക്കുന്നതും കൂടാതെ റിസ്ക് ഫ്രീ ആയതിനാലും ഇതിന്റെ ഉപഭോക്താക്കൾ വാണിജ്യ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും പെൻഷൻ ഫണ്ടുകാരും ആയതിനാലും ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് റിവിഷൻ നിക്ഷേപകരെ സ്വാധീനിക്കുവാൻ സാധ്യതയില്ല. ടി സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടപ്പത്രങ്ങൾക്ക് പലിശ വർദ്ധിക്കാൻ ഇടയാകില്ലായെന്നാണ് പ്രതീക്ഷിക്കുന്നത്. ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് അനുസരിച്ച് അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വായ്പയെടുപ്പിനെ പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത കുറവാണ്. ഇതിന് കാരണം അത്തരത്തിലുള്ള വായ്പാ ശേഖരണം കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരന്റിയിന്മേലാണ് സ്വീകരിക്കുന്നതെന്നതാണ്.

(സി) സംസ്ഥാനത്തിന്റെ മൊത്തം കടം നാല് ലക്ഷം കോടി രൂപയിലേയ്ക്ക് അടുക്കുന്നതും സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതുമാണ് രാജ്യാന്തര റേറ്റിംഗ് ഏജൻസിയായ ഫിച്ച് കേരളത്തിന്റെയും കിഫ്ബിയുടെയും റേറ്റിംഗ് കുറച്ചതിനുള്ള കാരണമെന്നത് വസ്തുതയാണോ; എങ്കിൽ വെളിപ്പെടുത്തുമോ?

അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ആസന്നമായ സാമ്പത്തിക

മാന്ദ്യത്തെക്കുറിച്ചുള്ള ഭീതിയുടെ പശ്ചാത്തലത്തിൽ രാജ്യങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും റേറ്റിംഗ് ഇടിയുന്ന പ്രവണത നിലനിൽക്കുന്നതിന്റെയും സമീപകാലങ്ങളിൽ സംസ്ഥാനം നേരിട്ട അതിതീവ്രമായ പ്രകൃതിക്ഷോഭങ്ങളുടെയും കോവിഡ് മഹാമാരിയുടെയും അടിസ്ഥാനത്തിൽ വേണം ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് പരിഷ്കാരം വിലയിരുത്തേണ്ടത്. കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ ശിപാർശയുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന പരിധിക്കുള്ളിൽ നിന്ന് മാത്രമേ സർക്കാരിന് കടമെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കടം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന ആക്ഷേപത്തിൽ കഴമ്പില്ല. അതേസമയം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സംസ്ഥാന വരുമാനത്തെയും ആഭ്യന്തര ഉത്പാദനത്തെയും പ്രതികൂലമായി ബാധിച്ചുവെന്നത് വസ്തുതയാണ്.

**സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി**

114(563) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ നിലവിലെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിനാധാരമായ

ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) 2022 നവംബർ 15 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണ്?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്.

(സി) 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ കടമെടുത്തുയെന്നും ഏതെല്ലാം മേഖലയിൽ നിന്നും എത്ര ശതമാനം പലിശയ്ക്കാണ് കടമെടുത്തതെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 മുതൽ 2022-23 ഒക്ടോബർ വരെ സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 up to October 31 |
|---|---|---|---|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 | 14969 | 24514.06 | 20317.49 | 5233.06 |
| കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പാ (തനി) | 379.43 | -130.15 | -240.58 | 1436.77 | 527.45 | -24.67 | -97.85 |
| പൊതുകടം (തനി) | 16151.89 | 17101.67 | 15249.92 | 16405.77 | 25041.51 | 20292.82 | 5135.20 |

Market Borrowing വഴിയും NABARD, NSSF, LIC, GIC, NCDC, HUDCO തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും കേന്ദ്രസർക്കാർ മുഖേന ലഭ്യമായ വിദേശ വായ്പകൾ (Externally Aided Projects) വഴിയുമാണ് പ്രധാനമായും സർക്കാർ വായ്പയെടുക്കുന്നത്. അതത് കാലഘട്ടത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന പലിശ നിരക്കിലാണ് വായ്പയെടുക്കുന്നത്.

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല.

(ഡി) ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപ ഏതെല്ലാം വിഭാഗങ്ങൾക്ക് കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും കുടിശ്ശികയില്ല. മറ്റ് പെൻഷനുകൾ അതാത് ഭരണ

വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകൾ അതാത് ബോർഡുകളിലെ നിയമാവലി പ്രകാരമാണ് പെൻഷൻ വിതരണം നടത്തുന്നത്.

(ഇ) സർക്കാർ ഉദ്യോഗസ്ഥരുടെ ഡി.എ. ഇനത്തിൽ എത്ര ഗഡു കുടിശ്ശികയുണ്ടെന്നും അവ എന്നത്തേയ്ക്ക് വിതരണം ചെയ്യാനാവുമെന്നും ലീവ് സറണ്ടർ ചെയ്യുന്നതിനുള്ള നിരോധനം എന്നത്തേയ്ക്ക് നീക്കം ചെയ്യുമെന്നും വിശദമാക്കുമോ?

01-01-2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല. സർക്കാർ ഉദ്യോഗസ്ഥരുടെ ഡി.എ. വിതരണം ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(എഫ്) സാമ്പത്തിക പ്രതിസന്ധി തുടരുന്നതിനിടെ വിദേശയാത്ര, വിലയേറിയ കാറുകൾ വാങ്ങൽ എന്നിവയ്ക്ക് പണം ചെലവഴിക്കുന്നുയെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദേശയാത്രയ്ക്കും, പുതിയ കാറുകൾ വാങ്ങുന്നതിനും നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാകാത്ത സന്ദർഭങ്ങളിൽ വിദേശയാത്ര നടത്തുന്നതിനും കാറുകൾ വാങ്ങുന്നതിനും മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന

പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്.

(ജി) പൊതുജനങ്ങൾക്ക് നികുതി ഭാരമില്ലാതെ സംസ്ഥാനത്തെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തൽ**

115(564) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ സാമ്പത്തിക വളർച്ചയ്ക്ക് ആനുപാതികമാണോ എന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി)മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും, ധനപരമായ പല കാര്യങ്ങളിലും

കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും, പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാകാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട കണക്ക് പ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിരവിലയിലുള്ള മൊത്ത ആഭ്യന്തര ഉല്പാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (current price) കണക്കാക്കിയാൽ വളർച്ചതോത് 17.63 ശതമാനമാകും. ദേശീയ വളർച്ച 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് സംസ്ഥാനത്തുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19-ലെ നിലയുമായി താരതമ്യം ചെയ്താൽ ഈ വളർച്ചാതോത് 15.05 ശതമാനമാകും.

ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ തലങ്ങളിൽ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചു നിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച

പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമപെൻഷനുകൾ, സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം, 2020-ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായി പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റ് പശ്ചാത്തല മേഖലയിലൂടെയുമുള്ള നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കി.

(സി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാമ്പത്തിക രംഗത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ആഗോള തൊഴിൽ കമ്പോളത്തിൽ നവീന സാങ്കേതികവിദ്യകൾക്കനുസരിച്ച് തൊഴിൽ ലഭ്യമാകുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് 13 -ഓളം ന്യൂജൻ NSQF (National Skill Qualification Frame work) കോഴ്സുകൾക്ക് രൂപകൽപ്പന നൽകിയിട്ടുണ്ട്. ആയത് വിവിധ ഐ.ടി.ഐ.-കളിലൂടെ സർക്കാരിന്റെ അനുമതിയോടുകൂടി

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കളിലും പ്രസ്തുത കോഴ്സുകൾകൂടി ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പ് ഇതിനോടകം തന്നെ 77 NSQF Aligned Course-കളിൽ പരിശീലനം നൽകുന്നുണ്ട്. ഇതിൽ മികച്ച പ്രാവീണ്യം നേടുന്ന കുട്ടികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഷോർട്ട് ടേം കോഴ്സുകളും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് (IMC) കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഐ.ടി.ഐ.-കളിൽ പരിശീലനം നൽകുന്ന ട്രേഡുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെ-ഡിസ്കിന്റെ സഹകരണത്തോടെ 72 -ഓളം ഷോർട്ട് ടേം കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഐ.ടി.ഐ. കോഴ്സുകളോടുകൂടി തന്നെ വാല്യൂ ആഡഡ് കോഴ്സുകൾ നടപ്പിലാക്കി തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം മുതൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും, 200 മണിക്കൂർ മുതൽ 300 മണിക്കൂറും അതിൽ കൂടുതലും വരെ ദൈർഘ്യമുള്ള സിലബസ്സോടുകൂടി കോഴ്സുകളാരംഭിക്കാനും പദ്ധതിയുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ തീരദേശ പ്രദേശങ്ങളിൽ കാലോചിതമായ ട്രേഡുകൾ ഉൾക്കൊള്ളിച്ച് പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ഐ.ടി.ഐ. ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കാൻ പ്രമുഖ എ.സി. നിർമ്മാതാക്കളായ വോൾട്ടാസുമായി വകുപ്പ് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ഓരോ ജില്ലയുടെയും സാധ്യതകളും സാഹചര്യങ്ങളും പരിഗണിച്ച് ജില്ലകളിലെ തൊഴിൽ അന്വേഷകർക്ക് ഒരു പരിധിവരെ അതത് ജില്ലകളിൽ തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഓരോ ജില്ലയിലും പ്രത്യേകം സ്ട്രാറ്റജിക് സ്കിൽ പ്ലാനുകൾ തയ്യാറാക്കി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാസ്കിൽ കമ്മിറ്റികൾ മുഖേന വിവിധ നൈപുണ്യവികസന പദ്ധതികൾ സമൂഹത്തിന്റെ എല്ലാതലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും തുല്യതയോടെ പ്രയോജനപ്പെടുത്തക്കവിധത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം യൂത്ത് ഇന്നൊവേഷൻ അവാർഡ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ KASE വിഭാവനം ചെയ്തുവരുന്നു. ബ്ലോക്ക് തലത്തിൽ ടെക്നോളജി ഇന്റഗ്രേറ്റഡ് സ്കിൽ സെന്ററുകൾ സ്ഥാപിക്കുക വഴി പിന്നാക്കവിഭാഗങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങൾക്കും ഉൾപ്പെടെയുള്ള തൊഴിലന്വേഷകർക്ക് തൊഴിൽക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാതലത്തിൽ കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ ക്ലബുകൾ രൂപീകരിക്കുക, ജില്ലാതലത്തിൽ സ്കിൽ മേളകൾ, ടാലെന്റ്ഷോകൾ, ജോബ്ഫെയറുകൾ എന്നിവ തുടർച്ചയായി സംഘടിപ്പിക്കുക എന്നിവ KASE ലക്ഷ്യം വയ്ക്കുന്നു. മികച്ച തൊഴിലവസരങ്ങൾ

നേടിയെടുക്കാൻ യുവജനതയെ പ്രാപ്തരാക്കാനും സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉയർച്ച കൈവരിക്കാനുമാണ് ഇത്തരം പദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത്.

(ഡി) കേരളത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടാകും. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ

വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല.

(ഇ) നികുതിയിനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതം കൃത്യമായും ലഭിക്കുന്നുണ്ടോ, വിശദമാക്കാമോ; ഈ ഇനത്തിൽ കേന്ദ്രം നൽകാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കാമോ?

നടപ്പു സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി സംസ്ഥാന ബജറ്റിൽ 17720.50 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ 2022 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെ ആകെ 10,608.8 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ജി) സംസ്ഥാന സർക്കാർ, ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം അറിയിക്കുമോ; ദേവസ്വം

ബോർഡുകളിൽ നിന്നും സർക്കാരിന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ശബരിമല മാസ്റ്റർ പ്ലാൻ എന്നിവയ്ക്ക് 2022-23 സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവുകൾക്കുള്ള സഹായം | 23.40 |
| 2 | മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യ സ്ഥാനികർക്കും കോലധാരികൾക്കുള്ള മാസ അലവൻസിനുള്ള സഹായം- മലബാർ ദേവസ്വം ബോർഡിന് അനുവദിക്കുന്നത്. | 2.92 |
| 3 | ആന്വൽ കോൺട്രിബ്യൂഷൻ-തിരുവിതാംകൂർ ദേവസ്വം ബോർഡ് | 0.80 |
| 4 | ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിക്കുള്ള പദ്ധതി വിഹിതം | 4.30 |
| 5 | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്-ശമ്പളം, ശമ്പളേതരം ചെലവുകൾക്കുള്ള സഹായം | 1.65 |

## സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത

116(565) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര

ഉല്പാദനത്തിൽ എത്ര ശതമാനം വളർച്ചയുണ്ടായിട്ടുണ്ടെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംസ്ഥാന സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിൽ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലുണ്ടായ വളർച്ചയുടെ വിശദാംശം ശതമാന കണക്കിൽ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മൊത്തം ആഭ്യന്തര ഉല്പാദത്തിലെ വളർച്ച [നിലവിലെ വിലയിൽ (Current Prices)] | മൊത്തം ആഭ്യന്തര ഉല്പാദത്തിലെ വളർച്ച [സ്ഥിര വിലയിൽ (Constant Prices)] |
|---|---|---|
| 2016-17 | 12.97 % | 7.56% |
| 2017-18 | 10.51% | 6.36% |
| 2018-19 | 12.36% | 7.37% |
| 2019-20 | 3.13% | 0.90% |
| 2020-21 | -5.16% | -8.43% |
| 2021-22 | 17.63% | 12.01% |

(ബി) 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2016-17 മുതൽ 2021-22 വരെ കാലയളവിലെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ വിശദാംശം പട്ടിക രൂപത്തിൽ ചുവടെ ക്രോഡീകരിക്കുന്നു.

**(തുക കോടിയിൽ)**

| സാമ്പത്തിക വർഷം | മൊത്തം കട ബാധ്യത | വളർച്ചയുടെ ശതമാനം |
|---|---|---|
| 2016-17 | 186453.86 | 18.48% |
| 2017-18 | 210762.36 | 13.04% |
| 2018-19 | 235631.49 | 11.80% |
| 2019-20 | 260311.38 | 10.47% |
| 2020-21 | 296900.86 | 14.06% |
| 2021-22 | 335641.15 | 13.05% |

**മംഗലപുരം സിദ്ധ ആശുപത്രി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി**

117(567) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

14-10-2020-ലെ ധനകാര്യ (ബഡ്ജറ്റ്-കെ) വകുപ്പിന്റെ സ.ഉ. (സാധാ)നം.5919/2020 പ്രകാരം മംഗലപുരം സിദ്ധ ആശുപത്രി നിർമ്മാണത്തിനായി തുക അനുവദിച്ച പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ പുരോഗതി വിശദമാക്കാമോ?

മംഗലപുരം സിദ്ധ ആശുപത്രിയുടെ നിർമ്മാണത്തിനായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ഇതുസംബന്ധിച്ച് ശിപാർശകളൊന്നും ധനകാര്യവകുപ്പിൽ ലഭ്യമായിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടമായതിനാൽ, തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, 14-10-2020-ലെ സ.ഉ (സാധാ) നം.5919/2020/ധന

സർക്കാർ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും തുടർനടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു.

**ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട്**

118(568) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് പ്രകാരം ധനകാര്യവകുപ്പിൽ എത്ര തസ്തികകൾ അധികമായി കണ്ടെത്തിയിട്ടുണ്ടെന്നും ഇപ്രകാരം കണ്ടെത്തിയ ഏതൊക്കെ തസ്തികകളാണ് വെട്ടികുറയ്ക്കണമെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ധനകാര്യ വകുപ്പിലെ അധിക തസ്തികകൾ സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ച തുക**

119(569) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബജറ്റിൽ ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി)ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 2020-2021 സംസ്ഥാന ബജറ്റിൽ 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 20% പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പ് പരിശോധിക്കുകയും വിശദമായ പ്രൊപ്പോസൽ സഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഭരണവകുപ്പിൽ നിന്നും പ്രസ്തുത ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**റിട്ടയർ ചെയ്ത ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതി**

120(570) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത, ഇ.സി.എച്ച്.എസ്. പോലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട

ജീവനക്കാരിൽനിന്നും അവരുടെ സമ്മതമോ അറിവോ കൂടാതെ 'മെഡിസെപ്'-ലേയ്ക്ക് അവരുടെ പെൻഷനിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് മെഡിസെപ്. ആയതിനാൽ തന്നെയും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഇ.സി.എച്ച്.എസ്. പോലുള്ള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെട്ട ജീവനക്കാരിൽ നിന്നും മെഡിസെപ് പ്രീമിയം ഈടാക്കുന്നുണ്ട്. ടി പദ്ധതിയിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കുകയാണെങ്കിൽ ആയത് അംഗങ്ങളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽ നിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും നിലവിൽ ഇവരെ മാറ്റി നിർത്താൻ കഴിയാത്തതുമാണ്.

## കോൺട്രാക്ടർമാർക്ക് കുടിശ്ശിക അനുവദിക്കാൻ നടപടി

121(571) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം നൽകുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 ഏപ്രിൽ മാസം മുതലുള്ള ബില്ലുകളിൽ കുടിശ്ശിക നൽകാനുണ്ട്. ജലവിഭവം, ഹാർബർ എഞ്ചിനിയറിംഗ് എന്നീ വകുപ്പുകളിൽ 2022 ജൂലൈ വരെയുള്ള തുക നൽകിയിട്ടുണ്ട്. ജലവിഭവം, ഹാർബർ എഞ്ചിനിയറിംഗ് എന്നീ വകുപ്പുകളിൽ 2022 ആഗസ്റ്റ് മാസത്തെ കുടിശ്ശിക 2022 ഡിസംബർ 15-ാം തീയതി നൽകും. ഇതൊഴികെ പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലായി ലഭ്യമായ കുടിശ്ശിക തുകയുടെ കണക്കുകൾ ചുവടെ പറയും പ്രകാരമാണ്.

| വകുപ്പ് | കാലയളവ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|

| | | |
|---|---|---|
| പൊതുമരാമത്ത് | 01/04/2022 to 30/09/2022 | 1139.48 |
| ജലവിഭവം | 01/09/2022 to 30/09/2022 | 21.67 |
| ഹാർബർ എഞ്ചിനിയറിംഗ് | 01/09/2022 to 30/09/2022 | 8.71 |
| ആകെ | | **1169.86** |

(ബി) കോൺട്രാക്ടർമാർക്ക് കുടിശ്ശിക അനുവദിച്ച് നല്കാത്തത് പ്രാദേശിക തലത്തിലുള്ള വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് മാറി നൽകുന്നതാണ്.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം**

122(572) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായ വകുപ്പുകൾ/ മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതാണോയെന്ന് അറിയിക്കാമോ?

(എ&ബി) 20-12-2021-ലെ ജി.ഒ (പി) നം. 173/2021/ധന പ്രകാരം ധനപരമായ ഇടപാടുകൾ, നിയമപ്രകാരം ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കേണ്ട കണക്ക് വിവരങ്ങൾ, റിപ്പോർട്ടുകൾ, വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾ, നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ, പർച്ചേസ്, ജീവനക്കാരുടെ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും, വിഭവസമാഹരണം, പണമിടപാടുകൾ, ഫണ്ടിന്റെ ദുരുപയോഗം, സാമ്പത്തിക തട്ടിപ്പുകൾ, ധനമാനേജ്മെന്റുമായി ബന്ധപ്പെട്ട നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കൽ, വാഹന ഉപയോഗം തുടങ്ങി വിവിധ വിഷയങ്ങളിന്മേൽ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ ധനസഹായം ലഭിക്കുന്ന/ കൈപ്പറ്റുന്ന എല്ലാ സ്ഥാപനങ്ങളിലും ധനകാര്യ പരിശോധന വിഭാഗത്തിന് ആകസ്മിക പരിശോധന നടത്താൻ അധികാരമുണ്ട്.

(സി) തദ്ദേശ സ്ഥാപനങ്ങളിലെ വാഹനങ്ങൾ അതത് സ്ഥാപനത്തിന്റെ

പ്രവർത്തനപരിധിയിലോ ബ്ലോക്ക്, മുനിസിപ്പൽ, ജില്ലാ കേന്ദ്രങ്ങളിലേയ്ക്കോ അല്ലാതെ യാത്രയ്ക്ക് ഉപയോഗിക്കുന്നത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹന ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയത് തടയുന്നതിന് ധനകാര്യ പരിശോധന വിഭാഗം ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് ഓഡിറ്റ്**

123(573) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് ഓഡിറ്റില്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ഓഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുടുംബശ്രീയുടെ ബൈലോയും മാനദണ്ഡങ്ങളും ഓഡിറ്റിന് വിധേയമാക്കുന്നതിനും അതിന്റെ ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഏൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ-സി)19-05-2017-ലെ സ.ഉ.(സാധാ) നമ്പർ.4221/2017/ധന പ്രകാരം

കുടുംബശ്രീ അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുന്നതിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് സംസ്ഥാന മിഷനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ അക്കൗണ്ട്സ് & ഓഡിറ്റ് ബൈലാ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓഡിറ്റ് ടീമിന് പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. അക്കൗണ്ട്സ് & ഓഡിറ്റ് ബൈലായുടെ കരട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ബൈലാ അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക**

124(574) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിക്കും മറ്റുമന്ത്രിമാർക്കും വിവിധ ബോർഡ് കോർപ്പറേഷൻ ചെയർമാൻമാർക്കും വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുകയും വാങ്ങിയ ഓരോ വാഹനങ്ങളുടെ വിലയും എത്രയാണെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

## ധനകാര്യ വകുപ്പിൽ ഫയൽ തീർപ്പാക്കൽ നടപടി

125(575) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പിൽ ഫയൽ തീർപ്പാക്കൽ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; നിലവിൽ തീർപ്പു കൽപ്പിക്കാനുള്ള ഫയലുകളുടെ എണ്ണം വ്യക്തമാക്കുമോ?

ധനകാര്യവകുപ്പിൽ ഫയൽ തീർപ്പാക്കൽ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശിച്ചതു പ്രകാരം 2022 മാർച്ച് 31-ന് മുൻപ് ആരംഭിച്ചതും ജൂൺ 30-ന് തീർപ്പാക്കാതെ ബാക്കിയുണ്ടായിരുന്നതുമായ ഫയലുകളെ സംബന്ധിച്ച വിവരമാണ് ശേഖരിക്കുകയും പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുള്ളത്. 31-10-2022-ലെ കണക്കുപ്രകാരം ധനകാര്യ വകുപ്പിൽ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ കാലയളവിൽ തീർപ്പാക്കിയ ഫയലുകളെ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു.

| 30-06-2022-ന് തീർപ്പാക്കാതെ ബാക്കിയുണ്ടായിരുന്ന ഫയലുകളുടെ എണ്ണം | 31-10-2022-ന് മുൻപായി തീർപ്പാക്കിയ ഫയലുകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകൾ | തീർപ്പാക്കലിന്റെ ശതമാനം |
|---|---|---|---|
| 5083 | 2361 | 2722 | 46.45% |

## ചെലവ് ചുരുക്കൽ

126(576) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ചെലവ് ചുരുക്കലിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തനസ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് ഈ സർക്കാർ നിലവിൽ വരുമ്പോൾ തന്നെ നിയന്ത്രണങ്ങളുണ്ടായിരുന്നു. അത് നിലവിലെ സർക്കാരും തുടർന്നുപോരുന്നു.

(ബി) മേൽപ്പറഞ്ഞ ചെലവ് ചുരുക്കൽ ഉത്തരവുകൾ നിലനിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെയും വിവിധ ബോർഡ് കോർപ്പറേഷനുകളുടെയും

കമ്മീഷനുകളുടെയും മറ്റ് സർക്കാർ അർദ്ധസർക്കാർ ഏജൻസികളുടെയും ആവശ്യത്തിനായി എത്ര പുതിയ കാറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതിയ കാറുകൾ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാകാത്ത സന്ദർഭങ്ങളിൽ കാറുകൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ കാർ വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടുതന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല.

(സി) ഏതൊക്കെ മോഡൽ കാറുകളാണ് വാങ്ങിയിട്ടുള്ളത്; ഓരോ മോഡലിന്റെയും വിലവിവരവും വാങ്ങിയ എണ്ണവും ഏതു വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ആവശ്യത്തിനാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ?

പുതിയ കാറുകൾ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാകാത്ത സന്ദർഭങ്ങളിൽ കാറുകൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ

ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ കാർ വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടുതന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല.

**മണലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

127(578) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ പ്രവൃത്തിയും നിലവിലേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) കിഫ്ബി പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ മണലൂർ മണ്ഡലത്തിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

(ഡി&ഇ) തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ മണലൂർ മണ്ഡലത്തിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ KRFB സമർപ്പിച്ചിട്ടുള്ള പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടന്നുവരുന്നു. പ്രസ്തുത പദ്ധതി റിപ്പോർട്ട് പരിശോധിച്ച് കിഫ്ബി 30-07-2021-ന് നൽകിയിട്ടുള്ള സാങ്കേതിക റിപ്പോർട്ടിന്മേൽ നാളിതുവരെ KRFB മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാണെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**കേളിത്തോട് പാലം പുനർ നിർമ്മാണം**

128(579) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട്-ചെറുവാൾ റോഡിലെ കേളിത്തോട് പാലം പുനർ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ അടിയന്തരമായി ഫണ്ടും അനുമതിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേളിത്തോട് പാലം ഗതാഗതയോഗ്യമല്ലാത്ത വിധം തകർന്ന് മൂന്ന് മാസക്കാലമായി ഗതാഗതം പൂർണ്ണമായും നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അടിയന്തര അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

(എ-സി) ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.

**പയ്യന്നൂർ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

129(580) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഡി.എസ്.ആർ.-ൽ മാറ്റം വന്നതുകാരണം എസ്റ്റിമേറ്റിൽ അധികം വന്ന തുകയ്ക്ക് കിഫ്ബിയുടെ അനുമതി നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

04-02-2019-ൽ കിഫ്ബി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം, പെരിങ്ങോം ഗവ.കോളേജിന് 8.32 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, കേരള മുനിസിപ്പൽ ബിൽഡിംഗ്സ് ചട്ടം, ഭൂകമ്പ ഘടകങ്ങൾ എന്നിവ പ്രകാരം ഡിസൈനിൽ മാറ്റം വരുത്തിയതനുസരിച്ച് എസ്.പി.വി.യായ കിറ്റ്കോ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി പരിശോധിക്കുകയും 09-03-2021-ൽ 9.272 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിനനുസരിച്ച് എസ്.പി.വി.-യിൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രവൃത്തിക്ക് 9,27,19,156.32 രൂപ (ജി.എസ്.ടി.ഉൾപ്പെടെ)-യുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പിന്നീട്, ടി പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടറിൽ പങ്കെടുക്കുവാൻ ആരുമില്ലാതിരുന്നതിനാൽ, വർക്ക് അവാർഡ് ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്ന് എസ്.പി.വി. അറിയിച്ചിരുന്നു. 13-08-2021-ലെ സ.ഉ (അച്ചടി) നം.114/2021/ധന നമ്പർ ഉത്തരവുപ്രകാരം 15-08-2021 മുതൽ ഡി.എസ്.ആർ. 2018 ബാധകമായതിനെത്തുടർന്ന് ധനാനുമതി തുക 11,38,97,040/-രൂപയായി ഉയർത്തുന്നതിന് 10-02-2022-ൽ എസ്.പി.വി. ഡീവിയേഷൻ ഫയൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിക്കുകയും താരതമ്യ ചാർട്ട് സഹിതം സമർപ്പിക്കുന്നതിന് 16-02-2022-ൽ ഫയൽ തിരികെ നൽകുകയും ചെയ്തിരുന്നു. തുടർന്ന്, താരതമ്യ ചാർട്ട്

സഹിതം 02-06-2022-ൽ എസ്.പി.വി.-യിൽ നിന്നും ലഭ്യമായ ഫയൽ വീണ്ടും കിഫ്ബിയിൽ പരിശോധിക്കുകയും സംശയ നിവാരണത്തിനായി 13-09-2022-ൽ ഫയൽ മടക്കുകയും ചെയ്തിരുന്നു. ആയത് നാളിതുവരെ തിരികെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല. സ്പഷ്ടീകരിക്കപ്പെട്ട അന്തിമ റിപ്പോർട്ട് മാത്രമേ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനാകൂയെന്നതിനാൽ എസ്.പി.വി.-യുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പദ്ധതി നിർവ്വഹണത്തിലെ വേഗതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ, പെരിങ്ങോം ഗവ.കോളേജിലെ പ്രവൃത്തിക്കായി എസ്.പി.വി. ഫയൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും കാലതാമസം കൂടാതെ കിഫ്ബിയിൽ പരിശോധിക്കുകയും നിലവിലെ ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള വസ്തുതകളും രേഖകളുമുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അന്തിമ റിപ്പോർട്ടിനായി എസ്.പി.വി.-ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മണ്ഡലം തിരിച്ചും എസ്.പി.വി തിരിച്ചുമുള്ള യോഗങ്ങൾ സംഘടിപ്പിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ

സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സഹായവും കിഫ്ബി നൽകി വരുന്നുണ്ട്.

**തങ്കളം-കാക്കനാട് നാലുവരി പാത**

130(581) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2017 എന്നീ രണ്ട് ബജറ്റുകളിലുമായി കിഫ്ബിയിൽ ഉൾപ്പെടുത്തി തങ്കളം-കാക്കനാട് നാലുവരി പാതയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് റോഡ് പ്രവൃത്തിക്കായി 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഖണ്ഡിക 33, ക്രമ നം. 26 ആയി 30 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡിനെ എസ്.പി.വി. ആയി നിയോഗിച്ചുകൊണ്ട് 01-11-2016-ലെ GO (Rt) No. 1502/2016/PWD നം. ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും 12/02/2021-ലെ G.O (Rt) No. 188/2021/PWD ഉത്തരവുപ്രകാരം ഇത് പുതുക്കി നൽകുകയും ചെയ്തിരുന്നു.

നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ചും സൈറ്റ് വിസിറ്റ് നടത്തിയും തയ്യാറാക്കിയ പ്രാഥമിക അവലോകന റിപ്പോർട്ടും സൈറ്റ് വിസിറ്റ് റിപ്പോർട്ടും സഹിതം എസ്.പി.വി.-ക്ക് തിരിച്ച് നൽകിയിരുന്നു. ഇതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് Project Preparation Unit തയ്യാറാക്കുന്ന റിവൈസ്ഡ് ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്നാണ് KRFB അറിയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടിയിൽ തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത തടസ്സം പരിഹരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിലാണ് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടിയിൽ തടസ്സം നേരിടുന്നതെന്നതിനാൽ, റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രക്രിയ നിരീക്ഷിക്കുന്നതിന് കിഫ്ബി എസ്.പി.വി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

131(582) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഇനംതിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ കിഫ്ബിയുടെ അനുമതി ലഭ്യമാക്കാത്തതോ ഇതുവരെയും ആരംഭിക്കാത്തതോ ആയ പ്രവൃത്തികളുണ്ടോ; എങ്കിൽ കാരണം സഹിതം വിശദമാക്കാമോ?

(എ-സി) കിഫ്ബി മുഖേന ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിശദാംശവും അനുമതി ലഭ്യമാക്കിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിശദാംശവും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ

132 (583) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നികുതി പിരിച്ചെടുക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റവന്യൂ വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കേന്ദ്രസർക്കാരിലേയ്ക്ക് നൽകുമ്പോഴും ചെലവിന്റെ മൂന്നിലൊന്ന് മാത്രം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സാഹചര്യത്തിൽ, വർദ്ധിച്ച ചെലവുകൾ നേരിടുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) നികുതി പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജുഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി. നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ നികുതി വെട്ടിപ്പുകൾ

തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിണിയിലൂടെ വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണമായും സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി.എസ്.ടി. യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത ബാക്ക് എൻഡ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണമായും മാറിയിട്ടുണ്ട്. റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്. വകുപ്പിന്റെ വിവര സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തിയും പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടും നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമത്തിനനുസൃതമായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ജി.എസ്.ടി. -യ്ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

നികുതി പിരിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ മാസവും വകുപ്പ് തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. ജില്ലാ രജിസ്ട്രാർമാരുടെയും മേഖലാ

ഡി.ഐ.ജി.-മാരുടെയും യോഗം എല്ലാ മാസവും ആസ്ഥാന ഓഫീസിൽ ചേർന്ന് നികുതി പിരിവ് അവലോകനം ചെയ്യാറുണ്ട്. കെട്ടിടങ്ങളുടെ വിലകുറച്ചുവയ്ക്കുക, അണ്ടർവാല്യുവേഷൻ കേസുകളുടെ തീർപ്പാക്കൽ എന്നിവയുൾപ്പെടെ അവലോകനത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. അതുകൂടാതെ ജില്ലാ തലത്തിൽ ഓരോ സബ് രജിസ്ട്രാർ ഓഫീസിന്റെയും നികുതി വരുമാനവും അവലോകനം ചെയ്യുന്നുണ്ട്.

<u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

<u>ട്രാൻസ്പോർട്ട് വകുപ്പ്</u>

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിനും എൻഫോഴ്സ്മെന്റ്

ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. നികുതി അടയ്ക്കാതെ പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്ത് വകുപ്പിന് ലഭിക്കാനുള്ള നികുതി ഈടാക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ദീർഘകാലമായി നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ നടപടികളും സ്വീകരിച്ചു വരുന്നു.

റവന്യൂ വകുപ്പ്

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി 10.10.2022 ലെ സ.ഉ.(കൈ).നം.234/2022/ആർ.ഡി ഉത്തരവ് പ്രകാരം പ്രത്യേക ഊർജിത നികുതി പിരിവ് യത്നം 2022-23 ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജനസംഖ്യയ്ക്കനുസൃതമായി അർഹമായ നികുതി വിഹിതം നൽകുവാൻ കേന്ദ്രം തയ്യാറാകാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ജി.എസ്.ടി. വരുമാന നഷ്ടം നികത്താൻ നടപടി**

133(584) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പല

ഉല്പന്നങ്ങളുടേയും നികുതി 18 ശതമാനത്തിൽ നിന്നും 12 ശതമാനമായി കുറഞ്ഞിട്ടും ഉപഭോക്താക്കളിലേക്കെത്തുമ്പോൾ സാധനങ്ങളുടെ വില കുറയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം പല ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ 28 ശതമാനമായിരുന്നത് 18 ശതമാനമോ അല്ലെങ്കിൽ 12 ശതമാനമോ ആയും 18 ശതമാനമായിരുന്നത് 12 ശതമാനമോ അല്ലെങ്കിൽ 5 ശതമാനമോ ആയും കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും പല സംഘടനകളുടെയും അപേക്ഷകൾ പ്രകാരമാണ് ഇത്തരം തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ കൈക്കൊണ്ടത്. ജി.എസ്.ടി. നിരക്കിലുണ്ടായ കുറവുകൾ ഉപഭോക്താക്കൾക്ക് കൈമാറുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി സംവിധാനം ജി.എസ്.ടി. നിയമപ്രകാരം നിലവിലുണ്ടായിരുന്നു. ജി.എസ്.ടി. -യുടെ തുടക്കത്തിൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ഇക്കാര്യം പരിശോധിക്കുകയും നികുതിയിലെ കുറവ് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ വ്യാപാരികളുടെ വിശദവിവരം സംസ്ഥാന ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിക്ക് തുടർനടപടികൾക്കായി നൽകുകയും ചെയ്യുകയുണ്ടായി. ജി.എസ്.ടി.-യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്ക്

കുറയ്ക്കുന്നതിന്റെ ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കണമെന്നത് ഇതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-ന്റെ മീറ്റിംഗുകളിലും ജി.എസ്.ടി. കൗൺസിലിലും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ നടപടികളായിട്ടുണ്ടോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ടായിരുന്നു. ഇതിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇതിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിച്ചു. ഈ നഷ്ടപരിഹാരം അഞ്ചുവർഷത്തേയ്ക്കുകൂടി തുടരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തീരുമാനമൊന്നും കേന്ദ്ര സർക്കാരോ ജി.എസ്.ടി. കൗൺസിലോ ഇതുവരെ എടുത്തിട്ടില്ല. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി

പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**മരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി. വർദ്ധനവ്**

134(585) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകൾവഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി. 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർന്നതുകാരണമുള്ള അധിക ബാധ്യത പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ?

2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലെ തീരുമാന പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പൊതുമരാമത്ത് കരാർ പ്രവൃത്തികൾക്കുള്ള ജി.എസ്.ടി. നിരക്ക് 18-07-2022 മുതൽ 12 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പണി പൂർത്തീകരിച്ചിട്ടുള്ളതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ ജി.എസ്.ടി. ബാധ്യത സംബന്ധിച്ച് വ്യക്തത നൽകുന്നതിനും നിരക്ക് വർദ്ധനവുമൂലമുണ്ടാകുന്ന അധിക ബാധ്യതയും കരാറുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ 15-09-2022- ലെ 79/2022/ധന നമ്പർ സർക്കുലർ മുഖേന സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ജി.എസ്.ടി. വരുമാനം

135(586) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി സംസ്ഥാന സമ്പദ്ഘടനയെ കോവിഡ് ആഘാതത്തിൽ നിന്നും കരകയറ്റാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷം ജി.എസ്.ടി.-യിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവരിക്കാനായ വളർച്ച എത്രയെന്ന് അറിയിക്കാമോ?

ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായില്ല. ജി.എസ്.ടി വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർധിക്കാത്തതിന് കാരണമായി. ഈ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞ് ജി.എസ്.ടി. നികുതി പിരിവ് കൂടുതൽ കർശനവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

റിട്ടേൺ സ്ക്രൂട്ടിണി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ

പ്രകാരം ടാക്സ് പേയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദ പരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കുന്നതാണ്. ജി.എസ്.ടി. പൂർണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായമില്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയും നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്ക വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ

സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബിൽ തുടങ്ങിയവ ജി.എസ്.റ്റി. പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ അപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവേസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റാ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു. മേൽ നടപടികളുടെ ഫലമായി 2020-21, 2021-22 ജി.എസ്.ടി. നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ 2021-22 സാമ്പത്തിക വർഷം 2020-21 സാമ്പത്തിക വർഷത്തേക്കാൾ 24.43 ശതമാനം വളർച്ച നേടുവാൻ സാധിച്ചിട്ടുണ്ട്. രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലുമുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ

പ്രാപ്യമായിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ നിലപാട് കാരണം നടപ്പ് സാമ്പത്തിക വർഷം ഇരുപത്തിമൂവ്വായിരം കോടിയിൽ അധികം രൂപയുടെ വരുമാനക്കുറവുണ്ടാകാനിടയുണ്ടെന്നുള്ളത് വസ്തുതയാണോ; വ്യക്തമാക്കാമോ?

ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട തുക 12850.39 കോടി രൂപയും 2021-22 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ജൂൺ വരെ) അർഹതപ്പെട്ട തുക 3130.72 കോടി രൂപയുമായിരുന്നു. എന്നാൽ 2022 ജൂൺ 30-ന് ഇതിന്റെ കാലാവധി അവസാനിച്ചു.

സംസ്ഥാനം അഭിമുഖീകരിച്ച കോവിഡ്-19 മഹാമാരിയും അതിനെ തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചതിനാൽ, ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ധനകമ്മീഷൻ തീർപ്പ് പ്രകാരമുള്ള നികുതി വിഹിതത്തിൽ ഗണ്യമായ കുറവുവരുത്തുകയും റവന്യൂകമ്മി ഗ്രാന്റും കടം വാങ്ങാനുള്ള പരിധിയും വിവേചനപരമായി വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്ര നടപടി, സംസ്ഥാനത്ത്

സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്തരം നിലപാട് അവസാനിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ആദ്യ വർഷം (2020-21) നികുതി വിഹിതം 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ 2020-21 വർഷത്തിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ആയിരുന്നുവെങ്കിൽ 14874.74 കോടി രൂപ ലഭിക്കുമായിരുന്നു. 15-ാം ധനകാര്യ കമ്മീഷന്റെ 2021-22 വർഷത്തിൽ നികുതി വിഹിതം 1.925% പ്രകാരം 17820.09 കോടി രൂപ ലഭിച്ചിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നുവെങ്കിൽ, ആയത് 23142.97 കോടി രൂപ ലഭിക്കുമായിരുന്നു. മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിത ശതമാനത്തിലെ കുറവുമൂലം 2020-21 ൽ 3314.09 കോടി രൂപയുടെയും 2021-22 വർഷത്തിൽ 5322.88 കോടി രൂപയുടെയും നഷ്ടം കേന്ദ്ര നികുതി വിഹിത ഇനത്തിൽ സംസ്ഥാനത്തിനുണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2020-21, 2021-22, 2022-23, 2023-24

കാലയളവിലേയ്ക്കുള്ള റവന്യൂ കമ്മി ഗ്രാന്റ് യഥാക്രമം 15323, 19891, 13174, 4749 കോടി രൂപയാണ്. കമ്മീഷൻ കാലയളവിലുൾപ്പെട്ട 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റ് ശിപാർശ ചെയ്തിട്ടില്ല.

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നിലവിൽ കടന്നുപോകുന്നത്. എന്നാൽ, അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ, ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ

വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല.

**ടാക്സ് പേയർ കാർഡ്**

136(587) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പ് നികുതിദായകർക്ക് ടാക്സ് പേയർ കാർഡെന്ന പേരിൽ റേറ്റിംഗ് സ്കോർ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അനധികൃതമായി നടത്തുന്ന നികുതി പിരിവ് തടയാൻ ടാക്സ് പേയർ കാർഡ് സംവിധാനം സഹായകരമാകുമോ; വിശദമാക്കാമോ?

ഉണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം വ്യാപാരികൾ യഥാസമയം മാസ വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നുണ്ടോയെന്നും സമർപ്പിക്കുന്ന റിട്ടേണുകൾ എത്രമാത്രം കൃത്യത പുലർത്തുന്നുണ്ടെന്നുമുള്ള വിവരങ്ങൾ 'ടാക്സ്

പേയർ കാർഡ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകും. മികച്ച റേറ്റിംഗുള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാം. അതുവഴി പൊതുജനങ്ങളുടെ പക്കൽ നിന്ന് അനധികൃതമായി നടത്തുന്ന നികുതി പിരിവ് തടയാനും സാധിക്കും.

(ബി) റിട്ടേൺ സമർപ്പിക്കുന്നതിലും നികുതി അടയ്ക്കുന്നതിലും പുലർത്തുന്ന കൃത്യത കണക്കാക്കിയാണോ റേറ്റിംഗ് സ്കോർ തയ്യാറാക്കുന്നത്; വിശദമാക്കാമോ?

അതെ. റേറ്റിംഗ് സ്കോർ തയ്യാറാക്കുന്നതിനായി ചില പ്രത്യേക മാനദണ്ഡങ്ങൾ ഉപയോഗിച്ചിരിക്കുന്നു. പരമാവധി സ്കോർ 100-ൽ കണക്കാക്കുന്നു:

1) നിയമാനുസൃതമായ അവസാന തീയതിക്കുള്ളിൽ GSTR 3B (പ്രതിമാസ റിട്ടേൺ), GSTR 1 (വില്പന വിവരങ്ങൾ) ഫയൽ ചെയ്യുന്നതിന് പരമാവധി സ്കോർ 50-ൽ കണക്കാക്കുന്നു.

2) വാർഷിക റിട്ടേണുകളുടെ ഫയലിംഗ് (GSTR 9) സ്കോർ 20-ൽ കണക്കാക്കുന്നു.

3) GSTR 1 / E-way bill/ GSTR 7 എന്നിയുമായി ബന്ധപ്പെട്ട് GSTR 3B ഫയൽ ചെയ്യുന്നതിലെ കൃത്യത സ്കോർ 30- ൽ കണക്കാക്കുന്നു.

(സി) വ്യാപാരികൾ റിട്ടേണുകൾ സമയബന്ധിതമായി

സമർപ്പിക്കുന്നുണ്ടെന്നതും സമർപ്പിക്കുന്ന റിട്ടേണുകളിലെ കൃത്യതയും ടാക്സ് പേയർ കാർഡ് വഴി പൊതുജനങ്ങളെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ വെബ്സൈറ്റായ www.keralataxes.gov.in-ൽ നിന്ന് പൊതുജനങ്ങൾക്ക് ടാക്സ് പേയർ കാർഡിന്റെ വിവരങ്ങൾ അറിയാൻ കഴിയും.

(ഡി) മികച്ച റേറ്റിംഗുള്ള സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നത് വഴി പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലെത്തുന്നുയെന്ന് ടാക്സ് പേയർ കാർഡ് വഴി ഉറപ്പിക്കാനാകുമോ; വിശദമാക്കാമോ?

മികച്ച റേറ്റിംഗുള്ള സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതുവഴി പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിൽ എത്തുന്നുവെന്ന് ഉറപ്പിക്കാൻ ടാക്സ് പേയർ കാർഡ് സഹായകരമാണ്.

**നികുതിയേതര വരുമാനം**

137(588) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിച്ചിട്ടുണ്ട്. നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ തുടർന്നുവരികയാണ്. അതോടൊപ്പം, വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ വരും വർഷങ്ങളിൽ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കരാറുകാർക്കുള്ള കുടിശ്ശിക**

138(589) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക ജില്ല

തിരിച്ച് വിശദമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ കരാറുകാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| 2021 ജൂൺ മാസം മുതൽ 2022 ഡിസംബർ മാസം വരെ വിവിധ വകുപ്പുകളിൽ കരാറുകാർക്ക് നൽകിയ തുക (കോടിയിൽ) | | | |
|---|---|---|---|
| പൊതുമരാമത്ത് നിരത്ത് വിഭാഗം | പൊതുമരാമത്ത് കെട്ടിട വിഭാഗം | ജല വിഭവ വകുപ്പ് | ഹാർബർ എഞ്ചിനിയറിംഗ് |
| 3514.52 | 1173.72 | 807.77 | 311.67 |

(ബി) പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകിയിട്ടുണ്ടോ, വ്യക്തമാക്കുമോ?

നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ പൂർത്തികരിച്ച പ്രവൃത്തികളുടെ ബില്ലുകളിന്മേലാണ് സംസ്ഥാനതല മുൻഗണനാക്രമം, സമയക്രമം എന്നിവ പാലിച്ച് തുക അനുവദിച്ചിട്ടുള്ളത്.

(സി) ഇല്ലെങ്കിൽ കരാറുകാരുടെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളിൽ 2022 ആഗസ്റ്റ് മാസം വരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് (റോഡുകൾ/ പാലങ്ങൾ/ കെട്ടിടങ്ങൾ) വകുപ്പിൽ 2022 ഏപ്രിൽ മാസം വരെയുള്ള ബില്ലുകൾ മാറിനൽകുകയും 2022 സെപ്റ്റംബർ മാസം വരെയുള്ള ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന മാസങ്ങളിലെ ബില്ലുകളിലും ഈ രീതി തുടരുന്നതാണ്.

(ഡി) 2021 മുതൽ ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതി പ്രകാരം എത്ര പേർക്ക് തുക നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

2021 ജനുവരി മുതൽ 2022 നവംബർ വരെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം വഴി 9696 പേർക്ക് തുക നൽകിയിട്ടുണ്ട്.

**തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി ഓഫീസ്**

139(590) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള

12 സെന്റ് ഭൂമി റവന്യ വകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തി ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. ഇൻകെൽ ലിമിറ്റഡിന് പകരമായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം**

140(591) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടിയേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചെറുപുഴ സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർനടപടികൾ നിർത്തിവച്ചു. ബിഡ്ഡിംഗ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു.

(ബി) കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ

കമ്മിറ്റി പണം നൽകി വാങ്ങിയ അഞ്ച് സെന്റ് ഭൂമിയിൽ പകുതിയോളം ചെറുപുഴ ഗ്രാമപഞ്ചായത്ത് കൈയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ അതേ അളവിൽ ഭൂമി സബ്ഡിവിഷൻ നടത്തി ട്രഷറി വകുപ്പിന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ, വ്യക്തമാക്കാമോ?

നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**വിതുര സബ്ട്രഷറിക്ക് സ്വന്തം കെട്ടിടം**

141(592) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴക്കം ചെന്ന വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വിതുര സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വിതുര ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള ഏഴ് സെന്റ് സ്ഥലം

വിതുര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുവാൻ 10-08-2022-ൽ ചേർന്ന ഭരണസമിതി യോഗത്തിൽ തീരുമാനിക്കുകയും അതിർത്തി നിർണ്ണയിക്കുന്നതിനായി വില്ലേജാഫീസർക്ക് കത്ത് നൽകിയിട്ടുമുണ്ട്. ഭൂമി ട്രഷറി വകുപ്പിന്റെ പേരിൽ കൈമാറി കിട്ടുന്ന മുറയ്ക്ക് വിതുര സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതാണ്.

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

142(593) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർ നടപടികൾ നിർത്തിവച്ചു. ബിഡ്ഡിംഗ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം

143(594) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ശ്രീകണ്ഠാപുരം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർ നടപടികൾ നിർത്തിവച്ചു. ബിഡ്ഡിംഗ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തിരുന്നെങ്കിലും പിന്നീട് ഒഴിവാക്കിയതിനെ തുടർന്ന്

പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പുതിയ ഏജൻസിയെ തെരഞ്ഞെടുക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഏജൻസിയെ തെരഞ്ഞടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) ഉത്തരം പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്.

## പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ്

144(595) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിടപ്പുരോഗികളും അംഗപരിമിതരുമായ പെൻഷൻകാർക്ക് വിവിധ കാരണങ്ങളാൽ ട്രഷറിയിലെത്താൻ സാധിക്കാത്ത അവസ്ഥയിൽ വീട്ടിൽവന്ന് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ സർക്കാർ സംവിധാനമുണ്ടോ, വിശദമാക്കുമോ?

നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യാവുന്നതാണ്.

- ട്രഷറിയിൽ നേരിട്ട് ഹാജരായി
- ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്

- ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്
- വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി
- Postinfo App ഉപയോഗിച്ച്

മേൽപ്പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത ബാങ്ക് വഴിയോ ട്രഷറി വഴിയോ സർവീസ് പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്നപക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതാത് ട്രഷറി ഓഫീസിലെ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ട് 24-09-2022-ൽ സ.ഉ(കൈ)നം.165/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മുതിർന്ന പൗരന്മാർക്ക് ട്രഷറിയിൽ പോകാതെ തന്നെ പെൻഷൻ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

75 വയസ്സോ അതിലധികമോ പ്രായമുള്ള ട്രഷറിയിലെത്താൻ കഴിയാത്ത മിനിമം പെൻഷൻ വാങ്ങുന്നവർ, ശാരീരിക/മാനസിക വൈകല്യമുള്ളതിനാൽ ട്രഷറിയിലെത്താൻ കഴിയാത്തവർ, ഗുരുതര രോഗത്താൽ അവശരായവർ

എന്നിവരുടെ പെൻഷൻ, സർക്കാർ ചെലവിൽ മണിയോർഡറായി അയച്ചു കൊടുക്കും. ശാരീരിക/മാനസിക വൈകല്യം, ഗുരുതരരോഗം, എന്നീ കാരണങ്ങളാൽ ഈ ആനുകൂല്യത്തിന് അർഹത നേടാൻ ആവശ്യമായ തെളിവ്/മെഡിക്കൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക് നൽകേണ്ടതാണ്. ടി ആനുകൂല്യത്തിന്റെ പരിധിയിൽ വരാത്ത പെൻഷൻകാർക്ക് പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയോ, ഏതെങ്കിലും ദേശസാൽകൃത ബാങ്ക് വഴിയോ, സ്വന്തം ചെലവിൽ മണിയോർഡറായോ പെൻഷൻ തുക കൈപ്പറ്റാവുന്നതാണ്.

**ട്രഷറികളിലെ നിക്ഷേപം**

145(596) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലും ഇതര ബാങ്കുകളിലും നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ഉയർന്നുനിൽക്കുന്നത് ട്രഷറികളിലെ നിക്ഷേപം കുറയ്ക്കുന്നതിന് കാരണമാകുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ജൂലൈ മുതലുള്ള സ്ഥിര നിക്ഷേപ കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓരോ മാസവും ആകെ സ്ഥിര നിക്ഷേപ തുകയിൽ വർദ്ധനവാണ് കാണുന്നത്.

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബാധകമല്ല.

**സംസ്ഥാനത്തെ ട്രഷറികളിലെ സ്ഥിരനിക്ഷേപം**

146(597) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സർക്കാർ ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സ്ഥിര നിക്ഷേപയിനത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ടെന്നും പരമാവധി എത്ര വർഷത്തേയ്ക്കാണ് നിക്ഷേപം സ്വീകരിക്കുന്നതെന്നും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ എത്രയാണെന്നും വ്യക്തമാക്കാമോ?

30-11-2022-ലെ കണക്കനുസരിച്ച് വ്യക്തിഗത (സർക്കാർ ജീവനക്കാരുടെ / പൊതുജനങ്ങളുടെ) സ്ഥിര നിക്ഷേപമായി 39,335,56,29,424/- രൂപയും വിവിധ സ്ഥാപനങ്ങളുടെ സ്ഥിര നിക്ഷേപമായി 22,309,72,43,750/- രൂപയും നീക്കിയിരുപ്പുണ്ട്. പരമാവധി 10 വർഷത്തേയ്ക്കാണ് സ്ഥിര നിക്ഷേപം സ്വീകരിക്കുന്നത്.

ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിന്റെ നിലവിലെ പലിശ നിരക്ക് ചുവടെ

ചേർക്കുന്നു:

46 ദിവസം മുതൽ 90 ദിവസം വരെ - 5.4 %

91 ദിവസം മുതൽ 365 ദിവസം വരെ - 5.9%

366 ദിവസം മുതൽ 2 വർഷം വരെ - 6.4%

2 വർഷത്തിന് മുകളിലോട്ട് - 7.5%

(ബി) കഴിഞ്ഞ 5 വർഷത്തിൽ സ്ഥിരനിക്ഷേപത്തിലെ വർദ്ധനവ് ക്രമമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും ഓരോ വർഷവും ലഭിച്ച നിക്ഷേപവും ആ വർഷത്തെ സ്ഥിര നിക്ഷേപത്തിലെ മൊത്തം ബാക്കിയുമെത്ര വീതമെന്നും അറിയിക്കുമോ?

സ്ഥിര നിക്ഷേപത്തിലെ വർദ്ധനവ് വിലയിരുത്താറുണ്ട്.

കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച നിക്ഷേപവും അതാത് സാമ്പത്തിക വർഷത്തിലെ നീക്കിയിരുപ്പും ചുവടെ ചേർക്കുന്നു.

വ്യക്തിഗത സ്ഥിരനിക്ഷേപം

| സാമ്പത്തിക വർഷം | ലഭിച്ചിട്ടുള്ള നിക്ഷേപം | നിക്ഷേപം പിൻവലിച്ചത് | വർദ്ധനവ് (+)/ കുറവ് (-) മുൻ വർഷത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2017-18 | 56250102232 | 13049506920 | NA* | 38865880874 |
| 2018-19 | 62890204522 | 19976483517 | 6640102290 | 81779601879 |
| 2019-20 | 83772850305 | 36106087482 | 20882645783 | 129446364702 |
| 2020-21 | 162476465821 | 42124812895 | 78703615516 | 249798017628 |

| | | | | |
|---|---|---|---|---|
| 2021-22 | 154034912574 | 58595408036 | -8441553247 | 345237522166 |
| 01-04-22 to30-11-22 | 79549961864 | 31431854606 | -74484950710 | 393355629424 |

(NA* IFMS നടപ്പിലാക്കുന്നതിന് മുൻപുള്ള കണക്കായതിനാൽ വിവരം ട്രഷറികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.)

നടപ്പുസാമ്പത്തിക വർഷവും കഴിഞ്ഞ സാമ്പത്തിക വർഷവും മുൻ വർഷങ്ങളെ അപേക്ഷിച്ച് നിക്ഷേപത്തിൽ കുറവ് വന്നിരുന്നു. എന്നാൽ ആകെ നിക്ഷേപ തുക കൂടിയിട്ടുണ്ട്. അതായത് ഓരോ മാസവും നിക്ഷേപം പിൻവലിക്കുന്നതിനേക്കാൾ കൂടുതലായിട്ട് നിക്ഷേപം ലഭിക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെ സ്ഥിര നിക്ഷേപ കണക്ക് വിവരം കൂടി ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ചിട്ടുള്ള നിക്ഷേപം | നിക്ഷേപം പിൻവലിച്ചത് | വർദ്ധനവ് (+)/ കുറവ് (-) മുൻ വർഷത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2017-18 | 87911225694 | 48900360379 | NA* | 87006740957 |
| 2018-19 | 118829613410 | 89487477608 | 30918387716 | 116348876759 |
| 2019-20 | 117938450343 | 87513296925 | -891163067 | 146774030177 |
| 2020-21 | 122461042370 | 96548858708 | 4522592027 | 172686213839 |
| 2021-22 | 73229941835 | 41613134753 | -49231100535 | 204303020921 |
| 01.04.22 to 30.11.22 | 40056462527 | 21262239698 | -33173489308 | 223097243750 |

(NA* IFMS നടപ്പിലാക്കുന്നതിന് മുൻപുള്ള കണക്ക് ആയതിനാൽ വിവരം ട്രഷറികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.)

(സി) സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് പിൻവലിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര

പേരാണ് കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് നിക്ഷേപം പിൻവലിച്ചത്; നിക്ഷേപകരെ ആശങ്കപ്പെടുത്തുന്ന തരത്തിലുള്ള സാമ്പത്തിക ഞെരുക്കം സർക്കാരിനുണ്ടോ; വ്യക്തമാക്കുമോ?

ഗുണഭോക്താവിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാകുന്നതിനു മുൻപ് പിൻവലിക്കുന്നത് കണ്ടുവരാറുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 30-11-2022 വരെ 34899 സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആകെ നിക്ഷേപത്തിൽ കുറവ് വന്നിട്ടില്ല. നിക്ഷേപകർക്ക് ആശങ്കയുണ്ടാകുന്ന യാതൊരു സാഹചര്യവും നിലവിലില്ല.

**ട്രഷറി വകുപ്പിന്റെ ആധുനികീകരണം**

147(598) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനികവൽക്കരണ നടപടികൾ പ്രധാനമായും അടിസ്ഥാന സൗകര്യ വികസന പദ്ധതി, ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം എന്നിങ്ങനെ രണ്ട്

മേഖലകളിലായാണ് നടന്നുവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ട്രഷറികളിൽ വരാവുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേയ്ക്കായി, ബിൽ/ചെക്ക് സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ നിന്ന് ഒഴിവാക്കുകയും റിട്ടയേർഡ് ജീവനക്കാരുടെ യൂസർ ഐ.ഡി.-യും പാസ് വേർഡും ദുരുപയോഗം ചെയ്യുന്നതിലേയ്ക്കുള്ള സാധ്യത ഒഴിവാക്കുന്നതിനായി ആയതു നിർജ്ജീവമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജീവനക്കാർ വിരമിച്ചാലോ, ലീവിൽ പ്രവേശിച്ചാലോ സസ്പെൻഷനിലായാലോ അവരുടെ യൂസർ ഐ.ഡി.-യും പാസ് വേർഡും സ്വയം നിർജ്ജീവമാകുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ട്രഷറി വകുപ്പിലെ ജീവനക്കാർ ഓഫീസിൽ ഹാജരായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ അവരവരുടെ രജിസ്റ്റർ ചെയ്ത മൊബൈലിൽ ലഭിച്ച OTP-യും പാസ്സ് വേർഡും (മൾട്ടി-ഫാക്ടർ ഓതന്റിക്കേഷൻ) ഉപയോഗിച്ച് മാത്രമേ ട്രഷറി കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ നിലവിൽ ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രഷറി ജീവനക്കാർക്ക് നെറ്റ് വർക്ക് ആക്സസ് ചെയ്യാൻ കഴിയുന്ന കമ്പ്യൂട്ടർ ഉപകരണങ്ങളെ നിയന്ത്രിക്കാൻ ട്രഷറി കമ്പ്യൂട്ടറുകൾ IP ബൈൻഡിംഗ് ചെയ്തിട്ടുണ്ട്.

സൈബർ സുരക്ഷ മുൻനിർത്തി ട്രഷറി ആപ്ലിക്കേഷനുകളെല്ലാം ദേശീയ ഏജൻസിയായ STQC-യെക്കൊണ്ട് സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്.

എല്ലാ ട്രഷറി ഇന്റർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളിലും ഓൺലൈൻ ഇടപാടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് SSL സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ഇടപാടുകൾ നടത്തുന്ന ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ആയത് സ്പാർക്കുമായി സംയോജിപ്പിച്ചിട്ടുണ്ട്.

**വ്യാജലോട്ടറികൾ തടയാൻ നടപടി**

148(599) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജലോട്ടറികൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

വ്യാജ ലോട്ടറി സംബന്ധിച്ച് പരാതികൾ, വാർത്തകൾ എന്നിവ

ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഈ വിവരം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് കൈമാറാറുണ്ട്. ലോട്ടറി മേഖലയിലെ അനഭിലഷണീയ പ്രവണതകൾ, എഴുത്ത് ലോട്ടറി നടത്തിപ്പ് എന്നിവയെക്കുറിച്ചുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാൻ 1800 425 8474 എന്ന ടോൾ ഫ്രീ നമ്പർ നല്കുകയും പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ നേരിട്ടയക്കാൻ https://statelottery.kerala. gov.in/index.php/grievance എന്ന വെബ്സൈറ്റിലെ സൗകര്യം പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലോട്ടറികളുടെ വ്യാജ കളർ പ്രിന്റുകൾ നൽകി ചെറുകിട വില്പനക്കാരെ കബളിപ്പിക്കുന്നത് വ്യാപകമാകുന്ന ഇക്കാലത്ത് ലോട്ടറികളുടെ ആധികാരികത പരിശോധിക്കാൻ ചെറുകിട വിൽപ്പനക്കാർക്ക് സാധിക്കുന്ന വിധത്തിൽ ഒരു ഉപകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഭാഗ്യക്കുറി വില്പനക്കാർക്കും തൊഴിലാളികൾക്കും കേരള ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡുവഴി പ്രത്യേക ഫിലിം, മാഗ്നിഫൈയിംഗ് ലെൻസ് എന്നിവ നല്കിയിട്ടുണ്ട്. സമ്മാനാർഹമായ ടിക്കറ്റുകളുടെ കളർപ്രിന്റെടുത്ത് ഏജന്റുമാരെ കബളിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി ടിക്കറ്റിന്റെ അച്ചടിയിൽ ഫ്ലൂറസന്റ് മഷി ഉപയോഗിക്കാൻ

ആരംഭിച്ചിട്ടുണ്ട്. 2022 -ലെ തിരുവോണം ബമ്പർ ഭാഗ്യക്കുറി (BR-87), ഇപ്പോൾ വിപണിയിലുള്ള ക്രിസ്തുമസ് - ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി (BR-89) എന്നിവയുടെ അച്ചടിയിൽ ഫ്ലൂറസന്റ് മഷി ഉപയോഗിച്ചിട്ടുണ്ട്.

(സി) ക്യൂ.ആർ. കോഡ് വായിക്കുന്ന തരത്തിൽ ഒരു ഉപകരണം ലഭ്യമാക്കിയാൽ വ്യാജ ലോട്ടറിയിലൂടെ ലോട്ടറി വകുപ്പിനുണ്ടാകുന്ന നാണക്കേടും സാമ്പത്തികനഷ്ടവും ഒഴിവാക്കാമെന്നത് കണക്കിലെടുത്ത് ഇക്കാര്യം ഗൗരവമായി പരിഗണിക്കാമോ?

ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ 'ഭാഗ്യകേരളം' എന്ന മൊബൈൽ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്കായി ഭാഗ്യക്കുറി വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷന്റെ സഹായത്താൽ ഭാഗ്യക്കുറി ടിക്കറ്റിൽ അച്ചടിച്ചിരിക്കുന്ന QR കോഡ് റീഡ് ചെയ്യുമ്പോൾ വ്യാജ നമ്പറുകൾ, നമ്പറുകൾ തിരുത്തൽ വരുത്തിയത് എന്നിവ തിരിച്ചറിയാൻ കഴിയുന്നുണ്ട്.

## കെ.എസ്.എഫ്.ഇ. വായ്പകൾക്കുള്ള ഇളവുകൾ

149(600) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. ചിട്ടി, വായ്പകൾ എന്നിവയിൽ കുടിശ്ശികയായത്

തീർപ്പാക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് കെ.എസ്.എഫ്.ഇ. നൽകുന്നതെന്ന് വ്യക്തമാക്കുമോ?

' ആശ്വാസ്-2021' പദ്ധതി പ്രകാരവും, തുടർന്ന് നടത്തിയ ' അദാലത്ത് മേള്' പ്രകാരവും ചിട്ടിയിൽ പലിശയിലും, വായ്പകളിൽ പിഴപ്പലിശയിലുമാണ് ഇളവുകൾ നൽകിയിട്ടുള്ളത്.

**താമരക്കുളം, തഴക്കര ഗ്രാമപഞ്ചായത്തുകളിൽ കെ.എസ്.എഫ്.ഇ. ആരംഭിക്കുന്നതിനുള്ള നടപടി**

150(601) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, തഴക്കര ഗ്രാമപഞ്ചായത്തുകളിൽ കെ.എസ്.എഫ്.ഇ. ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്. അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ കെ.എസ്.എഫ്.ഇ യുടെ പുതിയ

ബ്രാഞ്ച് ആരംഭിക്കുന്നതിപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ചുകൾ**

151(602) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ വിഷൻ 2025 പ്രകാരം, 2025-ാമാണ്ടിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖാശൃംഖല 1000 ശാഖകളാക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. അതനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 83 ശാഖകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇടുക്കി ജില്ലയിലെ അടിമാലി, ഇരുമ്പുപാലം എന്നീ സ്ഥലങ്ങളിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ അടിമാലി, ഇരുമ്പുപാലം എന്നീ സ്ഥലങ്ങളിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭ്യമായിട്ടില്ല.

## മെഡിസെപ് പദ്ധതി

152(603) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ ആശുപത്രികളുടെ പുതുക്കിയ ലിസ്റ്റിൽ 65 സ്വകാര്യ ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിൽ പ്രസ്തുത പദ്ധതിയുമായി സഹകരിക്കാത്ത ആശുപത്രികൾ നിലവിലുണ്ടോ?

ചില സ്വകാര്യ ആശുപത്രികൾ പ്രത്യേകിച്ചും തിരുവനന്തപുരം നഗരപരിധിയിലെ ചില പ്രമുഖ സ്വകാര്യ ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുന്നതിന് വിമുഖത പ്രകടിപ്പിക്കുന്നുണ്ട്.

(സി) എങ്കിൽ അത്തരം ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പ്രസ്തുത ആശുപത്രികളെ കൂടെ അടിയന്തരമായി പദ്ധതിയുടെ ഭാഗമാക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം**

153(604) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി 2022 ജൂലൈ മാസം മുതൽ ആരംഭിച്ച മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

23-11-2022-ൽ ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച് 86,697 പേർക്ക് ആകെ 257,14,71,250 കോടി രൂപയുടെ ചികിത്സയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(ബി) അപേക്ഷിച്ച ആർക്കെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കാതെയിരുന്നിട്ടുണ്ടോ; വിശദമാക്കാമോ?

RFP-യിലെയും MoU-ലെയും വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള യാതൊരു ആനുകൂല്യങ്ങളും മെഡിസെപ് ഗുണഭോക്താക്കൾക്ക് നിരസിച്ചിട്ടില്ലായെന്ന് ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇതുവരെ ഏതെല്ലാം ആശുപത്രികളിലാണ് ഇതിന്റെ ചികിത്സ സൗകര്യം നിലവിലുള്ളത്; ലിസ്റ്റ് നൽകാമോ?

പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്ത് ലഭ്യമാക്കിയ മെഡിസെപ് ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) പുതിയതായി ഏതെങ്കിലും ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആശുപത്രികളുടെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ് പദ്ധതിയുടെ നിലവിലുള്ള കാലയളവായ മൂന്നുവർഷത്തിനുള്ളിൽ (2022-25) പുതുതായി പദ്ധതിയിൽ ചേരാൻ താൽപര്യപ്പെടുന്ന ആശുപത്രികളെ മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

## മെഡിസെപ് പദ്ധതി

154(605) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പിൽ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്ത് ലഭ്യമാക്കിയ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഓരോ ആശുപത്രിയിലും എത്ര പേർക്ക് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിയിലൂടെ ചികിത്സാ സൗകര്യം ലഭ്യമാക്കിയ ആശുപത്രികളും അവയിൽ ചികിത്സ ലഭ്യമായ വ്യക്തികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ ഇനത്തിൽ എത്ര തുകയാണ് ആശുപത്രികൾക്ക് നൽകിയതെന്ന് വെളിപ്പെടുത്താമോ?

ഈ ഇനത്തിൽ ചുവടെ പറയും പ്രകാരമുള്ള തുക ആശുപത്രികൾക്ക് നൽകിയതായി ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| ആശുപത്രി | 30.11.2022 വരെയുള്ള ക്ലെയിമുകൾ (എണ്ണം) | തുക |
|---|---|---|
| സർക്കാർ | 2191 | 5,49,45,465/- |
| പ്രൈവറ്റ് | 58444 | 180,41,11,710 |
| ആകെ | 60635 | 185,90,57,175 |

**മെഡിസെപ് പദ്ധതിയിലൂടെ ചികിത്സ തേടിയവർ**

155(606) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിലൂടെ ചികിത്സ തേടിയവരുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

23-11-2022-ൽ ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച് 86,697 പേർക്ക് ചികിത്സയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ മെഡിസെപ് വെബ്പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.

(ബി) മെഡിസെപ് പദ്ധതി വഴി സംസ്ഥാനത്തെ ഓരോ ആശുപത്രികളിലും എത്ര ക്ലെയിമുകളും തുകയും അപ്രൂവലായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതി വഴി സംസ്ഥാനത്ത് ഓരോ ആശുപത്രിയിലും ലഭ്യമായ ക്ലെയിമുകൾ സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം അനുബന്ധമായി ചേർക്കുന്നു. ഓരോ ആശുപത്രികളിലെയും ഇനം തിരിച്ചിട്ടുള്ള

ചികിത്സകളും അവയ്ക്ക് അപ്രൂവൽ നൽകിയ തുകയും മെഡിസെപ് വെബ്പോർട്ടലിലെ ഡാഷ് ബോർഡിൽ ലഭ്യമാണ്.

(സി) അപ്രൂവായ ക്ലെയിമുകളുടെ മുഴുവൻ തുകയും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ലെയിം തുക വിതരണത്തിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ തന്നെ അപ്രൂവൽ തുകയുടെ 70% (claim settlement ratio 70%) ആശുപത്രികൾക്ക് ഒടുക്കുന്ന രീതിയാണ് തുടർന്ന് വരുന്നതെന്നും ചില കേസുകളിൽ തുക ആശുപത്രികൾക്ക് ലഭ്യമാക്കാൻ വൈകുന്നത് സാങ്കേതികമായ കാരണങ്ങളാലാണെന്നും ഇപ്പോൾ അത്തരം സന്ദർഭങ്ങൾ കണ്ടെത്തി പരിഹരിച്ച് തുക ലഭ്യമാക്കുന്നുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എല്ലാമാസവും സ്വീകരിക്കുന്ന 500 രൂപ ഏത് അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് മെഡിസെപ് പ്രതിമാസ പ്രീമിയമായി ഈടാക്കുന്ന 500/- രൂപ 8658-00-102-87-01 എന്ന ബഡ്ജറ്റ് ശീർഷകത്തിലാണ് വരവ് വയ്ക്കുന്നത്.

(ഇ) ഇതുവരെ ജീവനക്കാരിൽ നിന്നും സ്വീകരിച്ച തുകയെത്രയെന്നും ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നാളിതുവരെ കൈമാറിയിട്ടുള്ള തുകയെത്രയെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

പദ്ധതിയിൽ എൻറോൾ ചെയ്ത 545635 ജീവനക്കാരിൽ നിന്നും 163,69,05,000/- രൂപ ഇൻഷ്വറൻസ് പ്രീമിയമായി ലഭിച്ചിട്ടുണ്ടെന്നും ജീവനക്കാരുടെയും പെൻഷൻകാരുടെയും 6 മാസത്തെ പ്രീമിയം തുക കരാർ ഉടമ്പടി പ്രകാരം 2 തവണകളായി മുൻകൂറായി നൽകിയ വകയിൽ 30-11-2022 വരെ 322,71,52,000/- രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

(എഫ്) ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയതിനുശേഷമുള്ള തുക എങ്ങനെയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മെഡിസെപ് അംഗങ്ങളിൽ നിന്നും പ്രതിമാസം ഈടാക്കുന്ന 500/- രൂപയിൽ 472/- രൂപ കമ്പനിക്ക് നൽകിയ മുൻകൂർ തുക ക്രമീകരിക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയും ബാക്കിയുള്ള 28/- രൂപ 8449-00-120-81 എന്ന അക്കൗണ്ടിൽ സൂക്ഷിച്ച് അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി ഇൻഷ്വറൻസ് കമ്പനി നീക്കിവയ്ക്കേണ്ട 35 കോടി രൂപ തീരുന്ന മുറയ്ക്ക് ഈ വിഭാഗത്തിലുള്ള തുടർ ചികിത്സകൾക്ക് സർക്കാർ കമ്പനിക്ക് റീഇംപേഴ്സ് ചെയ്ത് നൽകുന്നതാണ്.

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

156(607) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിലെ ഏതെല്ലാം ചികിത്സയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) 01-07-2022-ൽ നിലവിൽ വന്ന മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പ്രസിദ്ധീകരിച്ച ആശുപത്രികളുടെ ലിസ്റ്റും പ്രസ്തുത ആശുപത്രികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാ വിഭാഗങ്ങളും മെഡിസെപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിസെപ് ഐ.ഡി. ഉപയോഗിച്ച് വ്യക്തിപരമായി ‘ login’ ചെയ്ത് ആയതിൽ നിന്നും ആശുപത്രികളുടെ ലിസ്റ്റും ഉൾപ്പെട്ടിട്ടുള്ള ചികിത്സാ വിഭാഗത്തെയും അറിയാവുന്നതാണ്.

## കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന മെഡിസെപ് പദ്ധതി

157(608) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ/ പൊതു ആശുപത്രികൾ ചുവടെ പറയുന്നു.

- AKG Hospital
- Anaamaya Medical Institute
- Aster MIMS
- Comtrust eye Hospital
- Dr Binus Sunrise Eyecare
- Jyothish eye care
- Lourdes Hospital
- Payyannur Eye Foundation
- R vision eye hospital

- Thalipparambu corporative hospital
- Amala multispeciality hospital
- District Hospital ,Kannur
- E K Nayanar Memorial Govt Women And Children Hospital
- GH Thalassery
- Malabar Cancer Centre Thalassery
- Pariyaram Medical College
- Rtc 3 Hospital Crpf Peringome
- Taluk Hospital Iritty
- Taluk Hospital Kuthuparamba
- Taluk Hospital Payyanur
- TH Peravoor

- ThqhTaliparamba

- Urban Dialysis Centre Uruvachal Mattanoor

കൂടാതെ പദ്ധതിയിലേക്ക് ഇൻഷ്വറൻസ് കമ്പനി പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) എല്ലാ ആശുപത്രികളിലും എല്ലാ തരത്തിലുള്ള ചികിത്സയും ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളിൽ എംപാനൽ ചെയ്തിട്ടുള്ള വിഭാഗങ്ങളിൽ മാത്രമാണ് മെഡിസെപ് ആനുകൂല്യം ലഭിക്കുന്നത്. എന്നാൽ പുതിയതായി പദ്ധതിയിൽ എംപാനൽ ചെയ്യപ്പെടുന്ന ആശുപത്രികളിലെയും നിലവിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിലെയും എല്ലാ ചികിത്സാ വിഭാഗങ്ങളേയും ഉൾപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ കൂടുതൽ ഹോസ്പിറ്റലുകൾ ഉൾപ്പെടുത്തുന്നതിനുള്ള ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

പദ്ധതിയിലേയ്ക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ്

സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആശുപത്രികളുടെ എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. മെഡിസെപ് പദ്ധതിയുടെ നിലവിലുള്ള കാലയളവായ മൂന്നുവർഷത്തിനുള്ളിൽ (2022-25) പുതുതായി പദ്ധതിയിൽ ചേരാൻ താൽപര്യപ്പെടുന്ന ആശുപത്രികളെ മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

## വയനാട് ജില്ലയിൽ മെഡിസെപ് ആനുകൂല്യം ലഭിച്ചവർ

158(609) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2022 നവംബർ 15 വരെ മെഡിസെപ്പ് ആനുകൂല്യം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ നാളിതുവരെ 2272 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ആകെ എത്ര തുകയാണ് ആനുകൂല്യമായി നൽകിയതെന്ന് വ്യക്തമാക്കാമോ?

ഈ ഇനത്തിൽ ആകെ 3,75,66,382/- രൂപയാണ് ആനുകൂല്യമായി നൽകിയതെന്ന് ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ ആളുകൾ ഈ ആനുകൂല്യത്തിനായി ചികിത്സ തേടിയത് വയനാട് ജില്ലയിലെ ഏത് ആശുപത്രിയിലാണെന്ന കാര്യം വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ DM WIMS ആശുപത്രിയിലാണ് ഏറ്റവും കൂടുതൽ ആളുകൾ (792 കേസുകൾ) ചികിത്സ തേടിയിട്ടുള്ളതെന്ന് ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

## മെഡിസെപ് പദ്ധതി

159(610) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഓരോ ആശുപത്രികളിലും എത്ര പേർക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്; വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ മെഡിസെപ് പദ്ധതിയിലുൾപ്പെട്ട ആശുപത്രികളും ഓരോ ആശുപത്രികളിലും ലഭ്യമാക്കിയ ക്ലെയിമുകളുടെ എണ്ണവും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

160(611) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിലുൾപ്പെട്ട ആശുപത്രികളുടെ ഫൈനൽ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നത് ഒരു തുടർ പ്രവർത്തനമാണ്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ മാനദണ്ഡങ്ങൾ കൂടി പരിശോധിച്ച് എംപാനൽ ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ അന്തിമ ലിസ്റ്റെന്ന സമ്പ്രദായമില്ല. എങ്കിലും പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയ ആശുപത്രികളുടെ പുതുക്കിയ ലിസ്റ്റ് ഇൻഷ്വറൻസ് കമ്പനി സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ആശുപത്രികളുടെ ലിസ്റ്റും പ്രസ്തുത ആശുപത്രികളിലെ ചികിത്സാ വിഭാഗങ്ങൾ ഏതൊക്കെയാണെന്നുള്ള വിവരവും ലഭ്യമാക്കാമോ?

മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ**

161(612) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലും കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തുമായി മെഡിസെപ് പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ-പൊതു ആശുപത്രികൾ ചുവടെ ചേർക്കുന്നു.

- AKG Hospital
- Anaamaya Medical Institute
- Aster MIMS
- Comtrust eye Hospital
- Dr Binus Sunrise Eyecare
- Jyothish eye care
- Lourdes Hospital
- Payyannur Eye Foundation
- R vision eye hospital
- Thalipparambu corporative hospital

- Amala multispeciality hospital
- District Hospital ,Kannur
- E. K. Nayanar Memorial Govt. Women And Children Hospital
- GH Thalassery
- Malabar Cancer Centre Thalassery
- Pariyaram Medical College
- Rtc 3 Hospital Crpf Peringome
- Taluk Hospital Iritty
- Taluk Hospital Kuthuparamba
- Taluk Hospital Payyanur
- TH Peravoor
- ThqhTaliparamba

  Urban Dialysis Centre Uruvachal Mattanoor

കർണ്ണാടക സംസ്ഥാനത്തിൽ K S Hegde ആശുപത്രി മാത്രമാണ് നിലവിൽ പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്നത്.

## മെഡിസെപ് പദ്ധതി

162(613) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

01-07-2022-നുശേഷം മെഡിസെപ് പദ്ധതിയിൽ പുതിയതായി ആശുപത്രികളെ ചേർത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രികളുടെ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കുമോ?

പദ്ധതിയിലേക്ക് ഇൻഷ്വറൻസ് കമ്പനി പുതിയതായി എംപാനൽ ചെയ്ത ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. താമസംവിനാ ആയത് മെഡിസെപ് വെബ്പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തസ്തികകളിലെ നിയമനങ്ങൾ

163(614) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-12-2014 മുതൽ 31-05-2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് മാനേജർ, ഡെപ്യൂട്ടി മാനേജർ, മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ജനറൽ മാനേജർ എന്നീ തസ്തികകളിൽ ജനറൽ വിഭാഗത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാരുടെ എണ്ണം, വിരമിച്ച തീയതി, തസ്തികകളുടെ പേര് എന്നിവ തരം

തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത തസ്തികകളിൽ മേൽ വിവരിച്ച കാലയളവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തിയിട്ടുണ്ടോ; നികത്തിയിട്ടുണ്ടെങ്കിൽ പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനം വഴിയും നടത്തിയ നിയമനങ്ങൾ എത്രയെന്ന് തസ്തിക തിരിച്ച് നിയമന തീയതി ഉൾപ്പെടെ വ്യക്തമാക്കുമോ; ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽപ്പറഞ്ഞ തസ്തികകളിൽ ആകെ പോസ്റ്റുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വ്യത്യാസം വരുത്തിയിട്ടുണ്ടെങ്കിൽ ആകെ പോസ്റ്റുകളുടെ എണ്ണം മാറ്റം വരുത്തിയ തീയതിയുൾപ്പടെ വിശദമാക്കാമോ?

(എ-സി) അനുബന്ധമായി നൽകിയിരിക്കുന്നു.*

**അധിക നികുതി വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ**

164(615) <u>ശ്രീ. പി.പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിക നികുതി വരുമാനം ലഭിക്കുന്നതിന് നടപ്പുവർഷം സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

വിവിധ വകുപ്പുകളുടെ ഊർജ്ജിതമായ ശ്രമങ്ങൾ നടന്നുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തനത് നികുതിയിനത്തിൽ നടപ്പുസാമ്പത്തിക വർഷം 74097.80 കോടി രൂപ പ്രതീക്ഷിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതം എത്രയെന്ന് അറിയിക്കുമോ?

കേന്ദ്ര നികുതി വിഹിതമായി 2022 നവംബർ മാസം വരെ ആകെ 10,608.8 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷം ഇതുവരെ നികുതി ഇനത്തിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഒക്ടോബർ മാസം വരെ 39588.56 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**സർക്കാരിന് ആവശ്യമായ നിയമ സഹായം**

165(616) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് നിയമപരമായി ആവശ്യമായ സഹായം നൽകുന്ന കാര്യത്തിൽ നിലവിലുള്ള നിയമ സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന്

കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമോപദേശം ലഭിക്കുന്നതിനായി ഏതെല്ലാം കാര്യങ്ങളിൽ പുറത്തുനിന്നുള്ള നിയമ വിദഗ്ധരുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത നിയമ വിദഗ്ദ്ധർ ഓരോ കാര്യത്തിലും നൽകിയ നിയമോപദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമോപദേശം ലഭിക്കുന്നതിനായി പുറത്തുനിന്നുള്ള നിയമ വിദഗ്ധരുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ചെലവഴിച്ചുള്ള തുകയും ഹെഡ് ഓഫ് അക്കൗണ്ടും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നിയമവകുപ്പിലെയും വകുപ്പിന്റെ കീഴിലുമുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക/കരാർ നിയമനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

166 (617) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമവകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ രണ്ട് താൽക്കാലിക നിയമനങ്ങളും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 13 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുതും അതിനെത്തുടർന്ന് ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലുണ്ടായ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന കാലാവധി കഴിഞ്ഞതിനെത്തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവന്നവർ ഉൾപ്പെടെ 19 പേരെ വിവിധ കാലയളവുകളിലായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ എട്ടുപേർ ഓഫീസ്

അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഡ്രൈവർ തസ്തികയിൽ രണ്ടുപേർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് താൽക്കാലിക വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം ആകെ 3,57,803/-രൂപ (മൂന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 131 പേർക്ക് നിയമന ഉത്തരവ് അയച്ചു. ഇതിൽ 118 പേർ താൽക്കാലികാടിസ്ഥാനത്തിൽ 180 ദിവസത്തേയ്ക്ക് സേവനത്തിൽ പ്രവേശിച്ചു. 24-10-16-ലെ 15060/Inspn1/16/നിയമം കത്തിലെ വ്യവസ്ഥകൾ പ്രകാരം 25 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കും നിയമിച്ചിട്ടുണ്ട്.

നിലവിൽ 60 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഒരാൾ ദിവസവേതനാടിസ്ഥാനത്തിലും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II ആയും ജോലി ചെയ്യുന്നു.

<u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II (താൽക്കാലികം) തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10 പേരെ നിയമിച്ചിരുന്നു. നിലവിൽ 6 പേർ ടി തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായി സേവനമനുഷ്ഠിച്ചുവരുന്നു.

<u>പാർട്ട് ടൈം സ്വീപ്പർ, ഡ്രൈവർ ഗ്രേഡ് II, ബൈൻഡർ ഗ്രേഡ് II</u>

| തസ്തിക | എണ്ണം | നിലവിലുള്ളവർ |
|---|---|---|
| പാർട്ട് ടൈം സ്വീപ്പർ | 5 | 5 |
| ഡ്രൈവർ ഗ്രേഡ് -II | 2 | 2 |
| ബൈൻഡർ ഗ്രേഡ് -II | 1 | 1 |

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം ശമ്പളവും സറണ്ടറും ഉൾപ്പെടെ 14,85,415/- രൂപയാണ് നൽകിയത്.

| ദിവസവേതന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ | ശമ്പള ഇനത്തിൽ ഒക്ടോബർ 2022-ൽ കൈമാറിയ തുക |
|---|---|
| ഓഫീസ് അറ്റൻഡന്റ് | 84,375/ |
| ഡ്രൈവർ | 16,060/- |

| | |
|---|---|
| ആകെ തുക | **1,00,435/-** |

2022 ഒക്ടോബർ മാസം കാഷ്വൽ സ്വീപ്പർമാർക്ക് ആകെ 40,000/- രൂപ കൈമാറി.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡ്രൈവർ തസ്തികയിൽ 4 പേരെയും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 4 പേരെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 2 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിതരായവർക്ക് വേതനമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക 1,80,300/- (ഒരു ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയാണ്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുതസ്തികകളിൽ നിയമനത്തിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം വ്യക്തമാക്കുമോ?

നിയമവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 താൽക്കാലിക നിയമനങ്ങൾ

നൽകിയിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 13 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഡ്രൈവർ തസ്തികയിൽ 2 പേർ ദിവസവേതനാടിസ്ഥാനത്തിലും സേവനം ചെയ്തിട്ടുണ്ട്. ടി താൽക്കാലിക നിയമനങ്ങൾ നിയമവകുപ്പ് നേരിട്ടാണ് നടത്തിയിട്ടുള്ളത്. ഏജൻസികൾ മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>നിയമനത്തിന് അവലംബിച്ച മാർഗ്ഗം</u>

| തസ്തിക | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന | കുടുംബശ്രീ മുഖേന | സർക്കാർ അനുമതി പ്രകാരം നോട്ടീസ് നൽകി അഭിമുഖം നടത്തി തെരഞ്ഞെടുത്തത് |
|---|---|---|---|
| പാർട്ട് ടൈം സ്വീപ്പർ | --- | 5 | -- |
| ഡ്രൈവർ ഗ്രേഡ്-II (LDV) | 1 | --- | 1 |
| ബൈൻഡർ ഗ്രേഡ് II | 1 | --- | --- |
| ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II | 118 | --- | --- |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- II | 10 | --- | -- |

ഏജൻസി മുഖേന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ

നിയമനമൊന്നും നടത്തിയിട്ടില്ല.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷനിൽ എല്ലാ തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനായി നടപടികളെടുക്കുകയും നിയമനനടപടികൾ പൂർത്തീകരിച്ച് 29-11-2022-ലെ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ നിയമന ഉത്തരവുകൾ രജിസ്റ്റേർഡ് തപാലിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അയച്ചു നൽകിയിട്ടുള്ളതുമാണ്. മറ്റുതസ്തികകളിൽ സർക്കാർ വകുപ്പുകളിൽ നിന്ന് അന്യത്രസേവന വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്.

**നിയമോപദേശം**

167(618) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയ ബില്ലുകൾ ഗവർണർ ഒപ്പിടാത്തത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നാണ് നിയമോപദേശം തേടിയത്; ഓരോ ബിൽ സംബന്ധിച്ചും ലഭിച്ച നിയമോപദേശം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമോപദേശത്തിന് എത്ര തുക ഫീസായി നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ശ്രീ. ഫാലി. എസ്. നരിമാൻ, സീനിയർ അഡ്വക്കേറ്റിൽ നിന്ന് നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശത്തിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നിയമോപദേശത്തിന് അനുവദിച്ച ഫീസ്**

168(619) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതൊക്കെ കേസുകളിൽ നിയമോപദേശം തേടിയിട്ടുണ്ട്; ഓരോ കേസിലും ലഭിച്ച നിയമോപദേശം എന്താണെന്നും നിയമോപദേശം തേടിയത് ആരിൽ നിന്നാണെന്നും അനുവദിച്ച ഫീസ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ &ബി) 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന പുറത്തു നിന്നുള്ള നിയമവിദഗ്ധരുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ള വിഷയങ്ങളെക്കുറിച്ചും അനുവദിച്ച ഫീസിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## അഭിഭാഷകരുടെ സേവനത്തിനായി ചെലവഴിച്ച തുക

169 (620) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ കേസുകളിൽ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസിനത്തിലും യാത്രാപ്പടിയായും മറ്റ് ആനുകൂല്യങ്ങളായും അനുവദിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബഹു. കേരള ഹൈക്കോടതിയിൽ പുറത്ത് നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുള്ള കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കേരള ഹൈക്കോടതിയിലെ കേസുകൾക്ക് പുറത്ത് നിന്നുള്ള അഭിഭാഷകർ ഹാജരായ കേസുകളുടെയും ഫീസിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. പുറത്ത് നിന്നുള്ള അഭിഭാഷകർ കേരള ഹൈക്കോടതിയിലെ കേസുകൾക്ക് ഹാജരായ വകയിൽ അനുവദിച്ച യാത്രാപ്പടിയുടെയും മറ്റ് ചെലവുകളുടെയും വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള നടപടികൾ**

170 (621) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ചിട്ടുണ്ട്.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായ വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്.

- കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും സ്വയംഭരണം നൽകുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (റിട്ട) ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്തുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

- പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇ-കോമേഴ്സ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സ്ഥാപനത്തിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകിവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം

നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത് എത്രത്തോളം ഫലപ്രാപ്തിയിൽ വന്നിട്ടുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടേയുള്ളൂ. ഹ്രസ്വകാല-ഇടക്കാല-ദീർഘകാലം എന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും സർക്കാരിന്റെയും റിയാബിന്റെയും നിരന്തരമായ ഇടപെടലുകളിലൂടെയും വിവിധ സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യകത കണക്കാക്കി സർക്കാർ ധനസഹായം ലഭ്യമാക്കിയതിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവും പ്രവർത്തന ലാഭവും മെച്ചപ്പെട്ടിട്ടുള്ളതായാണ് പൊതുവേ കണക്കാക്കപ്പെട്ടിട്ടുള്ളത്.

**പാലക്കാട് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

171(622) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ എന്തൊക്കെയാണ് ഉല്പാദിപ്പിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വ്യവസായ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും യൂണിറ്റുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ ലേലത്തിലൂടെ മറ്റ് വ്യവസായികൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ പാലക്കാട് ജില്ലയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി&ഇ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പഴയ ബസ്സുകൾ ഇലക്ട്രിക് ബസ്സുകളായി മാറ്റുന്നതിന് നടപടി

172 (623) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക് ബസ്സുകളായി മാറ്റുന്നതിന് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക് ബസ്സുകളായി മാറ്റുന്നതിന് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നിലവിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

## പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ്

173(624) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് പ്രവർത്തനം നിലച്ച പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ് ഇനിയും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.ടി.സി.-ക്ക് കൈമാറിയ അളഗപ്പ ടെക്സ്റ്റൈൽസ് തുറന്ന്

പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാർ തിരിച്ചുപിടിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചുപൂട്ടിയ അളഗപ്പ ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രിക്ക് 09-08-2021-ലും 28-06-2022-ലും കത്ത് അയയ്ക്കുകയുണ്ടായി. ഇതിന് നീതി ആയോഗ് ചേർന്ന് തുടർനടപടി സ്വീകരിക്കുമെന്നാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ദേശസാത്ക്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത്.

## വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

174(625) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിൽ സി.എൽ.ആർ. വിഭാഗം ജീവനക്കാർക്ക് വിരമിച്ചപ്പോൾ ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിൻഫ്രയിൽ നിന്നും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നേക്ക് കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത്; ഇത്തരത്തിലുള്ള എത്ര തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യങ്ങളാണ് പിടിച്ച് വച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഇല്ല.

കേരള സർക്കാരിനുവേണ്ടി കിൻഫ്ര സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ ബഹുമാനപ്പെട്ട നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ കൊച്ചി ബെഞ്ച് 29-01-2021-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം അംഗീകരിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ ഖനവ്യവസായ വകുപ്പിനുകീഴിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ കിൻഫ്ര മുഖേന ഏറ്റെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള റെസല്യൂഷൻ തുക പൂർണ്ണമായും അടച്ചാണ് കിൻഫ്ര കേരള ഗവൺമെന്റിനുവേണ്ടി കമ്പനി ഏറ്റെടുത്തത്. പ്രസ്തുത കോടതി ഉത്തരവിലെ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കിൻഫ്ര അടച്ച റെസല്യൂഷൻ തുക ഉപയോഗിച്ച് പഴയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ പ്രവർത്തിച്ചിരുന്ന (നേരിട്ടും അല്ലാതെയും)

ജീവനക്കാരുടെ ആനുകൂല്യങ്ങളും കുടിശ്ശിക തുകയും ബഹുമാനപ്പെട്ട കോടതി നിയമിച്ച റെസല്യൂഷൻ പ്രൊഫഷണൽ സമർപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയാണുണ്ടായത്. ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ പ്രവർത്തിച്ചിരുന്ന സി.എൽ.ആർ. തൊഴിലാളികളുടെ ആനുകൂല്യങ്ങളൊന്നും തന്നെ കിൻഫ്ര പിടിച്ചു വച്ചിട്ടില്ലാത്തതിനാൽ കൊടുത്തു തീർക്കാനുമില്ല.

(ബി) വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത ശേഷം എത്ര ജീവനക്കാരെ പുനർനിയമിച്ചുവെന്ന് വ്യക്തമാക്കാമോ; ഇവർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ മുഴുവനും നൽകി കഴിഞ്ഞോ; വ്യകതമാക്കുമോ?

വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ടസ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ന്യൂസ് പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കരാറടിസ്ഥാനത്തിൽ, പുതിയതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ കിട്ടാനുള്ളതായി പറയപ്പെടുന്ന ആനുകല്യങ്ങളെ സംബന്ധിച്ച് കേരള സർക്കാരിന് ഒരു ബാധ്യതയുമുള്ളതായി കാണുന്നില്ല.

(സി) ശ്രീ. വി. എസ്. വിശ്വംഭരൻ, തണ്ണിപ്പള്ളീൽ വീട്, ഇറുമ്പയം പി.ഒ,

തലയോലപ്പറമ്പ്, വൈക്കം, കോട്ടയം എന്ന അപേക്ഷകൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന് കാണിച്ച് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് IN 210900299-ാം നമ്പറായി 31-8-2021-ൽ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പഴയ തൊഴിലാളികൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾക്കായി ബഹുമാനപ്പെട്ട നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ നിയമിച്ച റെസല്യൂഷൻ പ്രൊഫഷണൽ മുൻപാകെ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ (Form D) സമർപ്പിക്കേണ്ടതായിരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ച എല്ലാ അപേക്ഷകളും റെസല്യൂഷൻ പ്രൊഫഷണൽ പരിഗണിച്ചു. ശ്രീ. വി. എസ്. വിശ്വംഭരൻ, തണ്ണിപ്പള്ളിൽ വീട്, ഇറുമ്പയം പി.ഓ, തലയോലപ്പറമ്പ്, വൈക്കം, കോട്ടയം എന്നയാളുടെ അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചില്ലായെന്നും ആയതിനാൽ പരിഗണിക്കുവാൻ സാധിക്കുകയില്ലെന്നുമാണ് റെസല്യൂഷൻ പ്രൊഫഷണൽ അറിയിച്ചത്. ശ്രീ. വി. എസ്. വിശ്വംഭരന്റെ പരാതി കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും മേൽ പ്രസ്താവിച്ച പ്രകാരം കിൻഫ്രയിൽ നിന്നും അപേക്ഷകന് മറുപടി നൽകുകയും ചെയ്തു. ശ്രീ. വി. എസ് വിശ്വംഭരൻ ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് 31-8-2021 ൽ നൽകിയ IN 210900299 നമ്പർ പരാതി റിപ്പോർട്ടിനായി കിൻഫ്ര മാനേജിംഗ് ഡയറക്ടർക്കും കെ.പി.പി.എൽ. സ്പെഷ്യൽ ഓഫീസർക്കും നൽകിയിട്ടുണ്ട്.

(ഡി) വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത ശേഷം അതിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ; കമ്പനിയുടെ പേപ്പർ പ്രോഡക്ട്സ് ഉൽപ്പാദനം ഏതു രീതിയിൽ നടക്കുന്നു; ഇതിന്റെ മാർക്കറ്റിംഗ് ഏതു രീതിയിൽ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ?

വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ടസ് ലിമിറ്റഡ് (കെ.പി.പി.എൽ) എന്ന പേരിൽ തുറന്നുപ്രവർത്തിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ രണ്ടു ഘട്ടമായി വിജയകരമായി പൂർത്തീകരിച്ചു കഴിഞ്ഞു.

2022 നവംബർ മാസം 1- ാം തീയതി വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുകയും കർശന ഗുണനിലവാരവും ഉല്പാദനതോതും കൈവരിക്കുന്നതിനുള്ള നിയന്ത്രിത പ്രവർത്തനങ്ങൾ 2022 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതോടെ പൂർണ്ണതോതിലുള്ള വാണിജ്യ ഉല്പാദനത്തിലേക്കും വിപണനത്തിലേക്കും കെ.പി.പി.എൽ. പ്രവേശിക്കുന്നതാണ്.

മത്സരാധിഷ്ഠിതമായി പ്രവർത്തിക്കേണ്ട കമ്പനിയായതിനാൽ സന്ദർഭാനുസരണം മാർക്കറ്റിംഗ് തന്ത്രങ്ങൾ രൂപീകരിച്ച് ബോർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**പ്രവർത്തന ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

175 (626) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തനലാഭം നേടിയവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) മുൻ സാമ്പത്തിക വർഷം ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചതെന്ന് വിശദമാക്കാമോ?

(എ &ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ പത്ത് വർഷകാലയളവിൽ ഏറ്റവും മികച്ച പ്രകടനം നടത്തിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

വ്യവസായ വകുപ്പിനു കീഴിൽ കഴിഞ്ഞ പത്ത് വർഷകാലയളവിൽ ഏറ്റവും മികച്ച പ്രകടനം നടത്തിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക്**

176(627) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓരോ പൊതുമേഖലാ സ്ഥാപനവും 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ റിയാബിന് സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ള ഓരോ വർഷത്തെയും പ്രവർത്തന ലാഭവും നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായശേഷമുള്ള കണക്കുകൾ പ്രകാരമുള്ള പ്രവർത്തന ലാഭവും നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും BPE report ആധാരമായുള്ള പ്രവർത്തന ലാഭ-നഷ്ട കണക്കുകളുടെ വിവരവും ആഡിറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്കുള്ള ലാഭ/നഷ്ട വിവരവും അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തന നഷ്ടം കുറച്ചു കാണിക്കാനായി റിയാബിന് നൽകിയ കണക്കുകളിൽ നിന്നും വ്യത്യസ്തമായി ഓഡിറ്റിനുശേഷമുള്ള കണക്കുകൾ പ്രകാരം 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിൽ അമ്പത് ലക്ഷം രൂപയിലധികം പ്രവർത്തന നഷ്ടം ഉണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഏതൊക്കെയാണെന്നും; ഓരോ പൊതുമേഖലാ സ്ഥാപനത്തിലും എത്ര ലക്ഷം രൂപയുടെ വർദ്ധനവുണ്ടായെന്നും; ടി കാലയളവിൽ തെറ്റായ കണക്കുകൾ നൽകിയ മാനേജിംഗ് ഡയറക്ടർമാർ ആരൊക്കെയാണെന്നും എന്തുകൊണ്ടാണ് റിയാബിന് നൽകിയ കണക്കുകളിൽനിന്നും ഓഡിറ്റിനുശേഷമുള്ള കണക്കുകളിൽ ഭീമമായ വർദ്ധനവുണ്ടായതെന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ പൊതു മേഖലാസ്ഥാപനത്തിന്റെയും പ്രവർത്തന അവലോകനം വ്യവസായ വകുപ്പ് നേരിട്ടും റിയാബ് മുഖേനയും നിരവധി തവണ വിശകലനം ചെയ്യുന്നുണ്ടെങ്കിലും പ്രവർത്തന നഷ്ടം കുറച്ച് കാണിക്കാനായി തെറ്റായ കണക്കുകൾ സമർപ്പിക്കുന്നത് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്കുകൾ പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ റിയാബിന് നൽകിയ കണക്കുകളും ഓഡിറ്റ് റിപ്പോർട്ടിലെ കണക്കുകളും താരതമ്യം ചെയ്ത് തെറ്റായ കണക്കുകൾ നൽകിയവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ?

(സി&ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ റിയാബിന് സമർപ്പിക്കുന്ന വിറ്റുവരവ്, ചെലവ്, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച കണക്കുകൾ മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിന് മാത്രമേ ഉപയോഗിക്കാറുള്ളൂ.

സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയാക്കുന്ന വേളയിലാണ് ശമ്പള കുടിശ്ശിക, ബോണസ്, ഗ്രാറ്റുവിറ്റി മുതലായവയുള്ള പ്രൊവിഷൻസും, മുൻകാല കണക്കുകളുടെ ഉൾപ്പെടുത്തലും (Prior period adjustments), കൂടാതെ സെയിൽസ്, പർച്ചേസ്, ബാങ്ക് അക്കൗണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട Reconciliation-ന്റെ ഭാഗമായുള്ള കൂട്ടിച്ചേർക്കലുകളും വ്യത്യാസങ്ങളും കണക്കുകളിൽ ഉൾപ്പെടുത്തുന്നത്. ഇക്കാരണത്താലാണ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ പൂർത്തിയാകുമ്പോൾ പ്രവർത്തന ലാഭത്തിലും അറ്റലാഭത്തിലും മുൻപ് രേഖപ്പെടുത്തിയതിൽ നിന്ന് ചില ഏറ്റക്കുറച്ചിലുകളുണ്ടാകുന്നത്. ഇത്തരത്തിലുള്ള കണക്കുകളിലെ ഏറ്റക്കുറച്ചിലുകളിൽ വലിയ അന്തരമുണ്ടെങ്കിൽ സർക്കാർ നടത്തുന്ന അവലോകന യോഗത്തിൽ വിശദീകരണം ആരായാറുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ എല്ലാ മാസവുമുള്ള കണക്കുകളിൽ കൃത്യത ഉറപ്പുവരുത്തുവാൻ വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം കൊണ്ടുവരുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന വിശദമായ പഠനം നടത്തിവരുന്നു.

## ഡി.ആർ.ഡി.ഒ.-യും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള കരാറുകൾ

177 (628)ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇന്ത്യൻ സൈന്യവുമായും പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ.-യുമായും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കരാറിലേർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്.ഐ.എഫ്.എൽ) എന്നീ സ്ഥാപനങ്ങൾ ഇന്ത്യൻ പ്രതിരോധ വകുപ്പിനും പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ-യ്ക്കും ആവശ്യമായ സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി കരാറിൽ ഏർപ്പെടാറുണ്ട്.

പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ-യുടെ വിവിധ ലാബുകളിൽ നിന്ന് 2022-2023 വരെ 3 കോടി രൂപ മൂല്യം വരുന്ന ഓർഡറുകളും ഡി.ആർ.ഡി.ഒ-യുടെ തന്നെ നിർമ്മാണ യൂണിറ്റുകളായ ഹെവി വെഹിക്കിൾ ഫാക്ടറി, ആവഡി, ചെന്നൈ & സി.വി.ആർ.ഡി, ആവഡി, ചെന്നൈ എന്നിവയിൽ നിന്നും 9.5 കോടി രൂപ മൂല്യം വരുന്ന ഓർഡറുകൾ എസ്.ഐ.എഫ്.എൽ.-ന് ലഭിക്കുകയുണ്ടായി. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ്

ലിമിറ്റഡിൽ നിന്ന് 3.5 കോടി രൂപ മൂല്യം വരുന്ന കൺവെൻഷൻ ഓർഡറുകൾ എസ്.ഐ.എഫ്.എൽ.-ന് ലഭിച്ചു. അന്തർവാഹിനിയിലേയ്ക്കുള്ള അതിസങ്കീർണ്ണങ്ങളായ ഫോർജിംഗുകൾ നിർമ്മിച്ച് നൽകുന്നതിലേയ്ക്കായി ഭാഭ അറ്റോമിക് റിസർച്ച് സെന്ററിൽ നിന്നും 11 കോടി രൂപയുടെ ഓർഡറുകൾ ലഭിക്കുകയുണ്ടായി.

കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കെൽട്രോൺ പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിഫൻസ് റിസർച്ച് ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ (DRDO) അധീനതയിലുള്ള നേവൽ, ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടറിയുമായും ഭാരത് ഡയനാമിക്സ് ലിമിറ്റഡുമായും കരാറുകളിലേർപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്ഥാപനമായ കെൽട്രോൺ ഇത്തരത്തിൽ ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ഇന്ത്യൻ സേനയുടെ ഉപയോഗത്തിലേയ്ക്കായി നിർമ്മിച്ചു നൽകിയ സങ്കേതങ്ങൾ സംബന്ധിച്ച് വിശദാംശം നൽകുമോ?

പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ-യുടെ കീഴിലുള്ള സ്ഥാപനങ്ങളുമായി ഏർപ്പെട്ട കരാറുകൾ പ്രകാരം ഏകദേശം 145 കോടി രൂപയുടെ ഓർഡറുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ തിരുവനന്തപുരം കരകുളത്തുള്ള കെൽട്രോൺ എക്യുപ്മെന്റ്സ് കോംപ്ലക്സിലെ സ്പെഷ്യൽ പ്രോഡക്ട്സ് ഗ്രൂപ്പും, അരൂരുള്ള കെൽട്രോൺ കൺട്രോൾസിലെ

സ്ലാറ്റജിക് സിസ്റ്റംസ് ഗ്രൂപ്പും മലപ്പുറം കുറ്റിപ്പുറത്തുള്ള കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡും ചേർന്നാണ് ഈ ഓർഡറുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളത്. ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇത്തരത്തിൽ സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും ആവശ്യമായ നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടുവരുന്നതിന് ഈ സർക്കാർ നൽകിയിട്ടുള്ള സംഭാവനകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് രാജ്യത്ത് വിവിധ സാങ്കേതിക മേഖലകളിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പ്രതിരോധ വകുപ്പിന് കീഴിലുള്ളതും അല്ലാതെയുമുള്ള സ്ഥാപനങ്ങളുമായി (DRDO, ISRO/VSCC, NPOL, Kochin Shipyard, Hindustan Aeronautics Ltd, Bharat Electronics Ltd.) യോജിച്ച് പ്രവർത്തിക്കുന്നതിനും അവർക്കാവശ്യമായ സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും സാധ്യമാകത്തക്ക രീതിയിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച വരുന്നത്. ഇതിന്റെ ഭാഗമായി വളരെയധികം കൃത്യത ആവശ്യമുള്ളതും സങ്കീർണ്ണവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും ആവശ്യമായ രീതിയിലുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉൽപ്പാദന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമായും സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയാറാക്കുന്നതിനും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിനുമായി വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, കോർപ്പറേറ്റ് ഫിനാൻസ് എന്നീ മേഖലകളിലാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവഹിക്കുന്നതിനുമായി അഡ്വൈസറായി (മാസ്റ്റർ പ്ലാൻ) ഒരു വിദഗ്ധനെയും നിയോഗിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതോടുകൂടി സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും ആവശ്യമായ നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ

ഉയർത്തികൊണ്ടുവരുവാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

**കേരള ആട്ടോമൊബൈൽസിലെ വികസന പ്രവൃത്തികൾ**

178(629) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട് കേരള ആട്ടോമൊബൈൽസിൽ 2021-22 വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

2021-2022 സാമ്പത്തിക വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്കായി 1,09,70,918 രൂപയാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വിനിയോഗിച്ചത്.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ ഇ-ഓട്ടോ, ഇ-റിക്ഷ, ഇ-സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 16-08-2022-ലെ സ.ഉ (സാധാ) നം.866/2022/വ്യവ. പ്രകാരം 250 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു.

(സി) കേരള ആട്ടോമൊബൈൽസിൽ 2022-23 വർഷത്തിലെ പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കാമോ?

പി.എം.എസ്.എം. മോട്ടോ ഘടിപ്പിച്ചിട്ടുള്ള ഇ-ഓട്ടോ, ഇ-പിക്കപ്പ് വാൻ, ഇ-ടിപ്പർ എന്നീ ഇലക്ട്രിക് വാഹനങ്ങളുടെ വികസനവും ഉൽപാദനവും സംബന്ധിച്ച പദ്ധതികളാണ് 2022-2023-ൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നത്. ഇ-ഓട്ടോ, ഇ-റിക്ഷ, ഇ-സ്കൂട്ടർ എന്നിവയുടെ ഉത്പാദന സൗകര്യങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 13-07-2022-ലെ സ.ഉ.(സാധാ)നം.684/2022/വ്യവ. പ്രകാരം 416/- ലക്ഷം രൂപയുടെ പദ്ധതിക്കും 25-08-2022-ലെ സ. ഉ. (സാധാ) നം.918/2022/വ്യവ. പ്രകാരം 334/- ലക്ഷം രൂപയുടെ പദ്ധതിക്കും ഈ സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കുറ്റ്യാടി നാളികേര പാർക്ക് പ്രവൃത്തി

179(630) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച കുറ്റ്യാടി നാളികേര പാർക്കിനായുള്ള പ്രവൃത്തികളേത് ഘട്ടത്തിലാണെന്ന വിശദാംശം അറിയിക്കുമോ?

പാർക്കിനായുള്ള ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. പഠനം പൂർത്തിയാക്കി

കിറ്റ്കോ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കരട് മാസ്റ്റർപ്ലാനും സമർപ്പിച്ചിട്ടുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾക്കായുള്ള പ്രവർത്തി എന്നിവയുടെ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021 ജൂൺ മുതൽ നാളിതുവരെയായി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ചു. ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയും കരാർ കാലാവധിയും എത്രയാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി Rs.17.05 lakhs plus GST ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ടോപ്പോഗ്രാഫിക്കൽ സർവേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, കാട് വെട്ടിത്തെളിക്കൽ എന്നിവയ്ക്കായുള്ള ചെലവുകൾ അധികമായിരിക്കും. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കരട് മാസ്റ്റർപ്ലാനും

സമർപ്പിച്ചിട്ടുണ്ട്.

ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾക്കായുള്ള 751.47 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ ഇ-ടെണ്ടർ 30-11-2022-ന് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഡിസംബർ 2023-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ചെറുകിട വ്യവസായ യൂണിറ്റുകൾ

180(631) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടി; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നാളിതുവരെ 1,10,828 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം ഈ കാലയളവിൽ 290 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി, ലാഭക്കുറവ്, വിപണന

സൗകര്യക്കുറവ്, ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് അതുമൂലമുണ്ടായ വിലക്കയറ്റം, ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ നിരോധനം, വർക്കിംഗ് ക്യാപിറ്റലിന്റെ അഭാവം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പ്രളയം, വിദേശ ജോലി, മാർക്കറ്റിംഗ് പ്രശ്നങ്ങൾ, പാർട്ണർമാർ തമ്മിലുള്ള പ്രശ്നം, വൈദ്യുതി ചാർജ്ജ് വർദ്ധനവ്, പെട്രോൾ നിരക്ക് വർദ്ധനവ് എന്നീ കാരണങ്ങളാലാണ് പൊതുവിൽ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുള്ളത്. സർവ്വീസ് മേഖല, കാർഷികാധിഷ്ഠിത വ്യവസായ മേഖല, സേവന മേഖലയിലെ സംരംഭങ്ങൾ, ഉത്പാദന മേഖല, പ്ലാസ്റ്റിക്ക് അനുബന്ധ മേഖല, ഭക്ഷ്യമേഖല, സിമന്റ് പ്രോഡക്ട്സ്, എഞ്ചിനീയറിംഗ് ഗാർമെന്റ്സ്, അഗ്രോ ഫുഡ് പ്രോസസ്സിംഗ്, പേപ്പർ കപ്പ് &ഗ്ലാസ് എന്നീ മേഖലയിലെ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്.

**വ്യവസായ സംരംഭക ആശയങ്ങൾക്ക് സമ്മാന പദ്ധതി**

181 (632) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങളാക്കാൻ കഴിയുന്ന ആശയങ്ങൾ നൽകുന്നവർക്ക് സമ്മാനം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. വ്യവസായ സംരംഭങ്ങളാക്കാൻ കഴിയുന്ന ആശയങ്ങൾ നൽകുന്നവർക്ക് സമ്മാനം നൽകുന്നതിനായി "ഡ്രീംവെസ്റ്റർ" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കുന്ന സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നവ സംരംഭകരിൽ നിന്നും നൂതന ആശയങ്ങൾ ലഭ്യമാക്കുകയും പ്രസ്തുത ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുകയും ചെയ്യുകയെന്നതാണ് ഡ്രീംവെസ്റ്റർ പദ്ധതിയുടെ ലക്ഷ്യം. വിദഗ്ധരായ പാനലിന് മുന്നിലാണ് ആശയങ്ങൾ അവതരിപ്പിക്കേണ്ടത്. 4 ഘട്ടങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്. 20 പേരെയാണ് നാലാം ഘട്ടത്തിൽ സെലക്ട് ചെയ്യുന്നത്. നാലാം ഘട്ടമായ ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം കൈവരിക്കുന്നവർക്ക് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 3 ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും 4 മുതൽ 10 സ്ഥാനം വരെയുള്ളവർക്ക് 1 ലക്ഷം രൂപ വീതവും 11 മുതൽ 20 സ്ഥാനം വരെയുള്ളവർക്ക് 25,000/- രൂപ വീതവും സമ്മാനം ലഭിക്കും. www.dreamvestor.in എന്ന വെബ്സൈറ്റിലൂടെ 2022 ഡിസംബർ 23 വരെ ആശയങ്ങൾ സമർപ്പിക്കുവാനുള്ള അവസരങ്ങളുണ്ടാകും. കേരളം സംരംഭക സൗഹൃദമായി വളരുമ്പോൾ സംരംഭകരോടുള്ള സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കുന്ന പരിപാടിയായി "ഡ്രീംവെസ്റ്റർ" മാറുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത ആശയങ്ങൾ പൊതുജനങ്ങൾക്കായി

പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. www.dreamvestor.in എന്ന വെബ്സൈറ്റിലൂടെ 2022 ഡിസംബർ 23 വരെ നവസംരംഭകർക്ക് ആശയങ്ങൾ സമർപ്പിക്കുവാനുള്ള അവസരങ്ങളുണ്ടാകും.

(സി) ആശയങ്ങൾ സമർപ്പിക്കുമ്പോൾ അവയിൽ സമ്മാനർഹരെ കണ്ടെത്തുന്നതിന് അവലംബിക്കുന്ന രീതി ഏതാണെന്ന് വ്യക്തമാക്കുമോ?

"ഡ്രീംവെസ്റ്റർ" മത്സരത്തിൽ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

മത്സരാർത്ഥി ഇന്ത്യൻ പൗരനും കേരളീയനും ആയിരിക്കണം. 18 വയസ്സിനും 35 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം. 2022 ഒക്ടോബർ 31 ന് 18 വയസ്സ് പൂർത്തിയാകേണ്ടതും 35 വയസ്സ് അധികരിക്കാൻ പാടില്ലാത്തതുമാകുന്നു. ഒരു മത്സരാർത്ഥിക്ക് ഒരു ബിസിനസ്സ് ആശയം മാത്രമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മുമ്പ് ഏതെങ്കിലും അവാർഡുകൾ ലഭിച്ചിട്ടുള്ള ആശയങ്ങൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക ഫീസില്ല. 4 ഘട്ടങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്. ഒന്നാം ഘട്ടത്തിൽ നിന്നും 100 പേരെയും രണ്ടാം ഘട്ടത്തിൽ നിന്നും 50 പേരെയും മൂന്നാം ഘട്ടത്തിൽ നിന്നും 20 പേരെയുമാണ് സെലക്ട് ചെയ്യുന്നത്. ഈ ഇരുപത് പേർ

നാലാം ഘട്ടമായ ഫൈനൽ റൗണ്ടിൽ മത്സരിക്കുകയും ചെയ്യുന്നു. ഓരോ റൗണ്ടിലും ആശയങ്ങൾ സെലക്ട് ചെയ്യുന്നതിന് വിദഗ്ദ്ധരടങ്ങിയ ഒരു പാനൽ ഉണ്ടായിരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ പുതിയ സംരംഭങ്ങൾ**

182(633) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷം ഒരു ലക്ഷം' സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

'ഒരു വർഷം ഒരു ലക്ഷം' സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ 01-12-2022-വരെ 774 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | സംരംഭങ്ങൾ ആരംഭിച്ചത് | നിക്ഷേപം (കോടിയിൽ) | തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് |
|---|---|---|---|---|
| 1 | അരിമ്പൂർ | 90 | 2.28 | 174 |
| 2 | മണലൂർ | 104 | 10.4 | 262 |
| 3 | ചൂണ്ടൽ | 95 | 7.93 | 290 |
| 4 | കണ്ടനിശ്ശേരി | 77 | 2.75 | 158 |
| 5 | ഇലവള്ളി | 86 | 2.13 | 144 |
| 6 | മുല്ലശ്ശേരി | 73 | 1.71 | 123 |
| 7 | വാടാനാപള്ളി | 100 | 4.01 | 222 |
| 8 | പാവറട്ടി | 69 | 1.53 | 117 |
| 9 | വെങ്കിടങ്ങ് | 80 | 1.28 | 143 |

| | | | | |
|---|---|---|---|---|
| | ആകെ | 774 | 34.02 | 1633 |

(ബി) ഇതിലുൾപ്പെടുത്തി പുതിയ പദ്ധതികൾ മണലൂർ മണ്ഡലത്തിൽ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

'ഒരു വർഷം ഒരു ലക്ഷം' സംരംഭങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു നിയോജക മണ്ഡലത്തിലും പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയെന്ന നിലയിൽ ഇതിന്റെ ഭാഗമായുള്ള നടപടികൾ എല്ലാ മണ്ഡലങ്ങളിലും ഏകോപനത്തോടെ നടത്തിവരുന്നുണ്ട്. മാത്രമല്ല സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ ഒരു കുടുംബം ഒരു സംരംഭം (One family one Enterprise), Kerala Entrepreneurs Loan Scheme (KELS) എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഇന്റേൺസിനെ നിയമിക്കുകയും സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി ഹെൽപ് ഡെസ്ക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയിലൂടെ മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് വ്യക്തമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളെന്ന പദ്ധതിയിലൂടെ മണലൂർ മണ്ഡലത്തിൽ 1-12-2022-വരെ 1633 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എത്ര നിക്ഷേപം

ലഭിച്ചിട്ടുണ്ട്?

മണലൂർ മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം 01-12-2022-വരെ 34.02 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നതിന് ബാങ്കുകളുടെ സഹകരണം തൃപ്തികരമാണോ; വിശദാംശം ലഭ്യമാക്കാമോ?

ഈ പദ്ധതിയിൽ ബാങ്കുകളുടെ സഹകരണം തൃപ്തികരമാണ്. പദ്ധതിയുടെ ഭാഗമായി നടന്ന ലോൺ മേളകളിൽ ബാങ്കുകൾ പങ്കെടുക്കുകയും സംരംഭകരുടെ 1.31 കോടി രൂപയുള്ള വായ്പാ പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**വ്യവസായ വികസന പദ്ധതികൾ ആരംഭിക്കാൻ നടപടി**

183(634) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. അനുബന്ധ മേഖലയിൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തേയ്ക്ക് വൻകിട കമ്പനികളെ ആകർഷിച്ച് ഐ.ടി. വ്യവസായ

അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള കോവർക്കിംഗ് സ്പെയ്സ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് റിമോർട്ട് വർക്കിംഗ് ഫോഴ്സ് വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. പാർക്കുകളിലേയ്ക്ക് ഐ.ടി./ഐ.ടി..ഇ.എസ് മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ വിവര സാങ്കേതികവിദ്യാ വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. 2022-23 ബജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കൂട്ടിയോജിപ്പിക്കുന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ഡിജിറ്റൽ

യൂണിവേഴ്സിറ്റിയുടെയും കെ.ഡിസ്കിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഐ.ടി. അനുബന്ധ മേഖല ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന പ്രധാന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യവകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

- സംരംഭക സഹായ പദ്ധതി (ESS)
- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
- ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി
- പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
- നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം
- നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം
- ഒരു കുടുംബം ഒരു സംരംഭം പദ്ധതി
- സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം.

ഐ.ടി./ഐ.ടി. അധിഷ്ഠിത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിൽ 2.17 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം പൂർത്തീകരിച്ച് TATA Elxsi എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഇതുവഴി 100 കോടി രൂപയുടെ നിക്ഷേപവും 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

(ബി) കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പുവഴി ഉൽപ്പാദന മേഖലയ്ക്കായി നടപ്പിലാക്കി വരുന്ന എല്ലാ സാമ്പത്തിക സഹായ പദ്ധതികളിലും കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകർക്ക് സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പുവഴി എല്ലാ വർഷവും ജില്ലകളിൽ നടപ്പിലാക്കി വരുന്ന ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയ സംരംഭക ശേഷി വികസന പരിപാടികളിൽ ഇലക്ട്രോണിക് മേഖല

ഉൾപ്പെടെയുള്ള നവീന സാധ്യതകളുള്ള മേഖലകളിൽ നൈപുണ്യ വികസനം, പരിശീലനം എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ ടി മേഖലയിലെ സാധ്യതകൾ വകുപ്പുവഴി നടപ്പിലാക്കി വരുന്ന വിവിധ ബോധവൽക്കരണ പരിപാടികളിലും ഫീൽഡുതല ഉദ്യോഗസ്ഥർ വഴി സംരംഭകരിലേക്കെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി ഹാർഡ്‌വെയർ നിർമ്മാണ യൂണിറ്റുകളും അസംബ്ലിംഗ് യൂണിറ്റുകളും ഗവേഷണ വികസന കേന്ദ്രങ്ങളും അടങ്ങിയ ഒരു ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത മേഖലയിൽ നിക്ഷേപ പ്രോത്സാഹനത്തിനും നവീകരണത്തിനും നിലവിലുള്ള ഉൽപ്പാദനശേഷി വികാസത്തിനും ആഗോള കമ്പനികളുമായി ചേർന്ന് കെൽട്രോൺ സംയുക്ത സംരംഭങ്ങൾ ഒരുക്കുന്നതാണ്. കൺസ്യൂമർ ഇലക്ട്രോണിക്സ്, ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് തുടങ്ങിയ വിവിധ ഇലക്ട്രോണിക് ഉപമേഖലകളിൽ നൈപുണ്യ വികസനത്തിനായി വ്യവസായ-അക്കാദമിക ബന്ധങ്ങൾ ദൃഢപ്പെടുത്തും. 24-11-2022-ൽ ഈ മേഖലയിലെ പ്രധാനപ്പെട്ട കമ്പനികളുമായി കൂടിക്കാഴ്ച നടത്തുകയും അവരുടെ നിർദ്ദേശങ്ങളും കൂടി ഉൾകൊള്ളിച്ചുകൊണ്ട് ഈ

മേഖലയ്ക്കുവേണ്ട ഇടപെടലുകൾ നടത്തി കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും തദ്വാരാ നിക്ഷേപം കൊണ്ടുവരാനുമുള്ള കർമ്മ പദ്ധതിയുമാണ് സർക്കാർ രൂപീകരിച്ചുവരുന്നത്.

ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ കീഴിൽ കാക്കനാട് ഒരു ഇലക്ട്രോണിക്സ് ക്ലസ്റ്റർ സ്ഥാപിച്ചിട്ടുണ്ട്.

(സി) കാർ ഫാക്ടറികൾ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയുന്ന പരമാവധി വ്യവസായങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൻകിട വ്യവസായങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. വഴി മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ സർക്കാർ ഏജൻസികളുടെ കീഴിൽ ഏകദേശം 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ആകെ 20 കമ്പനികളാണ് സംസ്ഥാനതല നിക്ഷേപം നടത്തുന്നതിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

## സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ

184(635) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന മേഖയിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സേവന മേഖലയിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്നില്ല. എന്നാൽ സേവന മേഖലയ്ക്ക് ആനുകൂല്യം നൽകുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**1.** നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി:

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

**2.** ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്:

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട്

അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക യെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**3.** ഒരു കുടുംബം, ഒരു സംരംഭം പദ്ധതി:

2022-23 സർക്കാർ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം വരെ ബാങ്ക് ലോണുള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും ഈ പദ്ധതി പ്രകാരമുള്ള പലിശയിളവ് വർക്കിംഗ് കാപിറ്റൽ ലോണിന് അർഹതയുണ്ട്.

**4.** നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട

സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം:

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്.

സ്ഥിര മൂലധനനിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. ഈ പദ്ധതിപ്രകാരം ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം രൂപ) ആണ് Capital Investment Subsidy-യ്ക്ക് അർഹതയുള്ളത്.

ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പയെടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം 8% പലിശയിളവ് നൽകുന്നു. ഇത് റീഇംബേഴ്സ്മെന്റായാണ് നൽകുന്നത് (പരമാവധി 30 ലക്ഷം രൂപ). ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 01-01-2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

**5.** പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി **(PMEGP):**

കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതിയാണ് PMEGP. ഖാദി&വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, സംസ്ഥാന/കേന്ദ്രഭരണ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ വഴി ഇത് നടപ്പിലാക്കുന്നു. കെ.വി.ഐ.സി., കെ.വി.ഐ.ബി., ഡി.ഐ.സി. എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിച്ചെലവിന്റെ 15%-35% ആണ് സബ്സിഡി നിരക്ക്.

**പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കാൻ നടപടി**

185(636) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

2022-2023 സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

പദ്ധതി ആരംഭിച്ച ശേഷം 2022 ഡിസംബർ 1 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 95,754 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5928.40 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 2,09,001 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിൽ സംരഭം നടത്തി ബിസ്സിനസ്സ് രംഗത്ത് മികവ് കാട്ടിയവർ അവരുടെ പുതിയ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാതെ മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുവായ രീതിയിൽ അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നമ്മുടെ സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വ്യവസായികൾക്ക് സുഗമമായി സംരംഭം നടത്താൻ പാകത്തിൽ വ്യവസായ എസ്റ്റേറ്റുകളിലടക്കം നയരൂപീകരണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിൽ നിലവിൽ ഭൂമി പാട്ടത്തിന് നൽകുന്നില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെ.എസ്.ഐ.ഡി.സി.-യിലെ വ്യവസായ പാർക്കുകളിൽ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ

കിട്ടിയതിനുശേഷം 10 ഏക്കർ വരെയുള്ള അപേക്ഷകൾ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ (DILAC) തീരുമാനപ്രകാരവും 10 ഏക്കറും അതിൽ കൂടുതലും ഭൂമി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരവുമാണ് അനുവദിക്കുന്നത്. പ്രസ്തുത പോളിസി പ്രകാരം മൊത്തം പാട്ട തുകയുടെ 50% അലോട്ട്മെന്റ് അനുവദിച്ച് 90 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. ബാക്കി 50%, 2 വർഷത്തിനകം രണ്ടു തവണകളായി പലിശയോടുകൂടി അടയ്ക്കേണ്ടതാണ്.

കിൻഫ്രയിലെ വ്യവസായ പാർക്കിൽ ലീസിന് നൽകുന്ന ഭൂമി, എന്താവശ്യത്തിനാണോ അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയപരിധി 24 മാസമാണ്. പാട്ടത്തിനെടുക്കുന്ന ഭൂമി മറ്റ് സംരംഭകർക്കോ, സ്ഥാപനങ്ങൾക്കോ ഉപപാട്ടമോ കൈമാറ്റമോ ചെയ്യാൻ പാടില്ല. കിൻഫ്ര രൂപീകരിച്ചിട്ടുള്ള ലാൻഡ് ഡിസ്പോസൽ റെഗുലേഷൻ അനുശാസിക്കുന്ന പ്രകാരമാണ് കിൻഫ്ര പാർക്കുകളിലെ എല്ലാ അലോട്ട്മെന്റുകളും നടന്നുവരുന്നത്. ഇതുപ്രകാരം വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ സുഗമമായി നടത്തുന്നതിന് നിലവിൽതന്നെ സാഹചര്യമുണ്ട്.

വ്യവസായികൾക്ക് സുഗമമായി സംരംഭം നടത്താൻ പാകത്തിൽ വ്യവസായ എസ്റ്റേറ്റുകളിലടക്കം പുതിയ നയരൂപീകരണം സർക്കാരിന്റെ സജീവ

പരിഗണനയിലാണ്.

(ഡി) തൊഴിലുടമയെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളുള്ള തൊഴിൽ നിയമങ്ങളും അശാസ്ത്രീയമായ മിനിമം വേജസ് ആക്ടും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിലുണ്ടായിരുന്ന 29 കേന്ദ്ര തൊഴിൽ നിയമങ്ങളെ സംയോജിപ്പിച്ചുകൊണ്ട് Code on Wages 2019, The Industrial Relation Code 2020, The Social Security Code 2020, The Occupational Safety, Health & Working Condition Code 2020 എന്നീ 4 കോഡുകളായി നിർമ്മിക്കുകയും അവ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത കോഡുകൾ സംബന്ധിച്ച് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരള സർക്കാർ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തൊഴിലാളി താൽപര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. Code on Wages 2019 നിയമം പ്രാബല്യത്തിൽ വരുമ്പോൾ Payment Wages Act 1936, Minimum Wages Act 1948, Payment of Bonus Act 1965, Equal Remuneration Act 1976 എന്നീ നാല് തൊഴിൽ നിയമങ്ങൾ

റദ്ദാക്കപ്പെടുന്നതാണ്.

മിനിമം വേതനം നിയമം അനുസരിച്ചുള്ള ഷെഡ്യൂൾ പ്രകാരമാണ് നിലവിൽ മിനിമം വേതനം നിശ്ചയിച്ചിരിക്കുന്നത്. Code on Wages പ്രകാരം മിനിമം വേതനം എല്ലാ മേഖലയ്ക്കും ബാധകമാണ്. നിലവിൽ 87 തൊഴിൽ മേഖലകൾക്ക് വ്യത്യസ്ത നിരക്കുകളിൽ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം പുതിയ കോഡ് പ്രകാരം Highly Skilled, semi skilled, skilled, Unskilled എന്നീ 4 കാറ്റഗറികളിലായി വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന രീതിയിലാണ് വേജ് കോഡിൽ പ്രതിപാദിച്ചിരിക്കുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ/റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിന് വ്യവസായ വകുപ്പിന്റെയും തൊഴിലും നൈപുണ്യവും വകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് 26-11-2022-ലെ സ.ഉ (സാധാ) നം.1253/2022/ID പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരളത്തിലേക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ നടപടി**

186(637)<u>ശ്രീ. ടി.സിദ്ദിഖ്:</u>
<u>ശ്രീമതി കെ.കെ.രമ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ വ്യവസായം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സന്ദർശനത്തിന്റെ ഭാഗമായി കേരളത്തിൽ നീറ്റാ ജലാറ്റിൽ കമ്പനി ഇരുന്നൂറ് കോടി രൂപയുടെയും ടെറുമോ കോർപ്പറേഷൻ നൂറ് കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ & ബി) 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗിക സംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ നിക്ഷേപ പ്രോജക്ടുകൾ പ്രവർത്തനം തുടങ്ങുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. സന്ദർശനത്തെ തുടർന്നുണ്ടായ വ്യാവസായിക നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ

(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും.

(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള

പദ്ധതിയുമായിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**വ്യവസായ വാണിജ്യ നയം**

187 (638)<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആർജ്ജിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് ഈ സർക്കാർ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള വ്യവസായ വാണിജ്യ നയത്തിൽ കേരള ബ്രാൻഡ് രൂപീകരണവുമായി

ബന്ധപ്പെട്ട് നിക്ഷേപ പ്രോത്സാഹന പദ്ധതികൾക്കായി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

"മെയ്ഡ് ഇൻ കേരള" എന്ന ബ്രാൻഡ് സൃഷ്ടിക്കുന്നതിലേക്ക് സംസ്ഥാനം മുന്നേറുകയും സ്വമേധയാ ഒരു ഗുണനിലവാര പരിശോധനാ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യുമെന്ന് വ്യവസായ വാണിജ്യ നയത്തിൽ പ്രതിപാദിക്കുന്നു. കേരള ബ്രാൻഡ് സൃഷ്ടിക്കുന്നത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവിനും സഹായകരമാകുമെന്ന് കണക്കാക്കുന്നു. കേരള ബ്രാൻഡ് രൂപീകരണവുമായി ബന്ധപ്പെട്ട് നിക്ഷേപ പ്രോത്സാഹന പദ്ധതികൾക്കായി കരട് വ്യവസായ നയത്തിലൂടെ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വമേധയാ നടത്തുന്ന ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിലൂടെ കേരളത്തിലെ എം.എസ്.എം.ഇ.-കൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിയും.

2. ഈ ഗുണനിലവാര പരിശോധനയ്ക്ക് കീഴിൽ എം.എസ്.എം.ഇ.-കൾ ഉല്പാദിപ്പിക്കുന്ന ഉയർന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കും.

3. ബ്രാൻഡ് പ്രൊമോഷനായി " മെയ്ഡ് ഇൻ കേരള" പ്രദർശനങ്ങൾ

സംഘടിപ്പിക്കും.

4. ദേശീയ/ അന്തർദേശീയ പ്രദർശനങ്ങളിലും വ്യാപാര മേളകളിലും "മെയ്ഡ് ഇൻ കേരള" ലോഗോയ്ക്കു കീഴിൽ എം.എസ്.എം.ഇ.-കളുടെ പങ്കാളിത്തം ഉറപ്പാക്കും.

(ബി) കേരളം എന്ന ബ്രാൻഡിനെ വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കാമോ?

കയറ്റുമതി പ്രോത്സാഹനത്തിന് ഒരു സമർപ്പിത നയം രൂപീകരിക്കും. ജില്ലകൾ തോറും മേഖലാ കേന്ദ്രീകൃത പ്രൊമോഷൻ പരിപാടികളും ഉല്പ്പന്നങ്ങളുടെ ബ്രാന്റിംഗ് പരിപാടികളും സംഘടിപ്പിക്കും. സംസ്ഥാന/ജില്ലാതലത്തിൽ കയറ്റുമതി പ്രോത്സാഹന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ദേശീയ/അന്തർദേശീയ കയറ്റുമതി ഫോറങ്ങളിൽ കയറ്റുമതി പ്രോത്സാഹനത്തിനുള്ള കൊളാറ്ററലുകൾ പ്രസിദ്ധീകരിക്കും. ഇതുകൂടാതെ, ദേശീയ/അന്തർദേശീയ വിപണന മേഖലകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്ന എം.എസ്.എം.ഇ. കയറ്റുമതിക്കാരെ കൂടുതൽ പ്രോത്സാഹിപ്പിക്കും.

(സി) വ്യവസായ പുരോഗതിക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകി രൂപീകരിച്ചിട്ടുള്ള വ്യവസായ വാണിജ്യനയ

രൂപീകരണത്തിൽ കേരള ബ്രാൻഡുമായി ബന്ധപ്പെട്ട പരിസ്ഥിതി സൗഹൃദ നിക്ഷേപം സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ?

എം.എസ്.എം.ഇ. വികസനത്തിന് ഇ.എസ്.ജി. (Environmental, social&Governance) കേന്ദ്രീകൃത സമർപ്പിതനയം പ്രോത്സാഹിപ്പിക്കുകയും എം.എസ്.എം.ഇ.-കളുടെ ഇ.എസ്.ജി. റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന് പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും കരട് നയത്തിൽ വിഭാവനം ചെയ്യുന്നു. സെക്ടർ അടിസ്ഥാനമാക്കിയുള്ള ഇ.എസ്.ജി. റേറ്റിംഗ് ചട്ടക്കൂട്, ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഒരു Sustainable Accounting Standards Board (SASB) മെട്രിക്സ് മുതലായവ വികസിപ്പിക്കും. സംരംഭകർക്ക് ഹരിത പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പ്രത്യേക ഫണ്ട് രൂപീകരിക്കും. ഉത്തരവാദിത്ത നിക്ഷേപ പ്രമേയത്തിന് കീഴിൽ നിക്ഷേപ വർദ്ധന യോഗങ്ങൾ സംഘടിപ്പിക്കും.

**കേരളത്തിന്റെ വ്യവസായ വളർച്ച**

188(639) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കഴിഞ്ഞ 3

വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നു; ഈ വർഷം എത്രയാണ് സ്ഥാനം?

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കഴിഞ്ഞ വർഷങ്ങളിലെ കേരളത്തിന്റെ സ്ഥാനം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | വിലയിരുത്തൽ വർഷം | സ്ഥാനം |
|---|---|---|
| 1 | 2015 | 18 |
| 2 | 2017 | 21 |
| 3 | 2019 | 28 |
| 4 | 2020 | 15 |

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിനുകീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ 2019-ലെ ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് 2020-ൽ പതിനഞ്ചാം സ്ഥാനം കരസ്ഥമാക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. ഉപയോക്തൃ അഭിപ്രായ സർവ്വേയെ അടിസ്ഥാനമാക്കി ടോപ്പ് അച്ചീവേഴ്സ്, ആസ്പയറേഴ്സ്, എമെർജിംഗ് ബിസിനസ്സ് ഇകോസിസ്റ്റംസ് എന്നിങ്ങനെ നാലായാണ് സൂചികയിൽ സംസ്ഥാനങ്ങളെ തരംതിരിച്ചിട്ടുള്ളത്. അതിൽ ‘ ആസ്പയറേഴ്സ്

വിഭാഗത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ജനസാന്ദ്രതയേറിയ കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കണ്ടെത്തി കേരളത്തിന്റെ വ്യവസായ വളർച്ച ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വ്യകതമാക്കാമോ?

2019-ൽ നിലവിൽ വന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ, പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണ തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുകവഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ

ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകി വരുന്നുണ്ട്.

കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഈ സർക്കാർ വന്നതിനുശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും അതിന്റെ ഭാഗമായി കേരളത്തിൽ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിഞ്ഞിട്ടുമുണ്ട്.

- നിർമ്മിത ബുദ്ധി
- ആയുർവ്വേദം
- ജൈവ സാങ്കേതികവിദ്യയും ജീവശാസ്ത്രവും
- രൂപകൽപ്പന
- ഇലക്ട്രോണിക് രൂപകൽപ്പനയും ഉൽപ്പാദനവും
- ഇലക്ട്രിക് വാഹനങ്ങൾ
- എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും
- ഫുഡ് ടെക്നോളജി
- ഗ്രാഫീൻ

- ഹൈടെക് ഫാർമിംഗ്
- ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ
- ചരക്ക് നീക്കം
- മാരിടൈം ക്ലസ്റ്റർ
- മെഡിക്കൽ ഉപകരണങ്ങൾ
- നാനോ ടെക്നോളജി
- പുനരുപയോഗ ഊർജ്ജം
- ചില്ലറ വില്പന മേഖല
- റോബോട്ടിക്സ്
- ബഹിരാകാശ മേഖല
- വിനോദസഞ്ചാരവും ആതിഥേയത്വവും
- ത്രീ ഡി പ്രിന്റിംഗ്

ഇവയെല്ലാം കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന

മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങളാണ്. ഇവയ്ക്കുവേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്ന കാര്യങ്ങൾ നടപ്പാക്കിവരികയാണ്.

കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ, തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്തുവാനായി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്തുകൊണ്ട് തുടർ നിക്ഷേപം കേരളത്തിൽ തന്നെ നടത്തുന്നതിനുള്ള നടപടികളുമെടുത്തു വരുന്നുണ്ട്.

(സി) ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം ഇന്ത്യയിൽ ആദ്യമായി മുന്നോട്ട് വയ്ക്കുമ്പോൾ, ഇത് നടപ്പാക്കുന്നതിനും; ഈ മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും കോട്ടം തട്ടാത്ത രീതിയിലും സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും കർഷിക ഉല്പ്പന്നങ്ങളുടെയും മനുഷ്യശേഷിയുടേയും മൂല്യവർദ്ധന വഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും സംസ്ഥാനത്ത് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാർ 'ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം' എന്ന നയം കൊണ്ട് ലക്ഷ്യമിടുന്നത്.

ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം നടപ്പിലാക്കുന്നതിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, എം.ഡി,

കെ.എസ്.ഐ.ഡി.സി, ഈ മേഖലയിലെ വിദഗ്ധർ എന്നിവരടങ്ങുന്ന ഒരു Expert Committee-യെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി, ഇ.എസ്.ജി. ഫ്രെയിം വർക്ക്, ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം കേരളത്തിലെ വിവിധ വ്യവസായ മേഖലകളിൽ എങ്ങനെ നടപ്പിലാക്കണമെന്നതിനെപ്പറ്റി വിശകലനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വ്യവസായ വാണിജ്യനയത്തിൽ അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്ത് പുതിയതായി ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ് സംരംഭങ്ങൾ**

189(640) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തുണ്ടായ നിക്ഷേപങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2022-23 വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് വിപുലമായ പ്രവർത്തനങ്ങളാണ് വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം ഇതുവരെ 97,533 സംരംഭങ്ങൾ ആരംഭിക്കുകയും 6035.60 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ ആകെ 1,11,936

സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,487 കോടി രൂപയുടെ നിക്ഷേപവും 2,65,813 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 250 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 1713 കോടി രൂപയുടെ നിക്ഷേപവും 22,500 തൊഴിലവസരവും സൃഷ്ടിക്കുമെന്ന് കരുതുന്നു.

ഈ സർക്കാർ വന്നശേഷം കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയ പദ്ധതികൾ മുഖേന ഏകദേശം 1221.92 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

2016-നുശേഷം സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ നിക്ഷേപം 4500 കോടി രൂപയാണ്. അതിൽ നിലവിലെ സർക്കാർ വന്നശേഷം 2000 കോടി രൂപയുടെ നിക്ഷേപം ലഭ്യമായി.

(ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ് സംരംഭങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സ്റ്റാർട്ടപ്പ് മിഷൻ മുഖേന സംസ്ഥാനത്ത് പുതിയതായി 3900 സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. "സ്കെയിൽ അപ്പ്

സപ്പോർട്ട്" പദ്ധതിയിൻ കീഴിൽ നാളിതുവരെ 89 സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യപരിരക്ഷ, കൃഷി, വെബ്ഡെവലപ്മെന്റ്, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ, എഞ്ചിനീയറിംഗ്, ആയുർവേദ, ഫിനാൻഷ്യൽ സർവ്വീസ്, മീഡിയ, പരസ്യം, വിദ്യാഭ്യാസ സേവനങ്ങൾ, ഭക്ഷ്യ സംസ്കരണ, മാനവവിഭവ പരിശീലനം, ബയോടെക്നോളജി, പ്രതിരോധ സാങ്കേതികവിദ്യ മുതലായ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾ പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള വിവിധ പരിപാടികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്നു.

1. ഫണ്ട് ഓഫ് ഫണ്ട് പദ്ധതി

2. സീഡിംഗ് കേരള

3. ഇൻവെസ്റ്റർ കഫേ

4. ഇഗ്നൈറ്റ്

സംസ്ഥാനത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിന് വ്യവസായ വാണിജ്യ

വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1) സംരംഭക സഹായ പദ്ധതി

2) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4) ഒരു കുടുംബം, ഒരു സംരംഭം പദ്ധതി.

5) മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

6) നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഈ സർക്കാർ വന്നതിനുശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും ഇതിന്റെ ഭാഗമായി കേരളത്തിൽ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിയുകയും അതിൽ 6 സെക്ടറുകളിൽ നിക്ഷേപകരുമായി കൂടികാഴ്ച നടത്തി അതിനുവേണ്ട പ്രവർത്തന പദ്ധതി തയ്യാറാക്കിവരികയുമാണ്. കൂടാതെ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ എളുപ്പത്തിലാക്കുന്നതിനും അവർക്കുവേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനും അവരുമായി സ്ഥിരം സംവദിക്കുവാനുമുള്ള ഒരു സംവിധാനം കൊണ്ടുവരാനും അവരുടെ നിക്ഷേപങ്ങളെ കേരളത്തിലേക്ക്

കൊണ്ടുവരാനും ദുബായിലും, ഡൽഹിയിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓഫീസ് തുടങ്ങുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിലേയ്ക്കായി, ഇന്ത്യയിൽ (പ്രത്യേകിച്ചും കേരളത്തിൽ) നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള രാജ്യങ്ങളിൽ പോകുകയും അവിടെയുള്ള നിക്ഷേപകരെ കൂടുതലായി ഇവിടേയ്ക്ക് ആകർഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്താനായി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്തുകൊണ്ട് തുടർ നിക്ഷേപം കേരളത്തിൽ തന്നെ നടത്തുവാനുള്ള നടപടിക്രമങ്ങളും സർക്കാർ എടുത്തുവരികയാണ്.

സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 9.20% - 11.20%) 60 കോടി രൂപ വരെ വായ്പയായി നൽകി വരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ്

വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, ജൈവ സാങ്കേതികവിദ്യ, വിനോദസഞ്ചാരം, പാദരക്ഷ, സമുദ്ര മേഖല, കപ്പൽ നിർമ്മാണം, ആയുർവ്വേദ ഉൽപ്പന്നങ്ങളും സേവനങ്ങളും, ഹരിത വ്യവസായം തുടങ്ങിയ മേഖലകളിലുള്ള വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്.

ഇതുകൂടാതെ, സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും.

കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് അവർ ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാനത്തെ ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി മൂന്ന് വർഷമാണ്.

മുകളിൽ പറഞ്ഞതു കൂടാതെ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പയും നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 25 ലക്ഷം രൂപ മുതൽ ഒരു കോടി വരെ (ചെലവിന്റെ 70%) നൽകി വരുന്നു.

(ഡി) നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ നിക്ഷേപ രംഗത്ത് കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വിശദമാക്കാമോ; കാർഷിക മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിനുകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ

അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ 2019-ലെ ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് 2020-ൽ പതിനഞ്ചാം സ്ഥാനം കരസ്ഥമാക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. കാർഷിക മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് തൊടുപുഴയിലെ മുട്ടത്ത് സുഗന്ധവ്യഞ്ജന മൂല്യവർദ്ധന ലക്ഷ്യമാക്കി ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കാർഷിക സംസ്കരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

വ്യവസായ വകുപ്പുവഴി നടപ്പിലാക്കി വരുന്ന, ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS) യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉൾപ്പെടെ 40 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകി വരുന്നു.

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ

മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയുടെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനി എന്ന സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 19-10-2022-ൽ ഉച്ചയ്ക്ക് 2.30-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടേയും ബഹു. ഗതാഗത വകുപ്പുമന്ത്രിയുടേയും സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ സ്വീകരിക്കുകയുണ്ടായി.

- മൈനിംഗിനുവേണ്ട പാരിസ്ഥിതികാനുമതി ലഭ്യമായി 45 ദിവസത്തിനുള്ളിൽ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയുടെ വേളി യൂണിറ്റ് തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ കമ്പനി സ്വീകരിക്കേണ്ടതാണ്.

- കമ്പനി തുറന്നു പ്രവർത്തിക്കുന്നതിന് മുമ്പുതന്നെ കമ്പനിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച എച്ച്.ആർ. പ്ലാൻ ഉൾപ്പെടെയുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

- ഘട്ടം ഘട്ടമായി കമ്പനിയിൽ മുമ്പുണ്ടായിരുന്ന സ്ഥിര/താൽക്കാലിക ജീവനക്കാരെ തിരിച്ചെടുക്കേണ്ടതാണ്.

- കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പായി തൊഴിൽപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ മാനേജ്മെന്റ് പ്രതിനിധികളുടേയും കമ്പനിയുടെ യൂണിയൻ പ്രതിനിധികളുടേയും യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

മേൽ തീരുമാനങ്ങൾ നടപ്പിലാക്കണമെങ്കിൽ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്. നിലവിൽ തോന്നയ്ക്കലിലെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കൊച്ചുവേളിയിലെ യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് പ്രവർത്തനം ആരംഭിക്കുവാനുള്ള തടസ്സം. Administration and R&D Centre-ൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് തൊഴിൽ സംരക്ഷണം നൽകണമെന്നുള്ള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൊച്ചുവേളി വ്യവസായ പ്ലോട്ടിൽ

Administration and R&D Centre പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോയെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 25 ലക്ഷം രൂപ മുതൽ ഒരു കോടി വരെ (ചെലവിന്റെ 70%) നൽകിവരുന്നു. വ്യവസായ വകുപ്പിനുകീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴി പ്ലാന്റേഷൻ മേഖലയിൽ എക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അനുവദനീയമായ ഭൂമിയിൽ ഉത്തരവാദ-എക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പരിശീലനം സംരംഭക തൽപ്പരരായ പ്ലാന്റർമാർക്ക് നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

190(641) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നായി യഥാക്രമം 7, 1 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) ഇതിൽ ഏതെല്ലാം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ നിന്നുള്ള ഇന്ത്യൻ വെർജിൻ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

(സി) അനുമതി നൽകാത്ത എത്ര അപക്ഷേകൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; അനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ യഥാക്രമം 6-ഉം, 1-ഉം അപേക്ഷകൾക്ക് ഡെവലപ്പർ പെർമിറ്റിന് അനുമതി ലഭിച്ചില്ല.

കോട്ടയം ജില്ലയിൽ നിന്നും ലഭിച്ച 3 അപേക്ഷകളിൽ പരാമർശിച്ചിരിക്കുന്ന ഭൂമി, കേരള ലാൻഡ് റിഫോംസ് ആക്ട്-സെക്ഷൻ 81 പ്രകാരം ഒഴിവാക്കപ്പെട്ടവയായതിനാൽ മൂന്ന് അപേക്ഷകളും മാറ്റിവയ്ക്കപ്പെട്ടു. മറ്റ് രണ്ട് അപേക്ഷകൾ അടുത്ത സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു. കൂടാതെ

ഒരു അപേക്ഷ പരിഗണനാർഹമല്ലായെന്ന് സൈറ്റ് സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ പരാമർശിത ഭൂമിക്ക് കേരള ലാൻഡ് റിഫോംസ് ആക്ടിൽ ഇളവ് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്.

## സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി

191(642)ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി എന്ന പേരിൽ വ്യവസായ വകുപ്പിനുകീഴിൽ ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ

നേതൃത്വത്തിൽ നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെ സോഫ്റ്റ് ലോണായി പ്രാഥമിക മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് വായ്പാ സഹായമായി നൽകി വരുന്നത്. ആർ.ബി.ഐ. റേറ്റായ 6.15 % ആണ് ഈ പദ്ധതിയുടെ നിലവിലുള്ള പലിശ നിരക്ക്. 3 വർഷമാണ് വായ്പ തിരിച്ചടവിനായുള്ള കാലാവധി, വായ്പ, പരസ്പരധാരണ പ്രകാരം കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഓഹരി നിക്ഷേപമായി മാറ്റുന്നതിനുള്ള ഓപ്ഷൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 7% പലിശ നിരക്കിൽ, 50 ലക്ഷം രൂപ വരെ 3 വർഷത്തേയ്ക്ക് വായ്പ നൽകുന്ന സ്കെയിൽ അപ്പ് സപ്പോർട്ട് പദ്ധതി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

(ബി) ഗ്രാമീണ മേഖലയിൽ സംരംഭകർക്കാവശ്യമായ പരിശീലനവും ബിസിനസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള സഹായവും നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

2022-2023 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ

ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത് പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾക്ക് പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന

സംരംഭകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 2022 ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിയിട്ടുണ്ട്. മേൽ സ്വീകരിച്ച പ്രവർത്തനങ്ങളുടെ ഫലമായി സംരംഭകവർഷം വിഭാവനം ചെയ്തിരുന്ന 98800 സംരംഭങ്ങൾ ഇതിനകം രജിസ്റ്റർ ചെയ്യുകയും പദ്ധതി വൻവിജയമായി ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതുമാണ്.

വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ജില്ലാ റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എംപാനൽ ചെയ്ത്

എം.എസ്.എം.ഇ. ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് ബിസിനസ്സ് പ്ലാനുകൾ ഉൾപ്പെടെ തയാറാക്കുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്.

(സി) ഈ പദ്ധതി സംസ്ഥാനത്ത് എത്രത്തോളം പുതിയ തൊഴിലവസരങ്ങളും സംരംഭകർക്ക് വരുമാനവും ഉറപ്പാക്കാൻ സഹായകമായിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.ഐ.ഡി.സി. മുഖേന നാളിതുവരെ 132 സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു. അതിൽ 89 സ്റ്റാർട്ടപ്പുകൾ അനുവദിച്ച തുക പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ മേൽ പദ്ധതിയിലൂടെ ഇതുവരെ പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) സംരംഭക വികസനത്തിൽ പ്രത്യേക പരിശീലനം നേടിയ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരെ സ്റ്റാർട്ടപ്പ് വില്ലേജ് സംരംഭക പദ്ധതി നടപ്പിലാക്കുന്നതിനായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉദ്ദേശിക്കുന്നില്ല.

**വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം**

192 (643) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>

ശ്രീ. പി. ഉബൈദുള്ള

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ മന്ത്രിമാരുടെ നേതൃത്വത്തിൽ വിദേശയാത്രകൾ നടത്തിയിരുന്നോ?

ഉണ്ട്.

(ബി) ഈ യാത്രകളുടെ ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ?

2019-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെത്തുടർന്നുണ്ടായ വ്യവസായ നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ:

(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും

(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ

ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രോജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ്. ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ മറ്റ് നിക്ഷേപ നിർദ്ദേശങ്ങളിൽ സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന ' ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി.

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ കൂടുതൽ നിക്ഷേപം സംബന്ധിച്ച കൃത്യമായ ചിത്രം വ്യക്തമാകുകയുള്ളൂ.

(സി) നിക്ഷേപ വാഗ്ദാനങ്ങളിൽ തുടർനടപടി സ്വീകരിച്ചു വരുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

2019-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെത്തുടർന്നുണ്ടായ വ്യവസായ നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ:

(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും

(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ

പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ.) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രോജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ്. ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ മറ്റ് നിക്ഷേപ നിർദ്ദേശങ്ങളിൽ, സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന ' ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം,

സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡെപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർ ചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ നിക്ഷേപം സംബന്ധിച്ച കൃത്യമായ ചിത്രം വ്യക്തമാകുകയുള്ളൂ.

(ഡി) ഈ വർഷത്തെ യാത്രയുടെ ഫലമായി എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ?

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03-10-2022 മുതൽ 12-10-2022 വരെ യു.കെ., നോർവ്വെ തുടങ്ങിയ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നു. സന്ദർശനത്തിന്റെ ഭാഗമായി നിരവധി നിക്ഷേപ നിർദ്ദേശങ്ങളുണ്ടാകുകയും ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിക്ഷേപ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി 2023 ജനുവരിയിൽ ഒരു നോർവെ സംഘം കേരളം സന്ദർശിക്കുന്നുണ്ട്. തുടർ ചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ നിക്ഷേപം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വ്യക്തമാകുകയുള്ളൂ.

**പുതു തലമുറ വ്യവസായ സംരംഭങ്ങൾ**

193(644) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതു തലമുറ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എത്ര പുതു സംരംഭകരാണ് അപേക്ഷ നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് കണക്കുകൾ നൽകാമോ?

വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2022 ഏപ്രിൽ 1 മുതൽ ഇതുവരെ പുതു തലമുറ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആകെ 160 പുതു സംരംഭകരാണ് അപേക്ഷ നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു.

| ക്രമ.നം | ജില്ല | പുതു സംരംഭകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 13 |
| 2 | കൊല്ലം | 14 |
| 3 | പത്തനംതിട്ട | 13 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 6 |
| 7 | എറണാകുളം | 27 |
| 8 | തൃശ്ശൂർ | 24 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 8 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 24 |
| 14 | കാസർഗോഡ് | 4 |
| | ആകെ | **160** |

(ബി) ഇത്തരം സംരംഭകർക്ക് വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് വിശദമാക്കാമോ?

പുതു തലമുറ വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്ന പുതു സംരംഭകർക്ക് താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

5. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

6. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

7. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

8. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള (സ്കെയിലിംഗ് അപ്) സഹായം

9. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി

പ്രോത്സാഹനത്തിനുള്ള സഹായം.

10. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

11. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം

12. സംസ്ഥാന ക്ലസ്റ്റർ വികസന പരിപാടി

കൂടാതെ ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എംഎസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ, ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു. ഈ സൗകര്യങ്ങൾ എല്ലാം തന്നെ വായ്പയും, വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ

ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്.

**ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ വ്യവസായ സമുച്ചയം**

194(645) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ വഞ്ചി ക്ലേ മൈൻസിന്റെ 4.3 ഏക്കർ ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) ചാത്തന്നൂർ ഉൾപ്പെടെ സംസ്ഥാനത്തെ 7 ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് 22-11-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

195(646) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവ് മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്. ഇത്തരത്തിലുള്ള പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS), മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികൾ വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളും മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്.

വർക്കല നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവ് മുതൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിലുള്ള വായ്പാ പദ്ധതികളായ പി.എം.ഇ.ജി.പി, എസ്.ഇ.ജി.പി./ എന്റെ ഗ്രാമം എന്നീ രണ്ട് വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

2016-നുശേഷം വർക്കല മണ്ഡലത്തിൽ KSIDC-യിൽ നിന്ന് സാമ്പത്തിക

സഹായം ലഭ്യമാക്കി ഹിൽ കൺട്രി ഹോട്ടൽസ് ആൻഡ് റിസോർട്ട്സ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനം ഒരു റിസോർട്ട് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പ്രസ്തുത കമ്പനിക്ക് KSIDC 550 ലക്ഷം രൂപ സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 350 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നാളിതുവരെ ഉപയോഗിച്ചിട്ടുണ്ട്.

വർക്കല മണ്ഡലത്തിൽ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയൂർവ്വേദ വില്ലേജ് 30.47 ഏക്കർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്.

(ബി) മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് വ്യവസായ വകുപ്പ് സഹായങ്ങളും അനുമതിയും നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016-17 മുതൽ 2021-2022 വരെയുള്ള കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ ആകെ 64 സംരംഭകർക്ക് സംരംഭക സഹായ പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതികൾ വഴി 1,52,08,193/- രൂപയുടെ ധനസഹായം നൽകുകയുണ്ടായി.

എം.എസ്.എം.ഇ. സംരംഭകർക്ക് തങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലുള്ള കെ-സിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് വഴി വർക്കല നിയോജക മണ്ഡലത്തിൽ 63 യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി നൽകുകയുണ്ടായി.

വർക്കല നിയോജകമണ്ഡലത്തിൽ എസ്.ഇ.ജി.പി. പദ്ധതി പ്രകാരം ആറ് ചെറുകിട സംരംഭങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും മാർജിൻമണി ഇനത്തിൽ 3,50,995/- രൂപ നൽകുകയും ചെയ്തു. കൂടാതെ പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം ആറ് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുകയും 4,74,839/- രൂപ മാർജിൻമണി ഇനത്തിൽ നൽകുകയും ചെയ്തു.

**വയനാട് ജില്ലയിൽ ആരംഭിച്ച സ്വയം സംരംഭങ്ങൾ**

196(647) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന, സേവന, കച്ചവട മേഖലകളിലായി ആകെ 3102 സംരംഭങ്ങൾ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി ജില്ലയിൽ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുവെന്ന കണക്ക് ലഭ്യമാക്കാമോ?

പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി പ്രത്യക്ഷമായി 6806 പേർക്കും പരോക്ഷമായി ഏകദേശം 1600 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) ജില്ലയിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ച താലൂക്ക് ഏതാണെന്ന് അറിയിക്കാമോ?

താലൂക്കടിസ്ഥാനത്തിൽ വൈത്തിരി താലൂക്കിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചത്.

**മലപ്പുറം നിയോജകണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

197(648) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച താഴെ ചേർത്തിട്ടുള്ള വിവിധ പദ്ധതികൾ പ്രകാരം അവബോധം നൽകുകയും ജില്ലാ വ്യവസായ കേന്ദ്രം വഴി ആവശ്യമായ കൈത്താങ്ങ് സഹായങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്.

മലപ്പുറം ജില്ലയിൽ 2016 മുതൽ നാളിതുവരെയായി 7140 -ഓളം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുകയും 80 കോടി രൂപയുടെ നിക്ഷേപവും 30518 തൊഴിലവസരങ്ങളുമുണ്ടായിട്ടുണ്ട്. ആയതിൽ സംരംഭക സഹായ പദ്ധതി (ESS) മുഖേന 535 യൂണിറ്റുകൾക്കായി 25.70 കോടി രൂപയുടെ നിക്ഷേപ

സബ്സിഡിയും മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി വഴി 15 യൂണിറ്റുകൾക്കായി 44.98 ലക്ഷം രൂപയും പി.എം.ഇ.ജി.പി. പദ്ധതിയിലൂടെ 1058 യൂണിറ്റുകൾക്കായി 22.96 കോടി രൂപ മാർജിൻ മണി ഗ്രാന്റായും നൽകിയിട്ടുണ്ട്.

ഏകജാലക സംവിധാനത്തിലൂടെ 45 അപേക്ഷകൾ പരിഗണിക്കുകയും 10 പേർക്ക് ഡീംഡ് ലൈസൻസ് അനുവദിക്കുകയും ചെയ്തു.

സംരംഭകത്വ വികസന പരിപാടിയിൽ 445 പേർ പങ്കെടുക്കുകയും 148 പേർ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. സംരംഭകത്വ ബോധവത്ക്കരണ പരിപാടിയിൽ 6126 പേർ പങ്കെടുക്കുകയും 1119 സംരംഭങ്ങൾ ആരംഭിക്കുകയുമുണ്ടായി.

2016 മുതൽ നാളിതുവരെയായി നടത്തിയ ടെക്നോളജി ക്ലിനിക് പ്രോഗ്രാമിൽ 748 പേർ പങ്കെടുക്കുകയും 66 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 2016 മുതൽ നാളിതുവരെയായി 4 ജില്ലാതല എക്സിബിഷനുകൾ നടത്തിയിട്ടുണ്ട്. കോവിഡ് 19 ആശ്വാസ പദ്ധതിയായ വ്യവസായ ഭദ്രത മുഖേന 127 യൂണിറ്റുകൾക്കായി 21 ലക്ഷം രൂപ പലിശ സബ്സിഡിയായി നൽകുകയും ചെയ്തു. ആശ സ്കീം വഴി വിവിധ യൂണിറ്റുകൾക്കായി 5.15 ലക്ഷം രൂപ നൽകി. താലൂക്ക് ജില്ലാതലങ്ങളിലായി 20-ഓളം ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കുകയും തന്മൂലം 528 പുതിയ

യൂണിറ്റുകൾ തുടങ്ങുകയും ചെയ്തു. കെ-സ്വിഫ്റ്റ്, വ്യവസായ ജാലകം പദ്ധതികളിലൂടെ നിരവധി സംരംഭങ്ങൾക്ക് ലൈസൻസ് നൽകുകയും ചെയ്തു. പ്രളയ ദുരിതാശ്വാസ പദ്ധതിയിലൂടെ വിവിധ സംരംഭകർക്കായി 6 ലക്ഷം രൂപ നൽകുകയും ചെയ്തു.

ജില്ലാതലത്തിലും താലൂക്ക് തലത്തിലും വ്യവസായ വികസനത്തിന് ഊർജ്ജം പകരുന്നതിലേയ്ക്കായി റിസോഴ്സ് സെന്റർ ആരംഭിക്കുകയും 7 പേരെ റിസോഴ്സ് പേഴ്സൺമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംരംഭക വർഷമായ 2022-2023 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 18601 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കായി 106 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കായി 122 ഇന്റേൺസിനെ നിയമിക്കുകയും ഇവരുടെ സഹായത്തോടെ ജില്ലയിലെ 106 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി സംരംഭകർക്കുവേണ്ടി 145 ശില്പശാലകൾ സംഘടിപ്പിക്കുകയും പതിനായിരത്തിന് മുകളിൽ ആളുകൾ പങ്കെടുക്കുകയും ചെയ്തു. കൂടാതെ സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലോൺ/ ലൈസൻസ്/സബ്സിഡി മേളകൾ നടന്നുവരുന്നു. സംരംഭക വർഷവുമായി ബന്ധപെട്ട് ജില്ലയിൽ ഇതുവരെ 9685 സംരംഭങ്ങൾ ആരംഭിക്കുകയും 727.21 കോടിയുടെ നിക്ഷേപമുണ്ടാകുകയും 22571 പേർക്ക്

തൊഴിൽ ലഭിക്കുകയും ചെയ്തു.

മലപ്പുറം നിയോജകമണ്ഡലത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ പി.എം.ഇ.ജി.പി, എസ്.ഇ.ജി.പി/ എന്റെ ഗ്രാമം എന്നിങ്ങനെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള രണ്ട് വായ്പ പദ്ധതികൾ നിലവിലുണ്ട്.

18 വയസ് കഴിഞ്ഞവർക്ക് അപേക്ഷ നൽകാവുന്നതാണ്. പി.എം.ഇ.ജി.പി. പദ്ധതിയിൽ ഉല്പാദന മേഖലയിൽ 50 ലക്ഷം വരെയും സേവന മേഖലയിൽ 20 ലക്ഷം വരെയും സബ്സിഡിയോടുകൂടിയ വായ്പ ലഭിക്കുന്നതാണ്. എസ്.ഇ.ജി.പി. പദ്ധതിയിൽ അപേക്ഷിക്കാവുന്ന പ്രോജക്ടിന്റെ പരമാവധി പദ്ധതിച്ചെലവ് പത്ത് ലക്ഷം രൂപയാണ്.

പി.എം.ഇ.ജി.പി. പദ്ധതിയിൽ പൊതുവിഭാഗത്തിന് നഗരപ്രദേശത്ത് 15 ശതമാനവും ഗ്രാമപ്രദേശത്ത് 25 ശതമാനവും പ്രത്യേക വിഭാഗത്തിന് (പട്ടികജാതി, പട്ടികവർഗം, പിന്നോക്കം, ന്യൂനപക്ഷം, അംഗപരിമിതർ, എക്സ് സർവ്വീസ്, വനിതകൾ) നഗര പ്രദേശത്ത് 25 ശതമാനവും ഗ്രാമപ്രദേശത്ത് 35 ശതമാനം വരെയും സബ്സിഡി അനുവദിക്കുന്നു.

എന്റെ ഗ്രാമം പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതി ചെലവിന്റെ 25% മാർജിൻ മണി സബ്സിഡി അനുവദിക്കുന്നു.

പിന്നോക്ക വിഭാഗക്കാർക്കും, സ്ത്രീകൾക്കും 30 ശതമാനവും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കും 40 ശതമാനവും മാർജിൻ മണി സബ്സിഡി അനുവദിക്കുന്നു.

മലപ്പുറം നിയോജക മണ്ഡലത്തിൽ കിൻഫ്രയ്ക്ക് കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം കിൻഫ്ര പാർക്ക്, കാക്കഞ്ചേരി

2. കിൻഫ്ര വ്യവസായ പാർക്ക്, കുറ്റിപ്പുറം.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന വിശദാംശം ലഭ്യമാക്കുമോ; ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി പുതുതായി 572 സംരംഭങ്ങൾ ആരംഭിച്ചു.

പ്രവാസികൾ ഉൾപ്പെടെയുള്ളവർ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

- സംരംഭക സഹായ പദ്ധതി (ESS)

- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

- ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

- കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

- സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

- പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

- സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

- നിലവിലുള്ള എം. എസ്. എം. ഇ- കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

- നിലവിലുള്ള എം.എസ്.എം.ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

- ഒരു കുടുംബം ഒരു സംരംഭം പദ്ധതി

- മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം

- സംസ്ഥാന ക്ലസ്റ്റർ വികസന പരിപാടി

ഇതിൽ സംരംഭക സഹായ പദ്ധതിയിൽ പ്രവാസികൾ ആരംഭിക്കുന്ന സംരംഭങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അധിക സബ്സിഡി നൽകുന്നുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴി 2022-23 വർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ പി.എം.ഇ.ജി.പി. പ്രകാരം രണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. പി.എം.ഇ.ജി.പി. വഴി 8 വ്യവസായ സംരംഭകരും എസ്.ഇ.ജി.പി. വഴി 4 വ്യവസായ സംരംഭകരും അപേക്ഷിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായാണ് എസ്.ഇ.ജി.പി. (എന്റെ ഗ്രാമം) പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിൽ പത്ത് ലക്ഷം വരെയുള്ള വായ്പകൾക്കാണ് സബ്സിഡി അനുവദിക്കുന്നത്. കൊറോണ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് ഈ പദ്ധതി പ്രകാരം 40% സബ്സിഡി അനുവദിക്കുന്നു.

കാക്കഞ്ചേരി കിൻഫ്ര പാർക്കിൽ ഒരു ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 44 വ്യവസായ സംരംഭകർക്ക് സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. കിൻഫ്ര, കുറ്റിപ്പുറം പാർക്കിൽ 16 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(സി) വ്യവസായ സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നവ സംരംഭകർക്കുവേണ്ടി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതികൾ വിഭാവനം ചെയ്യുകയും പി.എം.ഇ.ജി.പി, പി.എം.എഫ്.എം.ഇ. മാർജിൻ മണി ഗ്രാന്റ് പദ്ധതി, സംരംഭക സഹായ പദ്ധതിയിലെ സ്റ്റാർട്ട് അപ്പ് സപ്പോർട്ട് തുടങ്ങിയവ വഴി സംരംഭകന് സബ്സിഡിയോടുകൂടിയുള്ള വായ്പ ലഭിക്കുന്ന സാഹചര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ സബ്സിഡി നൽകുന്ന പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സർക്കാർ അനുവദിക്കുന്ന സബ്സിഡി തുകകൾ മുൻകൂറായി ബാങ്കിലേയ്ക്ക് എത്തുന്നതുവഴി വായ്പയുടെ തിരിച്ചടവിൽ ബാങ്കിന് വിശ്വാസം ആർജ്ജിക്കുന്നതിനും വായ്പ അനായാസമായി ലഭ്യമാകുകയും ചെയ്യുന്നു. സബ്സിഡിയോടുകൂടിയുള്ള ബാങ്ക് വായ്പയ്ക്ക് വകുപ്പുവഴി അപേക്ഷ നൽകുന്ന പ്രക്രിയ പൂർണ്ണമായും ഓൺലൈനാക്കുകയും അതുവഴി സമയനഷ്ടം കൂടാതെ അപേക്ഷകൾ ബാങ്കിലേക്ക് എത്തുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നവ സംരംഭകർക്ക് വായ്പകൾ ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചേർന്ന് 'കേരള എന്റർപ്രെണേഴ്സ് ലോൺ സ്കീം' എന്ന ഒരു പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവാസികളുടെ വ്യവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ഉദാര

വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. നിലവിൽ 25 ലക്ഷം മുതൽ 200 ലക്ഷം വരെയുള്ള വായ്പകൾക്ക് നിബന്ധനകൾക്ക് വിധേയമായി 3% പലിശയിളവ് ലഭ്യമാണ്.

**കാസർകോട് ബീച്ച് റോഡിൽ പുതിയ വ്യവസായ സംരംഭം**

198(649) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബീച്ച് റോഡിൽ കെ.എസ്.ഐ.ഡി.സി.-ക്ക് എത്ര ഏക്കർ സ്ഥലം സ്വന്തമായുണ്ടെന്ന് അറിയിക്കാമോ?

1.99 ഏക്കർ ഭൂമി

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങാൻ ഉദ്ദേശ്യമുണ്ടോയെന്നും ഏത് തരത്തിലുള്ള സംരംഭമാണ് ആരംഭിക്കുകയെന്നും വിശദമാക്കാമോ?

പ്രസ്തുത സ്ഥലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. നടത്തിവരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്.

(സി) പ്രസ്തുത വ്യവസായ സംരംഭത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായി വരുന്നു. [അനുമതികൾ തുടർന്ന് ലഭ്യമാകുന്നതാണ്.]

(ഡി) എത്രപേർക്ക് തൊഴിൽ ലഭിക്കുന്ന സംരംഭമാണിതെന്നും ആയത് എപ്പോൾ യാഥാർത്ഥ്യമാകുമെന്നും വ്യക്തമാക്കാമോ?

മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ വഴി 2025-ഓടെ ഏകദേശം ആയിരം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

199(650) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

ഏതെല്ലാം; എത്ര പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 11 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. മെയ്-ജൂൺ മാസങ്ങളിലായി സംരംഭകർക്കായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഓരോ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിലൂടെ 576 സംരംഭകർക്ക് പരിശീലനം നൽകി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു. ഇതിലൂടെ 28 K-Swift Acknowledgement, 60 Udyam Registration, 38 DPR എന്നിവ സംരംഭകർക്കായി നൽകി. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും 3 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. പുതിയ അപേക്ഷകൾ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ സംരംഭകർക്കായി പി.എം.ഇ.ജി.പി, MMG to Nano, PMFME എന്നീ സബ്സിഡി സ്കീമുകളുടെ അപേക്ഷകൾ ക്ഷണിക്കുകയും ബാങ്കുകളിലേയ്ക്ക് ശിപാർശകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വഴിയും

മുനിസിപ്പാലിറ്റി വഴിയും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കി വരുന്നു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 4 പദ്ധതികളും (തേൻ സംസ്കരണ പ്രോജക്ട്, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി-2) ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ വനിതാ സംരംഭകർക്ക് സബ്സിഡി നൽകുന്ന പദ്ധതികളും നടപ്പാക്കിവരുന്നു. പുതിയതായി ആരംഭിക്കുന്ന വ്യാപാര മേഖലയിൽ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് പലിശ സബ്സിഡി അനുവദിക്കുന്ന KELS-OFOE പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സംരംഭകർക്ക് ലോൺ അപേക്ഷകൾ സമർപ്പിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 676 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കോക്കോണിക്സ് പദ്ധതി

200(651)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തനത് ലാപ്ടോപ് സംരംഭമായ കോക്കോണിക്സ് പദ്ധതി പ്രകാരം എത്ര ലാപ്ടോപ്പുകൾ നാളിതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം വിറ്റഴിഞ്ഞിട്ടുണ്ടെന്നും ലാപ്ടോപ്പിന്റെ വില എത്രയാണെന്നും വ്യക്തമാക്കുമോ?

കോക്കോണിക്സ് പദ്ധതി പ്രകാരം 12636 ലാപ്ടോപ്പുകൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ഓഫീസ് ആവശ്യങ്ങൾക്കുള്ള 50-ഓളം ലാപ്ടോപ്പുകൾ ഒഴികെ ബാക്കി ലാപ്ടോപ്പുകൾ എല്ലാം തന്നെ ഓൺലൈൻ വഴിയും നേരിട്ടും വിറ്റുതീർന്നിട്ടുണ്ട്. വിവിധ മോഡലുകളിലായി 14,990/- മുതൽ 85,000/- രൂപ വരെയുള്ള ലാപ്ടോപ്പുകൾ കോക്കോണിക്സ് നിർമ്മിച്ച് നേരിട്ടും ഓൺലൈനായും വില്പന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ കമ്പനികളുമായാണ് കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കമ്പനികളുമായുണ്ടാക്കിയ കരാർ വ്യവസ്ഥകൾ വിശദമാക്കാമോ?

(ബി & സി) കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ വിറ്റഴിക്കുന്നതിനായി സ്ഥാപനം മറ്റൊരു കമ്പനിയുമായും ഡീലർഷിപ്പ്/ഡിസ്ട്രിബ്യൂഷൻ കരാർ ഉണ്ടാക്കിയിട്ടില്ല. കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ കമ്പനി നേരിട്ടും ഓൺലൈൻ

പോർട്ടലുകളായ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GEM), ആമസോൺ, ഫ്ലിപ്കാർട്ട്, സ്നാപ്പ് ഡീൽ, ഷോപ്ക്ലൂസ്, പേ ടി.എം., ടാറ്റ ക്ലിക്, അപ്പാരിയോ, സി.എസ്.സി., ഇ-ഗ്രാമീൺ, കോക്കോണിക്സിന്റെ സ്വന്തം വെബ്സൈറ്റായ ഇ-കോമേഴ്സ് എന്നിവ വഴിയാണ് വില്പന നടത്തിക്കൊണ്ടിരിക്കുന്നത്.

(ഡി) ലാപ്ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പദ്ധതി പരാജയപ്പെട്ടതിനെ തുടർന്ന് പുതിയ ലാപ്ടോപ് ഇറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോക്കോണിക്സ് നിർമ്മിച്ച ലാപ്ടോപ്പുകളിൽ ഒരു മോഡൽ ഒഴികെ മറ്റെല്ലാ മോഡലുകളും നല്ല രീതിയിൽ വിറ്റുപോയതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമാണ്. കമ്പനി നിർമ്മിച്ച ഒരു മോഡലിലെ കുറച്ചു ലാപ്ടോപ്പുകളിൽ കീബോർഡിലെ പവർ സ്വിച്ചുമായി ബന്ധപെട്ട് തകരാർ കണ്ടെത്തിയ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പുതിയത് സൗജന്യമായി മാറ്റി നൽകുകയുണ്ടായി.

കോക്കോണിക്സ് പുനരുദ്ധീകരിച്ച് പുതിയ ലാപ്ടോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മഞ്ചേശ്വരം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

201(652) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ 2016 മുതൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ 2016 മുതൽ 317 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും കെട്ടിടനിർമാണ സാമഗ്രികളുടെ നിർമ്മാണം, ഭക്ഷ്യ-കാർഷികാധിഷ്ഠിതം, ഫ്രൂട്സ് ആൻഡ് ഫുഡ് ബേസ്ഡ്, പേപ്പർ ഉൽപ്പന്നങ്ങൾ എന്നീ മേഖലയിലുള്ള സംരംഭങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത സംരംഭങ്ങൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പ്രസ്തുത സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി താഴെപ്പറയുന്ന ധനസഹായം നൽകിയിട്ടുണ്ട്.

- സംരംഭക സഹായ പദ്ധതി (ESS) പ്രകാരം 49 യൂണിറ്റുകൾക്ക് സബ്സിഡിയായി 4.08 കോടി രൂപ അനുവദിച്ചു.

- പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജിപി) പ്രകാരം 35 യൂണിറ്റുകൾക്ക് 127.04 ലക്ഷം രൂപ ധനസഹായം അനുവദിച്ചു.
- മാർജിൻ മാണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി പ്രകാരം 4 യൂണിറ്റുകൾക്ക് 12 ലക്ഷം രൂപ ധനസഹായം അനുവദിച്ചു.

- വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി പ്രകാരം 13 യൂണിറ്റുകൾക്ക് 17.75

ലക്ഷം രൂപ ധനസഹായം അനുവദിച്ചു.

(സി) മഞ്ചേശ്വരം താലൂക്കിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെ വകുപ്പുവഴി നടപ്പിലാക്കുന്ന വിവിധ പ്രവർത്തങ്ങളും ധനസഹായ പദ്ധതികളുംവഴി മഞ്ചേശ്വരം മണ്ഡലത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) കർണ്ണാടകയിലെ മംഗലാപുരം നഗരത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി നിക്ഷേപകരെ ആകർഷിക്കാൻ മഞ്ചേശ്വരത്ത് നിക്ഷേപ സംഗമം സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കർണ്ണാടകയിലെ മംഗലാപുരം നഗരത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി നിക്ഷേപക സംഗമം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള റബർ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി**

202(653) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പുതിയ സംരംഭമായ

കേരള റബർ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

റബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പുതിയ സംരംഭമായ കേരള റബർ ലിമിറ്റഡിന്റെ കല്ലിടൽ ചടങ്ങ് 2022 മേയ് 09-ന് നടന്നു.

- MSME-കളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് റബ്ബർ ബോർഡ് KIIFB കൺസൾട്ടൻസി സർവീസസ് യൂണിറ്റിന്റെ (KCSU) സഹകരണത്തോടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

- KIIFB കൺസൾട്ടൻസി സർവീസസ് യൂണിറ്റിനെ (KCSU) KRL-ന് വേണ്ടി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) ചുമതലപ്പെടുത്തി. ടോപ്പോഗ്രാഫിക്കൽ സർവ്വേയ്ക്കാവശ്യമായ ലാൻഡ് ക്ലിയറൻസും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയായി.

- കോമ്പൗണ്ട് ഭിത്തിയുടെ ടെണ്ടറിംഗ് പൂർത്തിയായി. ഇന്റീരിയർ റോഡുകളുടെയും കെട്ടിടങ്ങളുടെയും ടെണ്ടറിംഗ് പുരോഗമിക്കുകയാണ്.

- പ്രാരംഭ വികസന പ്രവർത്തനങ്ങൾക്കായി ഭൂവികസന നടപടികൾ പുരോഗമിക്കുന്നു.

- KRL ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ തങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ

ആരംഭിക്കുന്നതിന് 12 നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

- പ്രാരംഭ ഭ്രൂവിതരണം 2023 ഏപ്രിൽ മാസം മുതൽ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നീ മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നു.

- വർക്ക് ഷെഡ് നവീകരണം
- വ്യക്തിഗത വർക്ക് ഷെഡ് നവീകരണം
- ഡൈ ഹൗസ് റിപ്പയറിംഗ്
- ഒരു വീട്ടിൽ ഒരു തറി
- ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി

- തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ.

കൈത്തറി മേഖലയിലെ അസംസ്കൃതവസ്തുക്കളായ, നൂൽ, ചായം, രാസവസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് (സ്കൂൾ യൂണിഫോം 30% മറ്റ് സീസണുകളിൽ 20 % നിരക്കിൽ) നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും തദ്വാരാ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

യുവ വീവ് പദ്ധതി:

തൊഴിൽരഹിതരായ പതിനെട്ടിനും നാല്പതിനും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി മൂന്നുമാസം സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുകയും പരിശീലനം ലഭിച്ച യുവതീയുവാക്കൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും നൽകി നെയ്ത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി :

മാർഗ്ഗ നിർദ്ദേശപ്രകാരം ശാസ്ത്രീയമായി ജോലിയിൽ മൂല്യനിർണ്ണയം നടത്തിയും വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 6200 നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഈ പദ്ധതിമൂലം ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വർഷം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും കേരള കാഷ്യൂ ബോർഡിനും കശുമാവ് കൃഷി വികസന ഏജൻസിക്കും വർഷാവർഷം പദ്ധതി വിഹിതമായി തുക നൽകിവരുന്നു.

കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി

അടഞ്ഞുകിടന്ന സ്വകാര്യ ഫാക്ടറികളിൽ നിന്നും 1509 തൊഴിലാളികളെ കാപ്പെക്സ് 2016-21 കാലയളവിൽ നിയമിച്ചിരുന്നു. തുടർന്നും സമാന രീതിയിൽ തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കശുവണ്ടി മേഖലയിൽ കശുമാവിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് തോട്ടണ്ടി സംഭരണത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കൃഷി പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പ്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചു വരുന്നുണ്ട്.

പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ തൊഴിലാളികളെ എടുത്ത് പരമാവധി ഉൽപ്പാദനക്ഷമത കൈവരിക്കാനാണ് കശുവണ്ടി വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാനിന്റെ ഉദ്ഘാടനം 16-08-2022-ന് നിർവ്വഹിച്ചിട്ടുള്ളതാണ്. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴിയും വിപണനം മെച്ചപ്പെടുത്തി ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ 200 ദിവസമെങ്കിലും തൊഴിൽ നൽകുക, കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുക തുടങ്ങി നിരവധി പ്രശ്നങ്ങളാണ് വിദഗ്ദ്ധ സമിതി പരിശോധിക്കുന്നത്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും കൃഷി വ്യാപനവും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് Cultivation of Organic Cashew & Establishment of Raw Nut Bank എന്ന പദ്ധതിയിൽ Model Cashew Garden, Cashew Model Farm, മുറ്റത്തൊരു കശുമാവ്, Ultra High Density Planting എന്നീ പദ്ധതികൾ ഘട്ടങ്ങളായി നടപ്പിലാക്കി വരുന്നു.

കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട്

സമ്പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പാക്കുക, ചകിരിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, ഉല്പന്നരംഗത്ത് വൈവിധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1493 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, 26000 ഇ-റാട്ടുകൾ, 130 ഡി.എഫ്. മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കയർ ചകിരി ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എ.എസ്.എം.-കൾ സ്ഥാപിച്ച സംഘങ്ങളിൽ തൊഴിലാളികളുടെ ദിവസ വേതനം 500/-രൂപയായി ഉയർത്തിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കയറിന്റെയും കയറുല്പന്നങ്ങളുടെയും അന്താരാഷ്ട്ര പ്രദർശന-വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുക വഴി ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ കയർ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുകളിലൂടെ കയർ മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നുണ്ട്. കയർ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം വഴി ആനുകൂല്യം നൽകിവരുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് ഒരു വിദഗ്ദ്ധ

സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## പാലക്കാട് തരൂർ കല്ലേപ്പുള്ളി റൈസ് മിൽ

203(654) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പാലക്കാട് തരൂർ മണ്ഡലത്തിലെ കല്ലേപ്പുള്ളി റൈസ് മില്ലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് തരൂർ മണ്ഡലത്തിലെ കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത റൈസ് മിൽ വേഗത്തിൽ പൂർത്തീകരിക്കാത്തതുമൂലം നിർമ്മാണത്തിന് അധിക തുക ആവശ്യമായി വരുമോയെന്ന് വ്യക്തമാക്കാമോ?

പദ്ധതി പൂർത്തീകരിക്കാനുണ്ടായ കാലതാമസം കാരണം അധിക തുക ആവശ്യമായി വരുമെന്ന് നിർമ്മാണ ചുമതലയുള്ള കെൽ അറിയിച്ചിട്ടുണ്ട്.

(സി) 2022 ഡിസംബർ മാസം കല്ലേപ്പുള്ളി റൈസ് മിൽ ട്രയൽ റൺ നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

കല്ലേപ്പുള്ളി റൈസ്മില്ലിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ട്രയൽ റൺ നടത്താൻ 3-4 മാസം വേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(ഡി) റൈസ് മിൽ കാലതാമസം കൂടാതെ പ്രവർത്തന സജ്ജമാക്കുന്നതിന് കെൽപാം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിവിധഘട്ടങ്ങളിൽ കെൽപാമിലെ ഉദ്യോഗസ്ഥർ സ്ഥല സന്ദർശനം നടത്തി നിർമ്മാണ പുരോഗതി വിലയിരുത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് കാലതാമസം പരമാവധി ഒഴിവാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആവശ്യമായ അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**കെൽട്രോൺ ഗ്രൂപ്പ് കമ്പനികളിലെ നിയമനം**

204(655) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ഗ്രൂപ്പ് കമ്പനികളിലെ വിവിധ യൂണിറ്റുകളിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നുയെന്നതും, വിരമിച്ച ജീവനക്കാരെ വിവിധ പ്രോജക്ടുകളുടെ പേരിൽ കൺസൾട്ടന്റ്/അഡ്വൈസർ മുതലായ തസ്തികകളിൽ പുനർനിയമിക്കുന്നുയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രന്റീസ് ട്രെയിനികളായി നിയമിതരായ എത്ര ആളുകളെ തൽക്കാലിക തസ്തികകളിലും വിരമിച്ച എത്ര ജീവനക്കാരെ വിവിധ

പ്രോജക്റ്റുകളുടെ പേരിലും പുനർ നിയമനം നടത്തിയിട്ടുണ്ടെന്നും ആരെയെല്ലാമാണ് മേൽപ്രകാരം പുനർ നിയമിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം അറിയിക്കുമോ?

(എ & ബി) കെൽട്രോണിലെ വിവിധ യൂണിറ്റുകളിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. കെൽട്രോണിൽ നിന്നും വിരമിച്ച ഒരു യൂണിറ്റ് മേധാവിയെ ഒരു വർഷ കാലയളവിലേയ്ക്ക് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഒരു വർഷത്തെ അപ്രന്റീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്നും അവരുടെ അപ്രന്റീസ് കാലയളവിലെ മികവുകൂടി വിലയിരുത്തി അതത് വകുപ്പ് മേധാവികൾ ശിപാർശ ചെയ്യുന്നവരെ വീണ്ടും ഇന്റർവ്യൂ ചെയ്ത് ദിവസവേതനാടിസ്ഥാനത്തിൽ കാഷ്വൽ പൂളിലേക്ക് ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കാഷ്വൽ പൂളിൽ ഉൾപ്പെടുത്തിയ ജീവനക്കാരെ ഇവരുടെ സേവനം ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.

കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന

മുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. വിരമിച്ച ജീവനക്കാരെയും പുനർ നിയമിച്ചിട്ടില്ല.

**കിൻഫ്ര വ്യവസായ പാർക്ക് സ്ഥലമേറ്റെടുക്കൽ**

205(656) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ചെണ്ടയാട് നവോദയകുന്നിൽ അഞ്ഞൂറ്റി ആറ് ഏക്കർ ഭൂമി കിഫ്ബി ഫണ്ടുപയോഗിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിൻഫ്ര വ്യവസായപാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ11(1) പ്രകാരമുള്ള വിജ്ഞാപനം 30-11-2021-ന് പ്രസിദ്ധീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഏറ്റെടുക്കൽ നടപടികൾ വൈകുന്നതുമൂലം പ്രസ്തുത ഭൂമിയിൽ വ്യാപകമായ ചെങ്കൽ ഖനനം നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി നടപടി

സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

അനധികൃത ചെങ്കൽ ഖനനത്തിനെതിരെ മിന്നൽ പരിശോധന ഉൾപ്പെടെയുള്ള കർശ്ശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അനധികൃത ഖനനത്തിലേർപ്പെട്ട വാഹനങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ കസ്റ്റഡിയിലെടുക്കുന്നതും പിഴ ചുമത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ ജില്ലാ ജിയോളജിസ്റ്റ് ഉൾപ്പെടെ ബന്ധപ്പെട്ടവർ മുഖാന്തരം ചെയ്തുവരുന്നു. അനധികൃത ഖനനത്തിലേർപ്പെട്ട ഭൂവുടമകളിൽ നിന്നും റോയൽറ്റി ഈടാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രയുടെ മുൻഗണനാക്രമം പുന:പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ ഭൂമി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ തന്നെയാണ് പരിഗണിച്ചിരിക്കുന്നത്.

**സിഡ്കോയിലെ നിയമനം സംബന്ധിച്ച ആക്ഷേപം**

206 (657) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സർക്കാർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച

നൽകിയത് സംബന്ധിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ സമർപ്പിച്ച പരാതി പരിശോധിച്ചിട്ടുണ്ടോ?

സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) എങ്കിൽ പ്രസ്തുത പ്രൊമോഷൻ നിയമവിരുദ്ധമാണെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ?

ഇക്കാര്യത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പരാതിക്കുമേൽ വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. വിഷയം പരിശോധിച്ച് വരുന്നതേയുള്ളു.

(ഡി) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് സമർപ്പിച്ച അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(ഇ) സിഡ്കോയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 2003 മുതൽ വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് അനുവദിച്ച നൽകിയ പ്രൊമോഷൻ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത ഒഴിവിലേക്ക് പി.എസ്.സി. റാങ്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

## വ്യവസായ യൂണിറ്റുകൾ

207(658) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ റിപ്പോർട്ടുപ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനം കേരളമാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ചെറിയ സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളെല്ലാം കേരളത്തേക്കാൾ മൂന്നിരട്ടി വലിപ്പമുള്ളതാണ്. എന്നാൽ ജനസാന്ദ്രത (Density of Population) കേരളത്തിൽ ഏറ്റവും കൂടുതലും മറ്റു സംസ്ഥാനങ്ങളിലെ ജനസാന്ദ്രത കേരളത്തേക്കാൾ വളരെ കുറവുമാണ്. ഇക്കാരണത്താൽ കേരളത്തിൽ ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. മാത്രമല്ല കേരളത്തിലെ ഭൂമിയുടെ നല്ലൊരു ഭാഗം വനമേഖലയും തോട്ടം ഭൂമിയും മറ്റു ചില ഭാഗങ്ങൾ CRZ-ന്റെ പരിധിയിൽ വരുന്ന ഭൂമിയുമാണ്. വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത കേരളത്തിൽ തുലോം കുറവാണ്. അങ്ങനെയുള്ള ഒരു

സാഹചര്യത്തിൽ ഫാക്ടറികളുടെയും ചെറുകിട ഇടത്തരം വ്യവസായങ്ങളുടെയും എണ്ണം മാത്രം കേവല താരതമ്യം ചെയ്യുന്നത് ശാസ്ത്രീയമല്ലായെന്നാണ് കാണുന്നത്. വ്യവസായ സ്ഥാപനങ്ങളുടെ എണ്ണവും സംസ്ഥാനത്തിന്റെ വിസ്തീർണ്ണവും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ സ്ഥാനം മെച്ചപ്പെട്ടതായിരിക്കുമെന്ന് കാണാവുന്നതാണ്. മാത്രമല്ല ഈ സർക്കാരിന്റെ വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ സാരമായ വർദ്ധന സമീപകാലത്തുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലുമുള്ള വ്യവസായ യൂണിറ്റുകൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നിവയുടെ എണ്ണവും ഈ മേഖലയിലുള്ള മൂലധന നിക്ഷേപവും തൊഴിലവസരങ്ങളും സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ Handbook of Statistics on Indian States 2021-2022 റിപ്പോർട്ടിലാണ് സംസ്ഥാനം തിരിച്ചുള്ള ഫാക്ടറികളുടെയും (STATE-WISE NUMBER OF FACTORIES) ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെയും (STATE-WISE MEDIUM & SMALL SCALE INDUSTRIES-TOTAL NUMBER OF UNITS) കണക്കുകൾ

പരാമർശിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 36 സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം 12 ആണ്. റിപ്പോർട്ടിൽ പരാമർശിക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശദവിവരങ്ങൾ പട്ടികരൂപത്തിൽ താഴെച്ചേർക്കുന്നു.

| ക്രമ. നം. | സംസ്ഥാനം | ഫാക്ടറികളുടെ എണ്ണം (2019-20) | സ്ഥിരനിക്ഷേപം 2019-20 (ലക്ഷത്തിൽ) | തൊഴിൽ ലഭ്യത (2019-20) |
|---|---|---|---|---|
| 1 | കേരളം | **7796** | **5621182** | **341411** |
| 2 | തമിഴ്നാട് | **38837** | **30725218** | **2663069** |
| 3 | കർണാടകം | **14169** | **22492822** | **1081116** |
| 4 | ആന്ധ്രാപ്രദേശ് | **16924** | **20654656** | **663574** |
| 5 | തെലുങ്കാന | **15271** | **9690004** | **787105** |

| ക്രമ നം. | സംസ്ഥാനം | ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ എണ്ണം (NSS 73rd Round (2015-16) (ലക്ഷത്തിൽ ) | സ്ഥിര നിക്ഷേപം (Fourth Census) (2006-07) (കോടിയിൽ) | തൊഴിൽ ലഭ്യത NSS 73rd Round (2015-16) (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കേരളം | **23.79** | **44353.53** | **44.64** |
| 2 | തമിഴ്നാട് | **49.48** | **77824.34** | **96.73** |
| 3 | കർണാടകം | **38.34** | **27161.11** | **70.84** |
| 4 | ആന്ധ്രാപ്രദേശ് | **33.87** | **32757.63** | **55.99** |
| 5 | തെലുങ്കാന | **26.05** | **NA** | **40.16** |

## പാലക്കാട് കണ്ണമ്പ്രയിലെ റൈസ് മില്ലിന്റെ പ്രവർത്തനം

208(659) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് കണ്ണമ്പ്രയിലെ റൈസ് മില്ലിന്റെ പ്രവർത്തനമേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പാലക്കാട് കണ്ണമ്പ്രയിലെ റൈസ് മില്ലിന്റെ റീടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത റൈസ് മില്ലിന്റെ റീടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

പൂർത്തീകരിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രദേശത്തേക്കുള്ള പഞ്ചായത്ത് റോഡുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്.

## കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

209(660) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി നാളിതുവരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; പദ്ധതിക്കായി ഉദ്ദേശിച്ച ഭൂമിയുടെ എത്ര ശതമാനമാണിതെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും കൊച്ചിയും ഓരോ നോഡുകളായാണ് വികസിപ്പിക്കുന്നത്. പാലക്കാട് നോഡിൽ രണ്ടുഘട്ടങ്ങളിലായാണ് ഭൂമി ഏറ്റെടുക്കുന്നത്.

| | |
|---|---|
| ഒന്നാംഘട്ടം | 1436.23 ഏക്കർ |
| രണ്ടാം ഘട്ടം | 273.59 ഏക്കർ |
| ആകെ | **1709.82** ഏക്കർ |
| എറണാകുളം | 358.00 ഏക്കർ |
| ആകെ | **2067.82** ഏക്കർ |

ഇതിൽ ആദ്യഘട്ടത്തിൽ 1185.98 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇത് ഒന്നാംഘട്ടത്തിന്റെ 83% ആണ്. പാലക്കാട് രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കലും കൊച്ചി നോഡിന്റെ (GIFT CITY) ഭൂമി ഏറ്റെടുക്കലും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) നിലവിലെ സ്ഥിതിയിൽ പദ്ധതി പൂർണ്ണമായിയെന്ന്

പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതി അഞ്ച് വർഷത്തിനുള്ളിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പവർ ഡിവൈസസ്, റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങളുടെ കോടതി വ്യവഹാരങ്ങൾ**

210 (661) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കമ്പനി പെറ്റീഷനായ CP40/2001-ഉം അതിന്മേൽ കെൽട്രോൺ ഫയൽ ചെയ്ത അപ്പീലായ CO.Appl No.457/2017-ഉം, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡിന്റെ പേരിൽ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കമ്പനി പെറ്റീഷനായ CP31/2002-ഉം അതിന്മേൽ കെൽട്രോൺ ഫയൽ ചെയ്ത അപ്പീലായ CO.Appl No.451/2017-ഉം ആണ് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ.

(ബി) ഈ വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും

അവയുടെ പുരോഗതിയും കേസ് തിരിച്ച് കോടതി തിരിച്ച് വ്യക്തമാക്കുമോ?

കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ കമ്പനികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന CP40/2001, CP31/2002 എന്നീ കേസുകളും അതിന്മേലുള്ള അപ്പീലും ബഹു. ഹൈക്കോടതി ഒരുമിച്ചാണ് പരിഗണിക്കുന്നത്. 1956-ലെ കമ്പനീസ് ആക്ടിലെ ലിക്വിഡേഷൻ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത കമ്പനികളെ ലിക്വിഡേറ്റ് ചെയ്യുവാൻ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്റർ കമ്പനിയുടെ ചുമതലയും സ്ഥാവരജംഗമ വസ്തുക്കളുടെ ഉടമസ്ഥാവകാശവും ഏറ്റെടുത്തിരുന്നു.

ഇപ്രകാരം ഒഫീഷ്യൽ ലിക്വിഡേറ്റർ ഏറ്റെടുത്ത കമ്പനികളുടെ വസ്തുവകകൾ തിരികെ ലഭിക്കുന്നതിനായി 2017- ൽ കെൽട്രോൺ ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിനായി ഒരു റിവൈവൽ സ്കീം സമർപ്പിക്കുവാൻ കോടതി ഉത്തരവാകുകയും തുടർന്ന് കെൽട്രോൺ ടി കമ്പനികളുടെ വസ്തുവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 100 മെഗാവാട്ട് സോളാർ പാനൽ മാനുഫാക്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേസ് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**നാച്വറൽ ഫൈബർ പാർക്ക്**

211(662) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ കയർഫെഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന നാച്വറൽ ഫൈബർ പാർക്കിന്റെ വികസനത്തിനായി അനുവദിച്ച 65 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

കയർഫെഡിന്റെ ചവറ നാച്വറൽ ഫൈബർ പാർക്ക് യൂണിറ്റിൽ ഒരു ജിയോ ടെക്സ്റ്റൈൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 04-11-2019-ലെ ജി.ഒ (ആർ.റ്റി) നം.1098/2019/വ്യവ. പ്രകാരം 78,71,000/-രൂപയുടെ ഭരണാനുമതി നൽകുകയും 17-12-2020-ലെ ജി.ഒ (ആർ.റ്റി) നം. 1072/20/വ്യവ. പ്രകാരം 50,00,000/- രൂപ കയർഫെഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടെ ഒരു ഓട്ടോമാറ്റിക് പവർലൂം (fully automatic power loom) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇതിന്റെ ട്രയൽറൺ നടന്നുവരുന്നു. ട്രയൽ റൺ പൂർത്തിയാകുന്ന മുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കുന്നതാണ്.

## സ്വകാര്യ വ്യവസായ പാർക്കുകൾ

212 (663) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം - 2022 പ്രകാരം സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും ഒരു അപേക്ഷ ലഭ്യമായിരുന്നു. മെ. ഇലാഹിയ ട്രസ്റ്റിന്റെ അപേക്ഷയാണ് ലഭിച്ചത്.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധിച്ച് സർക്കാരിൽ ലഭ്യമാക്കുകയും സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും ചെയ്തു. ഭൂമിയുടെ തരം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കൺകറൻസ് ലഭിച്ചശേഷം പരിഗണിക്കുന്നതിനായി കമ്മിറ്റി ടി കേസ് മാറ്റിവച്ചു. ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൺകറൻസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള

അപേക്ഷയ്ക്കെതിരെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രമേയം പാസ്സാക്കുകയും വ്യവസായ പാർക്ക് നിലവിൽ വന്നാൽ പരിസ്ഥിതിയെയും ജനജീവിതത്തെയും ബാധിക്കുമെന്ന് അറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷ നൽകുകയും ചെയ്തു. ടി അപേക്ഷയിന്മേൽ നിജസ്ഥിതി റിപ്പോർട്ട് സർക്കാർ ആരാഞ്ഞിട്ടുണ്ട്.

**എരുമപ്പെട്ടി വ്യവസായ പാർക്ക്**

213(664) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ, ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

**വ്യവസായ പാർക്കുകളുടെ നടത്തിപ്പ്**

214(665) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകളാണ് വകുപ്പിനു കീഴിൽ

പ്രവർത്തിക്കുന്നത്; ഓരോ വ്യവസായ പാർക്കിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുയെന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ; ആകെ എത്ര ഭൂമിയാണ് പാർക്കിനായി മാറ്റിയതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളാണുള്ളത്. സംസ്ഥാനത്ത് കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ യഥാക്രമം 31, 7, 7 എന്നിങ്ങനെ വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. സിഡ്കോയുടെ കീഴിലുള്ള 7 വ്യവസായ പാർക്കുകളിലായി ആകെ 47.15 ഏക്കർ ഭൂമിയാണുള്ളത്. പ്രസ്തുത പാർക്കുകളിൽ 173 സ്ഥാപനങ്ങളും ആയതു വഴി 1732 പേർക്ക് തൊഴിലും ലഭിക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കിൻഫ്ര കെ.എസ്.ഐ.ഡി.സി. എന്നിവയുടെ വ്യവസായ പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം, തൊഴിൽ ലഭ്യത ഉപയോഗിക്കുന്ന ഭൂമിയുടെ കണക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു.

(ബി) സിഡ്കോയുടെ കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകളും ഭൂമിയുമാണുള്ളതെന്നും പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ?

സിഡ്കോയുടെ കീഴിൽ 17 മേജർ വ്യവസായ എസ്റ്റേറ്റുകളും 36 മിനി വ്യവസായ എസ്റ്റേറ്റുകളുമുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളിൽ ആകെ 269.735 ഏക്കർ ഭൂമിയാണുള്ളത്. ആകെയുള്ള 53 എസ്റ്റേറ്റുകൾ ഉപയോഗപ്പെടുത്തി 1303-ൽപ്പരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) വ്യവസായത്തിനായി ലീസിനു കൊടുക്കുന്ന ഭൂമിയുടെ വാടക ലാൻഡ് അലോട്ട്മെന്റ് റൂളിന് വിരുദ്ധമായി അന്യായമായി വർദ്ധിപ്പിക്കുകയും ന്യായമല്ലാത്ത പ്രോസസ്സിംഗ് ചാർജ് വാങ്ങുകയും ചെയ്യുന്നതായ പരാതി വ്യവസായികൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സിഡ്കോയിലെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ അസോസിയേഷനുകളിൽ നിന്നും ലഭിച്ച പരാതികൾ ഡയറക്ടർ ബോർഡിന്റെ തീരുമാനമുൾപ്പെടെ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ഡി) വ്യവസായ എസ്റ്റേറ്റുകളിൽ ലീസിനെടുത്ത ഭൂമിയിലെ വ്യവസായ യൂണിറ്റുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും സുഗമമായി വ്യവസായ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച് നയരൂപീകരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച പുതിയ റൂൾ രൂപീകരണം സർക്കാർ പരിഗണനയിലാണ്.

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

215(666) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് മടിക്കൈ-പുതുക്കൈ വ്യവസായ പ്ലോട്ടിൽ 82.82 ഏക്കർ ഭൂമിയാണുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു. സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ക്ലസ്റ്റർ ഡെവലപ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ആഭ്യന്തര റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ വ്യവസായ പാർക്ക്

216(667) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ സൈബർ പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായ വകുപ്പിന് കൈമാറി വ്യവസായ പാർക്കാക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വ്യവസായ വകുപ്പിലെ ഐ.എൻ.ഡി.-ജി1/179/2021 എന്ന ഫയലിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ എരമം, കാസർഗോഡ് ജില്ലയിലെ ചീമേനി എന്നിവിടങ്ങളിൽ ഐ.ടി.പാർക്കുകൾ ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ (KSITIL) ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി പാർക്കിന്റെ നിർമ്മാണ പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യമില്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ

സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കുവാൻ തീരുമാനമായി. ഇതിന്റെ ഭാഗമായി 07-10-2021-ന് ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതുസംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമായി. തുടർന്ന് കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം എന്നിവിടങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ചെലവാക്കിയ തുക കിൻഫ്രയിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം SEZ പദവിയിൽ നിന്നും Non SEZ പദവിയിലേക്ക് മാറ്റിക്കൊണ്ട് വ്യവസായപാർക്ക് ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്ന വിഷയം നിലവിൽ വിവര സാങ്കേതികവിദ്യാ വകുപ്പ് പരിശോധിച്ചുവരുന്നു.

## പാലക്കാട് തരൂർ വ്യവസായ പാർക്ക്

217 (668) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിലെ വ്യവസായ പാർക്കിന്റെ നിർമ്മാണമേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിന് അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വ്യവസായ പാർക്കിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽ വ്യവസായ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. പ്രസ്തുത വ്യവസായ പാർക്കിനായി രണ്ടാംഘട്ടത്തിൽ ഏകദേശം 11.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നുണ്ട്. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## മിനി ഫുഡ് പാർക്കുകൾ

218(669) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022- ലെ ബജറ്റ് നിർദ്ദേശപ്രകാരം സംസ്ഥാനത്ത് എത്ര മിനി

ഫുഡ് പാർക്കുകൾ സ്ഥാപിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്?

2022-23 സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിനുകീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇതിൽ ഒരെണ്ണം കാസർഗോഡ് ജില്ലയിൽ അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

അടിസ്ഥാന സൗകര്യങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഭൂമി എന്നിവയുടെ ലഭ്യത, മറ്റ് വാണിജ്യഘടകങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ പ്രദേശം തെരഞ്ഞെടുക്കപ്പെടുന്നത്. ഫുഡ് പാർക്കിനുള്ള അനുയോജ്യമായ സ്ഥലനിർണ്ണയം പൂർത്തിയായിട്ടില്ല.

**മിനി ഫുഡ് പാർക്കുകൾ**

219(670) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതുൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2022-23 സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പദ്ധതിക്കനുയോജ്യമായ സ്ഥലം (പരമാവധി 10 ഏക്കർ) കണ്ടെത്തേണ്ടതായിട്ടുണ്ട്. സ്ഥലം കണ്ടെത്തിയാൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്

**പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം**

220(671) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം  മറുപടി നൽകുമോ:

(എ) പാലക്കാട് തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള റൈസ് പാർക്കിന്റെ ഇതുവരെയുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) റൈസ് പാർക്ക് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. റൈസ് ടെക്നോളജി പാർക്കുകൾ നടത്തുന്നതിനായി കേരള റൈസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. പാലക്കാട്-കിൻഫ്ര മെഗാഫുഡ് പാർക്കിലെ 5 ഏക്കർ ഭൂമിയിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മില്ലിന്റെ ഉപകരണങ്ങൾക്കും സൈലോകൾക്കുമുള്ള ടെണ്ടർ നടപടികൾ തുടരുകയാണ്. രണ്ടുതവണ  ഇ-ടെണ്ടർ വിളിച്ചിട്ടും ആവശ്യത്തിന് കരാറുകാരെ ലഭ്യമായില്ല. ആയതിനാൽ ഇപ്പോൾ മൂന്നാമത് തവണ ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്.

(സി) റൈസ് പാർക്കിന്റെ പ്രവർത്തനമെന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉപകരണങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായാൽ പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം 2023 സെപ്റ്റംബർ മാസത്തിൽ

ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കും സ്വകാര്യ വ്യവസായ പാർക്കുകളും

221(672) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനായി 2022-23- ലെ സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്ത ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കും സ്വകാര്യ വ്യവസായ പാർക്കുകളും ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം-2022, 02-04-2022-ലെ G.O (Ms) No. 31/2022/ID പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗ്രാമ, നഗര വ്യത്യാസമില്ലാതെ പത്ത് ഏക്കറോ അതിലധികമോ വരുന്നതും വ്യവസായത്തിന് അനുയോജ്യമായതുമായ ഭൂമിയിൽ ചെറുകിട വ്യവസായ സംരംഭകരുടെ കൂട്ടായ്മ, സഹകരണ സ്ഥാപനങ്ങൾ, കൂട്ടുടമ സംരംഭകർ, ചാരിറ്റബിൾ സൊസൈറ്റികൾ, കമ്പനികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിന് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടലിലൂടെ സമർപ്പിക്കാം. ടി പദ്ധതിയിലൂടെ വ്യവസായ ഭൂമിയായി മാറുന്ന ഭൂമിക്ക് കേരള

ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നവർക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം സർക്കാർ നൽകുന്നു.

ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഇതിനോടകം സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ആരെയാണ് അപേക്ഷ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകൾക്ക് അനുമതി

നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടൽ വഴി അപേക്ഷ നൽകേണ്ടതാണ്. 40 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. അതിൽ 4 അപേക്ഷകൾക്ക് 22-09-2022-ൽ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

അവ താഴെ സൂചിപ്പിക്കുന്നു.

1. M/s. V.M.P.S Food Park & Ventures, Kannur

2. M/s. Malabar Enterprises - Malappuram

3. M/s. Indian Virgin Spices (P) Limited, Kottayam

4. M/s. Kadambur Industrial Park, Palakkad (for constructing Standard Design Factory)

**വ്യവസായ പാർക്കുകൾ**

222(673) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ പ്രോൽസാഹനത്തിനായി എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളത്; ഏതെല്ലാം ഏജൻസികളുടെ നിയന്ത്രണത്തിൽ എത്ര വ്യവസായ പാർക്കുകൾ വീതമാണുള്ളത്; ഇവയിൽ ഓരോന്നിലും

എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; ഓരോ വ്യവസായ പാർക്കിലും എത്ര സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു; വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളാണുള്ളത്. കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ യഥാക്രമം 31, 7, 7 എന്നിങ്ങനെ വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ പാർക്കുകളിൽ ജലം, ചുറ്റുമതിൽ, വൈദ്യുതി, ഗേറ്റ്, റോഡുകൾ, ഡ്രെയിനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ വ്യവസായ പാർക്കിലും പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

### പാറശാല മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

223(674) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ വ്യവസായ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിക്കപ്പെട്ട തുക എത്രയെന്നും വിശദമാക്കുമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ പാറശാല നിയോജക

മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കിയ പദ്ധതികളും അതിനായി ചെലവഴിക്കപ്പെട്ട തുകയും ചുവടെ ചേർക്കുന്നു

| പദ്ധതി | ചെലവഴിക്കപ്പെട്ട തുക | |
|---|---|---|
| | വായ്പ | സബ്സിഡി |
| പ്രധനമന്ത്രിയുടെ തൊഴിൽദായക പദ്ധതി | 2,90,00,323/ | 1,01,75,113/- |
| നാനോ മാർജിൻ മണിഗ്രാന്റ് | 54,00,000 | 20,00,000 |
| സംരംഭക സഹായ പദ്ധതി | 83 ലക്ഷം രൂപ | |

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റേതായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കൂടി ഈ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| എന്റെ ഗ്രാമം പദ്ധതി | 2,35,790/- |
| പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി-മാർജിൻ മണി ഗ്രാന്റ് | 6,79,649/- |

(ബി) 'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുടെ ഭാഗമായി പാറശാല നിയോജകമണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ, സംരംഭങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ കേന്ദ്രമായി പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കാമോ?

കേരള സംസ്ഥാന ബാംബു കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കുറ്ററ പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ പനമ്പ് നെയ്യുന്നതിനാവശ്യമായ സൗകര്യം കോർപ്പറേഷൻ നൽകിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവ കോർപ്പറേഷൻ അനുവദിച്ച് നൽകുന്നുണ്ട്.

**കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

224(675) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിൽ 2016 മെയ് മാസം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും ഇതിനായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി | 2,52,95,000/- |
| സംരംഭക സഹായ പദ്ധതി | 1,26,52,774/- |

| | |
|---|---|
| ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി | 15,77,840/- |
| മാർജിൻ മണിഗ്രാന്റ് പദ്ധതി | 15,14,382/- |
| വ്യവസായ ഭദ്രത പലിശ സബ്സിഡി | 1,60,816/- |

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റേതായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ കൂടി ഈ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| എസ്.ഇ.ജി.പി (എന്റെ ഗ്രാമം) | 41,16,500/- |
| പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി-മാർജിൻ മണി ഗ്രാന്റ് | 18,41,000/- |

**വ്യവസായ വകുപ്പിന് കീഴിലുള്ള നിക്ഷേപം**

225(676) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ എത്ര രൂപയുടെ നിക്ഷേപം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതുവഴി ലഭിച്ച തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നാളിതുവരെ ആരംഭിച്ച 1,11,936 സംരംഭങ്ങൾ വഴി 7,487 കോടി രൂപയുടെ നിക്ഷേപം

എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി ആകെ 2,65,813 തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്.

ഈ കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായം ലഭ്യമാക്കിയ പദ്ധതികൾ മുഖേന ഏകദേശം 1221.92 കോടി രൂപയുടെ നിക്ഷേപവും 4494 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 250 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 1713 കോടി രൂപയുടെ നിക്ഷേപവും 22,500 തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് കരുതുന്നു.

**സംരംഭക പരിശീലന പരിപാടികൾ**

226(677) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് പൊതുജനങ്ങൾക്കായി നടത്തുന്ന സംരംഭക പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന

പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശസ്ഥാപനങ്ങളിലേക്കും മറ്റു ലൈൻ ഡിപ്പാർട്ടുമെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തിവരുന്നു.

പൊതുജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ജില്ലാ/താലൂക്ക്/ബ്ലോക്ക്/ഗ്രാമ തലങ്ങളിൽ സംരംഭകത്വ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ

താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈ പുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതു ബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരിശീലനം ലഭിക്കുന്നവർ ആരംഭിക്കുന്ന സംരംഭങ്ങൾ വിജയകരമാക്കാൻ സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്ററെന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. താഴെ പറയുന്ന വിവിധ സേവനങ്ങൾ ഇതിലുൾപ്പെടുന്നു.

1. എം.എസ്.എം.ഇ. ക്ലിനിക്ക്: സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയനിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എംപാനൽ ചെയ്ത് എം.എസ്.എം.ഇ. ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് സംശയ നിവാരണത്തിനുള്ള അവസരം ലഭിക്കുന്നതാണ്.

2. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സണെ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

3. സംരംഭകവർഷവുമായി ബന്ധപ്പെട്ട പദ്ധതികൾ: കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ഇന്റേണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്.

4. വിപണനത്തിനുള്ള സഹായങ്ങൾ: സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി

താലൂക്ക് തലത്തിലും നഗരസഭാ തലത്തിലും എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. GEM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായാനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന

സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

5. കാൾസെന്റർ: സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ കാൾസെന്റർ സ്ഥാപിച്ചിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാർ/അധ്യാപകർ എന്നിവർക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത വിഭാഗത്തിന് സംരംഭങ്ങൾ ആരംഭിക്കുവാൻ അർഹതപ്പെട്ട അവധി അനുവദിക്കാറുണ്ടോ; വ്യക്തമാക്കുമോ;

ബാധകമല്ല.

(ഇ) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം രീതിയിൽ സർക്കാർ ജീവനക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

## പുതിയ സംരംഭകരെ ആകർഷിക്കാനുള്ള പദ്ധതി

227(678) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായിക മേഖലയിൽ പുതിയ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ പുതുതായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി 02-12-2022 വരെ 96,425 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആകെ 1,10,828 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തെ ബജറ്റിൽ

MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

5. എം.എസ്.എം.ഇ.-കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ

6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം

7. സംസ്ഥാന ക്ലസ്റ്റർ വികസന പരിപാടി

കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4. പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ

a. Revival and Rehabilitation scheme for defunct MSMEs and cashew processing units

b. The Kerala stressed MSMEs Revival & Rehabilitation Scheme

5. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

6. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

**സംരംഭക വർഷം**

228(679) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിനുശേഷം

സംസ്ഥാനത്ത് ഇതുവരെയായി എത്ര പുതിയ സംരംഭങ്ങൾ ഉണ്ടായിട്ടുണ്ട്; അറിയിക്കാമോ?

2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്ത് നവംബർ 29, 2022 വരെയുള്ള കണക്ക് പ്രകാരം 95,195 പുതിയ സംരംഭങ്ങളുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകാനും എത്ര രൂപയുടെ നിക്ഷേപമുണ്ടാക്കുവാനും സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

പ്രസ്തുത സംരംഭങ്ങളിലൂടെ 2,07,884 പേർക്ക് തൊഴിൽ നൽകാനും 5903.61 കോടി രൂപയുടെ നിക്ഷേപമുണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്.

## സംരംഭക വർഷം പദ്ധതിയിലെ നേട്ടങ്ങൾ

229(680) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി ആചരിക്കുന്നതുകൊണ്ട് ഈ മേഖലയിലുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷംവരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ

പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 2022, ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ നടത്തിയ വായ്പാമേളകളുടെ ഭാഗമായി 6071 വായ്പാ അപേക്ഷകൾ ലഭിച്ചു. അതിൽ 9572.59 ലക്ഷം രൂപയുടെ വായ്പകളും 3015 ലൈസൻസുകളും അനുവദിച്ചു. വായ്പാ മേളകളിൽ 1586 സബ്സിഡി

അപേക്ഷകൾ പരിഗണിച്ചു.

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായകേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ്പേഴ്സൺമാരെ (14) നിയമിച്ചു.

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി ആരംഭിച്ച് 2022 ഡിസംബർ 1 വരെ സംസ്ഥാനത്ത് 95754 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5928.40 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 2,09,001 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

(ബി) ഇതുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

2022 ഏപ്രിൽ മാസം 1 മുതൽ ആരംഭിക്കുന്ന എല്ലാ സംരംഭങ്ങൾക്കും കൈത്താങ്ങ് സഹായം നൽകാൻ പ്രൊഫഷണൽ യോഗ്യതയുള്ള 8 ഇന്റേൺസിനെ തിരുവമ്പാടി നിയോജകമണ്ഡലം പരിധിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വിവിധ തീയതികളിലായി നടത്തിയ 7 പൊതുബോധവത്ക്കരണ പരിപാടികളിലായി ആകെ 559 പേർ പങ്കെടുത്തിട്ടുണ്ട്.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലും മുക്കം മുനിസിപ്പാലിറ്റിയിലും സംരംഭക ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിങ്കൾ, ബുധൻ ദിവസങ്ങളിൽ സംരംഭക ഹെൽപ്പ് ഡെസ്ക്ക് സംവിധാനം വഴി എം. എസ്.എം.ഇ. രജിസ്ട്രേഷൻ, പഞ്ചായത്ത് ലൈസൻസ്, പി.എം.ഇ.ജി.പി. പദ്ധതി തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ, ഇന്റേണുകൾ സംരംഭകർക്ക് നൽകുന്നു. എല്ലാ പഞ്ചായത്തുകളിലും സംരംഭക ബോധവത്ക്കരണ ശില്പശാല നടത്തിയിട്ടുണ്ട്.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ലോൺ/ലൈസൻസ്/സബ്സിഡി മേള 2022 ആഗസ്റ്റ് മാസത്തിൽ അതാത്

പഞ്ചായത്തുകളിൽ വച്ച് നടത്തി. സംരംഭക വർഷത്തിൽ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാനായി വ്യവസായ വകുപ്പ് കൊണ്ടുവന്ന പദ്ധതിയും ഒരു കുടുംബം, ഒരു സംരംഭം പദ്ധതിയും ലോൺ മേളയിൽ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കാനായതും തുടർന്നുള്ള പ്രവർത്തനങ്ങളിലൂടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായകരമാവുന്നതാണ്. തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2022 നവംബർ 30 വരെ 665 സംരംഭങ്ങൾ ആരംഭിക്കുകയും അവയിലൂടെ 41.47 കോടി രൂപയുടെ നിക്ഷേപം വരികയും 1384 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

**സംരംഭകവർഷം പദ്ധതി**

230(681) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭകവർഷം പദ്ധതി പ്രകാരം എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും ഇതിലൂടെ എത്രപേർക്ക് പുതുതായി തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽത്തന്നെ സംസ്ഥാനത്ത് 93,408 എം.എസ്.എം.ഇ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ 2,04,035

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംരംഭകവർഷം പദ്ധതിയിലൂടെ എത്ര രൂപയുടെ നിക്ഷേപം പുതുതായി ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽ സംസ്ഥാനത്ത് 93,408 എം.എസ്.എം.ഇ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5760.77 കോടി രൂപ നിക്ഷേപം വരികയും ചെയ്തിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ബാങ്ക് വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കേരള സംരംഭക വായ്പാ പദ്ധതി (KELS) എന്ന പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ വാണിജ്യ ബാങ്കുകളും സംരംഭക വായ്പ നൽകി വരുന്നുണ്ട്. കൂടാതെ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള ബാങ്ക്, മറ്റു സഹകരണ ബാങ്കുകൾ, കേരള പിന്നാക്ക വികസന കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളും സംരംഭകർക്കുള്ള വായ്പ നൽകി നൽകി വരുന്നുണ്ട്.

## 2022-23 സംരംഭക വർഷമായുള്ള വ്യവസായ വകുപ്പിന്റെ പ്രഖ്യാപനം

231(682) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് 2022-23 സംരഭക വർഷമായി പ്രഖ്യാപിക്കുകയും സംസ്ഥാനത്ത് ഒരു ലക്ഷം സംരഭങ്ങൾ ആരംഭിച്ച് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽ 2022 നവംബർ 29 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 95,195 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5903.61 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 2,07,884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) | നിക്ഷേപം കോടി രൂപയിൽ | തൊഴിലവസരങ്ങൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 14,902 | 8,621 | 57.85 | 546.38 | 18,634 |
| കൊല്ലം | 11,775 | 9,237 | 78.45 | 477.29 | 19,021 |
| പത്തനംതിട്ട | 5,408 | 3,934 | 72.74 | 175.44 | 8,404 |
| ആലപ്പുഴ | 9,666 | 7,148 | 73.95 | 386.58 | 15,344 |
| കോട്ടയം | 8,834 | 5,520 | 62.49 | 320.13 | 11,580 |

| | | | | | |
|---|---|---|---|---|---|
| ഇടുക്കി | 5,007 | 2,995 | 59.82 | 162.68 | 6,144 |
| എറണാകുളം | 14,610 | 9,437 | 64.59 | 802.00 | 23,025 |
| തൃശ്ശൂർ | 13,533 | 9649 | 71.3 | 497.04 | 20,397 |
| പാലക്കാട് | 12,721 | 7,851 | 61.72 | 385.39 | 17,316 |
| മലപ്പുറം | 18,601 | 9,646 | 51.86 | 728.62 | 22,491 |
| കോഴിക്കോട് | 13,925 | 8,502 | 61.06 | 636.22 | 18,781 |
| വയനാട് | 3,687 | 2,843 | 77.11 | 171.01 | 5,995 |
| കണ്ണൂർ | 11,366 | 6,728 | 59.09 | 452.23 | 14,442 |
| കാസർഗോഡ് | 5,965 | 3,084 | 51.7 | 162.61 | 6,310 |
| ആകെ | **1,50,000** | **95,195** | **63.46 %** | **5903.62** | **2,07,884** |

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 18601 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകൾ/ഏജൻസികളുടെ ഏകോപനത്തോടെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറും മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ ചെയർമാനും ബന്ധപ്പെട്ട വ്യവസായ വികസന

ഓഫീസർമാർ കൺവീനറുമായിട്ടുള്ള പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലയിലെ 94 ഗ്രാമപഞ്ചായത്തുകളിലും 12 മുനിസിപ്പാലിറ്റികളിലുമായി ബി. ടെക്/എം.ബി.എ. യോഗ്യതയുള്ള 122 ഇന്റേൺസിനെ വ്യവസായ വകുപ്പ് നിയമിക്കുകയുണ്ടായി. തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും സർക്കാർ പദ്ധതികൾ വിശദീകരിച്ച് നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ജൂൺ, ജൂലൈ മാസങ്ങളിൽ ശില്പശാലകൾ നടക്കുകയുണ്ടായി. ജില്ലയിൽ 145-ഓളം ശില്പശാലകളിലായി പതിനായിരത്തിലധികം ആളുകൾ പങ്കെടുത്തു. തുടർന്ന് ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടന്ന ലോൺ/ ലൈസൻസ്/സബ്സിഡി മേളകളിൽ ആകെ 5042 പേർ പങ്കെടുക്കുകയും 239 സംരംഭകർക്കായി 17.35 കോടിയുടെ ലോൺ അനുവദിക്കുകയും ചെയ്തു.

സംരംഭക വർഷവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ 2022 നവംബർ 29 വരെയുള്ള കണക്കുകൾ പ്രകാരം 9,646 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി. 728.62 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും 22,491 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളിൽ 1489 എണ്ണം

ഉൽപ്പാദന മേഖലയിലും 2995 എണ്ണം സേവന മേഖലയിലും 4645 എണ്ണം കച്ചവട മേഖലയിലുമാണ്.

**അരുവിക്കര മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമിയും സ്ഥാപനങ്ങളും**

232(683)<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ എത്ര സെന്റ് ഭൂമിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിൽ ഉഴമലയ്ക്കൽ മിനി വ്യവസായ എസ്റ്റേറ്റിൽ ഒരേക്കർ ഭൂമിയും പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വെള്ളനാട് മിനി വ്യവസായ എസ്റ്റേറ്റിൽ 76 സെന്റ് ഭൂമിയും നിലവിലുണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിവരവും ബാക്കിയുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത ഭൂമിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* അനുവദിച്ചു നൽകാൻ ഇനി ഭൂമി ശേഷിക്കുന്നില്ല.

**<u>കാസർഗോഡ് കെല്ലിലെ ( പഴയ ഭെൽ ) തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക</u>**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

233 (684) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെല്ലിലെ (പഴയ ഭെൽ) തൊഴിലാളികൾക്ക് ശമ്പളയിനത്തിലും മറ്റാനുകൂല്യങ്ങളുടെ വകയിലും എത്ര രൂപ കുടിശ്ശികയുണ്ടെണ്ടെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഭെൽ ഇ.എം.എൽ. (സബ്സിഡിയറി ഓഫ് ഭെൽ) നഷ്ടത്തിലായതിനെ തുടർന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്തതാണ്. കാസർഗോഡ് കെൽ ഇ.എം.എൽ.-ൽ. നിന്നും (പഴയ ഭെൽ) വിരമിച്ചവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളത് 297.81 ലക്ഷം രൂപയാണ്.

(ബി) എത്ര തൊഴിലാളികൾക്കാണ് കുടിശ്ശികയുള്ളതെന്നും ഓരോരുത്തർക്കും നൽകാനുള്ള തുകയെത്രയാണെന്നും വ്യക്തമാക്കാമോ?

വിരമിച്ചവർ ഉൾപ്പെടെ 136 തൊഴിലാളികൾക്ക് കുടിശ്ശിക നൽകുവാനുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തൊഴിലാളികളുടെ ശമ്പള കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ അടുത്തകാലത്ത് ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും വിധി പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത വിധിയുടെ വിശദാംശം നൽകാമോ; വിധിയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

(സി & ഡി) പുറപ്പെടുവിച്ചിരുന്നു. തൊഴിലാളികളുടെ കുടിശ്ശിക തുക സമയബന്ധിതമായി കൊടുത്തു തീർക്കുവാനും അതിന്റെയടിസ്ഥാനത്തിൽ റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുവാനും ഉത്തരവായിട്ടുണ്ട്. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്മേലുള്ള തുടർനടപടി സ്വീകരിച്ചു വരുന്നു.

## കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണം

234(685) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇതിനായി എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ?

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് നിഡയിലെ റോഡ്/ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണം/നവീകരണവുമായി ബന്ധപ്പെട്ട് 22.76 കോടി രൂപ അനുവദിച്ചിരുന്നു. ടി തുകയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ്/ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണ/നവീകരണവുമായി ബന്ധപ്പെട്ട പണികൾ

പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്റേണൽ റോഡ്/ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണം/നവീകരണം എന്നിവയ്ക്കായി 6.8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് SIDBI Cluster Development Fund Scheme-ൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

കിൻഫ്രയുടെ പാലക്കാട് കഞ്ചിക്കോടുള്ള കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിന്റെ ആഭ്യന്തര റോഡുകളുടെയും മെഗാഫുഡ് പാർക്കിന്റെ റോഡുകളുടെയും പരിപാലനം സമയബന്ധിതമായി നടന്നു കഴിഞ്ഞു.

**എടരിക്കോട് സ്പിന്നിംഗ് മിൽ**

235(686) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് സ്പിന്നിംഗ് മില്ലിലെ ക്ലറിക്കൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും കരാർ ദീർഘിപ്പിച്ച് നൽകുന്നതിൽ വന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രശ്ന പരിഹാരത്തിനായി വകുപ്പുമന്ത്രിക്കും സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടർക്കും സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) എടരിക്കോട് ടെക്സ്റ്റൈൽസിൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടേയും മില്ലിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ ദീർഘകാല കരാറുകൾ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ മില്ലിലെ തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ച് മുതൽ നടപ്പിലാക്കിയിരുന്നു. മിൽ മാനേജ്മെന്റും യൂണിയനുകളും തമ്മിൽ വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകളുടെ ഫലമായി വർക്ക് അസൈൻമെന്റ്, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച് ധാരണയിലെത്തിയ ശേഷമാണ് തൊഴിലാളികളുടെ ദീർഘകാല കരാർ നടപ്പിലാക്കിയത്. എന്നാൽ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത കരാർ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. പുതുക്കിയ സേവന വേതന വ്യവസ്ഥകളുടെ പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ചശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആയത് നടപ്പിലാകുന്നതോടെ ക്ലറിക്കൽ തസ്തികയിലേതുൾപ്പെടെയുള്ള ഓഫീസ്

ജീവനക്കാരുടെ ശമ്പളത്തിൽ വന്ന അപാകത പരിഹരിക്കാൻ സാധിക്കുന്നതാണ്.

**മാവൂർ ഗ്വാളിയർ റയോൺസ് ഭൂമി**

236(687) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയൺസ് ഭൂമി വർഷങ്ങളായി വെറുതെ കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണ്; ഇതിൽ സർക്കാർ ഏറ്റെടുത്ത് വ്യവസായാവശ്യത്തിനുവേണ്ടി നൽകിയത് എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത ഭൂമിയുടെ ആകെ വിസ്തീർണ്ണം 320.78 ഏക്കറാണ്. ഇതിൽ നിന്നും സർക്കാർ ഏറ്റെടുത്ത് വ്യവസായാവശ്യത്തിനുവേണ്ടി നൽകിയത് 238.41 ഏക്കറാണ്.

(സി) പുറമ്പോക്ക് ഭൂമിയിൽ നിന്ന് ഗ്വാളിയർ റയോൺസ് കമ്പനിക്ക് സൗജന്യമായി സ്ഥലം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിസ്തീർണം എത്രയാണെന്നറിയിക്കാമോ?

ഉണ്ട്. 5.94 ഏക്കർ.

(ഡി) ഏറ്റെടുത്ത് നൽകിയ ഭൂമി വ്യവസായാവശ്യത്തിന് ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ ആയത് തിരിച്ചെടുക്കുന്നതിൽ നിയമപരമായ തടസ്സമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ?

ടി ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C) 33103/2017 ആയി റിട്ട് ഹർജി ബോധിപ്പിച്ചിട്ടുണ്ട്. ആയത് തീർപ്പാകാതെ ഭൂമി തിരിച്ചെടുക്കുന്നതിൽ നിയമപരമായ തടസ്സമുണ്ട്. WP(C)33103/2017 നമ്പർ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 17-05-2022-ന് കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി തുടർനടപടി സ്വീകരിക്കുകയും ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഈ കേസ് പരിഗണനയ്ക്ക് വന്നിട്ടുള്ളതുമാണ്.

(ഇ) പുറമ്പോക്ക് ഭൂമിയിൽ നിന്ന് സൗജന്യമായി വിട്ടുനൽകിയ സ്ഥലം മറ്റാവശ്യങ്ങൾക്കുവേണ്ടി തിരിച്ചെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് നിലവിൽ തീരുമാനം സ്വീകരിച്ചിട്ടില്ല.

## ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

237(688) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിൽ മുൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-11-2020-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിയാബ് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്ക് ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് റിയാബ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം ഒരു റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും അത് പരിശോധിച്ച് സമർപ്പിക്കുവാൻ സിഡ്കോയ്ക്ക് കൈമാറുകയും ചെയ്തു. സിഡ്കോ ആയത് പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിൽ അവ വിലയിരുത്തി പരിശോധിച്ചു വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത യോഗത്തിൽ ടൂൾ റൂം ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടും ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ച നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ച നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സിഡ്കോയുടെ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരിൽ യോഗ്യരായവരാരെന്ന് പരിശോധിച്ച് വാർഷിക ഇൻക്രിമെന്റ് നൽകാൻ 06-11-2020-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ചതായി സിഡ്കോ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇൻക്രിമെന്റ് കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിൽ സിഡ്കോ സർക്കാരിനോട് സ്പഷ്ടീകരണം തേടിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) സിഡ്കോയിലെ ജീവനക്കാർക്ക് 01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ഒൻപതാം ശമ്പള പരിഷ്കരണം ഒളവണ്ണ ടൂൾ റൂമിലെ പതിനഞ്ച് ജീവനക്കാർക്ക് മാത്രം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശമ്പള പരിഷ്കരണം പതിനഞ്ച് ജീവനക്കാർക്കുകൂടി അനുവദിച്ച നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണം ഒളവണ്ണ

ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് അനുവദിച്ചു നൽകുമ്പോഴുണ്ടാകാവുന്ന സാമ്പത്തിക ബാധ്യതയുമായി ബന്ധപ്പെട്ട് കൂടുതൽ സ്പഷ്ടീകരണം സിഡ്കോ സർക്കാരിനോട് ആവശ്യപ്പെടുകയും സർക്കാർ തലത്തിൽ ഇത് പരിശോധിച്ചുവരികയുമാണ്. എന്നാൽ ടി ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുവാൻ സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് നൽകിവരുന്നതായി സിഡ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് 597/എഫ്2/2016/വ്യവ. ഫയൽ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സത്വര നടപടി സ്വീകരിച്ചു വരുന്നു.

**കോന്നി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് നടപടി**

238(689) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി താലൂക്കിൽ പുതിയതായി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോന്നി ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച

പ്രവർത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കോന്നിയിൽ താലൂക്ക് വ്യവസായകേന്ദ്രം സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കേരള ബ്രാൻഡ്**

239(690) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ തനതായ എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കാനും അതോടൊപ്പംതന്നെ ഉല്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉത്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കേരള ബ്രാൻഡ് കൊണ്ട് ലക്ഷ്യംവയ്ക്കുന്നത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളെ തിരിച്ചറിയുന്നതിനുള്ള ഉപാധിയായി കേരള ബ്രാൻഡ് വർത്തിക്കും. ആദ്യഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നങ്ങളിൽ ഒന്നായ വെളിച്ചണ്ണയെ

ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

(ബി) കേരള ബ്രാൻഡ് നൽകുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സർട്ടിഫൈ ചെയ്യുന്നതിനും സർക്കാർതലത്തിൽ പ്രത്യേക പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളാ ബ്രാൻഡുമായി ബന്ധപ്പെട്ട് പ്രത്യേക പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ഏതൊക്കെ തരത്തിലുള്ള ഉല്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ ഇതിനായി തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നങ്ങളിൽ ഒന്നായ വെളിച്ചണ്ണയുടെ ബ്രാൻഡിംഗാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

(ഡി) ബ്രാൻഡ് ചെയ്ത ഉല്പന്നങ്ങളുടെ വിപണനം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവയുടെ മാർക്കറ്റിംഗ് ഏത് തരത്തിലാണ് നടത്താനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

കേരളത്തിലെ എം.എസ്.എം.ഇ. ഉല്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് തന്നെ ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും

ഉറപ്പാക്കാനും അതോടൊപ്പംതന്നെ ഉല്പന്നങ്ങൾക്ക് എളുപ്പത്തിൽ വിപണി കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉത്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങളെ കണ്ടെത്തുന്നതിനുള്ള ഉപാധിയായും കേരള ബ്രാൻഡിംഗ് കൊണ്ട് സാധിക്കുന്നതാണ്.

**നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടി**

240 (691) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത സിമന്റ് നിർമ്മാതാക്കൾ സിമന്റ് വില കുത്തനെ ഉയർത്തുന്നതുമൂലം കെട്ടിടനിർമ്മാണ മേഖല പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണങ്ങളാൽ നിർമ്മാണമേഖല പ്രതിസന്ധിയിൽ ആയിട്ടുള്ളതായി കരുതുന്നില്ല. സിമന്റ് ഉത്പാദിപ്പിക്കുന്ന കമ്പനികളിൽ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താകയാൽ സിമന്റിന്റെ വിലവർദ്ധനവിൽ നേരിട്ട് ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. എന്നിരുന്നാലും വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സിമന്റ് ഉത്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. മണലിന്റെയും ക്വാറി ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാരും യഥാസമയ ഇടപെടലുകൾ നടത്തുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വാളയാർ, ചേർത്തല പ്ലാന്റുകളിൽ നിന്നും ഉത്പാദനം വർദ്ധിപ്പിച്ച് കേരളത്തിലുടനീളം ന്യായമായ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ ചില്ലറ വിൽപ്പന വില മറ്റ് സ്വകാര്യ കമ്പനികളെക്കാൾ താരതമ്യേന കുറവാണ്.

(സി) സംസ്ഥാനത്ത് സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിമാസ ഉത്പാദന ശേഷി വർദ്ധിപ്പിക്കുവാൻ ക്ലിങ്കർ ഇറക്കുമതി

ചെയ്യുന്നതുൾപ്പെടെയുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റിഡിന്റെ ഉത്പന്നമായ വെള്ള സിമന്റിന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ക്വാറികൾ

241(692) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ എത്ര പാറ ക്വാറികൾക്ക് പ്രവർത്തനാനുമതിയുണ്ടെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം 13 ആണ്.

(ബി) പുതുതായി പാറ ക്വാറികൾ തുടങ്ങുന്നതിന് എത്ര അപേക്ഷകൾ പ്രസ്തുത മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ കരിങ്കല്ല് ക്വാറികൾ തുടങ്ങുന്നതിന് 14 അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രവർത്തനാനുമതി ലഭിച്ച പാറ ക്വാറികൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതികളിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കുമോ?

ലഭിച്ചിട്ടുണ്ട്.

(1) 14 ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിരുന്നു. അതിൽ ഉൾപ്പെട്ട ഒറ്റപ്പാലം താലൂക്ക്, നെല്ലായ വില്ലേജ്, സർവ്വെ നം.59/1-ൽ ഉൾപ്പെട്ട സ്ഥലത്തേയ്ക്ക് ശ്രീ.ഗോപിനാഥൻ, S/o. വേലായുധൻ, പാപ്പൻ കാട്ടിൽ ഹൗസ്, വല്ലപ്പുഴ, പട്ടാമ്പി എന്നവർക്ക് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതിലാണ് നിലവിൽ പരാതി ലഭിച്ചിട്ടുള്ളത്. പരാതിയെ തുടർന്ന് ടി സ്ഥലം 22-09-2022-ന് മൈനിംഗ് & ജിയോളജി വകുപ്പ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകൾ സംയുക്തമായി സ്ഥലപരിശോധന നടത്തുകയും തുടർന്ന് ഖനനപ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. മേൽ സ്ഥലം 24-11-2022-ന് ജിയോളജിസ്റ്റ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, തഹസീൽദാർ, ഒറ്റപ്പാലം, സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത് എന്നിവരോടൊപ്പം വീണ്ടും സംയുക്തമായി സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. പരിശോധനയിൽ ക്വാറി പ്രവർത്തനം നിർത്തിവച്ച നിലയിൽ കാണപ്പെട്ടിട്ടുള്ളതുമാണ്.

(2) ഒറ്റപ്പാലം താലൂക്കിലെ ചെർപ്പുളശ്ശേരി വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നം.41 , റീ.സ.നം.81, 82, 83- ൽപ്പെട്ട 3.0757 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 12 വർഷത്തേയ്ക്കുള്ള ക്വാറിയിംഗ് ലീസ്

ശ്രീ. എം. എ. അഷ്റഫ്, മാനേജിംഗ് പാർട്ണർ, മെ.ഇൻഫ്രാ ഗ്രാനൈറ്റ്സ്, LLP, വീട്ടിക്കാട്, തെക്കുമുറി പി.ഒ, ചെർപ്പുളശ്ശേരി എന്നിവർക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മേൽ ക്വാറിയെ സംബന്ധിച്ച് നിലവിൽ പരാതി ലഭിച്ചതിൽ 19-11-2022-ൽ ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്, എൻവയോൺമെന്റൽ എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, തഹസീൽദാർ, ഒറ്റപ്പാലം, സെക്രട്ടറി, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തിയിട്ടുള്ളതും പരിശോധനാ റിപ്പോർട്ട് കളക്ടർക്ക് നൽകുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**നെയ്യാറ്റിൻകര കുളത്തൂർ പവ്വർലൂം**

242(693) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഉച്ചക്കടയിലെ പവർലൂം തുറന്ന് പ്രവർത്തിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര കുളത്തൂർ ഉച്ചക്കടയിലെ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ഓണററി സെക്രട്ടറിയെ നിയമിക്കുകയും

ചെയ്തിട്ടുണ്ട്. സംഘത്തിനായി, അപ്രൂവ്ഡ് പെയ്ഡ് സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എത്ര യന്ത്രത്തറികളാണ് അവിടെ സ്ഥാപിച്ചിരിക്കുന്നതെന്നും ഇതിൽ എത്ര എണ്ണമാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കാമോ?

200 യന്ത്രത്തറികളാണ് സംഘത്തിൽ സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ അറ്റകുറ്റപ്പണികൾ നടത്തിയാൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന 138 തറികളുണ്ട്. നിലവിൽ യന്ത്രത്തറികളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) യന്ത്രത്തറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എത്ര തുകയാണ് വിനിയോഗിക്കേണ്ടി വരികയെന്ന് വ്യക്തമാക്കാമോ?

യന്ത്രത്തറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് തറി ഒന്നിന് 25,000/- രൂപ നിരക്കിൽ 138 തറികൾക്കുംകൂടി ആകെ 34,50,000/- രൂപ വിനിയോഗിക്കേണ്ടി വരും.

(ഡി) പവർലൂം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ചെയർമാൻ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുറന്ന് പ്രവർത്തിക്കുന്നതിന് ചെയർമാൻ നൽകിയ നിവേദനത്തിന്മേൽ കൈത്തറി ഡയറക്ടറേറ്റ് തലത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**കൈത്തറി മേഖലയെ ശക്തിപ്പെടുത്തൽ**

243(694) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കടലാസ് സംഘങ്ങളായി പ്രവർത്തിക്കുന്നവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധ സർക്കാർ/അധ്യാപകർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ സി.ഡി.എൻ2/1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത

ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവന ചെയ്യുന്നു. നിലവിൽ 6200-ഓളം നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിനും പ്രതിവർഷം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും സാധിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ 269.87 കോടി രൂപ നെയ്ത്ത് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ചേന്ദമംഗലം കൈത്തറി ഉല്പന്നങ്ങളുടെ വിൽപ്പന സാധ്യത മുന്നിൽ കണ്ട് ഈ മേഖലയുടെ വളർച്ചയ്ക്കായി എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത കൈത്തറി ഗ്രാമത്തിന്റെ ശിലാസ്ഥാപനം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്.

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് സമഗ്രമായ ഒരു കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിനായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ

50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ വ്യത്യസ്തങ്ങളായ കൈത്തറി ഉല്പന്നങ്ങളുടെയും നെയ്ത്തുകാരുടെയും സാന്നിധ്യം കൈത്തറി മേഖലയിലുള്ള അറിവിന്റെ കൈമാറ്റത്തിനും ഈ മേഖലയുടെ വളർച്ചയ്ക്കും ഊർജ്ജം പകരും.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേക്ക് 15 ദിവസത്തേക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ചംഗ വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

1) <u>മൂലധന സഹായ പദ്ധതികൾ</u>

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

2) <u>പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ</u>

i) പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി

ii)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

iv) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ

v) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുവാനായുള്ള യുവവീവ് പദ്ധതി

vi) നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

vii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

3) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

- കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി

- പരിശീലന വൈവിധ്യശേഷി വികസന പരിപാടി

- വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി

കടലാസ് സംഘങ്ങളായി പ്രവർത്തിക്കുന്നവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകി വരുന്നത്.

**കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസ് വിപുലീകരണം**

244(695) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസ് വിപുലീകരണം പരിഗണനയിലുണ്ടോയെന്നറിയിക്കാമോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച് വിശദാംശം അറിയിക്കാമോ?

(എ&ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിൽ എൻ.എച്ച്-66 നോട് ചേർന്ന് മൈലാട്ടിയിൽ പ്രവർത്തിക്കുന്ന ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ സമഗ്ര വിപുലീകണത്തിനായി 10 വർഷം കൊണ്ട് പൂർത്തിയാകുന്ന 915.85 ലക്ഷം രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം എന്ന തരത്തിൽ യഥാക്രമം 2021-23,

2023-26, 2026-30 എന്നിങ്ങനെ 2021-2030 വരെയുള്ള കാലയളവുകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഷോർട്ട് ടേമിലേക്ക് 2.36 കോടി രൂപയും മിഡ് ടേമിലേക്ക് 2.43 കോടി രൂപയും ലോംഗ് ടേമിലേക്ക് 4.38 കോടി രൂപയും ചേർത്ത് ആകെ ആവശ്യമായ 9.16 കോടി രൂപയുടെ പദ്ധതി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മില്ലിന്റെ ഉടമസ്ഥതയിലുള്ള 23.24 ഏക്കർ ഭൂമിയിൽ 10 ഏക്കറോളം സ്ഥലം മില്ലിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. മില്ലിന്റെ ഉപയോഗത്തിനുശേഷം ബാക്കിയുള്ള സ്ഥലത്ത് വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മില്ലിലെ തൊഴിലാളികളുടെ ക്വാർട്ടേഴ്സ്, ഫാക്ടറി ഔട്ട്‍ലെറ്റുകൾ, ഗോഡൗണുകൾ, സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് യൂണിറ്റ്, വീവിംഗ്, ഡൈയിംഗ് & പ്രോസസിംഗ്, ഗാർമെന്റ് യൂണിറ്റുകൾ മുതലായവ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

### വ്യാജ ഖാദി ഉല്പന്നങ്ങളുടെ വിൽപനയും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയും

245(696) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഖിലേന്ത്യാ ഖാദി കമ്മീഷന്റെയോ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെയോ സർട്ടിഫിക്കേഷനില്ലാത്ത വ്യാജ ഖാദി

ഉല്പന്നങ്ങളുടെ വില്പന തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിച്ചു വരുന്നു. വ്യാജ ഖാദി ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിനായി പൊതുജനങ്ങളിൽ യഥാർത്ഥ ഖാദി എവിടെ ലഭ്യമാകുമെന്ന അവബോധം സൃഷ്ടിച്ചും അംഗീകാരമില്ലാതെ "ഖാദി" എന്ന വാക്ക് ഉപയോഗിക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചും യഥാർത്ഥ ഖാദി വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ അംഗീകൃത ഷോറൂമുകളിൽ നിന്നും ഖാദി കമ്മീഷന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും ഇത്തരം വ്യാജ ഖാദി ഉല്പന്നങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നടപ്പിലാക്കികൊണ്ടിരിക്കുന്നു. "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിലെത്തുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്ത്രങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയേഴ്സ്, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ്, റെഡിമെയ്ഡ് ചുരിദാർ, ഫാഷൻ ടോപ്പ്, കിഡ്സ് വെയേഴ്സ്, അങ്കണവാടി യൂണിഫോം, ടീച്ചേഴ്സ്

ഏപ്രൺ, ഡോക്ടേഴ്സ്-നഴ്സസ് കോട്ട്, കാക്കി യൂണിഫോം തുടങ്ങിയവയും പരമ്പരാഗത രീതിയിലുള്ള ഖാദിവസ്ത്രങ്ങളും വിപണിയിൽ ഇറക്കുവാൻ സാധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയാണ് ഇതിനായി ഖാദി ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ ബോർഡിന്റെ മേജർ ഷോപ്പുകളിലും ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ അഭിരുചിയനുസരിച്ച് ഡിസൈൻ ചെയ്ത് തയ്ച്ചു കൊടുക്കുന്നു. തിരുവനന്തപുരത്ത് വഞ്ചിയൂരിൽ ബോർഡ് പുതിയതായി ആരംഭിച്ച ഷോറൂമിന്റെ ഈ സേവനങ്ങൾ പൊതുജനങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നു. കൂടാതെ ബോർഡ് നേരിട്ട് നടത്തുന്ന റെഡിമെയ്ഡ് യൂണിറ്റുകൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടറിവിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾകൂടി വിപണിയിലെത്തിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഉല്പന്നങ്ങളുടെ വില്പനയിലുണ്ടായിട്ടുള്ള ഇടിവും കൈത്തറി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കാനായി ഒരു സാമ്പത്തിക വർഷം 56 ദിവസം റിബേറ്റ് ദിനങ്ങളായി സർക്കാർ അനുവദിക്കുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിട്ട കൈത്തറി ഉൽപ്പന്ന വിപണി പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കുപുറമെ 2020-2021 സാമ്പത്തിക വർഷം 50 ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 ദിനങ്ങളും സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി അധികമായി അനുവദിച്ചിരുന്നു. ടി കാലയളവിലെ വിൽപ്പനയ്ക്ക് സർക്കാർ സംഘങ്ങൾക്ക് റിബേറ്റ് അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സമയങ്ങളിൽ ജില്ലാ, സംസ്ഥാനതല എക്സിബിഷനുകളും കൈത്തറി മേളകളും സംഘടിപ്പിക്കുന്നുണ്ട്. കൈത്തറി സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ നൂലും ചായവും സബ്സിഡി നിരക്കിൽ അംഗീകൃത യാൺ ബാങ്കുകൾ വഴി നൽകിവരുന്നു. യാൺ ബാങ്കുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മാർജിൻ മണി ലോണും നൽകി വരുന്നു.

(ഇ) ഖാദി, കൈത്തറികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള റിബേറ്റ് ലഭ്യമാകുന്നുണ്ടോയെന്നറിയിക്കുമോ;

(എഫ്) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ ഖാദി വസ്ത്രങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം വകുപ്പിൽ ലഭ്യമായിട്ടുണ്ടോ?

(ഇ&എഫ്) ഇല്ല.

**ഖാദി-കൈത്തറി മേഖലകളുടെ ഉന്നമനം**

246(697) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലകളായ ഖാദി - കൈത്തറി മേഖലകൾ തകർച്ചയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത മേഖലകളുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടിയ വില്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴിയുള്ള പരസ്യപ്രചാരണം കൂടാതെ ഉത്സവകാല സമ്മാന പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രത്യേകം വില്പനമേളകളും നടത്തിവരുന്നുണ്ട്. ഖാദി മേഖലയെ സംരക്ഷിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിൽ ഒരു

ദിവസം ഖാദി വസ്ത്രം ധരിക്കണമെന്നുള്ള സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഖാദി തുണികളിൽ ഡിസൈനിംഗ് നടത്തിവരുന്നു. ഖാദി കസ്റ്റമേഴ്സ് മീറ്റിംഗ്, ആരോഗ്യ പ്രവർത്തകർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഡോക്ടേഴ്സ്-നഴ്സസ് കോട്ട് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിവരുന്നു. വിപണിയിൽ എം.ബി.എ. യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നു.

ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഐ.ഐ.റ്റി, ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആധുനികവത്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവുമെന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ വർക്ക്ഷെഡ് നവീകരണം, വ്യക്തിഗത വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, ഒരു വീട്ടിൽ ഒരു തറി, ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ, റസ്റ്റ്റൂം/ ടോയ്‌ലറ്റ് എന്നിവയുടെ നവീകരണം

എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു.

കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ ജില്ലാതല, സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടുകൂടി സംഘടിപ്പിക്കുന്നുണ്ട്.

കൈത്തറി മേഖലയിൽ യുവതീയുവാക്കളെ ആകർഷിക്കുന്നതിലേയ്ക്കായി യുവവീവ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 18-നും 40-നും മധ്യേ പ്രായമുള്ള കൈത്തറിമേഖലയിൽ താൽപര്യമുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് 3 മാസം സ്റ്റൈപ്പെന്റോടുകൂടി പരിശീലനം നൽകി നെയ്ത്തുകാരാക്കി മാറ്റുന്നു. കുടുംബശ്രീ മിഷൻ വഴി തെരഞ്ഞെടുക്കുന്ന ഇവർക്ക് പരിശീലനം നൽകിയശേഷം ഓരോരുത്തർക്കും തറികൾ സൗജന്യമായി നൽകി സ്വയംപര്യാപ്തതയുള്ള നെയ്ത്തുകാരാക്കി മാറ്റുന്നു.

സി.റ്റി.എഫ്. പദ്ധതി പ്രകാരം നെയ്ത്തുതൊഴിലാളികൾ അവരുടെ വേതനത്തിന്റെ 8% തുക സി.റ്റി.എഫ്. വിഹിതമായി ക്ഷേമനിധി ബോർഡിൽ നിക്ഷേപിക്കേണ്ടതും മേൽപ്പടി തുകയ്ക്ക് ആനുപാതികമായി 8% തുക സർക്കാർ വിഹിതമായി നൽകി വരുന്നു. ഇതിലൂടെ നെയ്ത്തുകാർക്കുള്ള സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നു.

പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന പദ്ധതിയിലൂടെ കൈത്തറി നെയ്യുന്ന

തൊഴിലാളികളിൽ അവർ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികവേതനം നൽകി പ്രോൽസാഹനം നൽകുന്നു. അതിലൂടെ കൈത്തറി ഉൽപന്നങ്ങളുടെ ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തുകയെന്നതാണ് ലക്ഷ്യം.

(സി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഖാദി-കൈത്തറി മേഖലകളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഖാദി തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(1) ഖാദിമേഖലയിൽ ഉപയോഗിക്കുന്ന തൊഴിലുപകരണങ്ങൾ നവീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(2) തൊഴിലുപകരണങ്ങളുടെ നവീകരണവും യന്ത്രവത്കരണവും സൗരോർജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ ചുമതലപ്പെടുത്തിട്ടുണ്ട്.

കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി 5 അംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ നിർദേശാനുസരണം പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഖാദി കൈത്തറി വസ്ത്രങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

എല്ലാ സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, പൊതുമേഖല/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശം ഫലപ്രദമായി നടത്തിവരുന്നു. കൂടാതെ സമൂഹത്തിൽ യൂണിഫോം ഉപയോഗിക്കുന്ന വിവിധ മേഖലകളിലേർപ്പെട്ടവരെ- ആരോഗ്യ പ്രവർത്തകർ, മറ്റു തൊഴിൽ മേഖലയിലുള്ളവരും, ട്രേഡ് യൂണിയനിൽ പ്രവർത്തിക്കുന്നവരും അവരവരുടെ യൂണിഫോമുകളിൽ ഖാദി കൂടി ഉപയോഗിക്കണമെന്ന് വ്യാപകമായി പ്രചാരണം നടത്തിവരുന്നു. യുവജനങ്ങളെയും ഈ ഖാദി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന ഡിസൈനുകളിലുള്ള വസ്ത്രങ്ങൾ തയ്യാറാക്കുന്നുണ്ട്. ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും ഖാദികോട്ട് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ച് കേരള ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. ഖാദി ഉല്പന്നങ്ങൾ ഖാദി ബോർഡിൽനിന്നും ടെണ്ടറില്ലാതെ ഒരു വർഷത്തേയ്ക്ക് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

കൈത്തറി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും ഓണം, വിഷു, ക്രിസ്തുമസ് ഉത്സവകാലങ്ങളിൽ എക്സിബിഷനുകളും റിബേറ്റോടുകൂടി സംഘടിപ്പിക്കുന്നു. കൈത്തറി വസ്ത്രങ്ങളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് യാൺ ബാങ്കുകൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവ വഴി ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കളായ നൂൽ, ചായങ്ങൾ,

രാസപദാർത്ഥങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകിവരുന്നു.

## കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി

247(698) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ :-

- കയർ മേഖലയിൽ ക്ലസ്റ്റർ വികസനവും തൊണ്ടുശേഖരണ പരിപാടിയും.
- കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും.
- പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.
- കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.
- വിപണനം, പരസ്യപ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.
- കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം)

- ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ).

- ക്രയവില സ്ഥിരതാ പദ്ധതി.

- കയർ ഭ്രവസ്ത്ര വികസന പരിപാടി.

- കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

(ബി) മലബാറിലെ കയർ നിർമ്മാണ മേഖലയിൽ എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മലബാറിലെ കയർ നിർമ്മാണ മേഖലയിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**ചെറുകിട കയർ ഫാക്ടറികൾ**

248(699) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഡറുകൾ ലഭിക്കാത്തതുകാരണം ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയർ മേഖല സജീവമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കയർ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കയർ

രണ്ടാം പുന:സംഘടനാ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. പി.വി.സി ഉല്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കൈയടക്കുന്നതുമൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമമുണ്ടായത്. ഈ പ്രതിസന്ധിക്കിടയിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ, മെഗാമാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചു വരുന്നു. റയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെയുള്ള ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള മുഴുവൻ കയർ സഹകരണ സംഘങ്ങൾക്കും സാമ്പത്തിക സഹായം ലഭ്യമാക്കിയും കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം

തൊഴിലുറപ്പ് പദ്ധതിയിലൂടെ വിപുലപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചാൽ എല്ലാ വിഭാഗവുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കും.

ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമമുണ്ടായത് ഈ പ്രതിസന്ധിക്കിടയിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ, മെഗാമാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചു വരുന്നു. റയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെയുള്ള ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള മുഴുവൻ കയർ സഹകരണ സംഘങ്ങൾക്കും

സാമ്പത്തിക സഹായം ലഭ്യമാക്കിയും കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം തൊഴിലുറപ്പ് പദ്ധതിയിലൂടെ വിപുലപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചാൽ എല്ലാ വിഭാഗവുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കും.

**കയർ മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ നടപടി**

249(700) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതടക്കമുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. കയർ വികസന വകുപ്പിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ കയർ ഭൂവസ്ത്ര പദ്ധതി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിയതിന്റെ ഫലമായി ചകിരി, കയർപിരി, കയറുല്പന്ന മേഖലകളിൽ കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന്

കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ മേഖലിയിൽ ആധുനികവത്കരണം നടപ്പാക്കുന്നതിന്റെ പുരോഗതി എന്തെല്ലാമെന്ന് വിശദമാക്കുമോ ?

സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 140 കയർ സഹകരണ സംഘങ്ങളിലായി 1493 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. 26000 ഇ-റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി 2015-16-ൽ 7880 ടൺ മാത്രമായിരുന്ന കയറുല്പാദനം 2021-22-ൽ 18662 ടണ്ണായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. പ്രതിദിനം 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരിയുല്പാദന ശേഷി ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

**കയർ മേഖലയിലെ പുതിയ പദ്ധതികൾ**

250(701) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും തൊഴിലാളികൾക്ക് ന്യായമായ വേതനം നല്കുന്നതിനുമായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം നടപ്പാക്കുക, ചകിരിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കയർ വ്യവസായത്തിന്റെ നിലനിൽപ്പിനായി ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കയറിന്റെയും കയറുല്പന്നങ്ങളുടെയും അന്താരാഷ്ട്ര പ്രദർശന-വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുക വഴി ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കയർപിരി യന്ത്രങ്ങൾ സ്ഥാപിച്ച

സംഘങ്ങളിൽ തൊഴിലാളികളുടെ ദിവസ വേതനം 500/- രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം വഴിയും ആനുകൂല്യങ്ങൾ നൽകി വരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കയർ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പുതിയ പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ?

കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിപ്രകാരം സഹായം നൽകി വരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 7 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. കൂടാതെ ചകിരി, കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനുള്ള ക്രയവില സ്ഥിരതാ പദ്ധതി വഴിയും കയർ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കി വരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

## പെരുമൺ കയർ പാർക്ക്

251(702) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ പനയം പഞ്ചായത്തിൽ പെരുമണിൽ

എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച കയർ പാർക്കിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ പ്രസ്തുത ഭൂമിയും ആസ്തി വകകളും കയർ മേഖലയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസായ സംരംഭങ്ങൾക്കോ ഉപയോഗപ്രദമാകുന്ന നിലയിൽ വിനിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം പെരുമണിൽ എൻ.സി.ആർ.എം.ഐ-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കയർ പാർക്കിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. കയർ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുവാൻ വേണ്ടി സ്ഥാപിച്ച ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണ് കയർ പാർക്ക്. കയർപിരി പരിശീലനം, മാറ്റ് നിർമ്മാണം, കയർ ഭൂവസ്ത്ര നിർമ്മാണം എന്നീ പരിശീലന പരിപാടികൾ ഇവിടെ സംഘടിപ്പിച്ചു വരുന്നു. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് (കെ.എസ്.ആർ.എൽ)-നു വേണ്ടി ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട 95 ലാൻഡ് അക്വിസിഷൻ റഫറൻസ് കേസുകൾ പ്രകാരമുള്ള വിധി തുക നൽകുന്നതിനായി കൊല്ലം ജില്ലാ കളക്ടറേറ്റിൽ നിന്നും, കൊല്ലം സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്നും നോട്ടീസുകൾ എൻ.സി.ആർ.എം.ഐ-യ്ക്ക് നിരന്തരം

ലഭിക്കുന്ന സാഹചര്യത്തിൽ, തങ്ങൾ ഒരു നോൺ പ്രോഫിറ്റ് ഓറിയന്റഡ് റിസർച്ച് സ്ഥാപനമായതിനാൽ ഭീമമായ നഷ്ടപരിഹാരത്തുക നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ പെരുമണിലെ കയർ പാർക്ക് സർക്കാർ തിരിച്ചെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻ.സി.ആർ.എം.ഐ. സമർപ്പിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**വർക്കല മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം**

252(703) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നും ഏതൊക്കെ അടഞ്ഞുകിടക്കുന്നുവെന്നും വിശദമാക്കാമോ?

കശുവണ്ടി വ്യവസായരംഗത്ത് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാപ്പെക്സിന്റെ നാവായിക്കുളം ഫാക്ടറി ഉൾപ്പെടെ വർക്കല മണ്ഡലത്തിൽ 17 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നു. അടഞ്ഞുകിടക്കുന്ന 27 ഫാക്ടറികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) അടഞ്ഞുകിടക്കുന്നവ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനുമായി ബാങ്ക് ലോൺ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനികവത്ക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകി ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനായി 7 കോടി രൂപയും 2022-23- ലെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പരിശോധിക്കുന്നതിനും പഠിക്കുന്നതിനുമായി ഒരു അഞ്ചംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഒരു വർഷത്തിലേറെയായി അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ധനസഹായം നൽകുന്നതിന്റെ ഭാഗമായി 2020 വർഷത്തിൽ 209 തൊഴിലാളികൾക്കും 2021 വർഷത്തിൽ 324

തൊഴിലാളികൾക്കും, 2022 വർഷത്തിൽ 1175 തൊഴിലാളികൾക്കും 2250/- രൂപ വീതം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ ക്ഷേമനിധി അംഗങ്ങളായ 209 തൊഴിലാളികൾക്ക് 2020 വർഷത്തിലും 324 തൊഴിലാളികൾക്ക് 2021 വർഷത്തിലും 1000/- രൂപ വീതം പ്രത്യേക കോവിഡ് ധനസഹായം നൽകിയിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

253(704) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി നിലവിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 6-ഉം സ്വകാര്യ മേഖലയിൽ 55-ഉം ഉൾപ്പെടെ ആകെ 61 ഫാക്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത കശുവണ്ടി ഫാക്ടറികളിൽ 2021-22 കാലഘട്ടത്തിൽ എത്ര തൊഴിൽ ദിനങ്ങളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2021-22 കാലഘട്ടത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലുമായി പരമാവധി 101-ഉം സ്വകാര്യ മേഖലയിലെ ഫാക്ടറികളിൽ പരമാവധി 182-ഉം

തൊഴിൽദിനങ്ങളുമുണ്ടായിരുന്നു.

(സി) പ്രസ്തുത കശുവണ്ടി ഫാക്ടറികളിൽ 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തൊഴിൽ ദിനങ്ങളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം നാളിതുവരെ പൊതുമേഖലാ ഫാക്ടറികളിൽ പരമാവധി 61-ഉം സ്വകാര്യമേഖലാ ഫാക്ടറികളിൽ പരമാവധി 143-ഉം തൊഴിൽ ദിനങ്ങളുണ്ടായിരുന്നു.

## കുറിച്ചൽ ഗ്രാമപഞ്ചായത്തിലെ ആദിവാസി സെറ്റിൽമെന്റുകളിലെ വൈദ്യുതി വിതരണം

254(705) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 23 ആദിവാസി സെറ്റിൽമെന്റുകളിൽ നിരന്തരം വൈദ്യുതി വിതരണം തടസ്സപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആദിവാസി സെറ്റിൽമെന്റുകളിൽ മുടക്കം കൂടാതെ വൈദ്യുതി ലഭിക്കുന്നതിന് നിലവിലെ എ.ബി.സി. കേബിൾ മാറ്റി പകരം യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആദിവാസി സെറ്റിൽമെന്റുകളിൽ വൈദ്യുതി വിതരണം തടസപ്പെടുന്നതിനുള്ള പരിഹാരമായി, KSEBL-ന്റെ തനതുപദ്ധതിയായ 'ദ്യുതി-2' -ൽ 9 km ABC മാറ്റി പുതിയത് സ്ഥാപിക്കുന്ന ₹1,25,33,968 (ഒരു കോടി ഇരുപത്തിയഞ്ചുലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട്) രൂപയുടെ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ UG Cable സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

255(706) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികളിലെ വൈദ്യുതീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കോൺട്രാക്ട് എഗ്രിമെന്റ് 23-11-2022-ൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി 4,07,02,000/- രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്

(സി) ഭരണാനുമതിയിന്മേൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭരണാനുമതിയിന്മേൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കോൺട്രാക്ട് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ആദിവാസി കോളനികളിൽ ഏത് തരത്തിലാണ് വൈദ്യുതീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി, 13 കി.മീ. 11 കെ.വി ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തി, 0.15 കി.മീ. 11 കെ.വി ഓവർഹെഡ് ലൈൻ വലിക്കുന്ന പ്രവൃത്തി, രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, 4.65 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തി എന്നിവ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വൈദ്യുതീകരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

മേൽപ്രവൃത്തി ആറുമാസക്കാലയളവിൽ പൂർത്തീകരിക്കാനാണ്

ലക്ഷ്യമിടുന്നത്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും, കോളനികളുടെ വൈദ്യുതീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്.

**വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ നടത്തിയ ഇടപെടലുകൾ**

256(707) ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൈദ്യുതി മേഖലയെ സ്വകാര്യ കമ്പനികൾക്ക് യഥേഷ്ടം ഉപയോഗിക്കുവാനാകുന്ന തരത്തിൽ വൈദ്യുതി നിയമത്തിൽ മാറ്റം വരുത്തുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽനിന്നും വ്യത്യസ്തമായി ശൃംഖലാ

വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് പുതിയ നിർദ്ദേശം. വൻ മൂലധന നിക്ഷേപം ആവശ്യമുള്ളതും, എന്നാൽ വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ ശൃംഖലാവികസന പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം.

ഭേദഗതി നിർദ്ദേശത്തിൽ ഏറ്റവും പ്രകീർത്തിക്കപ്പെടുന്ന ആശയം ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതാണ്. എന്നാൽ ഉപഭോക്താവിന് ലഭിക്കുന്ന വൈദ്യുതിയുടെ നിലവാരം (quality of supply) വിതരണ ശൃംഖലയുടെ നിലവാരത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഭേദഗതി നിർദ്ദേശം അനുസരിച്ച് ഒരു പ്രദേശത്തിലെ എല്ലാ ഉപഭോക്താക്കളും ഒരേ വിതരണ ശൃംഖലയാകും (distribution network) ഉപയോഗിക്കുക എന്നതിനാൽ വ്യത്യസ്ത നിലവാരമുള്ള വൈദ്യുതി ലഭിക്കുമെന്നത് മിഥ്യയാണെന്ന് കരുതുന്നു.

വിതരണരംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യകമ്പനികൾ

ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കുമെന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യതയില്ലാതാകുമെന്നും ആശങ്കപ്പെടുന്നു.

സംസ്ഥാന സർക്കാർ നികുതിപ്പണം മുടക്കി നിർമ്മിച്ച നിലയങ്ങളിൽനിന്ന് ഉൾപ്പെടെ, നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്കുവയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജശേഷി വർദ്ധിപ്പിക്കുകയെന്ന സംസ്ഥാന താല്പര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന്റെ മാത്രം ബാധ്യതയായി വരും. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുകയും അതുകൊണ്ടുതന്നെ

ഉപഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യും. ഇതുണ്ടാകുന്ന ദൂഷിതവലയം (vicious circle) കാലക്രമത്തിൽ പൊതുമേഖലയുടെ തകർച്ചയിലേക്ക് നയിക്കും.

സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ ഫണ്ടിലേക്ക് ലഭ്യമാക്കാതെ വരുന്നപക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേക്കും നയിച്ചേക്കാം. ഇതുമൂലം സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന് സാധ്യതയുണ്ട്. അത്തരമൊരു വിഷമസന്ധി വന്നാൽ നിലവിൽ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി സംജാതമാകാൻ സാധ്യതയുണ്ട്.

ഭേദഗതി നിർദ്ദേശത്തിൽ വൈദ്യുതി വിതരണത്തിനുണ്ടാകുന്ന ന്യായമായ എല്ലാ ചെലവുകളും താരിഫ് മുഖേന വീണ്ടെടുക്കണമെന്ന നിർബന്ധബുദ്ധി കാട്ടുന്നു. കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ട റഗുലേറ്ററി അസറ്റ് ഒരുമിച്ച് ഒരു പ്രാവശ്യമായി താരിഫിലേക്ക് മാറ്റിയാൽ വൈദ്യുതി താരിഫ് കുതിച്ചുയരാൻ സാധ്യതയുണ്ട്.

വൈദ്യുതി നിയമ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ ഫെഡറൽ ഭരണതത്വങ്ങൾക്കെതിരാണെന്ന് വിലയിരുത്തുന്നു. ഭരണഘടനയുടെ ഏഴാം

ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതിബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്രസർക്കാരിന് ബാധ്യതയുണ്ട്. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകളുണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിലും അവരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭരണ നിർവ്വഹണ സംവിധാനങ്ങളിലും കേന്ദ്രീകരിക്കുന്ന വിധത്തിലുള്ള സമീപനമാണ് 2022-ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ മുന്നോട്ടു വെച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന നിർദ്ദിഷ്ട ഭേദഗതിക്കെതിരെ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയ അവസരത്തിലും പിന്നീട് Electricity (Amendment) Bill 2014, Electricity (Amendment) Act 2018, Electricity (Amendment) Bill 2020, Electricity (Amendment) Bill 2021 തുടങ്ങിയവയിലൂടെ അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച തങ്ങളുടെ എതിർപ്പ് ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു. ഇതിന് മുൻപായി കേന്ദ്ര സർക്കാർ വൈദ്യുതി ബിൽ 2021 മുന്നോട്ടുവച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകളേതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും പൊതുസമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ-ഉം സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 23-07-2021-ലെ 272/M(Ele)/L/2021 കത്തുപ്രകാരം ഡീ-ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താനിടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.എൽ-ന് വരാൻപോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ

ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്രത്തിനെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 30-08-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

08-08-2022-ന് പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി (ഭേദഗതി) ബിൽ 2022, സർക്കാർ പരിശോധിക്കുകയും ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ അഭിപ്രായം 22-09-2022-ലെ എ 1/176/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയുമുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി 26-09-2022-ലെ എ 1/176/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിരുന്നു.

മുൻപ് വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ

ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതിവിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ലായെന്നത് അസന്നിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

(സി) രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും താത്പര്യങ്ങൾ സ്വകാര്യ കുത്തകകൾക്ക് അടിയറവ് വയ്ക്കുന്നതിനായി രൂപം നൽകിയിട്ടുള്ളതായി പറയപ്പെടുന്ന പ്രസ്തുത ബില്ലിനെതിരെ രാജ്യത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ കൂട്ടായ്മയായ ഫോറം ഓഫ് റെഗുലേറ്റേഴ്സ് രംഗത്ത് വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഫോറം ഓഫ് റെഗുലേറ്റേഴ്സ് 2022 ആഗസ്റ്റ് 29, 30 തീയതികളിൽ കൂടിയ പ്രത്യേക യോഗത്തിൽ വൈദ്യുതി (ഭേദഗതി) ബിൽ 2022 ചർച്ച ചെയ്തതായും ആയത് സംബന്ധിച്ച വിശദമായ കുറിപ്പ് തയ്യാറാക്കിയതായും അറിയുന്നു. നിലവിൽ സംസ്ഥാന സർക്കാരുകളിലും റഗുലേറ്ററി കമ്മീഷനുകളിലും നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും അതേരീതിയിൽ തുടരേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിരുന്നു.

## സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി

257(708) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള

നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ " നവീകൃത വിതരണ മേഖല പദ്ധതി" (Revamped Distribution Sector Scheme-RDSS)-യിൽ ഉൾപ്പെടുത്തി RDSS-ന്റെ ഭാഗമായും കേന്ദ്ര മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നു. RDSS പദ്ധതിയുടെ മാർഗരേഖ പ്രകാരം, ഒന്നാംഘട്ടം സ്മാർട്ട് മീറ്ററുകളും അവയ്ക്കുവേണ്ട ആശയവിനിമയ ശൃംഖല, അതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ എന്നിവയും സ്ഥാപിക്കുന്നതിനായി, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ RECPDCL എന്ന സ്ഥാപനത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി മാനദണ്ഡങ്ങൾക്ക് വിധേയമായി, കെ.എസ്.ഇ.ബി.എൽ. 10 വർഷത്തെ കാലയളവിലേക്ക് നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതി നടത്തിപ്പിനായുള്ള AMISP-യെ (അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ സർവീസ് പ്രൊവൈഡർ അഥവാ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന

കമ്പനി) ടെണ്ടർ മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) നിലവിൽ എത്ര ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്നും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുവാനുള്ളതെന്നും അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടില്ല. കൊച്ചി സ്മാർട്ട് സിറ്റി പ്രദേശത്തെ ഏകദേശം 20,000-ഓളം വൈദ്യുതി ഉപഭോക്താക്കൾക്ക് ഇതുവരെ Cochin Smart Mission Limited (CSML) സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകൾ എതിർപ്പ് ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ ഇളവ്**

258(709) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ സമയത്ത് അടഞ്ഞുകിടന്ന സിനിമ തിയേറ്ററുകൾക്ക് ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. സിനിമാ മേഖലയിലെ കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28-01-2021-ലെ സംസ്ഥാന സർക്കാർ ഉത്തരവുപ്രകാരം, സിനിമ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ, 01-06-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50 ശതമാനമായി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തിയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. രണ്ട് ഗവൺമെന്റ് ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്.

കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ 28-06-2021-ലെ ഉത്തരവുപ്രകാരം, വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മെയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തിയേറ്ററുകൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30-09-2021 വരെ സാവകാശവും നൽകിയിരുന്നു. ഇതിൻ പ്രകാരം സിനിമാ

തിയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെ ഇളവാണ് നൽകിയിട്ടുള്ളത്.

കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ 22-12-2021-ലെ ഉത്തരവുപ്രകാരം, സിനിമാ തിയേറ്ററുകൾക്ക് അവരുടെ 06/2021 മുതൽ 10/2021 വരെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി ആറ് തവണകളായി അടയ്ക്കുന്നതിന് സാവകാശവും നൽകിയിരുന്നു. ഇതിൻപ്രകാരം സിനിമാ തീയേറ്ററുകൾക്ക് 1.92 കോടി രൂപയുടെ ഇളവാണ് നൽകിയിട്ടുള്ളത്.

(ബി) ഇടത്തരം മാളുകളിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകൾക്കും ഇത് ബാധകമാണോ; വ്യക്തമാക്കുമോ?

എല്ലാ തിയേറ്ററുകൾക്കും ഇത് ബാധകമാക്കിയിരുന്നു. ഇടത്തരം മാളുകളിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകൾക്ക് പ്രത്യേക കണക്ഷൻ എടുത്തിട്ടുണ്ടെങ്കിൽ ടി ഇളവുകൾ നൽകിയിട്ടുണ്ട്.

(സി) സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്ന മാളുകൾക്ക് ഇലക്ട്രിസിറ്റി ബില്ലിന്റെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവ് അനുവദിക്കുമോ; വിശദമാക്കുമോ?

സിനിമാ തിയറ്ററുകൾ പ്രവർത്തിക്കുന്ന മാളുകൾക്ക് ഈ തരത്തിലുള്ള ഇളവ് ഇതുവരെ അനുവദിച്ചിട്ടില്ല. മാളുകളെ വാണിജ്യ താരിഫിൽ ബിൽ ചെയ്യുന്നതിനാൽ വാണിജ്യ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഫിക്സഡ് ചാർജിൽ നൽകിയ 25% ഇളവ് നാല് മാസത്തേയ്ക്ക്

നൽകിയിരുന്നു.

(ഡി) ഇടത്തരം ഷോപ്പിംഗ് മാളുകളിലെ ഇലക്ട്രിക് ബിൽ കുടിശ്ശികയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; കോവിഡ് കാരണം അടഞ്ഞുകിടന്ന സമയത്തെ ബിൽ കുടിശ്ശികയ്ക്ക് പലിശയിളവ് നൽകുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാവിഭാഗം ഉപഭോക്താക്കൾക്കും 30 ദിവസത്തേക്ക് 12% പലിശയും അതിനുമുകളിലുള്ള കാലയളവിലേക്ക് 18% പലിശയുമാണ് സപ്ലൈ കോഡിലെ വ്യവസ്ഥകൾ പ്രകാരം ഇലക്ട്രിസിറ്റി ബിൽ കുടിശ്ശികയ്ക്ക് ഈടാക്കി വരുന്നത്. പലിശയിളവിൽ തീരുമാനമെടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്.

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

259(710) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴേക്കോട്, പുലാമന്തോൾ, പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിലെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ മൂന്ന് സെക്ഷനുകളിലും 2022-23 വർഷത്തെ RDSS, ദ്യുതി പദ്ധതികളിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പെരിന്തൽമണ്ണ, താഴേക്കോട് പുലാമന്തോൾ സെക്ഷനുകളിലായി RDSS, ദ്യുതി പദ്ധതികളിലായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയും പ്രകാരമുള്ള വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>പെരിന്തൽമണ്ണ</u>- 4.962 കിലോമീറ്റർ ലൈൻ കൺവെർഷൻ, 3.34 കിലോമീറ്റർ പുതിയ ലൈൻ നിർമ്മാണം, 2 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.

<u>താഴേക്കോട്</u>- 35.75 കിലോമീറ്റർ ലൈൻ കൺവെർഷൻ, 1.4 കിലോമീറ്റർ പുതിയ ലൈൻ നിർമ്മാണം, 13 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.

<u>പുലാമന്തോൾ</u>- 3.711 കിലോമീറ്റർ ലൈൻ കൺവെർഷൻ, 0.570 കിലോമീറ്റർ പുതിയ ലൈൻ നിർമ്മാണം, 18 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.

### കെ.എസ്.ഇ.ബി.-യുടെ ലാഭനഷ്ടക്കണക്ക്

260(711) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അടക്കമുള്ള രേഖകൾ

പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 495 കോടിയോളം രൂപ ലാഭമുണ്ടാകുമെന്നിരിക്കെ നിരക്ക് വർദ്ധനവിനുവേണ്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച ആന്വൽ റെക്കറിംഗ് റവന്യൂവിൽ 2852 കോടി രൂപ നഷ്ടമുണ്ടാകുമെന്ന് സൂചിപ്പിച്ചിരുന്നോ; എങ്കിലിത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ 2022-23-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 496.20 കോടി രൂപയുടെ ലാഭം പ്രതീക്ഷിച്ചിരുന്നുവെങ്കിലും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ പെറ്റീഷനിൽ 2852 കോടി രൂപയുടെ നഷ്ടം (റവന്യൂ ഗ്യാപ്പ്) എന്ന് സൂചിപ്പിച്ചിരുന്നതിന്റെ കാരണം ചേർക്കുന്നു:-

വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ) ആയതിനാൽ മുൻവർഷങ്ങളിലെപോലെ 2022-23-ലെ ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ-ഉം തമ്മിൽ വ്യത്യാസമുണ്ട്.

ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധികതുക മുതലായവ

കാണിക്കുന്നില്ല.

വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പുപ്രകാരം, കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ വ്യവസ്ഥകൾ പ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ., സമർപ്പിച്ച ARR & ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്ന നിലയിലാണ് കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച്, 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്. ARR & ERC പെറ്റീഷൻ പ്രകാരമുള്ള റവന്യൂ ഗ്യാപ്പ് നിർണ്ണയിക്കുന്നത് റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രതീക്ഷിത വരവുചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്.

വ്യത്യസ്ത ആവശ്യങ്ങൾക്കായി, വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും,

വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും എ.ആർ.ആർ. പെറ്റീഷനും. ഇങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ, പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകുമെങ്കിലും ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കുവാൻ കഴിയുകയില്ല.

(ബി) നിലവിൽ കെ.എസ്.ഇ.ബി. ലാഭത്തിലാണോ, നഷ്ടത്തിലാണോ എന്നതിന്റെ വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് 736.27 കോടി രൂപ ലാഭത്തിലാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ രണ്ട ത്രൈമാസിക കണക്കുപ്രകാരം (താത്കാലികം) 230.70 കോടി രൂപ ലാഭത്തിലാണ്. 2022-23 സാമ്പത്തിക വർഷം ലാഭമാണ് പ്രതീക്ഷിക്കുന്നത്.

**കുന്നത്തുനാട് മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

261(712) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര സൗരനിലയങ്ങൾ സ്ഥാപിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 998 സൗര നിലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. സ്ഥാപിതശേഷി-4193 Kwp. ഈ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ പ്രസ്തുത നിയോജക മണ്ഡലത്തിൽ പ്രതിമാസം 503160 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്.

കൂടാതെ, ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ അനെർട്ട് മുഖേന 12 കിലോവാട്ട് ശേഷിയുള്ള 3 സൗരനിലയങ്ങൾ സ്ഥാപിച്ചു. ഇതിലൂടെ പ്രതിമാസം ഏകദേശം 1,500 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഇതുവരെ പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഇതുവരെ പ്രസ്തുത പദ്ധതിക്കായി അനെർട്ടിന് 25 ഉപഭോക്താക്കളിൽ നിന്ന് ആകെ 105 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥപിക്കുന്നതിനുള്ള അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 3 ഉപഭോക്താക്കൾ ആകെ 12 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിച്ചു.

കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്. ബാക്കിയുള്ളവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേക്ക് നാളിതുവരെ 1188 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 998 സൗരനിലയങ്ങൾ (4193 Kwp) പണി പൂർത്തിയായി കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

262(713) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി നിലവിലേത് ഘട്ടത്തിലാണെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 7 സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ</u>

നെന്മാറ

<u>പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ</u>

1. സ്വാതി ജംഗ്ഷൻ

2. മലബാർ ഹോട്ടലിനുസമീപം

3. മുൻസിപ്പൽ കോടതി

4. നുലിടാംപാല - ചിതലി

5. കാഴ്ചപ്പറമ്പ് ജംഗ്ഷൻ

6. കെ.എസ്.ഇ.ബി.എൽ. ഓഫീസിനു സമീപം

(ബി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പദ്ധതിയുടെ അടുത്ത ഘട്ടമായി ഉദ്ദേശിക്കുന്നു.

**അരൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് പോയിന്റുകൾ**

263(714) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ഏതെല്ലാം പ്രദേശങ്ങളിലാണ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അരൂർ നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന 8 പ്രദേശങ്ങളിലാണ്

വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

1. കരിപ്പൊഴി ട്രാൻസ്ഫോർമറിനു സമീപം.

2. സൈനബാറ ഐസ് പ്ലാന്റിനു സമീപം, അരൂക്കുട്ടി.

3. പെരുമ്പലം ഗ്രാമ പഞ്ചായത്ത് ഓഫീസിനു സമീപം.

4. കെൽട്രോൺ ഓഫീസിനു സമീപം.

5. ഭദ്ര ബ്രിഡ്ജിനു സമീപം.

6. മലബാർ സിമെന്റ് പള്ളിപ്പുറത്തിനു സമീപം.

7. മക്കേ കടവിന് സമീപം, പൂച്ചക്കൽ

8. പൂച്ചക്കൽ ജംഗ്ഷൻ (കെ.എസ്.ഇ.ബി.എൽ.-നു സമീപം) ഇവയുടെ പണി പൂർത്തിയായിക്കഴിഞ്ഞു.

(ബി) പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

മുകളിൽ പ്രസ്താവിച്ച സ്റ്റേഷനുകളിൽ ചാർജ് ചെയ്യുന്നതിന് യൂണിറ്റിന് 9 രൂപയും ജി.എസ്.ടി.-യുമാണ് ഈടാക്കുന്നത്.

(സി) പ്രസ്തുത ചാർജിംഗ് പോയിന്റുകൾ ഫാസ്റ്റ് ചാർജിംഗ് സെന്ററുകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത ചാർജിംഗ് പോയിന്റുകൾ ഓട്ടോറിക്ഷകൾ, ഇരുചക്ര വാഹനങ്ങൾ എന്നിവ യഥേഷ്ടം ചാർജ് ചെയ്യാൻ അനുയോജ്യമാണ്. കൂടാതെ ഫോർവീലറുകളും അവശ്യഘട്ടങ്ങളിൽ ചാർജ് ചെയ്യാൻ കഴിയും. സംസ്ഥാന വ്യാപകമായി 1166 പോയിന്റുകളുടെ ചാർജിംഗ് ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവ ഫാസ്റ്റ് ചാർജിംഗ് സെന്ററുകളാക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

**കെ.എസ്.ഇ.ബി. അദാലത്തുകൾ**

264(715) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട പരാതികൾ അദാലത്ത് നടത്തി പരിഹരിക്കുന്ന നടപടികൾ കഴിഞ്ഞ കുറച്ചുവർഷങ്ങളായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദാലത്തുകൾ നടത്തി പരാതികൾ ഇളവുകളോടെ തീർപ്പ് കൽപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് അവസാനമായി കെ.എസ്.ഇ.ബി.എൽ. ജില്ലാതലത്തിൽ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. പിന്നീട് കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ജില്ലാതല വൈദ്യുതി അദാലത്തുകൾ നടത്തുവാൻ

സാധിച്ചിട്ടില്ല.

എന്നാൽ 2021-ലും 2022-ലും കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി ഉപഭോക്താക്കൾക്ക് വൈദ്യുതി കുടിശ്ശികയുടെ പലിശ നിരക്കിൽ ഇളവുകൾ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ഉപഭോക്താക്കളുടെ കുടിശ്ശിക സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുകയും ചെയ്തിരുന്നു. ഇളവുകൾ വേണ്ടിവരുന്ന മറ്റു പരാതികൾ പരിശോധിച്ച് അർഹതപ്പെട്ടവ Full Time Directors-ന്റെ പരിഗണനയ്ക്കുവിട്ട് ആവശ്യമായ ഇളവുകൾ ബോർഡ് തലത്തിൽ അനുവദിക്കാറുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ**

265(716) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുതി ചാർജിംഗ് സംവിധാനം ഒരുക്കിയിട്ടുള്ളതെന്ന് സ്ഥലപ്പേര് സഹിതം വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ</u>

ഇലക്ട്രിക്കൽ ഡിവിഷൻ നെയ്യാറ്റിൻകര

<u>പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>

1. അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ്

2. ആലംപൊറ്റ

3. പ്ലാമൂട്ടുക്കട

4. അമരവിള ബ്രിഡ്ജിനു സമീപം

5. താന്നിമൂട്

6. കുട്ടപ്പന (റോളൻസ് ആശുപത്രിക്ക് സമീപം)

7. അറകുന്ന് - മാരായമുട്ടം റോഡ്

**ഷൊർണ്ണൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

266(717) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കോതകുറിശ്ശിയിൽ ആരംഭിക്കാൻ തീരുമാനിച്ച 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് കോതകുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക പഠനം നടത്തി, ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രസ്തുത പദ്ധതിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം ആകെ 0.4587 ഹെക്ടർ (1 ഏക്കർ, 13 സെന്റ് സ്ഥലം) വിസ്തൃതിയുള്ളതാണ്. ഇതിൽ 0.3267 ഹെക്ടർ (80.38 സെന്റ്) സ്ഥലം റവന്യൂ വകുപ്പിന്റെയും ബാക്കിയുള്ള 0.132 ഹെക്ടർ (32.62 സെന്റ്) സ്ഥലം കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെയും (KPIP) കൈവശമുള്ളതാണ്. പ്രസ്തുത സ്ഥലങ്ങൾ ഈ പദ്ധതിക്കുവേണ്ടി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പാലക്കാട് ജില്ലാകളക്ടറുടെ കാര്യാലയത്തിലും ജലവിഭവ വകുപ്പിലും നടന്നുവരികയാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ കഴിയും. ഈ പദ്ധതി പ്രകാരം 110kV സബ്സ്റ്റേഷൻ കോതകുറുശ്ശി പൂർത്തീകരിച്ചാൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ വാണിയംകുളം, തൃക്കടീരി, ചളവറ, അനങ്ങനടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാവുന്നതാണ്.

### കുറ്റ്യാടി മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി

267(718) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; സ്റ്റേഷനുകളുടെ വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന 6 പോസ്റ്റുകളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പടുത്തിയിട്ടുള്ളത്.

1. അയഞ്ചേരി നാവോലം കോരൻ

2. അയഞ്ചേരി തെരുവ്

3. തീക്കുനി

4. അത്തൂർ

5. ചെരപ്പുരം

6. കക്കാട് ടൗൺ

(ബി) ഇത്തരത്തിൽ സ്ഥാപിക്കുന്ന ചാർജിംഗ് സ്റ്റേഷനുകളിൽ ഒരേ സമയം എത്ര വാഹനങ്ങൾക്ക് ചാർജ് ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഒരു സമയം ഒരു വാഹനം ചാർജ്ജ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമാണിപ്പോഴുള്ളത്.

(സി) വർദ്ധിച്ചുവരുന്ന ഇലക്ട്രിക് വാഹന ഉപഭോഗം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ കൂടുതൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിവരം നൽകുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതി പ്രകാരം അടുത്ത ഘട്ടത്തിൽ പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി രൂപീകരണം നടന്നുവരുന്നു. അനെർട്ടിന്റെ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ദേശീയപാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**കോട്ടക്കൽ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

268(719) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയായി.

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ കൂടുതൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സ്ഥാപിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വൈദ്യുതി

പോസ്റ്റുകളിൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ?

ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണം എന്ന നിലയിൽ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിക്കുന്നത്.

(ഡി) കോട്ടക്കൽ മണ്ഡലത്തിൽ എവിടെയെല്ലാം പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 8 ഇടങ്ങളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

1. വളാഞ്ചേരി കരിക്കല്ലത്താണി
2. കോട്ടക്കൽ പാലത്തറ
3. കുറ്റിപ്പുറം NH ജംഗ്ഷൻ
4. പൊന്മല കിഴക്കേത്തല
5. ഇടയൂർ പൂക്കാട്ടിരി
6. ഇരിമ്പിലിയം കോട്ടപ്പുറം

7. കാടാമ്പുഴ ക്ഷേത്രം

8. മാന്നൂർ

കൂടുതൽ സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സ്ഥാപിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി**

269(720) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പാലക്കുഴി പ്രദേശത്തെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം വകുപ്പുമന്ത്രിയുമായി യോഗം ചേരുന്നതിന് കെ.എസ്.ഇ.ബി. സി.എം.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നോ; വിവരം നല്കുമോ;

(ബി) എങ്കിൽ വനം വകുപ്പുമായി യോഗം ചേർന്നിട്ടുണ്ടോ; ആയതിന്റെ തീരുമാനം അറിയിക്കുമോ;

(സി) വിദ്യാർത്ഥികളുള്ള കുടുംബങ്ങളിൽ ഉടൻ വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) നിർദ്ദേശം നൽകിയതായിട്ടുള്ള രേഖകൾ ലഭ്യമല്ല. 2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജക മണ്ഡലത്തിലെ പാലക്കുഴി പ്രദേശത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി

വനംവകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ച 19 അപേക്ഷകളിൽ 4 അപേക്ഷകർക്കൊഴികെ എല്ലാവർക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ കണക്ഷൻ നൽകാനുള്ള നാലു പേരിൽ രണ്ടു പേർക്ക് സർവീസ് വയർ ഉപയോഗിച്ചും മറ്റു രണ്ടുപേർക്ക് OH ലൈൻ വലിച്ചും വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. വനം വകുപ്പിന്റെ അനുമതിക്കായി ഡി.എഫ്.ഒ. ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു. വനം വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻതന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

**വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകൾ**

270(721) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനെടുക്കുമ്പോൾ എത്ര കണക്ഷനുകൾക്ക് മുകളിലുണ്ടെങ്കിലാണ് ബസ് ബാറും കൺട്രോളും സ്ഥാപിക്കേണ്ടത്; വിശദമാക്കുമോ;

(ബി) നിശ്ചിത കണക്ഷന് മുകളിലുണ്ടെങ്കിൽ ബസ് ബാറും കൺട്രോളും നിർബന്ധമാണെന്ന നിയമം നിലവിലുണ്ടോ; ഇതുസംബന്ധിച്ച് ഉത്തരവുകളുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS,

2010 റെഗുലേഷൻ 71 പ്രകാരം ഒരു പോസ്റ്റിൽ നിന്നും നൽകാവുന്ന സർവ്വീസ് കണക്ഷനുകളുടെ പരമാവധി എണ്ണം നാലായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കെട്ടിടത്തിലേക്ക് ഒരു പോസ്റ്റിൽ നിന്നും നാലിൽ കൂടുതൽ കണക്ഷനുകൾ എടുക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ആ കെട്ടിടത്തിന്റെ ആകെ കണക്റ്റഡ് ലോഡിനനുസൃതമായ ഒരു കേബിൾ മുഖേന, ടി കെട്ടിടത്തിൽ കെ.എസ്.ഇ.ബി.എൽ-ന് ലോക്ക് ചെയ്ത് സീൽ ചെയ്യാൻ സാധിക്കുന്ന ബസ്-ബാറുകളോടു കൂടിയ LT-MV പാനലിലേക്ക് വൈദ്യുതി ലഭ്യമാക്കുകയും ആയതിൽ നിന്നും ഓരോ ഉപഭോക്താവിനും ആവശ്യമായ കണക്ഷനുകൾ നൽകുകയും ചെയ്യേണ്ടതാണ്.

(സി) വർഷങ്ങൾക്കുമുമ്പ് പണി പൂർത്തീകരിച്ചതും ആറ് കണക്ഷനുകൾ ലഭിച്ചതും ഇപ്പോഴും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിൽ പുതിയൊരു കണക്ഷൻ ആവശ്യമായി വന്നാൽ ബസ് ബാറും കൺട്രോളുമില്ലാതെ കണക്ഷൻ ലഭിക്കാൻ തടസ്സമുണ്ടോ; വിശദമാക്കുമോ?

ഒന്നിലധികം സപ്ലൈ (ജനറേറ്റർ മുതലായവ) ഒരിടത്തു വരികയോ, കെട്ടിടത്തിൽ ആകെ വേണ്ട ലോഡ് 100 kVA യിൽ കൂടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ടി കെട്ടിടത്തിന്റെ വയറിംഗ് ഡ്രോയിംഗിന് കേരള സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതി ആവശ്യമാണ്. ആയതിനാൽത്തന്നെ കെട്ടിടത്തിന്റെ ഉയരം, ആകെയുള്ള നിലകൾ,

വൈദ്യുതിയുടെ ആവശ്യം, കെട്ടിടത്തിലെ ആകെ കണക്റ്റഡ് ലോഡ് തുടങ്ങിയ വയ്ക്കനുസരിച്ച KERALA ELECTRICITY SUPPLY CODE - 2014, CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS - 2010, BUREAU OF INDIAN STANDARDS -ന്റെ SP 30 (2011): National Electrical Code 2011 [ETD 20: Electrical Installation], IS 732 (1989): Code of Practice for Electrical Wiring Installations [ETD 20: Electrical Installation] എന്നിവ പരിഗണിച്ചുകൊണ്ട് മാത്രമേ അന്തിമ തീരുമാനത്തിലെത്തുവാൻ സാധിക്കുകയുള്ളൂ.

KERALA STATE ELECTRICITY REGULATORY COMMISSION പുറപ്പെടുവിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള KERALA ELECTRICITY SUPPLY CODE, 2014 - റെഗുലേഷൻ 11(3) പ്രകാരം "An applicant occupying multi-storeyed building may be given service connection at low tension on his application, even if his connected load or contract demand is more than 100 kVA, by providing bus ducts or cables of adequate current carrying capacity and complying with the provisions of the Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2010, provided the developer or builder of

the multi-storeyed building, installs and maintains at his cost, the transformer station of adequate capacity and associated apparatus including the internal distribution system for this purpose and enhances the capacity of the transformer to meet the load growth if any." എന്ന് പ്രതിപാദിച്ചിരിക്കുന്നു.

ഇത്തരത്തിൽ വൈദ്യുതി കണക്ഷൻ എടുക്കുന്ന സാഹചര്യത്തിൽ റെഗുലേഷൻ 11(1) പ്രകാരം "A low tension consumer who, as on the date of implementation of the Kerala Electricity Supply Code, 2005, had a sanctioned load exceeding the limit of 100 kVA, may be permitted, subject to realisation of low voltage supply surcharge, to operate with the same sanctioned load at the same voltage level of supply until an upward revision of connected load is sought for by the consumer." എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

NB: BUREAU OF INDIAN STANDARDS -ന്റെ SP 30 (2011): National Electrical Code 2011 [ETD 20: Electrical Installation], IS 732 (1989): Code of Practice for Electrical Wiring Installations [ETD 20: Electrical Installation] എന്നിവയ്ക്ക് പകർപ്പവകാശ നിയമം ബാധകമാണ്.

(ഡി) കണക്ഷൻ നൽകുമ്പോൾ പാലിക്കേണ്ട ബസ് ബാറും കൺട്രോളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.-യുടെ ഏത് ചട്ടത്തിലാണ് പറയുന്നത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS, 2010 റെഗുലേഷൻ 71 പ്രകാരം ഒരു പോസ്റ്റിൽ നിന്നും നൽകാവുന്ന സർവ്വീസ് കണക്ഷനുകളുടെ പരമാവധി എണ്ണം നാലായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കെട്ടിടത്തിലേക്ക് ഒരു പോസ്റ്റിൽ നിന്നും നാലിൽ കൂടുതൽ കണക്ഷനുകൾ എടുക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ആ കെട്ടിടത്തിന്റെ ആകെ കണക്റ്റഡ് ലോഡിനനുസൃതമായ ഒരു കേബിൾ മുഖേന, ടി കെട്ടിടത്തിൽ കെ.എസ്.ഇ.ബി.എൽ-ന് ലോക്ക് ചെയ്ത് സീൽ ചെയ്യാൻ സാധിക്കുന്ന ബസ്-ബാറുകളോടുകൂടിയ LT-MV പാനലിലേക്ക് വൈദ്യുതി ലഭ്യമാക്കുകയും ആയതിൽ നിന്നും ഓരോ ഉപഭോക്താവിനും ആവശ്യമായ കണക്ഷനുകൾ നൽകുകയും ചെയ്യേണ്ടതാണ്.

### വൈദ്യുതി ചാർജ് കുടിശ്ശിക

271(722) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി

ചാർജ് കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കുവാനുണ്ട്; നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദ വിവരം നൽകുമോ?

31-10-2022 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 971.70 കോടി രൂപ ലഭിക്കുവാനുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയിനത്തിൽ 221.01 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ചാർജ് വർദ്ധനവിലൂടെ നടപ്പ് സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.-ക്കുണ്ടായ അധികവരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർധനയുള്ള താരിഫ് പരിഷ്കരണമാണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് എകദേശം 760 കോടി രൂപ അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്.

(സി) സ്വകാര്യ വൻകിട ഉപഭോക്താക്കളിൽ നിന്നും ഭീമമായ വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഇതര സംസ്ഥാനങ്ങളുടെ മാതൃകയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായും കുറഞ്ഞ നിരക്കിലും

നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്വകാര്യ വൻകിട ഉപഭോക്താക്കളിൽ നിന്നും വൈദ്യുത ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, തുടർന്നും അടവു വരുത്താത്ത സാഹചര്യത്തിൽ ആയത് സ്ഥായിയായി വിച്ഛേദിച്ച് (dismantle) ആർ.ആർ. നടപടികൾ സ്വീകരിച്ചുകൊണ്ട് പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നീ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു.

താരിഫ് പരിഷ്കരണംമൂലം മൊത്തത്തിൽ 6.58% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള പണപ്പെരുപ്പം, ഉപഭോക്തൃ വിലസൂചികകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് കുറവാണെന്ന് കാണാം. സംസ്ഥാനത്തെ ഇടത്തരം കുടുംബങ്ങളെ ബാധിക്കാത്ത ഒരു താരിഫ് പരിഷ്കരണമാണ് 26-06-2022 മുതൽ കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റുവരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർദ്ധനയില്ലാതെ 1.50 രൂപ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാകും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഇതിനു പുറമേ, സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-07-2012-ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയുമാണ്. പ്രതിമാസം 120 യൂണിറ്റുവരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.

പ്രതിമാസം 30 യൂണിറ്റുവരെ ഉപയോഗമുള്ള 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.

കൂടാതെ, പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകി വരുന്നു.

ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ആയത് പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ 1.5 രൂപ നിരക്കിലും കാൻസർ ബാധിച്ചതോ അപകടമോ പോളിയോമൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ ആയ വ്യക്തി അംഗമായ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.5 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു.

കൂടുതൽ സൗജന്യങ്ങൾ നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**അരുവിക്കര മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് പോയിന്റുകൾ**

272(723) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളും എത്ര ഉപഭോക്താക്കൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 6 സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

1. അഴീക്കൽ, പൂവച്ചൽ

2. അരുവിക്കര ജംഗ്ഷൻ

3. PWD റസ്റ്റ് ഹൗസ്

4. KSRTC നാലുമുക്ക് റോഡ്

5. KSEBL ഓഫീസിനു സമീപം

6.കുളക്കോട്

ഇതുവരെ 35 ഉപഭോക്താക്കൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ കൂടുതലായി ഇത്തരം ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; പ്രസ്തുത വിവരം ലഭ്യമാക്കാമോ?

കൂടുതൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പ്രഭുറാം മിൽസിന്റെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ**

273(724) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധികൾ നേരിടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന് സ്ഥാപനങ്ങൾക്കുണ്ടായ ഭീമമായ വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളുന്നതിനോ സർക്കാർ ഏറ്റെടുക്കുന്നതിനോ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഈ വിഷയത്തിൽ ശാശ്വതപരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ വ്യവസായ വകുപ്പുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രഭുറാം മിൽസിന്റെ വൈദ്യുതി കുടിശ്ശികയായ 3 കോടി 98 ലക്ഷം രൂപ തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

പഴയ വൈദ്യുതി കുടിശ്ശിക തുകയ്ക്ക് കൂടുതൽ തവണവ്യവസ്ഥകൾ അനുവദിച്ചുകൊണ്ട് തീർപ്പാക്കാനായി ശ്രമിക്കേണ്ടതും 2022 സെപ്റ്റംബർ മാസം മുതലുള്ള തൻമാസങ്ങളിലെ വൈദ്യുതി ചാർജ്ജ് കൃത്യമായി ഒടുക്കുകയും വേണമെന്ന നിർദ്ദേശമാണ് 24-08-2022-ൽ നിയമസഭാമന്ദിരത്തിലെ സമ്മേളന ഹാളിൽ വച്ച് ചേർന്ന യോഗത്തിന്റെ തീരുമാനം.

(സി) പ്രസ്തുത നടപടികൾക്കുശേഷം ഇപ്പോഴുണ്ടായിട്ടുള്ള മൂന്ന് മാസത്തെ കുടിശ്ശിക ഘട്ടംഘട്ടമായി അടച്ചുതീർക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

പഴയ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് പ്രത്യേക നടപടികളൊന്നുംതന്നെ പ്രസ്തുത ഉപഭോക്താവ് നാളിതുവരെ സ്വീകരിച്ചിട്ടില്ല. കൂടാതെ തൻമാസ വൈദ്യുതി ചാർജ്ജ് കൃത്യമായി അടയ്ക്കുന്നുമില്ല.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

274(725) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ദ്യുതി 1, ദ്യുതി 2, RDSS, SOURA, വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ എന്നീ പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

ദ്യുതി 1 & ദ്യുതി 2

ദ്യുതി പദ്ധതി പ്രകാരം നിലവിലുള്ള എച്ച്.റ്റി., എൽ.റ്റി. ലൈനുകളുടെ നവീകരണം, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ മാറ്റി ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ, പഴക്കമുള്ള ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കൽ, കേടായ എനർജി മീറ്ററുകൾ മാറ്റി പുതിയ മീറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നത്.

RDSS സ്കീം

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീമിൽ ലൈനുകളുടെ നവീകരണം നിലവിലുള്ള ഓവർഹെഡ് ലൈനിനു പകരം ABC, UG കേബിൾ,

കവചിത കണ്ടക്ടർ എന്നിവ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നടത്തുന്നത്.

സൗര

പുരപ്പുറ സോളാർ സ്ഥാപിക്കൽ, സർക്കാർ ഓഫീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ, കോളേജ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് ഹരിതോർജ്ജത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്ന പദ്ധതിയാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന്റെ കീഴിൽ സൗര ഫേസ്-I നോൺ സബ്സിഡി സ്കീമിൽ 11 സൗരനിലയങ്ങളിലായി ആകെ 177 KW-ന്റെ സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു. സൗര ഫേസ്-II സബ്സിഡി സ്കീമിൽ 69 സൗരനിലയങ്ങളിലായി ആകെ 235 KW-ന്റെ സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു. സബ്സ്കീമിന്റെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ

ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് സൗകര്യം ഒരുക്കുന്നതിന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ഇലക്ട്രിക് പോസ്റ്റുകളിലും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷൻ മാവുങ്കൽ

സബ്സ്റ്റേഷന് സമീപം പണി പൂർത്തിയായി.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും 8 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

<u>പ്രസരണ വിഭാഗം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

- 220 kV അമ്പലത്തറ സബ്സ്റ്റേഷനിൽ രണ്ട് 100 MVA 220/110 kV ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. 03-06-2022-ന് രണ്ടാമത്തെ ട്രാൻസ്ഫോർമർ കമ്മീഷൻ ചെയ്തു.
- 110 kV കാഞ്ഞങ്ങാട് സബ്സ്റ്റേഷനിലെ 12.5 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ ശേഷി വർദ്ധിപ്പിച്ചു. രണ്ട് 20 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി 15-10-2022 -ന് പൂർത്തീകരിച്ചു.
- 33 kV ബേളൂർ സബ്സ്റ്റേഷനിൽ 11 kV ഔട്ട്ഡോർ സംവിധാനം മാറ്റി 11 kV ഇൻഡോർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി 12.09.2022 -ന് പൂർത്തീകരിച്ചു.
- കാഞ്ഞങ്ങാട് 110 kV സബ്സ്റ്റേഷൻ പരിസരത്ത് ഒരു വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

ഇതുകൂടാതെ 33 kV കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിലെ രണ്ട് 5 MVA,

33/11 kV ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ച് രണ്ട് 8 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കാമോ?

<u>ദ്യുതി 1 & ദ്യുതി 2</u>

ദ്യുതി 1 പ്രകാരം 2020-21 വർഷത്തിൽ 118 പ്രവൃത്തികൾക്കായി 531.361 ലക്ഷം രൂപ ചെലവഴിച്ചു. 2021-22 വർഷം 134 പ്രവൃത്തികൾ 538.71 ലക്ഷം രൂപ ചെലവഴിച്ച പൂർത്തിയാക്കി. 24 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 255.78 ലക്ഷം രൂപ ചെലവാകും. 2022-23 -ൽ ദ്യുതി-2 പ്രകാരം 83 പ്രവൃത്തികൾക്ക് 620.31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്.

<u>RDSS സ്കീം</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീമിൽ 53 പ്രവൃത്തികൾക്കായി 959 ലക്ഷം രൂപയുടെ പദ്ധതികൾ ടെണ്ടർ നടപടികളിലാണ്.

<u>സൗര</u>

കെ.എസ്.ഇ.ബി.എൽ. മുതൽമുടക്കുന്ന ഫേസ്-I നോൺ സബ്സിഡി സ്കീമിൽ ഏകദേശം 79,65,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഫേസ് -II സബ്സിഡി പദ്ധതിക്കായി ഏകദേശം 1,31,60,000/- രൂപ

വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 60% തുക ഉപഭോക്താവും 40% സബ്സിഡി തുകയുമാണ്.

ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ

വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾക്കായി (ഫാസ്റ്റ് ചാർജിംഗ് & പോൾ മൗണ്ടഡ്) 23 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗം

പ്രസരണ വിഭാഗത്തിലെ വിവിധ പ്രവൃത്തികളുടെ തുക വിവരം താഴെപ്പറയുന്ന പ്രകാരമാണ്.

| No. | Name of work | Amount |
|---|---|---|
| 1. | 220 kV അമ്പലത്തറ സബ്സ്റ്റേഷനിൽ രണ്ട് 100 MVA 220 / 110 kV ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 29 കോടി |
| 2. | 110 kV കാഞ്ഞങ്ങാട് സബ്സ്റ്റേഷനിലെ രണ്ട് 12.5 MVA ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചുരണ്ട് 20 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി | 4.35 കോടി |
| 3. | 33 kV ബേളൂർ സബ്സ്റ്റേഷനിൽ 11 kV ഔട്ട്ഡോർ സംവിധാനം മാറ്റി 11 kV ഇൻഡോർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി | 99 ലക്ഷം |
| 4. | 33 കെ.വി കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിലെ രണ്ട് 5 MVA, 33/11 KV ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ച രണ്ട് 8 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി | 1.75 കോടി |

## 'നിലാവ്' പദ്ധതി'

275(726) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് നടപ്പാക്കുന്ന 'നിലാവ്' പദ്ധതിയുടെ വിശദാംശം നൽകുമോ?

നിലാവ് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി കൂടുതൽ ഔട്ട്പുട്ട് കാര്യക്ഷമതയും, ഊർജ്ജക്ഷമതയുമുള്ള പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ (Priority Projects) ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പാണ് (LSGD) പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ്. തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി KSEBL തയ്യാറാക്കി കിഫ്ബി അംഗീകരിച്ച ഡി.പി.ആർ. പ്രകാരം 298 കോടി രൂപയാണ് ആകെ പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. നിലാവ് പദ്ധതിയിൽ ചേരുവാനുള്ള തീരുമാനമെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിലാവ് പദ്ധതിയിൽ ചേരുവാനുള്ള താത്പര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രമേയം പാസ്സാക്കി KSEBL-ന് നൽകുകയും എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകൾ KSEBL-മായി

ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമായ എൽ.ഇ.ഡി. വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി നൽകുകയും വേണം. നിലാവ് പദ്ധതിയിൽ ചേരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവ് തുക മുൻകൂർ അടയ്ക്കേണ്ടതില്ല. പദ്ധതിക്കുവേണ്ട ഫണ്ട് KIIFB നൽകും. പദ്ധതിക്കുവേണ്ടി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സപ്ലൈ ചെയ്യുന്ന EESL-ന് ഇൻവോയ്സ് പ്രകാരമുള്ള തുക KIIFB നേരിട്ട് നൽകും. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിലൂടെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർന്നുള്ള വൈദ്യുതി ബില്ലിനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് KIIFB-യ്ക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. ഏഴ് വർഷങ്ങൾകൊണ്ട് KIIFB-ക്ക് തിരിച്ചടയ്ക്കേണ്ട ഈ തുക ഓരോ സാമ്പത്തിക വർഷത്തിലും ധനകാര്യ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് നേരിട്ട് KIIFB-ക്ക് നൽകും. നിലാവ് പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. തെരുവുവിളക്കുകൾക്ക് 7 വർഷം വാറണ്ടിയുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. തെരുവുവിളക്കുകൾ പ്രവർത്തന രഹിതമായാൽ അത് മാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വാറന്റി കാലയളവിൽ മാറ്റി ലഭിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതും പ്രസ്തുത എൽ.ഇ.ഡി. -കളുടെ മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശസ്ഥാപനങ്ങൾ

വഹിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നിലവിൽ മറ്റ് തെരുവുവിളക്കുകൾക്ക് ചെയ്തുവരുന്നതുപോലെ AMC കരാറുകാരെ സമീപിച്ച മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

(ബി) വാമനപുരം മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിലും ഈ പദ്ധതി പ്രകാരം സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണവും നൽകുമോ?

വാമനപുരം മണ്ഡലത്തിലെ നന്ദിയോട്, പുല്ലമ്പാറ, ആനാട്, വാമനപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് നിലാവ് പദ്ധതിക്കുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | ആവശ്യപ്പെട്ട LED ലൈറ്റുകളുടെ എണ്ണം | കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച LED ലൈറ്റുകളുടെ എണ്ണം |
|---|---|---|
| നന്ദിയോട് | 500 | 500 |
| പുല്ലമ്പാറ | 1000 | 1000 |
| ആനാട് | 575 | 575 |
| വാമനപുരം | 500 | 500 |

31-07-2021 വരെ കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമായ LED ലൈറ്റുകളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് നിലാവ് പദ്ധതിയുടെ രണ്ടാം ഘട്ട P O 13-10-2021-ൽ നൽകിയിരിക്കുന്നത്.

**മരിപ്പുഴ, ഓളിക്കൽ, പൂവാറൻതോട് ജലവൈദ്യുത പദ്ധതികൾ**

276(727) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് കീഴിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട മറിപ്പുഴ, ഓളിക്കൽ, പൂവാറൻതോട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ഒലിക്കൽ, പൂവരംതോട് പദ്ധതികളുടെ സിവിൽ ജോലികൾ 15-06-2022-ന് വർക്ക് അവാർഡ് ചെയ്ത് 19-09-2022-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

മരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതി നിർമ്മിക്കുന്നതിനായി സ്വകാര്യഭൂമി, വനഭൂമി, പട്ടികവർഗ്ഗക്കാരുടെ ഭൂമി എന്നിങ്ങനെ മൂന്നുതരം ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 29 സ്വകാര്യ ഭൂമിയുള്ളതിൽ 27 പേരുടെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. രണ്ടുപേരുടെ ഭൂമി എൽ.എ.ആർ.ആർ. ആക്ട്-2013 പ്രകാരം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പട്ടികവർഗ്ഗ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുന്നു.

മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലുടനെ നിർമ്മാണ

പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ നിലാവ് പദ്ധതി

277(728) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, മടപ്പള്ളി ഗ്രാമപഞ്ചായത്ത്, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കുറിച്ചി ഗ്രാമപഞ്ചായത്ത്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

| നം. | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | കെ.എസ് ഇ.ബി.എൽ സ്ഥാപിച്ച എൽ.ഇ.ഡി ലൈറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | 1500 |
| 2 | മടപ്പള്ളി ഗ്രാമ പഞ്ചായത്ത് | 1438 |
| 3 | തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് | 500 |
| 4 | വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് | 1000 |
| 5 | കുറിച്ചി ഗ്രാമ പഞ്ചായത്ത് | 2716 |

## പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി

278(729) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മാർമല (2x3.5 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഡി.പി.ർ. KSEBL ഡിസംബർ 2014-ൽ അപ്രൂവ് ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമല തോടിന്റെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം ടണൽ, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി 7 MW/23.02 MU യുടെ സ്ഥാപിതശേഷി 7 മെഗാവാട്ടും വാർഷിക ഉത്പാദനം 23.02 MU-വുമാണ്. 2014-ൽ കെ.എസ്.ഇ.ബി.എൽ-ന്റെ 70.18 കോടി രൂപയുടെ ഭരണാനുമതിയും 2015-ൽ ഗവൺമെന്റിൽ നിന്നുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി തീക്കോയി, തലനാട് വില്ലേജുകളിലെ ഭൂമി ഏറ്റെടുക്കുന്ന നടപടിയേത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയ ഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 2016-17 വർഷങ്ങളിൽ ബോർഡിൽനിന്നും ഗവൺമെന്റിൽനിന്നും അനുമതി ലഭിച്ചിരുന്നുവെങ്കിലും 2020-ൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പദ്ധതിക്കാവശ്യമായ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിക്കുകയും അതിൻ പ്രകാരമുള്ള തുടർനടപടികൾ ഇപ്പോൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ആഘാത പഠനത്തിനുള്ള വിജ്ഞാപനം 15-11-2021-ൽ പ്രസിദ്ധീകരിക്കുകയും പഠന റിപ്പോർട്ട് 31-12-2021-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് 18-04-2022-ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പട്ടയഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം 29-08-2022-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ സർവ്വേ നടപടികൾ ഇപ്പോൾ നടന്നുവരുന്നു.

(സി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്.

**കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

279(730) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി, എടവണ്ണപ്പാറ, മുണ്ടക്കുളം, കാരാട്, പുളിക്കൽ എന്നീ വൈദ്യുത സെക്ഷനുകൾക്ക് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ വൈദ്യുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ദ്യുതി, RDSS എന്നീ പദ്ധതികളിലായി കൊണ്ടോട്ടി സെക്ഷനുകീഴിൽ 854.31 ലക്ഷം രൂപയുടെയും അരീക്കോട് സെക്ഷനുകീഴിൽ 379.38 ലക്ഷം രൂപയുടെയും മുണ്ടക്കുളം സെക്ഷനുകീഴിൽ 501.24 ലക്ഷം രൂപയുടെയും കാരാട് സെക്ഷനുകീഴിൽ 480.56 ലക്ഷം രൂപയുടെയും പുളിക്കൽ സെക്ഷനുകീഴിൽ 481.01 ലക്ഷം രൂപയുടെയും എടവണ്ണപ്പാറ സെക്ഷനുകീഴിൽ 362.40 ലക്ഷം രൂപയുടെയും പദ്ധതികളാണ് നിലവിലുള്ളത്.

(ബി) പുളിക്കൽ 110 കെ.വി. സബ്സ്റ്റേഷനുള്ള സ്ഥലമെടുപ്പ്, കൊണ്ടോട്ടി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവയുടെ പ്രവർത്തന പുരോഗതി

വിശദമാക്കുമോ?

<u>പുളിക്കൽ സബ്സ്റ്റേഷൻ</u>

110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പുളിക്കൽ പഞ്ചായത്തിൽ 1.5 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സബ്സ്റ്റേഷൻ ഓട്ടോമേഷൻ ഉൾപ്പെടുത്തിയുള്ള പുതുക്കിയ DPR-ന് അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഭരണാനുമതി നൽകിയതിനുശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതാണ്.

<u>കൊണ്ടോട്ടി സബ്സ്റ്റേഷൻ</u>

33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കൊണ്ടോട്ടി മുനിസിപ്പാലിറ്റി 22 സെന്റ് സ്ഥലം KSEBL-ന് ലഭ്യമാക്കുന്നതിനുള്ള പ്രമേയം പാസ്സാക്കി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(സി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ വൈദ്യുത പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

സമർപ്പിച്ചിട്ടില്ല. റീബിൽഡ് കേരള പദ്ധതികളിലുൾപ്പെടുത്തിയ വൈദ്യുതി പദ്ധതികളൊന്നും തന്നെ കൊണ്ടോട്ടി മണ്ഡലത്തിലില്ല.

(ഡി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി പുതിയ ഏതെല്ലാം

പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ ദ്യുതി, RDSS പദ്ധതികളിലായി കൊണ്ടോട്ടി മണ്ഡലത്തിന് കീഴിലുള്ള കൊണ്ടോട്ടി, പുളിക്കൽ, കാരാട്, മുണ്ടക്കുളം, എടവണ്ണപ്പാറ സെക്ഷനുകളിലായി താഴെപ്പറയുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. എൽ.റ്റി. ലൈൻ കൺവെർഷൻ - 26.38 കി.മി.

2. എൽ.റ്റി. ലൈൻ നിർമ്മാണം - 23.65 കി.മി.

3. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് - 60 എണ്ണം

4. ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി - 2 എണ്ണം

**ദ്യുതി പദ്ധതി**

280(731) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ദ്യുതി പദ്ധതിപ്രകാരം ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദ്യുതി പദ്ധതി പ്രകാരം ചിറയിൻകീഴ് മണ്ഡലത്തിൽ (ആറ്റിങ്ങൽ ഡിവിഷൻ) നടപ്പിലാക്കിയ പ്രവൃത്തികളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|
| 1 | എച്ച്.റ്റി ലൈൻ നിർമ്മാണം- 30.57 കി.മീ | 3.06 കോടി |
| 2 | എൽ.റ്റി ലൈൻ നിർമ്മാണം- 44.9 കി.മീ | 4.07 കോടി |
| 3 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ-7 എണ്ണം | 20.38 ലക്ഷം |
| 4 | എച്ച്.റ്റി റീകണ്ടക്ടറിംഗ് - 32.4 കിമീ | 26.2 ലക്ഷം |
| 5 | എൽ.റ്റി റീകണ്ടക്ടറിംഗ് - 910.9 കിമീ | 3.93 കോടി |
| 6 | എൽ.റ്റി ലൈൻ സ്റ്റാന്റേർഡൈസേഷൻ - 29.36 കി.മീ | 39.35 ലക്ഷം |
| 7 | ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്റ്റാന്റേർഡൈസേഷൻ - 166 എണ്ണം | 3.18 കോടി |
| 8 | എച്ച്.റ്റി ഓവർഹെഡ് ലൈൻ എ.ബി.സി ആക്കി മാറ്റിയത്- 40 കി .മീ | 69.55 ലക്ഷം |
| 9 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയത് - 40 കി. മീ | 1.34 കോടി |
| 10 | കേടായ മീറ്ററുകൾ മാറ്റി വച്ചത് - 16422 എണ്ണം | 1.37 കോടി |
| 11 | ഉപയോഗശൂന്യമായ ലൈനുകൾ അഴിച്ചുമാറ്റിയത് - 22.65 കി മീ | 17.89 ലക്ഷം |
| 12 | മറ്റു പ്രവൃത്തികൾ | 3.79 കോടി |

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ?

ദ്യുതി-2 പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് മണ്ഡലത്തിൽ 2022-2023 മുതൽ 2026-2027 വരെയുള്ള കാലയളവിലേക്കായി 38.572 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 2022-2023 സാമ്പത്തിക വർഷത്തിലേക്കുള്ള എച്ച്.ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എച്ച്.ടി റീകണ്ടക്ടറിംഗ്, എൽ.ടി. ലൈൻ റീകണ്ടക്ടറിംഗ്, കേടായ മീറ്റർ മാറ്റിവയ്ക്കൽ, സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമായി സ്പേസർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**വൈദ്യുതപ്രസരണ ലൈനുകളുടെ ഉടമസ്ഥത**

281(732) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ വൈദ്യുത പ്രസരണ ലൈനുകളുടെ ഉടമസ്ഥത നിശ്ചിത കാലത്തേക്ക് സ്വകാര്യമേഖലയ്ക്ക് വിട്ടുനൽകാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്രം നിർദേശിച്ചതെന്നറിയിക്കുമോ?

തെരഞ്ഞെടുത്ത പ്രസരണ ആസ്തികളിൽ നിന്നും ധനസമ്പാദനത്തിനായി Acquire, Operate, Maintain and Transfer (AOMT) തത്വത്തിൽ അധിഷ്ഠിതമായ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. ടി മാതൃക പ്രകാരം ചുരുങ്ങിയ സമയത്തേക്ക് നിലവിലുള്ള

പ്രസരണ ലൈനുകൾ മാത്രമായോ, ലൈനുകളും സബ്സ്റ്റേഷനുകളും ഒരുമിച്ചോ ഉള്ള ഉടമസ്ഥാവകാശം ഒരു നിക്ഷേപകന് കൈമാറുകയും നിശ്ചിത കാലാവധിക്കുശേഷം തിരിച്ച് യഥാർത്ഥ ഉടമയ്ക്ക് ഏൽപ്പിക്കുകയും ചെയ്യണം. ഇതുസംബന്ധിച്ച മാർഗ്ഗരേഖകളാണ് സംസ്ഥാനങ്ങളുടെ പരിഗണനയ്ക്കായി കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. ടി മാർഗ്ഗരേഖകൾ അതേപടി പാലിക്കേണ്ടതില്ല. വാണിജ്യ, റെഗുലേറ്ററി ആവശ്യങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് മറ്റു മാതൃകകളും സ്വീകരിക്കാവുന്നതാണെന്നാണ് കേന്ദ്ര നിർദ്ദേശത്തിൽ പരാമർശിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖകളിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-

- താരിഫ് നിർണ്ണയത്തിനായി കണക്കിലെടുക്കുന്ന Regulated Tariff Mechanism (RTM) ആസ്തികൾ അതാത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ആസ്തികൾ മാതൃസ്ഥാപനത്തിൽ നിന്നും വേർപ്പെടുത്തി പുതുതായി കമ്പനി (SPV) രൂപീകരിച്ച് അവയ്ക്ക് കൈമാറണം. മത്സരാധിഷ്ഠിത ബിഡ്ഡിംഗ് പ്രകാരം താരിഫ് നിർണ്ണയിക്കുന്ന ആസ്തികൾക്കായി (TBCB basis) പ്രത്യേക കമ്പനി രൂപീകരിക്കേണ്ടതില്ല.
- AOMT മാതൃക പ്രകാരം, മത്സരാധിഷ്ഠിത ബിഡ്ഡിംഗ് വഴി തെരഞ്ഞെടുക്കപ്പെടുന്ന നിക്ഷേപക സ്ഥാപനമായിരിക്കും SPV-യുടെ 100%

ശതമാനം ഓഹരിയുടമയാകുക. SPV-യുടെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും ഉടമസ്ഥതയും പ്രവർത്തിപ്പിക്കലും പരിപാലനവും ഒരു നിശ്ചിത കാലാവധി വരെ നിക്ഷേപക സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. ലൈനുകളുടെ ട്രാൻസ്മിഷൻ ചാർജ് നിക്ഷേപകന് വാങ്ങിക്കാം.

- ആസ്തി കൈമാറ്റവുമായി ബന്ധപ്പെട്ട ഉപാധികളും നിബന്ധനകളും പ്രതിപാദിക്കുന്ന കൈമാറ്റ ഉടമ്പടിയിൽ (Transfer agreement) യഥാർത്ഥ ഉടമയും നിക്ഷേപകനും ഏർപ്പെടണം. ടി ഉടമ്പടിയുടെ കാലാവധി ആസ്തി ഉടമയ്ക്ക് തീരുമാനിക്കാം. ടി കാലാവധിക്കുശേഷം ആസ്തി കൈമാറിയ ഉടമയ്ക്ക് ഒരു രൂപ നൽകി നിക്ഷേപകനിൽ നിന്നും ആസ്തി തിരികെ വാങ്ങാം.

(ബി) പ്രസ്തുത വിഷയത്തിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

പ്രസരണ ശൃംഖലയുടെ വികസന പ്രവൃത്തികൾക്കുള്ള മൂലധനം നിലവിലുള്ള ആസ്തികളിൽ നിന്നും കണ്ടെത്തുന്നതിനുള്ള മാർഗ്ഗമായാണ് AOMT മാതൃകയെ കേന്ദ്ര സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കേരളത്തെ സംബന്ധിച്ച് ഇത്തരത്തിൽ വൈദ്യുതി മേഖലയിൽ സ്വകാര്യ നിക്ഷേപംവഴി പുതിയ പ്രവൃത്തികൾക്കായി ധനം കണ്ടെത്തുന്നതിന്റെ ആവശ്യം നിലവിലില്ല.

(സി) നിലവിൽ ഉടമസ്ഥാവകാശം കൈമാറുന്നതിനായി എസ്.പി.വി.- കൾ

രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രൂപീകരിച്ചിട്ടില്ല.

**കെ.എസ്.ഇ.ബി. -യിലെ ബില്ലിംഗ് രീതി**

282(733) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിലവിൽ സ്വീകരിച്ചുവരുന്ന ബില്ലിംഗ് രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വൈദ്യുതി ഉപയോഗം കൂടുതലുള്ള സമയത്ത് കൂടുതൽ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഗാർഹിക ഉപഭോക്താക്കളെ ഇത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി)നിലവിൽ സംസ്ഥാനത്ത് പ്രത്യേക സമയങ്ങളിൽ വ്യത്യസ്ത വിലനിർണ്ണയം, (differential pricing), EHT, HT (2001 മുതൽ) കൂടാതെ LT വിഭാഗത്തിൽ 500 യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപഭോഗം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും 20 kW-ന്റ മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക സ്ഥാപനങ്ങൾക്കുമാണ് (2013 മുതൽ) (റെയിൽവേ ട്രാക്ഷൻ, വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ പമ്പിംഗ് ഒഴികെ)

നടപ്പിലാക്കിയിട്ടുള്ളത്. വൈദ്യുതിയുടെ ഉപയോഗത്തിന് സമയക്രമമനുസരിച്ച് വ്യത്യസ്ത നിരക്കുകളിലുള്ള ചാർജ്ജ് ഈടാക്കി വരുന്നതാണ് ToD (Time of Day) സമ്പ്രദായം. ഇതുപ്രകാരം ഒരു ദിവസത്തെ 3 ടൈം സോണുകളായി തിരിച്ചാണ് ബിൽ ചെയ്തുവരുന്നത്.

a. നോർമൽ സോൺ (6 AM to 6 PM)

b. പീക്ക് ടൈം സോൺ (6 PM to 10 PM)

ഓഫ് പീക്ക് സോൺ (10 PM to 6 AM)

LT വ്യവസായം HT, EHT ഉപഭോക്താക്കൾ, ഗാർഹിക ഉപഭോക്താക്കൾ എന്നിവയുടെ ടി.ഒ.ഡി. താരിഫ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ടി.ഒ.ഡി. ബില്ലിംഗ്മൂലം ഉപഭോക്താക്കൾക്ക് അമിതഭാരം ഉണ്ടാകുന്നില്ലെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. ടി.ഒ.ഡി. സമ്പ്രദായത്തിൽ ബില്ല് ചെയ്യുന്ന ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഒന്നും വരാത്ത വിധത്തിലാണ് ഓരോ ടൈം സോണിലെയും ശതമാന നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത കൂടിയ പീക്ക് സമയത്തെ ഉപയോഗം (വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ) മറ്റ് സമയക്രമങ്ങളിലേക്ക് മാറ്റം ചെയ്യപ്പെട്ടാൽ പീക്ക് സമയത്തെ ഉയർന്ന വിലയുള്ള വൈദ്യുതി വില കുറഞ്ഞൊരളവുവരെ ഒഴിവാക്കാൻ കഴിയും. ഇത് ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനും ഉപഭോക്താക്കളുടെ താരിഫ്

കുറയുന്നതിനും സഹായകരമാകുമെന്നതാണ് ടി.ഒ.ഡി. ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ടുള്ള മെച്ചം. അടുത്ത താരിഫ് പരിഷ്കരണസമയത്ത് കുറഞ്ഞ നിരക്കിൽ സോളാർ വൈദ്യുതി ലഭിക്കുമ്പോൾ പകൽ സമയത്ത് നിരക്ക് കുറയ്ക്കുന്നതും പീക്ക് സമയത്തെ നിരക്ക് സംബന്ധിച്ച് പരിശോധിച്ച് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിക്കുന്നതാണ്.

(സി) പുതിയ ബില്ലിംഗ് രീതി നടപ്പാക്കുന്നതിന് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ 'പീക്ക്' സമയത്തെ അധിക വൈദ്യുതി ഉപഭോഗം പവർ എക്സ്ചേഞ്ചുകളെ ആശ്രയിച്ചാണ് നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചുകളിലെ പീക്ക് സമയമെന്നത് വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണി വരെയാണ്. ഈ സമയത്തെ വൈദ്യുതി വാങ്ങലിന് അധിക വില നൽകേണ്ടി വരും. ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുവേണ്ടി, ടി സമയത്തെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി, നിലവിലുള്ള പീക്ക് സമയം (6 മുതൽ 10 വരെ എന്നത്) 5 മുതൽ 11 മണിവരെയാക്കി മാറ്റണമെന്ന ഒരു നിർദ്ദേശം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയ താരിഫ് പെറ്റീഷനിലൂടെ (10-02-2022-ൽ) കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ഈ മാറ്റം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് അനുവാദത്തിനാണ് റെഗുലേറ്ററി കമ്മീഷനിൽ

സമർപ്പിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ന്റെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വിശദമായ രൂപരേഖ സമർപ്പിക്കുമ്പോൾ, ടൈം സോണിലുള്ള മാറ്റത്തെക്കുറിച്ച് പരിശോധിക്കാമെന്നും അതുവരെ തൽസ്ഥിതി തുടരാനുമാണ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്.

കേന്ദ്ര സർക്കാർ 31-12-2020-ൽ പുറപ്പെടുവിച്ച Electricity (Right of consumers) Rule-2020 പ്രകാരം, വൈദ്യുതി കണക്ഷനുകൾ ഒന്നുംതന്നെ മീറ്ററുകൾ സ്ഥാപിക്കാതെ നൽകരുതെന്നും അത്തരം മീറ്ററുകൾ പ്രീപെയ്ഡ് മീറ്ററോ, പ്രീപെയ്ഡ് സ്മാർട്ട് മീറ്ററോ ആയിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും മേൽസൂചിപ്പിച്ച റൂൾ പ്രകാരം പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി.ഒ.ഡി. ബില്ലിംഗ് ശതമാനത്തിലുള്ള മാറ്റങ്ങൾക്ക് നിലവിലുള്ള മീറ്ററിംഗ് സമ്പ്രദായംതന്നെ തുടർന്നാൽ മതിയാകും. ടൈം സോണിൽ വ്യത്യാസം വരുത്തിയാൽ റീ പോഗ്രാം ചെയ്യേണ്ടതായി വരും. ഇക്കാരണത്താൽ, ടി.ഒ.ഡി. സമയക്രമത്തിൽ എന്തെങ്കിലും രീതിയിലുള്ള മാറ്റങ്ങൾ കമ്മീഷന്റെ അനുമതിയോടുകൂടി വരുത്തുകയാണെങ്കിൽ സ്മാർട്ട് പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിക്കേണ്ടതായി വരും.

## വൈദ്യുതി നിരക്ക് വർദ്ധനവിനുള്ള ശിപാർശകൾ

283(734) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച ശിപാർശകൾ എന്തെങ്കിലും ബോർഡിന് ലഭിച്ചിട്ടുണ്ടോ?

വൈദ്യുതിനിയമം, 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതിനിയമം 2003-ലെ 61-ാം വകുപ്പനുസരിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിക്കണമെങ്കിലോ, ബില്ലിംഗ് രീതികളിൽ മാറ്റം വരുത്തുന്നതിനോ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(ബി) ഉപഭോഗ സമയത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വൈദ്യുതി നിരക്ക് ഈടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ

തരത്തിലാണ് നിരക്കുകൾ ഈടാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

പകലും രാത്രിയും വൈദ്യുതി ഉപയോഗത്തിന് അനുസൃതമായി നിരക്കുകൾ നിലവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം 20 കിലോവാട്ടോ അതിൽ കൂടുതലോ കണക്റ്റഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്കും, (വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പമ്പിംഗ് സ്റ്റേഷനുകൾ, റെയിൽവേ ട്രാക്ഷൻ എന്നിവ ഒഴികെ) പ്രതിമാസം 500 യൂണിറ്റിൽ കൂടുതലായി ഉപഭോഗം വന്നിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി. താരിഫ് പ്രകാരമാണ് ബിൽ ചെയ്തു വരുന്നത്. ടി സമ്പ്രദായത്തിൽ, മേൽ പറഞ്ഞതിൽ ഗാർഹിക ഉപഭോക്താക്കളൊഴികെയുള്ളവർക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ സാധാരണ നിരക്കും, തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 50% കൂടുതലും തുടർന്ന് രാവിലെ 6 മണി വരെയുള്ള ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 75 ശതമാനവുമാണ് ഈടാക്കി വരുന്നത്.

ടി.ഒ.ഡി. (Time of Day) സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ സാധാരണ നിരക്കും, തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 20% കൂടുതലും തുടർന്ന് രാവിലെ 6 മണി വരെയുള്ള ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 90 ശതമാനവുമാണ് ഈടാക്കി വരുന്നത്. എന്നാൽ ടി ശതമാന നിരക്കിലോ അടിസ്ഥാന നിരക്കുകളിലോ മാറ്റം വരുത്തുന്നതിനുള്ള ഒരു നടപടിക്രമവും സ്വീകരിച്ചിട്ടില്ല.

സംസ്ഥാനത്തെ പീക്ക് സമയത്തെ അധിക വൈദ്യുതി ഉപഭോഗം പവർ എക്സ്ചേഞ്ചുകളെ ആശ്രയിച്ചാണ് നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചുകളിലെ പീക്ക് സമയമെന്നത് വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണി വരെയാണ്. ഈ സമയത്തെ വൈദ്യുതി വാങ്ങലിന് അധിക വില നൽകേണ്ടി വരും. ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുവേണ്ടി, ടി സമയത്തെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി, നിലവിലുള്ള പീക്ക് സമയം (6 മുതൽ 10 വരെ) എന്നത്, 5 മുതൽ 11 മണിവരെയാക്കി മാറ്റണമെന്ന ഒരു നിർദ്ദേശം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 10-02-2022-ൽ നൽകിയ താരിഫ് പെറ്റീഷനിലൂടെ കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ഈ മാറ്റം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് അനുവാദത്തിനാണ് റെഗുലേറ്ററി കമ്മീഷനിൽ

സമർപ്പിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ന്റെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ വിശദമായ രൂപരേഖ സമർപ്പിക്കുമ്പോൾ, ടൈം സോണിലുള്ള മാറ്റത്തെക്കുറിച്ച് പരിശോധിക്കാമെന്നും അതുവരെ തൽസ്ഥിതി തുടരാനുമാണ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) എത്ര രൂപയുടെ വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

നിരക്കുകളിൽ വർദ്ധനവ് വരുത്തുന്നതിനുള്ള യാതൊരുവിധ നിർദ്ദേശങ്ങളും കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

**ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജം ലഭ്യമാക്കുന്നതിനുള്ള നടപടി**

284(735) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജം ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജം ലഭ്യമാക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം

വരുമാനവും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് അനെർട്ട് ഈ പദ്ധതി ആവിഷ്ക്കരിച്ചത്. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 500 വീടുകളിൽ 2 കിലോവാട്ട് വീതംശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് പദ്ധതി വിഹിതം വിനിയോഗിച്ച് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ ലൈഫ് മിഷനാണ് തെരഞ്ഞെടുത്തത്. ഒരു പ്ലാന്റിന് 1,35,000/- രൂപ വീതം ആകെ 6.75 കോടി രൂപയാണ് പദ്ധതി അടങ്കൽ. കേന്ദ്ര സബ്സിഡി വിഹിതം കഴിഞ്ഞ് 5 കോടി രൂപ അനെർട്ട് ഈ പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്.

രണ്ട് കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്ന് പ്രതിദിനം ഏകദേശം 8 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. പ്രതിമാസം 100 യൂണിറ്റ് ഉപഭോഗമുള്ള ഒരു വീട്ടിൽ നിന്ന് പ്രതിവർഷം ഏകദേശം 1200 യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് അധികമായി നൽകാൻ കഴിയുന്നതിലൂടെ വർഷം ഏകദേശം 4,000/- രൂപ അധിക വരുമാനമായി ലഭിക്കുന്നതാണ്. ഒരു ഇൻഡക്ഷൻ കുക്കർ കൂടി ഈ കുടുംബങ്ങൾക്ക് അനെർട്ട് നൽകുന്നുണ്ട്. ഇതിലൂടെ പാചക ഇന്ധനത്തിനുള്ള ചെലവ് കുറയ്ക്കാൻ കഴിയുന്നതാണ്. 400 വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞു.

ലൈഫ് മിഷൻ പദ്ധതിയിൽ സ്ഥാപിച്ച നാല് ഫ്ലാറ്റുകളിൽ പൊതു ആവശ്യത്തിനായി 20 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയും ഈ സാമ്പത്തിക വർഷം അനെർട്ട് നടപ്പിലാക്കുന്നുണ്ട്.

## സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തന പുരോഗതി

285(736) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഹരിതോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്തുശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 53 സ്ഥാപനങ്ങളിലായി ആകെ 601 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി. 36 സ്ഥാപനങ്ങളിലായി ആകെ 1,923 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ

പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി പ്രകാരം പൊതുമേഖലാ സ്ഥാപനമായ എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിൽ 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി.

**സോളാർ പദ്ധതിക്ക് നൽകിവരുന്ന സബ്സിഡി**

286(737) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പദ്ധതിക്ക് നൽകിവരുന്ന സബ്സിഡി യഥാസമയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി തുക സമയബന്ധിതമായി ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഉപഭോക്താക്കൾ സബ്സിഡി കിഴിച്ചുള്ള ബാക്കി തുകയാണ് ഡെവലപ്പർക്ക് സൗരനിലയം സ്ഥാപിക്കുമ്പോൾ നൽകുന്നത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷം സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ്

സ്ഥാപിച്ച കമ്പനികൾക്ക് നൽകുന്നു.

എന്നാൽ കേന്ദ്ര നവ-പുനരുപയോഗ മന്ത്രാലയം 2022-ൽ അനുവദിച്ച റൂഫ് ടോപ്പ് സോളാർ പ്രോഗ്രാം ഫേസ്-II പ്രകാരം രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി തുക നേരിട്ട് ഉപഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകുന്നത്.

ഇത്തരത്തിൽ നാഷണൽ പോർട്ടൽ വഴി രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്റർ ചെയ്ത അപേക്ഷകൾ | 738 എണ്ണം |
| കെ.എസ്.ഇ.ബി.എൽ. ഫീസിബിലിറ്റി നൽകിയത് | 227 എണ്ണം |
| പ്രതിഷ്ഠാപനങ്ങൾ പൂർത്തീകരിച്ചത് | 64 എണ്ണം |
| സബ്സിഡിയ്ക്കായി സമർപ്പിച്ചത് | 28 എണ്ണം |
| സബ്സിഡി നല്കിയത് | 7 എണ്ണം |

(ബി) ജനങ്ങളെ സൗരോർജ്ജ പദ്ധതിയിലേക്ക് ആകർഷിക്കുവാൻ സബ്സിഡി നിരക്ക് കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സബ്സിഡി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയമാണ്.

**കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സോളാർ പദ്ധതി**

287(738) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സൗരമോഡൽ-ഒന്ന് പദ്ധതിയുടെ ഭാഗമായി പുരപ്പുറ സോളാർ പ്ലാന്റ് പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കിലോവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

കെ.എസ്.ഇ.ബി. 'സൗര' ഫേസ് - I (നോൺ സബ്സിഡി) പദ്ധതി പ്രകാരം മൂന്ന് മോഡലുകളിലായി (മോഡൽ 1 - 16.6 MW, മോഡൽ 2 - 1.66 MW, മോഡൽ 3 - 0.288 MW) സംസ്ഥാനത്താകെ 18.5 MW വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## പുരപ്പുറ സൗരോർജ പദ്ധതി

288(739) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ പദ്ധതിയിൽ എത്ര ഉപഭോക്താക്കളെയാണ് ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

പുരപ്പുറ സൗര പദ്ധതി പ്രകാരം 55000-ത്തോളം വീടുകളിൽ 200 MW സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായാണ് കെ. എസ്. ഇ. ബി. എൽ. ലക്ഷ്യമിടുന്നത്. നാളിതുവരെ സൗരപദ്ധതിയിലൂടെ 23479 ഉപഭോക്താക്കൾക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

98.43 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ്, സ്കൂളുകൾ, മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ 300-ഓളം സൈറ്റുകളിലായി 7 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു. നിലവിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ച പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി 104.3 MW ആണ്.

കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 7,000 ഉപഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഇതുവരെ പ്രസ്തുത പദ്ധതിക്കായി അനെർട്ടിന് 5,706 അപേക്ഷകളാണ് ലഭിച്ചത്.

(ബി) ഇതിൽ എന്തെല്ലാം ഇളവുകളും മാനദണ്ഡങ്ങളുമാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട്

വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

**സൗരോർജ്ജ ഉൽപ്പാദനം വ്യാപകമാക്കുന്നതിനുള്ള പ്രത്യേക നടപടികൾ**

289(740) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം സൗരോർജ്ജ ഉല്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച വിശദമാക്കുമോ;

(സി) സൗരോർജ്ജ ഉല്പാദനം വ്യാപകമാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ-സി) 2027-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 50 ശതമാനമെങ്കിലും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലൂടെ

ഉത്പാദിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാം നിലയം, 200 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി രണ്ടാം നിലയം എന്നിവ നിലവിലുള്ള ജലസംഭരണികളുപയോഗിച്ചുകൊണ്ടുതന്നെ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനുപുറമേ 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി, 210 മെഗാവാട്ട് ശേഷിയുള്ള പൂയംകുട്ടി, കുരിയാർകുട്ടി തുടങ്ങിയ പദ്ധതികളും ആരംഭിക്കുന്നതാണ്.

ഇവയ്ക്കുപുറമേ 54.5 മെഗാവാട്ട് ശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ സ്ഥലമേറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നു വരുന്നു. 609.92 MW ശേഷിയുള്ള 17 ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണ സാധ്യതാ പഠനങ്ങളും നടന്നുവരുന്നു.

ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്നെണ്ണത്തിന്റെ, ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II-6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ - 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷി കൂടി കൈവരിക്കാൻ സാധിക്കും.

വൈദ്യുതി ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്

കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന ചെറുകിട/വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1.** പെരുവണ്ണാമൂഴി **(2x3 MW)**

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Kirloskar Brothers Ltd. എന്ന കമ്പനിക്ക് 25-01-2021-ൽ അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**2.** പഴശ്ശിസാഗർ **(3x2.5 MW)**

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Kirloskar Brothers Ltd. എന്ന കമ്പനിക്ക് 25-01-2021-ൽ അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**3.** ഭൂതത്താൻകെട്ട് **(3x8 MW)**

ഇലക്ട്രോ മെക്കാനിക്കൽ പുരോഗതി 86.61 ശതമാനം പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി അഡ്വാൻസ് തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിനായിട്ടുള്ള ഒരു ത്രികക്ഷി കരാർ കെ.എസ്.ഇ.ബി.എൽ., ഉം M/s.SSEB & M/s.Hunan എന്നിവർ ഒപ്പിട്ടു.

**4.** കുറ്റ്യാടി **RMU** പദ്ധതി **(3x25 MW to 3x27.5 MW)**

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി M/s.Bharath Heavy Electricals Ltd.-നാണ് അവാർഡ് ചെയ്തിട്ടുള്ളത്. അവാർഡ് തുക- 89.82 കോടി രൂപ. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. വിവിധ യന്ത്രഭാഗങ്ങളുടെ ഡ്രായിംഗ് അപ്രൂവലും ടെസ്റ്റിംഗും പുരോഗമിക്കുന്നു. സൈറ്റ് പ്രവൃത്തികൾക്കാവശ്യമായ പ്രാരംഭ നടപടികൾ M/S. BHEL തുടങ്ങിയിട്ടുണ്ട്. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**5.** പള്ളിവാസൽ **(2x30 MW)** ജലവൈദ്യുത പദ്ധതി

പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ M/S. TVPPL-KSK-FITWELL-BOOM-REHPL Consortium-ത്തിന് 30-01-2022-ൽ നൽകി. അവാർഡ് തുക - 61,58,22,393 രൂപ. പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതി ജനുവരി 2023-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**6.** തോട്ടിയാർ ജലവൈദ്യുത പദ്ധതി **(1x10 MW + 1x30 MW)**

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. മാർച്ച്, 2023-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

വൈദ്യുതി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നിരവധി

പദ്ധതികളിൽ പാരമ്പര്യേതര ഊർജ്ജ വിഭാഗത്തിൽപ്പെട്ട ഒരു പദ്ധതിയാണ് 'സൗര' പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 500 MW പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും 500 MW സോളാർ പാർക്ക് ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇത് രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. സൗര ഒന്നാംഘട്ടം (Phase 1) നോൺ സബ്സിഡി പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികൾ ആകാവുന്നതാണ്. ഈ പദ്ധതിയിൽ 18.54 MW-ന്റെ 1808 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷനില്ല.

സൗര ഫേസ് - II സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. നിലവിൽ ഈ പദ്ധതിയിൽ 79.89 MW-ന്റെ 21671 നിലയങ്ങൾ കമ്മീഷൻ ചെയ്തു. പദ്ധതിയിൽ രജിസ്ട്രേഷൻ നടന്നുവരുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ വലിയ പുരോഗതിയാണുണ്ടായിട്ടുള്ളത്. വൈദ്യുതോത്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം, കാറ്റാടിപ്പാടം തുടങ്ങിയ പുനരുപയോഗ സ്രോതസ്സുകൾ മുഖേനയുള്ള വൈദ്യുത ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ 247 MW ആയിരുന്ന കേരളത്തിലെ സൗരോർജ്ജ

നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 673 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ അടുത്തിടെ അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലായി പൂർത്തിയാക്കിയ 4 MW ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ ഉൾപ്പെടെ 120 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. നിർമ്മിച്ചവയാണ്. തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി Project Management Consultant അടിസ്ഥാനത്തിൽ 2022-23 കാലയളവിൽ 21 സൈറ്റുകളിലായി 0.54 MW-ന്റെ സൗരോർജ്ജ പദ്ധതികളും കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിയിട്ടുണ്ട്. IPP/CPP/KSEB ഉടമസ്ഥതയിലുള്ളവ ഉൾപ്പെടെ കാറ്റാടിപ്പാടം മുഖേനയുള്ള വൈദ്യുതിയുടെ നിലവിലെ ആകെ സ്ഥാപിതശേഷി 70.3 MW ആണ്.

നിലവിൽ പുരോഗമിക്കുന്ന സൗരോർജ്ജ പദ്ധതികൾ

ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിലായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതുഫണ്ട് വിനിയോഗിച്ച് 6.5 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ., Project Management Consultant ആയി തദ്ദേശ സ്വയം ഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 47 സൈറ്റുകളിലായി 1.7 MW ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

**PM-KUSUM**- ടി കേന്ദ്ര സർക്കാർ പദ്ധതിയുടെ 'Component - A' മുഖേന കർഷകർക്കോ/മറ്റ നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 'Component - C' പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്ന പദ്ധതികൾ:- – ബാണാസുര സാഗർ റിസർവോയറിൽ നിന്നും 100 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ, പാലക്കാട്, ഇടുക്കി തുടങ്ങി വിവിധ ജില്ലകളിലായി 100 MW-ന്റെ കാറ്റാടി പാടം, 10 MW-ന്റെ BESS (Battery Energy Storage System).

വൈദ്യുതി ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ മൂന്ന് ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് ലക്ഷ്യമിടുന്നത്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തികൊണ്ട് അവരുടെ ജീവിത സാഹചര്യവും, ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം

തുക ഇൻസെന്റീവ് നൽകി വരുന്നു.

റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടിയന്ത്രങ്ങൾ കൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഉദ്ദേശ്യമിട്ടിട്ടുണ്ട്.

കേന്ദ്ര ഊർജ്ജ, പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ

ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന താഴെപ്പറയുന്ന വിവിധ പദ്ധതികളിലൂടെ 6.964 മെഗാവാട്ട് (6,964 കിലോവാട്ട്) ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

- സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്ക് - 1,494

കിലോവാട്ട്

- എറണാകുളം ജില്ലയിലെ 48 പോലീസ് സ്റ്റേഷനുകളിലെ സൗരോർജ്ജ വൈദ്യുതീകരണം - 257 കിലോവാട്ട്
- ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി - 42 കിലോവാട്ട്
- രാമക്കൽമേട് വിൻഡ് സോളാർ ഹൈബ്രിഡ് പ്ലാന്റ് - 500 കിലോവാട്ട്
- സൗര തേജസ് (ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി) - 3,500 കിലോവാട്ട്
- അനെർട്ട് റെസ്കോ പദ്ധതി - 850 കിലോവാട്ട്
- പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം 172 കിലോവാട്ട്
- ഇലക്ട്രിക് വാഹന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സോളാർ സബ്സിഡി പദ്ധതി - 149 കിലോവാട്ട്

കൂടാതെ അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ ആകെ 198.5 കിലോവാട്ട് ശേഷി വരുന്ന ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ഹരിത ഊർജ്ജ വരുമാന പദ്ധതി, പ്രധാനമന്ത്രി - കുസും പദ്ധതി, ഇലക്ട്രിക് വാഹന സോളാർ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ പദ്ധതി, ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി, മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ സിറ്റി

പദ്ധതി എന്നീ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(ഡി) നിലവിലുള്ള വൈദ്യുത വിതരണ ലൈനുകൾ കേബിൾ സംവിധാനത്തിലേക്ക് മാറ്റുന്ന നടപടികളെന്ന് പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും മറ്റു സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി എച്ച്.ടി. വൈദ്യുതിലൈനുകൾ അണ്ടർഗ്രൗണ്ട് കേബിളുകളാക്കാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

ഊർജ്ജ കേരളം മിഷനിൽ ഉൾപ്പെട്ട ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി 99.71 കോടി രൂപ ചെലവഴിച്ച് 582 കി.മീ. എച്ച്.ടി. ഭൂഗർഭകേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പദ്ധതിയായ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിൽ ഉൾപ്പെടുത്തി 1766 കി.മീ. എച്ച്.ടി. ഭൂഗർഭകേബിളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) വൈദ്യുതോൽപ്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നത്

സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കുമോ?

ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുകയും, rubberised materials ഉപയോഗിച്ച് അണക്കെട്ടുകൾ നിർമ്മിക്കുക, Glass Reinforced Plastic (GRP) ഉപയോഗിച്ച് പെൻസ്റ്റോക്ക് നിർമ്മിക്കുക തുടങ്ങി ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ അവലംബിക്കുക വഴി വൈദ്യുതിയുടെ ഉത്പാദനച്ചെലവ് കുറച്ച് നിർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വർദ്ധിച്ചുവരുന്ന സൗരോർജ്ജ നിലയങ്ങൾമൂലം പകൽസമയം കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന വൈദ്യുതി സംസ്ഥാനത്തിന്റെ ആവശ്യകതയെ അധികരിക്കുന്ന സ്ഥിതിയുണ്ടാകും. അതേസമയം വൈദ്യുതി ആവശ്യകത കൂടിനിൽക്കുന്ന സമയങ്ങളിൽ ഉയർന്ന വിലയ്ക്ക് വൈദ്യുതി കമ്പോളത്തിൽ നിന്ന് വാങ്ങേണ്ടിയും വരുന്നു. സൗരോർജ്ജ നിലയങ്ങളുടെയും കാറ്റാടി നിലയങ്ങളുടെയും അസ്ഥിര സ്വഭാവം ഗ്രിഡ് സ്ഥിരതയെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ഈ അവസ്ഥകൾ ലഘൂകരിക്കുന്നതിന് pumped storage, battery storage പദ്ധതികൾ നടപ്പിലാക്കുന്നതും പരിഗണനയിലുണ്ട്. ഇവയിലൂടെ പീക്ക് സമയത്ത് ലഭിക്കുന്ന അധിക വൈദ്യുതി, വൈദ്യുതി വാങ്ങൽ ചെലവ് കുറച്ച് നിർത്താൻ സഹായിക്കുമെന്ന് കരുതുന്നു. ഭാവിയിൽ സ്മാർട്ട് ഗ്രിഡ് സാങ്കേതികവിദ്യ നടപ്പിലാകുമ്പോൾ vehicle to grid എന്നതും പീക്ക് സമയത്തെ

വൈദ്യുതി ആവശ്യകത കുറഞ്ഞ ചെലവിൽ കണ്ടെത്താൻ സഹായിക്കും.

**ഉപഭോക്താക്കളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ**

290(741) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. നിരവധി തവണ സബ്ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും ജില്ലാ കളക്ടേറ്റുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയും സൗര സബ്സിഡി സ്കീമിന്റെ സാമ്പത്തിക നേട്ടത്തെ വിശദീകരിക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത്

സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ. റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവവഴി ഈ പദ്ധതിയുടെ നേട്ടങ്ങളെ സംബന്ധിച്ച വിവരം ഗാർഹിക ഉപഭോക്താക്കളിലെത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സംശയ നിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ (18004251803) ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജനങ്ങളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജനങ്ങളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളിലൊന്നാണ് 'സൗര വർഷാന്ത്യ സ്പെഷ്യൽ'. ഇതനുസരിച്ച് രജിസ്റ്റർ

ചെയ്ത ഉപഭോക്താവ് 40% സബ്സിഡി കിഴിച്ച ശേഷമുള്ള പ്ലാന്റ് കോസ്റ്റ് അടച്ചുകഴിഞ്ഞാൽ 15 ദിവസത്തിനകം സൗരനിലയം സ്ഥാപിച്ചു നൽകുന്നതാണ്. പ്രസ്തുത പദ്ധതിയിൽ രജിസ്ട്രേഷൻ കാലയളവ് നവംബർ 28 മുതൽ പത്തു ദിവസമാണ്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അംഗീകൃത ബാങ്കുകൾ വഴി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാർഷികാവശ്യത്തിനായി വിനിയോഗിച്ചു വരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം-കുസും പദ്ധതിയിൽ കർഷകർ നൽകേണ്ട ഗുണഭോക്തൃ വിഹിതം നൽകുന്നതിന് പല കർഷകർക്കും സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിന്റെയടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ കൂടുതൽ കർഷകരെ ഈ സൗരോർജ്ജ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിന് കഴിയുന്നതാണ്.

## പൊന്നാനി കോൾ നിലങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ നടപടി

291(742) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ നിലങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിലൂടെ പമ്പ് സെറ്റുകളും മറ്റും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാർഷികാവശ്യത്തിനായി വിനിയോഗിച്ചു വരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രധാനമന്ത്രി-കുസും' പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ, മലപ്പുറം, ജില്ലകളിലെ കോൾ പാടങ്ങളിൽ ഉപയോഗിച്ചുവരുന്ന 20 എച്ച്.പി. മുതൽ 100 എച്ച്.പി. വരെ ശേഷിയുള്ള വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ഈ കോൾ പാടങ്ങളിലെ 100 പമ്പുകൾ നിലവിൽ അനെർട്ട് നബാർഡിന് സമർപ്പിച്ചിട്ടുള്ള വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവൽക്കരിക്കുന്നതിനും പൊന്നാനി കോൾ നിലങ്ങളിൽ ഉൾപ്പെടുന്ന പമ്പ് സെറ്റുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

സൗരോർജ്ജ പ്ലാന്റിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പമ്പിന്റെ ഉപയോഗം കഴിഞ്ഞ് കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് ഒരു നിശ്ചിത നിരക്ക് ലഭിക്കുന്നതാണ്. ഈ തുക 'നബാർഡ്' - ന്റെ വായ്പ തിരിച്ചടവിന് വിനിയോഗിക്കും. ഏകദേശം 7 മുതൽ 10 വർഷത്തെ ഈ തുക വിനിയോഗിച്ച് വായ്പാ തിരിച്ചടവ് പൂർത്തിയാക്കാവുന്നതാണ്. വായ്പാ കാലാവധിക്കുശേഷം സൗരോർജ്ജ പ്ലാന്റ് പാടശേഖര സമിതികൾക്ക് കൈമാറുന്നതും തുടർന്ന് ലഭിക്കുന്ന തുക കർഷകർക്ക് അധിക വരുമാനമായി മാറുന്നതുമാണ്.

(ബി) പൊന്നാനി മണ്ഡലത്തിൽ പുതിയ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ (നോൺ സബ്സിഡി) പൊന്നാനി മിനി സിവിൽ സ്റ്റേഷനിൽ 85 KW ശേഷിയുള്ള ഒരു സൗര നിലയവും A.V. ഹൈസ്കൂളിൽ 48 KW ശേഷിയുള്ള ഒരു സൗര നിലയവും പണി പൂർത്തിയായി. കമ്മീഷൻ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

**പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ നടപടി**

292 (743) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കാൻ കെ.എസ്.ഇ.ബി.എൽ. അനവധി നടപടികൾ എടുത്തിട്ടുണ്ട്.

കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കാനായി MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സബ്സിഡി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഗാർഹിക ഉപഭോക്താക്കൾക്ക് 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 3 KW-ന് മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40%- വും തുടർന്നുള്ള ഒരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകി വരുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നതാണ്.

പദ്ധതി കൂടുതൽ ജനകീയമാക്കാൻ വേണ്ടി E-Kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്താനായി എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളിലും/സെക്ഷൻ തലത്തിലും/ജില്ലാ

കളക്ടേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തിവരുന്നു. കൂടാതെ മീറ്റർ അലോക്കേഷൻ, പവർക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നിരവധി തവണ ഡെവലപ്പർമാരുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടേയും മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഭാവിയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാനായി പുരപ്പുറ സോളാർ പദ്ധതി വിപുലമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സോളാർ സിറ്റി പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടത്തിൽ 100 മെഗാവാട്ട് ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിതോർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിതസാഹചര്യവും, ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' പ്രകാരം കൂടുതൽ വീടുകളിൽ പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതാണ്. കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) സോളാർ പദ്ധതികൾക്കാവശ്യമായ സാധനസാമഗ്രികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വിശദാംശം

ലഭ്യമാക്കുമോ?

സോളാർ പദ്ധതികൾക്കാവശ്യമായ സാധന സാമഗ്രികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനും പുതിയ സംരംഭകരെ സഹായിക്കുന്നതിനും നടപടികളെടുത്തു വരുന്നു.

**ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി**

293(744) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മുഖാന്തരം നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്നതിന് മുൻപ് സോളാർ പാനൽ സ്ഥാപിക്കുന്ന കമ്പനിക്ക് ഉപഭോക്താവ് ഏതെങ്കിലും തരത്തിലുള്ള പേമെന്റ് നൽകേണ്ടതുണ്ടോ; എങ്കിൽ മുൻകൂറായി തുക ലഭിച്ചതിനുശേഷം പ്രസ്തുത കമ്പനികൾ സമയബന്ധിതമായി പാനലുകളുടെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ഇ.ബി. സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കെ.എസ്.ഇ.ബി. മുഖാന്തരം നടപ്പിലാക്കുന്ന സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് Tender Conditions പ്രകാരം അഡ്വാൻസ് പേമെന്റ് നൽകേണ്ടതില്ല. എന്നാൽ ഡെവലപ്പറും ഉപഭോക്താക്കളും

തമ്മിലുള്ള ധാരണ പ്രകാരം സബ്സിഡി സ്കീമിന്റെ പേമെന്റ് ടേംസ് നിശ്ചയിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഉപഭോക്താവ് തുക ഒടുക്കിക്കഴിഞ്ഞാൽ സോളാർ പാനൽ, അനുബന്ധ ഉപകരണങ്ങൾ, നെറ്റ്-മീറ്റർ എന്നിവ സ്ഥാപിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് പാനൽ സ്ഥാപിക്കുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾ കെ.എസ്.ഇ.ബി.-യുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഉപഭോക്താവ് അഡ്വാൻസ് തുക ഒടുക്കേണ്ടതില്ല. എന്നാൽ ഡെവലപ്പേഴ്സ് ഉപഭോക്താക്കൾക്ക് Deemed feasibility നൽകുന്ന മുറയ്ക്ക് 2 മാസംകൊണ്ട് പണി പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ മേൽനോട്ടത്തിലാണ് പൂർത്തിയാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഉപഭോക്താവ് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ?

സൗര സബ്സിഡി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താവ് (ഇ-കിരൺ പോർട്ടൽ മുഖേന) ഡെവലപ്പറെ സ്വീകരിച്ചുകഴിഞ്ഞാൽ

ആപ്ലിക്കേഷൻ ഫീസ് 1,180/- രൂപ അടയ്ക്കേണ്ടതാണ്. എന്നാൽ മാത്രമേ തുടർന്ന് ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും ടെക്നിക്കൽ ഫീസിബിലിറ്റി ഉറപ്പു വരുത്തുകയുള്ളൂ. ഫീസിബിൾ സൈറ്റിൽ മെറ്റീരിയൽ ഡെലിവറി നടത്തുന്നതിനെത്തുടർന്ന് ഉപഭോക്താവും ഡെവലപ്പർക്ക് സബ്സിഡി തുക കഴിച്ചുള്ള തുക നൽകുന്ന മുറയ്ക്ക് ഡെവലപ്പർ പ്ലാന്റ് ഇൻസ്റ്റലേഷൻ നടപടികൾ എടുക്കുന്നതാണ്.

(ഡി) മീറ്ററിന്റെ വില അടയ്ക്കുവാൻ തയ്യാറുള്ള എല്ലാ ഉപഭോക്താക്കൾക്കും നൽകുവാനാവശ്യമായ നെറ്റ്-മീറ്റർ കെ.എസ്.ഇ.ബി.-യുടെ പക്കൽ ലഭ്യമാണോ; ലഭ്യമാകാത്തപക്ഷം ഉപഭോക്താവ് കൈക്കൊള്ളേണ്ട നടപടികൾ വിശദമാക്കാമോ?

എല്ലാ ഉപഭോക്താക്കൾക്കും നൽകുവാനാവശ്യമായ മീറ്റർ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പക്കൽ ലഭ്യമാണ്.

(ഇ) കെ.എസ്.ഇ.ബി. മുഖാന്തരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്; നിലയത്തിന്റെ ശേഷിക്കനുസരിച്ച് തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. മുഖാന്തരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് നാളിതുവരെ 92361 അപേക്ഷകൾ ലഭിച്ചതിൽ (354.121 MW) 98.72 MW-

ശേഷിയുള്ള 23551 എണ്ണം ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(എഫ്) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. മുഖാന്തരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഏതൊക്കെ കമ്പനികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; ഓരോ കമ്പനിക്കും എത്ര ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനാണ് അനുമതിയുള്ളത്; ഓരോ കമ്പനിക്കും എത്ര വീതം ഓർഡറുകൾ ലഭിച്ചിട്ടുണ്ട്; നാളിതുവരെ എത്ര ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്; നിലയത്തിന്റെ ശേഷിക്കനുസരിച്ച് തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത ചോദ്യത്തിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു.*

**പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ**

294(745) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. മുഖേന നടന്നുവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 673 MW ആണ്. ഇതിൽ അടുത്തിടെ അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലായി പൂർത്തിയാക്കിയ 4 MW ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ ഉൾപ്പെടെ 120 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ KSEBL നിർമ്മിച്ചവയാണ്. തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽ മുടക്കി Project Management Consultant അടിസ്ഥാനത്തിൽ 2022-23 കാലയളവിൽ 21 സൈറ്റുകളിലായി 0.54 MW-ന്റെ സൗരോർജ്ജ പദ്ധതികളും കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിയിട്ടുണ്ട്.

ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് 6.5 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു.

കെ.എസ്.ഇ.ബി.എൽ., Project Management Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 47 സൈറ്റുകളിലായി 1.7 MW-ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

PM KUSUM - ടി കേന്ദ്ര സർക്കാർ പദ്ധതിയുടെ 'Component-A' മുഖേന കർഷകർക്കോ/മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി കർഷകരുടെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 'Component C' പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്ന സൗരോർജ്ജ പദ്ധതികൾ– ബാണാസുരസാഗർ റിസർവോയറിൽ നിന്നും 100 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ.

പാരമ്പര്യേതര ഊർജ്ജ പദ്ധതിയായ 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് അനവധി നടപടികളാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുള്ളത്.

കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കാനായി MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സബ്സിഡി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഗാർഹിക ഉപഭോക്താക്കൾക്ക് 1 മുതൽ 3KW വരെ ശേഷിയുള്ള

നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% വും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്ര സർക്കാർ നൽകി വരുന്നത്. 10 KW-നു മുകളിൽ സബ്സിഡിയില്ല. ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-നു മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നതാണ്.

പദ്ധതി കൂടുതൽ ജനകീയമാക്കാൻവേണ്ടി E-kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്താനായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും/സെക്ഷൻ തലത്തിലും എല്ലാ ജില്ലയിലെ കളക്ടേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നിരവധി തവണ ഡെവലപ്പർമാരുടെയും 'ഇൻവർട്ടർ മാനുഫാക്ചേഴ്സിന്റെയും' അനവധി മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (MNRE), കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും മുഖേനയാണ് നടപ്പാക്കുന്നത്. ടെൻഡർ മുഖാന്തരം എം-പാനൽ ചെയ്ത 38 ഡെവലപ്പർമാരാണ്

സൗര പദ്ധതിയിലുള്ളത്. ഇവരിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും പദ്ധതി ജനങ്ങളിലേക്ക് എത്തിക്കുന്നത്.

പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ മൂന്ന് ഘട്ടങ്ങളിലായി സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 9,348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുന്നതിനുള്ള ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. സംസ്ഥാനത്ത് നിലവിലുള്ള കാർഷിക പമ്പുകളിൽ 80 ശതമാനം പമ്പുകളും തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ അനെർട്ട് ഈ ജില്ലകൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും ഈ പദ്ധതി നടപ്പിലാക്കുന്നത്. കർഷകർ നൽകേണ്ട ഗുണഭോക്തൃവിഹിതം നൽകുന്നതിന് പല കർഷകർക്കും സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ

കഴിഞ്ഞതിന്റെയടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പ്ലാന്റിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പമ്പിന്റെ ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്നതിലൂടെ അധിക വൈദ്യുതിക്ക് ഒരു നിശ്ചിത നിരക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്. ഈ തുക നബാർഡിന്റെ വായ്പാ തിരിച്ചടവിന് വിനിയോഗിക്കും. ഏകദേശം 7 മുതൽ 10 വർഷത്തെ ഈ തുക വിനിയോഗിച്ച് വായ്പാ തിരിച്ചടവ് പൂർത്തിയാക്കാവുന്നതാണ്. വായ്പാ കാലാവധിക്കുശേഷം സൗരോർജ്ജ പ്ലാന്റ് കർഷകർക്ക് കൈമാറുന്നതും തുടർന്ന് ലഭിക്കുന്ന തുക കർഷകർക്ക് അധിക വരുമാനമായി തീരുന്നതുമാണ്. തൃശ്ശൂർ, മലപ്പുറം, കുട്ടനാട് എന്നിവിടങ്ങളിലെ കോൾ പാടങ്ങളിൽ ഉപയോഗിച്ചുവരുന്ന 20 എച്ച്. പി. മുതൽ 100 എച്ച്. പി. വരെ ശേഷിയുള്ള വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ആദ്യ ഘട്ടത്തിൽ 100 പമ്പുകളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി

പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള നടപടി.

3. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിതോർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 400 വീടുകളിൽ രണ്ട് കിലോവാട്ട് വീതവും, പട്ടികജാതി വകുപ്പ് നിർമ്മിച്ചുനൽകിയ 100 വീടുകളിൽ മൂന്ന് കിലോവാട്ട് വീതവും ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി. ഈ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതാണ്.

4. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്നതാണ്.

5. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ

മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. കൂടാതെ അനെർട്ട് നേരിട്ടും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ സംവിധാനത്തോടുകൂടിയുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

7. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കും.

8. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ

സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

9. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സോളാർ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

295(746) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് രണ്ടുഘട്ടമായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ടം സൗര (നോൺ സബ്സിഡി) പദ്ധതി എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാകുന്നു. ഈ പദ്ധതി നിർമ്മാണം അവസാനഘട്ടത്തിലാണ്.

സൗര രണ്ടാംഘട്ടം ഫേസ് - II സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടിയുള്ളതാണ്. ഉപഭോക്താക്കൾക്ക് 1 മുതൽ 3KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 3KW-ന് മുകളിൽ 10KW വരെശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3KW-ന് 40%-വും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്ര സർക്കാർ നൽകി വരുന്നത്. 10KW-ന് മുകളിൽ സബ്സിഡിയില്ല. ഹൗസിംഗ് സൊസൈറ്റികൾക്ക് 10KW-ന് മുകളിൽ 500KW വരെ 20% സബ്സിഡി അനുവദിക്കുന്നതാണ്.

പദ്ധതി കൂടുതൽ ജനകീയമാക്കാൻ വേണ്ടി ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ

ഇതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്താനായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും സെക്ഷൻ തലത്തിലും എല്ലാ കളക്ടേറ്റുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തിവരുന്നു. കൂടാതെ മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികളെടുത്തിട്ടുണ്ട്.

സോളാർ നിലയങ്ങൾ പ്രോത്സാഹിപ്പിക്കാനായി ഗ്രിഡ് കണക്ടിവിറ്റി, ടെസ്റ്റിംഗ് തുടങ്ങിയ നടപടിക്രമങ്ങൾ ലഘൂകരിച്ചു.

സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു.

<u>പി. എം. കുസും പദ്ധതി</u>: കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ചെറുകിട കർഷകർ ഉപയോഗിക്കുന്ന ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 9,348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുന്നതിനുള്ള ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഒരു എച്ച്.പി. മുതൽ 7.5 എച്ച്. പി.

വരെ ശേഷിയുള്ള പമ്പുകളാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. കർഷകർ നൽകേണ്ട ഗുണഭോക്തൃവിഹിതം നൽകുന്നതിന് പല കർഷകർക്കും സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക 'നബാർഡ്' - ന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ (RIDF) നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ, പൊന്നാനി, കുട്ടനാട് എന്നിവിടങ്ങളിലെ കോൾ പാടങ്ങളിൽ ഉപയോഗിച്ചുവരുന്ന 20 എച്ച്.പി. മുതൽ 100 എച്ച്.പി. വരെശേഷിയുള്ള വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ 100 പമ്പുകളുമാണ് ഇതിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.

<u>ഇ-മൊബിലിറ്റി</u>: ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ എന്നിവർ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സംരംഭകർക്ക് 5 മുതൽ 50 കിലോവാട്ട്വരെ ശേഷിയുള്ള സൗരോർജ്ജ

സംവിധാനം സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ നിരക്കിൽ സബ്സിഡി നൽകി വരുന്നു

പൊതു സ്ഥാപനങ്ങൾക്ക് സൗരോർജ്ജ സംവിധാനം: ഹരിത ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക 'ഇൻസെന്റീവ്' ആയി അനെർട്ട് നൽകുന്നുണ്ട്.

സൗരതേജസ്സ്: കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു.

റെസ്കോ മോഡൽ പദ്ധതി: 'റിന്യൂവബിൾ എനർജി' സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ വൈദ്യുതി സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന 'റെസ്കോ മോഡൽ' പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

സോളാർ സിറ്റി പദ്ധതി: കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ

തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 400-ഓളം സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു

<u>ഹരിത ഊർജ്ജ വരുമാന പദ്ധതി</u>: പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 400 വീടുകളിൽ രണ്ട് കിലോവാട്ട് വീതവും പട്ടികജാതി വകുപ്പ് നിർമ്മിച്ച് നൽകിയ 100 വീടുകളിൽ മൂന്ന് കിലോവാട്ട് വീതവും ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി. ഈ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ

ഉൾപ്പെടുത്തുന്നതാണ്.

(ബി) സോളാർ പദ്ധതികളിലൂടെ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ ആകെ 673 MW ആണ് ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് അനെർട്ട് മുഖേന വിവിധ സൗരോർജ്ജ പദ്ധതികളിലൂടെ ഇതുവരെ 27.871 മെഗാവാട്ട് ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും 17.2 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

### അനെർട്ട് മുഖാന്തരം നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി

296(747) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖാന്തരം നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്നതിനുമുൻപ് സോളാർ പാനൽ സ്ഥാപിക്കുന്ന കമ്പനിക്ക് ഉപഭോക്താവ് ഏതെങ്കിലും തരത്തിലുള്ള പേമെന്റ് നൽകേണ്ടതുണ്ടോ; എങ്കിൽ മുൻകൂറായി തുക ലഭിച്ചതിനുശേഷം പ്രസ്തുത കമ്പനികൾ സമയബന്ധിതമായി പാനലുകളുടെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുമെന്ന്

ഉറപ്പുവരുത്തുന്നതിനായി അനെർട്ട് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ സോളാർ പാനലുകൾ, ഇൻവെർട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഗുണഭോക്താവിന്റെ വീട്ടിൽ ഡെലിവറി ചെയ്ത ശേഷമാണ് സബ്സിഡി കഴിഞ്ഞുള്ള തുക സോളാർ പാനൽ സ്ഥാപിക്കുന്ന കമ്പനി/ഡെവലപ്പർക്ക് ഉപഭോക്താവ് നൽകേണ്ടതെന്നാണ് അനെർട്ടും കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാരും തമ്മിലുള്ള കരാർ. ഈ തുക നൽകുന്നത് ഗുണഭോക്താവും ഡെവലപ്പറും തമ്മിൽ നിശ്ചിത കരാറിൽ ഏർപ്പെട്ടതിനുശേഷമാണ്. കമ്പനികൾ സമയബന്ധിതമായി പാനലുകളുടെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി അനെർട്ട് എല്ലാ ആഴ്ചയിലും ബന്ധപ്പെട്ട ഡെവലപ്പർമാരുമായി മീറ്റിംഗുകൾ സംഘടിപ്പിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഉപഭോക്താവ് തുക ഒടുക്കിക്കഴിഞ്ഞാൽ സോളാർ പാനൽ, അനുബന്ധ ഉപകരണങ്ങൾ, നെറ്റ്-മീറ്റർ എന്നിവ സ്ഥാപിച്ച് കെ.എസ്.ഇ.ബി.-യിൽ നിന്നും ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് പാനൽ സ്ഥാപിക്കുന്ന കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും പ്രസ്തുത

പ്രവൃത്തികൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുമോയെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ മുഖേനയാണ് അനെർട്ട് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ ഡെവലപ്പർമാർ അനെർട്ടുമായി ഒപ്പിട്ട കരാർ പ്രകാരം ഉപഭോക്താവ് തുക ഒടുക്കിക്കഴിഞ്ഞാൽ സോളാർ പാനൽ, അനുബന്ധ ഉപകരണങ്ങൾ, നെറ്റ്-മീറ്റർ എന്നിവ സ്ഥാപിച്ച് കെ.എസ്.ഇ.ബി.-യിൽ നിന്നും ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾ 60 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ അനെർട്ടിന്റെ മേൽനോട്ടത്തിലാണ് പൂർത്തീകരിക്കുന്നത്.

(സി) പദ്ധതിയിൽ ചേരുന്ന ഉപഭോക്താവിന്റെ ഭാഗത്തുനിന്നും പൂർത്തിയാക്കേണ്ട നടപടികൾ അറിയിക്കാമോ?

അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് ‘ ബൈ മൈ സൺ’ എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാരിൽ അനെർട്ടുമായി കരാറിൽ ഏർപ്പെട്ട ഡെവലപ്പർമാരുടെ ലിസ്റ്റ് ഉപഭോക്താക്കൾക്ക് അനെർട്ട് ലഭ്യമാക്കും. ഈ ലിസ്റ്റിൽനിന്നും അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി

സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഡെവലപ്പർമാരെ തെരഞ്ഞടുക്കുന്നതും കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ഫീസിബിലിറ്റിക്കുവേണ്ടി അപേക്ഷ നൽകേണ്ടതും ഉപഭോക്താവ് അവർക്ക് ലഭിക്കുന്ന ലോഗിൻ ഐ.ഡി. വഴിയാണ്.

(ഡി) അനെർട്ട് മുഖാന്തരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, ആയതിൽ എത്ര ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം സ്ഥാപിക്കുന്ന നിലയത്തിന്റെ ശേഷിക്കനുസരിച്ച് തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

അനെർട്ട് മുഖാന്തരം നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇതുവരെ 5,706 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 3,871 പേർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അംഗീകൃത കമ്പനി/ഡെവലപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 871 പേർ ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അംഗീകൃത കമ്പനി/ഡെവലപ്പർമാരെ തെരഞ്ഞെടുത്ത അപേക്ഷകർ സ്ഥാപിക്കുന്ന നിലയത്തിന്റെ ശേഷിക്കനുസരിച്ചുള്ള ജില്ലാടിസ്ഥാനത്തിലുള്ള എണ്ണമുൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖാന്തരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഏതൊക്കെ കമ്പനികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓരോ കമ്പനിക്കും എത്ര ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനാണ് അനുമതിയുള്ളത്; ഓരോ കമ്പനിക്കും എത്ര വീതം ഓർഡറുകൾ ലഭിച്ചിട്ടുണ്ട്; നാളിതുവരെ എത്ര ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നിലയത്തിന്റെ ശേഷിക്കനുസരിച്ച് തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാരിൽ അനെർട്ടുമായി കരാറിൽ ഏർപ്പെട്ട ഡെവലപ്പർമാർ മുഖാന്തരമാണ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത്. 32 കമ്പനികളാണ് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. കമ്പിനികളുടെ ലിസ്റ്റും സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് അവർക്ക് അനുമതിയുള്ള ശേഷിയും ഓരോ കമ്പനിക്കും ലഭിച്ച ഓർഡറുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിലും ഇതുവരെ ഇൻസ്റ്റലേഷനുകൾ പൂർത്തീകരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി ലഭിച്ചവയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

### വൈദ്യുതി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

297(748) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും ഇതുവഴി എത്ര

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപയുടെ പ്രതിമാസ അധിക ചെലവ് കുറഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 52 സെക്ഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. ഇതുവഴി വാടകയിനത്തിൽ പ്രതിമാസം 9,08,444/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് കെട്ടിടം**

298(749) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കുന്നംമൂച്ചി, വെങ്കിടങ്ങ്, കേച്ചേരി കെ.എസ്.ഇ.ബി. ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത ഓഫീസുകൾക്ക് സൗകര്യങ്ങൾ തീരെ കുറവാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസുകൾക്കായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടി സ്വീകരിക്കുമോ?

മണലൂർ മണ്ഡലത്തിലോ കുന്നംമൂച്ചി, വെങ്കിടങ്ങ്, കേച്ചേരി എന്നീ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി സ്ഥലം ലഭ്യമല്ല. ആകയാൽ ബോർഡ്

ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനായി കുറഞ്ഞത് 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് മേൽ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോട്ടയ്ക്കൽ ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം**

299(750) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളേത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഇന്ത്യാനൂർ സെക്ഷൻ രൂപീകരിക്കാൻ 24-02-2016-ലെ ബോർഡ് ഉത്തരവുപ്രകാരം തീരുമാനമായെങ്കിലും ബോർഡ് ഉത്തരവുപ്രകാരം 6 വർഷത്തേക്ക് സൗജന്യ വാടകകെട്ടിടം ലഭ്യമല്ലാത്തതിനാൽ പുതിയ ഇന്ത്യാനൂർ സെക്ഷൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച തീരുമാനം തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) ഓഫീസ് പ്രവർത്തിക്കുന്നതിനായി 3 വർഷത്തേക്ക് സൗജന്യമായി കെട്ടിടം ലഭിച്ചതിനാൽ ഇന്ത്യാനൂർ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള അടിയന്തര

നടപടി സ്വീകരിക്കുമോ?

(ബി&സി) മൊത്തം 6 വർഷത്തിൽ 3 വർഷത്തേയ്ക്കുള്ള വാടക ഒഴിവാക്കി നൽകാമെന്ന് കെട്ടിടമുടമ സമ്മതിച്ചെങ്കിലും മുൻപ് വാഗ്ദാനം ചെയ്തപോലെ അടുത്ത 3 വർഷത്തേയ്ക്കുള്ള വാടക കെട്ടിടമുടമയ്ക്ക് നൽകുന്നതിനെക്കുറിച്ച് അനുകൂല തീരുമാനങ്ങളൊന്നുംതന്നെ ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല.

**ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിഭജനം**

300(751) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്താക്കൾ കൂടുതലുള്ള ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ തൃശ്ശൂർ ജില്ലയിൽ പരിഗണനയിലുള്ള സെക്ഷനുകൾ ഏതെല്ലാം; വിശദമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന

നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, Whats App എന്ന സോഷ്യൽ മീഡിയ സംവിധാനംവഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനങ്ങൾ വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ

ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതിലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിൽ തൃശ്ശൂർ ജില്ലയിൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**പാലക്കാട് പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനം**

301(752) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടൂർ സബ്സ്റ്റേഷനിൽ നിന്നും വിതരണം ചെയ്യുന്ന ഉയർന്ന ആവൃത്തിയുള്ള ഫീഡറുകളുടെ എണ്ണം എത്രയാണ്; ഇവയിൽ എത്രയെണ്ണമാണ് എ.ബി.സി.-യിലേക്ക് മാറ്റിയിരിക്കുന്നത്; വ്യക്തമാക്കുമോ?

തരൂർ സബ് സ്റ്റേഷനിൽ നിന്നും വിതരണം ചെയ്യുന്ന നാല് 11 കെ.വി. ഫീഡറുകളാണ് പാട്ടൂർ സെക്ഷൻ പരിധിയിലുള്ളത്.

(1) പ്ലാഴി

(2) പഴമ്പാലക്കോട്

(3) വാവുള്ളിയാപുരം

(4) തോട്ടകാട്

വടക്കഞ്ചേരി സബ് സ്റ്റേഷനിൽനിന്നും ഒരു 11 കെ.വി. ഫീഡറും (കാവശ്ശേരി ഫീഡർ) പാട്ടൂർ സെക്ഷൻ പരിധിയിൽ വരുന്നവയാണ്. ഇവയിലൊന്നും തന്നെ എ.ബി.സി.-യിലേക്ക് മാറ്റിയിട്ടില്ല.

(ബി) വൈദ്യുതി ബോർഡിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രകാരമുള്ള ഓൺലൈൻ സേവനങ്ങൾ നിലവിൽ ഈ സെക്ഷനിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നടപ്പാക്കിയിട്ടുണ്ട്. സർവ്വീസ് കണക്ഷനും മറ്റു സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. വൈദ്യുതി സംബന്ധമായ പരാതികൾ 1912 എന്ന Toll free നമ്പർ വഴി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

(സി) പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിച്ച് ആയതിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ?

ചെലവ് ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-03-2023 വരെ നൽകേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളതിനാൽ പാട്ടൂർ സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പ്രസ്തുത വൈദ്യുതി ഓഫീസിൽ നിന്നും മികച്ച സേവനം ലഭ്യമാക്കുന്നതിന് ആധുനികവത്കരണം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

പരിഗണനയിലുണ്ട്. വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) (2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 633 ലക്ഷം രൂപയുടെ പ്രവൃത്തികൾ പാട്ടൂർ സെക്ഷൻ ഓഫീസിന്റെ കീഴിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഇ) പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷനെ മികച്ച ഉപഭോക്തൃ സേവന കേന്ദ്രമാക്കി

മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഊർജ്ജവിതരണ രംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന "സേവനം വീട്ടുപടിക്കൽ, വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള വിവിധങ്ങളായ ഓൺലൈൻ സംവിധാനങ്ങൾ, വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള 1912 എന്ന Toll free നമ്പർ, വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി, വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവ പാട്ടൂർ സെക്ഷനിലെ ഉപഭോക്താക്കൾക്കും ലഭ്യമാണ്. ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യം നൽകുന്നതിനായി നിലവിലെ പാട്ടൂർ സെക്ഷൻ ഓഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിൽ നിന്ന് കൂടുതൽ സൗകര്യമുള്ള പുതിയ വാടക കെട്ടിടത്തിലേക്ക് മാറുന്നതിനും ഉപഭോക്തൃസേവനം മെച്ചപ്പെടുത്താനുമുള്ള എല്ലാ തീരുമാനങ്ങളും നടപ്പിലാക്കാൻ സെക്ഷൻ ഓഫീസിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മാണം

302(753) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി മെഡിക്കൽ കോളേജ് വികസന സമിതിയുടെ 26-10-2019-ലെ തീരുമാനപ്രകാരം വിട്ടുനൽകുന്ന 20 സെന്റ് ഭൂമിയേറ്റെടുക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

26-10-2019-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കെ.എസ്.ഇ.ബി. പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസിന് 20 സെന്റ് ഭൂമി അനുവദിച്ച് നൽകുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈവശാവകാശത്തിലുമുള്ള 20 സെന്റ് ഭൂമി കെ.എസ്.ഇ.ബി.-ക്ക് നാളിതുവരെയും വിട്ടുനൽകിയിട്ടില്ല. ഭൂമി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത കെട്ടിട നിർമ്മാണവുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ.

## വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസുകളുടെ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

303(754) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ എല്ലാ സെക്ഷൻ ഓഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; സ്വന്തമായി കെട്ടിടമില്ലാത്ത സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നത് പരിഗണനയിലുണ്ടോ?

അല്ല. കെ.എസ്.ഇ.ബി.എൽ.-ലെ ചെലവ് ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെത്തുടർന്ന് പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-03-2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നേരത്തെ ഭരണാനുമതി ലഭിച്ച സെക്ഷൻ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര സെക്ഷൻ ഓഫീസുകളുണ്ട്; പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ വിഷയത്തിലെന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ചെങ്ങന്നൂർ മണ്ഡലത്തിൽ മുളക്കുഴ, കല്ലിശ്ശേരി, ചെന്നിത്തല, വെൺമണി എന്നീ സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല. മേൽ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം നൽകണമെന്ന്

അഭ്യർത്ഥിച്ചുകൊണ്ട് അതാത് ഗ്രാമപഞ്ചായത്ത് ഭരണാധികാരികൾക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

304(755) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗണിലെയും പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടചെരി എന്ന പ്രദേശത്തിലെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റ്യാടി ടൗണിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ടൗണിൽ മാത്രമായി ഒരു 11 കെ.വി. ഫീഡർ വലിക്കുവാൻ തീരുമാനിച്ച് പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടചെരി എന്ന പ്രദേശത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുമായി ആയഞ്ചേരി സെക്ഷനുകീഴിലെ ഇളയിടം കൈരളി മുതൽ പെരുമുണ്ടശ്ശേരി മസ്ജിദ് വരെ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കൈരളി പ്രദേശത്ത് KSEBL-ന്റെ ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി ഒരു സിസ്റ്റം ഇംപ്രൂവ്മെന്റും ലക്ഷ്യമിടുന്നു.

(ബി) മണിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനമേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിതമാകുന്നതോടെ കുറ്റ്യാടി, പുറമേരി ഗ്രാമപഞ്ചായത്തുകളിൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ഉണ്ടാകുമോ; വ്യക്തമാക്കുമോ?

മണിയൂർ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുറ്റ്യാടി പുറമേരി പ്രദേശങ്ങളിൽ വൈദ്യുതി തടസ്സപ്പെടുമ്പോൾ അടിയന്തര ഘട്ടങ്ങളിൽ മണിയൂർ സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി എത്തിക്കുവാൻ കഴിയുന്നതാണ്.

മണിയൂർ പഞ്ചായത്ത് പരിധിയിൽ വടകര മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള നിലവിൽ 110 കെ.വി. ലൈൻ കടന്നുപോകുന്ന സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് മുൻസിപ്പൽ ഭരണസമിതിയുമായി ആശയവിനിമയം നടത്തി അനുയോജ്യത പരിശോധിച്ചുവരുന്നു. കുറ്റ്യാടി, പുറമേരി ഗ്രാമപഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമത്തിന് മണിയൂർ സബ്സ്റ്റേഷന്റെ പൂർത്തീകരണം, പ്രസ്തുത പ്രദേശങ്ങൾ ഈ സബ്സ്റ്റേഷന്റെ വിതരണ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രത്യക്ഷ പരിഹാരമാകുന്നില്ല. ഈ സബ്സ്റ്റേഷന്റെ നിർമ്മാണം 2025-26-ലാണ് ഉദ്ദേശിക്കുന്നത്.

## വേങ്ങരയിൽ 110 കെ.വി. സബ്സ്റ്റേഷൻ

305(756) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിലവിൽവൈദ്യുതി വിതരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി വേങ്ങരയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) വേങ്ങരയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 2019 നവംബറിൽ നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷനുവേണ്ടി ഊരകം വില്ലേജിൽ ഉൾപ്പെടുന്ന 0.4735 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. LARR ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട 110 കെ.വി. ലൈൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം**

306(757) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണമേത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സബ് സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികളേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) കാടാമ്പുഴയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 2019-ൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി 0.4702 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട 110 കെ.വി. ലൈൻ നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കുന്നത് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LARR ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LARR ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പുരോഗതി**

307(758) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

കുറ്റിക്കോലിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. 110 കെ.വി സബ്സ്റ്റേഷന്റെ സൈറ്റ് ലെവെലിംഗ്, ചുറ്റുമതിൽ നിർമ്മാണം, താത്കാലിക സൈറ്റ്ഓഫീസ് നിർമ്മാണം, കോളം ഫൗണ്ടേഷൻ എന്നിവ പൂർത്തീകരിച്ചു. എർത്ത് മാറ്റ് നിർമ്മാണം, എക്യുപ്മെന്റ് ഫൗണ്ടേഷൻ എന്നിവ പുരോഗമിച്ചുവരുന്നു. ലൈൻ സർവ്വേയും പ്രിലിമിനറി സർവ്വേയും പൂർത്തീകരിച്ചു. റൂട്ട് അപ്രൂവൽ ലഭിച്ചു. ടവർ ഷെഡ്യൂൾ അപ്രൂവൽ തയ്യാറാക്കിയിട്ടുണ്ട്. ലൈൻ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിൽ ഏതൊക്കെ പ്രവൃത്തികൾ നിലവിൽ അവശേഷിക്കുന്നുണ്ടെന്നും ആയതിനായി സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

പ്രസ്തുത സബ്സ്റ്റേഷൻ നിർമാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ അവശേഷിക്കുന്നു.

1. കുറ്റിക്കോൽ സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള അമ്പലത്തറ മൈലാട്ടി 110 kV ലൈനിൽ നിന്ന്, 110 kV ലൈൻ നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു.

2. സബ്സ്റ്റേഷൻ യാർഡിലെ എക്യുപ്മെന്റ് ഫൗണ്ടേഷൻ, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം - പ്രവൃത്തി പുരോഗമിക്കുന്നു.

3. യാർഡിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കും.

4. കൺട്രോൾ റൂം ബിൽഡിംഗിന്റെ നിർമ്മാണം - പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

5. കൺട്രോൾ റൂമിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി;

6. കൺട്രോൾ വയറിംഗ്, ടെസ്റ്റിംഗ് ആൻഡ് കമ്മീഷനിംഗ്

## തിരൂരങ്ങാടി വെന്നിയൂർ വൈദ്യുതി ഭവന്റെയും സബ്സ്റ്റേഷന്റെയും നിർമ്മാണം

308(759) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വെന്നിയൂർ വൈദ്യുതി ഭവൻ, വെന്നിയൂർ സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ശേഷിക്കുന്നവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ&ബി) വെന്നിയൂർ മിനി വൈദ്യുതി ഭവനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കെട്ടിട ഉദ്ഘാടനം 2021 ഫെബ്രുവരി മാസത്തിൽ ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. വെന്നിയൂരിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്ഥലത്താണ് സബ്സ്റ്റേഷൻ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളത്. വെന്നിയൂരിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചുള്ള സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഒറ്റശേഖരമംഗലം സബ്സ്റ്റേഷൻ നിർമ്മാണം**

309(760) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പാറശാല മണ്ഡലത്തിലെ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നിർദ്ദേശം RDSS-ന്റെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഉദ്ദേശം 23.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികയിലെ ഒഴിവുകൾ

310(761) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്യുകയെന്ന കേന്ദ്രാവിഷ്കൃത നയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും നടപ്പിൽ

വരുത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം, പ്രവർത്തന സമയം എന്നിവ പുനർ ക്രമീകരിക്കുകയും ആയതിനെത്തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിലെ സെക്ഷൻ ഓഫീസുകളിലെ കാഷ്യർമാരുടെ എണ്ണം പുതുക്കി നിർണ്ണയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിൻ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ കാഷ്യർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ബി) 2018 മുതൽ 2022 വരെ വിവിധ തസ്തികകളിലെ എത്ര ജീവനക്കാർക്ക് ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകി, എത്ര ജീവനക്കാർ സർവീസിൽ നിന്നും വിരമിച്ചുവെന്നത് പട്ടിക തിരിച്ച് വ്യക്തമാക്കുമോ?

2018 മുതൽ 2022 വരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വിവിധ തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ചവരുടെ പട്ടികയും സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെയും പട്ടിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലുള്ള എത്ര വേക്കൻസികളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിലുള്ള ഒഴിവുകളിൽ 201 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു.

2. സബ് എഞ്ചിനീയർ (സിവിൽ)

15 ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

3. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

40% Direct recruitment quota-യിൽ 95 ഒഴിവുകളും 10% In-service quota-യിൽ 32 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

40% Direct recruitment quota യിൽ 13 ഒഴിവുകളും 10% In-service quota-യിൽ 16 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ

നിലവിലുള്ള 3 ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ

02 NJD ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു.

മീറ്റർ റീഡർ

29-07-2021-ലെ RIB (2) 2681/2021/GW നമ്പർ നിയമന ശിപാർശ പ്രകാരം നിയമന ഉത്തരവ് നൽകിയ 218 ഉദ്യോഗാർത്ഥികളിൽ ജോലിയിൽ പ്രവേശിക്കാതിരുന്ന ഉദ്യോഗാർത്ഥികളുടെ 17 (NJD) ഒഴിവുകൾ 30-11-2022-ന് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു.

## ഊർജ്ജ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലുമുള്ള താൽക്കാലിക നിയമനങ്ങൾ

311(762) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പിൽ താൽക്കാലിക നിയമനങ്ങൾ/കരാർ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ/കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ പ്രസ്തുത കാലയളവിൽ 10 താൽക്കാലിക നിയമനങ്ങളാണ് (ക്ലാർക്ക് - 3, സ്കിൽഡ് അസിസ്റ്റന്റ് - 7) നടത്തിയിട്ടുള്ളത്.

അനെർട്ടിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവർ (ആകെ 7 പേർ)

1. കമ്പ്യൂട്ടർ അസിസ്റ്റന്റ് - 3 പേർ

2. പ്രോജക്ട് എഞ്ചിനീയർ - 4 പേർ

സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന

നിയമിതരായവർ - (ആകെ - 34 പേർ)

1. പ്രോജക്ട് എഞ്ചിനീയർ - 3

2. അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ - 9

3. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ - 2

4. പ്രോജക്ട് അസിസ്റ്റന്റ് (ഐ.ടി.) - 2

5. ടെക്നിക്കൽ അസിസ്റ്റന്റ് - 18

കൂടാതെ, 04-07-2022-ന് 4 പേർക്ക് 89 ദിവസത്തേക്ക് Technical Support (IEC), Technical Support - Testing & Calibration, Accounts Executive, Technical Support (IT) തസ്തികകളിൽ നിയമനം നൽകിയിരുന്നു. 30-09-2022-ൽ ജീവനക്കാരുടെ 89 ദിവസത്തെ നിയമന കാലാവധി അവസാനിച്ചതിനെത്തുടർന്ന് Technical Support (IEC) തസ്തികയിൽ ജോലി ചെയ്യുന്നയാൾക്ക് മാത്രം വീണ്ടും 89 ദിവസത്തേക്ക് തുടർന്ന് നിയമനം നൽകുകയുണ്ടായി.

എനർജി മാനേജ്മെന്റ് സെന്ററിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരാൾക്ക് 01-11-2022- ൽ നിയമനം നടത്തിയിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഒരു സിവിൽ കോടതിയുടെ അധികാരമുള്ള അർദ്ധ ജൂഡീഷ്യൽ സ്ഥാപനമാണ്. ഇത്

സർക്കാർ/അർദ്ധ സർക്കാർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലും കേരള സ്റ്റേറ്റ് പവ്വർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലും താൽക്കാലിക/കരാർ നിയമനങ്ങൾ നടന്നിട്ടില്ല.

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാആനുകൂല്യങ്ങളും നൽകുന്നതിനായി 2022 ഒക്ടോബർ മാസം ചെലവായ ആകെ തുക 11,16,795/- (പതിനൊന്നു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) [അനെർട്ട് - 9,33,300/- + ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - 1,83,495/- ] രൂപയാണ്.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ടിംഗിനായി അവലംബിച്ച മാർഗ്ഗമെന്താണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ?

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ 10 താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്.

അനെർട്ടിൽ 7 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മറ്റുള്ളവ സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന ഏജൻസി മുഖേനയുമാണ് നടത്തിയിട്ടുള്ളത്. ഇതിനായി പത്രപരസ്യം നൽകിയിരുന്നു. യോഗ്യരായ അപേക്ഷകരിൽ നിന്ന് ഇന്റർവ്യൂ നടത്തി അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തിയത്.

എനർജി മാനേജ്മെന്റ് സെന്ററിലെ ഒരു ഉദ്യോഗസ്ഥ വാഹനാപകടത്തിൽ മരണപ്പെട്ട സാഹചര്യത്തിൽ പരേതയുടെ മകനാണ് ദിവസ വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയത്.

**മലപ്പുറം മണ്ഡലത്തിലെ ചാർജിംഗ് സ്റ്റേഷനുകൾ**

312(763) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകളിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും മറ്റുള്ളവ സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

മലപ്പുറം മണ്ഡലത്തിൽ താഴെപ്പറയുന്ന 8 സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും അവ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ</u>

110 കെ.വി. സബ്സ്റ്റേഷൻ മലപ്പുറം

<u>പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ</u>

1. സൂപ്പർ മാർക്കറ്റിന് സമീപം
2. കിഴക്കേത്തല
3. മുറയൂർ സ്കൂൾപ്പടി
4. അരവന്ത്ര സ്കൂൾപ്പടി
5. ആനക്കയം സെക്ഷൻ
6. എം.എസ്.പി. ക്ഷേത്രത്തിനു സമീപം
7. പുല്പറ്റ

(ബി) മലപ്പുറം മണ്ഡലത്തിലെ പുല്പറ്റ പഞ്ചായത്തിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

മലപ്പുറം മണ്ഡലത്തിലെ പുല്പറ്റ പഞ്ചായത്തിലെ മുണ്ടുപ്പറമ്പ് എന്ന സ്ഥലത്താണ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നത്. ഇത് പ്രവർത്തനക്ഷമമാണ്.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

313(764) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഡിവിഷനിലെ പൂക്കോട്ടുംപാടം സെക്ഷനുകീഴിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുണ്ടോ; എങ്കിൽ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് മാറ്റി സ്ഥാപിക്കേണ്ടതെന്ന് അറിയിക്കാമോ?

മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഡിവിഷനിലെ പൂക്കോട്ടുംപാടം സെക്ഷനുകീഴിൽ ആനന്ദ് നഗർ മുതൽ പൂക്കോട്ടുപാടം വരെ 14 ലോ ടെൻഷൻ പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കാനുള്ളത്.

(ബി) മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പണം അടച്ചിട്ടുണ്ടോ; പണം അടച്ചിട്ടും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇലക്ട്രിക് പോസ്റ്റുകൾ മാറ്റാത്തതു കാരണം മലയോര ഹൈവേയുടെ പ്രവൃത്തി തടസ്സപ്പെടുന്നതിനാൽ അടിയന്തരമായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മലയോര ഹൈവേയ്ക്കായി നിലവിലുണ്ടായിരുന്ന റോഡ് വീതി കൂട്ടിയത് കാരണം ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് സാങ്കേതിക

തടസ്സങ്ങളുണ്ടെങ്കിൽ മേൽ പ്രദേശങ്ങളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ; എ.ബി. കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക ഒടുക്കിയിട്ടുണ്ട്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുവദിക്കപ്പെട്ട സ്ഥലത്ത് കെട്ടിടഭാഗങ്ങൾ നീക്കം ചെയ്യാത്തതിനാലും വൈദ്യുതിലൈനും കെട്ടിടവും  തമ്മിലുള്ള നിയമാനുസൃത അകലം പാലിക്കുവാൻ സാധിക്കാത്തതിനാലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. Bare കണ്ടക്ടറിനുപകരം ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുകയാണെങ്കിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കെ.ആർ.എഫ്.ബി. അധികൃതർ വാക്കാൽ ആവശ്യപ്പെട്ടതനുസരിച്ച്, കെ.ആർ.എഫ്.ബി. അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്കുശേഷം 5,02,385/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. 05-12-2022-നകം എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-ക്ക്

സമർപ്പിക്കുന്നതാണ്.

(ഇ) മേൽപ്രദേശങ്ങളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ അപ്രായോഗികമെങ്കിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾവഴി വൈദ്യുതി നൽകാനാകുമോ; എങ്കിൽ ഇതിന് വേണ്ടിവരുന്ന കൂടുതൽ തുക പൊതുമരാമത്ത് വകുപ്പ് നൽകാൻ സന്നദ്ധമെന്ന് അറിയിച്ചതിനാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുമോ; വിശദമാക്കാമോ?

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് തന്നെ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

**പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

314(765) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് എല്ലാ നിയോജകമണ്ഡലങ്ങളിലും പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കേരള സംസ്ഥാന വൈദ്യുതി ബോർഡ് എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് 5 എണ്ണം എന്ന നിലയിൽ 1166 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനമെടുത്ത് നടപ്പിലാക്കി വരുന്നു.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) നാളിതുവരെ ഏതെല്ലാം മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്ന് അറിയിക്കാമോ?

എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന 12 ജില്ലകളിലെ എല്ലാ മണ്ഡലങ്ങളിലും പൂർത്തിയായി. സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്.

(സി) വേങ്ങര മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വേങ്ങര നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 7 സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

1. BSNL ഓഫീസിനു സമീപം
2. കുരിയാട് ജംഗ്ഷൻ
3. ഒതുക്കുങ്ങൽ ടൗൺ
4. എരിങ്ങല്ലൂർ ടൗൺ
5. കൊലപ്പുറം
6. എട്ടാംകല്ല് GHSS
7. കുരിയാട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സ്മാർട്ട് മീറ്റർ പദ്ധതി

315(766) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

RDSS- ന്റെ ഭാഗമായും കേന്ദ്ര മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ KSEBL ഉദ്ദേശിക്കുന്നു. RDSS മാർഗ്ഗരേഖ പ്രകാരം ഒന്നാംഘട്ടം സ്മാർട്ട് മീറ്ററുകളും അവയ്ക്കുവേണ്ട ആശയവിനിമയ ശൃംഖല, അതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ എന്നിവയും സ്ഥാപിക്കുന്നതിനായി, കേന്ദ്ര പൊതുമേഖല സ്ഥാപനമായ RECPDCL-നെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയിട്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി, കെ.എസ്.ഇ.ബി.എൽ. 10 വർഷത്തെ കാലയളവിലേക്ക് നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതി നടത്തിപ്പിനായുള്ള AMISP (അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ സർവീസ് പ്രൊവൈഡർ അഥവാ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കമ്പനി)-യെ ടെണ്ടർ മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്തെന്ന് വിശദമാക്കാമോ?

RDSS പദ്ധതി വിഭാവനം ചെയ്യുന്ന ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രീപെയ്ഡ് സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം സ്വയം വിലയിരുത്തുവാനും നിയന്ത്രിക്കുവാനുമുള്ള സംവിധാനവും ലഭ്യമാകുന്നു. തന്മൂലം ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ആവശ്യകത മുൻകൂറായി ആസൂത്രണം ചെയ്യുവാൻ സാധിക്കുന്നതാണ്. ഇപ്പോൾ നിലവിലുള്ള മാസ/ദ്വൈമാസ ബില്ലിംഗിന് പകരമായി, ഉപഭോക്താക്കളുടെ അതാത് സമയത്തെ ആവശ്യമനുസരിച്ച് മുൻകൂർ പണമടച്ച്, വൈദ്യുതി ഉപയോഗിക്കുവാനും ഉപഭോഗം ക്രമീകരിക്കുവാനും സാധിക്കും.

വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട്മീറ്റർവഴി അറിയുവാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ കെ.എസ്.ഇ.ബി.എൽ.ന് സാധിക്കും.

കൂടാതെ, 2024-25-ഓടെ AT&C നഷ്ടം (Aggregate Technical &

Commercial loss) 12-15%-ൽ താഴെ എത്തിക്കുക, ACS-ARR അന്തരം (Average Cost of Supply-Average Revenue Realized)പൂജ്യമാക്കുക എന്നിവയും ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നത്തേക്ക് പൂർണ്ണമായും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാർ വിജ്ഞാപനപ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനത്ത് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

316(767) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 141 |
| 2 | കൊല്ലം | 94 |
| 3 | പത്തനംതിട്ട | 33 |
| 4 | ആലപ്പുഴ | 55 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 37 |
| 7 | എറണാകുളം | 136 |
| 8 | തൃശ്ശൂർ | 102 |
| 9 | പാലക്കാട് | 89 |
| 10 | മലപ്പുറം | 119 |
| 11 | കോഴിക്കോട് | 158 |
| 12 | വയനാട് | 25 |
| 13 | കണ്ണൂർ | 89 |
| 14 | കാസർഗോഡ് | 37 |

(ബി) പ്രസ്തുത സ്റ്റേഷനുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും ശേഷിക്കുന്നവ എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ?

1166 പോൾ മൗണ്ടഡ് സ്റ്റേഷനുകളിൽ 970 എണ്ണം പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്നവ എത്രയും പെട്ടന്ന് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) ഇത്തരം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചു; ഇവയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പദ്ധതിയുടെ ചെലവ് 3.2 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പഠനം നടത്തുവാൻ

ഉദ്ദേശിക്കുന്നു.

**ചവറ മണ്ഡലത്തിലെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

317(768) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ച പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; സ്ഥാപിച്ചവയിൽ എത്രയെണ്ണം പ്രവർത്തനസജ്ജമായിയെന്നും ഇനി എത്രയെണ്ണം സ്ഥാപിക്കാനുണ്ടെന്നും അറിയിക്കുമോ?

ചവറ മണ്ഡലത്തിൽ 7 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് ചാർജിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇവ പ്രവർത്തനസജ്ജമാണ്.

1. തെക്കൻ ഗുരുവായൂർ ക്ഷേത്രത്തിനു സമീപം

2. തെക്കുംഭാഗം (ഓട്ടോസ്റ്റാന്റിനു സമീപം)

3. പുത്തൻതുറ

4. KMML -ന് സമീപം

5. നീണ്ടകര കുരിശ്ശടി

6. ആൽത്തറമൂട്

7. രാമൻകുളങ്ങര

**ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാനുള്ള ചാർജിംഗ് സ്റ്റേഷനുകൾ**

318(769) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാനുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ ശരാശരി എത്ര വാഹനങ്ങൾ ചാർജ് ചെയ്തു വരുന്നു; വിവരം നൽകാമോ?

2022 നവംബർ മാസം കെ.എസ്.ഇ.ബി.എൽ.-ന്റെ 800-ഓളം ചാർജിംഗ് പോയിന്റുകളിൽ നിന്നായി ഏകദേശം 4550 ചാർജിംഗ് നടന്നിട്ടുണ്ട്. 62 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും ഉൾപ്പെടെ 1229 ചാർജിംഗ് സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ശൃംഖലയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ പ്രതിദിനം ശരാശരി 5 വാഹനങ്ങൾ ചാർജ് ചെയ്തു വരുന്നു.

(ബി) ഇതിൽ നിന്നും സർക്കാരിന് എത്ര രൂപ ലഭിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ?

പോൾമൗണ്ടഡ് ചാർജിംഗ് സെന്ററുകളിൽ നിന്നും ഒരു യൂണിറ്റിന് 9 രൂപ +

18% GST എന്ന നിരക്കിലും ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും ഒരു യൂണീറ്റിന് 15 രൂപ + 18% GST എന്ന നിരക്കിലുമാണ് കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നത്. ഈ ഇനത്തിൽ നാളിതുവരെ KSEBL-ന് 28.49 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വാഹന ഉടമകളിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതിക്ക് 13 രൂപ + 18% GST ആണ് ഈടാക്കുന്നത്.

മേൽപ്പറഞ്ഞ 18% GST-യിൽ 9% കേന്ദ്ര GST യും 9% സംസ്ഥാന GST യുമാണ്. ഈ 9% ജി.എസ്.റ്റി വിഹിതമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്.

**ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ**

319(770) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് നിലവിൽ ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിൽ 3 സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 37 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും KSEBL സ്ഥാപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ചെറുതോണി ഡി.ടി.പി.സി. പാർക്കിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പീരുമേട് മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് നിലവിൽ ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

പീരുമേട് മണ്ഡലത്തിൽ താഴെ പറയുന്ന 5 സ്ഥലങ്ങളിലായാണ് വൈദ്യുതവാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

1. കുമളി

2. വണ്ടിപ്പെരിയാർ

3. കുട്ടിക്കാനം (ടൗൺ ബേക്കറിക്ക് സമീപം)

4. വാഗമൺ (സൊസൈറ്റി കവല ജംഗ്ഷൻ)

5. മരിക്കുളം (അയ്യപ്പൻ കോവിൽ പഞ്ചായത്ത് ഓഫീസിനു സമീപം)

(സി) ഇലക്ട്രിക് ചാർജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സ്വകാര്യ മേഖലയിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ലൈസൻസിന്റെ ആവശ്യമില്ല. കേന്ദ്ര ഊർജ്ജ മന്ത്രാലയം,

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തുടങ്ങിയവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആർക്കും ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. വാഹനങ്ങൾക്ക് എളുപ്പത്തിൽ വരാനും പോകാനുമുള്ള സൗകര്യം, ആവശ്യമായ സ്ഥലലഭ്യത, വൈദ്യുതി ലഭ്യമാക്കുവാനുള്ള സൗകര്യം എന്നിവയാണ് ചാർജിംഗ് സ്റ്റേഷനുള്ള സ്ഥലം നിർണ്ണയിക്കുവാനുള്ള പ്രാഥമിക വ്യവസ്ഥകൾ. 2019-ലെ ഗൈഡ്ലൈൻസ് അനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് വെഹിക്കിൾ സപ്ലൈ എക്യുപ്മെന്റ് (EVSE) അഥവാ ചാർജ്ജർ NABL അക്രെഡിറ്റായ ലാബിലോ ഏജൻസിയിലോ ടെസ്റ്റ് ചെയ്തിരിക്കേണ്ടതാണ്. വാഹനം ഓടിക്കുന്ന ആൾക്ക് അടുത്തുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലൊക്കേഷൻ, അവിടെ ലഭ്യമായ ചാർജറുകളുടെ കോൺഫിഗറേഷൻ, ലഭ്യത എന്നിവയെക്കുറിച്ച് അറിവ് ലഭിക്കുന്നതും സ്ലോട്ട് ബുക്ക് ചെയ്യുന്നതും ഒരു മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരമാണ്. ഇതിലേയ്ക്കായി ഉടമസ്ഥൻ ഒരു ഓൺലൈൻ നെറ്റ്‌വർക്ക് സർവ്വീസ് പ്രൊവൈഡർ (NSP)-യുമായി ടൈ അപ്പ് ചെയ്യേണ്ടതുണ്ട്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് കെ.എസ്.ഇ.ആർ.സി.-യുടെ ചട്ടങ്ങൾക്ക് അനുസൃതമായി കണക്ഷൻ ലഭ്യമാക്കാൻ വിതരണ ലൈസൻസിയെ സമീപിക്കേണ്ടതാണ്. ദേശീയപാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക്

വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. കുറഞ്ഞത് 1,500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, ഡി.റ്റി.പി.സി സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് അനെർട്ടിന് പദ്ധതിയുള്ളത്. സ്ഥലം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയപാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം/റിഫ്രഷ്മെന്റ് ഫെസിലിറ്റി/കഫറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

**കക്കയത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാൻ അനുമതി**

320(771) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയത്തെ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടമുണ്ടാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

(ബി) കക്കയം കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കാൻ പെർമിസീവ് സാംഗ്ഷൻ അനുവദിക്കാത്തതുകാരണം 1.4 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കക്കയത്ത് കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രം പുതുക്കിപ്പണിയുന്നതിനുവേണ്ടി 48.25 സെന്റ് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പിൽ നിന്നും സർക്കാർ മുഖാന്തരം അപേക്ഷ ലഭിച്ചിരുന്നു. അതനുസരിച്ച്, കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നതുൾപ്പെടെയുള്ള കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള 48.25 സെന്റ് സ്ഥലം സർക്കാർ നിശ്ചയിക്കുന്ന മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള അനുമതി കെ.എസ്.ഇ.ബി.എൽ. 30-03-2022-ൽ ഉത്തരവാക്കി നൽകി.

എന്നാൽ, ഇതിന്റെ നടപടിക്രമങ്ങൾ റവന്യൂ, പി.ഡബ്ല്യൂ.ഡി വകുപ്പുകൾ മുഖാന്തരം സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മാർക്കറ്റ് വില വെവ്വേറെയായി നിശ്ചയിക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പുനർനിർമ്മാണ

പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പെർമിസ്സീവ് സാംഗ്ഷൻ നൽകിക്കൊണ്ട് 29-11-2022-ൽ ബോർഡുത്തരവായിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ

321(772) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾക്കായി എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി നാളുകളേറെയായിട്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി നടപ്പാക്കാൻ തയ്യാറാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾക്കായി സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ള കുമ്പളങ്ങി, കണ്ണമാലി സെക്ഷനുകളുടെ കീഴിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് തുക ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. തുക ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്.

(ബി) എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് മുൻകൂറായി പണം കെട്ടിവയ്ക്കണമെന്ന നിർദേശം

കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡോ, സർക്കാരോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 82, 83 റെഗുലേഷൻ പ്രകാരം, അപേക്ഷകൻ നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന ലൈൻ മാറ്റി സ്ഥാപിക്കൽ, ലൈൻ കൺവെർഷൻ, പുതിയ സർവീസ് കണക്ഷൻ നൽകുന്നത്/ലൈൻ നിർമ്മിക്കുന്നത്/ഉൾപ്പെടെയുള്ള ഏതു പ്രവൃത്തിക്കും ലൈസൻസി (കെ.എസ്.ഇ.ബി.എൽ) തയ്യാറാക്കുന്ന ഡിമാൻഡ് നോട്ടീസനുസരിച്ച് മുൻകൂറായി പണം ലൈസൻസിക്ക് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനാൽത്തന്നെ 29-12-2017-ലെ സർക്കാർ ഉത്തരവ് GO(P)No.161/2017/Fin- ൽ എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് മുൻകൂറായി പണം ലഭ്യമാക്കാവുന്നതാണെന്നും പറയുന്നു.

**വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ**

322(773) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇപ്പോളേത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കേരളത്തിലുടനീളം 1166 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകളും 63

ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. ഇതിൽ 50 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 970 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്നവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം താഴെപ്പറയുന്ന 14 സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി നിലവിൽ പ്രവർത്തിച്ചുവരുന്നു.

- അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം
- കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം
- ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
- ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം
- ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ
- കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ
- ഡി.ടി.പി.സി. സെന്റർ, ഇടുക്കി
- കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം

- കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ

- കാഞ്ഞിരംപുഴ ഡാം, പാലക്കാട്

- മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം

- കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്

- ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ

- ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന 3 സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു.

- കുളപ്പുള്ളി ബസ് സ്റ്റാന്റ്, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, പാലക്കാട്

- ചിറ്റൂർ-തത്തമംഗലം മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട്

- മുത്തങ്ങ ഫോറസ്റ്റ് ചെക്ക്പോസ്റ്റ്, വയനാട്

സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനെർട്ടിന്റെ പദ്ധതി പ്രകാരം

സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഓരോ ജില്ലയിലും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഓരോ ജില്ലയിലും എത്രയെണ്ണം സ്ഥാപിച്ചുവെന്നും വിശദമാക്കുമോ?

പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അതത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

| ക്രമ നം. | ജില്ല | ആകെ എണ്ണം | കോൺട്രാക്ടർ | | | | |
|---|---|---|---|---|---|---|---|
| | | | Masstech controls Pvt. Ltd, Mumbai | Okaya Power Pvt. Ltd, Delhi | Tirex Transmisson, Ahammadabad | Indus Motor Company, Ernakulam | BPM Power Pvt.Ltd. |
| 1 | തിരുവനന്തപുരം | 5 | 1 | 3 | 1 | | |
| 2 | കൊല്ലം | 5 | 1 | 2 | 2 | | |
| 3 | പത്തനം തിട്ട | 3 | | 3 | | | |
| 4 | ആലപ്പുഴ | 1 | | 1 | | | |
| 5 | കോട്ടയം | 3 | | 2 | 1 | | |
| 6 | ഇടുക്കി | 3 | | 1 | 2 | | |
| 7 | എറണാകുളം | 10 | 1 | 2 | 7 | | |
| 8 | തൃശ്ശൂർ | 11 | 1 | | 1 | 9 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | പാലക്കാട് | 5 | | 3 | 1 | | 1 |
| 10 | മലപ്പുറം | 3 | | | 3 | | |
| 11 | കോഴിക്കോട് | 8 | 1 | | 7 | | |
| 12 | വയനാട് | 2 | | 1 | 1 | | |
| 13 | കണ്ണൂർ | 3 | 1 | | 2 | | |
| 14 | കാസർഗോഡ് | 1 | | | 1 | | |
| | ആകെ | **63** | **6** | **18** | **29** | 9 | 1 |

പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ

കൂടാതെ കേരളത്തിലുടനീളം എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളാണ് കെ.എസ്.ഇ.ബി.എൽ.- ന്റെ പദ്ധതിപ്രകാരം സ്ഥാപിക്കുന്നത്.

എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം മുഖേനയാണ് 16 പൊതുസ്ഥലങ്ങളിൽ അനെർട്ട് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടത്തിയത്. തിരുവനന്തപുരത്തുള്ള ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ അനെർട്ട് ടെണ്ടർ നടപടിപ്രകാരം നിശ്ചയിച്ച കമ്പനിയെയാണ് നിർമ്മാണച്ചുമതല നൽകിയത്. സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിന് ചുമതപ്പെടുത്തിയത്

അനെർട്ട് ടെണ്ടർ നടപടി പ്രകാരം നിശ്ചയിച്ച കമ്പനിയെയാണ്.

അനെർട്ട് മുഖേന തിരുവനന്തപുരം ജില്ലയിൽ 3, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ ഒരെണ്ണം വീതവും, ആലപ്പുഴ ജില്ലയിൽ 2 എണ്ണവും ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ജനപ്രതിനിധികൾ നിർദ്ദേശിച്ച സ്ഥലത്ത് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജനപ്രതിനിധികൾ നിർദ്ദേശിച്ച സ്ഥലങ്ങളിൽ ഒരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് 5 എണ്ണം എന്ന നിലയിൽ 1140 പോൾമൗണ്ടഡ് ചാർജിംഗ് പോയിന്റുകളാണ് സ്ഥാപിക്കുന്നത്. ഇതിൽ ആയിരത്തോളം പൂർത്തിയായിക്കഴിഞ്ഞു.

(ഡി) കൊണ്ടോട്ടി മണ്ഡലത്തിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ച മുസ്ല്യാരങ്ങാടി, കൊണ്ടോട്ടി എന്നിവിടങ്ങളിലെ ചാർജിംഗ് സ്റ്റേഷനുകൾ അനുയോജ്യമായ സ്ഥലത്തല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുത ലൈനുകളുടെ താഴെയുള്ള മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് നടപടി

323(774) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലേക്കും വ്യവസായ സ്ഥാപനങ്ങളിലേക്കും മറ്റും വൈദ്യുതി കണക്ഷൻ നൽകുവാനുള്ള ലോ ടെൻഷൻ, ഹൈ ടെൻഷൻ ലൈനുകളുടെ താഴെയുള്ള മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങൾ സാധാരണയായി എത്ര ഇടവേളകളിലാണ് വെട്ടിമാറ്റുന്നത്?

മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങളുടെയും വളർച്ചയ്ക്ക് അനുസൃതമായിട്ടാണ് ഈ പ്രവൃത്തി നടത്തി വരുന്നത്. ഇതിനായി പ്രത്യേക സമയക്രമം നിലവിലില്ല.

(ബി) പ്രസ്തുത പ്രവൃത്തി വകുപ്പ് നേരിട്ടാണോ അതോ കരാർ നൽകിയാണോ ചെയ്തുവരുന്നത്?

ഈ പ്രവൃത്തി ഭാഗികമായി കെ.എസ്.ഇ.ബി.എൽ.-ഉം ബാക്കിയുള്ളവ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ആയി കരാർ അടിസ്ഥാനത്തിലുമാണ് ചെയ്തുവരുന്നത്.

(സി) സർക്കാരിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന ഇത്തരം പ്രവൃത്തി ഒരു പരിധിവരെ നിയന്ത്രിക്കാൻ ഇലക്ട്രിക് ലൈനിനുതാഴെയുള്ള ചെടികളും

മരങ്ങളും പൂർണ്ണമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളംപോലെ വൃക്ഷനിബിഡമായതും ഏകദേശം എല്ലാ പ്രദേശങ്ങളിലും വൈദ്യുതിലൈനുകൾ എത്തിയിട്ടുള്ളതുമായ പ്രദേശത്ത് ലൈനുകളോട് ചേർന്നുനിൽക്കുന്ന മരങ്ങൾ പൂർണ്ണമായും വെട്ടിമാറ്റുന്നത് പ്രായോഗികമല്ല. ഈ പ്രവൃത്തി വ്യാപകമായ വന/വൃക്ഷ നശീകരണത്തിനും അതുവഴി ധാരാളം പരാതികൾക്കും കാരണമാകും. കൂടാതെ, കഴിഞ്ഞ ഏതാനും വർഷങ്ങളായി മാറിവരുന്ന കാലാവസ്ഥ കാരണം വർഷത്തിലുടനീളം മഴ ലഭിക്കുന്നതുമൂലം മരങ്ങളും ചെടികളും അനിയന്ത്രിതമായി വളരുന്നതിനാൽ എൽ.ടി-എച്ച്.ടി. ലൈനുകളുടെ അരികിലുള്ളവ ഒരു പ്രത്യേക സമയത്തുമാത്രം പൂർണ്ണമായി നീക്കം ചെയ്യുന്നത് പ്രായോഗികമല്ല. കൃത്യമായ ഇടവേളകളിൽ ഇവയുടെ വളർച്ച നിരീക്ഷിക്കുകയും ആവശ്യമായ സമയങ്ങളിൽ ടച്ചിംഗ് ക്ലിയറൻസ് പ്രവൃത്തി നടത്തുകയുമാണിപ്പോൾ ചെയ്തു വരുന്നത്.

**ഉണർവ് പദ്ധതി**

324(775) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഉണർവ് പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇപ്പോൾ നിലവിലില്ല. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് നീക്കം ചെയ്യുന്നതിന്, സഹകരണ സംഘം രജിസ്ട്രാറുടെ 05-03-2012-ലെ 9/2012 സർക്കുലറിലെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്തംബർ 15 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സഹകരണ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പുനരാരംഭിക്കുന്ന വിഷയം ആലോചനയിലില്ല.

## സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

325(776) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകുമോ:

(എ) സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയെന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി മുഖേന കാർഷിക, കാർഷികാനുബന്ധ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് – “ സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി” . ചുവടെ പരാമർശിക്കുന്ന ഏഴ് ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നം. | ഉപപദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര കാർഷിക വികസന പദ്ധതി | 550.00 ലക്ഷം രൂപ |
| 2. | കാർഷിക വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 250.00 ലക്ഷം രൂപ |
| 3. | കാർഷിക ഉൽപാദനം, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം രൂപ |

| | | |
|---|---|---|
| 4. | ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം രൂപ |
| 5. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് – സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം | 500.00 ലക്ഷം രൂപ |
| 6. | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ | 500.00 ലക്ഷം രൂപ |
| 7. | കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ | 90.00 ലക്ഷം രൂപ |
| | ആകെ | **2250.00** ലക്ഷം രൂപ |

(ബി) കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വത്തിനുള്ള സ്റ്റാർട്ടപ്പുകൾക്ക് പ്രോൽസാഹനം നൽകുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തികവർഷം രൂപീകരിച്ചിട്ടുള്ള ഉപ പദ്ധതിയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ

പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമാണ് ടി ഉപ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും ഓഹരി സഹായവും നൽകുന്നുണ്ട്. പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള(KAPCOS) ധനസഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

ടി ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവൃത്തികൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കർഷകർക്ക് സഹായകരമായി കാർഷിക വായ്പ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ പുതുതായി നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കർഷകർക്ക് സഹായകരമായി കാർഷിക വായ്പാ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ കൂടുതലായി നൽകുന്നതിനുള്ള നടപടികൾ കേരള ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ State level Technical Committee -യുടെ നിർദ്ദേശാനുസരണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞ കൃഷി ഭൂമിയിലും

Terraced farming-ലും കൂടി കൃഷി ചെയ്യുന്നതിലേയ്ക്കായുള്ള വായ്പ നൽകുന്നതിനുള്ള നടപടി കേരള ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. നബാർഡ് നിർദ്ദേശാനുസരണം 1.60 ലക്ഷം രൂപ വരെ ജാമ്യമില്ലാതെ കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിലവിൽ KCC ISS (കിസാൻ ക്രെഡിറ്റ് കാർഡ് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം) പോർട്ടൽ മുഖേന 3% പലിശ സബ്സിഡി ഓൺലൈനായി ഉടൻ തന്നെ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്കിൽ നിന്നും ക്ഷീരമിത്ര എന്ന പേരിൽ ക്ഷീര കർഷകർക്കായി ഒരു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. MSME സുവിധ പ്ലസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, മൈക്രോ ഫുഡ് പ്രോസസിംഗ് എന്നീ സ്കീമുകളിലും കർഷകരെ സഹായിക്കുന്ന വായ്പാ പദ്ധതികൾ കേരള ബാങ്ക് പുതുതായി നടപ്പിലാക്കി വരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

326(777) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- ഇത്തിത്താനം ജനതാ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1297 - 25 സെന്റ് ഭൂമിയിൽ രണ്ടു തവണ മരച്ചീനി, വാഴ, ചേന, ചേമ്പ് എന്നിവ കൃഷി ചെയ്തു വിളവെടുത്തു.

- കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1538 - 75 സെന്റ് ഭൂമിയിൽ 2 തവണ മരച്ചീനി കൃഷി ചെയ്തു ആദ്യ തവണ കോവിഡ് സാഹചര്യത്തിൽ സൗജന്യമായി അംഗങ്ങൾക്ക് വിതരണം ചെയ്തു രണ്ടാം തവണ വിറ്റഴിച്ചു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 7 സഹകരണ സംഘങ്ങളിൽ നിന്നും 109 പേർക്ക് 16137000/- രൂപയുടെ വായ്പകൾ നൽകിയിട്ടുണ്ട്.

**സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര കാർഷിക വികസന പദ്ധതി**

327(778) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയെ നവീകരിക്കുന്നതിനുമായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര കാർഷിക വികസന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് – " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" . ചുവടെ പരാമർശിക്കുന്ന ഏഴ് ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നം. | ഉപപദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര | 550.00 ലക്ഷം രൂപ |

| | | |
|---|---|---|
| | കാർഷിക വികസന പദ്ധതി | |
| 2. | കാർഷിക വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 250.00 ലക്ഷം രൂപ |
| 3. | കാർഷിക ഉൽപാദനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം രൂപ |
| 4. | ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം രൂപ |
| 5. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് – സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം | 500.00 ലക്ഷം രൂപ |
| 6. | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ | 500.00 ലക്ഷം രൂപ |
| 7. | കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ | 90.00 ലക്ഷം രൂപ |
| ആകെ | | **2250.00** ലക്ഷം രൂപ |

(ബി) വിളകളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയുടെ ആധുനീകരണത്തിനും പ്രാദേശികാവശ്യാനുസരണമുള്ള യന്ത്രവൽക്കരണത്തിനും ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക വിളകളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കും കർഷകരിൽ നിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിച്ച് സംഭരണ-സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ

പ്രാദേശികാവശ്യാനുസരണമുള്ള യന്ത്രവൽക്കരണത്തിനും– “ സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി” യിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഓരോ ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉപ പദ്ധതിയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമാണ് ടി ഉപ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും ഓഹരി സഹായവും നൽകുന്നുണ്ട്.

പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള (KAPCOS) ധനസഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

ടി ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവൃത്തികൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സഹകരണ അംഗ സമാശ്വാസ പദ്ധതി**

328(779) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണ അംഗസമാശ്വാസ പദ്ധതി പ്രകാരം 408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഇതിൽ 260 അപേക്ഷകൾക്ക് 53,00,000/-രൂപ അനുവദിച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

329(780) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

- സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതലത്തിലേക്ക് മാറ്റി ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകയുണ്ടായി. ഇതുവഴി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നതിനും KSCB -യുടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്നതാണ്.

- ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനായി കേരള ബാങ്കിൽ അതിനൂതന കോർ ബാങ്കിംഗ് സംവിധാനം ഉടൻ നിലവിൽ വരുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

- ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ആഡിറ്റ് അക്കൗണ്ട്സ് വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥയെ മുഴുവൻ സമയം ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിലൂടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യമാക്കുന്നതിനും വഴിതെളിയുന്ന നിയമ പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

- സഹകരണ ഉൽപ്പന്നങ്ങൾ COOPKERALA എന്ന ഒറ്റ ബ്രാന്റിൽ വിപണനം ചെയ്യുന്നതിനായി ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി സഹകരണ വകുപ്പ് ആരംഭിച്ചു. സംഘങ്ങളുടെ പ്രവർത്തന വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും Value added ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

- സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.

- സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു.

- 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

- നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.

(ബി) സഹകരണ ധനകാര്യ സ്ഥാപനങ്ങൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ, നിക്ഷേപബന്ധിത പദ്ധതികൾ എന്നിവ പൂർണ്ണമായും നടപ്പാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഈ വിഷയം പരിഗണിക്കുന്നത് പരിശോധിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ വ്യക്തികൾക്കും സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ അംഗത്വം ലഭ്യമാക്കുന്ന തരത്തിൽ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

കേരള സഹകരണ സംഘം നിയമം, ചട്ടം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും അംഗത്വം നൽകുകയെന്നതാണ് സർക്കാർ നയം.

## കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി

330(781) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സ്ഥിര സ്വഭാവമുള്ള തൊഴിൽ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സഹകരണ മേഖല നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സഹകരണ മേഖലയിലൂടെ 1184 സ്ഥിരം തൊഴിലും 55095 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന " സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയതുവഴി 578 തൊഴിലവസരം സൃഷ്ടിക്കുന്നതിന് സാധിക്കുന്നതാണ്.

കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ

അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (PAPCOS) പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘവും രൂപീകരിച്ചിട്ടുണ്ട്.

കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച കേന്ദ്രാവിഷ്കൃത ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; രണ്ട് മാസത്തിനുള്ളിൽ ആയിരത്തി മുന്നൂറ് സംരംഭങ്ങളെങ്കിലും ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ

മേഖലയുടെ നൂതന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി "തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം" എന്ന ഉപപദ്ധതി നടപ്പിലാക്കുന്നതാണ്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടി ഉപപദ്ധതിയിൽ 500 ലക്ഷം രൂപ 2022-23 വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും ഓഹരി സഹായവും നൽകും.

സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത

മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികളുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് -27 ന് രൂപീകരിച്ചു. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളാണ്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു.

കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചറൽ

ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന വിള സംരംഭകത്വ പദ്ധതിയെക്കുറിച്ചും പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങളെക്കുറിച്ചും വ്യക്തമാക്കുമോ?

കാർഷിക മേഖലയിൽ നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ കേരള ബാങ്ക് മുഖേന അനുവദിച്ച് വരുന്ന പദ്ധതിയായ PACS as MSC (Mutli Service Centre) സ്കീമിൽ ഉൾപ്പെടുത്തി വിള സംരംഭക ആവശ്യങ്ങൾക്കായിട്ടുള്ള വായ്പകൾ വിതരണം ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ Agriculture Infrastructure ഫണ്ടിൽ നിന്നും PACS as MSC സ്കീമിൽ അനുവദിച്ചു നൽകുന്ന 2 കോടി രൂപവരെയുള്ള വായ്പകൾക്ക് 3% പലിശ സബ്സിഡി നബാർഡ് മുഖേന ലഭിക്കുന്നു. പ്രസ്തുത പലിശ ഇളവ് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നബാർഡിൽ നിന്ന് ലഭിക്കുന്നതാണ്. ഈയിനങ്ങളിൽ നാളിതുവരെ സംസ്ഥാനത്തുടനീളമുള്ള 66 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി 160.87 കോടി രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.

**ജപ്തി നടപടി കാരണം പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം**

331(782) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ഉദ്യോഗസ്ഥർ ജപ്തി ബോർഡ് വച്ചതിന്റെ മനോവിഷമത്തിൽ കൊല്ലം ശൂരനാട് സ്വദേശിയായ പെൺകുട്ടി ജീവനൊടുക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ. അജികുമാർ, അജിഭവനം, തൃക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20-09-2022-ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ

നോട്ടീസ് പതിക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(സി) വായ്പക്കാരനോ നോമിനിയോ അറിയാതെ വീടിനുമുന്നിൽ ജപ്തി ബോർഡ് വയ്ക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

സർഫാസി നിയമം വകുപ്പ് 13(4) പ്രകാരം ആതറൈസ്ഡ് ആഫീസർ ജാമ്യവസ്തുവിന്റെ symbolic possession ഏറ്റെടുക്കുന്നതിനായിട്ടാണ് നിയമാനുസൃതമായ സമയക്രമം പാലിച്ച് ടി നോട്ടീസ് പ്രദർശിപ്പിച്ചിട്ടുള്ളത്.

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് തികഞ്ഞ അവധാനതയും ജാഗ്രതയും പുലർത്തി മാത്രമേ റിക്കവറി നടപടികൾ സ്വീകരിക്കാവൂയെന്ന കർശന നിർദ്ദേശം ബാങ്കിന് നൽകിയിട്ടുണ്ട്.

**കേരള ബാങ്ക്**

332(783) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് കേരള ബാങ്കിന് ഏതെങ്കിലും തരത്തിലുള്ള പിഴ ചുമത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര രൂപയാണ് പിഴയായി ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത തുക ഒടുക്കിയിട്ടുണ്ടോ;അറിയിക്കുമോ?

(എ&ബി) റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള രണ്ട് വ്യവസ്ഥകൾ പാലിക്കാത്തതിന് കേരള സംസ്ഥാന സഹകരണ ബാങ്കിന് റിസർവ് ബാങ്ക് 48 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്. ടി തുക റിസർവ് ബാങ്കിലേക്ക് ഒടുക്കിയിട്ടുണ്ട്.

(സി) ഏതെല്ലാം വ്യവസ്ഥകൾ പാലിക്കാത്തതിനാണ് റിസർവ് ബാങ്ക് പിഴ ചുമത്തിയത്; റിസർവ് ബാങ്ക് ചൂണ്ടിക്കാട്ടിയ ന്യൂനതകൾ ബാങ്ക് പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2018-19 സാമ്പത്തിക വർഷത്തിൽ ബുള്ളറ്റ് റീ പേമെന്റ് ഓപ്ഷനിലൂടെ (ഒറ്റ തവണയായി തിരിച്ചടക്കാൻ സാധിക്കുന്ന സൗകര്യത്തോടെ) 2 ലക്ഷത്തിലധികം രൂപ കാർഷികേതര സ്വർണപ്പണയ വായ്പയായി വ്യക്തികൾക്ക് നൽകിയതിനും കേരള ബാങ്ക് രൂപീകരണത്തിനുമുമ്പ് ഇതര സഹകരണ സ്ഥാപനങ്ങളിൽ ആർ.ബി.ഐ. നിഷ്കർഷിച്ചിട്ടുള്ള അനുവദനീയമായ പരിധിയിൽ അധികരിച്ച് മൂലധന നിക്ഷേപം നടത്തിയതിനുമാണ് റിസർവ് ബാങ്ക് പിഴ ചുമത്തിയത്. ഇതിൽ ആദ്യത്തെ ന്യൂനത പരിഹരിച്ചിട്ടുണ്ട്. രണ്ടാമതുള്ള ന്യൂനത പരിഹരിച്ച് വരുന്നു.

## കേരള ബാങ്കിലെ ക്ലാർക്ക്/കാഷ്യർ ഒഴിവുകൾ

333(784) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിലേക്കുള്ള ക്ലാർക്ക്/കാഷ്യർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കേരള ബാങ്കിൽ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ബാങ്കിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ബാങ്ക് ഭരണസമിതി നടപടി സ്വീകരിച്ചു വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ബാങ്കിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നിർദ്ദേശങ്ങളിപ്പോൾ പരിഗണനയിലില്ല.

**ആലപ്പുഴ ജില്ലയിലെ നെടുമുടി സർവീസ് സഹകരണ ബാങ്ക്**

334(785) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നെടുമുടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 87 ൽ കാലാവധി പൂർത്തിയാക്കിയിട്ടും നിക്ഷേപം തിരിച്ചു നൽകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നെടുമുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 87 ൽ കാലാവധി പൂർത്തിയായിട്ടും നിക്ഷേപം തിരിച്ചു നൽകുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നില്ല.

(ബി) പ്രസ്തുത ബാങ്കിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകളിന്മേൽ വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നെടുമുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ 87 ന്റെ സാമ്പത്തിക പ്രതിസന്ധികൾ സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ മേഖലയിലെ ജപ്തി ഒഴിവാക്കാൻ നടപടി**

335 (786) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, മഹാ പ്രളയങ്ങൾ, കോവിഡ് മഹാമാരി മുതലായവമൂലം കഷ്ടപ്പെടുന്ന ജനങ്ങളുടെ കുടിശ്ശിക ലോണുകളിന്മേൽ ജപ്തി ഒഴിവാക്കി അവ പുതുക്കി നൽകുന്നതിന് നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

നോട്ട് നിരോധനം, മഹാ പ്രളയങ്ങൾ, കോവിഡ് മഹാമാരി മുതലായവമൂലം കഷ്ടപ്പെടുന്ന ജനങ്ങളുടെ കുടിശ്ശിക വായ്പകൾക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം അനുവദിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് മഹാമാരി സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2022 നവംബർ 30 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുടിശ്ശിക ലോണുകളിന്മേൽ ജപ്തി ഒഴിവാക്കി അവ പുതുക്കി നൽകുന്നതിനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല.

(ബി) റിക്കവറി നടപടികൾ നേരിടുന്നവർക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലോൺ തുകയും അടിസ്ഥാന പലിശയും അടച്ചുതീർക്കുന്നതിന് അവസരം നൽകുമോ; വിശദവിവരം ലഭ്യമാക്കുമോ?

ലോൺ തുകയും അടിസ്ഥാന പലിശയും അടച്ചുതീർക്കുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തുടർന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നതിപ്പോൾ പരിഗണനയിലില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ വിതരണം ചെയ്യുന്നവർക്ക് ഇൻസെന്റീവ്

336(787) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസ് സഹകരണ ബാങ്കുവഴി വീടുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

പരിഗണനയിലില്ല.

(ബി) നിലവിൽ കുടിശ്ശികയുള്ള ഇൻസെന്റീവ് ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## ആലപ്പുഴ കണ്ടല്ലൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട് തടയാൻ നടപടി

337(788) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കണ്ടല്ലൂർ സർവീസ് സഹകരണ ബാങ്കിൽ സഹകരണ വകുപ്പിന്റെ ഓഡിറ്റ് പ്രകാരം കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം നൽകുമോ, എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2166- ലെ 2020-21 ലെ ആഡിറ്റ് പരിശോധനയിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ബാങ്കിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതിൽ കുടിശ്ശികയായി ബാക്കി നിന്നിരുന്ന സ്വർണ്ണപ്പണയ വായ്പകൾ നിയമവിരുദ്ധമായി പലിശ പൂർണ്ണമായും ഈടാക്കാതെയും പിഴപ്പലിശ ഒഴിവാക്കിയും വായ്പാ കണക്ക് അവസാനിപ്പിച്ചതിലൂടെയും സ്വർണ്ണപണയ വായ്പകളുടെ ഈടായി ബാങ്കിൽ

സൂക്ഷിച്ചിരുന്ന പണയ ഉരുപ്പടികൾ യഥാസമയം ലേലം ചെയ്യുന്നതിന് പകരം വർഷങ്ങൾക്കുശേഷം തികച്ചും നിയമ വിരുദ്ധമായി പണയ ഉരുപ്പടികൾ ലേലം ചെയ്ത് വിൽപ്പന നടത്തിയതിലൂടെയും വായ്പക്കണക്ക് പലിശ പൂർണ്ണമായും വരവ് വയ്ക്കാതെ അവസാനിപ്പിച്ചതിലൂടെയും ക്രമക്കേടുകൾ നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്വർണ്ണപ്പണയ ലേല ഇനത്തിൽ സർക്കാരിലേയ്ക്ക് ജി.എസ്.ടി ഇനത്തിൽ അടയ്ക്കുവാനുള്ള 1,12,088/- രൂപയിൽ 80,833/- രൂപ അടയ്ക്കാതെ ബാങ്കിന്റെ പലവക ശീർഷകത്തിലേയ്ക്ക് വരവ് വച്ചിരിയ്ക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്വർണ്ണപ്പണയ വായ്പകളിൽ പലിശയിനത്തിൽ നടത്തിയ ക്രമക്കേടുകളിലൂടെ ബാങ്കിന് ആകെ 49,17,729/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം ഭരണസമിതിക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം നൽകുമോ?

കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2166 ൽ ക്രമക്കേടുകൾ നടക്കുന്നുവെന്ന് ആരോപിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് രജിസ്ട്രാർ ഉത്തരവ് നൽകുകയും ആയത് പ്രകാരം

റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിലെ അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ 2020-21 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ടും സമർപ്പിച്ചിരുന്നു. ആഡിറ്റർ സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടും വകുപ്പ് 66 പരിശോധനാ റിപ്പോർട്ടും സമാന വിഷയത്തിലുള്ളതായതിനാൽ ടി ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പ് 66 പ്രകാരം നടന്ന പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിന് സഹകരണ നിയമം ചട്ടം 66(5) പ്രകാരം നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ഹിയറിംഗ് വേളയിൽ പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ ഉന്നയിച്ച വാദമുഖങ്ങൾ കണക്കിലെടുത്ത് കൂടുതൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

2020-21 ലെ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

## കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകാൻ നടപടി

338(789) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെ നൽകുന്നതിനും സംഘത്തിന്റെ പ്രവർത്തനം പൂർവ സ്ഥിതിയിലാക്കുന്നതിനുമായി 20-8-22-ലെ 564/2022/സഹ. ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതിയനുസരിച്ച് നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെ നൽകുന്നതിനും ബാങ്കിന്റെ പുനരുധാരണത്തിനുമായി സമാഹരിച്ച തുക വിനിയോഗിച്ച് 31-08-2022-ൽ കാലാവധി പൂർത്തിയാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ മുതലിന്റെ 10% ഉം പലിശയുടെ 50% ഉം നിക്ഷേപകർക്ക് 15-10-2022 മുതൽ നല്കി വരുന്നു.ടി ഇനത്തിൽ 15-10-2022 മുതൽ 29-11-2022 വരെ 1859 നമ്പരുകളിലായി 8,10,69,134/- (എട്ടു കോടി പത്തു ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തിനാല്) രൂപ തിരികെ നല്കുകയും, 4426 നമ്പരുകളിലായി 18,76,71,359/-(പതിനെട്ടുകോടി എഴുപത്തിയാറ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി അമ്പത്തിയൊമ്പത്) രൂപയുടെ സ്ഥിര നിക്ഷേപം ഒരു വർഷത്തേയ്ക്ക് പുതുക്കി നല്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും

അംഗങ്ങൾക്ക് സ്വർണ്ണപ്പണയ വായ്പ നല്കുന്നതിനായി 5 കോടി രൂപ വായ്പ എടുത്തതിൽ 29-11-2022 വരെ 15,14,090/- രൂപ സ്വർണ്ണപ്പണയ വായ്പയായി നല്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പ്രാഥമിക സംഘങ്ങളിൽ നിന്നും 10,60,00,000/- (പത്തുകോടി അറുപതു ലക്ഷം) രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളതും ആയത് അംഗങ്ങൾക്ക് വസ്തുപണയ വായ്പയായി നല്കുന്നതിന് മാറ്റി വച്ചിട്ടുള്ളതുമാണ്. ബാങ്കിന് അനുവദിച്ച് നൽകിയിട്ടുള്ള സെയിൽ ആഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ഊർജ്ജിതപ്പെടുത്തി വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര നിക്ഷേപകർക്ക് എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

15-10-2022 മുതൽ 29-11-2022 വരെ 1859 നമ്പരുകളിലായി 8,10,69,134/- (എട്ടു കോടി പത്തുലക്ഷത്തി അറുപത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തിനാല്) രൂപ നിക്ഷേപകർക്ക് തിരികെ നല്കിയിട്ടുണ്ട്.

**ആലപ്പുഴ കണ്ടല്ലൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്താൻ നടപടി**

339(790) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കണ്ടല്ലൂർ സർവീസ് സഹകരണ ബാങ്കിൽ സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2166 ലെ 2020-21 ലെ ആഡിറ്റ് പരിശോധനയിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ബാങ്കിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതിൽ കുടിശ്ശികയായി ബാക്കി നിന്നിരുന്ന സ്വർണ്ണപ്പണയ വായ്പകൾ നിയമവിരുദ്ധമായി പലിശ പൂർണ്ണമായും ഈടാക്കാതെയും പിഴപ്പലിശ ഒഴിവാക്കിയും വായ്പാ കണക്ക് അവസാനിപ്പിച്ചതിലൂടെയും സ്വർണ്ണപ്പണയ വായ്പകളുടെ ഈടായി ബാങ്കിൽ സൂക്ഷിച്ചിരുന്ന പണയ ഉരുപ്പടികൾ യഥാസമയം ലേലം ചെയ്യുന്നതിന് പകരം വർഷങ്ങൾക്കുശേഷം തികച്ചും നിയമ വിരുദ്ധമായി പണയ ഉരുപ്പടികൾ ലേലം ചെയ്ത് വിൽപ്പന നടത്തിയതിലൂടെയും വായ്പക്കണക്ക് പലിശ പൂർണ്ണമായും വരവ് വയ്ക്കാതെ അവസാനിപ്പിച്ചതിലൂടെയും ക്രമക്കേടുകൾ നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്വർണ്ണപ്പണയ ലേല ഇനത്തിൽ സർക്കാരിലേയ്ക്ക് ജി.എസ്.ടി ഇനത്തിൽ അടയ്ക്കുവാനുള്ള 1,12,088/- രൂപയിൽ 80,833/- രൂപ അടയ്ക്കാതെ ബാങ്കിന്റെ പലവക ശീർഷകത്തിലേയ്ക്ക് വരവ് വച്ചിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സ്വർണ്ണപ്പണയ വായ്പകളിൽ പലിശയിനത്തിൽ നടത്തിയ ക്രമക്കേടുകളിലൂടെ ബാങ്കിന് ആകെ 49,17,729/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം ഭരണസമിതിക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2166 ൽ ക്രമക്കേടുകൾ നടക്കുന്നുവെന്ന് ആരോപിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1969- ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് രജിസ്ട്രാർ ഉത്തരവ് നൽകുകയും ആയത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിലെ അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ 2020-21 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ടും സമർപ്പിച്ചിരുന്നു. ആഡിറ്റർ സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടും വകുപ്പ് 66 പരിശോധനാ റിപ്പോർട്ടും സമാന വിഷയത്തിലുള്ളതായതിനാൽ ടി ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പ് 66 പ്രകാരം നടന്ന പരിശോധനാ

റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിന് സഹകരണ നിയമം ചട്ടം 66(5) പ്രകാരം നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ഹിയറിംഗ് വേളയിൽ പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ ഉന്നയിച്ച വാദമുഖങ്ങൾ കണക്കിലെടുത്ത് കൂടുതൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

2020-21 ലെ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സഹകരണ ബാങ്കുകളിലെ ജപ്തി തടയാൻ നടപടി

340(791) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നത് മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്ക് ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളിൽ കേരള സഹകരണ നിയമ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള റിക്കവറി നടപടിക്രമമാണ് അവലംബിക്കുന്നത്. എന്നാൽ കേരള ബാങ്കിൽ കേരള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സഹകരണ നിയമ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും സർഫാസി നടപടിക്രമങ്ങളനുസരിച്ചുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമുള്ള റിക്കവറി നടപടിക്രമങ്ങളും മുൻകാലങ്ങളിൽ നടത്തിയിരുന്നതുപോലെ മാത്രമാണ് ഇപ്പോഴും നടത്തി വരുന്നത്.

(ബി) ജപ്തി നടപടികൾ സ്വീകരിക്കരുതെന്ന് കേരള ബാങ്കിനും സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ജപ്തി നടപടികൾ സ്വീകരിക്കരുതെന്ന് കേരള ബാങ്കിനും സഹകരണ സംഘങ്ങൾക്കും വകുപ്പ് പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

**ബാങ്കിംഗ് റെഗുലേഷൻ നിയമം**

341(792) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുമെന്നതിനാൽ ഇതിനെ തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പുപ്രകാരം ഒരു Suit ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

**പാറശാല മണ്ഡലത്തിലെ പുതിയ സഹകരണ സംഘങ്ങൾ**

342(793) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-22 വരെയുള്ള കാലയളവിൽ പാറശാല നിയോജക മണ്ഡലത്തിൽ രൂപീകരിക്കപ്പെട്ട വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കുമോ;

(ബി) അവയിൽ ഓരോന്നിന്റെയും പ്രവർത്തനമേഖലയും പ്രവർത്തനപരിധിയും വിശദമാക്കുമോ;

(സി) തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ

പാറശാല നിയോജകമണ്ഡലത്തിലെ വിവിധ സംഘങ്ങളുടെ പേര്, മേൽവിലാസം, ഏത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ കീഴിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, അർബൻ ബാങ്കുകൾ/സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പലവക വിഭാഗത്തിൽപ്പെടുന്ന മറ്റ് സംഘങ്ങൾ എന്ന വിധത്തിൽ മേൽ വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ?

(എ-ഡി)അനുബന്ധമായി ചേർക്കുന്നു.*

**സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിന് സാവകാശം**

343(794) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തവർക്ക് കോവിഡ് കാലത്ത് വായ്പ തിരിച്ചടയ്ക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വായ്പ തിരിച്ചടക്കാത്തതിന്റെ പേരിൽ പ്രസ്തുത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബാങ്കുകൾ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടപാടുകാർക്ക് തിരിച്ചടവിന് സമയം നീട്ടി നല്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നല്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി)സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തവർക്ക് കോവിഡ് കാലത്ത് വായ്പ തിരിച്ചടയ്ക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ പ്രസ്തുത ബാങ്കുകൾ ഇടപാടുകാരെ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനും കുടിശ്ശിക വായ്പകൾക്ക് ജപ്തി നടപടികളിൽനിന്നും ഒഴിവായി ആശ്വാസം ലഭിക്കുന്നതിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16 -ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് മഹാമാരി സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2022 നവംബർ 30 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള ബാങ്കിൽ നിന്നും വായ്പയെടുത്ത് കോവിഡ് കാലത്ത് കുടിശ്ശികയായവർക്ക് റിസർവ് ബാങ്ക് പ്രഖ്യാപിച്ച മൊറട്ടോറിയം ആനുകൂല്യം അനുവദിച്ച് നൽകിയിരുന്നു. മൊറട്ടോറിയം കാലാവധിക്കുശേഷവും വായ്പക്കാർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് സാവകാശം കേരള ബാങ്ക് നൽകിയിരുന്നു. കൂടാതെ

ഇളവുകളോടെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് 15-11-2022 വരെ കേരള ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് 19 രോഗബാധയുണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് 19 രൂക്ഷമല്ലാത്തതിനാലും എല്ലാ സഹകരണ സംഘങ്ങൾ/ ബാങ്കുകളും പൂർണ്ണ രീതിയിൽ പ്രവർത്തിക്കുന്നതിനാലും ഇടപാടുകാർക്ക് തിരിച്ചടവ് സംബന്ധിച്ച് കൂടുതൽ ഇളവുകൾ നൽകുന്നത് സഹകരണ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ തിരിച്ചടവിന് സമയം നീട്ടി നൽകാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതിപ്പോൾ പരിഗണനയിലില്ല.

(സി) ലോൺ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ സഹകരണ ബാങ്കുകൾ ജപ്തി നടപടി സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രം നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിന് നടപടികൾ

344(795) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർജ്ജീവമായ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനാവലോകന യോഗങ്ങൾ എല്ലാ മാസവും താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതോടൊപ്പം, നിർജ്ജീവമായ സംഘങ്ങൾ സജീവമാക്കി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുനരുജ്ജീവിപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായങ്ങൾ നൽകുന്ന

വിവിധ സ്കീമുകൾ സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

- സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

- സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

- സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു.

- വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ)

അനുവദിച്ചുവരുന്നു.

- നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾക്ക് വിവിധ സ്കീമുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 1400 ലക്ഷം രൂപയിൽ നിന്നുമാണ് തുക അനുവദിക്കുന്നത്.

**തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ നടത്തിയ അന്വേഷണം**

345(796) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭരണസമിതി അംഗങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവീസ് സഹകരണ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിക്കെതിരെ സഹകരണ നിയമം 32 (1) (a) (c) വകുപ്പുകൾ പ്രകാരം നടപടി എടുക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് നേരിട്ട് ഹാജരായി ബോധിപ്പിക്കുന്നതിന് സംഘം സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് അയച്ച്, തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ നേരിൽ കേട്ടിരുന്നു. ടി വിഷയം സംബന്ധിച്ച് സംഘം ഭരണ സമിതി ബഹു.കേരള ഹൈക്കോടതിയിൽ WP(C)/20735/2022 നമ്പരായി റിട്ട് ഹർജി സമർപ്പിക്കുകയും ആയതിൻമേൽ ബഹു.കോടതി 27-06-2022-ന് പുറപ്പെടുവിച്ച ഉത്തരവിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് ഹിയറിംഗ് നടപടികൾ നടത്താവുന്നതാണെന്നും ആയതിന്മേൽ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട കോടതി ഉത്തരവിന് വിധേയമായി മാത്രം പുറപ്പെടുവിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. WP(C)/20735/2022 നമ്പർ റിട്ട് ഹർജ്ജിയിന്മേൽ 29-11-2022 ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിനോടൊപ്പമുള്ള അനുബന്ധങ്ങൾ ബന്ധപ്പെട്ട

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കക്ഷികൾക്ക് ലഭ്യമാക്കണമെന്നും ആയതിനുശേഷം ടി വ്യക്തികളുടെ വിശദീകരണം വാങ്ങി ഹിയറിംഗ് നടപടികൾ പൂർത്തീകരിച്ചശേഷം മാത്രമേ സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവൂവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലാ മർക്കന്റയിൻ സഹകരണ സംഘത്തിൽ കത്ത് നൽകി നിയമനം**

346(797) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ മർക്കന്റയിൻ സഹകരണ സംഘത്തിൽ പാർട്ടിയിൽപ്പെട്ടവരെ നിയമിക്കാൻ പ്രമുഖ ഭരണ കക്ഷി പാർട്ടിയുടെ ജില്ലാ സെക്രട്ടറി കത്ത് നൽകിയതായി പറയപ്പെടുന്ന സംഭവത്തിൽ വകുപ്പ് തല അന്വേഷണം നടത്താൻ തയ്യാറാകുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ സഹകരണ രജിസ്ട്രാർ നിശ്ചയിച്ച ഏജൻസി വഴി പരീക്ഷ നടത്തി നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ?

ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലാ മർക്കന്റയിൻ സഹകരണ സംഘത്തിൽ സഹകരണ രജിസ്ട്രാർ നിശ്ചയിച്ച ഏജൻസി വഴി പരീക്ഷ നടത്തണമെന്ന് വ്യവസ്ഥയുള്ളപ്പോൾ സെക്രട്ടറി കത്ത് നൽകി നിയമനം നടത്തിയെന്നു പറയപ്പെടുന്ന സംഭവം നിയമവിരുദ്ധമല്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

347(798) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനമേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ

അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം തയ്യാറാക്കിയ RFP പ്രകാരമുള്ള ടെണ്ടർ 23-01-2021-ന് ഇ-ടെണ്ടർ website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ RFP യിൽ ഭേദഗതി വരുത്തി പുതിയ ടെണ്ടർ വിളിച്ച് മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**പുനർജനി പദ്ധതി**

348(799) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള പുനർജനി പദ്ധതി മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പുനർജനി പദ്ധതി.

ഈ സ്കീം പ്രകാരം അംഗീകരിക്കുന്ന പ്രോജക്ടുകളുടെ ആകെ ചെലവിന്റെ 85 ശതമാനം തുക സർക്കാർ ധനസഹായമായി (സബ്സിഡി 50 ശതമാനവും

ഓഹരി 35 ശതമാനവും) നല്കുന്നതാണ്. 15 ശതമാനം ഗുണഭോക്താവായ സംഘം സ്വന്തം വിഹിതമായി ചെലവഴിക്കേണ്ടതാണ്. സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ സാധ്യത പഠിച്ച് ബന്ധപ്പെട്ട ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.) സമർപ്പിക്കുന്ന ശിപാർശ വിദഗ്ധരടങ്ങുന്ന സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റി പരിശോധിച്ചാണ് പ്രോജക്ടുകൾക്ക് അനുമതി നൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര സംഘങ്ങൾക്ക് ലഭ്യമാകുന്നുവെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് ഒരു തവണ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്. നടപ്പുവർഷം 30 സംഘങ്ങളെയാണ് ഈ പദ്ധതിയിൽ പരിഗണിച്ചിട്ടുള്ളത്. ആയതിൽ ഇതുവരെ 23 സംഘങ്ങളുടെ പ്രോജക്ടുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പദ്ധതികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 1400 ലക്ഷം രൂപയിൽ നിന്നും പുനർജ്ജനി പദ്ധതി പ്രകാരമുള്ള ധനസഹായവും നൽകുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ**

349(800) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത യുവ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ ആദ്യഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി മൂന്ന് യുവജന സഹകരണ സംഘങ്ങളും രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഒരു എസ്.ടി. യുവജന സഹകരണ സംഘവും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങളുടെ പേരും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു.

- <u>കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.588</u>

  കാസർഗോഡ് താലൂക്കിൽ കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 588, 09-08-2021 -ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലും മിതമായ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനായുള്ള സർക്കാരിന്റെ സുഭിക്ഷ ഹോട്ടൽ, സംഘത്തിന്റെ കീഴിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ

പ്രവർത്തിച്ചു വരുന്നുണ്ട്. ഇപ്രകാരം 5 പുതിയ തൊഴിലവസരങ്ങൾ സംഘം സൃഷ്ടിച്ചിട്ടുണ്ട്.

- യുവാസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 589 കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകൾ മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് 10-08-2021-ന് യുവാസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.589 എന്ന യുവജന സഹകരണ സംഘം രൂപീകരിച്ചു. ഉല്പാദന മേഖലകളായ കൃഷി, ഐ.ടി., വ്യവസായം, സേവന മേഖലകൾ എന്നിവയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുകയെന്നതാണ് പ്രസ്തുത സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

- കാസർഗോഡ് വ്യാപാര യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.590 കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്ത് ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും പ്രവർത്തന പരിധിയായി നിശ്ചയിച്ച് ഹോസ്ദുർഗ്ഗ് താലൂക്കിൽ രാവണീശ്വരം ആസ്ഥാനമായി 01-09-2021-ന് രൂപീകരിച്ച യുവജന സഹകരണ സംഘമാണ് കാസർഗോഡ് വ്യാപാര യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.590. ഉല്പാദന മേഖലകളായ കൃഷി, ഐ.ടി, വ്യവസായം, സേവന മേഖലകൾ എന്നിവയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ

സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുകയെന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രാദേശികമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നും അരി, പലവ്യഞ്ജനങ്ങൾ, കാലിത്തീറ്റ മുതലായവയും മിതമായ നിരക്കിൽ വാങ്ങി വെയർഹൗസുകളിൽ സൂക്ഷിച്ച് ജില്ലയിലെ ഏകദേശം 500 -ഓളം റീട്ടെയിൽ ഷോപ്പുകളിലെത്തിക്കുന്നതാണ് സംഘത്തിന്റെ പ്രവർത്തനം.

- കാസർഗോഡ് എസ്.ടി. യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 595 കാസർഗോഡ് എസ്.ടി. യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 595 എന്ന സംഘം കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ 19-05-2022-ന് രജിസ്റ്റർ ചെയ്ത് 15-07-2022-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും ഏറ്റെടുക്കാൻ നടപടി**

350(801)ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ അടച്ചുപൂട്ടിയ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്ന

നടപടിയേതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) റബ്ബർ പാൽ വാങ്ങിയ ഇനത്തിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും കൃഷിക്കാർക്ക് നൽകാനുള്ള തുക നൽകുവാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘത്തിൽ പണം നിക്ഷേപിച്ചവരുടെ നിക്ഷേപം തിരികെ കൊടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

(എ-സി) കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സംഘത്തിൽ പണം നിക്ഷേപിച്ചവരുടെ നിക്ഷേപം, സംഘത്തിന്റെ ആസ്തി വിറ്റും സംഘത്തിന് നഷ്ടപ്പെട്ട തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കിയും മടക്കി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കാർഷികമേഖലയായ കടുത്തുരുത്തിയിലും പരിസരപ്രദേശങ്ങളിലുമുള്ള കർഷകരുടെ റബ്ബർ ഉല്പന്നങ്ങൾ ചൂഷണരഹിതമായി വിൽക്കുന്നതിന് എന്ത് സംവിധാനം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ കർഷക താല്പര്യം സംരക്ഷിക്കുന്നതിനും മൂല്യവർദ്ധിത

റബ്ബർ ഉത്പന്നങ്ങളുടെ ഉത്പാദനവും ലക്ഷ്യമിട്ട് ഒരു റബ്ബർ പാർക്ക് ആരംഭിച്ചിട്ടുണ്ട്.

**യുവ സഹകരണ സംഘങ്ങൾ**

351(802) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്റ്റർ നമ്പരും ഭരണസമിതി അംഗങ്ങളുടെ വിവരവും ഓരോ സംഘത്തിന്റെയും പ്രവർത്തന മേഖലയും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31 യുവജന സഹകരണ സംഘങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 14 എസ്.സി/എസ്.ടി യുവജന സഹകരണ സംഘങ്ങളും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്റ്റർ നമ്പരും ഭരണ സമിതി അംഗങ്ങളുടെ വിവരവും ഓരോ സംഘത്തിന്റെയും പ്രവർത്തന മേഖലയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം

വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ

റ്റി. 2283

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) രതീഷ് സി. എസ് (2) വിനീത പി (3) തോമസ് കെ. വർഗ്ഗീസ് (4) റീന കെ. എസ് (5) ഗിരീഷ് കുമാർ. ആർ (6) രാജിമോൾ. പി (7) നിഷാദ് എൻ. പി (8) വിഷ്ണു ജെ. മേനോൻ (9) വിധു വിക്രമൻ (10) ഗോവിന്ദ്. ആർ (11) വി. കെ. പ്രശാന്ത്

<u>പ്രവർത്തന മേഖല</u> : ഹെൽത്ത്, ഐ.ടി, ഗ്രീൻ ആന്റ് ടൂറിസം, ജൈവ പച്ചക്കറി ഉത്പ്പാദനം വിപണനം, വീട്ടുപടിക്കൽ സേവനങ്ങളെത്തിക്കുക തുടങ്ങിയ സംരംഭങ്ങൾ നടത്തുക.

കെ-ട്രാക്ക് ഈവന്റ്സ് ആന്റ് സർവ്വീസസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2284

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) ജ്യോതിഷ് ആർ. വി (2) ജിഷ എസ്. എൽ (3) ജിജോ സി. എം (4) സൂരജ്. എസ്. ജെ (5) അഖിൽരാജ്. ഡി (6) രഞ്ജിത് പി. എസ് (7) ആനി ബി. ആർ (8) ഗ്രീഷ്മരാജ് ജെ

<u>പ്രവർത്തന മേഖല</u>: ഈവന്റ് മാനേജ്മെന്റ് പ്രവൃത്തികൾ ചെയ്യുക

കേരകർഷക യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2285

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ശ്രീജിഷ്ണ. എസ്. റ്റി (2) വിജയ. എൽ (3) അരുൺ ആർ. എസ്. (4) മോഹനൻ. ബി (5) ഗോപുരാജ് (6) കിരൺ. കെ. ആർ (7) മഞ്ചു. കെ. ഒ (8)ധന്യ

പ്രവർത്തന മേഖല: തേങ്ങയിൽ നിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക.

കൊല്ലം

ആർട്ടിസ്റ്റ് വെൽഫെയർ യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.1713

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അഭിമോൻ ഒ. എസ് (2) കൃഷ്ണ കുമാർ എസ് (3) നൗഫൽഷാ കരീം (4) മുഹമ്മദ് ഷാഫി (5) ലിനോ റെജി (6) അൻസിയ കരീം (7) ഷബാന ബീവി (8) സ്മിത വി. (9) സിനീഷ് എം.

പ്രവർത്തന മേഖല: മീഡിയ വർക്ക്, പരസ്യ നിർമ്മാണം, ഓൺലൈൻ ഉത്ഘാടനം, വെഡ്ഡിംഗ് പ്ലാനിംഗ് യൂണിറ്റ്, ബർത്ത്ഡേ സെലിബ്രേഷൻ, യുവ എഴുത്തുകാരുടെ ലിറ്റററി വർക്കുകൾ പബ്ലിഷ് ചെയ്യുക, പുസ്തകമേളകൾ സംഘടിപ്പിക്കുക തുടങ്ങിയവ.

ഇക്കോ സർവ്വീസ് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.1714

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അയ്യപ്പദാസ് (2) ഷബീർ ബി (3) റിജു വാമദേവൻ (4) നവാസ് എം. (5) അനീഷ് തമ്പി (6) നാൻസിയ നാസർ (7) സജ്ന എസ്. (8) രേഷ്മ കൃഷ്ണൻ (9) രതീഷ് ഡി.ആർ

പ്രവർത്തന മേഖല: പ്ലാസ്റ്റിക് നിർമ്മാർജനം, ആക്രി സാധനം ശേഖരിച്ച് കയറ്റുമതി ചെയ്യുക തുടങ്ങിയവ.

സിനർജി(സൊസൈറ്റി ഓഫ് യംഗ് നോബിൾ എന്റർപ്രണേഴ്സ് ആന്റ് റിസോഴ്സ് ജനറേഷൻ ഫ്രം ദി യൂത്ത്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ക്യു.1715

സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

പ്രവർത്തന മേഖല:അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോംവഴി വിവിധ മേഖലകളിലെ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് ടൂൾ കിറ്റ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വഴി തൊഴിലാളികളെ സപ്ലൈ ചെയ്യുക.

ക്വൊയ് ലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ക്യു.1716

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സുധീഷ്. കെ (2) സന്തോഷ് എസ് (3) ശ്യാം കൃഷ്ണൻ (4) അനസ് യൂസഫ് (5) ജയകൃഷ്ണൻ (6) മനീഷ് (7) ഹാരിസ് (8) അക്ഷയ് (10) സുധീഷ് (11) ഗൗരി

പാർവ്വതി (12) സുനി മുത്തലീഫ് (13) റജി കൃഷ്ണൻ (14) നിഥിൻ

പ്രവർത്തന മേഖല: ഓഫ് സെറ്റ് പ്രിന്റിംഗ്, ലേസർ പ്രിന്റിംഗ്, ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, സോളാർ എനർജി, ട്യൂട്ടോറിയൽ സർവ്വീസ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയവ.

ആലപ്പുഴ

മാവേലിക്കര താലൂക്ക് യുവ പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1241

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അഷ്കർ എസ് (2) അതുൽ എസ് (3) മനോജ് കുമാർ എം. (4) മുകുന്ദൻ. എസ് (5) രാഹുൽ. എസ് (6) വിനു. വി (7) സനൂപ് സലിം (8) ആർ. ശ്രീനാഥ് (9) സുഭാഷ്. എസ് (10) ദീപ ജയാനന്ദൻ (11) ജിറ്റി മറിയം ജോസഫ് (12) അനുപമ എസ് (13) സെൻ സോമൻ

പ്രവർത്തന മേഖല : പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് വർക്കുകൾ ചെയ്യുക.

ചേർത്തല യുവ ജന സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1243

സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

പ്രവർത്തന മേഖല :ഫുഡ് പ്രോസസിംഗ് ആന്റ് സെല്ലിംഗ്.

ആലപ്പുഴ യുവ അഗ്രോ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1245

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ജിജോ ജയിംസ് (2) ഫൈഗന്റ് (3) മുനീർ എം. എസ് (4) സിജിൻ സ്റ്റാൻലി (5) ഷിജു രാജൻ (6) അനീറ്റ. ജെ (7) ആൻസി അലക്സ് (8) ഷേർളി എൽ. (9) സുമേഷ്.എസ്

പ്രവർത്തന മേഖല : അഗ്രോമാർക്കറ്റിംഗ് പ്രവൃത്തികൾ നടത്തുക.

പത്തനംതിട്ട

പത്തനംതിട്ട യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി 334

സംഘത്തിലെ താത്ക്കാലിക ഭരണസമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) പി. ബി. സതീഷ് കുമാർ (2) ആർ. ശ്യാമ (3) നീതു എം. നായർ (4) രാജ് കുമാർ ജെ

പ്രവർത്തന മേഖല : ഫുഡ് പ്രോസസിംഗ് യൂണിറ്റ് നടത്തുക

കോട്ടയം

കോട്ടയം ജില്ല യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1232

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അജയ് കെ. ആർ (2) അനീഷ് (3) ആന്ത്രയോസ് (4) ജസ്റ്റിൻ ജോർജ്ജ് (5) മഹേഷ് ചന്ദ്രൻ (6) ടിന്റു വി. പി (7) ആര്യസിനി കെ വിജയകുമാർ (8) അമൃത എസ് (9) ശ്രേയാ സാബു (10) അരുൺ എം എസ്.

<u>പ്രവർത്തന മേഖല</u> : കൃഷി, ഐ.ടി, വ്യവസായം തുടങ്ങിയ സേവന മേഖല സംരംഭങ്ങൾ നടത്തുക.

ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1233

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) അമീർഖാൻ കെ. ആർ. (2) അക്ഷയ് ഹരി (3) ബി. ആർ. അൻഷാദ് (4) പ്രണവ് ഷാജി (5) മനു കെ. കെ (6) മിഥുൻ ബാബു (7) വിഷ്ണു എൻ. ആർ (8) സജേഷ് ശശി (9) സുരേഷ് കുമാർ ബി (10) പി. ആർ. അനുപമ (11) അർച്ചന സദാശിവൻ (12) ജയ രാജേഷ് (13)വിഷ്ണു പി. വി.

<u>പ്രവർത്തന മേഖല</u> : ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ-മാലിന്യങ്ങൾ, ജൈവ അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും

വൈക്കം സത്യാഗ്രഹ മെമ്മോറിയൽ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1234

<u>സംഘത്തിലെ പ്രൊമോട്ടിംഗ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ</u>

ചേർക്കുന്നു.

(1) കെ. പി. പ്രശാന്ത് (2) ബിന്ദു അജി (3) ടി. എസ്. ശരത് (4) ആർ. രോഹിത് (5) ആർ. നികിത കുമാർ (6) അനിൽ കുമാർ പി. വി (7) അഡ്വ. അംബരീഷ് ജി. വാസു (8) സന്ദീപ് ദേവ്. എസ് (9) ജിതിൻ ബോസ് (10) ആനന്ദ് ബാബു (11) ഷാലു. ബി (12) വിജിൻ പ്രകാശ് (13) അതുല്യ ഉണ്ണി (14) അനന്തു ഉണ്ണി (15) അമീഷ് അഷറഫ്

പ്രവർത്തന മേഖല : ടൂറിസം പദ്ധതികൾ നടപ്പിലാക്കുക

ഇടുക്കി

യുവധാര യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.774

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) റിക്സൺ പൗലോസ് (2) സുനിമോൾ ഷെറീഫ് (3) അഖിൽ ദേവ് കെ. എസ് (4) പവിത്രൻ മനോജ് (5) ജയേഷ് ശ്രീധരൻ (6) മോഹിനി മോഹൻ (7) അഫ്സൽ കെ. എ (8) അരുൺ കൃഷ്ണ (9) ജയശ്രീ ഷിനോജ്

പ്രവർത്തന മേഖല: ടൂറിസം പ്രവർത്തനങ്ങൾ നടത്തുക, ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ പരിശീലന പരിപാടികൾ നടത്തുക, വിവരസാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, യുവകലാകാരൻമാരെ കണ്ടെത്തി അവരുടെ

കഴിവുകൾ പ്രോത്സാഹിപ്പിക്കുക.

ഇടുക്കി ടൂറിസം വികസന യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.775

സംഘത്തിൽ ഭരണ സമിതി നിലവിലില്ല

പ്രവർത്തന മേഖല: ടൂറിസം അനുബന്ധ മേഖലകളിലെ പ്രവർത്തനം.

എറണാകുളം

നവപാലാഞ്ഞുരുത്ത് സ്വയം സംരംഭക സാമൂഹ്യ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1444

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) നാസർ എം. എം. (2) ആരിഷ് എം. ആർ. (3) ഗോകുൽ കെ. ജി (4) ഷനീർ പി. എസ്. (5) ഫസൽ റഹ്മാൻ (6) ആതിര (7) നസീമ ബീവി (8) റീജ ഡേവിഡ് (9) ഷഹനത്ത്.

പ്രവർത്തന മേഖല: സംഘത്തിന്റെ കീഴിൽ കറി പൗഡർ യൂണിറ്റ്, കൺസ്യൂമർ സ്റ്റോർ എന്നിവ ആരംഭിക്കുക.

മൂവാറ്റുപുഴ താലൂക്ക് പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഇ. 1445

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അനീഷ് കുമാർ കെ. കെ (2) അലക്സാണ്ടർ ജോർഡി (3) അൻസൽ മുഹമ്മദ് (4) ടോബി ജോസ് (5) മാഹിൻ ഷാ (6) അർഷാമോൾ എം. എം (7) ധന്യ അരുൺ (8) രേഷ്മ എൻ. സി (9) സിനിൽ കുമാർ പി. എൻ

പ്രവർത്തന മേഖല: ഹോം കെയർ, സ്റ്റിച്ചിംഗ്, പ്രിന്റിംഗ് യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുക.

പാലക്കാട്

ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1465

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആർ. ജയദേവൻ (2) ജിനു ടി. എസ് (3) ദിനാന്ത്. പി (4) അജയ് കുമാർ. വി. ആർ (5) വിനോദ്. സി (6) സുനിത. എസ് (7) വിപിൻ സി. പി (8) ഹരിത. എച്ച് (9) സ്റ്റിനിയ. കെ

പ്രവർത്തന മേഖല: ധാന്യം, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവുമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.

ആലത്തൂർ താലൂക്ക് യുവ കർഷക ഉത്പാദക വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1466

സംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

(1) മുഹമ്മദ് ഹനീഫ എം. (2)അനൂപ് (3) പ്രിയ

പ്രവർത്തന മേഖല: സംഘത്തിന് കീഴിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുക.

ആലത്തൂർ യുവ സ്കിൽഡ് & അൺ സ്കിൽഡ് ലേബർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1467

സംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) മണി വർണ്ണൻ (2) ശ്രീജിത് (3) രാജൻ

പ്രവർത്തന മേഖല: കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും.

നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1468.

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സുനിൽ കുമാർ. എം (2) രാമദാസ്. കെ (3) സുഭീഷ്. എസ് (4) ഫിറോസ് ഖാൻ. കെ (5) സജിത് കുമാർ. എം (6) ജിജി. എൽ (7) നന്ദന. സി (8) മിഷ. ആർ (9) പ്രസാദ്. കെ

പ്രവർത്തന മേഖല: പാലക്കാട് ജില്ലയിൽ വൃക്ഷതൈകളുടെ വിതരണം, നഴ്സറി

യൂണിറ്റ് തുടങ്ങിയവ

<u>മലപ്പുറം</u>

മലപ്പുറം ജില്ലാ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 1048

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) അഫ്സൽ. ഇ (2) ഇല്ല്യാസ് സി (3) രാഹുൽ ആർ (4) ശ്യാം പ്രസാദ് കെ (5) ഷബീർ പി (6) സക്കീർ കെ. എ (7) സൈഫുദ്ധീൻ (8) ബിൻസി ഭാസ്കർ എം (9) ബേനസീർ പി. എം (10) ഷബീബ (11) ലിനീഷ്

<u>പ്രവർത്തന മേഖല</u>: യൂത്ത് ലേബർ ബാങ്ക് രൂപീകരിക്കുക കാറ്ററിംഗ് സർവ്വീസ്, മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ഉത്പ്പാദനം തുടങ്ങിയവ

<u>കോഴിക്കോട്</u>

യുവശക്തി യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3340

സംഘത്തിൽ ഭരണ സമിതി നിലവിൽ വന്നിട്ടില്ല.

<u>പ്രവർത്തന മേഖല</u>: ഈവന്റ് മാനേജ്മെന്റ് സർവ്വീസും സേവനങ്ങളും വീടുകളിൽ എത്തിക്കുക.

യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അനൂപ് എം. (2) ആബിദ് എൽ. യു (3) അഖിൽ കെ.വി (4) അജയ് എൻ (5) ആഷിക് എം. പി (6) ദിൻഷി ദാസ് (7) അനഘ. എ (8) സാന്ദ്ര. എ (9) പ്രണവ്. പി

പ്രവർത്തന മേഖല: അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിക്കായി കലാകായിക, വിനോദ, വിദ്യാഭ്യാസ, ഐ.ടി. വ്യവസായ മേഖലയിലെ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

കണ്ണൂർ

പെരിങ്ങോം ഏരിയ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ സി.2143

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സിദിൻ പി. പി (2) അനസ് എൻ. എം. (3) മനേഷ് മോഹൻ (4) രജീഷ് വി. പി (5) സൂരജ് പി. വി (6) അംബിക. പി (7) അഖില രഘുനാഥ് (8) നമിത സി. എ (9) സൗമ്യ ഗിരീഷ്

പ്രവർത്തന മേഖല: ഈവന്റ് മാനേജ്മെന്റ്, ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ, കായിക വിനോദങ്ങൾക്കുള്ള കോർട്ടുകൾ തുടങ്ങിയവ നടത്തുക

തളിപ്പറമ്പ് ഏരിയ യൂത്ത് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി.2145

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) പ്രജീഷ് ബാബു വി (2) സി.കെ ഷോന (3) രജിത്ത് എം (4) റിയാസ് പാറക്കൽ (5) പ്രണവ് കെ (6) നന്ദകിഷോർ എം. പി (7) ശ്രീകുമാർ ഐ (8) ഷീമ ടി.വി.എം (9) അഞ്ജന.പി

പ്രവർത്തന മേഖല: ഈവന്റ് മാനേജ്മെന്റ്, ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ, കായിക വിനോദങ്ങൾക്കുള്ള കോർട്ടുകൾ തുടങ്ങിയവ നടത്തുക.

തലശ്ശേരി യൂത്ത് എംപവർ ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2155

സംഘത്തിലെ താത്ക്കാലിക ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) മുഹമ്മദ് അഫ്സൽ. എ (2) സനൽ. പി. പി (3) രമ്യ എ. കെ (4) ഫീദ പ്രദീപ് (5) ജിതുൻ സി. എൻ (6) മുഹമ്മദ് ഫാസിൽ. എ (7) നിതിൻ. എം.(8) ജെസീൽ. എൻ. വി. (9) രാഹുൽ. വി

പ്രവർത്തന മേഖല: ഈവന്റ് മാനേജ്മെന്റ്, ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ, കായിക വിനോദങ്ങൾക്കുള്ള കോർട്ടുകൾ തുടങ്ങിയവ നടത്തുക.

കാസർഗോഡ്

കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.588

<u>സംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

(1) സുധീഷ് കുമാർ കെ (2) നവീൻ കുമാർ കെ. വി (3) എ. സജിത്ത്

<u>പ്രവർത്തന മേഖല</u>: കാർഷിക വിഭവ ശേഖരങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണന ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക തുടങ്ങിയവ.

കാസർഗോഡ് യുവാസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ.589

<u>സംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) നിഷാന്ത് പി. കെ (2) രതീഷ് എം. വി (3) പ്രയേഷ് എൻ

<u>പ്രവർത്തന മേഖല</u>: അംഗങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി, ഉൽപ്പാദന മേഖലകളായ കൃഷി, ഐ.ടി വ്യവസായം സേവനമേഖലകൾ എന്നിവയിലധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുക തുടങ്ങിയവയാണ് പ്രവർത്തന മേഖല.

കാസർഗോഡ് വ്യാപാര യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 590

സംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അരുൺ എം. (2) അഭിജിത്ത് എ (3) ജിനു ശങ്കർ പി

പ്രവർത്തന മേഖല: കൃഷി, ഐ.ടി., വ്യവസായം, സേവന മേഖലകൾ എന്നിവയിലധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുക, പ്രാദേശികമായി കർഷകർ ഉല്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി, പലവ്യഞ്ജനങ്ങൾ, കാലിത്തീറ്റ മുതലായവ മിതമായ നിരക്കിൽ വാങ്ങി വെയർ ഹൗസുകളിൽ സൂക്ഷിച്ച് റീട്ടെയിൽ ഷോപ്പുകളിൽ എത്തിക്കുക.

എസ്.സി/എസ്.ടി യുവജന സഹകരണ സംഘങ്ങൾ

തിരുവനന്തപുരം

തിരുവനന്തപുരം ജില്ല പട്ടികവർഗ്ഗ യുവജന സംഘം റ്റി 2299

സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

പ്രവർത്തന മേഖല: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുക, കരകൗശല വസ്തുക്കളുടെ നിർമ്മാണം, വിപണനം, വനവിഭവങ്ങളുടെ സംഭരണം, മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ.

<u>പ്രവർത്തന പരിധി</u>: അഞ്ചുതെങ്ങ് പഞ്ചായത്ത് ഒഴികെയുള്ള തിരുവനന്തപുരം ജില്ല

<u>കൊല്ലം</u>

ഡോ. ബി. ആർ. അംബേദ്ക്കർ പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1725

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) പ്രസാദ് വി (2) സോജൻ എസ് (3) സ്വപ്ന ജയകുമാർ (4) ആശ വിനിൽ (5) ജയേഷ് (6) കവിത കൃഷ്ണൻ (7) മനീഷ് (8) രേഷ്മ (9) സുധി (10) ഉണ്ണികൃഷ്ണൻ (11) സുജിത്ത്

<u>പ്രവർത്തന മേഖല</u>: ജനസേവന കേന്ദ്രം ആരംഭിക്കുക, എസ്.സി. /എസ്.റ്റി ജനവിഭാഗങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കുക അവരുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയവ.

<u>ആലപ്പുഴ</u>

ആലപ്പുഴ ജില്ല ഷെഡ്യൂൾഡ് കാസ്റ്റ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ എ 1251

സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

പ്രവർത്തന മേഖല:ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് നടത്തുക.

പത്തനംതിട്ട

പി.റ്റി 338 പത്തനംതിട്ട ജില്ല പട്ടികജാതി/ പട്ടികവർഗ്ഗ യുവ സംരംഭക സഹകരണ സംഘം

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ശ്രീനി. എസ് (2) അബിൻ കുമാർ (3) അജി വിഷ്ണു (4) അനൂപ് എ. വി (5) അഭിജിത്ത് കെ (6) ദിലീപ് എസ് (7) പ്രശാന്ത് മോഹൻ (8) ബിജു കെ (9) മനോജ് എം. (10) അജിത്ത് കെ. ആർ (11) വിനീത് വി (12) സതീഷ് ബാബു (13) ആശ വി. എസ് (14) ശശികല ആർ (15) സുബി എസ്

പ്രവർത്തന മേഖല: റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നീതി ലാബ്, നീതി മെഡിക്കൽ സ്റ്റോർ, സൂപ്പർ മാർക്കറ്റ്, ക്യാന്റീൻ എന്നിവ നടത്തുക.

കോട്ടയം

കോട്ടയം ജില്ല പട്ടികജാതി/പട്ടികവർഗ്ഗ യുവജന സഹകരണ സംഘം കെ 1241

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സബാഷ് രാജ് (2) വിജിത. കെ (3) പാർവ്വതി രഞ്ജൻ (4) അരുൺ രാഹുൽ (5) അദ്വൈത് പി. എച്ച്. (6) അഖിൽ ജോസഫ് (7) അഡ്വ. കെ. പി. പ്രശാന്ത് (8) അഡ്വ.അംബരീഷ് ജി വാസു (9) ആദർഷ് അശോക് (10) കണ്ണൻ ഇ. എസ്

(11) ദയ സാബു

<u>പ്രവർത്തന മേഖല</u>: അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾ പ്രായോഗിക പരിശീലനം നൽകുന്നതിനായി കരിയർ ഗൈഡൻസ് സെന്ററുകൾ നടത്തുക.

<u>ഇടുക്കി</u>

ഇടുക്കി ജില്ലാ പട്ടികജാതി യുവജന സഹകരണ സംഘം ക്ലിപ്തം ഐ.782

സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

<u>പ്രവർത്തന മേഖല</u>: കലാ സാഹിത്യ മേഖലയിലുള്ളവരുടെ സൃഷ്ടികൾ സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക, പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുക, കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുക, പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക തുടങ്ങിയവ.

<u>എറണാകുളം</u>

എറണാകുളം ജില്ലാ എസ്.സി. യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1450

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) രതീഷ് കെ. ആർ. (2) ബിജു റ്റി. റ്റി. (3) എം. കെ. സാജൻ (4) അഭിലാഷ് കെ. കെ. (5) നിഷാദ് സി. ജി (6) ബിന്ദു കെ. കെ. (7) സുനിത സുര

പ്രവർത്തന മേഖല : ഡിസൈൻ മേഖലയിലെ പ്രവർത്തനങ്ങൾ

തൃശ്ശൂർ

ആർ 1557 ചേലക്കര എസ്.സി. യുവ ലേബേഴ്സ് സ്കിൽഡ് വർക്കേസ് കോൺട്രാക്ട് സഹകരണ സംഘം

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സുഖിൽ ടി. കെ (2) സുധീഷ് ആർ (3) ബേബിഷ് (4) മനീഷ് എം. എസ് (5) മണികുട്ടൻ ടി. സി (6) ഷിജു പി. കെ (7) സഞ്ജയ് കൃഷ്ണ (8) മൃദുൽ ആർ. ആർ. (9) എം. ആർ. രതി മോഹൻ (10) വിനീത (11) ശശികല സുബ്രമണ്യൻ (12) നിഷ ശശികുമാർ (13) രാധിക

പ്രവർത്തന മേഖല :ലേബർ കോൺട്രാക്ട് വർക്കുകൾ ചെയ്യുക.

പാലക്കാട്

പാലക്കാട് ജില്ലാ ട്രൈബൽ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1476 സംഘത്തിൽ ഭരണ സമിതി നിലവിലില്ല

പ്രവർത്തന മേഖല: ആദിവാസി യുവജനങ്ങൾക്കായി കൃഷി അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവരുടെ സാമ്പത്തിക സാമൂഹിക വളർച്ചയ്ക്കായി പ്രയത്നിക്കുകയും ചെയ്യുക.

മലപ്പുറം

മലപ്പുറം യൂത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ 1058

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അഭയ് രമേശൻ (2) അഭിലാഷ് (3) കൃഷ്ണകുമാർ (4) പ്രദീപ് കുമാർ (5) പ്രമോദ് സി. പി (6) ബിനീഷ് ടി. പി (7) വിബീഷ് വി (8) നിമിഷ പി. നാഗ് (9) നീതു സി (10) രമ്യ എം

പ്രവർത്തന മേഖല : മിനറൽ വാട്ടർ, സോഫ്റ്റ് ഡ്രിംഗ്സ് ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുക, ഐ.ടി. വ്യവസായ മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക നാളികേരത്തിന്റെ വിവിധങ്ങളായ ഉത്പന്നങ്ങൾക്ക് രൂപം നൽകി ആയത് ബ്രാന്റ് ചെയ്ത് വിതരണം നടത്തുക തുടങ്ങിയവ.

കോഴിക്കോട്

യൂത്ത് എംപവർമെന്റ് എസ്.സി. കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട് ക്ലിപ്തം നമ്പർ ഡി 3365

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അന്ന എസ്. രാജ് (2) നിതിൽ ലാൽ (3) അഭിന കെ. പി (4) ദിവ്യ നിഷാന്ത് (5) നിതിൻ പി. ബി. (6) ജിബിൻ കെ. ജി (7) രതിൻ (8) ചന്ദ്രൻ

പ്രവർത്തന മേഖല : കുടിവെള്ളം പാക്കിംഗ്, വിതരണം.

വയനാട്

ഗോത്ര ട്രൈബൽ വിവിധോദ്ദേശ്യ സഹകരണ സംഘം W 371

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) മണികണ്ഠൻ സി (2) മോനിഷ് വി (3) രജനി പി. വി (4) വിനോദിനി (5) ബബിത എൻ (6) വസന്ത കുമാർ (7) മനു എൻ (8) ഉണ്ണി കെ (9) രാജേന്ദ്രൻ (10) രവീന്ദ്രൻ പി. ടി (11) മോഹനൻ.

പ്രവർത്തന മേഖല: തേനീച്ച വളർത്തൽ, കൂൺ കൃഷി, പച്ചക്കറി കൃഷി, അലങ്കാര മത്സ്യകൃഷി, പുഷ്പകൃഷി, ഇൻഡസ്ട്രിയൽ വർക്കുകൾ, സ്കിൽഡ് വർക്കുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം, കലാസംഘം, ട്രെയിനിംഗ് സെന്ററുകൾ തുങ്ങിയവ നടത്തുക, ആദിവാസി വൈദ്യം, പരമ്പരാഗത ഭക്ഷ്യരീതികൾ എന്നിവ പ്രോത്സാഹിപ്പിക്കുക

കണ്ണൂർ

കണ്ണൂർ ഡിസ്ട്രിക്റ്റ് എസ്.സി. യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2152

ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അഡ്വ.സിദ്ധാർത്ഥ് ബാബു (2) സനന്ത് കുമാർ പി. കെ (3) ദിവ്യ ടി. എച്ച് (4) സൗമ്യ. വി. ഗോപി (5) വൈഷ്ണവ് മഹേന്ദ്രൻ (6) അശ്വനാഥ്. ടി (7) അഭിലാഷ്

ഇ. ജി (8) ഉഷഷംജി (9) സുനിത. ടി. പി (10)റിജേഷ്. കെ (11) അഭിത്ത് ടി. പവിത്രൻ (12) വിനീത് പി. വി (13) സ്വപ്ന. ടി

സംഘത്തിൽ ഭരണ സമിതി നിലവിലില്ല

<u>പ്രവർത്തന മേഖല :</u>ആർട്ട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജ് പദ്ധതി.

<u>കാസർഗോഡ്</u>

കാസർഗോഡ് എസ്.റ്റി യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.595

<u>ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) രാജേഷ് എ. വി (2) ഷീജ മനോജ് (3) സന്ദീപ് കെ (4) ശ്രീജ എം (5) വിനോദ് വി. കെ (6) ശരണ്യ ടി. എൻ (7) രാജേഷ് എം (8) രതീഷ് സി. പി (9) മനോജ് പി (10) ബിജു എൻ. ടി (11) നീതു

<u>പ്രവർത്തന മേഖല</u>: കമുകിൻ പാളയിൽ നിന്നുള്ള ഉത്പ്പന്നങ്ങളുടെ നിർമ്മാണം.

(ബി) മേൽപ്പറഞ്ഞ ഓരോ സംഘങ്ങൾക്കും നാളിതുവരെ എത്ര രൂപ സർക്കാരിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ ധനസഹായമായി യുവസഹകരണ സംഘങ്ങൾക്ക് ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാർ 3 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കേപ്പ്-ന്റെ പ്രവർത്തനങ്ങൾ

352(803) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) സാങ്കേതിക വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകിയത്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യതയിൽ ഇടിവ് വന്നതുമൂലം എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല വലിയ തോതിലുള്ള വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും അഡ്മിഷൻ കുറയുകയും സാമ്പത്തിക വിഷമതകൾ നേരിടുകയും ചെയ്തുവരുന്നു.

കാലോചിതമായ പരിഷ്കരണത്തിന്റെ ഭാഗമായി പരമ്പരാഗതവും പുതുതലമുറയിൽപ്പെട്ടതുമായ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ വിവിധ

എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്.

മാനേജ്മെന്റ് കോഴ്സുകൾ വിപുലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതും എം.സി.എ. കോഴ്സ് വ്യാപിപ്പിക്കുന്നതും പരിശോധിച്ച് വരുകയാണ്.

പുന്നപ്രയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (കിംബ്) എന്ന സ്ഥാപനം കൂടുതൽ കർമ്മോന്മുഖമാക്കുകയെന്ന ലക്ഷ്യത്തോടെ നൈപുണ്യ - വിവര വികസന കേന്ദ്രമായി (Skill and Knowledge Development Centre) പുനർക്രമീകരിച്ചിട്ടുണ്ട്.

(ബി) കേപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സാധ്യതയുള്ള പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22-ൽ വടകര, പുന്നപ്ര, പത്തനാപുരം, ആറൻമുള എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ 6 മൂന്നു വർഷ ഡിപ്ലോമ കോഴ്സുകളും 2022-23-ൽ പത്തനാപുരം, ആറന്മുള എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ 2 വീതം ഡിപ്ലോമ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. SKDC-യുടെ ഭാഗമായി ഇന്നൊവേഷൻ ആന്റ് ഇൻക്യൂബേഷൻ ലാബ് ആരംഭിക്കുന്നതിന് 1.80 കോടി രൂപയുടെ നിർദ്ദേശം സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## പുന്നപ്ര സാഗര സഹകരണ ആശുപത്രി വികസനത്തിനുള്ള നടപടികൾ

353(804) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിനുകീഴിലുള്ള ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി വിഭാഗം

- സ്പെഷ്യാലിറ്റി - സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി 35-ലധികം ഡോക്ടർമാരുടെ സേവനം

- ജനറൽ, അസ്ഥിരോഗ, ഓങ്കോളജി സർജറികൾ, ലാപ്രോസ്കോപ്പിക് സർജറികൾ, കാർഡിയോ തൊറാസിക് & വാസ്കുലാർ സർജറികൾ, ഗൈനക്കോളജി, യൂറോളജി സർജറികൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ

- സി.റ്റി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, എക്കോ സ്കാൻ, എക്സ്റേ

- ഇ.സി.ജി, റ്റി.എം.റ്റി

- ലാബ്, ഫാർമസി

- ഡെന്റൽ ക്ലിനിക്
- ഐ.സി.യു, സി.സി.യു
- നെഫ്രോളജി - ഡയാലിസിസ് യൂണിറ്റ്

(ബി) ഇതിന്റെ അടുത്ത ഘട്ട വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇവിടെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. പഴയ മെഡിക്കൽ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടുതലായി പുതിയവ സ്ഥാപിക്കുന്നതിനും ഒരു MRI ബ്ലോക്ക് പണിയുന്നതിനുമായിട്ടുള്ള നിർദ്ദേശങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ആശുപത്രിയിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ പരിമിതമായ സൗകര്യങ്ങളോടെ ഇപ്പോൾ നിലവിലുണ്ട്.

(സി) ഇവിടെ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ പരിഗണനയിലാണ്.

## നെടുംകണ്ടത്ത് എച്ച്.ഡി.സി. കോഴ്സ് ആരംഭിക്കാൻ നടപടി

354(805) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എച്ച്.ഡി.സി. കോഴ്സ് പഠിക്കുന്നതിന് സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ബി) നെടുംകണ്ടത്ത് പ്രവർത്തിച്ച് വരുന്ന ജെ.ഡി.സി. സെന്ററിൽ എച്ച്.ഡി.സി. കോഴ്സോടുകൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നെടുംകണ്ടത്ത് പ്രവർത്തിച്ച് വരുന്ന ജെ.ഡി.സി സെന്റർ ഉടുമ്പൻചോല സർക്കിൾ സഹകരണ യൂണിയൻ വക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി കെട്ടിടത്തിൽ സ്ഥലലഭ്യത കുറവാണ്. സ്ഥലലഭ്യതയും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് എച്ച്.ഡി. സി&ബി.എം. കോഴ്സ് കൂടി ജെ.ഡി.സി. സെന്ററിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റിസ്ക് ഫണ്ട് ആനുകൂല്യം

355(806) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി പിറവം മണ്ഡലത്തിൽ നിന്നും 30-11-2022 വരെ ആകെ 312 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

അർഹതപ്പെട്ട 188 അപേക്ഷകളിലായി 1,64,10,673/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ഇനിയും ഈ ആനുകൂല്യം ലഭ്യമാക്കാത്ത അപേക്ഷകളുടെ എണ്ണം ലഭ്യമാക്കുമോ?

ആനുകൂല്യം ലഭ്യമാക്കുവാൻ 99 അപേക്ഷകൾ ബാക്കിയുണ്ട്.

(ഡി) അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

30-06-2022 വരെ ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ടി നടപടികൾക്കുശേഷവുമുണ്ടായിട്ടുള്ള കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സ്വീകരിച്ചിട്ടുണ്ട്.

## സഹകരണ റിസ്ക് ഫണ്ട്

356(807)<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമാശ്വാസ ധനസഹായമായി അനുവദിക്കുന്ന സഹകരണ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും ഏതു വർഷം വരെയുള്ള അപേക്ഷകൾ പരിഗണിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിൽ നിന്നും 31-12-2020 വരെ ലഭ്യമായ മുഴുവൻ അപേക്ഷകളിലും നടപടി പൂർത്തിയാക്കി ധനസഹായം അനുവദിച്ചിട്ടുള്ളതും 28-02-2022 വരെ ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ പരിശോധന നടത്തിയിട്ടുള്ളതുമാണ്. അർഹരായ മുഴുവൻ വായ്പാക്കാർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## റിസ്ക് ഫണ്ട്

357(808) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ അനുവദിക്കുന്ന റിസ്ക് ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

"കേരള സഹകരണ കടാശ്വാസ പദ്ധതി 2008 (Risk Fund Scheme)" കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. സഹകരണ ബാങ്കുകൾ നൽകി വരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപവായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക്

ഫണ്ട് ആനുകൂല്യം നൽകി വരുന്നത്. വായ്പയെടുക്കുന്ന അംഗങ്ങൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ ആറ് മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 3,00,000/- രൂപ (മൂന്നുലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകുന്നതാണ്. വായ്പയെടുത്തതിനുശേഷം മാരക രോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) ഈ പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയുമെടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന്, വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2,000/-രൂപയും ആയതിന്റെ ജി.എസ്.ടി. യും) ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘം ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിന്റെ റിസ്ക് ഫണ്ട് അക്കൗണ്ടിൽ അടച്ചിരിക്കുകയും വേണം.

മരണപ്പെട്ടതോ, മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം / ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും

വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിലധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

30-03-2012-നുശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ചികിത്സാ ധനസഹായം നൽകുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ചുതീർത്ത വായ്പകൾക്ക് ധനസഹായത്തിന് അർഹതയില്ല.

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ രൂപീകരണം

358(809) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. രാജ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വ്യക്തമാക്കുമോ; ഇത്തരം സ്ഥാപനങ്ങൾക്ക് പലിശ നിരക്കിലോ പ്രവർത്തനങ്ങളിലോ നിയന്ത്രണങ്ങളുണ്ടോ; സംസ്ഥാനത്ത് സഹകരണ മേഖല ആർജ്ജിച്ച വിശ്വാസ്യത മുതലെടുക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്ന സ്ഥിതി സംജാതമാകുമോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നവയാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ. ടി സംഘങ്ങളുടെ വ്യാപകമായുള്ള പ്രവർത്തനം ശക്തമായ സഹകരണ പ്രസ്ഥാനം നിലകൊള്ളുന്ന നമ്മുടെ പ്രദേശത്ത് ദോഷകരമായി ബാധിക്കുന്നുണ്ട്. സഹകരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ വിശ്വാസം പ്രസ്തുത സംഘങ്ങൾ ചൂഷണം ചെയ്തുവരുന്നതായി കാണുന്നു. ഇത്തരം സംഘങ്ങളുടെ പലിശ നിർണ്ണയിക്കുന്നതിൽ സംസ്ഥാന രജിസ്ട്രാർക്കോ കേന്ദ്ര രജിസ്ട്രാർക്കോ സർക്കാരിനോ പ്രത്യേകിച്ച് അവകാശം ഇല്ലാത്തതാണ്. സംഘത്തിന്റെ ജനറൽ ബോഡി യോഗമാണ്/ഭരണസമിതിയാണ് പലിശ നിശ്ചയിക്കുന്നത്. ഇത് അനിയന്ത്രിതമായ കിടമത്സരത്തിനും അതുവഴി സഹകരണ പ്രസ്ഥാനത്തിന്റെ തകർച്ചയ്ക്കും കാരണമായേക്കാവുന്നതാണ്.

(ബി) അർബൻ ബാങ്കുകളെ ലക്ഷ്യമിട്ടുകൊണ്ട് അപെക്സ് സ്ഥാപനങ്ങൾ രൂപീകരിച്ചത് സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

രാജ്യത്തെ സഹകരണ ബാങ്കുകൾക്ക് ഫിനാൻഷ്യൽ ആന്റ് സിസ്റ്റം സപ്പോർട്ട് നൽകുന്ന ഒരു അംബ്രല്ല ഓർഗനൈസേഷനായി കമ്പനീസ് ആക്ട് പ്രകാരം നാഷണൽ കോ-ഓപ്പറേറ്റീവ് ഫിനാൻസ് &ഡെവലപ്മെന്റ് കോർപ്പറേഷൻ (മുൻ അപ്പെക്സ് കോ-ഓപ്പറേറ്റീവ് ഫിനാൻസ് & ഡെവലപ്മെന്റ് ലിമിറ്റഡ്) എന്ന കമ്പനി 2020-ൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തുന്നതാണ്.

**സഹകരണ ജീവനക്കാർക്ക് മെഡിസെപ്**

359(810) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ സഹകരണ ബാങ്ക് ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിലെ

ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (CEMIS), ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കുന്നതിനുള്ള ഒരു ഡ്രാഫ്റ്റ് സ്കീം തയ്യാറാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ ജീവനക്കാർക്ക് മെഡിസെപ്**

360(811) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ മെഡിസെപ്/മെഡിസെപ് പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

(CEMIS), ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കുന്നതിനുള്ള ഒരു ഡ്രാഫ്റ്റ് സ്കീം തയ്യാറാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ പെൻഷൻ ബോർഡ് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതി**

361(812) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാർക്കും പെൻഷൻ അനുവദിക്കുന്നതിനായി സഹകരണ പെൻഷൻ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

1) സംസ്ഥാന സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി 1994:

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ പ്രൈമറി, റീജിയണൽ, സെൻട്രൽ, അപ്പെക്സ് സ്ഥാപനങ്ങൾക്കും സഹകരണ നിയമ പ്രകാരം രൂപീകരിച്ച വിവിധ ബോർഡുകൾക്കും ടി പദ്ധതി ബാധകമാണ്.

2)സംസ്ഥാന – ജില്ല സഹകരണ ബാങ്ക് പെൻഷൻ പദ്ധതി 2005:

സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് (കേരള സംസ്ഥാന സഹകരണ

ബാങ്ക്) ജീവനക്കാർ ടി പദ്ധതിയുടെ ഭാഗമാണ്.

3) സഹകരണേതര വകുപ്പുകളായ കയർ, ക്ഷീരം, കൈത്തറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് തുടങ്ങിയ വകുപ്പുകൾക്കുകീഴിലുള്ള സംഘങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി.

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകുവാൻ ആർക്കെല്ലാം അർഹതയുണ്ടെന്നറിയിക്കുമോ?

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ പ്രാഥമിക, റീജിയണൽ, സെൻട്രൽ, അപ്പെക്സ് സ്ഥാപനങ്ങൾക്കും സഹകരണേതര വകുപ്പുകളായ കയർ, ക്ഷീരം, കൈത്തറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ നിയമ പ്രകാരം രൂപീകരിച്ച വിവിധ ബോർഡുകൾ, സംസ്ഥാന/ജില്ല സഹകരണ ബാങ്കുകൾ (കേരള സംസ്ഥാന സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ടി പദ്ധതിയിൽ അംഗങ്ങളാകുന്നതിന് അർഹതയുണ്ട്.

(സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാർ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുണ്ടോ?

| ക്രമ നം. | ജില്ല | അംഗമായിട്ടുള്ളവർ | അംഗമായിട്ടില്ലാത്തവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 8319 | 490 |

| | | | |
|---|---|---|---|
| 2 | കൊല്ലം | 5869 | 284 |
| 3 | പത്തനംതിട്ട | 3894 | 157 |
| 4 | ആലപ്പുഴ | 2912 | 153 |
| 5 | കോട്ടയം | 6097 | 691 |
| 6 | ഇടുക്കി | 2917 | 170 |
| 7 | എറണാകുളം | 6865 | 2743 |
| 8 | തൃശ്ശൂർ | 7046 | 339 |
| 9 | പാലക്കാട് | 5953 | 193 |
| 10 | മലപ്പുറം | 6509 | 629 |
| 11 | കോഴിക്കോട് | 6616 | 505 |
| 12 | വയനാട് | 1451 | 77 |
| 13 | കണ്ണൂർ | 13357 | 1457 |
| 14 | കാസർഗോഡ് | 4172 | 383 |

മുഴവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവരുടെയും അല്ലാത്തവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| ക്രമ നം. | ജില്ല | അംഗമായിട്ടുള്ളവർ | അംഗമായിട്ടില്ലാത്തവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 8319 | 490 |
| 2 | കൊല്ലം | 5869 | 284 |
| 3 | പത്തനംതിട്ട | 3894 | 157 |
| 4 | ആലപ്പുഴ | 2912 | 153 |
| 5 | കോട്ടയം | 6097 | 691 |
| 6 | ഇടുക്കി | 2917 | 170 |
| 7 | എറണാകുളം | 6865 | 2743 |
| 8 | തൃശ്ശൂർ | 7046 | 339 |
| 9 | പാലക്കാട് | 5953 | 193 |
| 10 | മലപ്പുറം | 6509 | 629 |

| | | | |
|---|---|---|---|
| 11 | കോഴിക്കോട് | 6616 | 505 |
| 12 | വയനാട് | 1451 | 77 |
| 13 | കണ്ണൂർ | 13357 | 1457 |
| 14 | കാസർഗോഡ് | 4172 | 383 |

മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്

(ഇ) പ്രസ്തുത പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ നിന്നും എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്നും അംഗത്വമെടുക്കാത്തവർ എത്രയെന്നും താലൂക്കടിസ്ഥാനത്തിൽ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സ്ഥാപനങ്ങളുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| താലൂക്ക് | അംഗത്വം എടുത്തവർ | അംഗത്വം എടുക്കാത്തവർ |
|---|---|---|
| മാവേലിക്കര | 253 | 21 |
| ചെങ്ങന്നൂർ | 101 | 12 |
| കുട്ടനാട് | 83 | 4 |
| അമ്പലപ്പുഴ | 105 | 34 |
| കാർത്തികപ്പള്ളി | 307 | 33 |
| ചേർത്തല | 411 | 49 |

(എഫ്) അംഗങ്ങളായിട്ടില്ലാത്തവർ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ അംഗത്വമെടുക്കുന്നതിന് സ്വീകരിച്ച

നടപടികൾ വിശദമാക്കുമോ?

സഹകരണ പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കുന്നതിനും വീഴ്ച കൂടാതെ തുക പെൻഷൻ ബോർഡിൽ അടവാക്കുന്നതിനുമായി നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ നടക്കുന്ന സംഘം സെക്രട്ടറിമാരുടെ പ്രതിമാസ അവലോകനയോഗത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും ഇൻസ്പെക്ടർമാർ ഇൻസ്പെക്ഷൻ വേളയിലും പെൻഷൻ ബോർഡിൽ അംഗത്വമെടുക്കുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. ഇവയ്ക്കു പുറമേ പെൻഷൻ പദ്ധതിയിൽ അംഗളായിട്ടില്ലാത്തവർ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ താലൂക്കടിസ്ഥാനത്തിൽ തരംതിരിച്ച് സ്പോട്ട് അഡ്മിഷൻ, പെൻഷൻ പദ്ധതിയെ സംബന്ധിച്ചുള്ള ക്ലാസ്സ് എന്നിവ നടത്തുന്നതിന് പെൻഷൻ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ/ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ

362(813) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2022 ഓഗസ്റ്റ് 26-ന് ഒ.എ. (എറണാകുളം)-820/2022 എന്ന കേസിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ പ്രൊമോഷൻ വഴി നികത്തേണ്ട

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേക്ക് യോഗ്യരായവരില്ലാത്തതിനാൽ നികത്തപ്പെടാതെ കിടന്നിരുന്ന 29 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി എന്ത് നടപടിയാണ് കൈകൊണ്ടതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിധി വന്ന ശേഷവും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ 2022 ഒക്ടോബർ 1 -ന് 16 പേർക്കും ഒക്ടോബർ 20-ന് ഒരാൾക്കും വീണ്ടും പ്രൊമോഷൻ നൽകുകയും ചെയ്യാനുള്ള കാരണം വിശദമാക്കുമോ?

(എ&ബി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2022 ഓഗസ്റ്റ് 26-ന് ഒ.എ.(ഇ.കെ.എം.) നം.820/2022 എന്ന കേസിൽ പുറപ്പെടുവിച്ച ഉത്തരവിൽ നേരിട്ടുള്ള നിയമനത്തിനായി ഏതെങ്കിലും ഒഴിവുകളുണ്ടെങ്കിൽ ആയത് പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാനാണ് നിർദ്ദേശം നൽകിയത്. ആയതുപ്രകാരം വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവും വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് തിരികെ പോയത് പ്രകാരമുണ്ടായ ഒഴിവും കോടതി ഉത്തരവ് പാലിച്ച് പി.എസ്.സി. -ക്ക് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ പ്രൊമോഷൻ വഴി നികത്തുവാനുള്ള ഇൻസ്‌പെക്ടർ / ഓഡിറ്റർ തസ്തികകളുടെ എത്ര ഒഴിവുകളാണ് യോഗ്യരായവർ ഇല്ലാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ?

സഹകരണ വകുപ്പിൽ പ്രൊമോഷൻ വഴി നികത്തുവാനുള്ള ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ/ഓഡിറ്റർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദീകരിക്കുമോ?

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർമാരുടെ സ്ഥിരം തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി. -യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 2023-ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ / ഓഡിറ്റർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള എത്ര പ്രതീക്ഷിത ഒഴിവുകളാണുള്ളത്; ഇത് പി.എസ്.സി. -യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ വകുപ്പിൽ 2023-ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള 44 പ്രതീക്ഷിത ഒഴിവുകളാണുള്ളത്. ടി ഒഴിവുകൾ പി.എസ്.സി. -യിലേക്ക്

സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സഹകരണ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

363(814)ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവയുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ 15 താൽക്കാലിക നിയമനങ്ങളും 4 കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്. സഹകരണ വകുപ്പിൽ ഒരു കരാർ നിയമനവും നടത്തിയിട്ടുണ്ട്.

(ബി) ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡ്രൈവർ, ക്ലർക്ക്,

സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ലൈബ്രേറിയൻ, സെക്യൂരിറ്റി, സ്വീപ്പർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ജോയിന്റ് ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്. ടി തസ്തികകളിൽ നിയമിതരായ വ്യക്തികൾക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം ആകെ 4,12,235/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ എഡിറ്റർ-കം-പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ നിയമിതനായ വ്യക്തിക്ക് 2022 ഒക്ടോബർ മാസം വേതനവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടില്ല.

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ അതാത് സ്ഥാപനങ്ങൾ നിയമനങ്ങൾ നേരിട്ട് നടത്തിയിട്ടുള്ളതാണ്.

സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ/ എഡിറ്റർ-കം-പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേയ്ക്ക് വകുപ്പിലെ ജേർണലിസം

യോഗ്യതയുള്ളവരുടെ അഭാവത്തിൽ വകുപ്പിന്റെ മുഖമാസികയായ സഹകരണവീഥി മുടക്കം വരാതെ പ്രസിദ്ധപ്പെടുത്തേണ്ടത് കണക്കിലെടുത്താണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്.

**അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം**

364(815) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട് അധികാരമേറ്റെടുത്ത അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

2011-16 കാലയളവിൽ അടാട്ട് ഫാർമേർസ് സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണമേർപ്പെടുത്തിയിട്ടുള്ള കാലഘട്ടത്തിൽ നടന്നിട്ടുള്ള അഴിമതി സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ FIR No. 33/2016/TSR പ്രകാരവും, VC 10/2021/TSR പ്രകാരവും രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്.

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി വിജിലൻസ് സമർപ്പിച്ച വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രാഥമിക അന്വേഷണ റിപ്പോർട്ട് മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) മേൽപ്പറഞ്ഞ വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇതിൽ പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബാങ്ക് അഡ്മിനിസ്ട്രേറ്ററായിരുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ ഈ കേസിൽ അറിയാവുന്ന/സംശയിക്കാവുന്ന/അറിയപ്പെടാത്ത കുറ്റവാളികളുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അന്വേഷണം സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് മാത്രമാണ് ലഭിച്ചിട്ടുള്ളത്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

**സഹകരണ പെൻഷൻ ബോർഡ് ഭരണ സമിതി പുന:സംഘടന**

365(816) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡ് ഭരണസമിതി പുന:സംഘടിപ്പിച്ചപ്പോൾ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധികളായി ഒരു സംഘടനയിൽ നിന്ന് മാത്രം മൂന്ന് പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് മറ്റ് സംഘടനകളെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പിശക് തിരുത്തി മറ്റ്സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പെൻഷൻ ബോർഡ് ഭരണസമിതി പുന:സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിലേക്കുള്ള അംഗങ്ങളുടെ എണ്ണം പുനഃനിശ്ചയിച്ച് കൊണ്ടുള്ള പുതുക്കിയ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രതിനിധികളായി മൂന്നു പേരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ വിവിധ സംഘടനാ പ്രാതിനിധ്യം പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

**സഹകരണ മേഖലയിലെ അഴിമതി തടയാൻ നടപടി**

366(817) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്കുതല അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും കൂടാതെ പൊതുജനങ്ങളിൽനിന്നും സഹകാരികളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോധ്യപ്പെടുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടർ അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വിജിലൻസ് സംവിധാനം സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

സഹകരണ സംഘങ്ങളിലെ ആഡിറ്റിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ ഉരുപ്പടികളുടെ പരിശോധന കൃത്യമായി നടത്തിവരാറുണ്ട്. യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ആഡിറ്റർമാർ എന്നിവർ പണയ ഉരുപ്പടികളുടെ പരിശോധന സ്വന്തം നിലയിലും അപ്രൈസറുടെ സഹായത്താലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കൂടാതെ ബാങ്ക് ഭരണസമിതിയും സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്.

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 16-08-2022- ലെ സ.ഉ (അച്ചടി) നം. 144/2022/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16-08-2022- ന് ടീം

ആഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ആഡിറ്റ് സംവിധാനം മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ആഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ആഡിറ്റ് MATRIX-ൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം.

വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജപ്തി ബോർഡ് സ്ഥാപിച്ചതിനെത്തുടർന്ന് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ നടപടി**

367 (818) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടിന് മുൻപിൽ ജപ്തി ബോർഡ് സ്ഥാപിച്ചതിൽ മനംനൊന്ത്

കൊല്ലം ജില്ലയിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ സഹകരണ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്വേഷണത്തിൽ കേരള ബാങ്ക് ജീവനക്കാർക്ക് വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ. അജികുമാർ, അജിഭവനം, തൃക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20-09-2022-ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ നോട്ടീസ് പതിക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(സി) സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ലെന്ന നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

NPA ഈടാക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് സർഫാസി. ആയത് പ്രകാരം

സുതാര്യമായും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിലും മാത്രമേ നടപടി സ്വീകരിക്കാവൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ വകുപ്പിലെ ആധുനികവല്ക്കരണം**

368(819) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓഡിറ്റിനായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാനുള്ള നടപടികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ Request for Proposal (RFP) പ്രകാരമുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കേരള ബാങ്ക് രൂപീകരണംമൂലവും അർബൻ ബാങ്കിലെ ഓഡിറ്റ് സഹകരണ വകുപ്പിൽ നിന്നും എടുത്തു മാറ്റിയതുമൂലവും ജീവനക്കാരുടെ ജോലിഭാരം താരതമ്യേന കുറഞ്ഞ സാഹചര്യത്തിൽ പ്രസ്തുത വകുപ്പിലെ തസ്തികകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

തസ്തികകൾ വകുപ്പിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഒരേ തസ്തികയിൽ ദീർഘകാലം ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലം മാറ്റുമെന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഒരേ തസ്തികയിൽ ദീർഘകാലം ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലം മാറ്റുമെന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ സമയബന്ധിതമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

(ഡി) സഹകരണ സംഘങ്ങളിലെ പ്യൂൺ നിയമനം ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും സഹകരണ പരീക്ഷ ബോർഡിന് വിടുമെന്ന തീരുമാനം നടപ്പിലായോയെന്ന് വ്യക്തമാക്കുമോ?

വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) സഹകരണ വകുപ്പിനെ ആധുനികവല്കരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സഹകരണ വിജിലൻസിനെ കാര്യക്ഷമമാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

1. <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

2. <u>I.C.D.M.S. (Integrated Co-operative Department Management System)</u>

പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ഓഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

3. <u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

4. <u>Co-operative Audit Monitoring & Information System (C.A.M.I.S.)</u>

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S.

പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും C.A.M.I.S. ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

5. ഇ-ഓഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ്, എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

6.വെബ്സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ്സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തി ആയത് പൂർത്തീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്/സഹകരണ വിജിലൻസ് എന്നീ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സഹകരണ നിയമഭേദഗതി നടപ്പിൽ വരുത്തുന്നതാണ്. ഓഡിറ്റ് നടപടികൾ സുതാര്യവും ഫലപ്രദവുമാക്കുന്നതിനായി ടീം ഓഡിറ്റ് നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(എഫ്) സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുമോ; വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ഐ.ടി. സെൽ പ്രവർത്തിക്കുന്നുണ്ട്.

**കെയർഹോം പദ്ധതി**

369(820) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതലത്തിലേക്ക് മാറ്റി ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകയുണ്ടായി. ഇതുവഴി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നതിനും KSCB-യുടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്നതാണ്.

- ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനായി കേരള ബാങ്കിൽ അതിനൂതന കോർ ബാങ്കിംഗ് സംവിധാനം ഉടൻ നിലവിൽ വരുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

- ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ആഡിറ്റ് അക്കൗണ്ട്സ് വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥയെ മുഴുവൻ സമയം ആഡിറ്റിന് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത

എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിലൂടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യമാക്കുന്നതിനും വഴിതെളിയുന്ന നിയമ പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

- സഹകരണ ഉൽപ്പന്നങ്ങൾ COOPKERALA എന്ന ഒറ്റ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനായി ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി സഹകരണ വകുപ്പ് ആരംഭിച്ചു. സംഘങ്ങളുടെ പ്രവർത്തന വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും Value added ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

- സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.

- സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ

ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

- 1969 -ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

- നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി കേരള പാഡി പ്രൊക്യൂർമെന്റ് പ്രൊസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് പ്രതികൂലമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബദൽ പദ്ധതി സർക്കാരിന്റെ ആലോചനയിലുണ്ടോയെന്ന് വിശദമാക്കുമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ്

പാസ്സാക്കിയിരുന്നു. എന്നാൽ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിനെതിരുമാണ്.

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ, പ്രസ്തുത ഭേദഗതിക്കെതിരെ ഭരണഘടനയുടെ 131 ആർട്ടിക്കിൾ പ്രകാരം Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആദായനികുതി നിയമത്തിലെ ഭേദഗതികൾക്കെതിരെ സംഘങ്ങൾ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കെയർഹോം പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

അഴിമതി തടയുക, സംഘം പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സമഗ്രമായ നിയമഭേദഗതി സർക്കാർ പരിഗണിച്ചുവരുന്നു.

- ആഡിറ്റിന് കാര്യക്ഷമമാക്കുന്നതിനായി ടേം ആഡിറ്റ് സംവിധാനം നടപ്പാക്കി.

- സഹകരണ വകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനമൊട്ടാകെ നിർമ്മിച്ച് നൽകുന്നതിന് അനുമതി ലഭിച്ച 2093 വീടുകളിൽ, 2022 നവംബർ 25 വരെ 2091 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

(ഡി) വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യോൽപ്പാദനം എന്നീ മേഖലകളിൽ

സഹകരണ മേഖലയുടെ ഇടപെടൽ വിശദമാക്കാമോ ?

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് ഒരു പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന Professional Course കൾ നവീകരിക്കാൻ നടപടി സ്വീകരിച്ച് വരുന്നു.

- പുതിയ കോഴ്സുകൾ ആരോഗ്യമേഖലയിൽ ആരംഭിക്കുന്നതാണ്.

- സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

- കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (കേപ്പ്)- ന്റെകീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും തുക അനുവദിക്കുന്നത് കൂടാതെ CAPE ന്റെ ആഭിമുഖ്യത്തിൽ ഒരു Skill Upgradation Centre ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു Fab Lab ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

- കാർഷിക മേഖലയിലെ സമഗ്രമായ ഇടപെടൽ നടത്തി കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" .

- കേരള ബാങ്ക്, വായ്പ്പാ ഭക്ഷ്യോത്പാദനം ലക്ഷ്യമിട്ട് KB-LT(Agri), KB-Micro food Processing, എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

**ക്ഷേമ പെൻഷൻ തുക വിതരണം**

370(821) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമ പെൻഷൻകാരുടെ പെൻഷൻ തുക ഗുണഭോക്താവിന് വീട്ടിലെത്തിച്ച് നൽകാൻ സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയതെന്ന് മുതലാണെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ 15-08-2016 ലെ G.O(Ms) No.324/2016/Fin നമ്പർ ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ ക്ഷേമ പെൻഷൻകാരുടെ പെൻഷൻ തുക ഗുണഭോക്താവിന് വീട്ടിലെത്തിച്ച് നൽകാൻ സംഘങ്ങളെ ചുമതലപ്പെടുത്തിയത്.

(ബി) ഇവയുടെ വിതരണത്തിനായി ചുമതലപ്പെടുത്തുന്ന സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്നുണ്ടോ; എത്ര തുകയാണ് ഇൻസെന്റീവായി നൽകുന്നതെന്ന് അറിയിക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്. സർക്കാരിന്റെ 30-08-2016 ലെ GO (Rt) No.7153/2016/Fin നമ്പർ ഉത്തരവുപ്രകാരം ഒരു ബാങ്ക്/സൊസൈറ്റിക്ക് ഒരു പെൻഷന് 50/- രൂപയാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയതിൽ നിന്നും 40/- രൂപയാണ് പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്കുദ്യോഗസ്ഥർക്ക് നൽകുന്നത്.

(സി) പ്രസ്തുത ഇൻസെന്റീവ് വിതരണത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിലെന്ന് മുതലാണെന്നും എത്ര മാസത്തെ കുടിശ്ശികയാണുള്ളതെന്നും ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ കരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ എത്ര രൂപയാണ് കുടിശ്ശികയിനത്തിൽ നൽകേണ്ടത്; ഇത് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) 2021 നവംബർ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെയുള്ള ഇൻസെന്റീവ് കുടിശ്ശികയാണ്. നിലവിൽ കുടിശ്ശികയുള്ള ഇൻസെന്റീവ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## പ്രളയത്തിൽ വീടും സ്വത്തുക്കളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം

371(822) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

(എ&ബി) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. വിവിധ ഘട്ടങ്ങളായി 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ട ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യംവച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം

ഘട്ടം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഫ്ലാറ്റ് നിർമ്മാണ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്.

**യുവസഹകരണ സംഘങ്ങളുടെ പ്രവർത്തനം**

372(823) ശ്രീ. സജി ചെറിയാൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ സംഘങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുന്നു. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) യുവശക്തിയെ ഗുണപരമായി ഉപയോഗിക്കുകയെന്ന കാഴ്ചപ്പാടിലൂന്നി എന്തെല്ലാം നൂതന സംരംഭക ആശയങ്ങളാണ് ഇത്തരം യുവ സഹകരണ സംഘങ്ങളിലൂടെ പരിഗണിക്കപ്പെട്ടതെന്ന് വിശദമാക്കുമോ?

യുവജനങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യം, വിദ്യാഭ്യാസ നിലവാരം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരംഭക ആശയങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി കാർഷിക-കാർഷികാനുബന്ധ മേഖല, അഗ്രോ മാർക്കറ്റിംഗ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, ഈവന്റ് മാനേജ്മെന്റ്, കാറ്ററിംഗ് സർവ്വീസുകൾ, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിംഗ്, ടൂറിസം വികസന പദ്ധതികൾ, ഐ.ടി. മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ, ആർട്ടിസ്റ്റ്, സേവനങ്ങൾ വീടുകളിലെത്തിക്കൽ, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, കുടിവെള്ള യൂണിറ്റുകളുടെ സ്ഥാപനം, കരിയർ ഗൈഡൻസ് സെന്ററുകൾ

സ്ഥാപിക്കുക, തയ്യൽ, ലേബർ കോൺട്രാക്ട് വർക്കുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ ആശയങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഇത്തരം സഹകരണസംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി /പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉത്പാദന, സേവന മേഖലകളിൽ പ്രാദേശികമായി സാദ്ധ്യതയുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകി പ്രവർത്തിക്കുന്നതിനും അതിലൂടെ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട് യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിച്ച്, അവരുടെ പങ്കാളിത്തം സഹകരണ പ്രസ്ഥാനത്തിന് ലഭ്യമാക്കുകായെന്നതും ഇതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങളാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

373(824) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയതലത്തിലെ വിലക്കയറ്റത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി പൊതുവിപണിയിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്സവ കാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപ്പന നടത്തുന്നുണ്ട്. ആയതിന് സർക്കാർ തൻവർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം തൻവർഷം സഹകരണ ഓണം വിപണി 29-08-2022 മുതൽ 07-09-2022 വരെ 1685 താല്ക്കാലിക വിപണികളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക

സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിൽ വിൽപന നടത്തി വരുന്നു.

**മുദ്രപത്രങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടിക്രമം**

374(825) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുവിന്റെ വിലയാധാരം നടത്തുന്നതിലേക്കാവശ്യമായ മുദ്രപത്രം രജിസ്ട്രേഷൻ നടക്കാതെ വന്നാൽ തിരികെ ട്രഷറിയിൽ ഏൽപ്പിച്ച് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ഇതിന് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ?

വസ്തുവിന്റെ വിലയാധാരം നടത്തുന്നതിലേക്കാവശ്യമായ മുദ്രപ്പത്രം രജിസ്ട്രേഷൻ നടക്കാതെ വന്നാൽ 1959 -ലെ കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 47, 50, 51, 52 അനുസരിച്ച് റവന്യൂ അധികാരിയാണ് റീഫണ്ട് അനുവദിക്കുന്നത്.

(1) ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്കുള്ള മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ നടക്കാതെ വന്നാൽ റീഫണ്ടിനായി മുദ്രപ്പത്രം വാങ്ങിയ തീയതി മുതൽ ആറു മാസത്തിനുള്ളിൽ മുദ്രപ്പത്രങ്ങൾ സഹിതം ബന്ധപ്പെട്ട തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതാണ്. മുദ്രപ്പത്രങ്ങൾ വെരിഫിക്കേഷൻ നടത്തുന്നതിനായി ബന്ധപ്പെട്ട ട്രഷറിയിൽ നൽകേണ്ടതും

ട്രഷറിയിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം തഹസിൽദാർ മുദ്രപ്പത്രത്തിന്റെ മുഖവിലയ്ക്ക് ഓരോ രൂപയ്ക്കും ആറു പൈസ എന്ന നിരക്കിൽ കിഴിവ് ചെയ്ത് 0030-02-102-10 എന്ന ശീർഷകത്തിൽ നിന്നും റീഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഇതുസംബന്ധിച്ച നടപടിക്രമവും അപേക്ഷയും അടക്കം ട്രഷറിയിൽ സമർപ്പിക്കേണ്ടതുമാണ്. തുടർന്ന് ട്രഷറിയിൽ നിന്നും റീഫണ്ട് തുക BIMS-ൽ ചേർത്തതിനുശേഷം തഹസിൽദാർ റീഫണ്ട് ബില്ല് തയ്യാറാക്കി ട്രഷറിയിൽ നൽകി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്.

(2) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന രജിസ്ട്രേഷനുകൾക്ക് 07-04-2017-ലെ G.O.(P) No. 23/2017/TD പ്രകാരം ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്കുള്ള ഇ-സ്റ്റാമ്പ് രജിസ്ട്രേഷൻ നടക്കാതെ വന്നാൽ റീഫണ്ടിനായി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത തീയതി മുതൽ ആറുമാസത്തിനുള്ളിൽ ഇ-സ്റ്റാമ്പ് പ്രൂഫ് ഉൾപ്പെടെ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും കൺഫർമേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷം 0030-02-102-10 എന്ന റീഫണ്ട് ശീർഷകത്തിൽ നിന്നും റീഫണ്ട് അനുവദിച്ചുത്തരവാകുകയും നടപടിക്രമവും അപേക്ഷയുമടക്കം BIMS -ൽ

ചേർക്കുന്നതിന് ട്രഷറിയിൽ നൽകുകയും ചെയ്യും. ട്രഷറിയിൽ നിന്നും റീഫണ്ട് തുക BIMS-ൽ ചേർത്തതിനുശേഷം റവന്യൂ ഡിവിഷണൽ ഓഫീസർ റീഫണ്ട് ബില്ല് തയ്യാറാക്കി ട്രഷറിയിൽ നൽകി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.

മുദ്രപ്പത്രം/ഇ-സ്റ്റാമ്പ് റീഫണ്ട് ചെയ്യുന്നതിന് മുദ്രപ്പത്രം വാങ്ങിയ/ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത തീയതി മുതൽ ആറുമാസത്തിനുള്ളിൽ റീഫണ്ട് അപേക്ഷ ബന്ധപ്പെട്ട റവന്യൂ അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ മുദ്രപ്പത്രത്തിൽ എഴുതിപിടിച്ച കരണത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്രവർത്തിക്കാതിരുന്നാലോ അല്ലെങ്കിൽ ഉറപ്പിച്ച വല്ല തുകയും കൊടുക്കാൻ വിസമ്മതിച്ചതിനാലോ ഉദ്ദേശിച്ച ആവശ്യം നിറവേറ്റാൻ കഴിയാതെ വരിക നിമിത്തമുള്ള മുദ്രപ്പത്രങ്ങളുടെ സംഗതിയിൽ കരണത്തിലെ തീയതിയിൽ നിന്നും രണ്ട് മാസങ്ങൾക്കുള്ളിൽ റീഫണ്ട് അപേക്ഷ ബന്ധപ്പെട്ട റവന്യൂ അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) സമയബന്ധിതമായി ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) മാനുഷിക പരിഗണനാർഹമായ കാരണങ്ങളാൽ നിശ്ചിത സമയത്തിനകം മുദ്രപത്രങ്ങൾ തിരികെ നൽകാൻ കഴിയാത്തവർക്ക് തുക തിരികെ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

(ബി&സി) സമയബന്ധിതമായി ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ

കഴിയാതെ വന്നാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ലായെന്ന് കാണുന്നു. എങ്കിലും സമയപരിധി പാലിക്കപ്പെടാതെ പോയത് അപേക്ഷകന്റെ മനഃപൂർവ്വമായ വീഴ്ചമൂലമല്ലെന്നും തന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത സുവ്യക്തമായ കാരണങ്ങൾ മൂലമാണെന്ന് സർക്കാരിന് ഉത്തമബോദ്ധ്യമാകുന്നപക്ഷം നിയമാനുസരണമുള്ള കാലാവധി കഴിഞ്ഞു സമർപ്പിക്കപ്പെടുന്ന മുദ്രപ്പത്ര റീഫണ്ടിനുള്ള അപേക്ഷകളിന്മേൽ കേരള മുദ്രപത്ര നിയമത്തിലെ 54(1) വകുപ്പിലെ നിയന്ത്രണാധികാരം വിനിയോഗിച്ച് സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്. അപ്രകാരം മുദ്രപത്ര റീഫണ്ട് അനുവദിക്കുകയാണെങ്കിൽ കേരള മുദ്രപത്ര നിയമം വകുപ്പ് 52-ലെ വ്യവസ്ഥാനുസരണം നിയമാനുസൃതം ഈടാക്കേണ്ട 6 ശതമാനം കിഴിവ് ഈടാക്കുന്നതാണ്.

## ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷൻ

375(826) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കുകളിൽ ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷന് എന്തെങ്കിലും നിയന്ത്രണമോ പുതിയ മാനദണ്ഡമോ പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്. ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധി ഒരു താലൂക്ക്

പ്രദേശമായി നിജപ്പെടുത്തി സഹകരണ നിയമം വകുപ്പ് 2(oe) കൂട്ടിചേർത്തുകൊണ്ട് കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള നിയന്ത്രണം മാത്രമാണ് നിലവിലുള്ളത്.

(ബി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ എത്ര ടൂറിസം സൊസൈറ്റികളാണ് നിലവിൽ നിയമവിധേയമായി പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

താമരശ്ശേരി താലൂക്കിൽ ടൂറിസം സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. കൊയിലാണ്ടി താലൂക്കിൽ പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

- കോട്ടയ്ക്കൽ കുഞ്ഞാലിമരക്കാർ ടൂറിസം ഡെവലപ്മെന്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. ഡി.2719, കോട്ടക്കൽ, ഇരിങ്ങൽ - 673521
- കക്കയം വാലി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.ഡി.3104, കൂരാച്ചുണ്ട്
- കോഴിക്കോട് ജില്ല ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.ഡി.2431, പെരുവണ്ണാമൂഴി

## സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകുന്നതിന് നടപടി

376(827) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട കല്ലട കോളനി നിവാസികൾക്ക് ഹൗസിംഗ് ബോർഡിൽനിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഉഴവൂർ ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ (പെറ്റീഷൻ നമ്പർ ഇ/6245256/2022) എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചാൽ സർക്കാരിന് സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന റവന്യൂ നഷ്ടം സംബന്ധിച്ച ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ രജിസ്ട്രാറോട് (ജനറൽ) 30-07-2022-ലെ RR(4) - 4309/2022 നമ്പർ കത്ത് മുഖാന്തിരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ജില്ലാ രജിസ്ട്രാർക്ക് നൽകിയ കത്തിന്മേൽ ജില്ലാ രജിസ്ട്രാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഇതിന്മേലുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ?

ധനകാര്യമെമ്മോറാണ്ടം തയ്യാറാക്കുന്നതിലേയ്ക്ക് ആവശ്യമായ ആധികാരികവും വസ്തുനിഷ്ഠവുമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡ് കോട്ടയം ഡിവിഷൻ, ഉഴവൂർ വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നും കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലാ രജിസ്ട്രാറിൽ നിന്നുമുള്ള റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭ്യമായിട്ടില്ല.

(സി) ഇതുസംബന്ധിച്ച് നികുതി വകുപ്പിന്റെ ഫയൽ ജെ.1/20/2022 ൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഈ വിഷയം TAX-J1/130/2022-TAX എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക**

377(828) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സബ് രജിസ്ട്രാർ ഓഫിസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് ഐ.ജി. രജിസ്ട്രേഷൻ, മലപ്പുറം ജില്ലാ

രജിസ്ട്രാർ എന്നീ ഓഫീസുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; മേൽ വിഷയം സംബന്ധിച്ച് പ്രസ്തുത ഓഫീസുകളിലെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വാടക കുടിശ്ശിക അനുവദിക്കുന്നതിനായുള്ള റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടോ; വിവരം നൽകുമോ;

(സി) വാടക കുടിശ്ശിക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; കാലവിളംബം കൂടാതെ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ പുതിയ ഉത്തരവുപ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. താനൂർ സബ് രജിസ്ട്രാർ ഓഫീസിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 142.69 ച.മീ. സ്ഥലത്തിന് റെന്റ് സർട്ടിഫിക്കറ്റ് അനുവദിക്കണമെങ്കിൽ അധിക ഏരിയ ഉപയോഗിക്കുന്നതിനുള്ള അനുമതി ആവശ്യമാണ്. അതിനായി Annexure IIA, IIB എന്നിവയും കെട്ടിടത്തിന്റെ വിശദാംശങ്ങൾ, ഉടമസ്ഥാവകാശം, അധിക ഏരിയ ഉപയോഗിക്കുന്നതിന്റെ കാരണങ്ങൾ എന്നിവയും സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന് രജിസ്ട്രേഷൻ ഐ.ജി. നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക്

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഐ.ജി. രജിസ്ട്രേഷൻ, മലപ്പുറം ജില്ലാ രജിസ്ട്രാർ എന്നീ ഓഫീസുകളിലെ ഫയലുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കാൻ നടപടി

378(829)ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കൊച്ചി മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി വിട്ടുകൊടുത്ത രജിസ്ട്രേഷൻ ഓഫീസ് സമുച്ചയത്തിന് പകരമായി നാളിതുവരെ സർക്കാരോ കെ.എം.ആർ.എൽ. അധികൃതരോ സ്ഥലമോ കെട്ടിടമോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അനുവദിച്ചിട്ടില്ല.

(ബി) ഈ ഓഫീസുകൾ വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടിവന്ന സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ 16-7-2022-ൽ ചേർന്ന യോഗത്തിൽ രജിസ്ട്രേഷൻ ഓഫീസ് പണിയാൻ പറ്റാത്ത ഏഴ് സെന്റ് സ്ഥലം റവന്യൂ വകുപ്പിനും റവന്യൂ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലം രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കുന്നതിനുമായി നൽകാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(ബി&സി) എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസും അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിന് രവിപുരത്ത് റവന്യൂ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് അനുവദിക്കുന്നതിനും അതിനുപകരം എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഏഴ് സെന്റ് സ്ഥലം എറണാകുളം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) രജിസ്ട്രാർ ഓഫീസ് പണിയാൻ തുക അനുവദിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

379(830) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

1. സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ

2. ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം തിരികെ നല്കുന്നതിനുള്ള നടപടികൾ

3. ആധാര രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ.

4. ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് കമ്പ്യൂട്ടർ മുഖാന്തിരം തന്നെ ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം

5. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും തടസ്സം കൂടാതെയുള്ള ഇന്റർനെറ്റ് സൗകര്യങ്ങൾക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

6. സബ് രജിസ്ട്രാർ ഓഫീസുകളിലെ മുൻ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ

7. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സി.സി.റ്റി.വി ക്യാമറകൾ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

8. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലും ജില്ലാ രജിസ്ട്രാർ ഓഫീസിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു.

9. ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന എനിവെയർ രജിസ്ട്രേഷൻ സൗകര്യം.

10. ആധാരപ്പകർപ്പുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം.

11. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം

(ബി) സംസ്ഥാനത്തെ ഏതൊക്കെ രജിസ്ട്രാർ ഓഫീസുകളാണ് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു വരുന്നു. നാളിതുവരെ കോംപാക്ടറുകൾ സ്ഥാപിച്ച ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| |
|---|
| IGR Office |
| SRO Palakkad |

| |
|---|
| SRO Nedumangad |
| SRO Pattom |
| SRO Thrikkakkara |
| SRO Alappuzha |
| SRO Venganoor |
| SRO Adoor |
| SRO Ranni |
| SRO SulthanBathery |
| SRO Thrissur |
| SRO Kottakkal |
| SRO Manjeri |
| SRO Rajapuram |
| SRO Karunagapally (Prl) |
| SRO Mannar |
| SRO Vaikom |
| SRO Rajakumari |
| SRO Ollukkara |
| SRO Koduvayur |
| SRO Perinthalmanna |
| SRO Kakkodi |
| SRO Kannur |
| SRO Alangad |
| SRO Manjeswaram |
| SRO Badiaduka |
| SRO Chithara |
| SRO Irinjalakkuda |
| SRO Kozhenchery |
| SRO Kondotty |
| SRO Makkaraparamba |
| SRO Vadakkencherry |
| SRO Kattakkada |
| SRO Kattappana |
| SRO Thenjipalam |
| SRO Perambra |

| |
|---|
| SRO Kunnamkulam |
| SRO Pazhayannur |
| SRO Kalpakanchery |
| SRO Cherpulassery |
| SRO Thrithala |
| SRO Tanur |
| SRO Akkikavu |
| SRO Vithura |
| SRO Kanjiramkulam |
| SRO Kanyakulangara |
| SRO Navaikulam |
| SRO Mararikkulam |
| SRO Thopramkudi |
| SRO Thodupuzha |
| SRO Udumbanchola |
| SRO Kuttippuram |
| SRO Payyoli |
| SRO Naduvannur |
| SRO Chelannur |
| SRO Thaliparamba |

(സി) നിലവിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എത്ര രജിസ്ട്രാർ ഓഫീസുകളാണുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കോർഡ് മുറികൾ നവീകരിക്കുന്നതിനായി കോംപാക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകുകയുണ്ടായി. കെട്ടിട നിർമ്മാണം പൂർത്തിയായ 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റിക്കോർഡ് മുറികൾ നവീകരിക്കുന്നതിനായുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

380(831) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; വിവരം നൽകുമോ?

ഉണ്ട്. കണ്ണൂർ താലൂക്ക് കല്യാശ്ശേരി അംശം ദേശം റീസർവ്വെ 387/2-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിനായി കെട്ടിടം നിർമ്മിക്കുവാൻ ഭൂമി ലഭ്യമായിട്ടുണ്ട്.

(ബി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിനായി ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി

381(832) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കാനായി ഭൂമി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി)കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

382(833) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ

വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ക്ലാർക്ക് - എട്ട്, ഡ്രൈവർ – ഒന്ന്, ഓഫീസ് അറ്റൻഡന്റ് - ഒൻപത്, സി.എ – ഒന്ന്, പി.റ്റി.എസ്. - ഒന്ന് എന്നിങ്ങനെ 20 താത്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 2022 ഒക്ടോബർ മാസം 12 പേർ മാത്രമാണ് സേവനത്തിൽ തുടരുന്നത്. ക്ലാർക്ക് - അഞ്ച്, ഓഫീസ് അറ്റൻഡന്റ് - നാല്, ഡ്രൈവർ – ഒന്ന് എന്നിവർക്കായി വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി ആകെ 2,63,168/- (രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട്) രൂപ അനുവദിച്ചിട്ടുണ്ട്. ഇനി ഓഫീസ് അറ്റൻഡന്റ് - ഒന്ന്, പി.റ്റി.എസ് - ഒന്ന് എന്നിവർക്ക് ഒക്ടോബർ 2022-ലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകാനുണ്ട്.

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച

മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

19 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.റ്റി.എസ് തസ്തികയിൽ കുടുംബശ്രീ മുഖേന ഒരു നിയമനവും നടത്തിയിട്ടുണ്ട്.

**സഹകരണ ബാങ്കിൽ ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തിക സൃഷ്ടിക്കാൻ നടപടി**

383(834) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ പുനഃസംഘടനയ്ക്കായി സഹകരണ വകുപ്പ് രജിസ്ട്രാർ ഭരണപരിഷ്കാര വകുപ്പിലേക്ക് 21-03-2022-ലെ ജി(3)4562/2021 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ള റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ എന്നിവരുടെ എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സഹകരണ ബാങ്കുകളിൽ നടന്ന ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ പുതിയ ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ?

(എ-സി) സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**അണ്ടർ വാല്യൂവേഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി**

384(835) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അണ്ടർ വാല്യൂവേഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ദീർഘകാലമായി നടപടി സ്വീകരിക്കാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അണ്ടർവാല്യുവേഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ദീർഘകാലമായി നടപടികൾ സ്വീകരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 01-01-1986 മുതൽ 31-03-2017 വരെയുള്ള കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി 23-05-2018 -ലെ G.O(P) No.74/2018/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോമ്പൗണ്ടിംഗ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും ആയതിന്റെ കാലാവധി S.R.O.No.304/2022 ആയി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30-03-2022-ലെ G.O(P) No.28/2022/TAXES

നമ്പർ സർക്കാർ ഉത്തരവിനാൽ 31-03-2023 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു.

(ബി) മങ്കട ബ്ലോക്ക് പഞ്ചായത്തിൽ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്ത് നല്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമവിധേയമല്ലാത്ത നടപടികൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലെ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്തു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ നിയമവിധേയമായാണോ നടത്തിയിട്ടുള്ളതെന്ന് വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. നിയമവിധേയമല്ലെന്ന് കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## 'ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം' പദ്ധതി

385(836) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം' എന്ന പദ്ധതിയുടെ വയനാട് ജില്ലയിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ-സി) എടച്ചേന കുങ്കന്റെ നാമധേയത്തിൽ വയനാട് ജില്ലയിൽ നിർമ്മിക്കുന്ന സമുച്ചയത്തിനായി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നാട്ടരങ്ങ്**

386(837) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന 'നാട്ടരങ്ങ് ' എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

(എ&ബി) വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ കല്ലറ ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ 57/11 ഉൾപ്പെട്ട സ്ഥലത്ത്

സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാട്ടരങ്ങ് ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊടക്കാട് നാടൻ കലാഗ്രാമം (ഫോക് ലോർ വില്ലേജ്)**

387(838) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് നാടൻ കലാഗ്രാമം (ഫോക് ലോർ വില്ലേജ്) ആരംഭിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ഭൂമി നൽകാൻ റവന്യൂ അധികൃതർ സാങ്കേതിക പ്രശ്നം ഉന്നയിച്ച സാഹചര്യത്തിൽ സാംസ്കാരിക വകുപ്പുവഴി ഭൂമി വിട്ടുകിട്ടാൻ സ്വീകരിച്ച നടപടിയേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭൂമി കൈമാറുന്ന വിഷയം സർക്കാരിലെ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**ചെമ്പകശ്ശേരി വിശ്വം സ്മാരക നിർമ്മാണം**

388(839) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ ചെമ്പകശ്ശേരി വിശ്വം സ്മാരകത്തിന്റെ പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

(എ&ബി) ചെമ്പകശ്ശേരി വിശ്വം സ്മാരക സമിതിക്ക് 2017-18 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 20 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചെമ്പകശ്ശേരി വിശ്വം സ്മാരക സമിതി പ്രസിഡന്റ് 22-09-2020-ന് ശ്രീ. കെ. ബാബു എം.എൽ.എ. മുഖാന്തിരം സാംസ്കാരിക വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് അയച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സമിതിക്ക് സർക്കാരിൽ നിന്ന് നാളിതുവരെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുവാൻ 16-11-2020 ലെ എ 2-6646/20/സാം.വ നമ്പർ കത്തും

തുടർന്നുള്ള ഓർമ്മക്കുറിപ്പും പ്രകാരം ഡയറക്ടർ ചെമ്പകശ്ശേരി വിശ്വം സ്മാരക സമിതി പ്രസിഡന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ സമിതിയുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവുമുണ്ടാകാത്ത സാഹചര്യത്തിൽ, അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് ഡയറക്ടർ അറിയിച്ചതിനാൽ സർക്കാരിലെ ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുകയുണ്ടായി. ആവശ്യപ്പെട്ട രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കുട്ടനാട്ടിലെ വള്ളംകളികൾക്ക് സ്ഥിരം കലാവിരുന്ന് വേദികൾ**

389(840) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വിവിധ വള്ളംകളികളുടെ തലേ ദിവസങ്ങളിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ അതത് പ്രദേശങ്ങളിൽ കലാവിരുന്നുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗിനോട് അനുബന്ധിച്ച് ഓരോ കേന്ദ്രങ്ങളിലും കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഇത്തരം കലാപരിപാടികളുടെ ഭാഗമായിട്ട് കേരളത്തിന്റെ തനത്

കലാരൂപങ്ങളാണ് വിനോദസഞ്ചാരികൾക്കായി അവതരിപ്പിച്ച് വരുന്നത്. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ കലാ വിരുന്നുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല.

(ബി) ഇത്തരം പരിപാടികൾ കുട്ടനാടിന്റെ സാംസ്കാരിക തനിമ പൊതു ജനങ്ങൾക്ക് ബോധ്യപ്പെടുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ഗുണകരമെന്ന് കണ്ട് ഇതിനായി സ്ഥിരം വേദികൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെയും കായിക്കര ആശാൻ സ്മാരകത്തിന്റെയും നിർമ്മാണ പുരോഗതി**

390(841) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് പത്തുകോടി രൂപ അനുവദിച്ച തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെയും മൂന്നുകോടി രൂപ അനുവദിച്ച കായിക്കര ആശാൻ സ്മാരകത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളേതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു ഏജൻസി മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്; നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കനകജൂബിലി മന്ദിരം, ദേശീയ പൈതൃക മ്യൂസിയം, ആശാൻ കാവ്യ ഭൂമി ഓപ്പൺ എയർ തീയേറ്റർ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിക്കായി 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ മറുപടി ചർച്ചയിൽ പ്രഖ്യാപിച്ച 10 കോടി രൂപയും 2019-20 വർഷം ടി സ്ഥാപനത്തിന്റെ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപയും ചേർത്ത് ആകെ 10 കോടി 60 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2019-20 സാമ്പത്തിക വർഷം ടി തുകയിൽ നിന്നും ആദ്യ ഗഡുവായി 2,65,00,000/-രൂപ (രണ്ട് കോടി അറുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും സാമ്പത്തിക നിയന്ത്രണങ്ങൾ കാരണം ടി തുക തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയിരുന്നില്ല. 2020-21 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 60,00,000/-രൂപ (അറുപത് ലക്ഷം രൂപ മാത്രം) കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിക്കുകയും അതേ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ തെരഞ്ഞെടുക്കുകയും

ചെയ്തിരുന്നു. പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

കായിക്കര ആശാൻ സ്മാരകം സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ വരുന്ന ടി സ്മാരകത്തിന് 2019-20 സാമ്പത്തിക വർഷം 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച Setting up of Tourism Awareness and Information Centre at Kayikkara Asan Smarakom and Providing Visitors Amenities – Anchuthengu, Thiruvananthapuram എന്ന പദ്ധതി പ്രവർത്തനങ്ങൾ 40% പൂർത്തീകരിച്ചിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര, തിരുവനന്തപുരം എന്ന ഏജൻസി മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കി വരുന്നത്.

### കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക കേന്ദ്രം

391(842) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സ്ഥാപിക്കുന്ന സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(ബി) റവന്യൂ, പൊതുമരാമത്ത് വകുപ്പുകളുടെ സഹകരണത്തോടെയുള്ള

പ്രസ്തുത സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

(എ&ബി) പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ അടങ്കൽ തുകയായി അനുവദിച്ച് 100 രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സാംസ്കാരിക സമുച്ചയത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി അർഹതാപത്രം സമർപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയത്തിന്റെ ഡിസൈൻ, തുടർ നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ നടപടികൾ എന്നിവ സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിക്കുന്നതിനും കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടറോടഭ്യർത്ഥിച്ചിരുന്നു. പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായി തുക വകയിരുത്തിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണം നടത്തുകയും പ്രവൃത്തികളുടെ മേൽ നോട്ട ചുമതലയും സ്ഥാപനത്തിന്റെ നടത്തിപ്പും കൂത്തുപറമ്പ് നഗരസഭയുടെ നേതൃത്വത്തിൽ നിർവ്വഹിക്കാവുന്നതുമാണെന്ന നിർദ്ദേശം സാംസ്കാരിക വകുപ്പ് ഡയറക്ടർ

സമർപ്പിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട ഡെപ്യൂട്ടേഷൻ നിയമനങ്ങൾ**

392(843) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട വകുപ്പുകളിലേക്കും കോർപ്പറേഷനുകളിലേക്കും ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തെയ്യം, തിറ കലാകാരന്മാർക്ക് അക്കാദമി**

393(844) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ പ്രസിദ്ധമായ തെയ്യം, തിറ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

തെയ്യം, തിറ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനായി വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ ഈ കലാ വിഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തെയ്യത്തിനായി 30 ഫെല്ലോഷിപ്പും തിറയ്ക്കായി 15 ഫെല്ലോഷിപ്പും നിലവിലുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തെയ്യം, തിറ ഉൾപ്പെടെയുള്ള കലാരൂപങ്ങളുടെ പഠനവും പരിപോഷണവും നടത്തിവരുന്നു. പാരമ്പര്യമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വിവിധ പുരസ്കാരങ്ങൾ എല്ലാ വർഷവും അക്കാദമി നൽകി വരുന്നു. പത്തു മുതൽ പതിനേഴ് വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം നാടൻകലാപരിശീലനം തേടുന്നതിനുള്ള സ്റ്റൈപ്പന്റ് അക്കാദമി അനുവദിക്കുന്നുണ്ട്. അവശകലാകാരന്മാർക്കുള്ള ചികിത്സാധനസഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത മേഖലയിലെ കലാകാരന്മാർക്കുവേണ്ടി അക്കാദമി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ കേരള ഫോക്‌ലോർ അക്കാദമിയുടൈ നേതൃത്വത്തിൽ തെയ്യം, തിറയുൾപ്പെടെയുള്ള കലാരൂപങ്ങളുടെ പഠനവും പരിപോഷണവും നടത്തി വരുന്നു. തലശ്ശേരി ചൊക്ലിയിൽ തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് 20-02-2021-ലെ സ.ഉ.(സാധാ.)നമ്പർ 129/2021/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിര നിർമ്മാണം**

394(845) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(സി) ഭരണാനുമതി എന്നത്തേക്ക് ലഭ്യമാകുമെന്ന് അറിയിക്കുമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ തുടർനടപടികൾക്കായി പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം സമർപ്പിക്കുവാൻ സ്ഥാപനത്തിന് സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പാലക്കാട് കൽപ്പാത്തി ഗ്രാമത്തിലെ വീടുകളുടെ പുനർനിർമ്മാണത്തിന് അനുമതി

395(846)ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

പാലക്കാട് കൽപ്പാത്തി ഗ്രാമത്തെ പൈതൃക ഗ്രാമമായി പ്രഖ്യാപിച്ചതിനാൽ ഇവിടുത്തെ വീടുകളുടെ പുനർ നിർമ്മാണം നടത്തുന്നതിന് ജില്ലാതലത്തിൽ തന്നെ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സാംസ്കാരിക വകുപ്പിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല.

**രാജാരവിവർമ്മയ്ക്ക് സമുചിത സ്മാരകം നിർമ്മിക്കുന്നതിന് നടപടി**

396(847) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശ്വ പ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മയുടെ ജന്മ സ്ഥലമായ കിളിമാനൂരിൽ സമുചിത സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള ലളിതകലാ അക്കാദമിക്ക് കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിലയമുണ്ട്. ഈ സ്മാരകനിലയത്തിൽ ആർട്ടിസ്റ്റ് സ്റ്റുഡിയോ റസിഡൻസി, ആർട്ട് ഗ്യാലറി, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ നിലവിൽ പ്രവർത്തിക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിളിമാനൂർ

പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപം രാജാരവിവർമ്മയുടെ സ്മാരകമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള ആർട്ടിസ്റ്റ് സ്ക്വയർ നിർമ്മിക്കുമെന്നും ലളിതകലാ അക്കാദമിയുടെ ചുമതലയിലായിരിക്കുമിത് നടപ്പാക്കുകായെന്നും പ്രഖ്യാപിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട നടപടികൾ അക്കാദമി കിളിമാനൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

**മിശ്രഭോജന സ്മാരക നിർമ്മാണം**

397(848) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായിയിലെ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജനത്തിന്റെ സ്മരണക്കായി സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(സി) എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന്

വ്യക്തമാക്കുമോ?

(എ-സി) മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിനും അതിന്റെ മേൽനോട്ട നിർവ്വഹണത്തിനും സഹോദരൻ അയ്യപ്പൻ സ്മാരകം സെക്രട്ടറിക്ക് ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുള്ളതിനാലും സഹോദരൻ അയ്യപ്പൻ സ്മാരകവും അതിനോടനുബന്ധിച്ചുള്ളവയും മുസിരിസ് പൈതൃക പദ്ധതിയിലെ ഒരു മുഖ്യ ഘടകമായതിനാലും മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സാംസ്കാരിക കാര്യ വകുപ്പിൽ നിന്നും സ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി**

398(849) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ വിശദവിവരവും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണെന്ന് കരുതുന്നു. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങി എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാവും ഈ സാംസ്കാരിക സമുച്ചയങ്ങൾ.

ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ദ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്.

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി)

ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 ഏക്കർ വരെ ഭൂമി കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 5 ഏക്കർ സ്ഥലത്ത് പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്നത് നിലവിൽ ആരോഗ്യവകുപ്പിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമിയിലാണ്. ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറിയിട്ടില്ല. ഇതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

**കൊച്ചി മണ്ഡലത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ**

399(850) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ സർക്കാർ ധനസഹായം നൽകി വരുന്ന സാംസ്കാരിക കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2021-22 സാമ്പത്തിക വർഷം കൊച്ചി നിയോജകമണ്ഡലത്തിലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങൾക്ക് എത്ര വീതം ധനസഹായം നൽകിയെന്ന് വിശദമാക്കുമോ?

(എ&ബി) കൊച്ചി നിയോജകമണ്ഡലത്തിലെ കൊങ്കിണി സാഹിത്യ അക്കാഡമി, പി. ജെ ആന്റണി ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം പി.ജെ ആന്റണി ഫൗണ്ടേഷന് 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്.

**മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമി**

400(851) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിലുള്ള കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമിക്ക് ബജറ്റിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപയ്ക്കുപുറമെ 25 ലക്ഷം രൂപ കൂടി അധികം നൽകുമെന്ന് ബജറ്റ് ചർച്ചകൾക്ക് ബഹു. വകുപ്പുമന്ത്രി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുക അക്കാദമിക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ബജറ്റ് ചർച്ചകൾക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ

അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം /വേതനം ഇനത്തിൽ കുടിശ്ശിക നിലവിലുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ നിർദ്ദേശിച്ചതടക്കമുള്ള വിവിധ സാംസ്കാരിക പരിപാടികൾ നടത്തിയ വകയിൽ അക്കാദമിക്ക് നിലവിൽ എത്ര രൂപ കടമുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിൽ ശമ്പള ഇനത്തിൽ 9.80 ലക്ഷം രൂപ കുടിശ്ശികയും സാംസ്കാരിക പരിപാടികൾ നടത്തിയ വകയിലും, വൈദ്യുതി, വെള്ളം, ടെലിഫോൺ വാടക ഇനത്തിലുമായി 7 ലക്ഷം രൂപ കടവുമുണ്ടെന്ന് 31-11-2022 ലെ എം.കെ.എം.730/2022/സാം.കാ.വ കത്ത് പ്രകാരം മാപ്പിള കലാ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധമായ രേഖകൾ സർക്കാർ വിശദമായി പരിശോധിച്ചിട്ടില്ല.

(ഡി) പ്രസ്തുത സാംസ്കാരിക നിലയത്തെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബജറ്റ് ചർച്ചകൾക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ കൂടി മാപ്പിള കലാ അക്കാദമിക്ക് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം**

401(852) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോഴേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ?

കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2022 ഡിസംബർ മാസം അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിലേതുൾപ്പെടെയുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**'ചെങ്ങന്നൂർ പെരുമ'**

402(853)<u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ നാടിന്റെ ഗതകാല സാംസ്കാരിക പ്രതാപവും മൂല്യങ്ങളും പൈതൃകവും തിരിച്ചുപിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിലവിൽ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ 'ചെങ്ങന്നൂർ പെരുമ ' എന്ന സാംസ്കാരിക സർഗ്ഗോത്സവത്തിന്റെ മാതൃകയിൽ സംസ്ഥാനത്താകെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരത്തിൽ ഒരു സാംസ്കാരികോത്സവം സർക്കാർ ആലോചിച്ചിട്ടില്ല.

**സാംസ്കാരിക വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

403(854) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കേരള പൂരക്കളി അക്കാദമിക്ക് പ്രവർത്തന ഫണ്ട്**

404(855) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ആസ്ഥാനമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ രൂപീകൃതമായ കേരള പൂരക്കളി അക്കാദമിക്ക് 2022-23 സാമ്പത്തിക വർഷം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലെങ്കിൽ അക്കാദമിയുടെ തനത് പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്ഥാപനം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം**

405 (856) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങൾക്കും നരബലി പോലുള്ള അനാചാരങ്ങൾക്കുമെതിരെ സമഗ്രമായ നിയമം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇക്കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) ഇത്തരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം

ചെയ്യുന്നതിനായി വിവിധ മതവിഭാഗങ്ങളിലെ മതപണ്ഡിതന്മാരുമായി ആശയവിനിമയം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

(സി) ബാല്യകാലം മുതൽ യുക്തിബോധവും ശാസ്ത്രബോധവും വളർത്തി മാനവീകതയിലടിസ്ഥാനപ്പെടുത്തിയ സമൂഹ സൃഷ്ടിക്കായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടയുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ?

(സി&ഡി)യുക്തിബോധവും ശാസ്ത്രബോധവുമുള്ള സമൂഹസൃഷ്ടിക്കായും മയക്കു മരുന്ന്, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ആശയ, പ്രചാരണ, ബോധവത്ക്കരണ പരിപാടി നടത്തുന്നതിനുമുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ട്.

**വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

406(857) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളേതെല്ലാമെന്ന് വിശദീകരിക്കുമോ?

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷസമത്വമെന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് സമം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി 2019-20 ലെ ബഡ്ജറ്റ് മുതൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ചിത്രങ്ങൾ ഓരോ വർഷവും സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

സമം പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.എസ്.എഫ്.ഡി.സി.-ക്ക് 07-03-2022-ലെ സ.ഉ (സാധാ) നം. 132/2022/സാം.കാ.വ. പ്രകാരം 2021-22 സാമ്പത്തിക വർഷം 55.50 ലക്ഷം രൂപ അനുവദിച്ച് നല്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സമത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപയിൽ കെ.എസ്.എഫ്.ഡി.സി.ക്ക് ആദ്യം അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 25 ലക്ഷം രൂപ കൂടി അനുവദിച്ച്

നല്കിയിട്ടുണ്ട്.

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ

407(858) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലേതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് സ്ഥാപനങ്ങൾ ഒന്നുമില്ല.

## ഫോക് ലോർ അക്കാദമി വെള്ളാവൂർ ഉപകേന്ദ്രം

408(859) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോക് ലോർ അക്കാദമി വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; അവിടെ നൽകിവരുന്ന സേവനങ്ങൾ, ക്ലാസുകൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

കേരള ഫോക് ലോർ അക്കാദമിയുടെ പ്രവർത്തനം കേരളത്തിന്റെ തെക്കൻ

ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ് വെള്ളാവൂർ ഉപകേന്ദ്രം ആരംഭിച്ചത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നു. വെള്ളാവൂർ ഉപകേന്ദ്രത്തിൽ നാടൻപാട്ട് പരിശീലനം, ഉപകരണസംഗീത പരിശീലനം എന്നിവ നടത്തിയിരുന്നു.

(ബി) പ്രസ്തുത ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) കൂടുതൽ വിപുലമായ പ്രചാരണ പരിപാടികളിലൂടെ പ്രസ്തുത കേന്ദ്രത്തിന്റെ പ്രയോജനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പടയണി, വേലകളി എന്നീ കലാരൂപങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**നാട്ടരങ്ങ് പദ്ധതി**

409(860) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു വകുപ്പിന്റെ സാങ്കേതിക വിഭാഗമാണ് നാട്ടരങ്ങ് പദ്ധതിക്കുവേണ്ടി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി

സമർപ്പിക്കേണ്ടതെന്നറിയിക്കുമോ;

(ബി)എന്തൊക്കെ വിശദാംശമാണ് പ്രസ്തുത പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതെന്ന് വിശദമാക്കുമോ?

(എ&ബി) സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതുയിടങ്ങളില്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി അവിടെ ഗതാഗത തടസ്സമില്ലാതെ കലാസാംസ്കാരിക പ്രവർത്തനത്തിന് ഒരു വേദി ഒരുക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ്. ഒരു തുറന്ന സ്റ്റേജും ഒരു ചമയ മുറിയും ഏതാനും ചാരു ബഞ്ചുകളുമാണ് നിർമ്മിക്കപ്പെടുന്നത്. പ്രകൃതി സൗഹൃദ നിർമ്മാണ രീതിയാണ് അനുവർത്തിക്കുന്നത്. മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് തയ്യാറാക്കുന്നത്. നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയാണ് നാട്ടരങ്ങുകൾ സ്ഥാപിച്ചു വരുന്നത്. പ്രസ്തുത നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെയും പ്ലാനിന്റേയും അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ വർക്ക് ഓർഡർ നൽകി തുടർന്ന് കരാറിൽ ഒപ്പു വച്ചശേഷം നിർമ്മാണം ആരംഭിക്കുകയാണ് ചെയ്യുന്നത്. നിർമ്മാണം പൂർത്തിയാക്കിയ നാട്ടരങ്ങുകളുടെ മേൽനോട്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

(സി) പ്രസ്തുത പദ്ധതി നോൺ പി.എം.സി (നോൺ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി) അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്നതിന് സാധിക്കുമോയെന്നറിയിക്കുമോ?

നാട്ടരങ്ങ് പദ്ധതി നോൺ പി.എം.സി അക്രഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

**ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കാൻ നടപടി**

410(861) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികളേതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണമെന്ന് ആരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) 31-03-2022-ലെ സ.ഉ.(സാധാ)നം.288/2017/സാം.കാ.വ. പ്രകാരം കലാഭവൻ മണി സ്മാരക നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. സ്മാരകം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് അനുവദിച്ച് നൽകിയ സ്ഥലം അപര്യാപ്തമായതിനാൽ ടി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന ചാലക്കുടി നഗരസഭയുടെ സ്ഥലം അനുവദിക്കുന്നതിന് സമ്മതമാണെന്ന്

നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ അളവും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാരക നിർമ്മാണം സംബന്ധമായി 28-06-2022-ൽ മുൻ സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ബഹു. ചാലക്കുടി എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നിലവിൽ ലഭ്യമായ സ്ഥലത്ത് റോഡിനുവേണ്ടി സ്ഥലമേറ്റെടുത്ത് കഴിഞ്ഞാൽ ബാക്കി എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം പണിയാൻ കഴിയുമെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 15 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമുള്ള പ്രൊപ്പോസൽ വ്യക്തമായ ശിപാർശയോടെ സമർപ്പിക്കാൻ ഫോക് ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകാനും പ്രസ്തുത സ്ഥലം ലഭ്യമാകുമ്പോൾ എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആരായുവാനും തീരുമാനിച്ചു. ഇതിൻ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

(464, 517, 544, 546, 551, 559, 566, 577 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(4) <u>ഉച്ചഭക്ഷണ വിതരണം സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിന്റെ ബാക്കിഭാഗം</u>

**(i)** സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനായി നൽകിവരുന്ന തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം

60:40 എന്ന മാൻഡേറ്ററി അനുപാതത്തിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതിയായ 'സ്കൂൾ ഉച്ചഭക്ഷണ പദ്ധതി' നടത്തിപ്പിനായി സ്കൂളുകൾക്ക് പാചക ചെലവിനത്തിനായി കണ്ടിജൻസി ഫണ്ടാണ് അനുവദിക്കുന്നത്. പ്രസ്തുത തുക പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം മുതലായവ വാങ്ങുന്നതിനും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി കുട്ടികൾക്ക് നൽകുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ ചെലവുകൾക്കുമാണ് വിനിയോഗിക്കുന്നത്.

05-09-2016-ലാണ് ഏറ്റവും ഒടുവിലായി സംസ്ഥാന സർക്കാർ പാചക ചെലവ് തുക പരിഷ്കരിച്ചത്. ആയതുപ്രകാരം ഉച്ചഭക്ഷണം കഴിക്കുന്ന

കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

സ്ലാബ്- I - 150 കുട്ടികൾവരെ - കുട്ടിയൊന്നിന് 8 രൂപ

സ്ലാബ്- II - 151 മുതൽ 500 കുട്ടികൾ വരെ കുട്ടിയൊന്നിന് 7 രൂപ

സ്ലാബ്- III – 500-ന് മുകളിൽ കുട്ടിയൊന്നിന് 6 രൂപ.

പ്രൈമറി വിഭാഗം കുട്ടികൾക്ക് കുട്ടി ഒന്നിന് പ്രതിദിനം 4.97 രൂപയും അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് കുട്ടിയൊന്നിന് പ്രതിദിനം 7.45 രൂപയുമാണ് കേന്ദ്ര-സംസ്ഥാന മാൻഡേറ്ററി വിഹിതം ഉൾപ്പെടെ പാചക ചെലവിനത്തിലായി അനുവദിക്കുന്ന നിരക്കുകൾ. എന്നാൽ സംസ്ഥാനത്ത് പ്രസ്തുത ഉത്തരവുപ്രകാരം 8 രൂപ, 7 രൂപ 6 രൂപ നിരക്കാണ് നിലവിലുള്ളത്.

സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. എന്നാൽ ഇതിനുള്ള ചെലവുകൂടി ഉച്ചഭക്ഷണം നൽകുവാനുള്ള തുകയിൽനിന്നാണ് കണ്ടെത്തുന്നത്. ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരു ദിവസം മുട്ട, നേന്ത്രപ്പഴം എന്നിവ നൽകുന്നതിന് കുട്ടിയൊന്നിന് 20 രൂപയോളം ചെലവ് വരുന്നതായും പാചക വാതകം, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ

നിലവിൽ പാചകചെലവിനത്തിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കുക്കിംഗ് കോസ്റ്റ് സ്ലാബ് സമ്പ്രദായത്തിന് (8 രൂപ/7 രൂപ/6 രൂപ) പകരം പരിഷ്കരിച്ച് പ്രൈമറി, അപ്പർ പ്രൈമറി എന്നിങ്ങനെ വേർതിരിച്ച് 6 രൂപ, 8 രൂപ എന്നീ നിരക്കുകളിൽ (കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ) കുക്കിംഗ് കോസ്റ്റ് പരിഷ്കരിക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ വിതരണത്തിനായി കുട്ടിയൊന്നിന് ആഴ്ചയിൽ 20 രൂപ അനുവദിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

എന്നാൽ മെറ്റീരിയൽ കോസ്റ്റിന്റെ (പാചക ചെലവ്) കേന്ദ്ര, സംസ്ഥാന മാൻഡേറ്ററി നിരക്കുകൾ പരിഷ്കരിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിരക്കുകളിൽ 9.6 ശതമാനം വർദ്ധനവ് വരുത്തിയാണ് പുതിയ നിരക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ബാലവാടിക, പ്രൈമറി വിഭാഗങ്ങളുടെ മെറ്റീരിയൽ കോസ്റ്റ് നിരക്ക് 4.97 രൂപയിൽ നിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45

രൂപയിൽ നിന്ന് 8.17 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി വിഭാഗത്തിന്റെ പുതുക്കിയ മാൻഡേറ്ററി മെറ്റീരിയൽ കോസ്റ്റ് (8.17 രൂപ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന സ്ലാബ് സമ്പ്രദായം പ്രകാരമുള്ള മെറ്റീരിയൽ കോസ്റ്റ് നിരക്കുകളേക്കാൾ (6 രൂപ/7 രൂപ/8 രൂപ) ഉയർന്ന തുകയാണ്. 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള ടി മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ് തുക) സംസ്ഥാനത്തെ പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകളിൽ അനുവദിക്കുന്ന കാര്യം അടിയന്തരമായി പരിശോധിക്കുന്നതാണ്.

(ii) സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം

കുട്ടികളിൽ കൃഷി സംബന്ധമായ അറിവുകൾ വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ അളവിലെങ്കിലും വിഷരഹിത പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമാണ് സ്കൂളുകളിൽ അടുക്കള പച്ചക്കറി തോട്ടം സജ്ജീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിക്കുമുൻപ് നിരവധി സ്കൂളുകളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിരുന്നു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക അഭിനന്ദനത്തിന് പാത്രീഭൂതമായ സംസ്ഥാനത്തിന്റെ ഈ മാതൃക ഇന്ന് മറ്റ് സംസ്ഥാനങ്ങൾ പിന്തുടരുന്നു. സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം

നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 13-07-2022-ൽ ചേർന്ന പി.എ.ബി. യോഗം നിർദ്ദേശിച്ചിരുന്നു.

സംസ്ഥാനത്തെ സ്കൂളുകളിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്ന 12,037 സ്കൂളുകളിൽ പതിനായിരത്തോളം സ്കൂളുകളിൽ ഇതിനകം അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിച്ചുകഴിഞ്ഞു. അടുത്ത വർഷത്തോടെ കഴിയുന്നിടത്തോളം സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(iii) അക്കാദമിക് കാര്യങ്ങളേക്കാൾ കൂടുതൽ പ്രാധാന്യവും സമയവും പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി നീക്കിവയ്ക്കേണ്ടിവരുന്നു എന്ന വിഷയം

സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് പ്രഥമാദ്ധ്യാപകരുടെ മാത്രം ചുമതലയല്ല. പ്രൈമറി സ്കൂളുകളടക്കം ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുള്ള

എല്ലാ സ്കൂളുകളിലും പദ്ധതി നടത്തിപ്പിനായി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ പി.ടി.എ. പ്രസിഡന്റ് ടി കമ്മിറ്റിയുടെ ചെയർമാനും പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക അതിന്റെ കൺവീനറുമാണ്. ലഭിക്കുന്ന സർക്കാർ ഫണ്ട് കൃത്യമായി വിനിയോഗിച്ചും അതോടൊപ്പം രക്ഷാകർതൃ-പൊതുസമൂഹത്തിന്റെ പിന്തുണയോടും സഹകരണത്തോടുംകൂടി പദ്ധതി കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകേണ്ടതിന്റെ ഉത്തരവാദിത്വം ഉച്ചഭക്ഷണ കമ്മറ്റികളുടേതാണ്. കൂടാതെ, ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാധ്യാപകരെ സഹായിക്കുന്നതിനായി രണ്ട് അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതെല്ലം ഉൾപ്പെടുത്തി 2022-23 അക്കാദമിക് വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 31.5.2022-ലെ സർക്കുലർ മുഖാന്തരം സ്കൂളുകൾക്കും ഡി.ഡി.ഇ., എ.ഇ.ഒ. കാര്യാലയങ്ങൾക്കും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പതിനെട്ടോളം രജിസ്റ്ററുകൾ/ഫോമുകളാണ് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉപയോഗിച്ചിരുന്നത്. ഇത് പത്തായി ചുരുക്കുകയും ഇതിൽ മൂന്നെണ്ണം ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രഥമാധ്യാപകരെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള രണ്ട് അധ്യാപകരിൽ ഒരാളിലാണ് രജിസ്റ്ററുകളുടെ പരിപാലനത്തിന്റെ ചുമതല

നിക്ഷിപ്തമായിട്ടുള്ളത്. ഉച്ചഭക്ഷണ ഹാജർ പുസ്തകം, അക്കൗണ്ട് രജിസ്റ്റർ, പാചകത്തൊഴിലാളികളുടെ ഹാജർ പുസ്തകം എന്നിവ മാത്രമാണ് പ്രതിദിനം രേഖപ്പെടുത്തലുകൾ ആവശ്യമായ രജിസ്റ്ററുകൾ. ഇതിൽ ഉച്ചഭക്ഷണ ഹാജർ പുസ്തകത്തിൽ കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുന്നത് അതത് ക്ലാസ് ടീച്ചർമാരാണ്. ഒരു മാസത്തെ മെനു നിശ്ചയിക്കുന്നത് ഉച്ചഭക്ഷണ കമ്മറ്റിയാണ്. മെനു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിലവിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. സോഫ്റ്റ്‌വെയറിൽ മെനു അപ്ഡേറ്റ് ചെയ്യുക, ഓരോ ദിവസത്തെയും മെനു സ്കൂൾ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുക എന്നിവ മാത്രമാണ് സ്കൂൾ അധികൃതർ ചെയ്യേണ്ടത്. കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് മുൻപ് ഒന്നോ രണ്ടോ എസ്.എം.സി. അംഗങ്ങളും ചാർജ്ജുള്ള അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർ രുചിച്ചുനോക്കി ഗുണനിലവാരം വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിനാണ് രുചി രജിസ്റ്റർ എന്ന് സബ്മിഷനിൽ പരാമർശിക്കുന്ന Meal Tasting-Opinion Recording Register എന്ന രജിസ്റ്റർ ഉപയോഗിക്കുന്നത്. പ്രഥമാധ്യാപകരല്ല മറിച്ച് എസ്.എം.സി. അംഗങ്ങൾ, ചാർജ്ജുള്ള അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവരാണ് ടി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതെന്നതിനാലും

രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും പ്രഥമാദ്ധ്യാപകരുടെ അക്കാദമിക് സമയം ഇക്കാര്യങ്ങൾക്കായി നഷ്ടപ്പെടുന്ന ഒരു സാഹചര്യം സംജാതമാകുന്നില്ല.

(iv) ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിക്കുന്ന തുക സ്കൂളുകൾക്ക് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുയെന്ന വിഷയം

ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായുള്ള കേന്ദ്ര വിഹിതം റിലീസ് ചെയ്തത് ഒക്ടോബർ 4-നാണ്. എന്നാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ജൂൺ, ജൂലൈ മാസങ്ങളിലെ പാചക ചെലവ്, പാചകത്തൊഴിലാളികളുടെ വേതനം എന്നിവയ്ക്കായി 126 കോടി രൂപ സംസ്ഥാന അധിക വിഹിതത്തിൽനിന്ന് സർക്കാർ 22-07-2022-ലെ ഉത്തരവുപ്രകാരം റിലീസ് ചെയ്തിരുന്നു. ഈ തുക ഓഗസ്റ്റ് 2-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും അന്നുതന്നെ PFMS വഴി താഴെ തട്ടിലേയ്ക്ക് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022 ഒക്ടോബർ 4-നാണ് കേന്ദ്ര വിഹിതം ലഭ്യമായത്. 167.38 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിച്ചത്. 21-10-2022-ലെ ഉത്തരവുപ്രകാരം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതമായ 94.95 കോടി രൂപയും ചേർത്ത് ആകെ (167.38+94.95) 262.33 കോടി രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ SNA-യിലേയ്ക്ക്

ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അനുമതി നൽകിയിരുന്നു. തുടർന്ന് തുക നവംബർ 2-ന് പദ്ധതി നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും അന്നുതന്നെ PFMS വഴി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്ന കാലതാമസംമൂലമാണ് സമയബന്ധിതമായി ഫണ്ട് വിതരണം ചെയ്യുവാൻ കഴിയാതിരുന്നത്.

(v) കോമൺ കിച്ചൺ സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള ആവശ്യം

തികച്ചും വികേന്ദ്രീകൃത രീതിയിലാണ് സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. ഉച്ചഭക്ഷണ കമ്മറ്റി, എസ്.എം.സി. മദർ പി.ടി.എ, പ്രഥമാദ്ധ്യാപകർ, മറ്റ് അദ്ധ്യാപകർ എന്നിവരുടെ മേൽനോട്ടമുള്ളതിനാൽ ഗുണമേന്മയുള്ളതും പോഷകപ്രദവും വൈവിധ്യമുള്ളതുമായ ഭക്ഷണം ശുചിത്വമുള്ള അന്തരീക്ഷത്തിൽ കുട്ടികൾക്ക് നൽകുവാൻ സാധിക്കുന്നു. എങ്കിലും കോമൺ കിച്ചൻ സംവിധാനം ഏർപ്പെടുത്തുവാനുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതാണ് .

(5) മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ആരോഗ്യ-വനിത ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന ജനറൽ ആശുപത്രിയെ 30-01-2014-ലെ സ.ഉ. (സാധാ)നം.350/2014 ആ.കു.വ. പ്രകാരം മെഡിക്കൽ കോളേജായി മാറ്റി നാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയാക്കി മാറ്റിയശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ചും വിവിധ സർക്കാർ പദ്ധതികൾ പ്രകാരവും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും ഉപകരണങ്ങൾ വാങ്ങുകയും ജനറൽ ആശുപത്രിയുടെ ഭാഗമായുള്ള ഡോക്ടർമാരെ കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനകരമാകുംവിധം പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കിയാണ് മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. ആശുപത്രിയോടനുബന്ധമായി പ്രധാന കെട്ടിടത്തിലെ വിവിധ നിലകളെ ബന്ധിപ്പിച്ചുകൊണ്ട് റാമ്പ് നിർമ്മിക്കുകയും 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സജ്ജമാക്കുകയും കാഷ്വൽറ്റി നവീകരണ പ്രവർത്തനങ്ങൾ,

ലേബർ റൂം വിപുലീകരണം, എം.ആർ.ഐ. സ്കാനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം, വിവിധ ഐ.സി.യു.-കളുടെ നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണ പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നു വരുന്നത്. ആശുപത്രിയോട് ചേർന്ന് ക്ലിനിക്കൽ ബ്ലോക്ക്, റേഡിയോളജി കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം പി.ഡബ്ല്യൂ.ഡി. ചുമതലയിൽ കണ്ടെത്തിയിട്ടുള്ളതും ആയത് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകികൊണ്ട് പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റോർ കോംപ്ലക്സിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരികയാണ്.

മുമ്പ് നിർമ്മാണം പൂർത്തീകരിച്ചിരുന്ന ബ്ലോക്ക് 1, പുതുതായി നിർമ്മിച്ച ബ്ലോക്ക് 2 എന്നിവയിലായാണ് മെഡിക്കൽ കോളേജ് അക്കാദമിക് വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നത്. മെഡിക്കൽ കോളേജിൽ 4 ബാച്ചുകളിലായി നാനൂറോളം വിദ്യാർത്ഥികൾ എം.ബി.ബി.എസ്. കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുകയും നിലവിൽ 5 ബാച്ചുകളിലായി 550 കുട്ടികൾ

പഠിക്കുകയും ഒരു ബാച്ച് ഹൗസ് സർജൻസി പരിശീലനം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.ടി. എന്നീ മൂന്ന് വിഭാഗങ്ങളിലായി 2 വീതം പി.ജി. സീറ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്ന് അനുമതി 2021-ൽ ലഭ്യമാക്കി ആദ്യ പി.ജി. ബാച്ച് ആരംഭിക്കുകയും ചെയ്തിരുന്നു. രണ്ടാമത്തെ പി.ജി. ബാച്ചിനുള്ള അഡ്മിഷൻ ഇപ്പോൾ നടന്നുവരുന്നു.

അക്കാദമിക് കെട്ടിടങ്ങൾ കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ഹോസ്റ്റലുകൾ, ടീച്ചിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്ക് പ്രത്യേകം ക്വാർട്ടേഴ്സുകൾ, ഇന്റേണൽ റോഡ്, ആഡിറ്റോറിയം എന്നീ പ്രവൃത്തികൾ 103.86 കോടി രൂപ ചെലവഴിച്ച് ആരംഭിക്കുകയും ആഡിറ്റോറിയത്തിന്റെ സിവിൽ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ കെട്ടിടങ്ങളുടെയും സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മറ്റ് പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ PM ABHIM പദ്ധതിപ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോട് ചേർന്ന് 23.75 കോടി രൂപ ചെലവിൽ പുതുതായി ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല നൽകിയിട്ടുള്ള എസ്.പി.വി.യായ

കിറ്റ്കോയുടെ പ്രതിനിധികൾ സ്ഥല പരിശോധന നടത്തുകയും വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്. സൈറ്റ് ക്ലിയറൻസിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു ഓക്സിജൻ ജനറേറ്റർ മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവർത്തനക്ഷമമാക്കി നിലവിൽ ആശുപത്രിക്കുസമീപം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ആശുപത്രിയോട് ചേർന്ന് 60 ലക്ഷം രൂപ ചെലവിൽ Effluent Treatment Plant (Bio Medical Liquid Waste) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ രണ്ട് നിലകളോടുകൂടിയ ക്യാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ആയത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കോളേജിന്റെ എൻ.എം.സി. പരിശോധന ഉടൻ പ്രതീക്ഷിക്കുന്നതിനാൽ ആയതിനുള്ള സജ്ജീകരണങ്ങളും ഒരുക്കി വരുന്നു.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും 21.82 ഏക്കർ സ്ഥലത്താണ് നിലവിൽ സ്ഥിതി ചെയ്യുന്നത്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടേയും ആശുപത്രിയുടേയും തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 16-02-2019-ലെ സ.ഉ. (കൈ) നമ്പർ 28/2019/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി

നൽകിയിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിന് കോസ്റ്റ് ഓഫ് അക്വിസിഷനായി നിശ്ചയിച്ച 13,81,88,970/- രൂപയുടെ ഭരണാനുമതി 14-12-2021-ന് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി വേണ്ടിവരുന്ന 5 ശതമാനത്തിൽ കുറയാത്ത കണ്ടിൻജൻസി തുകയായ 50 ലക്ഷം രൂപ സർക്കാരിൽനിന്നും ലഭ്യമാകുകയും ആയത് മലപ്പുറം എൽ.എ. സ്പെഷ്യൽ തഹസീൽദാർക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകിയിട്ടുള്ളതുമാണ്. ഈ ഭൂമി മലപ്പുറം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഏറനാട് തഹസിൽദാറിന്റേയും താലൂക്ക് സർവ്വേയറുടേയും സാന്നിധ്യത്തിൽ അളന്ന് അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി സംബന്ധമായി സാമൂഹ്യ ആഘാത പഠനം നടത്തുകയും ആയതിന്റെ പഠന റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. സർക്കാർ അനുമതി ലഭ്യമായിട്ടുള്ള കോളേജിനോടും ആശുപത്രിയോടും ചേർന്ന് കിടക്കുന്ന പ്രസ്തുത സ്ഥലം അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നത് കോളേജിന്റെയും ആശുപത്രിയുടേയും അടിസ്ഥാന സൗകര്യ വികസനത്തിന് ഏറെ ഉപകാരപ്രദമായതിനാൽ സർക്കാർ ഈ സ്ഥലം ഏറ്റെടുക്കുന്ന

നടപടിക്ക് വേഗത കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. ചെങ്ങണ ബൈപ്പാസിൽ നിന്നും മെഡിക്കൽ കോളേജിലേയ്ക്ക് അനുബന്ധ റോഡ് നിർമ്മിക്കുന്നതിനും കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുമായും അടിസ്ഥാന സൗകര്യ വികസനത്തിനുമായും ഈ ഭൂമി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ ജനങ്ങളുടെ രോഗചികിത്സയ്ക്കും രോഗ നിർണ്ണയത്തിനും രോഗങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങൾക്കും ഭാവിയിൽ സഹായകരമായി മാറുന്ന സർക്കാർ സംവിധാനത്തിലുള്ള മെഡിക്കൽ കോളേജ് കൂടുതൽ ശക്തമായി നിലനിൽക്കേണ്ടതുണ്ട്. അത്തരമൊരു പരിതസ്ഥിതിയിലേയ്ക്ക് മുന്നേറുന്നതിന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്. ഈ സംവിധാനങ്ങളെ പൂർണ്ണമായും മറ്റൊരിടത്ത് മാറ്റി ആദ്യം മുതൽ എല്ലാ സംവിധാനങ്ങളും ഒരുക്കി വരികയെന്നത് ധനവിനിയോഗം ആവശ്യമായി വരുന്ന ഒന്നാണ്. മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തിയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് മികച്ച സേവനമാണ് നിലവിൽ മെഡിക്കൽ കോളേജിൽനിന്നും നൽകി വരുന്നത്. ഇത്തരത്തിൽ വികസനത്തിന്റെ

പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ മെഡിക്കൽ കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തുകൊണ്ടും കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും കൂടുതൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കിയും മികവിന്റെ കേന്ദ്രമാക്കുന്നതിനാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്.